# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


## വാല്യം 1

### പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

## വാല്യം 2

### പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

## വാല്യം 3

### അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

## വാല്യം 4

### നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

## വാല്യം 5

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

## വാല്യം 6

### കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

## വാല്യം 7

### വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

## വാല്യം 8

### നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

## വാല്യം 9

### വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

## വാല്യം 10

### കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

## വാല്യം 11

### ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

## വാല്യം 12

### വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

**വാല്യം 28**

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

**വാല്യം 29**

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

**വാല്യം 30**

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

**വാല്യം 31**

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

**വാല്യം 32**

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

**വാല്യം 33**

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

**വാല്യം 34**

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

**വാല്യം 35**

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

**വാല്യം 36**

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

**വാല്യം 37**

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

**വാല്യം 38**

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

**വാല്യം 39**

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

**വാല്യം 40**

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

**വാല്യം 41**

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

**വാല്യം 42**

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

9

## വാല്യം 85

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

## വാല്യം 86

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

## വാല്യം 87

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

## വാല്യം 88

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

## വാല്യം 89

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

## വാല്യം 90

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## വാല്യം 91

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

## വാല്യം 92

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

## വാല്യം 93

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

## വാല്യം 94

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

## വാല്യം 95

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

## വാല്യം 96

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

## വാല്യം 97

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

## വാല്യം 98

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

## വാല്യം 99

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപ്പുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
പടിയൂർ-കല്യാട്

വാല്യം 143

## ണ്ണൂർ ബ്ലോക്ക്

*ണ്ണൂർ ജില്ല)*

ചിറക്കൽ
പള്ളിക്കുന്ന്
പുഴാതി
വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ


വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ


വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

ജനകീയാസൂത്രണ പദ്ധതി

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്



# വി ക സ ന രേ ഖ

അധികാരം ജനങ്ങളിലേക്ക്

16

ആസൂത്രണത്തിന്റെയും
വികസന പദ്ധതികൾ
നടപ്പിൽ വരുത്തുന്നതിന്റെയും
ഉത്തരവാദിത്വം
ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ട സമയം
വന്നു ചേർന്നിരിക്കുന്നു
ആയതിനാൽ
വിശ്വാസത്തോടും ധൈര്യത്തോടും
അമ്മാതിരി ചുമതലകളേറ്റെടുക്കുവാൻ
ഞാൻ
നിങ്ങളോട്
അഭ്യർത്ഥിക്കുന്നു

ജവഹർലാൽ നെഹ്റു.

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ

**1996 നവമ്പർ: 27 ബുധൻ**

**കടമേരി എം.യു.പി. സ്കൂൾ**

18

## ഒരുക്കൂട്ടിയവർ

നൊച്ചാട്ട് കുഞ്ഞബ്ദുള്ള (പ്രസിഡന്റ്)

മലയിൽ ബാലകൃഷ്ണൻ (വൈ.പ്രസി)

കെ.എം. വത്സല

അനിൽ ആയഞ്ചേരി

പുതിയടത്ത് കുഞ്ഞബ്ദുള്ള


താനക്കണ്ടി ബാബു

കാട്ടിൽ മൊയ്തു മാസ്ററർ (എഡിറ്റർ)

കെ.എം. വിജയൻ (ചീഫ് എഡിറ്റർ)

Type setting : Infonet D.T.P. Systems
Calicut. Phone: 723170
Lay out : Anwar Paleri
Printing : Media Plus Creative Point
Vatakara

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്



# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് |
| ഗ്രേഡ് | : | രണ്ട് |
| റവന്യൂ വില്ലേജ് | : | ആയഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ആയഞ്ചേരി, മയ്യണ്ണൂർ (ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | : | തോടന്നൂർ |
| താലൂക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |
| അസംബ്ളി മണ്ഡലം | : | മേപ്പയ്യൂർ. |
| പാർലിമെന്റ് മണ്ഡലം | : | വടകര |
| വിസ്തീർണ്ണം | : | 20.81 ച.കി.മീ |
| ജനസംഖ്യ | : | 23425 |
| വാർഡുകളുടെ എണ്ണം | : | 10 |
| പ്രസിഡന്റ് | : | നൊച്ചാട് കുഞ്ഞബ്ദുല്ല. |
| വൈ:പ്രസിഡന്റ് | : | മലയിൽ ബാലകൃഷ്ണൻ. |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | കെ.എം. വിജയൻ |

# പഞ്ചായത്തിനെ പ്രതിനിധീകരിച്ച നിയമസഭാ, ലോകസഭാ സമാജികർ

## നിയമസഭ

എം. കുമാരൻ മാസ്റ്റർ
പി.കെ. നാരായണൻ നമ്പ്യാർ
എം.കെ. കേളു.
എ.വി.അബ്ദുറഹ്മാൻ ഹാജി
പണാറത്ത് കുഞ്ഞിമുഹമ്മദ്
എ. കണാരൻ

## ലോകസഭ

ഡോ. കെ.ബി.മേനോൻ
അഡ്വ: എ.വി. രാഘവൻ
അരങ്ങിൽ ശ്രീധരൻ
കെ.പി. ഉണ്ണികൃഷ്ണൻ
ഒ. ഭരതൻ

# പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ

പഞ്ചായത്ത് ആഫീസ്
കൃഷിഭവൻ
വില്ലേജ് ആഫീസ്
ഹോമിയോ ഡിസ്പെൻസറി
മൃഗാശുപത്രി
വി.ഇ.ഒ. ആഫീസ്
കുടുംബക്ഷേമ ഉപകേന്ദ്രം കല്ലേരി
കുടുംബക്ഷേമ ഉപകേന്ദ്രം കടമേരി
സബ് റജിസ്ട്രാർ ആഫീസ്.
മൃഗ സംരക്ഷണ ഉപകേന്ദ്രം

## മുൻ പഞ്ചായത്ത് ഭരണസമിതികൾ

### 1963 മുതൽ 1979 വരെ

പി.എസ്. വാര്യർ (പ്രസിഡന്റ്)
മീത്ത പുതുക്കുടി കുഞ്ഞമ്മദ്. (വൈസ് പ്രസിഡന്റ്)
വി. തറുവയി മാസ്റ്റർ
കെ. കുമാരൻ മാസ്റ്റർ
വെള്ളിലാട്ട് മൊയ്തു.
കെ. കുഞ്ഞിഗോപാലൻ നമ്പ്യാർ
നെല്ലോളി ശങ്കരക്കുറുപ്പ്
താഴെ നീലോത്ത് ജാനു അമ്മ (നോമിനേറ്റഡ്)


### 1979 മുതൽ 1984 വരെ

വി. തറുവയി മാസ്റ്റർ (പ്രസിഡന്റ്)
വാളാഞ്ഞിയിൽ ഗോപാലൻ (വൈ.പ്രസിഡന്റ്)
ടി.പി. ശാരദ
ആവുള്ളോട്ട് മുസ്സ മാസ്റ്റർ
കുനിയിൽ കുഞ്ഞിരാമൻ
വെള്ളിലാട്ട് മൊയ്തു.
കടമേരി ബാലകൃഷ്ണൻ
പി.കെ. ബാലകൃഷ്ണൻ നായർ.
സി. കണ്ണൻ


### 1988 മുതൽ 1995 വരെ

കെ.എം. വിജയൻ (പ്രസിഡന്റ് –6.2.88 മുതൽ 18.10.90 വരെ)
വി. തറുവയി മാസ്റ്റർ (പ്രസിഡന്റ് – 18-10-90 മുതൽ 30-9-95 വരെ)
സി. കണ്ണൻ (വൈ. പ്രസിഡന്റ്)
എ.കെ. പത്മിനി
കെ.ശ്രീധരൻ മാസ്റ്റർ
എം. ജാനു ടീച്ചർ
എം.പി. കുഞ്ഞബ്ദുള്ള
എം. അബ്ദുള്ള മാസ്റ്റർ
എം.വി. ഇബ്രാഹിം ഹാജി
എ.ടി. ബാലൻ

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്
## ഭരണ സമിതി



നൊച്ചാട്
കുഞ്ഞബ്ദുള്ള
പ്രസിഡന്റ്



മലയിൽ ബാലകൃഷ്ണൻ
വൈ.പ്രസിഡന്റ്



കെ.എം. വിജയൻ
ചെയർമാൻ
സ്റ്റാന്റിംഗ് കമ്മിറ്റി

# പഞ്ചായത്ത് മെമ്പർമാർ

വാർഡ്-1



കെ.എം.വത്സല

വാർഡ്-2


കെ.രാധ

വാർഡ്-3



കാട്ടിൽ മൊയ്തു

വാർഡ്-4



എൻ.കെ. ഗോവിന്ദൻ മാസ്റ്റർ

വാർഡ്-7



നാലുപുരക്കൽ ഉഷ.

വാർഡ്-9


കെ.രാജൻ

വാർഡ്-10



കെ.സാജിത ടീച്ചർ

സെക്രട്ടറി



സി.എൻ.രാജേഷ്



കടമേരി ബാലകൃഷ്ണൻ
മെമ്പർ
ജില്ലാ പഞ്ചയത്ത്



എം.പി. കുഞ്ഞബ്ദുള്ള
മെമ്പർ
ബ്ളോക്ക് പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ജീവനക്കാരും



## ഉള്ളടക്കം


| | |
|---|---|
| ആമുഖം | : 13 |
| സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം | : 15 |
| ഭൂപ്രകൃതി | : 17 |
| കൃഷിയും ജലസേചനവും | : 21 |
| മൃഗസംരക്ഷണവും മത്സ്യബന്ധനവും | : 29 |
| വ്യവസായം | : 35 |
| വിദ്യാഭ്യാസം | : 39 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | : 45 |
| ഗതാഗതം | : 55 |
| ഊർജ്ജം | : 73 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | : 77 |
| സംസ്കാരം | : 83 |
| വനിത | : 87 |
| സഹകരണം മാർക്കറ്റ് ടൂറിസം | : 91 |
| പട്ടികജാതി പട്ടിക വർഗക്ഷേമം | : 97 |
| വിഭവസമാഹരണം | : 99 |
| വികസന വീഥീയിലൂടെ | : 105 |

# ആമുഖം.

ഭാരതം നമ്മുടെ മാതൃഭൂമി !

വേദേതിഹാസങ്ങളുടെയും

സർവ്വ മതമൈത്രിയുടെയും പുണ്യഭൂമി.

**നൂറ്റാണ്ടുകൾ നീണ്ടുനിന്ന വൈദേശികാധിപത്യത്തിൽ നിന്നും 1947 ആഗസ്റ്റ് 15ന് ഭാരതം സ്വതന്ത്രമായി. സ്വാതന്ത്ര്യത്തിന്റെ വെള്ളി വെളിച്ചത്തിനിടയിലും പ്രശ്നങ്ങളുടെയും ഇല്ലായ്മകളുടെയും കൂരിരുൾ മാതൃഭൂമിയെ ചൂഴ്ന്നു നിന്നു. ജനാധിപത്യം എന്ന മഹത്തായ സംവിധാനത്തിലൂടെ ഉയർത്തപ്പെട്ട ഭരണ കൂടങ്ങൾ നാട്ടിന്റെ ഐശ്വര്യത്തിന്നു വേണ്ടി നടപടികളാരംഭിച്ചു. പ്രശ്നങ്ങളോരോന്നായി പരിഹരിക്കാൻ, ഐശ്വര്യത്തിന്റെ വിത്തുകൾ പാവാൻ രാഷ്ട്ര ശില്പികൾ പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചു. കാർഷികരംഗത്തും വ്യവസായിക രംഗത്തും സാമൂഹ്യ രംഗത്തും ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്തും വമ്പിച്ച മാറ്റങ്ങൾ വരുത്തിക്കൊണ്ട് എട്ട് പഞ്ചവത്സര പദ്ധതികൾ നാം പിന്നിട്ടു കഴിഞ്ഞു. ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ തലയുയർത്തി നിൽക്കാൻ കഴിയുന്ന ഇന്ത്യാരാജ്യത്തെ സൃഷ്ടിച്ചത് ഈ പഞ്ചവത്സര പദ്ധതികളാണ്. രാഷ്ട്ര പിതാവായ മഹാത്മജിയുടെ "ഗ്രാമസ്വരാജ്" എന്ന സ്വപ്നം പ്രാവർത്തികമാക്കുമാറ് ജനാധിപത്യം അതിന്റെ പൂർണ**മായ അർത്ഥത്തിൽ നടപ്പാക്കുവാൻ, എഴുപത്തിമൂന്ന് എഴുപത്തിനാല് ഭരണഘടനാ ഭേദഗതികളിലൂടെ അധികാരം ജനങ്ങൾക്ക് നൽകിക്കൊണ്ട് ത്രിതല പഞ്ചായത്ത് സംവിധാനം ഇവിടെ നടപ്പിലായി. ഈ സംരംഭത്തിന് തുടക്കം കുറിച്ച മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. കേരളത്തിൽ കുറ്റമറ്റ പഞ്ചായത്തു ഭരണസംവിധാനം ആവിഷ്കരിക്കാൻ ശ്രമിച്ച മുൻ പഞ്ചായത്ത് വകുപ്പ് മന്ത്രി ജ:അഹമ്മദ് കുട്ടി കുരിക്കളെയും നന്ദിപൂർവ്വം നമുക്ക് സ്മരിക്കേണ്ടിയിരിക്കുന്നു. ത്രിതല പഞ്ചായത്തിന്റെ ഭാഗമായി രൂപം കൊണ്ട ഗ്രാമസഭയിലൂടെ നാട്ടിൻ പുറത്തെ പദ്ധതികൾ നാട്ടുകാർ ആസൂത്രണം ചെയ്യുന്ന മഹത്തായ സംവിധാനം ഇതാ നിലവിൽ വന്നിരിക്കുന്നു. ഒമ്പതാം പദ്ധതി വിഹിതത്തിന്റെ 35-45% തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന ചെലവിടാനാണ് ജനകീയ ആസൂത്രണ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികൾ ഗ്രാമീണർ അവരുടെ അറിവിനും ആവശ്യത്തിനും സാധ്യതകൾക്കു

മനുസരിച്ച് വിനിയോഗിക്കുന്നു.

മുകൾത്തട്ടിൽ നിന്ന് പദ്ധതികൾ താഴേക്ക് നിർദ്ദേശിക്കുമ്പോഴുണ്ടാകാറുള്ള അസൗകര്യങ്ങളും അപ്രായോഗികതകളും ഈ പദ്ധതിയിൽ ഉണ്ടാകുന്നില്ല എന്നത് എടുത്തു പറയാവുന്നതാണ്. വികസനരംഗത്ത് ധാരാളം പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നുണ്ട്. എന്നാൽ പ്രശ്നങ്ങളെല്ലാം ഉടനടി പരിഹരിക്കാൻ എളുപ്പമല്ല. പക്ഷേ സ്ഥായിയായ സാമൂഹ്യ സാമ്പത്തിക വളർച്ച നമ്മുടെ അന്തിമലക്ഷ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ബഹുജന സംഘടനകളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് താഴെ തട്ടിൽ പ്രവർത്തിക്കുന്ന ഒരു പുതിയ വികസന സംസ്കാരം നമുക്ക് വാർത്തെടുക്കേണ്ടതുണ്ട്.

ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ പത്തു ഗ്രാമ സഭകളിലുമായി പങ്കെടുത്ത 1673 ആളുകൾ ആഴത്തിൽ ചർച്ച ചെയ്ത ശേഷം ഉരുത്തിരിഞ്ഞു വന്ന വികസന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ട് നീങ്ങാം.

# 2

# സാമൂഹ്യ സാംസ്കാരിക പാശ്ചാത്തലം.

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ കുറമ്പ്രനാട് താലൂക്കിൽ പെട്ടതായിരുന്നു ഈ ഗ്രാമം. വീരേതിഹാസങ്ങൾ വിരചിച്ച കടത്തനാടിൽ ഉൾപെട്ട ഭൂവിഭാഗവുമാണ് ഇത്. കടത്തനാടിന്റെ മധ്യം എന്ന് വിശേഷിപ്പിക്കാവുന്നത് ഈ പഞ്ചായത്തിലെ കടമേരി പ്രദേശമാണ്. ഈഗ്രാമത്തിലുള്ള കടമേരിയിലെ സുബ്രഹ്മണ്യ ക്ഷേത്രം കടത്തനാടിന്റെ മധ്യബിന്ദുവായി പറയപ്പെടുന്നു. റവന്യൂപരമായി പൊന്മേരി, പറമ്പിൽ, കടമേരി, ആയഞ്ചേരി, എന്നീ ദേശങ്ങൾ ഉൾക്കൊള്ളുന്ന ആയഞ്ചേരി വില്ലേജ് മുഴവനായി ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്നു.

ഭൂമിയുടെ ഉടമസ്ഥാവകാശം കോവിലകങ്ങൾക്കോ, നാടുവാഴിത്തറവാടുകൾക്കോ ആയിരുന്നു. പുറമേരി കോവിലകം, കുറ്റിപ്പുറം കോവിലകം, കുറുക്കാട്ട്, മൂർച്ചിലോട്ട്. കോമത്ത് എന്നീ നാട്വാഴികളുടെ അധീനതയിൽ ആയിരുന്നു ആയഞ്ചേരി. ഭൂമിയുടെ ഉടമസ്ഥരായ ഇവരെ ജന്മിമാർ എന്ന് വിശേഷിപ്പിച്ചു. ബാക്കിയുള്ള ജനവിഭാഗം മുഴുവനും കുടിയാന്മാരോ അടിയാന്മാരോ ആയിരുന്നു. നാടുവാഴികൾ ഭീമമായ പാട്ടത്തിന് ചാർത്തിക്കൊടുത്ത ഭൂമി കൈവശം വെക്കുന്നവർ കുടിയാന്മാരും, ഭൂമിയിൽ പണിയെടുക്കുന്നവർ അടിയാന്മാരും ആയിരുന്നു. സ്വന്തം അദ്ധ്വാനം കൊണ്ട് ഭൂമിയിൽ ഉണ്ടാക്കിയ വിഭവങ്ങൾക്ക് (കുഴിക്കൂറുകൾക്ക്) അന്തിമമായ അവകാശം കുടിയാന്മാർക്ക് ഉണ്ടായിരുന്നില്ല. ഭൂപരിഷ്കരണ നിയമം നടപ്പിലാവുന്നത് വരെ ഈ സംവിധാനം നിലവിലിരുന്നു. അടിയാന്മാർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന തൊഴിലാളികളെ ഭൂവുടമകൾ തങ്ങളുടെ ഭൂമിയിൽ കുടിൽ കെട്ടി താമസിപ്പിച്ചിരുന്നു. ഏത് സമയത്തും ഇവരെ കുടിയൊഴിപ്പിക്കാനുള്ള അവകാശം ജന്മിമാർക്ക് ഉണ്ടായിരുന്നു. 1970ൽ അധികാരത്തിൽ വന്ന അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കുടികിടപ്പ് അവകാശം കുടികിടപ്പുകാർക്ക് പതിച്ചു കൊടുത്തതോടെ ഈ പ്രദേശത്തെ സാമൂഹ്യസാമ്പത്തിക ഘടനയിൽ ശക്തമായ മാറ്റം ഉണ്ടായിത്തുടങ്ങി.

ദേശീയ പ്രസ്ഥാനം ശക്തിപ്പെട്ടതിന്റെ ഭാഗമായി ആയഞ്ചേരിയിലും അതിന്റെ അനുരണനങ്ങൾ ദൃശ്യമായി. വിഷ്ണുഭാരതീയനും കെ.കേളപ്പനും വി.പി. കുഞ്ഞുരാമക്കുറുപ്പും കോൺഗ്രസ്സ് പ്രവർത്തനവുമായി ഈ പ്രദേശത്ത് ബന്ധം പുലർത്തിയിരുന്നു. പൊന്മേരി ഭാഗത്ത് മൂടാടി കണ്ണൻ, ഇരുമ്പടയിൽ രാമക്കുറുപ്പ് എന്നിവരും, കടമേരി ആയഞ്ചേരി പ്രദേശത്ത് രയരോത്ത് കുഞ്ഞിരാമൻ അടിയോടി, പൂത്തൂർ ശങ്കരക്കുറുപ്പ്, പാറക്കൽ കുഞ്ഞബ്ദുള്ള എന്നിവരും കോൺഗ്രസിന്റെ പ്രധാന പ്രവർത്തകരായിരുന്നു. 1940കളിലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ പ്രവർത്തനം ആരംഭിച്ചത്. പൊന്നാരി ഗോവിന്ദൻ മാസ്റ്റർ, കുനിയിൽ കുഞ്ഞമ്മത് മാസ്റ്റർ, പുതിയോട്ടിൽ കുഞ്ഞിക്കണാരക്കുറുപ്പ് എന്നിവർ ആദ്യകാല കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുൻ നിര പ്രവർത്തകരായിരുന്നു. എച്ച്.മഞ്ചുനാഥറാവു, പി.ആർ

നമ്പ്യാർ, എം. കുമാരൻ മാസ്റ്റർ, എം.കെ. കേളു എന്നിവരാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാൻ പുറത്ത് നിന്ന് വന്ന നേതാക്കന്മാർ. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചത് സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ ആയിരുന്നു. അദ്ദേഹം വില്ല്യാപ്പള്ളിയിൽ വിളിച്ച് ചേർത്ത മുസ്ലിം ലീഗ് യോഗത്തിൽ മഠത്തിൽ അമ്മത് ഹാജി, വെളുത്ത പറമ്പത്ത് അമ്മത് മുസ്ല്യാർ, ചെറുവത്ത് അന്ത്രു മുസ്ലിയാർ മംമ്ളികുനി അമ്മത് എന്നിവർ പങ്കെടുക്കുകയും മുസ്ലീം ലീഗ് പ്രവർത്തനം ആയഞ്ചേരിയിൽ ആരംഭിക്കുകയും ചെയ്തു. പിൽക്കാലത്ത് സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ മാസ്മരിക നേതൃത്വത്തിൻ കീഴിൽ ഈ പ്രദേശത്ത് മുസ്ലിം ലീഗ് പ്രവർത്തനങ്ങൾക്ക് പുതിയ ഉണർവും ഊർജ്ജസ്വലതയും കൈവന്നു. വി.പി. കുഞ്ഞിരാമക്കുറുപ്പ്, ഡോ: കെ.ബി.മേനോൻ എന്നിവരുടെ ശ്രമ ഫലമായി സോഷ്യലിസ്റ്റ് പാർട്ടിയും ഇവിടെ സംഘടിപ്പിക്കപ്പെട്ടു. ഈ പാർട്ടികളെല്ലാം പിൽക്കാലത്ത് ധ്രുവീകരണത്തിന് വിധേയമായി എന്നത് ദേശീയ സംസ്ഥാന രാഷ്ട്രീയത്തിന്റെ ഭാഗം മാത്രമാണ്.

ജാതി സമ്പ്രദായം ശക്തിയായി ഈ പ്രദേശത്ത് നിലനിന്നിരുന്നു. ഇസ്ലാം മതവും ഹിന്ദുമതവും മാത്രമാണ് ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത്. ഹിന്ദുക്കളിലെ ഉപജാതികൾ തമ്മിൽ ശക്തമായ അയിത്തം നിലനിന്നിരുന്നുവെങ്കിലും ഇസ്ലാം മതവിസ്വാസികൾ അതിന് അതീതരായിരുന്നു. ശക്തമായ ഫ്യൂഡലിസ്റ്റുകളായിരുന്നു നാടുവാഴികളെങ്കിലും നാടിന്റേയും നാട്ടുകാരുടെയും കാര്യത്തിൽ അവർ ശ്രദ്ധ പതിപ്പിച്ചിരുന്നു. വഴിയാത്രക്കാർക്ക് തണ്ണീർ പന്തലുകൾ സ്ഥാപിച്ചതും ഭാരം ചുമക്കുന്നവർക്കു വേണ്ടി ചുമടുതാങ്ങികൾ നിർമ്മിച്ചതും മൃഗങ്ങൾക്ക് വേണ്ടി കരിങ്കൽ നിർമ്മിതമായ ജലപാത്രങ്ങൾ സ്ഥാപിച്ചതുമെല്ലാം ഇതിന്നുദാഹരണങ്ങളാണ്. സവർണരായ നാടുവാഴികൾ ഇസ്ലാംമതപ്രവർത്തനത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തിരുന്നു. പള്ളികൾ, പ്രത്യേക ശ്മശാനങ്ങൾ എന്നിവക്കു സ്ഥലമനുവദിക്കാൻ ഇവർ സന്മനസ്സ് കാണിച്ചിരുന്നു. മുസ്ലിംകൾക്ക് പള്ളിക്കും ശ്മശാനത്തിനും അയൽ പ്രദേശമായ ചേരാപുരത്ത് സ്ഥലമനുവദിച്ചതും പുലയസമുദായത്തിന് പുലത്തുരുത്തി എന്ന വിശാലമായ സ്ഥലമനുവദിച്ചതും അവർണരായ ഹിന്ദുക്കൾക്ക് ചങ്ങാരക്കുന്നു, ചാക്കോത്ത് ചാലിൽ എന്നിവിടങ്ങളിൽ സ്ഥലമനുവദിച്ചതും ഇതിനുദാഹരണങ്ങളാണ്. മൂർച്ചിലോട്ടു മൂപ്പിൽസ്ഥാനി എന്ന നാടുവാഴിയായിരുന്നു ഈ സഹായങ്ങളൊക്കെ ചെയ്തത് എന്നു പറയപ്പെടുന്നു.

വിദ്യഭ്യാസ മേഖല മഹാഭൂരിപക്ഷവും സവർണരെ കേന്ദ്രീകരിച്ചായിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1892 ൽ കിളിയമ്മൽ ശങ്കരൻ ഗുരുക്കൾ മുൻകൈയെടുത്ത് സ്ഥാപിച്ച ആയഞ്ചേരി എൽ.പി. സ്കൂൾ ആണ്. ലോകപ്രസിദ്ധനായ വി.കെ. കൃഷ്ണമേനോൻ ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നു. മുസ്ലിം സമുദായത്തിൽ വിദ്യാഭ്യാസം വ്യാപകമാക്കാൻ മുൻകൈയെടുത്തത് തറക്കണ്ടിയിൽ 'ഓർ' എന്നറിയപ്പെട്ടിരുന്ന തറക്കണ്ടിയിൽ അബ്ദുറഹിമാൻ മുസ്ലിയാരും ആയഞ്ചേരി കെ.കെ.എം. ജമാലുദ്ദീൻ മൗലവിയും കടമേരി ചിറക്കൽ 'ഓർ' എന്നറിയപ്പെടുന്ന ചിറക്കൽ അബ്ദുറഹിമാൻ മുസ്ലിയാരും ആയിരുന്നു. മുസ്ലിം വിദ്യാർത്ഥികൾക്ക് ഭൗതിക പാഠങ്ങളോടൊപ്പം മതപഠനവും അനുവദിച്ചുകൊണ്ടുള്ള ഓത്തുപള്ളികൾ അക്കാലത്തുണ്ടായിരുന്നു. ഇത്തരം വിദ്യാലയങ്ങളിൽ എല്ലാ മതസ്ഥരായ വിദ്യാർത്ഥികളും പഠിച്ചിരുന്നു. അക്കാലത്ത് നിലനിന്ന മതമൈത്രിയുടെ നിദർശനമായിരുന്നു ഇത്. ഹയർ എലിമെന്ററി വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാക്കിയ ഏക വിദ്യാലയം ഇന്നത്തെ കടമേരി യു.പി.സ്കൂളും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കിയത് ആയഞ്ചേരി റഹ്മാനിയാ ഹൈസ്കൂളും ആയിരുന്നു.

1963ലാണ് ആയഞ്ചേരി പഞ്ചായത്ത് നിലവിൽ വന്നത്. ശ്രീ പി.എസ്. വാരിയരുടെ നേതൃത്വത്തിലുള്ള ആദ്യഭരണ സമിതി വർഷക്കാലം പഞ്ചായത്ത് ഭരണം കൈയാളുകയും വികസന രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഈ ഭരണ സമിതിയിൽ സർവ്വശ്രീ. മീത്തപ്പുതുക്കുടി കുഞ്ഞമ്മത് (വൈ.പ്രസി) തരുവൈമാസ്റ്റർ, കുനിയിൽ കുമാരൻ മാസ്റ്റർ, വെള്ളിലാട്ട് മൊയ്തു. കെ. കുഞ്ഞിഗോപാലൻ നമ്പ്യാർ, നെല്ലോളി ശങ്കരക്കുറുപ്പ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും താഴെ നീലോത്ത് ജാനു അമ്മ നോമിനേറ്റ് ചെയ്യപ്പെട്ട വനിതാ അംഗവും ആയിരുന്നു. 1963 മുതൽ ഇത് വരെയും ആയഞ്ചേരി പഞ്ചായത്ത് കാര്യാലയം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത് എന്നത് ഒരു ദുഃഖസത്യമാണ്.

3

# ഭൂപ്രകൃതി

കുന്നുകളും താഴ്‌വരകളും സമതലങ്ങളും നെൽവയലുകളും ചേർന്നു സങ്കീർണ്ണമായ ഭൂപ്രകൃതിയാണ് ആയഞ്ചേരി പഞ്ചായത്തിനുള്ളത്. തിരുവള്ളൂർ പഞ്ചായത്ത് അതിർത്തിയായ ബാവുപ്പാറ മുതൽ ഏറാമല പഞ്ചായത്ത് അതിർത്തിയായ കാർത്തികപ്പള്ളിവരെയും വില്ല്യാപ്പള്ളി, പുറമേരി, വേളം പഞ്ചായത്തുകളെ സ്പർശിച്ചു കൊണ്ടുമാണ് ആയഞ്ചേരി പഞ്ചായത്ത് കിടക്കുന്നത്. ഭൂപ്രകൃതിയനുസരിച്ചുള്ള പ്രത്യേകതകൾ താഴെ പറയുന്നു:

## കുന്നിൻ പ്രദേശങ്ങൾ

ആയഞ്ചേരി പഞ്ചായത്തിന്റെ വിസ്തൃതിയിൽ പത്തു ശതമാനത്തോളം കുന്നിൻ പ്രദേശങ്ങളാണ്. നിലമനക്കുന്ന്, മണലേരിക്കുന്ന്, വള്ളേരിക്കുന്ന്, കല്ലേരിക്കുന്ന്, അരൂർ മല, പാലോറക്കുന്ന്, കൂരമ്പ്രമ്മൽകുന്ന്, ഉരുട്ടിക്കുന്ന്, കുളമുള്ളതിൽ കുന്ന്, കമ്മൂലാത്തി കുന്ന്, ഏറാളം മല, ചണ്ടാറക്കുന്ന് എന്നിവയാണ് പ്രധാന കുന്നിൻ പ്രദേശങ്ങൾ. പൂക്കൊത്തി, കാട്ടുകോഴി, മുള്ളൻ പന്നി, ഉടുമ്പ് എന്നീ ജീവികളെ ഈ പ്രദേശത്തു കാണാം. പൊയിൽ പാറ, ആയിനപിലാവുള്ളതിൽ പാറ, പുതിയോട്ടും പാറ, ഏറാളം മല പാറ, കുളങ്ങര പാറ എന്നിവ പ്രധാന കരിങ്കൽ പാറകളാണ്. ഇവിടെ നിന്ന് കരിങ്കല്ല് നിർമ്മിതി വസ്തു എന്ന നിലയിൽ വെട്ടിയെടുക്കുന്നുണ്ട്. നൂറുകണക്കിന് തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്നു.

## ചരിവുകൾ

ഭൂമിയുടെ 15 ശതമാനം ചരിവു പ്രദേശങ്ങളാണ്. തെങ്ങു കൃഷിക്ക് യോജിച്ച മണ്ണൊലിപ്പ് തടഞ്ഞുകൊണ്ടുള്ള കയ്യാലകളും മറ്റുമുള്ള ഭൂപ്രദേശമാണിത്. കശുമാവും, റബറും ചില മേഖലകളിൽ കൃഷിചെയ്തുവരുന്നു.

## താഴ്‌വരകൾ

കുന്നിൻ ചരിവിനും സമതലത്തിനുമിടയിലായി സ്ഥിതിചെയ്യുന്ന താഴ്‌വര പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ 15 ശതമാനത്തോളം വരും. ജലസംഭരണശേഷി പൊതുവെ കൂടുതലുള്ള പ്രദേശമാണിത്. തെങ്ങ് കൂടാതെ കവുങ്ങ്, കുരുമുളക്, മരച്ചീനി, വാഴ തുടങ്ങിയവയും ഇവിടെ കൃഷിചെയ്തു വരുന്നു.

## സമതലങ്ങൾ

വിസ്തൃതിയുടെ 60 ശതമാനം സമതലങ്ങൾ തന്നെയാണ്. നെല്ല്, വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവ തെങ്ങിനു പുറമെ കൃഷിചെയ്തു വരുന്നു. ജനവാസം ഏറെയുള്ളത് ഈ മേഖലയിലാണ്. കിഴക്കൻ സമതലങ്ങളിൽ കുളക്കോഴി, നീർകാക്ക എന്നീ അപൂർവ്വ പക്ഷികളെ കാണാൻ കഴിയും.

## കാലാവസ്ഥ

പഞ്ചായത്തിൽ പൊതുവെ സമ്മിശ്ര കാലാവസ്ഥയാണ്. ശരാശരി 300 സെ.മി മഴയും 20 മുതൽ 30

വരെ ഡിഗ്രി സെൽഷ്യസ് താപനിലയും അനുഭവപ്പെടുന്നു. ജൂൺ മുതൽ ആഗസ്ത് മധ്യം വരെയും ഒക്ടോബർ മധ്യം മുതൽ നവംബർ അവസാനം വരെയും മഴക്കാലമായി പരിഗണിക്കാം. ജൂൺ, ജൂലായ് മാസങ്ങളാണ് കേമമായി മഴലഭിക്കുന്ന കാലം. ഇടവപ്പാതിയെന്നും തുലാവർഷമെന്നുമാണ് ഇതറിയപ്പെടുന്നത്.

ഡിസംബർ ജനുവരി മാസങ്ങളിൽ തണുപ്പും, ഫെബ്രുവരി മധ്യം മുതൽ മെയ് വരെ വേനൽക്കാലവുമാണ്. മാർച്ച് ഏപ്രിൽ മാസങ്ങൾ കഠിനമായ ചൂടുകാലമാണ്.

## ജനപ്രകൃതി

1991-ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 23,425 ആണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 737 സ്ത്രീകളും 3580 പുരുഷൻമാരും വിവിധമേഖലയിൽ ജോലിചെയ്യുന്നു. ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവർ 2854 ആണ്. അവരുടെ സമ്പത്തിന്റെ പ്രധാനഭാഗം കെട്ടിട നിർമ്മാണം പോലുള്ള പ്രത്യുൽപാദനപരമല്ലാത്ത മേഖലകളിലാണ് ചെലവുചെയ്യുന്നത്. തൊഴിൽ രഹിതരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. അഭ്യസ്തവിദ്യരായ യുവാക്കളുടെ ക്രയശേഷിയും ഗൾഫ് പണവുമുപയോഗിച്ച് പഞ്ചായത്തിൽ വ്യവസായങ്ങൾ സ്ഥാപിച്ചാൽ തൊഴിൽ മേഖലയിൽ വലിയ പരിവർത്തനങ്ങളുണ്ടാവുമെന്ന് ഉറപ്പാണ്.

**പട്ടിക 3.1**

**വാർഡ് തിരിച്ചുള്ള ജനസംഖ്യാ കണക്ക്**

| വാർഡ് | ജനസംഖ്യ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| 1 | 941 | 932 | 1873 |
| 2 | 1224 | 1247 | 2471 |
| 3 | 1197 | 1282 | 2479 |
| 4 | 1034 | 1186 | 2220 |
| 5 | 2007 | 1829 | 3836 |
| 6 | 1740 | 1984 | 3724 |
| 7 | 927 | 892 | 1819 |
| 8 | 888 | 970 | 1858 |
| 9 | 766 | 749 | 1515 |
| 10 | 796 | 834 | 1630 |
| ആകെ. | 11520 | 11905 | 23425 |

**പട്ടിക 3.2**

**തൊഴിൽ തിരിച്ചുള്ള കണക്ക്**

| തൊഴിൽ | പു. | സ്ത്രീ |
|---|---|---|
| കർഷകർ | 264 | 70 |
| കർഷകത്തൊഴിലാളികൾ | 314 | 217 |
| ഖനനം | 185 | 37 |
| നിർമ്മാണത്തൊഴിലാളികൾ | 242 | 50 |
| കെട്ടിടനിർമ്മാണ ത്തൊഴിലാളികൾ | 331 | 38 |
| കച്ചവടക്കാർ | 796 | 13 |
| ഗതാഗത മേഖല | 261 | ഇല്ല |
| മറ്റുള്ളവർ | 569 | 138 |
| മാർജിനൽ വർക്കേഴ്സ് | 604 | 396 |
| തൊഴിൽ രഹിതർ | 7336 | 10777 |

പട്ടിക 3.1, 3.2 അവലംബം 1991-ലെ സെൻസസ്

## ജലസ്രോതസ്സ്

പഞ്ചായത്തിലെ എല്ലാ തോടുകളും ചെന്ന് ചേരുന്നത് കുറ്റ്യാടി പുഴയിലാണ്. സ്വകാര്യ വ്യക്തികളുടേതടക്കം മൂന്നൂറോളം കുളങ്ങളും ഗുളികപ്പുഴയുടെ കൈവഴിയായി മീമ്പാലം മുതൽ തറോപ്പൊയിൽ വഴി തുലാറ്റുനടവരെയുള്ള തോടും, കടമേരി മുതൽ പെരുവച്ചേരി നട വരെയുള്ള കരുവാരിത്തോടും, കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാലുകളും വടകര മാഹി കനാലും പ്രധാന ജല സ്രോതസ്സുകളാണ്. മിക്കവാറും എല്ലാ വീടുകൾക്കും കിണർ സൗകര്യം ഉണ്ടെങ്കിലും പലേടങ്ങളിലും കുടിവെള്ള പ്രശ്നം അനുഭവപ്പെടാറുണ്ട്.

## ഭൂവിനിയോഗം

പുരയിടങ്ങൾക്കായും നാണ്യവിളകൾ കൃഷി ചെയ്യുന്നതിന്ന് വേണ്ടിയും നെൽപ്പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നത് കാർഷിക മേഖലയേയും തൊഴിൽ മേഖലയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കുന്നിൻ പ്രദേശങ്ങൾ സ്വകാര്യ വ്യക്തികൾ വിലക്കെടുത്ത് മണ്ണും കല്ലും എടുത്ത് വിൽക്കുന്നത് പരിസ്ഥിതിക്ക് ഭീഷണി

ഉയർത്തുന്നു. ഉൾനാടൻ ജലാശയങ്ങൾ നികത്തി പോകുന്നതും ദോഷം തന്നെയാണ്.

## ജൈവസമ്പത്ത്

ഔഷധ ഗുണമുള്ള സസ്യങ്ങൾ നാട്ടിൽ ധാരാളമുണ്ട്. അപൂർവ്വമായ ഔഷധ ചെടികൾ സുലഭമാണ്. ആടലോടകം നിലംപരണ്ട, കറുക, വേപ്പ്, ചെറുപൂള, മുത്തങ്ങ, കീഴാർ നെല്ലി, കഞ്ഞെണ്ണി, തുളസി, തെഴുതാമ, ഇരിവേരി, മാതള നാരകം, ശതാവരി തുടങ്ങിയവ ഇവിടെ ലഭ്യമാണ്. ആയുർവ്വേദ ഒറ്റമൂലി ചികിത്സയ്ക്കാവശ്യമായ പച്ച മരുന്നുകൾ കൃഷിചെയ്യാൻ പറ്റിയ മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്.

## മൃഗസമ്പത്ത്

വളർത്തു മൃഗങ്ങളിൽ പ്രധാനം പശു ആട് എരുമ മുയൽ എന്നിവയാണ്. ആനയെ വളർത്തുന്ന ധനികരും ഈ ഗ്രാമത്തിലുണ്ട്. കോഴികളെ ധാരാളമായും, താറാവുകളെ അപൂർവ്വമായി വളർത്തിവരുന്നുണ്ട്.

*അതിബലവാനു ലഭിക്കുന്ന*

*അത്ര സൗകര്യം*

*അതി ദുർബലനും*


*ലഭിക്കണം എന്നുള്ളതാണ്*

*ജനാധിപത്യത്തെക്കുറിച്ചുള്ള എന്റെ സങ്കല്പം*

*മഹാത്മാ ഗാന്ധി*

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

ട്രാൻസക്ട്. 1.



4

# കൃഷിയും ജലസേചനവും

വടകര താലൂക്കിലെ പ്രധാന കാർഷിക മേഖലയാണ് ആയഞ്ചേരി ഗ്രാമം. 20-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ കൃഷിക്ക് പറ്റിയ എല്ലാ പ്രദേശങ്ങളിലും ഗ്രാമീണർ കൃഷിയിറക്കിയിരുന്നു. ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചയോടൊപ്പം കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യത്തിന് ശക്തി വർദ്ധിച്ചു. ഭൂപരിഷ്കരണ നിയമങ്ങൾ കർഷകർക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുവാൻ കാരണമാകുകയും ജന്മിത്വം അവസാനിക്കുകയും ചെയ്തു. കോവിലകങ്ങളുടെയും, നാട്ടുപ്രമാണിമാരുടെയും, ദേവസ്വങ്ങളുടെയും അധീനതയിലായിരുന്ന കൃഷിഭൂമി അതോടെയാണ് കർഷകരുടെ കൈകളിലേക്ക് വന്നത്. 1971ലെ ഭൂപരിഷ്കരണ നിയമം ഈ മാറ്റത്തിന് ശക്തി കൂട്ടി. 90% ജനങ്ങളും കൃഷി മുഖ്യജീവിത മാർഗ്ഗമായി സ്വീകരിച്ചുപോന്നു. എഴുപതുകളിൽ നാളികേരത്തിന് ലഭിച്ച മെച്ചപ്പെട്ട വില നെൽകൃഷി മേഖലയുടെ തളർച്ചക്ക് കാരണമായി. നാളികേരത്തിൻെറ വില വർദ്ധനവ് നെൽപ്പാടങ്ങൾ നികത്തി തെങ്ങിൻ തോപ്പുകളാക്കി മാററാൻ കർഷകനെ പ്രേരിപ്പിച്ചു. ഈയിടെയായി കെട്ടിടങ്ങൾക്കുവേണ്ടി വയലുകൾ നികത്തുന്ന പ്രവണതയും ആരംഭിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കാർഷിക വൃത്തിയോടുള്ള യുവാക്കളുടെ താല്പര്യം കുറയുകയും 'വെള്ളക്കോളർ' ജോലിയോട് ആഭിമുഖ്യം വർദ്ധിക്കുകയും ചെയ്തു. ഇതോടുകൂടി ഉല്പാദനം എന്ന മുദ്രാവാക്യം വിട്ട് ഉപഭോഗം എന്ന സാംസ്കാരത്തിലേക്ക് ഗ്രാമീണർ പതുക്കെ നീങ്ങുകയായിരുന്നു.

കാർഷിക മേഖലയിലെ അധ്വാനക്കൂടുതലും, മറ്റു തൊഴിൽ മേഖലകളിലെ മെച്ചപ്പെട്ട കൂലിയും തൊഴിലാളികളെ കാർഷിക മേഖലയിൽ നിന്ന് അകറ്റുവാൻ കാരണമായി.

രാസവളമുൾപ്പെടെയുള്ള ഉല്പാദന ഉപാധികൾക്ക് ഉണ്ടായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലക്കുറവും കാർഷിക മേഖലയുടെ ക്ഷീണത്തിന് കാരണമായിട്ടുണ്ട്. ചാക്രിക കാലാവസ്ഥയിലെ വ്യതിയാനങ്ങൾ കാർഷിക മേഖലയെ പിറകോട്ട് വലിച്ചു. എങ്കിലും കൃഷിയോട് ആഭിമുഖ്യമുള്ള ഒരു ജനവിഭാഗം ഇവിടെയുണ്ട്.

1928ലെ സെററിൽമെൻറ് രേഖകൾ പ്രകാരം പഞ്ചായത്തിൻെറ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 5125 ഏക്കറാണ്. ഇതിൽ 118.24 ഏക്കർ പുറമ്പോക്കും കൃഷിക്ക് പറ്റാത്ത തരിശ് ഭൂമിയുമാണ്. അതായത് മൊത്തം വിസ്തൃതിയുടെ ഭൂരിഭാഗവും കൃഷിക്ക് അനുയോജ്യമായ ഭൂമിയാണെന്നർത്ഥം.

## പൊതു ഭൂപ്രകൃതി

ഭൂമിശാസ്ത്രപരമായി ആയഞ്ചേരി പഞ്ചായത്തിനെ കുന്നിൻ പ്രദേശം, ചരിവുപ്രദേശം, താഴ്‌വരകൾ, താഴ്‌വരകളിലെ പാറപ്രദേശം, സമതല പ്രദേശം എന്നിങ്ങനെ 5 ആയി തിരിക്കാം. ഇവയുടെ വിശദവിവരങ്ങൾ താഴെ ചേർത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക 4-1

| മേഖല | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| കുന്നിൻ പ്രദേശം | 25 ഏക്കർ | 0.4 |
| ചരിവുപ്രദേശം | 1100 ഏക്കർ | 21.1 |
| താഴ്വര | 2000 ഏക്കർ | 39.02 |
| സമതലം | 1950 ഏക്കർ | 31.02 |
| പാറ പ്രദേശം | 50 ഏക്കർ | 0.8 |

പഞ്ചാത്തിൻെറ മൊത്തം വിസ്തൃതിയിൽ വളരെ ചുരുങ്ങിയ ഭാഗം മാത്രമേ കുന്നിൻ പ്രദേശങ്ങളായുള്ളൂ എന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ 50 ഏക്കർ വിസ്തൃതിയുള്ള പാറപ്രദേശം ഒഴിച്ചുള്ള ഭാഗങ്ങൾ എല്ലാം കൃഷിക്ക് അനുയോജ്യമായ ഭൂമിയാണ്.

വിസ്തൃതിയിൽ വളരെ കുറവാണെങ്കിലും പഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറ് തെക്കുകിഴക്ക് ഭാഗങ്ങളിൽ ധാരാളം പ്രകൃതി രമണീയമായ പ്രദേശങ്ങളുണ്ട്. ഇവയുടെ വിശദാംശം ചുവടെ ചേർത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക 4-2

| ക്രമ നമ്പർ | വാർഡ് നമ്പർ | കുന്നുകളും മലകളും | ഉയരം മീറ്ററിൽ |
|---|---|---|---|
| 1 | 1 | നിലവനക്കുന്ന് | 25മീറ്റർ |
| 2 | 1 | മള്ളേരിമല | 20 „ |
| 3 | 2 | കല്ലേരികുന്ന് | 20 „ |
| 4 | 2 | പുളിലാവുമ്മൽ കുന്ന് | 10 „ |
| 5 | 2 | അരൂറമല | 30 „ |
| 6 | 2 | മണലേരിമല | 8 „ |
| 7 | 3 | തയ്യിൽകുന്ന് | 5 „ |
| 8 | 4 | ആനപ്പാറ കുന്ന് | 8 „ |
| 9 | 6 | കരുനമ്പ്രമൽ കുന്ന് | 12 „ |
| 10 | 6 | ഉരുട്ടികുന്ന് | 8 „ |
| 11 | 9 | ഏറാളംമല | 7.5 „ |
| 12 | 9 | ഏറോത്ത്കുന്ന് | 6 „ |
| 13 | 9 | തറവട്ടത്ത് കുന്ന് | 10 „ |
| 14 | 9 | തച്ചൻകുന്ന് | 8.5 „ |
| 15 | 9 | തേവർകുന്ന് | 6 „ |

മേൽ കാണിച്ച കുന്നുകളുടെയും മലകളുടെയും പട്ടികയിൽ നിന്നും, ഏറ്റവും ഉയരം കൂടിയത് 30 മീററർ ഉയരമുള്ള അരൂറ മലയാണ് എന്ന് കാണാം. ഈ മലയുടെ മുകളിൽ നിന്നും, ഉത്ഭവിക്കുന്ന പ്രകൃതി ദത്തമായ നീരുറവ വേനൽക്കാലത്തും വറ്റാതെ ഒഴുകുന്നതുകൊണ്ട് തദ്ദേശവാസികൾക്ക് കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. എന്നാൽ ജലസേചന സൗകര്യം തീരെ ഇല്ലാത്ത പ്രസ്തുത കുന്നിൻ പ്രദേശങ്ങളിൽ നീരുറവകളുംം മറ്റും പ്രയോജനപ്പെടുത്തിയുംമഴ വെള്ളംതടഞ്ഞുനിറുത്തിയും നീർമറിപദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

കുന്നിൻ പ്രദേശത്തെ 1125 ഏക്കർ ഭൂമിയും 2000 ഏക്കർവരുന്ന ചരിവ് പ്രദേശവും ചെമ്മൺ തരികളുള്ള ഭാഗങ്ങളാണ്. 950 ഏക്കർ വരുന്ന സമതല പ്രദേശം പൂഴികലർന്ന മൺപ്രദേശമാണ്. 1000 ഏക്കർ വരുന്ന വയൽ പ്രദേശത്തെ ചെളിമൺ തരവും 50 ഏക്കർ വരുന്ന പാറ പ്രദേശവും പഞ്ചായത്തിലെ മൺതരങ്ങളുടെ വൈവിധ്യങ്ങളെ കാണിക്കുന്നു.

പട്ടിക 4-3

മൺതരങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മൺ തരം | വിസ്തൃതി ഏക്കറിൽ | ശതമാനം |
|---|---|---|---|
| 1 | ചെമ്മൺപ്രദേശം | 3125 | 61 |
| 2 | പൂഴികലർന്ന മണ്ണ് | 950 | 19 |
| 3 | ചെളിമൺപ്രദേശം | 1000 | 19.95 |
| 4 | പാറ | 50 | 1 |

കുന്നുകളും, മലകളും കൂടാതെ ധാരാളം തുരുത്തുകളും ആയഞ്ചേരി പഞ്ചായ്തതിൻെറ സവിശേഷതകളാണ്. ഏപ്രിൽ മെയ് മാസങ്ങൾ ഒഴികെയുള്ള സമയങ്ങൾ മുഴുവൻ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന അര തുരുത്തി, പല തുരുത്തി, കോ തുരുത്തി വളാഞ്ഞി, എല തുരുത്തി എന്നിങ്ങനെയുള്ള തുരുത്തികളിലെ മണ്ണ് കൃഷിക്ക് അനുയോജ്യമായതാണ്.

താഴെ ചേർത്ത പട്ടികയിൽ നിന്നും ഭൂമിയുടെ ഉപയോഗക്ഷമത മനസ്സിലാക്കാൻ കഴിയും.

പട്ടിക 4-4

ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഭൂമിയുടെ വിസ്തീർണ്ണം | | | | | |
|---|---|---|---|---|---|
| വില്ലേജിൻെറപേര് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| പൊന്മേരിഅംശം | 309.60 | 107.64 | 10.91 | 17.13 | 445.28 |
| പറമ്പിൽ ദേശം | 904.65 | 166.065 | 87.65 | 24.80 | 1183.38 |
| കടമേരി ദേശം | 1098.24 | 291.50 | 22.145 | 3.61 | 1415.485 |
| ആയഞ്ചേരി ദേശം | 1316.26 | 608.405 | 21.485 | 75.87 | 2100.02 |
| ആകെ | 3678.75 | 1173.6 | 142.405 | 121.41 | 5116.175 |

ഓരോ പ്രദേശത്തെയും കണക്കുകൾ പരിശോധിക്കുമ്പോൾ നെൽകൃഷിയെക്കാൾ കൂടുതൽ തെങ്ങുകൃഷിയുടെ വിസ്തീർണ്ണം കൂടുതലായി കാണുന്നു. പഞ്ചായത്തിൽ സ്വന്തമായി ഭൂമിയുള്ളവർ 7534 പേരാണ്. ഇതിൽ ഒരു ഹെക്ടറിൽ താലെ ഭൂമിയുള്ളവർ 6727 പേരാണ്. ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവരുടെ എണ്ണം വെറും 807 മാത്രമാണ്. ഇതിൽ നിന്നും പഞ്ചായത്തിലെ 90% പേരും ചെറുകിട കൃഷിക്കാരാണ് എന്ന് മനസ്സിലാക്കാം.

## കാലാവസ്ഥ:

മഴയെ മാത്രം ആശ്രയിച്ചുള്ള ഒരു കാർഷിക രീതിയാണ് പഞ്ചായത്തിൽ നില നില്ക്കുന്നത്. ഔദ്യോഗിക കണക്കനുസരിച്ച് വർഷത്തിൽ ശരാശരി 3150 മി.മീ. മഴയാണ് ഇവിടെ ലഭിക്കുന്നത്. കാലവർഷത്തിലൂടെയാണ് ഭൂരിഭാഗം ജലവും ലഭിക്കുന്നത്. 1978നു ശേഷമുള്ള വർഷങ്ങളിൽ മഴയുടെ അളവ് കുറഞ്ഞുവരുന്നത് കാർഷിക മേഖലയ്ക്ക് ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. ജൂൺ, ജൂലായ് മാസങ്ങളിലാണ് മഴ ഏറ്റവും കൂടുതൽ ലഭിക്കുന്നത്. മഴ ഏറ്റവും കുറയുന്നത് ആകട്ടെ മാർച്ച്, ഏപ്രിൽ മാസങ്ങളിലും. മൂന്നുമാസം നീണ്ടു നിൽക്കുന്ന കാലവർഷത്തിനിടയിൽ പത്തോ പതിനഞ്ചോ ദിവസങ്ങളിലാണ് കനത്ത മഴ ലഭിക്കുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ച് പാടങ്ങളിൽ അതോടെ വെള്ളപ്പൊക്കമുണ്ടാവുകയും അത് കൃഷിനാശത്തിന് ഇടയാകുകയും ചെയ്യുന്നു. പഞ്ചായത്തിലെ അന്തരീക്ഷ താപനില ഈയവസരത്തിൽ വിശകലനം ചെയ്യുന്നത് നന്നായിരിക്കും.

1990 മുതൽ 94 വരെ കോഴിക്കോട് രേഖപ്പെടുത്തിയ അന്തരീക്ഷ താപനില സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4-5

| കൊല്ലം | കൂടുതൽ/കുറവ് | ജനു. | ഫെബ്രു. | മാർച്ച് | ഏപ്രി. | മെയ് | ജൂൺ | ജൂലാ. | ആഗ. | സെപ്ത. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | കൂടുതൽ | 31.5 | 32.2 | 32.6 | 33.1 | 30.8 | 29.6 | 28.1 | 28.2 | 29.6 | 31.1 | 30.1 | 32.1 |
| 1990 | കുറവ് | 22.2 | 22.5 | 24.7 | 27 | 24.9 | 24 | 23 | 23.6 | 24.1 | 24.3 | 23.8 | 23.1 |
| 1991 | കൂടുതൽ | 31.7 | 32.3 | 33.1 | 33.4 | 33.7 | 29.4 | 29.3 | 28.5 | 30.7 | 30.8 | 31.5 | 31.4 |
| 1991 | കുറവ് | 23.1 | 23.4 | 26 | 26.6 | 26.9 | 24.6 | 23.7 | 25.4 | 24.3 | 24.2 | 23.8 | 21.9 |
| 1992 | കൂടുതൽ | 31.4 | 31.7 | 32.6 | 33 | 32.6 | 25.9 | 28.2 | 28.3 | 29.6 | 30.6 | 30.9 | 31.9 |
| 1992 | കുറവ് | 21 | 23.3 | 24.7 | 26 | 25.8 | 24.5 | 23.3 | 23.8 | 23.8 | 23.8 | 23.8 | 21.7 |
| 1993 | കൂടുതൽ | 31.4 | 31.9 | 32.6 | 33.4 | 33.4 | 30.2 | 28.7 | 29.1 | 30.1 | 30.3 | 31.6 | 31.5 |
| 1993 | കുറവ് | 21.4 | 22.8 | 25.1 | 26.2 | 26.3 | 24.6 | 23.5 | 23.8 | 24 | 24.1 | 24.1 | 23 |
| 1994 | കൂടുതൽ | 32 | 32.1 | 33 | 32.5 | 32.8 | 29.1 | 27.8 | 28.8 | 30.7 | 31.3 | 32.1 | 32 |
| 1994 | കുറവ് | 22.9 | 24 | 25.4 | 25.5 | 26.1 | 23.7 | 22.9 | 23.6 | 23.8 | 23.9 | 23.9 | 22.3 |

മേൽ പട്ടികയിലെ കണക്കുകളനുസരിച്ച് ശരാശരി ഉയർന്ന ചൂട് 30° സെൽഷ്യസ് ആണെന്നും ഏറ്റവും കുറഞ്ഞ താപനില 23° സെൽഷ്യസ് ആണെന്നും മനസ്സിലാക്കാം. താരതമ്യേന കൂടുതൽ ചൂട് അനുഭവപ്പെടുന്ന ഏപ്രിൽ മെയ് മാസങ്ങളിൽ അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി വർദ്ധിച്ചിട്ടില്ലെന്ന് അനുമാനിക്കാം. എന്നാൽ വർഷംതോറും ലഭിക്കുന്ന മഴയുടെ അളവ് കുറയുന്നതും, ചൂട് കൂടിവരുന്നതും പ്രകൃതിയുടെ അസന്തുലിതാവസ്ഥ മൂലം കാലാവസ്ഥയിലുണ്ടാകുന്ന മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. സാധാരണയായി ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന തിരുവാതിര ഞാറ്റുവേലക്ക് ഒരു തുള്ളി മഴപോലും ഈ വർഷം (1996) ലഭിക്കാത്തത് കാർഷിക വിളകൾക്ക് വളരെയധികം ദോഷകരമായി തീരുകയുണ്ടായി. ഈ രീതിയിൽ മഴയുടെ അളവ് കുറയുകയാണെങ്കിൽ കാർഷിക വിളകളുടെ ഭാവി അപകടത്തിലാവുക തന്നെ ചെയ്യും. ഭൂപ്രകൃതിയുടെയും മൺതരങ്ങളുടെയും കാലാവസ്ഥയുടെയും അടിസ്ഥാനത്തിൽ ആയഞ്ചേരി പഞ്ചായത്തിലെ കാർഷിക വിളകളുടെ മൊത്തം ഉല്പാദനക്ഷമതയെയും കുറിച്ചുള്ള ഒരു സാമാന്യവിവരം അറിഞ്ഞിരിക്കുന്നത് നന്നായിരിക്കുമല്ലോ. താഴെ ചേർത്ത പട്ടികയിലൂടെ ഭൂവിനിയോഗ വിവരണം നമുക്ക് മനസ്സിലാക്കാം.

പട്ടിക 4-6

| വിളകൾ | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (1ാം വിള) | 28ഹെക്ടർ | 70ടൺ | 2500 കി. |
| നെല്ല് (2ാം വിള) | 321 ,, | 731.25 | 2250 |
| നെല്ല് (3ാം വിള) | 235 ,, | 822.50 | 3500 |
| തെങ്ങ് | 1680 ,, | 12600000 | 7500 |
| പയർ | 50 ,, | 4.2 | 800 |
| പച്ചക്കറികൾ | 8 ,, | 15 | 15000 |
| വാഴ | 25 ,, | 625 | 25000 |
| മരച്ചീനി | 20 ,, | 300 | 15000 |
| കുരുമുളക് | 60 ,, | 60 | 1000 |
| പ്ലാവ് | 10 ,, | | |
| കശുമാവ് | 2 ,, | 12.5 | 1250 |
| മാവ് | 20 ,, | 300 | 15000 |
| കമുക് | 300 ,, | 180 | 6000 |
| റബ്ബർ | 1 ,, | | |

ജലസേചന സൗകര്യമില്ലായ്മ, കുറ്റമറ്റ വളപ്രയോഗത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങൾ ഉണ്ടായിട്ടുപോലും പഞ്ചായത്തിലെ തെങ്ങിന്റെ ഉല്പാദനക്ഷമത സംസ്ഥാനശരാശരിയെക്കാൾ കൂടുതലാണ്. ഇന്ന് ശരാശരി ഉല്പാദനം 40 ആണ്. ജലസേചന സൗകര്യം കുറ്റമറ്റ വളപ്രയോഗം, ബോധവൽക്കരണം എന്നിവയിലൂടെ തെങ്ങ് കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലെ പ്രധാന വിളയായ തെങ്ങ് 3678.75 ഏക്കർ സ്ഥലത്ത് കൃഷിചെയ്യുന്നു. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ, മുത്താറി, മരച്ചീനി, പയർ തുടങ്ങിയ ഇടവിളകൾ കൃഷിചെയ്യുന്ന കാര്യത്തിൽ പഞ്ചായത്തിലെ കർഷകർ വളരെ ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇടവിളകളുടെ ഉല്പാദനത്തിൽ ഈ കാലത്ത് അപചയം സംഭവിച്ചുതുടങ്ങിയിട്ടുണ്ട്. ഇപ്പോൾ വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമെ ഇടവിള കൃഷിചെയ്യുന്നുള്ളൂ. പുരയിടകൃഷികളായ കുരുമുളക്, വാഴ, മാവ് തുടങ്ങിയവയുടെ സ്ഥിതി ഇതിലും ശോചനീയമാണ്.

വടകര താലൂക്കിലെ കുട്ടനാട് എന്ന് ആയഞ്ചേരി പഞ്ചായത്തിലെ നെൽപാടങ്ങളെ പ്രത്യേകിച്ച് തറോപൊയിൽ പാടശേഖരസമിതിയുടെ പരിധിയിൽ വരുന്ന വയലുകളെ വിശേഷിപ്പിക്കുന്നുണ്ട്. എങ്കിലും മിക്ക വയലുകളിലും ഒരു വിള മാത്രമാണ് കൃഷിചെയ്യുന്നത്. കടമേരി, ആയഞ്ചേരി, തറോപൊയിൽ, പൊന്മേരി എന്നീ നാലു പാടശേഖരസമിതികളുടെ പരിധികളിലായി വ്യാപിച്ചുകിടക്കുന്ന നെൽവയലുകൾ 1000 ഏക്കറിൽ അധികം വരും. നെൽകൃഷി പ്രായേണ നഷ്ടമാണെങ്കിലും പഞ്ചായത്തിലെ നെൽകൃഷിക്കാർ കൃഷി അഭിമാന പ്രശ്നമായെടുത്ത് ലാഭനഷ്ടകണക്കു നോക്കാതെ നെൽകൃഷി നടത്തിവരുന്നു. 1980 കാലഘട്ടംവരെ കൂടുതലായും പഴയവിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. അന്ന് ഉപയോഗിച്ചിരുന്ന വിത്തുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4-7

| ഇനം | കൊയ്ത്തു കാലം | പ്രത്യേകത |
|---|---|---|
| തവളക്കണ്ണൻ<br>വലിയ കയമ<br>ചെറിയ കയമ<br>വെളുത്താൻ | കന്നി | നല്ലമേനി കിട്ടുന്നു തണ്ടുറപ്പും പ്രതിരോധ ശേഷിയുമുള്ളവ |
| ചിറ്റേനി<br>മുണ്ടകൻ<br>ആയിരം കണ<br>കുട്ടാടൻ | മകരം | ധാരാളം പുല്ല് കിട്ടുന്നതും പ്രതിരോധ ശേഷിയും ഉള്ളവ. കൂടുതൽവെള്ളമുള്ള സ്ഥലത്തും കൃഷിചെയ്യാം |

മേടമാസത്തിൽ വിത്തിറക്കി കന്നിമാസത്തിൽ വിളവെടുക്കുന്ന മേൽപറഞ്ഞ വിത്തിനങ്ങൾക്ക് 10-12 മേനിയായിരുന്നു കിട്ടിയിരുന്നത്.

കുംഭത്തിൽ ഞാറുവെച്ച് മകരത്തിൽ കൊയ്യുന്ന ചിറ്റേനി, മുണ്ടകൻ, കുട്ടാടൻ, ആയിരം കണ എന്നീ വിത്തിനങ്ങൾക്ക് നല്ല മേനി കിട്ടുമെങ്കിലും 10-12 മാസത്തെ മൂപ്പുള്ളവയാണ്.

അന്ന് കൃഷിക്കാർ വേവും ചാഴിയും നോക്കിയായിരുന്നു വിത്തിറക്കിയത്. ഈ കാലയളവിൽ വിത്തിറക്കിയാൽ നെല്ല് പതിരായി പോകും എന്ന് വിശ്വസിച്ചിരുന്നു. വേവും ചാഴിയുമെന്നാൽ കറുത്തവാവ് കഴിഞ്ഞ് വെളുത്ത വാവ് തുടങ്ങുന്നതിന് ഇടയിലുള്ള സമയമാണ്. ജൈവവളങ്ങൾ കൂടുതലായി ഉപയോഗിച്ചിരുന്ന അക്കാലത്ത് രാസവളപ്രയോഗമുണ്ടായിരുന്നില്ല. അത്കൊണ്ട് തന്നെ മണ്ണിനെറ ഫലഭൂയിഷ്ടത നിലനിർത്തുവാൻ കർഷകർക്ക് കഴിഞ്ഞിരുന്നു.

ഇന്ന് കൃഷി വകുപ്പ് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ടെങ്കിലും യഥാസമയത്ത് വിത്ത് കർഷകർക്ക് ലഭിക്കുന്നില്ല. ഇന്ന് പ്രചാരത്തിലുള്ളതും പഞ്ചായത്തിലെ കർഷകർ ഉപയോഗിക്കുന്നതുമായ വിത്തിനങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4-8

| ഇനം | കൊയ്ത്തുകാലം |
|---|---|
| ഐ. ആർ. എട്ട് | കന്നി, മകരം |
| ജയ | കന്നി മകരം |
| ജ്യോതി | മീനം |
| ത്രിവേണി | മീനം |
| മുണ്ടകൻ | മകരം |

പുതിയ ഇനം വിത്തുകൾ അത്യുല്പാദന ശേഷിയുള്ളവയാണെങ്കിലും തണ്ടുറപ്പും, രോഗ പ്രതിരോധശേഷിയും കുറവാണ്. എന്നാൽ പഴയ ഇനം വിത്തുകൾക്ക് മേനികുറവാണെങ്കിലും പ്രതിരോധ ശേഷിയും, തണ്ടുറപ്പും കൂടുതലാണ്. ഏത് വെള്ളപ്പൊക്കത്തിലും പഴയ വിത്തുകളുടെ ഞാറുകൾ നശിച്ചുപോകുകയില്ലായിരുന്നു.

പഞ്ചായത്തിലെ എല്ലാ വയലുകളിലും ഒരേ സമയത്ത് വിത്തിറക്കി വിളവെടുക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ 3 വിളവരെ എടുക്കാൻ സൗകര്യമുള്ളവയുമാണ്. നെൽകൃഷിക്കാർ തങ്ങളുടെ ഭൂമി കർഷക തൊഴിലാളികൾക്ക് കൃഷിനടത്തുവാൻ കൊടുക്കുന്ന സമ്പ്രദായം ഇവിടെ ഇന്നും നിലനില്ക്കുന്നുണ്ട്. മൊത്തം ഉല്പാദനത്തിൻെറ പകുതിയാണ് മുൻകാലങ്ങളിൽ ഭൂവുടമകൾക്ക് നല്കിയിരുന്നത്. ഈ സമ്പ്രദായം നിലവിലുള്ളതിനാൽ കൃഷിഭൂമി തരിശായിടാതെ നിലനിർത്തുവാൻ സാധിക്കുന്നു.

കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള കനാൽ പഞ്ചായത്തിലൂടെ കടന്ന്പോകുന്നുണ്ട്. മാത്രവുമല്ല വേനൽകാലത്ത് വെള്ളം പാടങ്ങളിലേക്ക് എത്തിക്കാവുന്നതുമാണ്. എന്നാൽ വെള്ളം പാടങ്ങളിലേക്ക് എത്തിക്കാൻ പറ്റുന്ന തോടുകളും, അരുത്തോടുകളും പൊട്ടിപ്പൊളിഞ്ഞുപോയതിനാൽ വേനൽകാല വിളയായ പുഞ്ച കൃഷി ചെയ്യുവാൻ പ്രയാസപ്പെടുകയാണ്. അത്പോലെ തന്നെ കനാൽ കൃഷിക്ക് ഉപയുക്തമായ രീതിയിലും സമയത്തും തുറന്ന് വിടാത്തത് കർഷകരെ വിഷമിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു പൊതുവായ സമീപനം അത്യാവശ്യമാണ്.

പഞ്ചായത്തിലെ നെൽപാടങ്ങളെ കേന്ദ്രീകരിച്ച്കൊണ്ട് 4 നെല്ലുൽപാദന സമിതികൾ സാമാന്യം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ആയഞ്ചേരി, തറോപൊയിൽ, കടമേരി എന്നീ സമിതികൾക്ക് സ്വന്തമായി ഓരോ പവർ ട്രില്ലറുകൾ ഉണ്ട്. കൂടാതെ, റോക്കർ സ്പ്രെയർ, മെതിയന്ത്രം, പോർട്ടബ്ൾ പമ്പ്സെറ്റുകൾ എന്നിവയും സമിതികളുടെ മുതൽകൂട്ടാണ്. നെൽകൃഷിക്കാർക്ക് യഥാസമയങ്ങളിൽ ആനുകൂല്യങ്ങൾ

എത്തിക്കുന്നതിലും കർഷകരുടെ പ്രശ്നങ്ങൾ ഒരു പിരിധി വരെ പരിഹരിക്കുന്നതിലും സമിതികൾക്ക് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു കേരകർഷക സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തനം വേണ്ട രീതിയിൽ ഉയർന്നിട്ടില്ല.

പച്ചക്കറി കൃഷിക്ക് പേരുകേട്ട ഈ പഞ്ചായത്തിൽ ഇപ്പോൾ അടുക്കളതോട്ടങ്ങൾപോലും അപ്രത്യക്ഷമായിരിക്കയാണ്. മകര കൊയ്ത്തു കഴിഞ്ഞാൽ പാടങ്ങളിൽ മത്സരബുദ്ധിയോടുകൂടി കുട്ടികളും, മുതിർന്നവരുമെല്ലാം പച്ചക്കറി കൃഷി ചെയ്തിരുന്നു. വെള്ളരി, കുമ്പളം, മത്തൻ, ചീര, വത്തക്ക, കയ്പ്പ, വെണ്ട, പടവലം, പൊട്ടിക്ക, പയർ തുടങ്ങിയ പച്ചക്കറികൾക്ക് അക്കാലത്ത് ക്ഷാമമുണ്ടാവാറില്ല. പന്തലുകൾ കെട്ടി രാത്രികാലങ്ങളിൽ വെള്ളരിക്ക് കാവൽ നില്ക്കുക എന്നത് യുവാക്കൾക്ക് ഒരു ഹരമായിരുന്നു. എന്നാൽ ഇന്ന് കൂടുതൽ പച്ചക്കറികൾ വിലക്ക്വാങ്ങുന്നത് ഗ്രാമീണരാണ്. പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് ഭരണസമിതി കർഷകർക്കായി പുതുതായി പച്ചക്കറി കിറ്റ് വിതരണം ചെയ്ത് തുടങ്ങിയത്, പച്ചക്കറി കൃഷിയുടെ വ്യാപനത്തിന് ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കാം.

## നിലവിലുള്ള സാഹചര്യങ്ങൾ

- പഞ്ചായത്തിൽ 263 കുളങ്ങളും 2014 കിണറുകളുമുണ്ട്.
- താനക്കണ്ടി കുളം, താമരശ്ശേരികുളം, ആയടത്തിൽ കുളം എന്നിവ കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്.
- കൃഷിഭവൻ മുഖേന സി. സി. ഡി. പി. പദ്ധതി പ്രകാരം 79 പമ്പ്സെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- കുറ്റ്യാടി ഇറിഗേഷൻ കനാൽ ഈ പ്രദേശത്തിലൂടെ കടന്നുപോകുന്നുണ്ട്.
- 6 കി. മീ. ദൂരമുള്ള കരുവാരിതോട് 5 മുതൽ 10 വരെയുള്ള വാർഡുകളിലൂടെ ഗുളികപ്പുഴയിൽ എത്തിച്ചേരുന്നു.
- വടകര-മാഹി കനാലുമായി ബന്ധപ്പെട്ടു കിടക്കുന്ന വെമ്പ്രോളിതാഴ മുതൽ എടച്ചേരിക്കണ്ടി താഴവരെയുള്ള തോട് ഒന്ന് മുതൽ നാലു വരെയുള്ള വാർഡിലൂടെ കടന്നുപോകുന്നു.
- പൊക്ലാറത്ത്താഴ മുതൽ പൊലത്തുരുത്തി താഴവരെ അരുത്തോട് പണിപൂർത്തിയായിട്ടുണ്ട്.
- നെല്ലുൽപാദക സമിതികളുടെ ഉടമസ്ഥതയിൽ പവർ ട്രില്ലറുകളും, മെതിയന്ത്രങ്ങളുണ്ട്.
- പഞ്ചായത്തിൽ എഫ്. എ. സി. ടി.യുടെ ഡിപ്പോകൾ പ്രവർത്തിക്കുന്നു.
- നെൽകൃഷിക്കാർക്ക് പ്രൊഡക്ഷൻ ബോണസ് ലഭിക്കാറുണ്ട്.
- പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്
- 4 നെല്ലുൽപാദക സമിതികളും, ഒരു കേര കർഷകസമിതിയും പ്രവർത്തിക്കുന്നു.
- ഒരു കാർഷിക നർസറി പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങളും ആവശ്യങ്ങളും

- പഞ്ചായത്തിൽ 5 പൊതുകുളങ്ങളും 17 പൊതു കിണറുകളും മാത്രമേ ഉള്ളൂ. സ്വകാര്യകുളങ്ങൾ പൊതു ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കേണ്ടതാണ്.
- താനക്കണ്ടി കുളത്തിന് വാട്ടർ ടാങ്ക് കെട്ടുകയും അരുത്തോട് നിർമ്മിക്കുകയും വേണം.
- ആയടത്തിൽ കുളവും താമരശ്ശേരി കുളവും താനക്കണ്ടികുളവും പ്രവർത്തന സജ്ജമാക്കണം.
- സി. സി. ഡി. പി. പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന പമ്പുസെറ്റുകൾ ലഭിക്കാനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുകയും പത്ത് സെൻറ് കൈവശമുള്ളവർക്കും ആനുകൂല്യം ലഭ്യമാക്കുകയും വേണം.
- കുറ്റ്യാടി ഇറിഗേഷൻ കനാലിൽ പൈങ്ങോട്ടായി കുളങ്ങര മുക്കിലുള്ള പാറ പൊട്ടിച്ച് തടസ്സം മാറ്റി പന്തപ്പൊയിൽ തറോപൊയിൽ പ്രദേശങ്ങളിൽ വെള്ളമെത്തിക്കണം.
- കുട്ടൻ പറമ്പത്ത്, തെക്കയിൽ താഴ, അരതുരുത്തി, അടുകോത്ത്, പാലേരി താഴ, താഴെകുനി മൂർച്ചിലോട്ട്താഴ കണവേരിതാഴ എന്നിവി

ടങ്ങളിൽ സി. സി. ഡി. പി. പദ്ധതിപ്രകാരം ജല സേചന സംരംഭങ്ങൾ ആരംഭിക്കണം.

- പുതുശ്ശേരിക്കണ്ടി താഴ മുതലുള്ള തോട് തുലാറ്റുംനട വരെയും തെക്കെ താഴ മുതൽ കുനിയയിൽ താഴവരെയും കോൺക്രീറ്റ് ചെയ്യുകയും ആവശ്യമായ സ്ഥലങ്ങളിൽ ഷട്ടറുകൾ നിർമ്മിക്കുകയും വേണം.
- പൊലതുരുത്തി മുതൽ തുലാറ്റുംനട വരെ തോട് നിർമ്മിക്കേണ്ടതാണ്.
- പൊലതുരുത്തി മുതൽ അവണായി താഴ കൊത്തളി തറമ്മൽ താഴ അരുത്തോട് നിർമ്മിക്കേണ്ടതാണ്.
- കുറ്റിയിൽ താഴ മുതൽ പെരുമ്പടവീട് താഴവരെ അരുത്തോട് നിർമ്മിക്കേണ്ടതാണ്.
- ചൂരക്കുളങ്ങര താഴ മുതൽ നരിച്ചാക്കുനി താഴ വരെ അരുത്തോട് നിർമ്മിക്കുക.
- നെല്ലൽപാദക സമിതികൾക്ക് പവർ ട്രില്ലർ, സ്പെയർ, മെതിയന്ത്രങ്ങൾ എന്നിവ കൂടുതൽ ലഭ്യമാക്കേണ്ടതാണ്.
- കാർഷിക ഉപകരണങ്ങളുടെയും, രാസവളത്തിന്റെയും വിലക്കയറ്റം തടയണം.
- നെൽകൃഷിക്കാർക്ക് കൊടുക്കുന്ന പ്രൊഡക്ഷൻ ബോണസ് വർദ്ധിപ്പിക്കുകയും കൃത്യസമയത്ത് വിതരണം ചെയ്യുകയും വേണം.
- കൃഷിഭവന് സ്വന്തം കെട്ടിടം നിർമ്മിക്കുകയും ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെ നിയമിക്കുകയും വേണം.
- കൃഷി അസിസ്റ്റൻറ് ഡയരക്ടറുടെ ഓഫീസ് ആയഞ്ചേരിയിൽ ആരംഭിക്കുക.
- പഞ്ചായത്ത് കേന്ദ്രീകരിച്ച് മണ്ണ് പരിശോധനാ കേന്ദ്രവും വിത്ത് തേങ്ങ സംഭരണകേന്ദ്രവും സ്ഥാപിക്കുക.
- കേരകർഷക സമിതിയുടെ പ്രവർത്തനം സജീവമാക്കുക.
- പഞ്ചായത്തിൽ കൂടുതൽ അഗ്രിക്കൾച്ചറൽ നഴ്സറികൾ സ്ഥാപിക്കുകയും ആവശ്യമായ വിത്തുകൾ അനുവദിക്കുകയും വേണം.

## സാധ്യതകളും, നിർദ്ദേശങ്ങളും

- വേനൽകാല പച്ചക്കറികൾ ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ കഴിയും.
- ആവശ്യമായ നല്ലയിനം വിത്തുകളും വളങ്ങളും കർഷകർക്ക്എത്തിക്കാൻ കൃഷിഭവനും പഞ്ചായത്തും പദ്ധതി ആവിഷ്കരിക്കണം.
- ഔഷധസസ്യങ്ങളുടെ പ്രത്യേക നഴ്സറി പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.
- വിള ഇൻഷുറൻസ് പദ്ധതി സൗജന്യമാക്കേണ്ടതാണ്.
- കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്.
- എല്ലാ കൃഷിക്കും വൈദ്യുതി സൗജന്യമാക്കേണ്ടതാണ്.
- അത്യുല്പാദനശേഷിയുള്ള നെൽവിത്തുകൾ കർഷകർക്ക് യഥാസമയം വിതരണം ചെയ്യുക.
- നിലവിലുള്ള നെല്ലുൽപാദക സമിതികൾക്ക് സ്വന്തം കെട്ടിടവും, വർക്ക്ഷോപ്പും ഉണ്ടാക്കേണ്ടതാണ്.
- കാർഷിക വിഭവങ്ങളുടെ വിപണന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.
- പച്ചക്കറി വികസനപദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തിനെ സർക്കാർ ദത്തെടുക്കേണ്ടതാണ്.
- സമഗ്ര കാർഷിക വികസന പദ്ധതിയിൽ ആയഞ്ചേരി പഞ്ചായത്തിനെ ഉൾപ്പെടുത്തുക.
- കൂൺ, കശുമാവ്, കുറ്റിമുല്ല മുതലായവയുടെ കൃഷി യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- പഞ്ചായത്തിൽ പഴസംസ്ക്കരണകേന്ദ്രം ആരംഭിക്കാവുന്നതാണ്.
- മാഹി കനാലിന്റെയും കുററ്യാടി ഇറിഗേഷൻ

കനാലിൻെറയും പുറമ്പോക്ക് സ്ഥലം പഞ്ചായത്തിന് വിട്ടുകൊടുക്കേണ്ടതും പഞ്ചായത്ത് യഥാർത്ഥ കർഷകർക്ക് ലീസിന് കൊടുക്കേണ്ടതുമാണ്.

- കർഷകതൊഴിലാളികളുടെ കൂലി ഏകീകരിക്കുക.
- അരതുരുത്തി-കൊതുരുത്തി-എലത്തൂരുത്തി തെക്കയിൽ പൊയിൽ, തിരിക്കോത്ത് താഴ-പാലോടികുന്ന്, കേളോത്ത്താഴ-വെരമ്പിൽകുന്ന്, ചന്തങ്കണ്ടിതാഴ-കുഞ്ഞിക്കണ്ടിതാഴ, മരുന്നോളിതാഴ-പെരുമ്പട വീട്ടിൽ താഴ, കരുവാങ്കണ്ടി താഴ, ഒറ്റ മാക്കൂൽതാഴ-ചെമ്പരത്തിക്കണ്ടിതാഴ-കോയിച്ചാൽ കുനി, കല്ലേരി-കക്കുന്നത്ത് താഴ-മൂര്യോട്ട്താഴ, പാലേരിമുക്ക്-കാട്ടുക്കുനിതാഴ ഫാം റോഡുകൾ നിർമ്മിക്കേണ്ടതാണ്.

# 5

# മൃഗസംരക്ഷണവും മൽസ്യബന്ധനവും

പണ്ടുകാലങ്ങളിൽ ആടുമാട് വളർത്തൽ പഞ്ചായത്തിലെ ജനങ്ങളുടെ ഒരു പ്രധാന ജോലി ആയിരുന്നു. വിശാലമായ ഒഴിഞ്ഞ പറമ്പുകൾ ആടുമാടുകളുടെ മേച്ചിൽ സ്ഥലങ്ങളായിരുന്നു. ധാരാളം കൃഷിസ്ഥലമുള്ളതുകൊണ്ട് ഉഴവുകാളകൾ വളർത്തുമൃഗങ്ങളിൽ പ്രധാന സ്ഥാനം വഹിച്ചുപോന്നു. കന്നുകാലികളെ കെട്ടിവളർത്തുന്ന സമ്പ്രദായമില്ലാത്തതിനാൽ പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റെയറ്റം വരെ അവ സ്വതന്ത്രമായി മേഞ്ഞുനടന്നു. നാട്ടിന്റെ നാനാഭാഗങ്ങളിൽ ഇവക്ക് വെള്ളം കുടിക്കാൻ നാടുവാഴികൾ കൽത്തൊട്ടികൾ സ്ഥാപിച്ചിരുന്നു. കന്നുകാലികൾ കൃഷിസ്ഥലങ്ങളെ അതിക്രമിച്ചു കടക്കാതിരിക്കാൻ ആനവാതിലുകളും കടവാതിലുകളും സ്ഥാപിച്ചിരുന്നു. കൃഷിസ്ഥലങ്ങളിൽ അതിക്രമിച്ചു കടക്കുന്ന കന്നുകാലികളെ അംശക്കച്ചേരിയിൽ പിടിച്ചുകെട്ടുകയും വിളനാശത്തിന് ഉടമസ്ഥരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തിരുന്നു.

ആദ്യകാലങ്ങളിൽ നമ്മുടെ ഗ്രാമീണരിൽ വ്യാപകമായി കണ്ടുവന്നിരുന്ന ആടുവളർത്തൽ ശീലം കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഇപ്പോൾ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിവയാണ്. നാമമാത്രമായ തോതിൽ പോത്ത്, എരുമ, കാള എന്നിവയെയും വളർത്തുന്നുണ്ട്. മിക്ക വീടുകളിലും കോഴികളെയും വളർത്തുന്നുണ്ട്. അപൂർവ്വം ചില വീടുകളിൽ താറാവ്, മുയൽ എന്നിവയെയും വളർത്തുന്നു.

പശുക്കളെ വളർത്താൻ യോഗ്യമായ സ്ഥലത്തിന്റെ അപര്യാപ്തത മൂലം കർഷകർക്ക് വൈക്കോലിനെ ആശ്രയിക്കേണ്ടിവരുന്നു. ആവശ്യത്തിന് വൈക്കോൽ കിട്ടാനില്ലാത്തതിനാൽ പഞ്ചായത്തിലെ കർഷകർ കൂടുതൽ പണം മുടക്കി വൈക്കോൽ ഇറക്കുമതി ചെയ്യുന്നു. തീറ്റപ്പുൽ കൃഷി ഇവിടെ നിലവിലില്ല. അതിനാൽ പറമ്പിൽ പരമ്പരാഗതമായി വളരുന്ന പച്ചപ്പുൽ തന്നെയാണ് ഭൂരിഭാഗവും ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും മൃഗ സംരക്ഷണ ഉപകേന്ദ്രവുമാണ് നിലവിലുള്ളത്. ആഴ്ചയിൽ എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭിക്കാത്തതിനാലും ഇവ പഞ്ചായത്തിന്റെ രണ്ടു വ്യത്യസ്ത ഭാഗ

പട്ടിക 5.1
വളർത്തു മൃഗങ്ങളുടെ സ്ഥിതിവിവരക്കണക്ക്

| കാള | | പശു | | | | ആട് | പട്ടി |
|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | നാടൻ | | സങ്കരം | | | |
| | | കറവുള്ളത് | ഇല്ലാത്തത് | കറവുള്ളത് | ഇല്ലാത്തത് | | |
| 475 | 69 | 1971 | 1031 | 235 | 96 | 147 | 127 |

ങ്ങളിലായതിനാലും ഈ കേന്ദ്രങ്ങൾ കൊണ്ടുള്ള ഉപയോഗം കർഷകർക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

കന്നുകാലികളെ ബാധിക്കുന്ന വിവിധയിനം രോഗങ്ങളും ചികിത്സയുടെ അപര്യാപ്തതയും നല്ലയിനം കന്നു കുട്ടികളുടെ ദൗർലഭ്യവും ശാസ്ത്രീയ രീതിയിലുള്ള തൊഴുത്തു നിർമ്മാണത്തിലുള്ള അറിവില്ലായ്മയും കർഷകർക്ക് കാലിവളർത്തലിന് വിലങ്ങു തടിയാകുന്നു.

പഞ്ചായത്തിലെ രണ്ടു ക്ഷീരവികസന സംഘങ്ങളുടെ പ്രയോജനം I, II, IV, വാർഡുകളിൽ മാത്രമെ ലഭിക്കുന്നുള്ളു. പാലിന് ലഭിക്കുന്ന വില മാർക്കറ്റ് വിലയേക്കാൾ വളരെ കുറവുമാണ്.

ഇന്ന് ചുരുക്കം ചില വീടുകളിൽ മാത്രമെ ആടു വളർത്തലുള്ളു. ആട്ടിൻ പാലിന് കടകളിലും മറ്റും മാർക്കറ്റില്ലാത്തത് ഇതിനു കാരണമാണ്. ആട്ടിറച്ചി സംസ്കരണ രംഗത്ത് വേണ്ടത്ര സാധ്യതയില്ലാത്തത് ആടു വളർത്തിലിൽ നിന്ന് വിട്ടു നിൽക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നു.

മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തൽ ഇന്നും നിലനിൽക്കുന്നു. വ്യാപകമായി കോഴി വളർത്തൽ ഇന്ന് നിലവിലില്ല. അത് ലാഭകരമല്ലാത്തതാണ് കാരണം. ഏതാനും ചില വീടുകളിൽ മാത്രമേ താറാവു വളർത്തൽ ഇന്നു നിലവിലുള്ളൂ.

മുഖ്യമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലുകളെ വളർത്തുന്നത്. ഇറച്ചിയാവശ്യത്തിന് മുയലുകളെ വളർത്തുന്നത് വളരെ കുറവാണ്. പ്രത്യുത്പാദന നിരക്ക് വളരെ കൂടുതലായതിനാൽ ഇറച്ചി ആവശ്യത്തിന് മുയലുകളെ വളർത്തുക വളരെ ലാഭകരമായിരിക്കും.

തേനീച്ച വളർത്തൽ ഈ പഞ്ചായത്തിൽ വ്യാപകമായ തോതിൽ നടക്കുന്നില്ല. വ്യാപകമായ തോതിൽ മത്സ്യബന്ധനവും നമ്മുടെ പഞ്ചായത്തിൽ ഇല്ല. വർഷകാലങ്ങളിൽ തോടുകളിലും കുളങ്ങളിലുമുള്ള മത്സ്യങ്ങളെ പിടിക്കുന്ന സമ്പ്രദായം മാത്രമെ പഞ്ചായത്തിൽ നിലവിലുള്ളൂ. പുതുമഴ ആരംഭിച്ചുകഴിഞ്ഞാൽ പതിനായിരക്കണക്കിന് രൂപയുടെ മൽസ്യബന്ധനം നടത്തുന്ന ഒരു പ്രദേശമാണ് മാണിക്കോത്തു താഴ പരിസരം. വടകര മാഹി കനാലും ധാരാളം മൽസ്യം ലഭിക്കുന്ന ജലാശയമാണ്. ഈ മൽസ്യബന്ധന കേന്ദ്രങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യാൻ സർക്കാരും മറ്റ് ഏജൻസികളും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ മുന്നൂറിൽ പരം കുളങ്ങളുണ്ട്. ഇതിൽ ഭൂരിഭാഗത്തിലും മത്സ്യം വളർത്താനുള്ള സൗകര്യമുണ്ടെങ്കിലും കർഷകർ ഈ രംഗ

ത്തേക്ക് കടന്നു വന്നിട്ടില്ല. ഈ പഞ്ചായത്തിലെ ഏഴാം വാർഡിൽ പെട്ട മുക്കടത്തും വയൽ പ്രദേശത്ത് മുൻകാലങ്ങളിൽ മത്സ്യവളർത്തൽ ഉണ്ടായിരുന്നു.

## പ്രശ്നങ്ങൾ

1. മുക്കടത്തും വയലിലെ പഞ്ചായത്ത് മൃഗാശുപത്രിക്ക് സ്ഥിരം കെട്ടിടം ഇല്ല.
2. പഞ്ചായത്തിൽ ഒരു മൃഗ സംരക്ഷണ ഉപകേന്ദ്രം മാത്രമേ നിലവിലുള്ളു.
3. മൃഗാശുപത്രിയിലും ഉപകേന്ദ്രത്തിലും ഡോക്ടർമാരുടെ പൂർണ്ണ സേവന ലഭ്യതയുടെ അഭാവം.
4. തീറ്റപ്പുൽ കൃഷി, മൃഗപരിപാലനം എന്നിവയിൽ കർഷകരുടെ പരിജ്ഞാനക്കുറവ്.
5. ക്ഷീരവികസന സംഘങ്ങൾ, പാലുൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ പഞ്ചായത്തിൽ വളരെ കുറവാണ്.
6. കന്നുകാലി ഇൻഷ്വറൻസ്, കന്നുകുട്ടി പരിപാലന പരിപാടി എന്നിവ വ്യാപകമായി നടപ്പിലാക്കാൻ വിപുലമായ പദ്ധതികൾ ഇന്ന് നിലവിലില്ല.
7. ഉൽപാദന ചെലവിനനുസരിച്ച് കർഷകർക്ക് പാലിന് കൂടുതൽ വില ലഭിക്കുന്നില്ല.
8. സങ്കരയിനം ആട്, പശു തുടങ്ങിയ മൃഗങ്ങൾ പഞ്ചായത്തിൽ വളരെകുറവാണ്.
9. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും കോഴി വസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരേയുള്ള പ്രതിരോധ മരുന്നുകൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ പരിമിതമാണ്.
10. പഞ്ചായത്ത് തലത്തിൽ കോഴി, കോഴിമുട്ട എന്നിവ വിപണനം ചെയ്യാനാവശ്യമായ കേന്ദ്രങ്ങളില്ല.
11. പശുവിനെ വാങ്ങൽ, തൊഴുത്ത് നിർമ്മിക്കൽ, ഇറച്ചിക്കോഴി വളർത്തൽ മുതലായവക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിലുള്ള പോരായ്മ.
12. കുളങ്ങൾ ധാരാളമുണ്ടെങ്കിലും പഞ്ചായത്തിൽ മത്സ്യം വളർത്തൽ വളരെ കുറവാണ്.
13. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ തണ്ണീർ പന്തൽ, കീരിയങ്ങാടി, തറോപ്പൊയിൽ, മുക്കടത്തും വയൽ മുതലായ പ്രദേശങ്ങളിൽ മത്സ്യമാർക്കറ്റുകൾ ഇല്ല.

## നിർദ്ദേശങ്ങൾ

1. മുക്കടത്തും വയലിലെ പഞ്ചായത്ത് മൃഗാശുപത്രിക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുക.
2. പഞ്ചായത്തിലെ കല്ലേരി മൃഗ സംരക്ഷണ ഉപകേന്ദ്രം മൃഗാശുപത്രിയായി ഉയർത്തുക.
3. കടമേരിയിലും, തറോപ്പൊയിലിലും ഓരോ മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ ആരംഭിക്കുക.
4. പഞ്ചായത്തിൽ പൂർണ്ണമായും സേവനം ലഭ്യമാകുന്ന തരത്തിൽ രണ്ടു മൃഗഡോക്ടർമാരെ നിയമിക്കുക. ഉപകേന്ദ്രങ്ങളിൽ മൃഗ ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക.
5. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടി കർഷകർക്ക് ആവശ്യമായ പരിജ്ഞാനവും സാമ്പത്തികാനുകൂല്യങ്ങളും വിത്തുകളും ലഭ്യമാക്കുക.
6. പുതിയോട്ടും വയൽ, കടമേരി, അഞ്ചുകണ്ടം എന്നിവിടങ്ങളിലുണ്ടായിരുന്ന വെറ്റനറികേമ്പ് ഡിപ്പൻസറികൾ പുനഃസ്ഥാപിക്കേണ്ടതാണ്.
7. കന്നുകാലി ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കുക. 'കന്നുകുട്ടി പരിപാലനപരിപാടി' നിലവിലുള്ള രണ്ട് ക്ഷീര സംഘങ്ങൾ മുഖേനയെങ്കിലും നടപ്പിലാക്കുകക
8. പഞ്ചായത്തിലെ പന്തപ്പൊയിൽ, കമ്പനിപ്പീടിക, പുതിയോട്ടും വയൽ, കടമേരി എന്നീ പ്രദേശങ്ങളിൽ ക്ഷീരസംഘങ്ങൾ ആരംഭിക്കുക.
9. പാൽ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ തുടങ്ങാനുള്ള സഹായങ്ങൾ (DWCRA) യൂണിറ്റുകൾക്ക് മുൻഗണനനൽകിക്കൊണ്ട് നടപ്പിലാക്കുക.
10. പശുവിനെ വാങ്ങാനും, തൊഴുത്ത് നിർമ്മിക്കുവാനും ഉദാരമായ നടപടി ക്രമങ്ങളിലൂടെ സാമ്പത്തിക സഹായം ലഭ്യമാക്കുക.
11. ഉല്പാദനച്ചെലവിനനുസരിച്ച് കർഷകർക്ക് കൂടുതൽ വില കിട്ടുന്ന വിധത്തിൽ പാൽ വില വർദ്ധിപ്പിക്കുക.

12. സങ്കരയിനം ആട്, പശു എന്നിവകളെ ലഭ്യമാക്കാനും ഇപ്പോൾ ചെറിയ തോതിൽ ആടു വളർത്തുന്നവർകക്ക് വിപുലീകരിക്കാൻ ആവശ്യമായ പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.
13.DWCRA പോലുള്ള വനിതാ യൂണിറ്റുകൾ കേന്ദ്രീകരിച്ചു കൊണ്ടും താത്പര്യമുള്ള ആളുകൾ ചേർന്ന് ചെറു സംഘങ്ങൾ രൂപീകരിച്ച് കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള എല്ലാ വിധ സഹായങ്ങളും നൽകുക.
14. വീടുകളിലെ കോഴി വളർത്തൽ വിപുലീകരിക്കുന്നതിന് വേണ്ടി സബ്സിഡി നിരക്കിൽ കോഴികളെ ലഭ്യമാക്കേണ്ടതാണ്.
15. കോഴി വസന്തയ്ക്കെതിരേയുള്ള പ്രതിരോധ കുത്തിവെയ്പ്പിനുള്ള മരുന്നുകൾ അതാതു പ്രദേശത്തെ വെറ്റിനറി സെന്ററുകളിൽ ലഭ്യമാക്കുകയും കുത്തിവെപ്പിനാവ്ശ്യമായ പരിശീലനം കർഷകർക്ക് നൽകുകയും ചെയ്യുക.
16.പഞ്ചായത്ത് തലത്തിൽ കോഴി, കോഴിമുട്ട എന്നിവ വിപണനം ചെയ്യാനാവശ്യമായ കേന്ദ്രം ആരംഭിക്കുക.
17. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.
18.പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള കുളങ്ങൾ കേന്ദ്രീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ വളർത്താൻ നടപടി സ്വീകരിക്കുക.
19. തണ്ണീർ പന്തൽ, കീരിയങ്ങാടി, തറോപ്പൊയിൽ, മുക്കടത്തുംവയൽ എന്നീ പ്രദേശങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

## സാധ്യതകൾ.

1. കല്ലേരി മൃഗസംരക്ഷണ ഉപ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാൻ കുറ്റിക്കാടു പാറയ്ക്ക് സമീപം (കല്ലേരി) ഗവൺമെന്റിലേക്ക് വാഗ്ദാനം നൽകിയ 8. സെന്റ് സ്ഥലത്തു കെട്ടിടം നിർമ്മിക്കുക.
2. മുക്കടത്തും വയൽ ഉള്ള മൃഗാശുപത്രിക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കാൻ നാട്ടുകാരുടെ സഹായത്തോടെ സ്ഥലം വാങ്ങാം
3. വികസന വകുപ്പിന്റെ ഒരു ഓഫീസ് ആയഞ്ചേരിയിൽ തുടങ്ങുക.
4. കന്നുകുട്ടി പരിപാലന പദ്ധതി കല്ലേരി, പൊന്മേരി ക്ഷീരസഹകരണസംഘങ്ങൾ വഴി നടപ്പിലാക്കാവുന്നതാണ്.
5. മിൽമയുടെ ഭരണ ചെലവ് കുറച്ചു കൊണ്ടു കർഷകർക്ക് കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾ മിൽമാ സഹരണ സംഘങ്ങൾ വഴി നൽകാവുന്നതാണ്.
6. തൃശൂർ വെനിറ്ററി കോളേജുമായി ബന്ധപ്പെട്ടു സങ്കരയിനം ആടുകളെ ലഭ്യമാക്കാവുന്നതാണ്.
7. പ്രദേശത്തെ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ട് പശു,ആട്, കോഴിവളർത്തൽ എന്നിവക്ക് സാമ്പത്തിക സഹായം നൽകാവുന്നതാണ്.
8. മൃഗസംരക്ഷണ വകുപ്പിന്റെ ബയോഗ്യാസ് പദ്ധതി പ്രകാരം കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
9. ഇപ്പോഴുള്ളതും പുതുതായി ഉണ്ടാക്കാൻ നിർദ്ദേശിക്കപ്പെട്ട വെറ്റിനറി സബ്സെന്ററുകളും
വഴി കോഴി വളർത്തൽ നടപ്പിലാക്കാവുന്നതാണ്.
10. കോഴിവളർത്തൽ യൂനിറ്റുകളെബന്ധപ്പെടുത്തി
ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.
11. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങൾ റിപ്പയർ ചെയ്തു മത്സ്യം വളർത്താനുള്ള കേന്ദ്രങ്ങളാക്കി മാറ്റാവുന്നതാണ്.
12. മാണിക്കോത്ത് താഴെ തോട്ടിലെ വിപുലമായ മത്സ്യ സമ്പത്ത് പ്രയോജനപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്.
13. പൊതുജലാശയങ്ങളിൽ നിന്ന് നഷ്ടപ്പെട്ടു പോകുന്ന മത്സ്യസമ്പത്ത് സംരക്ഷിക്കപ്പെടേണ്ടതാണ്.
14. വിവിധ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ അവരുടെ സഹകരണത്തോടെ തീറ്റപ്പുൽകൃഷി വ്യാപകമായി നടത്താവുന്നതാണ്.

## പട്ടിക 5.2
## മൃഗങ്ങളിൽ 1995-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട രോഗങ്ങൾ

| നമ്പർ | രോഗ വിവരങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|---|
| 1. | ദഹനസംബന്ധമയ രോഗങ്ങൾ | 41 | 20 | 16 |
| 2. | ശ്വാസകോശ സംബന്ധമായ രോഗങ്ങൾ | 39 | 12 | ഇല്ല |
| 3. | ഉപാപചയ സംബന്ധമായ രോഗങ്ങൾ | 26 | 19 | ഇല്ല |
| 4. | ത്വക്ക് രോഗം | 21 | 6 | ഇല്ല |
| 5. | ധാതു ലവണ അഭാവ രോഗങ്ങൾ | 16 | ഇല്ല | 17 |
| 6. | പരാദ രോഗം | 8 | ഇല്ല | ഇല്ല |
| 7. | പ്രത്യുൽപാദന വ്യവസ്ഥാസമബന്ധമായ രോഗങ്ങൾ | 11 | ഇല്ല | ഇല്ല |
| 8. | വന്ധ്യത | ഇല്ല | ഇല്ല | ഇല്ല |
| 9. | അകിടു വീക്കം | 18 | 9 | ഇല്ല |
| 10. | മുടന്തൻ പനി | 16 | ഇല്ല | ഇല്ല |
| 11. | പകർച്ചവ്യാധി | 9 | 6 | ഇല്ല |

ഏതൊരു ശരിയായ ജനായത്ത ക്രമത്തിന്റെയും
അടിസ്ഥാനം
പ്രാദേശിക സ്വയംഭരണ ഗവൺമെന്റായിരുന്നു:
ആയിരിക്കുകയും വേണം.
ജനങ്ങൾ
ജനായത്തത്തെക്കുറിച്ചു
ചിന്തിക്കുന്ന ശീലത്തിൽപ്പെട്ടത്
ഉയർന്ന തലത്തിലാണ്.
അത്രത്തോളം
താഴ്ന്ന തലത്തിൽ നടന്നില്ല.
മുകളിലുള്ള
ജനായത്തത്തിന്
അത് താഴെ നിന്നുള്ള അസ്തിവാരത്തിൻമേൽ
പടുത്തുയർത്തപ്പെട്ടതല്ലെങ്കിൽ,
ഒരു വിജയമാകാനാവില്ല.

ജവഹർലാൽ നെഹ്റു

50

6

# വ്യവസായം

ആയഞ്ചേരി പഞ്ചായത്തിന്റെ വ്യവസായിക മുഖം ദയനീയമാണ്. പൊതു മേഖലയിലോ സഹകരണ മേഖലയിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. സ്വകാര്യ മേഖലയിൽ ഒറ്റപ്പെട്ട സ്ഥാപനങ്ങൾ പേരിന് വ്യവസായം എന്ന നിലയിൽ പ്രവർത്തിക്കുന്നു. പഴയകാലത്ത് ചിലകുടിൽ വ്യവസായ സംരംഭങ്ങൾ ഉണ്ടായിരുന്നു. അതിൽ എടുത്തു പറയാവുന്നത് ആയഞ്ചേരി കടമേരി തേരു കേന്ദ്രീകരിച്ചു കൊണ്ടുള്ള കൈത്തറി വ്യവസായമായിരുന്നു. ഗ്രാമീണ കൈത്തറി യന്ത്രങ്ങളുടെ ശബ്ദമയമായ അന്തരീക്ഷം നിലനിന്നിരുന്ന ഇവിടങ്ങളിൽ കൈത്തറി വ്യവസായം അന്യം നിന്ന മട്ടാണ്. കൈത്തറി നെയ്ത് ഉപേക്ഷിച്ച് പലരും മറ്റ് മാർഗ്ഗങ്ങൾ തേടിപ്പോയി. കുടുംബാംഗങ്ങൾ മുഴുവൻ കൈത്തറിയുടെ അനുബന്ധ തൊഴിലുകളിൽ അക്കാലത്ത് ഏർപ്പെട്ടിരുന്നു. ഇവരെ വീണ്ടും ഈ രംഗത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ കൈത്തറി വ്യവസായ മേഖലക്ക് പുതിയൊരു ഉണർവുണ്ടാക്കാൻ കഴിയും. ഇതിന് സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ കളിമൺപാത്ര നിർമാണവും ഉണ്ടായിരുന്നു ഇരുമ്പ് പണിക്കാർ, മരസാമാനങ്ങൾ നിർമ്മിക്കുന്നവർ, നീറ്റുകക്ക, കുമ്മായം, എന്നിവ നിർമ്മിക്കുന്നവർ, വിറകിനാവശ്യമായ കരി നിർമ്മിക്കുന്നവർ, സ്വർണ്ണാഭരണം നിർമ്മിക്കുന്നവർ, അടുക്കളയിലാവശ്യമായ ഉറി, കയിൽ, എന്നിവ നിർമ്മിക്കുന്നവർ, ഓട, കൈത, ഉപയോഗിച്ച്, മുറം, കുട്ട, പായ, എന്നിവ ഉണ്ടാക്കുന്നവർ, പനയോല ഉപയോഗിച്ച് തലക്കുട, കാക്കുട, പിരിയോല, എന്നിവ നിർമ്മിക്കുന്നവർ തുടങ്ങി ഒട്ടേറെ വിഭാഗങ്ങൾ ഗതകാല ചരിത്രത്തിലെ വ്യാവസായിക സംരംഭകരായിരുന്നു.

3 ചെറുകിട വെൽഡിംഗ് യൂനിറ്റുകൾ, 7 ചെറുകിട ഫ്ളോർ മില്ലുകൾ, ഒരു സോഡാ യൂനിറ്റ്, 9 ബേക്കിംഗ് യൂനിറ്റ്, 2 സിമന്റ് കട്ട നിർമ്മാണ യൂനിറ്റ്, 8 ഫർണിച്ചർ നിർമ്മാണ യൂനിറ്റ് 2 അവൽ നിർമ്മാണ കേന്ദ്രം, ആയഞ്ചേരി തെരു, കടമേരി തെരു എന്നീ നെയ്ത്തു കേന്ദ്രങ്ങൾ, 3 ജില്ലി നിർമ്മാണ കേന്ദ്രങ്ങൾ (മനുഷ്യശക്തി ഉപയോഗിച്ചുള്ളത്) നാടൻ തൊഴിലുകൾക്കും വീട്ടാവശ്യത്തിനുമുള്ള ഇരുമ്പായുധ നിർമ്മാണ കേന്ദ്രങ്ങൾ 7 എണ്ണം എന്നിവയാണ് എടുത്തു പറയാവുന്ന വ്യാവസായിക യൂനിറ്റുകൾ.

ചെറുകിട വ്യവസായ യൂനിറ്റുകളെയും അവയിൽ തൊഴിലെടുക്കുന്നവരെയും സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 6-1

| വ്യവസായഇനം | മൊത്തം യൂനിറ്റ് | പു. | സ്ത്രീ. |
|---|---|---|---|
| 1. ഫർണിച്ചർ | 8 | 35 | |
| 2. പ്രിന്റിംഗ് | 3 | 8 | |
| 3. എഞ്ചിനീയറിംഗ് | 3 | 12 | |
| 4. ഇലക്ട്രിക്കൽസ് | – | – | |
| 5. ഇലക്ട്രോണിക്സ് | – | – | |
| 6 മറ്റ് വിഭാഗങ്ങൾ | 7 | 25 | |
| 7. ഫ്ളോർമിൽ | 7 | 14 | |

കൈത്തറി, കൈതോല, മുള എന്നിവ കൊണ്ടുള്ള വിവിധ വസ്തുക്കളുടെ നിർമ്മാണം, മൺപാത്രനിർമ്മാണം, എന്നീ പരമ്പരാഗത കൈത്തൊഴിലുകൾ മുൻ കാലങ്ങളിൽ ധാരാളമായി ഉണ്ടായിരുന്നുവെങ്കിലും ഇന്ന് നാമമാത്രമായേ നടക്കുന്നുള്ളൂ. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവും വിപണനരംഗത്തെ ബുദ്ധിമുട്ടുകളുമാണ് ഈ മേഖലകളുടെ മുരടിപ്പിന്ന് കാരണങ്ങൾ. നെയ്ത്തുകാർ നിലനിൽപിന്ന് വേണ്ടി പാടുപെടുന്ന അവസ്ഥയാണ്.മിൽ തുണികളുമായുള്ള മത്സരത്തിൽ അവർ പിന്തള്ളപ്പെടുകയാണ്. ഇവരുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനത്തിന്റെ അഭാവവും മിൽത്തുണികളോടുള്ള ഭ്രമവും ഈ വ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങളാണ്.

പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ വിശദ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു

പട്ടിക 6-2

| ഇനം | എണ്ണം |
|---|---|
| കൈത്തറി | 92 |
| മൺപാത്രനിർമ്മാണം | 8 |
| പായ, കുട്ട, മുറംമടയൽ | 22 |

സ്ത്രീകളുടെ ആഭിമുഖ്യത്തിൽ ക്ഷീരോത്പന്ന നിർമ്മാണവും, സ്വകാര്യവ്യക്തി ആരംഭിച്ചിരുന്ന സോപ്പ് നിർമ്മാണവും വിപണന സൗകര്യക്കുറവ് കാരണം നിലച്ചുപോയിരിക്കയാണ്. ഈ ഗ്രാമ പഞ്ചായത്തിൽ മരമുപയോഗിച്ചുള്ള ഫർണിച്ചറുകൾ ധാരാളം നിർമ്മിക്കപ്പെടുന്നുണ്ടെങ്കിലും ഈർച്ച മില്ലിന്റെ അഭാവം ഇപ്പോഴും അനുഭവപ്പെടുന്നു.

പഞ്ചായത്തിന്റെ മുഖ്യ കാർഷിക ഉല്പന്നമായ തേങ്ങ ഉപയോഗിച്ചുള്ള വസ്തുക്കൾ ധാരാളം പഞ്ചായത്തിൽ ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും അവയുടെ നിർമ്മാണം പഞ്ചായത്തിൽ നടക്കുന്നില്ല. പഞ്ചായത്തിലെ മനുഷ്യ-സാമ്പത്തിക വിഭവങ്ങൾ വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്നതിന് പകരം കെട്ടിട നിർമ്മാണ രംഗത്ത് ആവശ്യത്തിലധികം ഉപയോഗപ്പെടുത്തുന്ന പ്രവണതയാണ് ഇന്ന് നിലവിലുള്ളത്.

പഞ്ചായത്തിലെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെ വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക.6-3

| തൊഴിൽഇനം | കൂലി | |
|---|---|---|
| | പു. | സ്ത്രീ |
| ഫർണിച്ചർ പണി | 100 | - |
| അച്ചടി | 50 | 40 |
| ബേക്കറി | 55 | - |
| ധാന്യം പൊടിക്കൽ | 60 | - |
| സോഡ നിർമ്മാണം | 50 | - |
| കല്ല് വെട്ട്(1000ന്) | 3,000 | - |
| നിർമ്മാണ പ്രവർത്തനങ്ങൾ | 125 | 60 |

## പ്രശ്നങ്ങൾ

1. അഭ്യസ്തവിദ്യരായ യുവാക്കൾ പഞ്ചായത്തിലുണ്ടെങ്കിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വ്യവസായ സംരംഭങ്ങളിലേർപ്പെടുന്നതിനുമുള്ള പരിചയമില്ല.
2. വ്യവസായ സംബന്ധമായ ഔദ്യോഗിക സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല.
3. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ഓഫീസ് ജോലികളിലേർപ്പെടാനാണ് താത്പര്യം.

4. വിദേശത്ത് തൊഴിൽ ചെയ്യുന്ന ധാരാളം പേർ പഞ്ചായത്തിലുണ്ടെങ്കിലും വിദേശപണം ആസൂത്രിതമായി ഉപയോഗിക്കപ്പെടുന്നില്ല.
5. പരമ്പരാഗത കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ടവർക്ക് അവരുടെ ഉത്പന്നവുമായി വൻകിടക്കാരോട് മാർക്കറ്റിൽ മത്സരിക്കാൻ കഴിയുന്നില്ല. നിലവിലുണ്ടായിരുന്ന ഗവ:റിബേറ്റ് ഇപ്പോഴില്ല.
6. പഞ്ചായത്തിൽ വൈദ്യുതിയുടെ ദൗർലഭ്യം വളരെ രൂക്ഷമാണ്.
7. ചെറുകിട വ്യവസായ സംരംഭങ്ങളിലേർപ്പെടുന്നവർക്ക് ലൈസൻസ് ലഭിക്കാനുള്ള കാലതാമസം.
8. പരമ്പരാഗത കുടിൽ വ്യവസായമായ കുട്ട, മുറം, പായ എന്നിവ മടയാനുള്ള മുള, കൈതോല തുടങ്ങിയവ ലഭിക്കാനുള്ള പ്രയാസം. അനുയോജ്യമായ മാർക്കറ്റിന്റെ അഭാവം.
9. മൺപാത്രങ്ങൾ നിർമ്മിക്കുന്നവർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല.

## നിർദ്ദേശങ്ങൾ

1. യുവാക്കൾക്ക് വ്യാവസായിക ബോധവൽക്കരണവും പരിശീലനവും നൽകുക.
2. പഞ്ചായത്തിൽ സാങ്കേതിക പരിശീലനസ്ഥാപനങ്ങൾ സ്ഥാപിക്കുക.
3. വ്യവസായ വകുപ്പിന്റെ ഒരു എക്സ്റ്റൻഷൻ ഓഫീസ് പഞ്ചായത്തിൽ സ്ഥാപിക്കുക
4. ഈ പഞ്ചായത്തിലെ വിദേശ മലയാളികളിൽ നിന്ന് മൂലധന സമാഹരണം നടത്തി വ്യവസായ പദ്ധതികൾക്ക് രൂപം നൽകുക.
5. പരമ്പരാഗത വ്യവസായങ്ങൾക്ക് റിബേറ്റും സബ്സിഡിയും പുനസ്ഥാപിച്ച് സംരക്ഷണം നൽകുക. അവർക്ക് ഭാഗിക യന്ത്രവൽക്കരണത്തിനുള്ള സഹായം ചെയ്യുക. സഹകരണ മേഖലയിലും മറ്റു വിധത്തിലുമുള്ള വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.
6. ആവശ്യത്തിന് വൈദ്യുത ലൈനുകൾ സ്ഥാപിക്കുകയും വോൾട്ടേജ് സ്ഥിരത ഉറപ്പാക്കുകയും ചെയ്യുക.
7. ചെറുകിട വ്യവസായ വാണിജ്യ മേഖലകളിൽ ഏർപ്പെടുന്നവർക്കുള്ള ലൈസൻസും മറ്റനുമതികളും നൽകാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
8. പൊതു മാർക്കറ്റ്, ഗതാഗതസൗകര്യം എന്നിവ ഉണ്ടാക്കുക.

## സാധ്യതകൾ

1. ഈ പഞ്ചായത്തിലെ പ്രധാന കാർഷിക ഉത്പന്നമായ തേങ്ങ അടിസ്ഥാനമാക്കിയുള്ള വ്യത്യസ്ത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകക. വെളിച്ചെണ്ണ, കാലിത്തീറ്റ, കയർ, ജൈവവളം, ചിരട്ട ഉത്പന്നങ്ങൾ, നാളികേരം ക്രീം, പൊടി, ബോട്ടിൽഡ് ഇളനീർ തുടങ്ങിയവ ഉത്പാദിപ്പിക്കുന്ന യൂനിറ്റുകൾ ഇതിൽ ഉൾപ്പെടുത്താം. ഈ ആവശ്യം എല്ലാ വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.
2. ധാരാളം കാർഷിക പണിയായുധങ്ങളുടെ വിപണന സാധ്യതയുള്ള പ്രദേശമായതിനാൽ ഇരുമ്പുരുക്ക് പണിയായുധ നിർമ്മാണ ശാല ആരംഭിക്കാവുന്നതാണ്. ഒന്നും രണ്ടും വാർഡുകളിൽ ഇതിനുള്ള സാധ്യത വളരെയധികമാണ്.
3. വനിതകൾക്ക് പ്രാമുഖ്യമുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.
4. ഫുഡ് പ്രൊസസിംഗ് (പഴവർഗ്ഗ സംസ്കരണം) യൂനിറ്റ് ആരംഭിക്കുക.
5. 8,9,10 വാർഡുകൾ കേന്ദ്രീകരിച്ച് കുത്തരി വ്യവസായം ആരംഭിക്കാവുന്നതാണ്.
6. ധാന്യപൊടികൾ, മസാല പൊടികൾ എന്നിവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
7. രണ്ടാം വാർഡിലെ കുവ്വാട്ട് പാറ, കുയ്പടി പാറ, പൊയിൽ പാറ, ഒമ്പതാം വാർഡിലെ ചാമാളി മീത്തൽ പാറ, പാറളാണ്ടി പാറ എന്നിവ കേന്ദ്രീകരിച്ച് മനുഷ്യ ശക്തി ഉപയോഗിച്ചുള്ള ജില്ലി നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.
8. കളിമണ്ണ് ലഭ്യതയുള്ള ഏഴ്, എട്ട് വാർഡുകളിൽ കളിമണ്ണ് വ്യവസായം ആരംഭിക്കാം.
9. 1,3 വാർഡുകളിൽ മൺപാത്രനിർമ്മാണം

ആരംഭിക്കാവുന്നതാണ്.

10. കായ, മരച്ചീനി തുടങ്ങിയവ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണവും പലഹാര നിർമ്മാണവും ആരംഭിക്കാം.

11. പപ്പട നിർമ്മാണത്തിന് ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാധ്യതയുണ്ട്.

12 പഞ്ചായത്തിൽ Raidco യുടെ സഹകരണത്തോടെ വൈദ്യുത മോട്ടോറുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും നിർമ്മാണശാല ആരംഭിക്കാവുന്നതാണ്.

13. അഞ്ചാം വാർഡിൽ റബറധിഷ്ടിത വ്യവസായം തുടങ്ങാം. മലയോര മേഖലയിൽ നിന്നും ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കാം.

14. നോട്ടുബുക്ക്, ചന്ദനത്തിരി, മെഴുകുതിരി, പെൻസിൽ തുടങ്ങിയവയുടെ നിർമ്മാണത്തിന് പഞ്ചായത്തിൽ സാധ്യതകളുണ്ട്.

15. ഫർണിച്ചർ നിർമ്മാണത്തിനുള്ള യന്ത്രവൽകൃത കാർപെന്ററി യൂനിറ്റ് ആരംഭിക്കാം.

16. അവിൽ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

17. ഗ്രാമസഭകളിലെ റിപ്പോർട്ടു പ്രകാരം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും താഴെപറയുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാധ്യതയുണ്ട്.

18. കുടനിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, പി.വി.സി. പൈപ്പ് നിർമ്മാണ
ം, സ്റ്റീൽ ഫർണിച്ചർ, സുഗന്ധവിള സംസ്കരണം, വെൽഡിംഗ് യൂണിറ്റ്, സോപ്പ്, കോസ്മെറ്റിക്സ്എന്നിവയുടെ നിർമ്മാണം.

*കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ*
*നിർവ്വഹിക്കപ്പെടാവുന്നതല്ല*
*ശരിയായ ജനായത്തം.*
*അത് ഓരോ ഗ്രാമത്തിലെയും*
*ജനങ്ങളാൽ*
*താഴെ നിന്ന് നിർവ്വഹിക്കപ്പെടണം*

*ഗാന്ധിജി*

# 7

# വിദ്യാഭ്യാസം

കടത്തനാടൻ പ്രദേശത്തെ പലഗ്രാമങ്ങളും വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരാൻ മടിച്ചു നിന്ന കാലത്തു അക്ഷരാഭ്യാസത്തിന്റെ മഹത്വം ഉൾക്കൊണ്ടവരായിരുന്നു ആയഞ്ചേരിയിലെ ജനങ്ങൾ. അനൗപചാരിക വിദ്യാഭ്യാസം എന്ന രീതിയിൽ കോവിലകങ്ങളിലും ജന്മിമാരുടെ തറവാടുകളിലും അക്ഷരാഭ്യാസത്തിനുള്ള സൗകര്യം 19ആം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ നിലവിലുണ്ടായിരുന്നു. 19ആം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴെക്കും ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നു. ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം ഇപ്പോൾ ആയഞ്ചേരി എൽ.പി.സ്ക്കൂൾ എന്നറിയപ്പെടുന്ന ആയഞ്ചേരി ഹിന്ദു ബോയ്സ് സ്ക്കൂൾ ആയിരുന്നു. വിവിധ ജാതി മതസ്ഥരായ വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചിരുന്ന ഈ എഴുത്തുപള്ളി സ്ഥാപിച്ചതു കിളിയമ്മൽ ശങ്കരൻ ഗുരുക്കൾ ആയിരുന്നു.

നിലത്തെഴുത്തായിരുന്നു അന്നത്തെ അഭ്യസന രീതി. നിലത്തു മണൽ വിരിച്ചു വിരൽ കൊണ്ടു മണലിൽ എഴുതുന്ന രീതിയാണു നിലത്തെഴുത്ത്. കടലാസ് പ്രചാരത്തിൽ ഇല്ലാത്തതു കൊണ്ട് എഴുത്തോലയും എഴുത്താണിയും ഉപയോഗിച്ചു പോന്നു

ഹയർ എലിമെന്ററി വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാക്കിയ ഏകസ്ഥാപനം ഇന്ന് കടമേരി യു.പി.സ്ക്കൂൾ എന്നറിയപ്പെടുന്ന കടമേരി ഹയർ എലിമെന്ററി സ്ക്കൂൾ ആയിരുന്നു. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ആയഞ്ചേരിയിൽ ഇല്ലായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ അതീവ താൽപര്യമുണ്ടായിരുന്ന അപൂർവ്വം രക്ഷിതാക്കൾ വടകര മിഷൻ ഹൈസ്ക്കൂളിലോ പുറമേരി ഹൈസ്ക്കൂളിലോ വട്ടോളി ഹൈസ്ക്കൂളിലോ ആയിരുന്നു തങ്ങളുടെ കുട്ടികളെ പഠിപ്പിച്ചിരുന്നത്. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ തറോപ്പൊയിൽ സ്ഥാപിക്കപ്പെട്ട ആയഞ്ചേരി റഹ്മാനിയ ഹൈസ്ക്കൂൾ ആയിരുന്നു. 1968 ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ് കോയ ഈ വിദ്യാലയം സ്ഥാപിക്കുന്നതിൽ പ്രത്യേക താല്പര്യം കാണിച്ചിരുന്നു. അടുത്ത കാലത്ത് കടമേരിയിൽ ആർ.എ.സി. ഹൈസ്ക്കൂളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മുസ്ലിം പെൺകുട്ടികളേയും പിന്നോക്കം കിടക്കുന്ന ഇതര വിഭാഗക്കാരെയും വിദ്യാഭ്യാസ മേഖലയിലേക്കാകർഷിക്കാൻ ഈ സ്ഥാപനങ്ങൾക്കു കഴിഞ്ഞു.

ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 12 എൽ.പി. സ്കൂളുകളും 5 യു.പി. സ്കൂളുകൾ ഒഴിച്ചാൽ ബാക്കി എല്ലാ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിലാണ്. 7975 വിദ്യാർത്ഥികൾ ഈ സ്കൂളുകളിൽ പഠിക്കുന്നുണ്ട്.

അദ്ധ്യാപകരുടെ എണ്ണം 307 ഉം അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം 22ഉം ആണ്.

എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്തു പഞ്ചായത്തിന്റെ സ്ഥിതി ദയനീയമാണ്. S.S.L.C കഴിഞ്ഞാൽ ഉപരിപഠനത്തിനുള്ള ഔപചാരിക സ്ഥാപനങ്ങൾ ഇവിടെ നിലവിലില്ല. കടമേരി അറബിക് കോളേജിന്റെ കീഴിൽ നിലവിലുള്ള കമ്പ്യൂട്ടർ പഠനകേന്ദ്രമാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള ഒരേയൊരു സ്ഥാപനം.

നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ളസ്.ടു. ഏർപ്പെടുത്തുക ഐ.ടി.ഐ. ടി.ടി.ഐ. ബി.എഡ്. കോളേജ്, ജൂനിയർ കോളേജ് തുടങ്ങിയവ സ്ഥാപിക്കുക എന്നീ കാര്യങ്ങൾ വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

## നിലവിലുള്ള സാഹചര്യങ്ങൾ

* ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ 12 എൽ.പി.സ്കൂളുകളും 5 യു.പി.സ്കൂളുകളും 2 ഹൈസ്കൂളുകളുമുണ്ട്.
* സ്വകാര്യമേഖലയിൽ 2 നഴ്സറിസ്കൂളുകൾ 3 പാരലൽ കോളെജുകൾ, ഒരു കമ്പ്യൂട്ടർ പഠന കേന്ദ്രം എന്നിവ നിലവിലുണ്ട്.
* വിദ്യഭ്യാസ സ്ഥാപനങ്ങളില്ലാത്ത വാർഡുകൾ ഇല്ല.
* വിദ്യാലയങ്ങളിൽ അദ്ധ്യാപക രക്ഷാകർതൃ സമിതികൾ നിലവിലുണ്ട്.
* വാർഡ് വിദ്യാഭ്യാസ സമിതികളും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ

* പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെയും S.S.L.C. വിജയശതമാനം വളരെ കുറവാണ്
* ഗുരുതരമായ പഠന നിലവാര തകർച്ച നിലവിലുണ്ട്.
* വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾതൃപ്തികരമല്ല.
* ഉച്ചഭക്ഷണ പരിപാടി കുറ്റമറ്റതല്ല.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ സൗകര്യമില്ല.
* സെക്കണ്ടറി വിദ്യാഭ്യാസത്തിന് ശേഷമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളില്ല.
* വിദ്യാലയങ്ങളിൽ സ്റ്റാഫിന്റെ കുറവ് നിലനില്ക്കുന്നു.
* ശിശു വിദ്യാലയങ്ങളുടെ എണ്ണം പര്യാപ്തമല്ല.
* സർക്കാർ സ്കൂളുകളുടെ കെട്ടിടങ്ങൾ അപര്യാപ്തമാണ്.
* വിദ്യാർത്ഥികളുടെ `കൊഴിഞ്ഞുപോക്ക്' തുടർന്നു കൊണ്ടിരിക്കുന്നു.
* അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം ഫലപ്രദമല്ല.
* വിദ്യാലയങ്ങളിൽ ആരോഗ്യപരിപാടികളുടെ അഭാവം നിലനിൽക്കുന്നു.
* പൊന്മേരി ഭാഗത്ത് ഒരു അപ്പർ പ്രൈമറി സ്കൂൾ ആവശ്യമാണ്
* വിദ്യാലയരാഷ്ട്രീയത്തിന്റെ അതിപ്രസരം ശക്തമായി നിലനില്ക്കുന്നു.
* വിദ്യാർത്ഥികൾക്ക് നൽകുന്ന സാമ്പത്തിക സഹായം ആവശ്യാനുസരണമല്ല.
* അദ്ധ്യാപകരുടെ ഇടയിൽ ജോലി സംബന്ധമായ മാത്സര്യബുദ്ധി ഇല്ല.
* വിദ്യാലയങ്ങളിൽ കലാകായികരംഗത്ത് ആവശ്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.
* വിദ്യാലയങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്.
* കാർഷികവൃത്തിയോട് പുതിയ തലമുറ ആഭിമുഖ്യം പുലർത്തുന്നില്ല.

## പരിഹാരങ്ങളും സാധ്യതകളും

* S.S.L.C. പാഠഭാഗങ്ങൾ ഡിസമ്പർ മാസത്തോടെ പ.ഠിപ്പിച്ചു തീർക്കുകയും ആവർത്തനാഭ്യാസങ്ങൾ ഫലപ്രദമായി നടത്തുകയും ചെയ്യുക.
* നിലവാരത്തകർച്ച പരിഹരിക്കാൻ പ്രൈമറി ക്ളാസുകളിലെ നിത്യഹാജർ വർദ്ധിപ്പിക്കുകയും ഓൾ പ്രമോഷൻ സമ്പ്രദായം അവ

## പട്ടിക 7.1

## അദ്ധ്യാപകർ-വിദ്യാർത്ഥികൾ

| നമ്പർ | സ്ക്കൂളിന്റെ പേര് | വിദ്യാർത്ഥികൾ | | | ആകെ | |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | പോസ്റ്റുകൾ | ഉമസ്ഥത |
| 1. | ആയഞ്ചേരി ഡി.വി. എൽ.പി. | 63 | 45 | 108 | 5 | മാനേജ്മെന്റ് |
| 2. | ആയഞ്ചേരി എൽ.പി. | 88 | 65 | 153 | 7 | ,, |
| 3. | ആയഞ്ചേരി എം.എൽ.പി. | 56 | 61 | 117 | 6 | ,, |
| 4. | പൊന്മേരി എം.എൽ.പി. | 73 | 54 | 127 | 5 | ,, |
| 5. | പൊന്മേരി വെസ്റ്റ് എൽ.പി. | 47 | 42 | 89 | 5 | ,, |
| 6. | കടമേരി സൗത്ത് എം.എൽ.പി. | 58 | 54 | 112 | 5 | ,, |
| 7. | കടമേരി എൽപി. | 30 | 36 | 66 | 4 | ,, |
| 8. | ചീക്കിലോട് യു.പി. | 301 | 294 | 595 | 23 | ,, |
| 9. | കക്കുന്നത്ത് എം.എൽ.പി. | 67 | 71 | 138 | 6 | ,, |
| 10 | പൊന്മേരി എൽ.പി. | 145 | 150 | 295 | 12 | ,, |
| 11. | കടമേരി എം.യു.പി. | 685 | 575 | 1260 | 46 | ,, |
| 12 | കടമേരി യു.പി. | 310 | 327 | 637 | 19 | ,, |
| 13 | പറമ്പിൽ എൽ.പി. | 106 | 103 | 209 | 8 | ,, |
| 14 | ആയഞ്ചേരി നമ്പർ.1 എൽ.പി. | 78 | 81 | ,159 | 6 | ,, |
| 15 | നാളോംകൊറോൽ എം.എൽ.പി.എസ്. | 71 | 51 | 122 | 5 | ,, |
| 16 | റഹ്മാനിയ എച്ച്.എസ്. | 954 | 825 | 1779 | 73 | ,, |
| 7. | ആർ.എ.സി.എച്ച്.എസ്. കടമേരി | 828 | 693 | 1521 | 52 | ,, |
| 18 | ആയഞ്ചേരി ഗവ: യു.പി. | 134 | 135 | 269 | 9 | കേരള സർക്കാർ |
| 19 | ജി.യു.പി. പറമ്പിൽ | 130 | 109 | 239 | 11 | കേരള സർക്കാർ |
| | | 4224 | 3757 | 7975 | 07 | |

## പട്ടിക 7.2
## സ്കൂൾ: ഭൗതിക സൗകര്യങ്ങൾ

| | സ്കൂളിന്റെ പേര് | ഡിവിഷൻ | സ്ഥിരം | അർദ്ധ സ്ഥിരം | സ്ഥിരം | അർദ്ധ സ്ഥിരം | മൂത്രപ്പുര | കക്കൂസ് | ഉപയോഗശൂന്യ കക്കൂസ് | കുടിവെള്ളം | വൈദ്യുതി | വായന മുറി | സ്റ്റാഫ് റൂം | ഫർണിച്ചർ | മെഡിസ്.ഉപകരണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ആയഞ്ചേരി ഡി.വി. എൽ.പി. | 4 | 1 | | | 4 | 1 | | | X | X | X | X | V | V |
| 2. | ആയഞ്ചേരി എൽ.പി. | 5 | 1 | 2 | 1 | 2 | 1 | 1 | 1 | V | X | V | X | X | V |
| 3. | ആയഞ്ചേരി എം.എൽ.പി. | 4 | 1 | X | 2 | | 1 | X | X | V | X | X | V | X | V |
| 4. | പൊന്മേരി എം.എൽ.പി. | 4 | 4 | 2 | 1 | 2 | 3 | X | 1 | V | X | V | V | X | V |
| 5. | പൊന്മേരി വെസ്റ്റ് എൽ.പി. | 4 | 4 | X | X | 4 | 1 | X | X | V | X | X | X | X | X |
| 6. | കടമേരി സൗത്ത് എം.എൽ.പി. | 4 | 2 | 2 | 2 | 2 | X | X | X | V | X | X | X | X | X |
| 7. | കടമമേരി എൽപി. | 4 | | 3 | 1 | 3 | X | X | | X | X | X | X | X | X |
| 8. | ചീക്കിലോട് യു.പി. | 16 | 3 | 2 | 18 | 2 | 2 | 2 | 1 | 2 | X | V | X | V | X |
| 9. | കക്കുന്നത്ത് എം.എൽ.പി. | 3 | 3 | 1 | 5 | 1 | X | X | X | X | X | V | V | V | V |
| 10. | പൊന്മേരി എൽ.പി. | 10 | 1 | 5 | 1 | 11 | 1 | X | X | V | X | X | X | X | X |
| 11. | കടമേരി എം.യു.പി. | 32 | V | V | | | 2 | 2 | 1 | V | X | V | V | X | X |
| 12. | കടമേരി യു.പി. | 19 | 2 | 3 | 5 | 4 | 2 | 1 | 1 | V | X | V | V | X | X |
| 13. | പറമ്പിൽ എൽ.പി. | 7 | 1 | 4 | 3 | 4 | 1 | X | X | X | X | X | V | X | X |
| 14 | ആയഞ്ചേരി നമ്പർ.1 എൽ.പി. | 5 | 1 | 2 | 4 | 1 | X | X | X | X | X | X | V | X | X |
| 15. | എൻ.എം.എൽ.പി.എസ്. | 4 | 4 | 2 | X | X | 1 | 1 | X | X | X | V | V | X | X |
| 16. | റഹ്മാനിയ എച്ച്.എസ്. | 44 | 8 | 2 | 58 | X | 2 | 4 | 1 | V | V | X | V | V | X |
| 17. | ആർ.എസി.എച്ച്.എസ്. കടമേരി | 31 | 2 | 2 | 32 | 3 | 2 | 2 | X | V | V | X | V | X | X |
| 18. | ആയഞ്ചേരി ഗവ: യു.പി. | 9 | X | 3 | X | 9 | X | X | X | X | X | X | X | X | X |
| 19. | ജി.യു.പി. പറമ്പിൽ | 8 | 2 | X | 9 | X | 2 | 1 | 1 | V | X | X | X | X | X |

## പട്ടിക 7.3
## വിജയ ശതമാനം

| സ്കൂളിന്റെ പേര് | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| R.A.C. H.S. കടമേരി | 31 | 32 | 41 | 31 | 31 |
| റഹ്മാനിയാ H.S ആയഞ്ചേരി | 29 | 24 | 23 | 20 | 14 |

സാനിപ്പിക്കുകയും വേണം. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയും അക്ഷരം ഉറക്കാത്ത കുട്ടികൾക്ക് പ്രത്യേക കോച്ചിംങ് നൽകുകയും വേണം. ഓരോ വിദ്യാലയത്തോടനുബന്ധിച്ച് പൂർവ്വ വിദ്യാർത്ഥി ക്ളബ്ബുകൾ രൂപീകരിക്കാവുന്നതും സമർത്ഥരായ പൂർവ്വ വിദ്യാർത്ഥികളെ അദ്ധ്യയനകാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്. പ്രൈമറി വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടം എന്ന രീതിയിൽ ഏഴാം തരത്തിൽ പൊതു പരീക്ഷ ഏർപ്പെടുത്തേണ്ടതാണ്.

* അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ സജീവമാക്കുകയും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഭദ്രമാക്കുകയും വേണം. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ കക്കൂസ്, മൂത്രപ്പുര, കുടിവെള്ളം, ചുറ്റുമതിൽ, ഫർണിച്ചർ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
* ആവശ്യമുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണത്തിനുള്ള റേഷൻ അനുവദിക്കുകയും പാചകകൂലി വർദ്ധിപ്പിക്കുകയും വേണം.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പറ്റിയ ഐ.ടി.ഐകൾ, വി.എച്ച്.എസ്. എന്നിവ സ്ഥാപിക്കേണ്ടതാണ്.
* പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ പ്ളസ്ടു ആരംഭിക്കുകയും ഒരു ജൂനിയർ കോളേജ് അനുവദിക്കപ്പെടുകയും വേണം.
* എൽ.പി. സ്കൂളുകളിൽ പ്യൂൺ, യു.പി.സ്കൂളുകളിൽ ക്ളാർക്ക് എന്നിവരെ നിയമിക്കുന്നത് അക്കാദമിക് കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ പ്രധാനാദ്ധ്യാപകനെ സഹായിക്കും.
* ശിശുവിദ്യാഭ്യാസ സൗകര്യത്തിനായി ഓരോ പ്രൈമറി സ്കൂളിനോടനുബന്ധിച്ചും ഓരോ നഴ്സറി സ്കൂൾ ആരംഭിക്കാവുന്നതാണ്. പി.ടി.എ. ഇതിന് നേതൃത്വം നല്കണം.

**പട്ടിക 7.4**

**വാർഡു തിരിച്ചുള്ള സ്കൂളുടെ എണ്ണം**

| | വാർഡ് നമ്പർ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സ്കൂൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| L.P. | 2 | 3 | | | 1 | 1 | 2 | | 2 | 1 |
| U.P. | | | 1 | | 1 | 1 | | 1 | 1 | |
| H.S | | | | 1 | | | | | | 1 |

**പട്ടിക 7.5**

**പ്രീ-പ്രൈമറി വിദ്യാലയം**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| നഴ്സറി സ്കൂളുകൾ | X | X | | | X | | | | | |

* പറമ്പിൽ ഗവ:യു.പി, അയഞ്ചേരി ഗവ:യു.പി സ്കൂളുകൾക്ക് കെട്ടിടം, കളിസ്ഥലം എന്നിവ പണിയാൻ വിദ്യാഭ്യാസ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്.
* വാർഡ് വിദ്യഭ്യാസ സമിതികൾ സജീവമാക്കുകയും കുട്ടികൾ ഇടക്ക് വെച്ച് പഠനം നിർത്തുന്നത് തടയുകയും വേണം.
* പി.ടി.എ.യുടെ പ്രവർത്തനം സജീവവും കാര്യക്ഷമവുമാക്കേണ്ടതാണ്.
* മോബൈൽ ഹെൽത്ത് യൂനിറ്റുകൾ ആരംഭിക്കുകയും സ്കൂളിലെ വൈദ്യപരിശോധന സമ്പ്രദായം സ്ഥിരപ്പെടുത്തുകയും വേണം.
* പഠന സൗകര്യം സംബന്ധിച്ച വ്യക്തമായ സർവ്വേ നടത്തിയ ശേഷം ആവശ്യമായ സ്ഥലത്ത് യു.പി.സ്കൂൾ അനുവദിക്കേണ്ടതാണ്
* അക്കാദമിക് കാര്യങ്ങൾക്ക് തടസ്സം നേരിടുന്ന രീതിയിൽ വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കാതിരിക്കുകയും പഠനകാര്യങ്ങളിൽ മാത്സര്യ ബുദ്ധി കാണിക്കുന്ന പ്രവർത്തന രീതി സ്വീകരിക്കുകയും വേണം
* L.S.S, U.S.S. ജേതാക്കൾക്ക് നൽകി വരുന്ന സാമ്പത്തികാനുകൂല്യം വളരെ പരിമിതമായതിനാൽ സംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്.
* കഴിവുള്ള അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ അംഗീകാരവും അവാർഡുകളും നൽകാവുന്നതാണ്.
* എല്ലാ വിദ്യാലയങ്ങളിലും കലാ-കായിക അദ്ധ്യാപകരെ നിയമിക്കുകയും ഈ മേഖലയിൽ കുട്ടികളുടെ കഴിവ് വികസിപ്പിക്കുകയും വേണം.
* കടമേരി യു.പി.സ്കൂൾ കക്കൂന്നത്ത് എം.എൽ.പി. സ്കൂൾ ചീക്കിലോട് യു.പി. സ്കൂൾ എന്നിവിടങ്ങളിലേക്ക് നല്ല ഗതാഗത മാർഗ്ഗങ്ങൾ (നടപ്പാതകൾ, റോഡുകൾ) നിർമ്മിക്കേണ്ടതാണ്.
* കാർഷിക വൃത്തിയിൽ താല്പര്യമുണ്ടാക്കാൻ സ്കൂളുകളിൽ കാർഷിക ക്ളബുകളുടെ പ്രവർത്തനം സജീവമാക്കേണ്ടതാണ്.

*വിദ്യാഭ്യാസത്തിന് അർത്ഥമെന്താണ്?*
*അക്ഷരജ്ഞാനം എന്നേ അതിനർത്ഥമുള്ളൂ.*
*അത് വെറും ഒരു ഉപകരണമാണ് !*
*ഒരുപകരണം നല്ലതിനുപയോഗിക്കാം;*
*ദുരുപയോഗപ്പെടുത്തുകയും ചെയ്യാം.*
*ഗാന്ധിജി*

# 8

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ശുദ്ധജലം ഒരു ജനതയുടെ ആരോഗ്യത്തിന് അത്യാവശ്യമാണ്. ശുദ്ധജലത്തിന് പഞ്ചായത്തിലെ മുഖ്യ സ്രോതസ്സ് കിണറുകളാണ്. പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ മൂവായിരത്തിൽപരം കിണറുകളുണ് ഇവയിൽ കുറെയധികം കിണറുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. സ്വന്തമായി കിണറില്ലാത്തവർ അയൽവീടുകളിലെ കിണറുകളേയും, പൊതുകിണറുകളെയും പൊതുജലവിതരണത്തെയും ആശ്രയിക്കുകയാണ്.

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ നിലമനക്കുന്ന്, മള്ളേരിക്കുന്ന്, നരിക്കുന്ന്, കുയ്യപ്പാറ,പൊയിൽപ്പാറ , തുളിക്കുന്നുമ്മൽ പ്രദേശം പുവ്വോത്ത് മീത്തൽഭാഗം, കുളങ്ങര ഭാഗം, ഈങ്ങാട്ട് മീത്തൽ ഭാഗം, കൊയിലോത്ത് കണ്ടി ഭാഗം, വലിയമല 4 സെന്റ് കോളനി, പാറോൽ ഭാഗം, തുണ്ടിപറമ്പ്, ഒറ്റമാവുള്ളതിൽ, എള്ളോടി മലയിൽ, പാറക്കുളങ്ങര, പുളിയിലാവുമ്മൽ കുന്ന്, തിയ്യർകുന്ന്, കല്ലേരിക്കുന്ന്, ചീളിൽ മുക്ക്, തയ്യിൽ ഭാഗം , വട്ടക്കണ്ടിഭാഗം, തണ്ടാങ്കണ്ടി ഭാഗം, കൊക്കമ്മൽ ഭാഗം, കുന്നിൽ ഭാഗം, വലിയ പറമ്പത്ത് ഭാഗം, പിലാവുള്ളതിൽ ഭാഗം, മൂച്ചിലോട്ടുമ്മൽ ഭാഗം, പാലോറക്കുന്ന്, ഒന്തമ്മൽ ഭാഗം, സീസിപ്പീടിക, വെങ്കല്ലുള്ള പറമ്പത്ത് ഭാഗം, മീത്തലെ പീടിക, 4സെന്റ് കോളനി കാറുങ്കൽ ഭാഗം, മുള്ളൻ കണ്ടി ഭാഗം പാറേമ്മൽ ലക്ഷം വീട്, കാട്ടിൽ മുക്ക്, വടക്കെ പറമ്പത്ത് ഭാഗം, തെയ്യത്താൻ കാട്ടിൽ ഭാഗം, പഴയങ്ങാട്ട് താഴഭാഗം, മുള്ളന്റവിട മുക്ക്. ചാലിൽ മുക്ക് കൂരമ്പ്രമൽ കുന്ന്, കക്കം വെള്ളി ഭാഗം, പുത്തൂച്ചാലിൽ ഭാഗം, തിയ്യർക്കണ്ടികുന്ന്, ഉരുട്ടിക്കുന്ന്, പാറച്ചാലിൽ ഭാഗം, പാറക്കണ്ടി പാറ ഭാഗം, തയ്യിൽ ഭാഗം, പുതിയോട്ടിൽ ഭാഗം, കണ്ണോത്ത്ഭാഗം, കോളോത്ത് ഭാഗം, ചീക്കിലോട് UPS ഭാഗം, നിരവുമ്മൽ കുന്ന് വലിയ കണ്ണങ്കോട്ട് ഭാഗം, കുളമുള്ളതിൽ ഭാഗം, കവിണേരിക്കുന്ന്, തിരിക്കോത്ത് മുക്ക്, കുന്നുമ്മൽ മുക്ക് ഏറാളൻ മല തേവർകുന്ന്, മേപ്പാടത്തിൽ മുക്ക്, മലക്കുന്ന് തെക്കേമലഭാഗം, തയ്യുള്ളതിൽ മുക്ക, ചിരണൻകണ്ടി ഭാഗം, പാലോള്ളതിൽ മുക്ക് കളമുള്ളതിൽ ഭാഗം, ചേറ്റുകെട്ടി തട്ടാൻ കുന്നു നെല്ലിയുള്ളതിൽ കുന്ന് കൂമുള്ളൻ കണ്ടി മുക്ക്, വട്ടിയം കാട്ടിൽ മുക്ക്, കാറ്റോടിച്ചാലിൽ കമ്മൂലാത്തിക്കുന്ന്, കാട്ടിൽ മുക്ക്, കോരണാണ്ടിമുക്ക്, കിളിയമ്മൽ മുക്ക്, ചെറിയ പറമ്പത്ത് മുക്ക് കുറ്റിയിൽ മുക്ക്, എന്നിവ ജലക്ഷാമത്തെ നേരിടുന്ന പ്രദേശങ്ങളാണ്.

ജനുവരി മുതൽ ജൂൺമാസം വരെ ജലക്ഷാമം നേരിടുന്ന ഈ പ്രദേശങ്ങളിൽ മാർച്ച് മുതൽ മെയ് വരെ ക്ഷാമത്തിന്റെ തോത് വളരെ രൂക്ഷമാണ്.

## പ്രശ്നങ്ങൾ

1. ആയഞ്ചേരി പഞ്ചായത്തിലെ 10 വാർഡുകളിലെയും ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.
2. ആയഞ്ചേരി, തിരുവള്ളൂർ, കോട്ടപ്പള്ളി പ്രദേശങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിന് ഉദ്ദേശിച്ച് പണി ആരംഭിച്ച ഗുളിക പുഴ ഓഗുമെന്റേഷൻ പദ്ധതി പ്രവൃത്തി മന്ദഗതിയിലാണ്
3. ഗുളികപ്പുഴ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ജലവിതരണക്കുഴലുകൾ ജലക്ഷാമം രൂക്ഷമായനുഭവപ്പെടുന്ന മുഴുവൻ സ്ഥലങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടില്ല.
4. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള ഗുളികപ്പുഴ പദ്ധതി ആയഞ്ചേരി പഞ്ചായത്തിനടുത്തുള്ള കോട്ടപ്പാറ മലയിൽ സ്ഥാപിതമാണെങ്കിലും സെക്ഷൻ ഓഫീസ് 15 കി മി അകലെ വടകരയിലാണ്.
5. ആവശ്യമായ എല്ലാ സ്ഥലത്തും പൊതുകിണറുകളില്ല
6. ആവശ്യമായ എല്ലാ സ്ഥലത്തും പൊതു കുഴൽകിണറുകളില്ല.
7. സാമ്പത്തികമായി കഴിവില്ലാത്തത് കാരണം കിണർ കുഴിക്കാൻ കഴിയാത്തവർ ധാരാളമുണ്ട്
8. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ കിണറുകളും ടാങ്കുകളുമില്ല.
9. മുൻകാലങ്ങളിൽ വറ്റാതിരുന്ന പല കിണറുകളും അടുത്ത കാലത്തായി വറ്റിക്കൊണ്ടിരിക്കുന്നു. ശുദ്ധജലം ലഭ്യമാക്കാൻ പഞ്ചായത്തിൽ പൊതുകിണറുകളും കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി പതിനൊന്ന് കിണറുകളുടെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## പരിഹാരങ്ങൾ

1. തിരുവള്ളൂർ ആയഞ്ചേരി കോട്ടപ്പള്ളി വില്ലേജുകാർക്കായുള്ള ശുദ്ധജലവിതരണ പദ്ധതി പരിപൂർണ്ണമായി എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുക.
2. പൈപ്പ്ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ സ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പൊതു ടേപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
3. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സ്കീം പഞ്ചായത്തിൽ ആരംഭിക്കുക
4. ഗുളികപ്പുഴ പദ്ധതി പ്രകാരം കുടിവെള്ളം ലഭിക്കാൻ പഞ്ചായത്ത് നിർദ്ദേശിച്ച എല്ലാ സ്ഥലങ്ങളിലും പദ്ധതി നടപ്പാക്കുക.
5. വാട്ടർ അതോറിറ്റിയുടെ സെക്ഷൻ സർവ്വീസ് ആയഞ്ചേരിയിൽ സ്ഥാപിക്കുക.
6. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പൊതു കിണറുകൾ കുഴിക്കുക.
7. ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൽ കുഴിക്കുക.
8. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന്ന് കിണർ കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ച് വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
9. ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാൻ കിണറുകളും ടാങ്കുകളും പമ്പ് ഹൗസുകളുമുള്ള മിനി വാട്ടർ സപ്ളൈ സ്കീം നടപ്പാക്കാവുന്നതാണ്.


### ഗ്രാമസഭാ റിപ്പോർട്ടു പ്രകാരം മിനിവാട്ടർ സപ്ളൈസ്കീം നടപ്പിലാക്കേണ്ട പ്രദേശങ്ങൾ

1. പൊന്മേരി രജിസ്ത്രാപ്പീസിന് സമീപം പൊതുകിണർ വൈദ്യുതി മോട്ടോർ പമ്പ് ഉപയോഗിച്ച് ടാങ്ക് വഴി വീട്ടുകാർക്ക് വെള്ളം എത്തിക്കുക.
2. മള്ളേരി ഭാഗത്തു പൈപ്പ് വെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. നരിക്കുന്ന് ഭാഗത്തുള്ള 10 വീട്ടുകാർക്ക് പൈപ്പ് ലൈൻ പ്രായോഗികമല്ലാത്തതിനാൽ ഒരു പൊതു കിണർ കുഴിക്കുക.
4. കച്ചേരി പറമ്പ് ഭാഗത്തും ഡബിൾ പോസ്റ്റ റിലും കുടിവെള്ള പ്രശ്നമുണ്ട്. അവിടങ്ങളിൽ ഓരോ പൊതുകിണർ കുഴിക്കുക.
5. ആയഞ്ചേരി പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഒറ്റമാവുള്ളതിൽ കുയ്യടിപ്പാറ, കുളങ്ങര മൊട്ടമ്മൽ പുവ്വാള ഭാഗം, തുണ്ടി പറമ്പത്ത്, പൊയിൽ പാറ ഭാഗം, കൊരന്റെ മലയിൽ ഭാഗം എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കാൻ മംഗലാട്ട് നരസിംഹമൂർത്തി ക്ഷേത്രക്കുളം നന്നാക്കി ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് പൈപ്പ് വഴി വിതരണം നടത്തുക.
6. ഒറ്റമ്മൽ കുവാട്ടുപാറ, പനന്തൊടി, മാവുള്ള പറമ്പത്ത് 4 സെന്റ് കോളനി എന്നിവിടങ്ങളിൽ വെള്ളമെത്തിക്കാൻ കല്ലേരി പ്രദേശത്തു നിലവിലുള്ള പഞ്ചായത്തു കിണർ വീതി കൂട്ടി അതിൽ നിന്നും വെള്ളം ടാങ്കിൽ സംഭരിച്ചു പൈപ്പ് വഴി വിതരണം നടത്തുക.
7. ഈങ്ങാട്ടു മീത്തൽ തുളിക്കുന്നുമ്മൽ ഭാഗം വെള്ളം ലഭിക്കാൻ കിണർ കുഴിച്ച് വെള്ളം ടാങ്കിൽ സംഭരിച്ച് പൈപ്പ് വഴി വിതരണം ചെയ്യുക.
8. കൊയിലൊത്തു ഭാഗത്തുള്ള കുടിവെള്ള ക്ഷാമത്തിന് കുറ്റ്യാടി കനാലിന്ന് അക്വയർ ചെയ്ത സ്ഥലത്തു കിണർ കുഴിച്ച വെള്ള പൈപ്പ് വഴി വിതരണം ചെയ്യുക.
9. ചെറിയ മലയിൽ 4 സെന്റ് കോളനി കച്ചേരി പറമ്പ് എന്നിവിടങ്ങളിലെ കുഴൽ കിണർ അടിയന്തിരമായും റിപയർ ചെയ്യുക
10.4 സെന്റ് കോളനിയിലെ 30 വീടുകാർക്ക് പൊതുവായ ഒരു കിണർ കുഴിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
11. മൂന്നാം വാർഡിലെ തയ്യിൽ മുക്കിൽ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ ചീളിൽ വഴി കൊക്കമ്മൽ വലിയ പറമ്പ് വരെ നീട്ടിയാൽ 50 വീട്ടുകാർക്ക് വെള്ളം ലഭിക്കാൻ കഴിയും.
12.പമ്പ്ഹൗസ് മുതൽ മലയിൽ വഴി എള്ളാടി മലയിൽ പൊക്കന്റെ വീടു വരെ പൈപ്പ് ലൈൻ നീട്ടിയാൽ 20 വീട്ടുകാർക്ക് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.
13.തണ്ടാൻകണ്ടി ഭാഗത്തു ഒരു പൊതുകിണർ സ്ഥാപിച്ചാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.
14.ആയഞ്ചേരി നാലാം വാർഡിൽ ഗുളികപുഴ പദ്ധതിയുടെ ഭാഗമായി കടന്നു പോകുന്ന പൈപ്പ് ലൈൻ മൊട്ടമ്മൽ പിലാവുള്ളതിൽ ഭാഗത്ത് 15 വീട്ടുകാർക്കും പാലൊറ ഭാഗത്തുള്ള ഒന്തത്ത്ഭാഗം, ചാത്തോത്ത് മീത്തൽ ഭാഗം, പനത്തൊടി വൈദ്യരുടെ പീടിക മുതൽ കീഴ്ത്താഴ റോഡ് വരെയും കൊല്ലങ്കണ്ടി മുക്കു മുതൽ ഒന്തമ്മൽ പാറ വരെയും വ്യാപിപ്പിക്കണം.
15 അഞ്ചാം വാർഡിലെ കുനമ്പ്രൽ ഭാഗത്ത് നിന്ന് മുള്ളൻ കണ്ടി ഭാഗത്തേക്കു പൈപ്പ്ലൈൻ നീട്ടുക.
16. തച്ചിനാണ്ടി മുക്കിൽ നിന്നും പൈപ്പ് ലൈൻ ലക്ഷംവീടു വഴി കാക്കൊറ വരെ നീട്ടുക.
17 കടമേരി ഹെൽത്ത് സെന്റർ ഭാഗത്ത് വെള്ളം എത്തിക്കാൻ തെരുവിൽ നിന്ന് പൈപ്പു ലൈൻ തയ്യത്താൻ കാട്ടിൽ മുക്കു വരെ നീട്ടുക. പുളിക്കുന്ന മുക്കിൽ ഒരു ടാപ്പ് സ്ഥാപിക്കുക.
18. തണ്ണീർപന്തൽ ടൗണിൽ വെള്ളം ലഭിക്കാൻ മാവേലി സ്റ്റോർ പരിസരത്തുള്ള വാട്ടർലൈൻ തണ്ണീർപന്തൽ ടൗൺ വരെ നീട്ടുകയും ടൗണിൽ ആവശ്യമായ ടാപ്പ് സ്ഥാപിക്കുകയും ചെയ്യുക.
19.തിരിക്കൊന്ന മുക്കിലുള്ള കിണർ വിപുലീകരിച്ച് മോട്ടോർ വെക്കുകയും കുനമ്പ്രൽ കുന്നിൽ തയ്യുള്ളതിൽ മോഹനന്റെ സ്ഥലത്തു ഒരു ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് കുന്നിൻ മുകളിലുള്ള 32 വീടുകളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുക.
20 പുതുചാൽ ഭാഗം ഉരുട്ടിക്കുന്ന് എന്നീ ഭാഗങ്ങളിൽ ഓരോ പൊതുകിണർ സ്ഥാപിക്കുക.
21 മലോൽ ഭാഗം പെരുവച്ചേരിനട, തിയ്യർകണ്ടി

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

## ജലസ്രോതസ്സുകൾ



കുന്ന് എന്നീ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുക.

22. പഞ്ചായത്തിലെ ഏഴാം വാർഡിൽ തയ്യിൽ മുക്കു നാളോംകാട്ടിൽ മുക്ക് മാടൊള്ളതിൽ എന്നിവിടങ്ങളിൽ പൊതുകിണർ സ്ഥാപിച്ച് ടാങ്ക് കെട്ടി മൊട്ടോർ ഉപയോഗിച്ച് ജലവിതരണം നടത്തുക.

23. ചാത്തങ്കണ്ടി പാറക്കണ്ടി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

24. നിലവിലുള്ള ഉണ്ണ്യമ്മാണ്ടി മുക്കിലെ കിണറിൽ നിന്നും വെള്ളം ടാങ്കു കെട്ടി മോട്ടോർ ഉപയോഗിച്ച് ജലവിതരണം നടത്താനുള്ള സംവധാനം ഉണ്ടാക്കുക.

25. അങ്ങാടി ചാൽ മുക്കു വരെയുള്ള പൈപ്പു ലൈൻ പാറക്കണ്ടിപാറവരെ നീട്ടുക.

26. വരയാലിൻ മുക്കിൽ നിന്നും തയ്യിൽ മുക്കു വരെ നീട്ടുക.

27. പുതിയൊട്ടിൽ മുക്കു മുതൽ മാടൊള്ളതിൽ വരേയും ഊരാളി വീട്ടിൽ മുക്കു വരെയും നീട്ടുക.

28. ഒൻപതാം വാർഡിലെ ഏറാളൻ മലയുടെ താഴ്ന്ന പ്രദേശത്ത് മോട്ടോർ വെച്ചു ഉയർന്ന പ്രദേശത്തു ടാങ്ക് സ്ഥാപിച്ചു.കുടിവെള്ളത്തിന്ന് പരിഹാരമുണ്ടാക്കുക.

29. തെക്കേ മലഭാഗത്ത് വെള്ളം എത്തിക്കാൻ പന്തപൊയിൽ ഭാഗത്തു കിണർ കുഴിച്ചും മോട്ടോർ വഴി ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുക.

30. ചിരിണാകണ്ടി ഭാഗത്തു വെള്ളം എത്തിക്കാൻ കൊലാക്കണ്ടി ദയരൊത്ത് ഇടയിൽ കുഴൽക്കിണർ കുഴിക്കുക.

31. വാടിയിൽ ഭാഗം നിരവുമ്മൽ ഭാഗം ചേറ്റുകെട്ടി ഭാഗം, തട്ടാൻ കുന്ന്. കുളമുള്ളതിൽ ഭാഗം എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ എത്തിക്കുക.

32. പഞ്ചായത്തിലെ പത്താം വാർഡിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന എല്ലാ പ്രദേശങ്ങളിലും കിണറുകളും കുഴൽക്കിണറുകളും പൈപ്പ് ലൈനും നിർമ്മിച്ചു കുടിവെള്ള പ്രശ്നം പരിഹരിക്കുക.

33. പത്താം വാർഡിലെ നെല്ലിയുള്ളതിൽ കുന്നിൽ ഒരു കിണറും അതിന്നടുത്ത് ഒരു വാട്ടർ ടാങ്കും നിർമ്മിച്ചാൽ 30 ഓളം വീട്ടുകാർക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കും

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് നാട്ടിന്റെ ഏറ്റവും വലിയ ആസ്തി. രോഗചികിൽസയേക്കാൾ രോഗ പ്രതിരോധത്തിന്ന് പ്രാമുഖ്യം കൊടുക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി ചികിൽസാ രീതികൾ ഇന്ന് പ്രചാരത്തിലുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിൽ ആയുർവ്വേദ സമ്പ്രദായവും വളരെ കുറച്ച് യൂനാനി ചികിൽസാ രീതിയുമാണ് ആയഞ്ചേരിയിൽ നിലവിലുണ്ടായിരുന്നത്. മർമ്മ ചികിത്സ, വിഷ ചികിൽസ എന്നിവ പ്രത്യേകമായും പ്രചാരത്തിലുണ്ടായിരുന്നു. ഒറ്റമൂലിക പ്രയോഗിക്കുന്ന വിദഗ്ധൻമാരും ഇവിടെയുണ്ടായിരുന്നു. കുന്നോത്ത് കണാരൻ നമ്പ്യാർ, പുതിയോട്ടിൽ നാരായണൻ നമ്പ്യാർ കേളച്ചാം കണ്ടി രാമൻ നായർ, പാലാണിയിൽ കോമപ്പൻ വൈദ്യർ, വണ്ണത്താങ്കണ്ടി കണാരൻ വൈദ്യർ, ഒറോപ്പൊയിൽ മൂസ്സ മുസല്യാർ എന്നിവർ പഴയ തലമുറയിലെ പ്രഗൽഭ ഭിഷഗ്വന്മാരായിരുന്നു. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ആ കാലത്ത് തറിമരുന്ന് കച്ചവടങ്ങൾ ഉണ്ടായിരുന്നു.

കോളറ, വസൂരി, ചൊറി, ചിരങ്ങ്, ഗ്രഹണി, മഞ്ഞക്കാമല തുടങ്ങിയവയായിരുന്നു മുമ്പ് കണ്ടുവന്ന രോഗങ്ങൾ. ഇന്ന് എയ്ഡ്സ് വരെയുള്ള മാരകരോഗങ്ങളെ നമുക്ക് ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. അപ്രത്യക്ഷമായി കഴിഞ്ഞ മലമ്പനി, കോളറ തുടങ്ങിയ രോഗങ്ങൾ വീണ്ടും ഭീഷണിയുയർത്തുന്നുണ്ട്.

പരിസരശുചിത്വം, വ്യക്തിശുചിത്വം, രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, ബോധവൽക്കരണം എന്നിവയിലൂടെ നമുക്ക് രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയണം. ധാർമ്മിക മൂല്യങ്ങളിലും, സദാചാര ബോധത്തിലുമധിഷ്ടിതമായ ജീവിതം നയിക്കുന്ന ഒരു സമൂഹത്തെ വളർത്തി

യെടുക്കുന്നതിലൂടെ എയ്ഡ്സ് പോലുള്ള മാരക രോഗങ്ങളിൽ നിന്നും, മയക്കുമരുന്ന് ഭീഷണിയിൽ നിന്നും നമുക്ക് ഒരു പരിധി വരെ രക്ഷ നേടാവുന്നതാണ്.

## നിലവിലുള്ള സാഹചര്യങ്ങൾ

* പഞ്ചായത്തിൽ ഒരു സർക്കാർ അലോപ്പതി ആശുപത്രിയും സർക്കാർ ഹോമിയോപ്പതി ആശുപത്രിയും നിലവിലുണ്ട്.
* രണ്ട് ഹെൽത്ത് സെന്ററുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.
* സ്വകാര്യ മേഖലയിൽ ആയുർവേദ ചികിൽസകരും, ഹോമിയോ ചികിൽസകരും സേവന രംഗത്തുണ്ട്.
* അത്യാവശ്യ ഘട്ടങ്ങളിൽ ബ്ളീച്ചിംഗ് പൗഡർ തുടങ്ങിയ വസ്തുക്കൾ പഞ്ചാത്തിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്.
* പഞ്ചായത്തിൽ രണ്ട് മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.
* അലോപ്പതി വിഭാഗത്തിൽ അഞ്ച് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.
* കമ്പനി പീടികയിൽ ഒരു ദന്താശുപത്രി പ്രവർത്തിക്കുന്നുണ്ട്.
* മിക്കവാറും വീടുകളിൽ കുടിവെള്ളത്തിന്ന് കിണർ സൗകര്യമുണ്ട്.
* കുടുംബാസൂത്രണ പരിപാടികൾക്ക് കൂടുതൽ പ്രചാരം ലഭിച്ചു വരുന്നു.

## പ്രശ്നങ്ങൾ

* പ്രൈമറി ഹെൽത്ത് സെന്ററിന്നും ഹോമിയോ ആശുപത്രിക്കും സ്വന്തമായി കെട്ടിടങ്ങളില്ല.
* ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന്ന് ജീവനക്കാരും മരുന്നുകളും ഇല്ല.
* മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സുകളില്ല.
* കമ്പനിപീടിക, തണ്ണീർപന്തൽ എന്നീ ടൗണുകളിൽ കൊതുകു ശല്യം രൂക്ഷമാണ്.
* അലഞ്ഞു തിരിയുന്ന പട്ടികൾ ജനങ്ങൾക്ക് ഭീഷണിയാണ്.
* ഹെൽത്ത് ഫീൽഡ് വർക്കർമാരുടെ സേവനം പര്യാപ്തമല്ല.
* കമ്പനി പീടികയിലെ വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളേർപ്പെടുത്തിയിട്ടില്ല.
* കീടനാശിനികളുടെ വർദ്ധിച്ച ഉപയോഗം ആരോഗ്യത്തിന്ന് ഭീഷണിയാവുന്നു.
* എല്ലാ വീടുകൾക്കു സ്വന്തമായി കക്കൂസില്ല.
* ലക്ഷം വീട് കോളനികളുടെ ശുചിത്വം പരിതാപകരമായ നിലയിലാണ്.
* സ്കൂൾ കുട്ടികളുടെ വൈദ്യപരിശോധന ഫലപ്രദമായി നടക്കുന്നില്ല.
* ടൗണുകളിൽ ചപ്പു ചവറുകൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം തൃപ്തികരമല്ല.
* പഞ്ചായത്തിൽ ട്രഞ്ചിംഗ് ഗ്രൗണ്ട് ഇല്ല.
* ആയുർവേദ ചികിൽസക്കുള്ള സൗകര്യങ്ങൾ കുറവാണ്.

## പരിഹാരങ്ങൾ

* പ്രൈമറി ഹെൽത്ത്സെന്ററിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുക.
* ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
* ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ആവശ്യമായ ക്വാർട്ടേഴ്സുകളും നിർമ്മിക്കുക.
* പ്രൈമറി ഹെൽത്ത് സെന്റർ കിടത്തി ചികിൽസാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുക.
* ടൗണിലെ കൊതുകുശല്യം തടയാൻ ആരോഗ്യ വകുപ്പിന്റെ ഗൗരവമായ ശ്രദ്ധ പതിയണം.
* പഞ്ചായത്തിൽ കൊതുകു നിർമ്മാർജ്ജനത്തിനുള്ള ഫീൽഡ് വർക്കർമാരെ നിയമിക്കുക.
* NFEP യൂനിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

## പട്ടിക 8-1

### പകർച്ച വ്യാധികൾ

| വർഷം | ജലജല്യങ്ങൾ രോഗങ്ങ | വായുജന രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993–94 | 538 | 37 | 5 | 3245 |
| 1994–95 | 358 | 27 | – | 6504 |
| 1995–96 | 355 | 5 | 3 | 6776 |

## പട്ടിക 8-2

### രോഗങ്ങൾ സംബന്ധിച്ച വിവരം

| വർഷം | ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് | | | | | |
|---|---|---|---|---|---|---|---|
| | | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധി | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 92-93 | - | 340 | 5 | 494 | - | 2721 | 3560 |
| 93-94 | - | 290 | 4 | 583 | - | 2948 | 3825 |
| 94-95 | - | 1534 | 12 | 364 | - | 4983 | 6893 |
| 95-96 | - | 972 | 12 | 37 | - | 5781 | 7139 |
| ആകെ | - | 3136 | 33 | 1815 | - | 16433 | 21417 |

പട്ടിക 8.3

കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്പ്

| കുട്ടികൾ | ബി.സി.ജി. | D.P.T | | | | പോളിയോ | | | | D.T | | | | കരുവൻ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1A | 2A | 3A | BD | |
| 1 വയസ്സിന്ന് താഴെ | 71 | 94 | 99 | 100 | | 94 | 99 | 100 | | | | | | 71 |
| 1-3 വയസ്സ് | | | | | 90 | | | | 90 | | | | | |
| 3-6 വയസ്സ് | | | | | | | | | | | 78 | | | |

പട്ടിക:8.4

ഗർഭിണികളുടെ പ്രതിരോധ കുത്തിവെയ്പ്

| | Ist Dose | IInd Dose | BD |
|---|---|---|---|
| ഗർഭിണികൾ | 78 | 109 | |

* അലഞ്ഞു തിരിയുന്ന പട്ടികളെ ഉന്മൂലനം ചെയ്യാൻ നടപടികൾ സ്വീകരിക്കുക.
* ലോഡ്ജ് മുറികളുടെ ഉടമസ്ഥൻമാർ താമസ ക്കാർക്ക് കക്കൂസ്, കുളിമുറി, എന്നിവ നിർമ്മിച്ചു കൊടുക്കുക.
* ഹോട്ടൽ ഉടമകൾ, അറവുശാല നടത്തുന്ന വർ എന്നിവർ അവശിഷ്ടങ്ങൾ സ്വന്തം ഉത്ത രവാദിത്വത്തിൽ കുഴിച്ചു മൂടുക.
* കീടനാശിനി ഉപയോഗം സംബന്ധിച്ച് കർഷ കരുടെ ഇടയിൽ ബോധവൽകരണം നട ത്തുക.
* സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ കഴിവില്ലാ ത്തവർക്ക് സാമ്പത്തിക സഹായം അനുവ ദിക്കുക.
* പഞ്ചായത്തിന് ട്രഞ്ചിംഗ് ഗ്രൗണ്ട് ഉണ്ടാക്കുക
* ആയുർവേദ ആശുപത്രി സ്ഥാപിക്കുക.
* സഹകരണ മേഖലയിൽ, ആയഞ്ചേരി കമ്പനി പീടികയിൽ കിടത്തി ചികിൽസാ നട ത്താൻ സൗകര്യമുള്ള ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കുക.
* തറോപൊയിൽ, കല്ലിങ്ങൽ എന്നി പ്രദേശങ്ങ ളിൽ ഗവ:ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക.
* എട്ടാം വാർഡിൽ നിർമ്മാണം പൂർത്തിയാ ക്കുന്ന ആരോഗ്യ ഉപകേന്ദ്രത്തിൽ മുഴുവൻ സമയം നഴ്സിനെ നിയമിക്കുകയും, ഫർണി ച്ചർ വൈദ്യുതി എന്നിവ ലഭ്യമാക്കുകയും ചെയ്യുക.
* പൊന്മേരിയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.
* ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പല സ്ഥലത്തും ലഭ്യമല്ലാത്തതിനാൽ കടക ളിലൂടെയും മറ്റും ഉപയോഗശൂന്യമായ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യു ന്നത് തടയാൻ കഴിയുന്നില്ല. അതു കൊണ്ട് എല്ലാ സ്ഥലങ്ങളിലും ഹെൽത്ത് ഇൻസ്പെ ക്ടർമാരുടെ സേവനം ഉറപ്പു വരുത്തുക.
* രണ്ടാം വാർഡിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കുക.
* പഞ്ചായത്തിലെ വളർത്തു നായകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും കേമ്പ് ഡിസ്പൻസറികളിലൂടെ കുത്തിവെപ്പ് നട ത്തുകയും ചെയ്യുക. അലഞ്ഞുതിരിയുന്ന എല്ലാ പട്ടികളെയും നശിപ്പിക്കുക.
* പൊതുസ്ഥാപനങ്ങളിലെ മലിന ജലം പുറത്ത് വിടാതെ സംസ്ക്കരിക്കാൻ ആശ്യ മായ നടപടി സ്വീകരിക്കാൻ അവരോട് ആവ ശ്യപ്പെടുക.
* തണ്ണീർ പന്തൽ ടൗണിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
* ആയഞ്ചേരി കമ്പനി പീടികയിൽ 25 കിടക്ക കളുള്ള ഒരു സർക്കാർ ആശുപത്രി സ്ഥാപി ക്കുക.
* നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്ര ത്തിലും ഹോമിയോ ഡിസ്പെൻസറിയിലും ആവശ്യമായ മരുന്നുകൾ എത്തിക്കുക.
* രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്താ നുള്ള സൗകര്യം കമ്പനി പീടികയിൽ ഉണ്ടാ ക്കുക.
* പഞ്ചായത്തിലെ 9-10 വാർഡുകൾ ഉൾക്കൊ ള്ളുന്ന തറോപൊയിലിൽ ഒരു പ്രാഥമികാ രോഗ്യ കേന്ദ്രം സ്ഥാപിക്കുക.
* അടിയന്തിരമായും ഒമ്പതാം വാർഡിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.
* പത്താം വാർഡിൽ ഒരു ഗവ:ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുക.
* പത്താം വാർഡിൽ തറോപോയിൽ പ്രദേ ശത്ത് വെള്ളം കെട്ടി നിൽക്കുന്ന ഭാഗത്ത് ഓവു ചാൽ നിർമ്മിക്കുകSv

**പട്ടിക 8.5**

**അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സംര ക്ഷണം സംബന്ധിച്ച വിവരങ്ങൾ**

| | |
|---|---|
| * ഇരുമ്പ്/ഫോളിക്ക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 205 |
| * ഇരുമ്പ് ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 2985 |
| * വിറ്റമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 825 |
| * ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 230 |

# 9
# ഗതാഗതം

19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ ഗ്രാമപ്രദേശത്തെ ഗതാഗത കാര്യത്തിൽ അക്കാലത്തെ നാടുവാഴികൾ പരിമിതമായെങ്കിലുമുള്ള താല്പര്യം പ്രകടിപ്പിച്ചിരുന്നു. അക്കൂട്ടത്തിൽ എടുത്തു പറയാവുന്ന ഗതാഗത മാർഗ്ഗമാണ് വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ്. ഈ റോഡ് നിർമ്മാണം ടിപ്പുസുൽത്താനുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് ഐതിഹ്യമുണ്ട്. കുറുക്കാട്ട്-മുച്ചിലോട്ട് തറവാടുകളെ ബനധിപ്പിക്കുന്നതിന് പ്രസ്തുത തറവാട്ടുകാർ കുറുക്കാട്ട് താഴ മുതൽ ആലാറ്റിൻ താഴ വരെ റോഡ് നിർമ്മിച്ചുവത്രെ. ആയഞ്ചേരി-ചേരാപുരം പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്ന തങ്ങളുടെ വസ്തുക്കളുമായി ബന്ധപ്പെട്ട് ഈ പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ പഴയ തറവാട്ടുകാർ, അവരവരുടെ വകയായി പാലങ്ങൾ നിർമ്മിച്ചതായിപറയപ്പെടുന്നു. ഇപ്പോഴത്തെ തുലാററുനടയിൽ ആദ്യമായി പാലം പണിതത് പുതിയോട്ടിൽ അമ്മ എന്ന സ്ഥാനപ്പേരുള്ള മാധവിഅമ്മയാണ്. അതേപോലെ മാണിക്കോത്ത് താഴപ്പാലം ആദ്യമായി നിർമ്മിച്ചത് മാണിക്കോത്ത് തറവാട്ടുകാരായിരുന്നു. ഈ പാലം ഇപ്പോഴുള്ള പാലത്തിന്നു കുറച്ചകലെ കുനിയേൻ താഴ ആയിരുന്നു. അക്കാലത്ത് ഉപയോഗിച്ചിരുന്ന വാഹനം പല്ലക്കും (ഡോലിയ) മഞ്ചലും ആയിരുന്നു. പല്ലുക്ക് നാടുവാഴികളുടെ ആവശ്യത്തിന് മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഇവ ചുമക്കുന്നതിന് പ്രത്യേക വൈദഗ്ധ്യമുള്ള ആളുകൾ ഉണ്ടായിരുന്നു. ശ്രമകരമായ മഞ്ചൽ ചുമക്കലിൽ ചുമക്കുന്നവർക്ക് ആശ്വാസകരമായ പ്രത്യേക രീതിയിലുള്ള 'മൂളൽ' ഉണ്ടായിരുന്നു.

ജനകീയ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്തിൽ പഴയകാലത്ത് ചില റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്നു. തണ്ണീർപന്തലിൽ നിന്നും കടമേരി അമ്പലം വരെ ശ്രമദാനമായി റോഡ് നിർമ്മിക്കാൻ വാഴയിൽ പീടികയിൽ പള്ളിക്കുട്ടിഹാജി, കൊക്കമ്മൽ കണാരൻ തുടങ്ങിയവരും വാളൂരങ്കണ്ടി പീടിക മുതൽ നാളോം കൊറോൽതാഴ വരെയുള്ള റോഡ് നിർമ്മാണത്തിന്നു കാര്യാട്ട് അബ്ദുള്ളക്കുട്ടി, പുതിയോട്ടുകണ്ടി അപ്പുകുറുപ്പ് എന്നിവരും നേതൃത്വം നൽകിയിരുന്നുവത്രെ. നൂറുകണക്കിനാളുകൾ ഈ ശ്രമദാനത്തിൽ പങ്കെടുത്തതായി പറയപ്പെടുന്നു. തണ്ണീർപന്തൽ റോഡു മുതൽ കടമേരി അമ്പലം വരെയുള്ള വീതികുറഞ്ഞ റോഡ് വീതികൂട്ടി നന്നാക്കാൻ 58-59 കാലഘട്ടത്തിൽ കടമേരിയിലെ ഒരുപറ്റം അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് സാധിച്ചുവെന്നത് അഭിമാനകരമാണ്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ പൊക്ലാടത്ത്തഴ, തറമൽ താഴ, കുനിയേൽ താഴ, അരിതിരുത്തി, വാളാഞ്ഞി, കോതുരുത്തി, തുലാറ്റും നട പോലുള്ള സ്ഥലങ്ങളിൽ മുൻകാലങ്ങളിൽ ബോട്ട്, തോണി, മുതലായവ ഗതാഗതത്തിനു ഉപയോഗിച്ചിരുന്നു. കോഴിക്കോട്ട് നിന്നും പയ്യോളി വഴി ആയഞ്ചേരിയിലേക്ക് ചരക്കുകൾ എത്തിക്കാൻ പണ്ടുകാലത്ത് തോണികളാണ് ഉപയോഗിച്ചി

രുന്നത്. പുരത്തോണി എന്ന് അറിയപ്പെടുന്ന ഈ വാഹനത്തിൽ ഭക്ഷണം പാചകം ചെയ്യാനും വിശ്രമിക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നു. ഇത്തരം തോണികൾ ചരക്കിറക്കിയിരുന്ന പ്രത്യേകം കടവുകളും അക്കാലത്ത് ഉണ്ടായിരുന്നു. തെക്കയിൽ താഴ, തറമൽ താഴ, മുതുവനതാഴ, കുനിയേൽ താഴ എന്നിവ ഇത്തരം കടവുകളായിരുന്നു. ഇത്തരം തോണികളിൽ ഒരു കിൻറൽ ഭാരം വരുന്ന ചരക്കുകൾ ഒറ്റക്ക് തലയിലേറ്റി കടത്തിയിരുന്ന ചുമട്ടുകാർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. തറമൽ മീത്തൽ അമ്മത്, പാറക്കണ്ടി അമ്മത്, പള്ളിയത്ത് അമ്മത് എന്നിവർ ഇവരിൽ പ്രമുഖരായിരുന്നു. പ്രമുഖരായ തോണിക്കാരായി അറിയപ്പെട്ടവരാണ് കുനിയേൽ ഇബ്രാഹിമും വാളാഞ്ഞി കുപ്പയും.

പ്രധാനപ്പെട്ട ഒട്ടേറെ റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും ജനങ്ങളുടെ യാത്രാ ദുരിതങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു. വയനാടുമായി ബന്ധപ്പെടാൻ കഴിയുന്ന വളരെ പ്രധാനപ്പെട്ട വടകര-ചേലക്കാട് റോഡും വടകര-ആയഞ്ചേരി-കുറ്റ്യാടി റോഡും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കാവിൽ-തീക്കുനി റോഡ്, വടകര- വില്ല്യാപ്പള്ളി-ആയഞ്ചേരി റോഡ്, ആയഞ്ചേരി-കടമേരി-തണ്ണീർപ്പന്തൽ റോഡ്-ആയഞ്ചേരി, തിരുവള്ളൂർ റോഡ് എന്നീ റോഡുകൾ പഞ്ചായത്തിൻെറ ഹൃദയഭാഗമായ കമ്പനി പീടികയിൽ സംഗമിക്കുന്നു. പുറമേരി, തിരുവള്ളൂർ പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കുഞ്ഞല്ലൂർ -തിരുവള്ളൂർ റോഡും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഇതിൽ എസ്. മുക്ക് മുതൽ കോട്ടപ്പള്ളി വരെയുള്ള ഭാഗം എം. എൽ. എ. റോഡായി പ്രഖ്യാപിച്ച് പണി നടന്നുവരികയാണ്.

ആയഞ്ചേരി പഞ്ചായത്തിൽ ആയഞ്ചേരി കമ്പനിപീടിക, തണ്ണീർപ്പന്തൽ എന്നിവ പ്രധാന ടൗണുകളും മുക്കടത്തും വയൽ, കീരിയങ്ങാടി, തറോപൊയിൽ എന്നിവ ക്രമേണ ടൗണുകളായി വികസിച്ചുവരാൻ സാദ്ധ്യതയുള്ള ചെറിയ അങ്ങാടികളും ആണ്. ആയഞ്ചേരി തണ്ണീർപ്പന്തൽ മുക്കടത്തും വയൽ എന്നിവിടങ്ങളിൽ ബസ് സർവ്വീസിനുപുറമെ ജീപ്പ്, ഓട്ടോറിക്ഷ, എന്നിവ സർവ്വീസ് നടത്തുന്നു. തറോപൊയിൽ, കീരിയങ്ങാടി ഭാഗത്തേക്ക് ഓട്ടോ സർവ്വീസ് മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. അനവധി വാഹനങ്ങൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കമ്പനി ടൗണിൽ വാഹനങ്ങൾക്ക് പ്രത്യേക സ്റ്റാൻറില്ല. വാഹനങ്ങൾ റോഡിൻെറ ഇരുവശങ്ങളിലും പാർക്കുചെയ്യുന്നത് കൊണ്ട് ഗതാഗത തടസ്സം നിത്യസംഭവമാണ്. തണ്ണീർപ്പന്തൽ ടൗണിനും ഇതേ അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ആയഞ്ചേരി ടൗൺ പരിഷ്കരണ പ്രവൃത്തി നടത്തിയത് മൂലം ഒരു പിരിധി വരെ ഗതാഗത തടസ്സത്തിന് മാറ്റം വന്നിട്ടുണ്ട്. തണ്ണീർപന്തൽ ടൗൺ പരിഷ്കരണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ആയഞ്ചേരി കമ്പനി ടൗണിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ വേണ്ടിയുള്ള സൗകര്യം ഏർപ്പെടുത്താൻ പഞ്ചായത്ത് ബോർഡ് ശ്രമിച്ചുകൊണ്ടിരിക്കയാണ്. ബസ്റ്റാൻറ് നിർമ്മിക്കാൻ സ്ഥലം അക്വയർ ചെയ്യാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയഞ്ചേരി നിന്നും വില്ല്യാപ്പള്ളി വഴിയും കോട്ടപ്പള്ളി വഴിയും തിരുവള്ളൂർ വഴിയും വടകരയിലേക്ക് ബസ് സർവ്വീസ് നടത്തുന്നു. ആയഞ്ചേരി നിന്നും തീക്കുനിവഴി കുറ്റ്യാടിയിലേക്കും പേരാമ്പ്രക്കും അതുവഴി കോഴിക്കോട്ടേക്കും ബസ് സർവ്വീസ് നടന്നുകൊണ്ടിരിക്കുന്നു. തറോപൊയിൽ നിന്നും വടകരവഴി കോഴിക്കോട്ടേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തിയിരുന്നു. എന്നാൽ ഇടക്ക്വെച്ച് സർവ്വീസ് കട്ട് ചെയ്യുകയും പിന്നീട് ആരംഭിക്കുകയും ചെയ്യുന്ന പ്രവണത മൂലം ജനങ്ങൾ വളരെ അധികം പ്രയാസപ്പെടുന്നു. തറോപൊയിൽ ഭാഗത്തേക്ക് വടകരയിൽ നിന്നും ആയഞ്ചേരി വഴി നാല് സ്വകാര്യബസ് സർവ്വീസ് നടത്തിയിരുന്നു. ഒരു വർഷത്തിലധികമായി മുഴുവൻ ബസുകളും റൂട്ട് കേൻസൽ ചെയ്തു. തൻമൂലം സ്കൂൾ വിദ്യാർത്ഥികളും, അദ്ധ്യാപകരും, നാട്ടുകാരും യാത്രാക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിൽ വടകര മാഹി കനാലിന് നിർമ്മിച്ച പാലം വർഷങ്ങളായി തകർന്നുകിടക്കുകയാണ്. ഒരുപാട് വാഹനങ്ങൾ സഞ്ചരിക്കുന്ന ഈ റോഡിൽ പ്രസ്തുത പാലം പുതുക്കിപണിയാൻ പി.ഡബ്ല്യു.ഡി. ശ്രദ്ധിക്കേണ്ടതുണ്ട്.

വളരെ പ്രതീക്ഷകളോടെ ആരംഭിച്ച മാണിക്കോത്ത് താഴപാലം വേളം ആയഞ്ചേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കാനുള്ളതാണ്. ജനങ്ങളുടെ അകമഴിഞ്ഞ സംഭാവനയുണ്ടായിട്ടുപോലും പാലം പണി പൂർത്തീകരിച്ചിട്ടില്ല. അടിയന്തിരമായും ഈ പാലം പണി മുഴുമിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ പ്രധാന റോഡുകളിൽ മഴക്കാലത്ത് വെള്ളം കെട്ടിനില്ക്കുന്നു.
- ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡിൻെറ പല ഭാഗങ്ങളും പൊട്ടിപൊളിഞ്ഞു കിടക്കുന്നത് കാരണം ബസ് സർവ്വീസ് നടക്കുന്നില്ല.
- ആയഞ്ചേരി - വേളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാണിക്കോത്ത് താഴ പാലത്തിൻെറയും അനുബന്ധ റോഡിൻെറയും പണി സ്തംഭനാവസ്ഥയിലാണ്.
- ആയഞ്ചേരി - തണ്ണീർപന്തൽ ടൗണുകളിൽ ഓട്ടോ, ടാക്സി, മിനി ലോറികൾ തുടങ്ങിയ വാഹനങ്ങൾ റോഡിൻെറ ഇരുവശങ്ങളിലും പാർക്ക് ചെയ്യുന്നത് കാരണം ഗതാഗതതടസ്സം ഉണ്ടാക്കുന്നു.
- റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയത്ത് നടക്കുന്നില്ല.
- ജെ. ആർ. വൈ., എം. പി. മാരുടെ പ്രദേശിക വികസന ഫണ്ട് എന്നിവയുടെ ഉപയോഗത്തിൽ നിഷ്കർശിക്കുന്ന 8 മീറ്റർ വീതി വേണമെന്ന നിയമം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നില്ക്കുന്നു.
- പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ പലയിടങ്ങളിലും പൊട്ടിപൊളിഞ്ഞ് യാത്രാ യോഗ്യമല്ലാതായിട്ടുണ്ട്.
- ആയഞ്ചേരി പഞ്ചായത്തിലെ പി. ഡബ്ല്യു. ഡി. റോഡുകളുടെ പ്രവൃത്തികളിൽ ചിലത് സ്തംഭനാവസ്ഥയിലാണ്.
- പഞ്ചായത്തിലെ പ്രധാന ടൗണുകളായ തണ്ണീർപന്തൽ, മുക്കടത്തുംവയൽ, തറോപ്പൊയിൽ എന്നിവയുടെ പരിഷ്കരണ പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്.
- പഞ്ചായത്തിൻെറ ഹൃദയഭാഗമായ കമ്പനി ടൗണിൽ ബസ്സ്റ്റാൻറ് ഇല്ല.
- പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളായ തറോപ്പൊയിൽ റഹ്മാനിയ്യ ഹൈസ്ക്കൂൾ, പന്തപ്പൊയിൽ, കടമേരി, മംഗലാട് കാമിച്ചേരി കീരിയങ്ങാടി എന്നിവിടങ്ങളിൽ യാത്രാപ്രശ്നം രൂക്ഷമാണ്.
- പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും കോളേജിലേക്കും സ്ക്കൂളിലേക്കും എത്തിപ്പെടാൻ വിദ്യാർത്ഥികൾ വളരെയധികം പ്രയാസപ്പെടുന്നു.
- ആയഞ്ചേരി പഞ്ചായത്തിലെ പ്രധാന കേന്ദ്രമായ തറോപ്പൊയിൽ റഹ്മാനിയ്യ ഹൈസ്ക്കൂൾ ഭാഗത്തേക്ക് ഓടിക്കൊണ്ടിരിക്കുന്ന കെ. എസ്. ആർ. ടി. സി ബസ് സർവ്വീസ് ചുരുക്കിയത് ജനങ്ങളെയും, സ്ക്കൂൾ വിദ്യാർത്ഥികളെയും വളരെയധികം പ്രയാസത്തിൽ ചെന്നെത്തിച്ചിരിക്കുന്നു. ഈ റൂട്ടിൽ 4 പ്രൈവറ്റ് ബസ് ഓടിക്കൊണ്ടിരുന്നു. ഇന്ന് ഒന്നുപോലും ഇവിടേക്ക് സർവ്വീസ് നടത്തുന്നില്ല.
- പഞ്ചായത്തിലെ പ്രധാന റോഡുകൾ പി. ഡബ്ല്യു.ഡി. ഏറ്റെടുത്താൽ ഗതാഗത പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും.
- തണ്ണീർപന്തൽ, തറോപ്പൊയിൽ, മുക്കടത്തുംവയൽ, കീരിയങ്ങാടി എന്നീ ടൗണുകളിൽ മത്സ്യം റോഡരികിൽ വെച്ച് വില്പന നടത്തുന്നത് ഗതാഗത തടസ്സം സൃഷ്ടിക്കുകയും കച്ചവടക്കാർക്കും യാത്രക്കാർക്കും പ്രയാസങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.
- ആയഞ്ചേരി പുറമേരി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന തണ്ണീർപന്തൽ-എളയടം-അരൂര് റോഡിൻെറ വിപുലീകരണ പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്.
- വടകര-മാഹി കനാൽ ഗതാഗത യോഗ്യമല്ല
- വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിൽ കല്ലേരിപാലം അപകടാവസ്ഥയിലാണ്.
- റോഡിൽ ആവശ്യമായ സ്ഥലങ്ങളിൽ ഓവുപാലങ്ങൾ ഇല്ല.
- റോഡ് നിർമ്മാത്തിനും പരിഷ്കരണ പ്രവൃത്തി

ക്കും അറ്റകുറ്റ പണികൾ നടത്തുന്നതിനും ഫണ്ടിൻെറ അപര്യാപ്ത നിലനില്ക്കുന്നു.

- വാഹനഗതാഗതത്തിന് തടസ്സം നില്ക്കുന്ന വിധത്തിൽ റോഡിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥിതിചെയ്യുന്നു.
- വളവുകൾ റോഡപകടത്തിന് കാരണമാവുന്നു.

## പരിഹാര മാർഗ്ഗങ്ങളും സാധ്യതകളും

- പഞ്ചായത്തിൻെറ പ്രധാന റോഡുകളുടെ ഇരുവശങ്ങളിലും അഴുക്കുചാൽ നിർമ്മിക്കുക.
- ആയഞ്ചേരി - കടമേരി - തണ്ണീർപന്തൽ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുക.
- ആയഞ്ചേരി - വേളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാണിക്കോത്ത് താഴപാലത്തിൻെറയും അനുബന്ധ റോഡിൻെറയും പണി ഉടൻ പൂർത്തിയാക്കുക.
- റോഡുകളുടെ അറ്റകുററ പണി യഥാസമയത്ത് നടത്താൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കുക.
- റോഡ് ടാർ ചെയ്യുന്നതിന് ജെ. ആർ. വൈ. എം. പി.മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ 8 മീറ്റർ വേണമെന്ന് നിർബന്ധം പിടിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഓരോ പ്രദേശത്തിൻെറയും സൗകര്യത്തിന് അനുസരിച്ച് നിർമ്മിച്ച റോഡുകൾ ടാർ ചെയ്യാൻ നടപടി വേണം.
- പഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയത്ത് നടത്താൻ മൊബൈൽ എഞ്ചിനിയറിംഗ് ഗ്രൂപ്പ് രൂപീകരിക്കുക.
- പി. ഡബ്ല്യു. ഡി. ഏറ്റെടുത്ത കുഞ്ഞല്ലൂർ-തിരുവള്ളൂർ റോഡിൻെറ പണി ഉടൻ പൂർത്തിയാക്കുക.
- പഞ്ചായത്തിലെ പ്രധാന ടൗണുകളായ തണ്ണീർപന്തൽ, മുക്കടത്തും വയൽ, തറോപ്പൊയിൽ എന്നിവയുടെ പരിഷ്കരണ പ്രവൃത്തി ഉടൻ പൂർത്തിയാക്കുക.
- പഞ്ചായത്തിൻെറ ഹൃദയ ഭാഗമായ കമ്പനി പീടികയിൽ ബസ്സ്റ്റാൻറ് നിർമ്മിക്കുകയും തണ്ണീർപന്തലിൽ ടാക്സി സ്റ്റാൻറ് നിർമ്മിക്കുകയും ചെയ്യുക.
- പുതിയ റൂട്ടുകളിൽ ബസ് അനുവദിക്കുമ്പോൾ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സൗകര്യം കൂടി പരിഗണിക്കേണ്ടതാണ്.
- തറോപ്പൊയിൽ റഹ്മാനിയ്യ ഹൈസ്ക്കൂൾ ഭാഗത്തേക്ക് ഓടികൊണ്ടിരുന്ന പ്രൈവറ്റ് ബസ് സർവ്വീസ് പുന:സ്ഥാപിക്കുക. കെ.എസ്. ആർ. ടി. സി. ബസ് വെട്ടികുറച്ച ട്രിപ്പുകൾ പുന:സ്ഥാപിക്കുക.
- ആയഞ്ചേരി - കടമേരി - തണ്ണീർപന്തൽ റോഡ്, ആയഞ്ചേരി-പെരുമുണ്ടശ്ശേരി കല്ലുംപുറം റോഡ് തുടങ്ങിയ റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുക.
- ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി നടപ്പാതയും റോഡുകളും നിർമ്മിക്കുക. കേട്പാടുകൾ സംഭവിച്ച റോഡുകളുടെ പരിഷ്കരണ പ്രവൃത്തി നടത്തുക.
- വടകര - ആയഞ്ചേരി - തണ്ണീർ പന്തൽ, വടകര-ആയഞ്ചേരി-തറോപ്പൊയിൽ-മാണിക്കോത്ത് താഴ, വടകര-കാമിച്ചേരി-അരൂര്, വടകര-തണ്ണീർപനതൽ-എസ് മുക്ക്-ആയഞ്ചേരി എന്നീ റൂട്ടുകളിൽ പ്രൈവററ് ബസും, കെ. എസ്. ആർ. ടി. സി. ബസും അനുവദിക്കുക.
- തണ്ണീർപന്തൽ, തറോപ്പൊയിൽ, മുക്കടത്തും വയൽ, കീരിയങ്ങാടി എന്നീ ടൗണുകളിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുക.
- ആയഞ്ചേരി, പുറമേരി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന തണ്ണീർപന്തൽ-എളയടം-അരൂര്, റോഡിൻെറ വിപുലീകരണ പ്രവൃത്തി ഉടൻ പൂർത്തിയാക്കുക.
- പ്രവൃത്തി മുടങ്ങിക്കിടക്കുന്ന വടകര മാഹി കെനാൽ പണിപൂർത്തിയാക്കുക. ഈ കാര്യം കേന്ദ്ര ഗവർമെൻറിൻെറ ശ്രദ്ധയിൽ കൊണ്ട് വരുന്നതിന് ജനപ്രതിനിധികളുടെ കൂട്ടായ യജ്ഞം ആവശ്യമാണ്. കോഴിക്കോട് കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന ഈ ജലപാത ആയഞ്ചേരി പഞ്ചായത്തിൻെറ വളർച്ചയിൽ വലിയ പങ്ക് വഹിക്കും.
- വേളം ആയഞ്ചേരി പഞ്ചായത്തുകളെ ബന്ധി

പ്പിക്കുന്ന മാണിക്കോത്ത് താഴ പാലത്തിൻെറ യും അനുബന്ധ റോഡിൻെറയും പണി പൂർത്തി യാക്കുന്ന തോട് കൂടി രണ്ട് പഞ്ചായത്തുകൾ തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടും.

19. പഞ്ചായത്തിലെ പ്രധാന റോഡുകളുടെ ഇരു വശങ്ങളിൽ കൂടി കടന്നുപോകുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലുകൾക്ക് കുറുകെ പാലം നിർമ്മിക്കുക.

20. റോഡ് നിർമ്മിക്കുമ്പോൾ ഗുണഭോക്താക്കളു ടെ സഹായം തേടാവുന്നതാണ്.

21. പുതുതായി റോഡു നിർമ്മിക്കുമ്പോൾ റോഡി ൻെറ സുരക്ഷിതത്വത്തിന് വേണ്ടി ജനകീയ കമ്മറ്റി രൂപീകരിക്കാവുന്നതാണ്.

22. ജനകീയ പങ്കാളിത്തത്തോട്കൂടി റോഡുകളും നടപ്പാതകളും നിർമ്മിക്കാവുന്നതാണ്.

23. കിഴക്കൻ മലയോര പ്രദേശമായ കുറ്റ്യാടി, പേരാ മ്പ്ര, വയനാട് എന്നിവിടങ്ങളിലേക്ക് ബസ്സ് കടന്നുപോകുന്നത് ആയഞ്ചേരി വഴിയാണ്. യാ ത്രക്കാരുടെ ഇടത്താവളമായ ആയഞ്ചേരി വളർന്നു വികസിക്കാൻ സാധ്യതയുള്ള ടൗണാ ണ്.

24. കല്ലേരിയിലെ പാലം പുതുക്കി പണിയുകയും ആവശ്യമായ സ്ഥലങ്ങളിൽ ഓവുപാലങ്ങൾ നിർമ്മിക്കുകയും റോഡിൽ നിൽക്കുന്ന ഇലക് ട്രിക്/ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാ പിക്കുകയും വളവുകൾ നിവർക്കാനുള്ള പ്രവർ ത്തനങ്ങൾ നടത്തുകയും വേണം.

പട്ടിക 9-1

## കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പ്രവൃത്തികൾ

| നമ്പ്ര് | നടത്തിയ പ്രവൃത്തി | വാർഡ് | മുതൽമുടക്ക് |
|---|---|---|---|
| 1 | ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡ് | 4,5,6,7 | 1.75 ലക്ഷം |
| 2. | മിടിയേരി താഴം-വടകര മാഹികനാൽ റോഡ് പരിഷ്കരണം | 1 | 20,000 |
| 3. | തയ്യുള്ളതിൽ മുക്ക് - മംഗലാട് റോഡ് | 3 | 24,000 |
| 4. | കാവുങ്കൽ-ചരുവത്ത് നട റോഡ് പരിഷ്കരണം | 5 | 25,000 |
| 5. | തെക്കെ തറമ്മൽ റോഡ് പരിഷ്കരണം | 7 | 25,000 |
| 6. | കടമേരി മാക്കം മുക്ക്-ചരുവത്ത് നടറോഡ് | 6 | 50,000 |
| 7. | ആയഞ്ചേരി-റഹ്മാനിയ്യ ഹൈസ്ക്കൂൾ റോഡ് | 10 | 50,000 |
| 8. | അറപീടിക-ഭജനമഠംറോഡ് | 9 | 50,000 |
| 9. | തലപ്പൊയിൽ മുക്ക്- തയ്യുള്ളതിൽ റോഡ് | 8 | 11,000 |
| 10. | പൈങ്ങോട്ടായി - തറോപ്പൊയിൽ ഒന്തംറോഡ് | 9,10, | 10,7524 |
| 11. | പേരാക്കൂൽ - മിടിയേരി റോഡ് | 2 | 25,000 |
| 12. | നിലമന കുന്നു നടപ്പാത | 1 | 24,000 |
| 13. | കുന്നത്തുമ്മൽ താഴകുനി - പുലയൻറവിട പറമ്പ് മുക്ക് പരിഷ്കരണം | 3 | 14,000 |
| 14. | ഈരായിൻറവിട - പോസ്റ്റാഫീസ് നടപ്പാത | 2 | 15,000 |
| 15. | തയ്യുള്ളതിൽ മുക്ക - കോളോത്ത് മുക്ക് നടപ്പാത | 3 | 14,500 |
| 16. | മോറ്റുങ്കര - മാരാംവീട്ടിൽ താഴ നടപ്പാത | 5 | 14,300 |
| 17. | പള്ളിത്താഴ മുതൽ പനോളാണ്ടി നടപ്പാത | 7 | 14,000 |
| 18. | പൊക്ലാറത്ത് താഴ-ചീക്കിലോട്ട് യു. പി. സ്കൂൾ നടപ്പാത | 9 | 15,000 |
| 19. | മാണിക്കോത്ത് താഴ - കണ്ടാമ്പത്ത്താഴ - തറോപൊയിൽ നടപ്പാത | 10 | 14,671 |
| 20. | പുതിയോട്ടുംതാഴ നടപ്പാത | 3 | 7,000 |
| 21. | പാലേരി ഇല്ലത്ത് - പുളിക്കണ്ടിമുക്ക് നടപ്പാത | 5 | 14,300 |
| 22. | കടമേരി MUP RAC കോളേജ് നടപ്പാത | 5 | 20,000 |
| 23. | മുക്കടത്തുംവയൽ റോഡ് - മുക്കടത്തുംതാഴ നടപ്പാത | 5 | 20,000 |
| 24. | മുക്കടത്തുംവയൽ - അച്ചമ്പത്ത് നടപ്പാത | 3 | 15,000 |
| 25. | വെള്ളിലാട്ട് പൊയിൽ - വേളത്ത്താഴ കുനി നടപ്പാത | 4 | 25,000 |
| 26. | വെറിയക്കംപൊയിൽ സ്രാമ്പിമുക്ക് - കിളിയമ്മൽ മുക്ക് നടപ്പാത | 10 | 50,000 |
| 27. | അടുവാട്ടിൽ മുക്ക് - പൂവുള്ളതിൽ - അരൂർമലറോഡ് | 2 | 4,668 |
| 28. | നെല്ലാരത്ത്താഴ - പീറ്റയിൽ താഴറോഡ് | 5 | 4830 |
| 29. | കടമേരി ക്ഷേത്രം - കിളിയൻകുന്നുമ്മൽ നടപ്പാത | 6 | 4894 |
| 30. | അരതുരുത്തി, കോതുരുത്തി ബന്ധിപ്പിക്കുന്ന കോർപ്പാല നടപ്പാത | 9 | 4458 |
| 31. | മേലേടത്ത് മുക്ക് - തോണിയോട്ട്താഴ റോഡ് നിർമ്മാണം | 1 | 4757 |
| 32. | പുറ്റാംപൊയിൽ മുക്ക് - കോത്താണ്ടിമുക്ക് റോഡ് | 10 | 4767 |
| 33. | പഴയങ്ങോട്ട് താഴക്കുനി റോഡ് നടപ്പാത | 5 | 3072 |
| 34. | പുത്തൻ പുരയിൽ മുക്ക് - കോളോത്ത് തഴ നടപ്പാത | 8 | 5000 |
| 35. | വരിയിലാട്ട് താഴക്കുനിമുക്ക് - തയ്യിൽ മീത്തൽ നടപ്പാത | 3 | 46,360 |

പട്ടിക 9-2

## കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്ന പ്രവൃത്തികൾ

1. പെരുവട്ടശ്ശേരി നട റോഡിൽ നിന്നും സർവ്വീസ് ബേങ്ക് പരിസരത്തേക്ക് റോഡ് നിർമ്മാണം
2. പുതിയോട്ടിൽ മുക്ക്ചാക്കുമ്മൽ മുക്ക് റോഡ് നിർമ്മാണം.
3. ഒറ്റ മാവുള്ളതിൽ മുക്കു മുതൽ മലയിൽ താഴെ വരെ റോഡ് നിർമ്മാണം.
4. നെല്ലാരത്ത് മുക്കു മുതൽ പാലേരി താഴെ വരെ നടപ്പാത നിർമ്മാണം
5. മുള്ളൻവിട മുക്കു മുതൽ പനയം കുളങ്ങര താഴ നടപ്പാത.
6. ഊരാളി വീട്ടിൽ താഴമുതൽ പുതിയോട്ടിൽ മുക്ക് റോഡ് റിപ്പേർ
7. കാവുങ്കൽ ചരുവത്തുനട റോഡിൽ നാരങ്ങോളി തഴ മുതൽ കുന്നുമ്മൽ പറമ്പ്വരെയുള്ള ഭാഗം റിപ്പയർ
8. പൊന്മേരി ഗവ. യു. പി. സ്ക്കൂളിന് സമീപം മമ്മളേരി കുനി തോടിന് സ്ലാബ് നിർമ്മിക്കുന്നതിന് പുത്തരംപുരയിൽ താഴെ മുതൽ കോളോത്ത് താഴവരെ റോഡ് റിപ്പേർ
9. ആയഞ്ചേരി തെരു പെരുവട്ടശ്ശേരി നടറോഡിൽ ചാലിൽ താഴ ഭാഗം ആണിച്ചാൽ നിർമ്മാണം
10. വടകര മാഹി കനാൽ മേടിയേരി റോഡിൽ പറയത്തുഭാഗം റോഡ് റിപ്പയർ
11. സി. സി. പീടിക മുതൽ കല്യാറമ്പത്ത് മുക്ക് വരെ റോഡ് നിർമ്മാണം.
12. അറപീടിക ഭജനമഠം റോഡിൽ ആണിച്ചാൽ നിർമ്മാണം
13. കടമേരി തെരു കിഴക്കെ രയരോത്ത് താഴ റോഡ് പരിഷ്കരണ പ്രവൃത്തി.
14. പുത്തമ്പുരയിൽ മുക്ക് കോളോത്ത്താഴ റോഡ് നിർമ്മാണം
15. വെമ്പ്രോളിതാഴ റോഡ് നിർമ്മാണം, സ്ലേബ് നിർമ്മാണം
16. ഇയ്യോത്ത് പൊയിൽ സ്ലാബ് നിർമ്മാണം
17. ചാത്തോത്തുമുക്കു മുതൽ വലിയപറമ്പത്ത് മുക്കുവരെ റോഡ് നിർമ്മാണം
18. കിളിമ്മൽ മുക്കു പുറ്റോത്ത്മുക്കു റോഡ് പരിഷ്കരണം
19. കുനീമ്മൽ മുക്കു മുതൽ കുനിയിൽ മീത്തൽ മുക്കുവരെ റോഡ് നിർമ്മാണം
20 ആശാരിക്കണ്ടിമുക്കു മുതൽ കുനിയിൽ മീത്തൽ മുക്കുവരെ റോഡ് (നിർമ്മാണം) പരിഷ്കരണം.
21 ചൂരക്കുളങ്ങര താഴമുതൽ പുതിയോട്ടിൽക്ഷേത്രം വരെ നടപ്പാത നിർമ്മാണം.
22 തൈകണ്ടി മുക്കുമുതൽ പുത്തൂർമുക്കുവരെ റോഡ് പരിഷ്കരണം.
23 പനയം കുളങ്ങരതാഴെ മുതൽ കടമേരി എം. യു. പി. സ്ക്കൂൾ വരെ റോഡ് നിർമ്മാണം
24. കുരുമ്പേരി താഴകുനി സ്ലാബ് നിർമ്മാണവും റോഡ് റിപ്പയറും
25. പഴങ്ങാട്ട് താഴക്കുനി സ്ലാബ് നിർമ്മാണവും റോഡ് റിപ്പയറും
26. കുനിങ്ങാട് - വിലാതപുരം റോഡിൽ കപ്പനവീട്ടിൽ മുക്കു മുതൽ നായർകണ്ടി മീത്തൽ വരെ റോഡ് പരിഷ്കരണം.
27. ആയഞ്ചേരി - തിരുവള്ളൂർ മെയിൻറോഡിൽ നിന്നും ആയഞ്ചേരി ശിവക്ഷേത്രം വരെ റോഡ് നിർമ്മാണം.
28. കീരിയങ്ങാടി - പാറകുളങ്ങര റോഡ് പരിഷ്കരണം
29. ആയഞ്ചേരി തണ്ണീർപന്തൽ റോഡിൽ നിന്നും വളയൊടിച്ചിണ്ടിതാഴ വരെ നടപ്പാത നിർമ്മാണം.
30. RAC ഹൈസ്ക്കൂൾ - കുറ്റിക്കാട്ടിൽ 4 സെൻറ് കോളനി റോഡ് നിർമ്മാണം
31. പൊക്കിളാടത്ത് താഴെ ചീക്കിലോട് യു. പി. സ്ക്കൂൾ നടപ്പാത
32. കൂനോംതാഴ പാലം മുതൽ ചിറക്കൽ ഇടവഴി തണ്ണീർപന്തൽ റോഡ് നിർമ്മാണം

33. പുറ്റാംപൊയിൽ മുക്ക്കോരനാണ്ടിമുക്ക് റോഡ് നിർമ്മാണം
34. കാഞ്ഞിരാട്ട് മുക്ക് റഹ്മാനിയ്യ ഹൈസ്ക്കൂൾ അച്ചംകണ്ടിമുക്കു മുതൽ കാഞ്ഞിരാട്ട് മുക്കുവരെ റോഡ് പരിഷ്കരണം
35. തുണ്ടിയിൽ മുക്കു മുതൽ കണ്ടോമ്പത്ത് താഴവരെ റോഡ് നിർമ്മാണം
36. വലിയ പറമ്പ് മുക്കു മുതൽ ചൂരക്കുളങ്ങര തോട്വരെ റോഡ് നിർമ്മാണവും ചൂരകുളങ്ങര തോടിന് സ്ലാബ് നിർമ്മാണവും
37. ബലാരംകണ്ടി മുക്കു മുതൽ പഴേങ്ങാട്ട് മുക്കു വരെ റോഡ് നിർമ്മാണം
38. പൊക്ലാടത്ത് താഴ പുലതുരുത്തി നടപ്പാത നിർമ്മാണം
39. ഏരത്ത്മുക്ക് - കടമേരി ഗവ; ഡിസ്പെൻസറി റോഡ്
40. കൂനോംതാഴ പാലം - തച്ചനാണ്ടിമുക്ക് റോഡ്
41. കടമേരി മാക്കം മുക്ക് - ചരുവത്തുനട റോഡ്.

പട്ടിക 9-3

പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി

(അവലംബം റോഡ് രജിസ്റ്റർ)

| നമ്പർ | വാർഡ് | റോഡിൻെറ പേര് | ദൂരം കി.മീ | വീതി മീറ്റർ | ഉടമസ്ഥത P/PWD | ടാർ | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക് | ശ്രമദാനം ദിവസം | അറ്റകുറ്റ പണി | മണ്ണ്, ചരൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | | ആയഞ്ചേരി തെരു-മലോൽതാഴ | 4 | 4.5 | പി. | | | | | | | |
| 2. | | പൊന്മേരി എസ്. മുക്ക് - പനോളളതിൽ താഴ | 6 | 5 | പി. | | | | | | | |
| 3. | | തണ്ണീർപന്തൽ മുതൽ തൈക്കണ്ടി മുക്ക്-പാറേമ്മൽ ലക്ഷംവീട് സൈറ്റ്വരെ | 1.5 | 8 | പി. | | | | | | | |
| 4. | | പാറേമ്മൽ ലക്ഷംവീട് മുതൽ തൈക്കണ്ടിവരെ | 5 | 3 | പി. | | | | | | | |
| 5. | | കുമേരി തെരു മുതൽ റൂറൽ ഡിസ്പൻസറി വരെ | 1 | 4.5 | പി. | | | | | | | |
| 6. | | കടമേരി ക്ഷേത്രം മുതൽ കിളിയൻ കുന്നുമ്മൽ മുക്കുവരെ | 1 | 4.5 | പി. | | | | | | | |
| 7. | | കടമേരി തെരുവിൻ താഴമുതൽ നീലോത്ത്താഴ വരെ | 3 | 4 | പി. | | | | | | | |
| 8. | | കാറുങ്കൽ-ചരുവത്ത് നടറോഡ് | 2 | 4 | പി. | | | | | | | |
| 9. | | പൊക്ലാറത്ത്താഴ മുതൽ ദേവീവിലാസംLPസ്ക്കൂൾ വരെ | 3 | 7 | പി. | | | | | | | |
| 10. | | അറപ്പീടിക മുതൽ ആലം പള്ളി താഴവരെ | 1 | 6 | പി. | | | | | | | |
| 11. | | പൈങ്ങോട്ടായി - കുന്നുമ്മൽ പറമ്പ് | 6 | 5 | പി. | | | | | | | |
| 12. | | പൊന്മേരി ശിവക്ഷേത്രം-മാഹി കനാൽ റോഡ് | 3 | 5 | പി. | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 13. | | തെയ്യത്താംകാട് പാലേരി കുളം മുതൽ കടമേരി ഹെൽത്ത് സെൻറർ വരെ | 6 | 4 | പി. | | | | | | | |
| 14. | | കല്ലേരി പേരാക്കൂൽ മുതൽ വലിയ മലയിൽ ലക്ഷംവീട് സൈറ്റ് വരെ | 8 | 3 | പി. | | | | | | | |
| 15. | | കപ്പനവീട്ടിൽ മുക്ക് മുതൽ പുറമേരി പഞ്ചായത്ത് അതിർത്തി വരെ | 3 | 3 | പി. | | | | | | | |
| 16. | | പുതുകുളങ്ങര-പള്ളിയത്ത്താഴ | 2.5 | 3 | പി. | | | | | | | |
| 17. | | കടമേരി ക്ഷേത്രം മുതൽ ചാത്തോത്ത്മുക്ക് വരെ | 6 | 3 | പി. | | | | | | | |
| 18. | | ആശാരിക്കണ്ടിമുക്ക് മുതൽ മൂർച്ചിലോട്ട് താഴ വരെ | 4 | 2 | പി. | | | | | | | |
| 19. | | തലപ്പൊയിൽ താഴ മുതൽ പിലാത്തോട്ടത്തിൽ മുക്ക് വരെ | 1 | 3 | പി | | | | | | | |
| 20. | | കിഴക്കയിൽ മുക്ക്-മഠത്തിൽ കുന്നുമ്മൽ ഇട വഴി അരതുരുത്തി | 1 | 2.5 | പി | | | | | | | |
| 21. | | പുനത്തിക്കണ്ടി പറമ്പ് മുതൽ തേവർകണ്ടി പറമ്പ് വരെ | 5 | 3 | പി. | | | | | | | |
| 22. | | തയ്യുള്ളതിൽ താഴ മുതൽ കീഴൽ താഴ വരെ | 7 | 3 | പി. | | | | | | | |
| 23. | | കുന്നത്ത് താഴ മുതൽ മാതാം വീട്ടിൽ താഴവരെ | 2 | 3 | പി | | | | | | | |
| 24. | | മൂടാടി താഴ - പാലപ്പൊയിൽ റോഡ് | 3.5 | 3 | പി | | | | | | | |
| 25. | | തിരുവള്ളൂർ ആയഞ്ചേരി-കടമേരി റോഡിൽ കമ്പനി പീടിക മുതൽ കടമേരി അമ്പലം വരെ | 2 | 7 | പി | | | | | | | |
| 26. | | പാലപ്പൊയിൽ റോഡ് മുതൽ കച്ചേരിപ്പറമ്പ് വരെ | 3.5 | 3 | പി | | | | | | | |
| 27. | | മണലേരി പാറമുതൽ പുത്തൻ പുരയിൽ റോഡ് വരെ | 5 | 3 | പി | | | | | | | |
| 28. | | കീഴത്ത്മുക്ക് റോഡ് മുതൽ പുതിയോട്ടുംതാഴ റോഡ് വരെ | 6 | 3 | പി | | | | | | | |
| 29. | | പുത്തൻ പുരയിൽ റോഡ് മുതൽ മൂടാടിത്താഴ റോഡ് വരെ | 5 | 3 | പി | | | | | | | |
| 30. | | ചീക്കിലോട് യു. പി. സ്കൂൾ മുതൽ തുലാറ്റും നട വരെ | 7 | 3 | പി | | | | | | | |
| 31. | | മീത്തലെ പനയുള്ളതിൽ പറമ്പ് മുതൽ കിഴക്കയിൽ മുക്ക് വരെ | 7.5 | 3 | പി | | | | | | | |
| 32. | | കുറ്റിക്കാട്ടിൽ പറമ്പ് മുതൽ അക്കരോത്ത് പറമ്പ് വരെ | 5 | 3 | പി. | | | | | | | |
| 33. | | പുറ്റോൽമുക്ക്-കനാലിയോട്ട് റോഡ് | 10.30 | 7 | പി | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 34. | | നളോം കോറോൽ - മുച്ചിലോട്ട് താഴ റോഡ് | 1 | 7 | പി | | | | | | | |
| 35. | | ഡബിൾപോസ്റ്റ്-പുളിയൻകോട് താഴ റോഡ് | 3.60 | 7 | പി | | | | | | | |
| 36. | | തയ്യിൽമുക്ക് പടിഞ്ഞാറൻ താഴ റോഡ് | 1.95 | 7 | പി | | | | | | | |
| 37. | | കാഞ്ഞിരമുള്ള പറമ്പ് കിഴക്കയിൽ മുക്ക് റോഡ് | 7 | 7 | പി | | | | | | | |
| 38. | | പുത്തൻ പുരയിൽ മുക്ക് കയ്യടിപ്പാറ റോഡ് | 1 | 7 | പി | | | | | | | |
| 39. | | തയ്യുള്ളതിൽ മുക്ക് - കയ്യടിപ്പാറ റോഡ് | 3.80 | 7 | പി | | | | | | | |
| 40. | | തെക്കെയിൽതാഴ-വാളാഞ്ഞിതാഴ കനാൽറോഡ് | 8.50 | 6 | പി | | | | | | | |
| 41. | | കാരമ്പറ്റ മുക്ക് - മലമ്മൽ മുക്ക് റോഡ് | 3 | 7 | പി | | | | | | | |
| 42. | | വരയാലിൽ മുക്ക് - ഗണപതിമുക്ക് റോഡ് | 4.50 | 7 | പി | | | | | | | |
| 43. | | അരയാറ്റുള്ളതിൽ മുക്ക് മേച്ചേരി ഇട റോഡ് | 4.20 | 5 | പി | | | | | | | |
| 44. | | പീടികക്കത്താഴ - മേലേയരു ക്കണിമുക്ക് റോഡ് | 2 | 6 | പി | | | | | | | |
| 45. | | കിഴക്കെ മലമ്മൽ മുക്ക്-കുളങ്ങര ക്കുന്നുമ്മൽ റോഡ് | 3 | 5 | പി | | | | | | | |
| 46. | | മുക്കടത്തുംവയൽ-തെക്കെ തറോൽ റോഡ് | 3.40 | 5 | പി | | | | | | | |
| 47. | | വില്ല്യാപ്പള്ളി - ആയഞ്ചേരി പീടികക്കണ്ടിമുക്ക് റോഡ് | 4.50 | 6 | പി | | | | | | | |
| 48. | | തെക്കെതിമ്മൽ ഹരിജൻകോളനി റോഡ് പുറമേരി പഞ്ചായത്ത് ബൗണ്ടറി റോഡ് | 2.50 | 6 | പി | | | | | | | |
| 49. | | കിളിയമ്മൽ മുക്ക്-പുറ്റോൽ മുക്ക് റോഡ് | 3 | 6 | പി | | | | | | | |
| 50. | | ഇമ്പിയോട്ടുകുന്നു മീത്തലെ പീടിക ലക്ഷംവീട് റോഡ് | 4 | 2 | പി | | | | | | | |
| 51. | | വെളുത്ത പറമ്പത്ത് മുക്ക് മുതൽ RAC ഹൈസ്ക്കൂൾ ടച്ച് ചെയ്ത് വരുന്ന പഞ്ചായത്ത് അതിർത്തി വരെയുള്ള റോഡ് | 5 | 3 | പി | | | | | | | |
| 52. | | ആയഞ്ചേരി വെളമ്പിതെരുവിൽ താഴ-വള്ള്യാട്റോഡ് | 1. | 6 | പി | | | | | | | |
| 53. | | പൂക്കണ്ടി മുക്ക് - പുനത്തിൽ മുക്ക് റോഡ് | 7.50 | 3 | പി | | | | | | | |
| 54. | | കാഞ്ഞിരാട്ട്മുക്ക് മുതൽ റഹ്മാനിയ ഹൈസ്ക്കൂൾ റോഡ് | 1 | 3 | പി | | | | | | | |
| 55. | | മലയനാണ്ടിതാഴ മുതൽ ചാത്തോത്ത് പറമ്പ് വരെ റോഡ് | 1.80 | 3 | പി | | | | | | | |
| 56. | | വലിയമലയിൽ ലക്ഷംവീട് സൈറ്റ് മുതൽ മിടിയേരിതാഴ വരെ റോഡ് | 1.75 | 3 | പി | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 57. | | മാങ്ങോളതിൽ മുക്ക് മുതൽ കുറിച്ചിക്കണ്ടി താഴ വരെയുള്ള റോഡ് | 2.50 | 4 | പി | | | | | | | |
| 58. | | തേറത്ത്മുക്ക് - മഞ്ചക്കണ്ടിഭാഗം റോഡ് | 2.50 | 3 | പി | | | | | | | |
| 59. | | കുററ്യാടിപ്പൊയിൽ - കനാൽ റോഡ് | 2.20 | 3.5 | പി | | | | | | | |
| 60. | | കിഴക്കയിൽ മുക്ക് - വാളാഞ്ഞിപ്പാലം റോഡ് | 6.25 | 4 | പി | | | | | | | |
| 61. | | പിലാക്കണ്ടിമുക്ക്- കാർത്തികപ്പള്ളി റോഡ് | 5.40 | 3.5 | പി | | | | | | | |
| 62. | | കൊയിലോത്തുതാഴ- കണിയാങ്കണ്ടി പറമ്പ് റോഡ് | 5.40 | 3 | പി | | | | | | | |
| 63. | | താഴത്തേൽ ഇടവഴി- ചെറിയൻഗ്രേജ് റോഡ് | 4.05 | 4 | പി | | | | | | | |
| 64. | | തുണ്ടിക്കണ്ടിമുക്ക് തെക്കെയിൽ പൊയിൽ റോഡ് | 7.10 | 3 | പി | | | | | | | |
| 65. | | പൊട്ടൻെറവിട വഴിമുതൽ പുതു ശ്ശേരി കണ്ടിമുക്ക് വരെ റോഡ് | 5.65 | 3 | പി | | | | | | | |
| 66. | | പാറേമ്മൽ-പുളിലാവുമ്മൽ റോഡ് | 2.50 | 3 | പി | | | | | | | |
| 67. | | കീരിയങ്ങാടികനാൽ-പാറ കുളങ്ങര പറമ്പ് റോഡ് | 5.90 | 3 | പി | | | | | | | |
| 68. | | ടി.സി.മുക്ക് മുതൽ മുച്ചിലോട്ട് താഴ വരെ റോഡ് | .80 | 6 | പി | | | | | | | |
| 69. | | ചെറിയപുനത്തിൽ പുതുക്കുടിതാഴ റോഡ് | 3.76 | 5 | പി | | | | | | | |
| 70. | | ചെറിമാങ്കണ്ടി പറമ്പ് മുതൽ താഴെ കുനി താഴ നടപ്പാത | 4.50 | 3 | പി | | | | | | | |
| 71. | | അച്ചാറമ്പത്ത് മുക്ക് മുതൽ പന്നാറമ്പത്ത് കണ്ടി വരെ റോഡ് | 3.05 | 3 | പി | | | | | | | |
| 72. | | മലയിൽ മുക്ക് മുതൽ മുതുവന ക്കണ്ടി വരെ റോഡ് | 400 | 3 | പി | | | | | | | |
| 73. | | നെല്ലോളിതഴ മുതൽ തച്ചോളിക്കൽ താഴ വരെ റോഡ് | 1.80 | 3 | പി | | | | | | | |
| 74. | | നെല്ല്യുള്ളതിൽ മുക്ക് മുതൽ മാഹികനാൽ റോഡ് | 1 | 3 | പി | | | | | | | |
| 75. | | കുണ്ടാലിൽ മുക്ക് മുതൽ വരയാലിൽ പൊയിൽ വരെ | .75 | 3 | പി | | | | | | | |
| 76. | | തച്ചിലേരി താഴകുനി റോഡ് | 2 | 6 | പി | | | | | | | |
| 77. | | മാങ്ങോട് ഭജനമഠം മുതൽ തയ്യുള്ള കേളോത്ത് മുക്ക് വരെ | 5.50 | 3 | പി | | | | | | | |
| 78. | | സി. സി. പീടിക മുതൽ കണ്ടോത്ത് താഴ വരെ | 2.00 | 3 | പി | | | | | | | |
| 79. | | കുറ്റ്യാടിപ്പൊയിൽ - തേവർകണ്ടി റോഡ് | 3.30 | 3 | പി | | | | | | | |
| 80. | | സുഭാഷ് ഗ്രന്ഥശാല മുതൽ ആയഞ്ചേരി കടമേരി റോഡ് വരെ | 3.25 | 3 | പി | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 81. | | കവണേരി പറമ്പ് മുതൽ ആയഞ്ചേരി-തിരുവള്ളൂർ റോഡ് | 6 | 3 | പി | | | | | | | |
| 82. | | പുത്തൻ പുരയിൽ മുക്ക് മുതൽ പുതിയോട്ടിൽ മുക്ക് വരെ | 3.3 | 4 | പി | | | | | | | |
| 83. | | കല്ലുള്ള പറമ്പത്ത് മുക്ക് പുതിയോട്ടിൽ മുക്ക് | 2.20 | 3 | പി | | | | | | | |
| 84. | | പടിഞ്ഞാറയിൽ മുക്ക് മുക്കടത്തിൽ ഇട വരെ | 2.60 | 3 | പി | | | | | | | |
| 85. | | കാഞ്ഞിരാട്ട് മുക്ക് മുതൽ കറ്റോടിച്ചാലിൽ വഴി തോലാത്തിമുക്ക് വരെ | 3.00 | 3 | പി | | | | | | | |

പട്ടിക 9-4

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| ക്രമ ന. | റോഡ് | ഉടമസ്ഥത | ദൂരം |
|---|---|---|---|
| 1. | ആയഞ്ചേരി തിരുവള്ളൂർ റോഡിൽ പൈങ്ങോട്ടായി വരെ | പി.ഡബ്ല്യു. ഡി | 2.5 കി.മി. |
| 2. | കാവിൽ തീക്കുനി റോഡിൽ ചുണ്ടക്കൈ മുതൽ തുലാറ്റുംതാഴ വരെ | " | 1.5 കി. മി. |
| 3. | ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡ് | പി. | 6 കി. മി. |
| 4. | വടകര -ചേലക്കാട് റോഡിൽ വില്ല്യാപ്പള്ളി സബ്. രജിസ്ട്രാഫീസ് മുതൽ തണ്ണീർപന്തൽ വരെ | " | 5 കി.മി. |
| 5. | എസ്റ്റ്. മുക്ക് മുതൽ അഞ്ചുകണ്ടം ട്രാൻസ്ഫോർമർ മുക്ക് വരെ | പി.ഡബ്ല്യു.ഡി | 1 കി.മി. |
| 6. | ആയഞ്ചേരി തെരു- പെരുവച്ചേരി റോഡ് | " | 800 മി. |
| 7. | പൊക്ലാറത്ത് താഴ-മാണിക്കോത്ത് നടറോഡ് | " | 2.5 കി.മി. |
| 8. | പൊയിൽ മുക്ക് -ദേവി വിലാസം റോഡ് | " | 1 കിമി. |
| 9. | അറപ്പീടിക-ഭജനമഠം റോഡ് | " | 520 മി. |
| 10. | തണ്ണീർപന്തൽ-എളയടം-അരൂർ റോഡ് തണ്ണീർപന്തൽ മുതൽ കോറോത്ത് മുക്ക് വരെ | " | 1 കി.മി. |

പട്ടിക 9-5

## പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ദൂരം കി.മീ. | വീതി മീ |
|---|---|---|---|---|
| 1. | പൊന്മേരി ശിവക്ഷേത്രം-<br>മാഹി കനാൽ റോഡ് | 1 | 3 | 6 |
| 2. | കച്ചേരിപറമ്പ്-കാർത്തികപ്പള്ളി റോഡ് | 1 | 2.5 | 4 |
| 3. | കല്ലുള്ള പറമ്പത്ത് മുക്ക്-തയ്യിൽമുക്ക്-കുറ്റ്യാടി ഇറിഗേഷൻ റോഡ് | 2 | 2 | 5 |
| 4. | പേരാക്കൂൽ-മിടിയേരിതാഴ റോഡ് | 2 | 1.5 | 4 |
| 5. | തയ്യുള്ളതിൽ മുക്ക്-മംഗലാട് അക്വഡക്റ്റ് റോഡ് | 3 | 2 | 4 |
| 6. | കടമേരി ക്ഷേത്രമുക്ക്-ആമേരി പാറമുക്ക് റോഡ് | 3 | 1 | 4 |
| 7. | ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡ് (റീടാറിംഗ്) | 4 | 6 | 6 |
| 8. | ആയഞ്ചേരിതെരു -പെരുവച്ചേരി നടറോഡ് | 4 | 3 | 6 |
| 9. | മുക്കടത്തുംവയൽ -തെക്കേതറമ്മൽ ഹരിജൻ കോളനി റോഡ് | 7 | 2 | 5 |
| 10. | ഇടവനമുക്ക് മുതൽ എരവത്ത്മുക്ക് വരെ | 7 | 1 | 4 |
| 11. | ഏരത്ത്മുക്ക്-കുന്നുമ്മൽ താഴ-കടമേരി ഡിസ്പൻസറി റോഡ് | 5 | 3 | 4 |
| 12. | നെല്ലാരത്ത് മുക്ക്-പാലേരി താഴ റോഡ് | 5 | 1 | 4 |
| 13. | കൂനോംതാഴ പാലം-തച്ചിനാണ്ടിമുക്ക് റോഡ് | 5 | 2 | 4 |
| 14. | കീരിയങ്ങാടി-തണ്ണീർപന്തൽ കെനാൽ റോഡ് | 5 | 1 | 4 |
| 15. | തെയ്യത്താംകാട്ടിൽ മുക്ക്-പാലേരി താഴ റോഡ് | 5 | 1.5 | 4 |
| 16. | കടമേരി തെരു -പ്രൈമറി ഹെൽത്ത് സെൻറർ റോഡ് | | 1 | 4 |
| 17. | മുള്ളൻറവിട മുക്ക്-പനയൻ കുളങ്ങര റോഡ് | | 1.5 | 4 |
| 18. | കീരിയങ്ങാടി മുക്ക്-മംഗലാട് കെനാൽ റോഡ് | | 5 | 4 |
| 19. | കാവുങ്കൽ-ചരുവത്ത് നട റോഡ് | | 2 | 6 |
| 20. | തൈക്കണ്ടിമുക്ക് കൂനോംതാഴ റോഡ് | | 1 | 4 |
| 21. | കപ്പനവീട്ടിൽ മുക്ക്-വിലാതപുരംറോഡ് | | 3 | 6 |
| 22. | വെമ്പ്രോളിമുക്ക് - കനാൽ റോഡ് | | 1 | 4 |
| 23. | തണ്ണീർപന്തൽ-ആർ.എ. സി. റോഡ് | | 5 | 4 |
| 24. | പന്തപ്പൊയിൽ-ദേവീവിലാസം റോഡ് | | 5 | 6 |
| 25. | പുറ്റോൽ മുക്ക്-കിളിയമ്മൽ മുക്ക് | | 1 | 4 |
| 26. | പൈങ്ങോട്ടായി-തറോപൊയിൽ ഒന്തംറോഡ് | | 1.75 | 6 |
| 27. | കിഴക്കയിൽ മുക്ക്-അരതുരുത്തികുന്ന് റോഡ് | | 1 | 4 |
| 28. | കിഴക്കയിൽ മുക്ക്-കുളങ്ങരത്ത് പട്ടികജാതി കോളനി റോഡ് | | 1 | 4 |
| 29. | അച്ചൻകണ്ടി മുക്ക്-കാഞ്ഞിരാട്ട് മുക്ക് റോഡ് | | .75 | 4 |
| 30. | മലേൻറകണ്ടിമുക്ക് -അഞ്ചുകണ്ടം റോഡ് | | 1.5 | 5 |
| 31. | കാമ്പ്രത്ത് മുക്ക്-റഹ്മാനിയാ ഹൈസ്ക്കൂൾ റോഡ് | | 5 | 4 |
| 32. | പുളിക്കണ്ടിമുക്ക്-പാലേരിതാഴ റോഡ് | | 1 | 4 |
| 33. | മുക്കടുത്തുംവയൽ-ചീക്കിലോട് യു. പി. സ്കൂൾ റോഡ് | | 2 | 6 |
| 34. | തലപ്പൊയിൽ മുക്ക്-ചീക്കിലോട് യു. പി. സ്ക്കൂൾ റോഡ് | | 1.5 | 4 |
| 35. | വൈദ്യർമുക്ക്-കീഴ്ത്താഴ റോഡ് | | 1 | 4 |

പട്ടിക 9-6

## പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | റോഡ് |
|---|---|
| 1. | കൂനോംതാഴ പാലം-ചിറക്കൽ താഴ-തണ്ണീർ പന്തൽ റോഡ് |
| 2. | പാറകുളങ്ങര മുക്ക്-പുതുശ്ശേരി മുക്ക് റോഡ് |
| 3. | ചാത്തോത്ത് മുക്ക്-പുതുശ്ശേരി കണ്ടി റോഡ് |
| 4. | പാറകുളങ്ങര-തയ്യിൽ മുക്ക് റോഡ് |
| 5. | കുനിയിൽ പറമ്പ്-പഴയങ്ങാട്ട് മുക്ക് റോഡ് |
| 6. | മമ്മിലേരി താഴ-കടമേരി ഡിസ്പൻസറി റോഡ് |
| 7. | നീലഞ്ചേരികണ്ടി മുക്ക- നരിയൻ ചിറക്കൽമുക്ക് റോഡ് |
| 8. | ചാലിൽ മുക്ക്-മാരംവീട്ടിൽ താഴറോഡ് |
| 9. | കാട്ടിൽ മുക്ക്-വടക്കേപറമ്പത്ത് മുക്ക് റോഡ് |
| 10. | എടവത്ത് മുക്ക്-നാച്ചാണ്ടി താഴ റോഡ് |
| 11. | വാപ്രത്ത്താഴ-മിടിയേരി റോഡ് |
| 12. | പുതുക്കുടിതാഴ-നെല്ല്യോട്ട്താഴ റോഡ് |
| 13. | മേലേടത്ത് മുക്ക് മുതൽ കനാൽ വരെ |
| 14. | പിലാക്കണ്ടി-പുത്രട്ടതാഴ റോഡ് |
| 15. | കച്ചേരിപറമ്പ്-ട്രാൻസ്ഫോർമർ മുക്ക് കനാൽ റോഡ് |
| 16. | അയോത്ത് മുക്ക്-വള്ളിൽമുക്ക് റോഡ് |
| 17. | കല്ലേരിതാഴ മുതൽ പറമ്പിൽ പള്ളി വരെ റോഡ് |
| 18. | പേരാക്കൂൽ 4 സെൻറ് കോളനി മുതൽ കേളംകണ്ടി മുക്ക് വരെ |
| 19. | വടക്കയിൽ മുക്ക് മുതൽ മാവുള്ള പറമ്പത്ത് വരെ |
| 20. | തയ്യിൽ മുക്ക് മുതൽ അരൂറ ടാങ്ക് വരെ |
| 21. | പനയുള്ളതിൽ മുക്ക് മുതൽ തിരുവോത്ത് കനാൽ വരെ |
| 22. | കല്ലേരി മുതൽ അഞ്ചുകണ്ടം വരെ |
| 23. | കൂവ്വാട്ട് ക്ഷേത്രം മുതൽ പാറന്തോടി മുക്ക് വരെ |
| 24. | കല്ലേരി മുതൽ കുളങ്ങരത്ത് എൽ. പി. സ്കൂൾ വരെ |
| 25. | കീരിയങ്ങാടി മുതൽ കിഴക്കയിൽ താഴ വഴി അഞ്ചുകണ്ടം വരെ |
| 26. | ചെറിയ മലോൽ മുക്ക് മുതൽ മുപ്പറ്റ മുക്കു വരെ |
| 27. | നെരോത്ത് മുക്ക് മുതൽ പുതുശ്ശേരി മുക്ക് വരെ |
| 28. | പുലയൻ കുനി മുക്ക്-കല്ലിങ്കൽ മീത്തൽ-തയ്യിൽ കനാൽ റോഡ് |
| 29. | പാറകുളങ്ങര മുക്ക്-അക്രോൽ മുക്ക് |
| 30. | കീരിയങ്ങാടി-തണ്ണീർപന്തൽ-കനാൽ റോഡ് |
| 31. | കീരിയങ്ങാടി-പാറകുളങ്ങര മുക്ക് |
| 32. | കടമേരി കൂനോം താഴ പാലം-ചിറക്കൽ താഴ- RAC റോഡ് |
| 33. | വെമ്പ്രോളി തഴ മുതൽ മഞ്ചക്കണ്ടി പാറക്കുളങ്ങര റോഡ് |
| 34. | പനയുള്ളതിൽ മുക്ക്-കുളങ്ങര മുക്ക് |
| 35. | തയ്യിൽ മുക്ക് ഇറിഗേഷൻ റോഡ് മുതൽ അരൂറ മല ഒറ്റമാവുള്ളതിൽ പറമ്പിൽ റോഡ് |
| 36. | മലോൽ മുക്ക്-വലിയാണ്ടിമുക്ക് റോഡ് |
| 37. | വലിയാണ്ടിമുക്ക്-കല്ലേരി റോഡ് |

38. ഏരത്ത്മുക്ക്-ആശുപത്രി റോഡ്
39. മാണിക്കോത്ത് താഴ-പനയൻ കുളങ്ങര റോഡ്
40. കുണ്ടാലിൽ ഇട മുതൽ പുതിയോട്ടിൽ ക്ഷേത്രം വഴി ചൂരക്കുളങ്ങര ഇടവഴി വരെ
41. ആയഞ്ചേരി-കടമേരി റോഡിൽ നിന്ന് കുറ്റിവയൽ പ്രദേശത്തേക്ക് റോഡ്
42. താഴത്തയിൽ ഇടവഴി പഞ്ചായത്ത് ശ്മശാനം വരെ റോഡ്
43. കടമേരി പി. എച്ച്. സി. യിലേക്ക് പാന്തോക്കാൽ ഇടവഴി പെരിങ്ങോട്ടിൽ ഇട വരെ റോഡ്
44. പാറക്കണ്ടി പാറ-പുറ്റംകണ്ടി മുക്ക് റോഡ്
45. മടോള്ളതിൽ കുന്ന്-ആയഞ്ചേരി ടൗൺ റോഡ്
46. മുക്കടത്തുംവയൽ - ട്രാൻസ്ഫോർമർ മുക്ക്-പറമ്പത്ത് മീത്തൽ മുക്ക് റോഡ്
47. ചങ്ങാരച്ച്കണ്ടി താഴ-കൊട്ടോംങ്ങി മുക്ക് റോഡ്
48. ചീക്കിലോട് യു. പി.-പുറ്റാംപൊയിൽ പള്ളിത്താഴ റോഡ്
49. ദേവി വിലാസം സ്കൂൾ -തേവർ കുന്ന് 4 സെൻറ് കോളനി റോഡ്
50. കോമത്ത് മുക്ക്-ഏറാളൻ മല റോഡ്
51. ചാലിൽ സ്രാമ്പി-നടുക്കണ്ടി മുക്ക് റോഡ്
52. കോമത്ത് മുക്ക് -ചെറിയാൻ മുക്ക് റോഡ്
53. നിടുവാമ്പ്രത്ത് -കോഴിക്കൽ റോഡ്
54. തുടൂക്കാടൻ പൊയിൽ-പനോളി തഴറോഡ്
55. പന്തപ്പൊയിൽ-പനോളിതാഴ റോഡ്
56. ചേറ്റുകെട്ടി-തച്ചോറക്കൽ ലിങ്ക്റോഡ്
57. അച്ചാറമ്പത്ത് താഴ വിരമ്പിൽ റോഡ്
58. മാത്തിൽ കുന്നുമ്മൽ താഴ-പുലത്തുരുത്തിറോഡ്
59. കോറംകുന്ന്-പിലാവുള്ളതിൽ റോഡ്
60. കുറൂള്ളിമുക്ക് മുതൽ പഴയതെരുവത്ത് മുക്ക് റോഡ്
61. കിളിയമ്മൽ മുക്ക്-അടുക്കോത്ത് മുക്ക് റോഡ്
62. തുണ്ടിയിൽ മുക്ക്-കൂമുള്ളകണ്ടിമുക്ക് റോഡ്
63. കണ്ടാമ്പത്ത്താഴ - പൊയിൽ മുക്ക് റോഡ്.
64. കാട്ടിൽ മുക്ക് വട്ട്യാംകാട്ടിൽ കറ്റോടിച്ചാൽ റോഡ്
65. കല്ല്വെട്ടി പൊയിൽ മുക്ക്-മലയിൽ മുക്ക് റോഡ്
66. കാഞ്ഞിരാട്ട് മുക്ക്-കറ്റോടിച്ചാലിൽ റോഡ്
67. കുന്നുമ്മൽ മുക്ക്-വട്ട്യാൻകാട്ടിൽ കുന്ന് റോഡ്
68. ചീക്കിലോട് യു.പി. സ്കൂൾ-തയ്യുള്ളതിൽ മുക്ക് റോഡ്
69. ചീക്കിലോട് യു.പി. സ്കൂൾ -പൊക്ലാർത്ത് താഴ റോഡ്
70. കവണേരിതാഴ-കുറ്റ്യാടി പൊയിൽ റോഡ്
71. കൊയിലോത്ത് താഴ-കരുവാങ്കണ്ടി താഴ റോഡ്
72. അരതുരുത്തി - കോതുരുത്തികുന്നുകളെ ബന്ധിപ്പിക്കുന്ന റോഡും പാലവും
73. ആയഞ്ചേരി-കടമേരി റോഡിൽ നിന്നും പള്ളിയടിച്ചാണ്ടി ശ്മാശാനം റോഡ്
74. കാറുങ്കൽ -കോമത്ത് താഴ റോഡ്
75. മലയൻ ചാത്തോത്ത് മുക്ക്-കുന്നീമ്മൽ മുക്ക് നടപ്പാത വരെ
76. പുതിയോട്ടിൽ മുക്ക് - മലയിൽ കുന്നു വരെ
77. കിളിയമ്മൽ മുക്ക് - ചെറിയാണ്ടി സ്കൂൾ മുക്ക് വരെ

| | |
|---|---|
| 78. | ചെറുവലത്ത് മുക്ക് മുതൽ അവണായിതാഴ വരെ റോഡ് |
| 79. | അരതുരുത്തി -പൊയിൽ റോഡ് |
| 80. | വാളാഞ്ഞിത്താഴ - എലത്തുരുത്തി താഴ റോഡ് |
| 81. | തുപ്പനാരിമുക്ക്-നെരോത്ത് മുക്ക് റോഡ് |
| 82. | പൊട്ടൻറവിട-പീറ്റയിൽ മുക്ക് റോഡ് |
| 83. | തെക്കയിൽ പൊയിൽ-പുലതുരുത്തി റോഡ് |
| 84. | വെമ്പ്രോളിതാഴ മുതൽ തേറത്ത് മീത്തൽ കനാൽ റോഡ് |
| 85. | താഴെപനയുള്ളതിൽ മുക്ക്-കുയ്യടി പാറ റോഡ് |
| 86. | വലിയാണ്ടിമുക്ക്-ഹയാത്തുൽ ഇസ്‌ലാം മദ്രസ്സ റോഡ് |
| 87. | പൂവുള്ളതിൽ മുക്ക്-വരിക്കോടി താഴ റോഡ് |
| 88. | സി.സി. പീടിക-മംഗലാട് റോഡ് |
| 89. | പൊട്ടൻറവിട -ചെട്ട്യാംപറമ്പത്ത് റോഡ് |

പട്ടിക 9.7

## റോഡിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ

1. റഹ്മാനിയ്യ ഹൈസ്കൂൾ - പൈങ്ങോട്ടായി റോഡിൽ മദ്രസ്സ മുക്ക് മുതൽ അച്ചങ്കണ്ടി മുക്ക് വരെ
2. പുലിക്കാട്ട് മുക്ക് - കിഴക്കെ മലമ്മൽ - റഹ്മാനിയ്യ ഹൈസ്കൂൾ റോഡിൽ പുറ്റോൽ മുക്ക് മുതൽ കോട്ടക്കണ്ടി മുക്ക് വരെയും, തുണ്ടിയിൽ മുക്ക് മുതൽ അച്ചങ്കണ്ടി മുക്കുവരെയും
3. കിളിയമ്മൽ മുക്ക് - പുറ്റോൽ മുക്ക് റോഡിൽ കുനീമ്മൽ മുക്ക് മുതൽ ചിറാക്കണ്ടി മുക്ക് വരെ
4. കാഞ്ഞിരാട്ട് മുക്ക്-റഹ്മാനിയ്യ ഹൈസ്കൂൾ റോഡിൽ അയ്യങ്കണ്ടി മുക്ക് മുതൽ കാഞ്ഞിരാട്ട് മുക്ക് വരെ
5. പൊക്ലാരത്ത് താഴ മാണിക്കോത്ത് നട റോഡിൽ ചെറിയാണ്ടി സ്കൂൾ - തറൊപൊയിൽ ടൗൺ - കേളൊത്ത്കണ്ടി മുക്ക് മുതൽ പാലിയാട്ട് പള്ളിമുക്ക് വരെ
6. അറപീടിക ഭജനമഠം റോഡിൽ കോമത്ത് ക്ഷേത്രം മുതൽ രയരോത്ത് കുനി മുക്ക് വരെ
7. തോണിയോട്ട് താഴമുതൽ കാഞ്ഞിരവയൽ താഴ വരെ
8. തയ്യുള്ളതിൽ മുക്ക് എം.എൽ.എ. റോഡിൽ തത്തംകോട്ട് മുക്ക്
9. കുളങ്ങരത്ത് പട്ടിക ജാതി കോളനി റോഡിൽ പീടികകണ്ടി മുക്ക് ചെറുവത്ത് താഴ
10. മലേൻറകണ്ടി മുക്ക്-അഞ്ചുകണ്ടം റോഡിൽ മണിയോത്ത് താഴ
11. തയ്യുള്ളതിൽ മുക്ക്-മങ്ങലാട്ട് റോഡിൽ തൈക്കണ്ടി പൊയിൽ മുക്ക്
12. ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡിൽ കടമേരിതെരു, കീരി അങ്ങാടി ആയഞ്ചേരിത്തെരുവിൻ താഴെ
13. കാവിൽ - തീക്കുനി റോഡിൽ നാളോംകൊറോൽ താഴ
14. കൂനോം താഴ പാലം-തച്ചനാണ്ടി റോഡ്, കൂതോം താഴ ഭാഗം
15. തണ്ണീർ പന്തൽ അരൂർ - റോഡിൽ തോണിയോത്ത് മുക്ക്, കാട്ടിൽ മുക്ക്, തച്ചനാണ്ടി പീടിക മുൻഭാഗം
16. എടവത്ത് മുക്ക് റോഡിൽ നാച്ചാണ്ടിതാഴ
17. ഏരത്ത് മുക്ക് - ഡിസ്പെൻസറി റോഡിൽ വടക്കയിൽ മുക്ക്, കുയ്യാലിൽ മുക്ക്

പട്ടിക 9.8

## പരിഷ്കരണ പ്രവൃത്തി നടത്തേണ്ടതും, പുതുതായി നിർമ്മിക്കേണ്ടതുമായ നടപ്പാതകൾ

1. പായത്ത്താഴ മുതൽ കനാൽ വരെയുള്ള നടപ്പാത (തുടർച്ച)
2. മിടിയേരി താഴ -വാപ്രത്ത് താഴ
3. പേരാകൂൽ മുതൽ കുളങ്ങരത്ത് സ്കൂൾ വരെ
4. അരീക്കൽ മുക്ക് - ഒറ്റപിലാവുള്ളതിൽ മുക്ക് വരെ
5. കുയ്യടി പാറക്ക് അടുത്തുകൂടി നടപ്പാത
6. കൂവാട്ട് മുതൽ പിലാവുള്ളതിൽ വരെ
7. കീരിയങ്ങാടി - നാച്ചാണ്ടിതാഴ - തണ്ണീർപന്തൽ
8. കീരിയങ്ങാടി കല്ലിങ്കൽ നടപ്പാത
9. മാരാംവീട്ടിൽ താഴ ഡിസ്പെൻസറി നടപ്പാത
10. മമ്മിലേരി താഴ-ഡിസ്പെൻസറി നടപ്പാത
11. കെ.വി. പീടിക മുക്ക്-പാലേരി താഴ നടപ്പാത
12. പാലേരി ചിറ-നടുവിലക്കണ്ടി നടപ്പാത
13. താഴെ നുപ്പറ്റ-പാറകുളങ്ങര നടപ്പാത
14. കുന്നുമ്മൽ മുക്ക്-കുയ്യാലിൽ മുക്ക് നടപ്പാത
15. കീരിയങ്ങാടി-കുനിതല മുക്ക് നടപ്പാത
16. വള്ള്കണ്ടി താഴ മുതൽ പുളികൂൽ താഴ വരെ
17. കണ്ണോത്ത് മുക്ക് മുതൽ കടമേരി എസ്.എം.എൽ.പി. മുക്ക് വരെ
18. ചാലിൽ താഴ മുതൽ പാലോളി താഴ വരെ
19. കൂവ്വാട്ട് മുതൽ പിലാവുള്ളതിൽ വരെ
20. ഈങ്ങാട്ട് മീത്തൽ കനാൽ മുതൽ കക്കുന്നത്ത് താഴ വരെ
21. കല്ലേരി ലക്ഷംവീട് ഇടവഴി
22. അഞ്ച്കണ്ടം മുതൽ കുളങ്ങരത്ത് സ്കൂൾ വരെ
23. വലിയപറമ്പ് മുക്ക് മുതൽ കോരൻറമലയിൽ വരെ
24. പുളികൂൽ താഴ മുതൽ ചാത്തോത്ത് താഴ വരെ
25. പുതുശ്ശേരിക്കണ്ടി നടപ്പാത
26. പുതുവാങ്കണ്ടി മുക്ക് മുതൽ പുതുശ്ശേരി മുക്ക് വരെ
27. മംഗലാട് എം.എൽ.എ. റോഡ് മുതൽ നരസിംഹക്ഷേത്രം വരെ
28. കിഴക്കയിൽ കനാൽ മുതൽ ചാത്തോത്ത് താഴ വരെ
29. പുതുകുളങ്ങര മുതൽ അഞ്ച് കണ്ടം വരെ
30. വെമ്പ്രോളി താഴ മുതൽ പള്ളിക്കുനി മുക്ക് വരെ
31. രയരോത്ത് കനാൽ പാലം മുതൽ അഞ്ച്കണ്ടം വഴി ചെറിയ തത്തക്കോട്ട് ഇടവഴി
32. കീരിയങ്ങാടി മുതൽ മൂയ്യോട്ട്താഴ വരെ
33. കല്ലേരി പി.എച്ച്.സി. മുതൽ കൂളിപൊയിൽ വരെ
34. കൊയിലോത്ത്-അയ്യാളിതാഴ ചെറുവോത്ത് - ചാത്തോത്ത് താഴ
35. ഒറ്റമാകൂൽ താഴ - ചെമ്പരത്തിക്കണ്ടി വരെ
36. താനക്കണ്ടിതാഴ - പാലോട്ടുമ്മൽ വരെ
37. കരുവാങ്കണ്ടി ഇടയിൽനിന്നും നരിച്ചാൽ കുനി വരെ
38. മുർച്ചാണ്ടി ഇടവഴി കടമേരി യു.പി. സ്കൂൾ
39. കുന്നോത്ത് കിഴക്ക് പുറത്ത് താഴ മുതൽ ഹരിജൻ കോളനി വരെ
40. കുട്ടൻ പറമ്പത്ത് നടപ്പാത
41. ചാത്തോത്ത് മുക്ക് ശ്മശാനം വരെ
42. തെക്കെ തറോൽ ഹരിജൻ കോളനി -നടുക്കുനി നടപ്പാത
43. ആയഞ്ചേരി ടൗൺ - കരുവാങ്കണ്ടി മുക്ക്
44. മുക്കടത്തും താഴ പൊയിൽ പീടിക-ചീക്കിലോട് സ്കൂൾ
45. കൊയിലോത്ത് മുക്ക്-വടക്കയിൽ മുക്ക് നടപ്പാത
46. മുക്കടത്തും താഴക്കുനി മുതൽ കൊല്ല്യോട്ട് താഴക്കുനി നടപ്പാത
47. കോമത്ത് മുക്ക് മങ്ങോളതിൽ മുക്ക്
48. പൊക്ലാറത്ത് താഴ-ചീക്കിലോട് സ്കൂൾ (തുടർച്ച)
49. തെക്കെയിൽ മുക്ക്-വാളാഞ്ഞി താഴ മുക്ക്
50. ഒറോൽതാഴ മുതൽ ചേറ്റുകെട്ടി വരെ
51. കോട്ടക്കണ്ടി മുക്ക്-ചേറ്റുകെട്ടി
52. അടുക്കോത്ത് കുളം മുതൽ കുനിയിൽ കനാൽ വരെ
53. തറോപ്പൊയിൽ റഹ്മാനിയ്യ ഹൈസ്കൂൾ - കണ്ടാമ്പത്ത് താഴ (തുടർച്ച)
54. കുരുമ്പേരി താഴ സ്ളാബ് നിർമ്മാണവും നടപ്പാത നിർമ്മാണവും
55. കടമേരി-പാച്ചമ്പത്ത് താഴ

56. ആമേരി മുക്ക് - പുലയൻറപറമ്പത്ത് മുക്ക് നടപ്പാത
57. പാലോറകുന്നിൻെറ താഴെ ഭാഗം മുതൽ സ്റ്റപ്പ് കെട്ടി നടപ്പാത
58. വള്ള്കണ്ടികുനി പീടിക മുതൽ പീറ്റയിൽ കെനാൽ വരെ നടപ്പാത
59. നെല്ലാരത്ത് മുക്ക് പീറ്റയിൽ താഴ കനാൽ റോഡിന് സ്ളാബ് നിർമ്മാണം
60. പാലിയാട്ട് മുക്ക് മുതൽ കണ്ടാമ്പത്ത് താഴ നടപ്പാത വരെ
61. അടുക്കോത്ത് മുക്ക്-കുനീമ്മൽ മുക്ക് നടപ്പാത പരിഷ്കരണം
62. കടമേരി-തഴങ്ങിൽ താഴ നടപ്പാത
63. തത്തക്കോട്ട് മുക്ക് മുതൽ കനാൽ വരെ (തുടർച്ച)
64. തയ്യുള്ളതിൽ മുക്ക്-മംഗലാട് അക്വഡക്റ്റ് റോഡ് സൈഡിൽ സ്റ്റപ്പ് നിർമ്മാണം
65. നരിയംചിറക്കൽ താഴ മുതൽ കുളങ്ങരക്കണ്ടി മുക്ക് വരെ നടപ്പാത
66. തെക്കെയിൽ താഴ-വാളാഞ്ഞി താഴ പാലം നിർമ്മാണം
67. വെമ്പ്രോളിതാഴ മുതൽ മമ്പിളികുനി താഴ വരെ
68. കെനാൽ റോഡ് മുതൽ തെക്ക് ചെറിയ കളാക്കണ്ടി മീത്തൽ വരെ സ്റ്റപ്പ് കെട്ടി നടപ്പാത
69. പുളിയിലാണ്ടി മുക്ക് മുതൽ വെമ്പ്രോളിതാഴ വരെ
70. ചങ്ങരോത്ത് മുക്ക്-നീലച്ചേരികണ്ടി മുക്ക്
71. തയ്യിൽ മുക്ക്-തയ്യുള്ളതിൽ മുക്ക് നടപ്പാത
72. മണിയോത്ത് എടാണിയത്ത് വഴി കാരക്കുനി സ്രാമ്പി വരെ
73. കുളങ്ങരത്ത് താഴ - വരിക്കോടി താഴ (തുടർച്ച)
74. പുതിയടുത്ത് താഴ-അഞ്ച്കണ്ടം
75. തച്ചിലേരികുനി-അറബി കോളേജ് വരെ
76. തൈക്കണ്ടിപൊയിൽ മുക്ക് മുതൽ പള്ളിക്കുനി താഴ വരെ
77. അരീക്കര പറമ്പ് മുതൽ മലയിൽ പറമ്പ് വരെ
78. മരുന്നോളിത്താഴ മുതൽ കരുവാരിതോട് വരെ
79. ഒറ്റമാക്കൂൽ താഴെ മുതൽ കോയിച്ചാക്കുനി വരെ
80. ചൂരക്കുളങ്ങര താഴ മുതൽ നാലുപുരക്കൽ താഴ വരെ
81. നരിച്ചാക്കുനിതാഴ നടപ്പാത മൂന്നാംഘട്ടം
82. എടവനത്താഴമുതൽ നടുവിലക്കണ്ടി വരെ
83. ആയഞ്ചേരി തെരു കുറ്റിവയൽ വരെ
84. ആയഞ്ചേരി തെരു ഗണപതി ക്ഷേത്രം മുതൽ പെരുവച്ചേരി റോഡ് വരെ
85. റഹ്മാനിയ്യ ഹൈസ്കൂൾ - കുനിയിൽ മുക്ക് കനാൽ വരെ
86. ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡിൽ കെ.വി. പീടികക്ക് സമീപം ഓവുപാലം നിർമ്മാണം
87. താനക്കണ്ടി താഴ നടപ്പാതയുടെ മൂന്നാം ഘട്ടം

# 10

# ഊർജ്ജം

പണ്ടുകാലങ്ങളിൽ പഞ്ചായത്തിലെ പ്രധാന ഉർജ്ജ ഉപാധി വിറക് ആയിരുന്നു. ആ കാല ഘട്ടത്തിൽ അടിസ്ഥാനപരമായി മററ് ഊർജ്ജ ത്തിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല. ജന സംഖ്യ പുതിയ ആവശ്യങ്ങളും വർദ്ധിച്ചു വന്ന തോടെ പുതിയ ഊർജ്ജസ്രോതസ്സുകളും ആവ ശ്യമായി വന്നു. അതിൽ പ്രധാനപ്പെട്ടത് വൈദ്യുതി ആയിരുന്നു. വൈദ്യുതോല്പാദന ത്തിന് നാം ആശ്രയിക്കുന്നത് പ്രധാനമായും ജല വിഭവത്തെയാണ്. ജലവൈദ്യുത പദ്ധതികളിൽ നിന്നുൽപാദിപ്പിക്കുന്ന ഊർജ്ജം ആവശ്യ ക്കാർക്ക് യഥേഷ്ടം കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഓരോ ദിവസം കഴി യുന്തോറും വൈദ്യുതി ഉപഭോക്താക്കൾ കൂടി ക്കൊണ്ടിരിക്കുന്നു. ദുരുപയോഗവും പ്രസരണ നഷ്ടവും മറുഭാഗത്ത് വർദ്ധിക്കുന്നു. അങ്ങിനെ ഒരു കടുത്ത ഊർജ്ജ പ്രതിസന്ധിയിൽ നാം എത്തിപ്പെട്ടു നിൽക്കുകയാണ്. പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തിയും പ്രസരണനഷ്ടം ഒഴിവാക്കിയും ദുരുപയോഗം തടഞ്ഞും നമുക്ക് ഈ പ്രതിസന്ധിയെ അതിജീവിക്കാൻ ശ്രമിക്കാം. വൈദ്യുതി, വിറക്, എന്നിവക്ക് പുറമെ മണ്ണെണ്ണ പെട്രോൾ, ഡീസൽ എന്നി വയെ ആണ് ജനങ്ങൾ ഊർജ്ജത്തിനു വേണ്ടി ആശ്രയിക്കുന്നത്. പാചകഗ്യാസ്, ബയോഗ്യാസ്, സൗരോർജ്ജം എന്നിവയുടെ ഉപയോഗവും വള രെകുറവാണ്. 2470 വീടുകളിൽ വൈദ്യുതിയും മറ്റു വീടുകളിൽ മണ്ണെണ്ണയും വെളിച്ചത്തിനായി ഉപയോഗിക്കുന്നു. വൈദ്യുതിയെത്തിയിട്ട് കാൽനൂറ്റാണ്ട് കഴിഞ്ഞിട്ടും ഇന്നും പഞ്ചായ ത്തിന്റെ പല പ്രദേശങ്ങളിലും വൈദ്യുതി ഒരു സ്വപ്നം മാത്രമാണ്. പന്തപ്പൊയിൽ വൈദ്യുതീ കരണപദ്ധതിയും കാമിച്ചേരി വൈദ്യുതീകരണ പദ്ധതിയും ഇന്ന് സ്തംഭനാവസ്ഥയിലാണ്. ഈ പദ്ധതികൾ പൂർത്തിയാക്കുന്നതോടു കൂടി പഞ്ചായത്തിന്റെ ഈ പ്രധാനകേന്ദ്രങ്ങളിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും.

ആയഞ്ചേരി പഞ്ചായത്തിൽ മൊത്തം 12 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്.

1. ആയഞ്ചേരി
2. പൈങ്ങോട്ടായി
3. മുക്കടത്തും വയൽ
4. കുളങ്ങരത്ത്
5. ആയഞ്ചേരി ഒന്നാം വാർഡ്.
6. കച്ചേരി പറമ്പ്
7. കല്ലേരി
8. സി.സി.പീടിക
9. ആർ.എ.സി.
10. കടമേരി I
11. കടമേരി II
12. മംഗലാട്

പഞ്ചായത്തിൽ ഇന്നു വരെയുള്ള കണക്കനുസരിച്ച് വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകിയവരിൽ 163 പേർക്ക് ഓർഡിനറി വിഭാഗത്തിലും 9 പേർക്ക് ഒ.ടി.പി. വിഭാഗത്തിലും 57 പേർക്ക് ഒ.വൈ.സി.യിലും കണക്ഷൻ ലഭിക്കുവാൻ ബാക്കിയുണ്ട്. കുടിർ ജ്യോതി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകിയവർ നിരവധിയുണ്ട്.

വടകര ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ കീഴിൽ പെട്ട സൗത്ത്, നോർത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പരിധിയിലാണ് പഞ്ചായത്ത്. വൈദ്യുതിയുമായി ബന്ധപ്പെട്ട ഏതൊരാവശ്യത്തിനും പഞ്ചായത്തിലെ ഗുണഭോക്താക്കൾ 15 കിലോമീറ്ററോളം സഞ്ചരിച്ചു വേണം ഈ ഓഫീസുകളിൽ എത്തിച്ചേരാൻ.

നിലവിലുള്ള ഭരണസമിതി വന്നതിനു ശേഷം പഞ്ചായത്തിന്റെ പ്രധാന ഹരിജൻ കോളനിയായ കുളങ്ങരത്ത് ലക്ഷം വീട് വൈദ്യുതീകരിച്ച് കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനേക വർഷത്തെ കാത്തിരിപ്പിനു ശേഷമാണ് ഇവിടെ വൈദ്യുതി എത്തുന്നത്. കൂടാതെ കോളനിയുമായി ബന്ധപ്പെടുത്തി ജനകീയപങ്കാളിത്തത്തോടെ പുതിയോട്ടും വയലിൽ ട്രാൻസ്ഫോമർ സ്ഥാപിച്ചു കഴിഞ്ഞിട്ടുമുണ്ട്. ഇതു വഴി പന്ത്രണ്ടു കുടുംബങ്ങൾക്ക് കോളനിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുകയും പുതിയോട്ടും വയൽ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യും.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ജെ.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 18 പട്ടികജാതി കുടുംബങ്ങൾക്ക് വയറിംഗ് ചെയ്യാനുള്ള ധനസഹായം നൽകിയിട്ടുണ്ട്. 32 പേർക്ക് ധനസഹായം നൽകാൻ തീരുമാനമാവുകയും ചെയ്തിട്ടുണ്ട്.

കല്ലേരി, കുനിങ്ങാട്ട്, എസ്മുക്ക്, തുടങ്ങിയ സ്ഥലങ്ങിൽ നേരത്തെ സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകൾക്ക് പുറമെ കല്ലേരി, തണ്ണീർപന്തൽ മുക്കടത്തും വയൽ കമ്പനിപ്പീടിക, തറോപ്പൊയിൽ തുടങ്ങിയ പ്രദേശങ്ങളിൽ നിലവിലുള്ള ഭരണ സമിതിയുടെ ശ്രമഫലമായി സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തത്തിൽ 5 സോഡിയം വേപ്പർ ലാംബും 2 ഫ്ളൂറസെന്റ് ട്യൂബും 20 ബൾബുകളുമാണ് ഇപ്പോഴുള്ളത്. ഒരു വർഷത്തിൽ ഈ ഇനത്തിൽ 3288 രൂപ ചെലവാക്കുന്നു.

## പ്രശ്നങ്ങൾ

* നിലവനക്കുന്ന്, പൂക്കണ്ടിമുക്ക് മുതൽ കാർത്തികപ്പള്ളി റോഡ് വരെ പുത്തലത്ത്മീത്തൽ ഭാഗം, പന്തപ്പൊയിൽ, കാമിച്ചേരി, ചീക്കിലോട് സ്കൂൾ പരിസരം, കുരുമ്പേരി ഭാഗം, ശിവക്ഷേത്രം മാഹി കനാൽ റോഡ്, ബാലവാടി മുതൽ പൂക്കണ്ടി മുക്ക് വരെ. ഈങ്ങാട്ട് താഴ മുതൽ, അരൂറമല ഭാഗം, തുണ്ടിപ്പറമ്പത്ത് ഭാഗം, പേരാക്കൂൽ 4 സെന്റ് മങ്ങലോറ കോളനി, പുളിയിലാവുമ്മൽ ഭാഗം, കാരാരി മാവുള്ള പറമ്പത്ത് മലഭാഗം കാളോളി പറമ്പ് ഭാഗം, കുയ്യടിപ്പാറ ഭാഗം മുതൽ ഒറ്റമാവുള്ളതിൽ ഭാഗം, കല്ലേരി സബ്സെന്റർ കുറ്റിക്കാട്ടിൽ 4 സെന്റ് കോളനി, കടമേരി താഴെക്കുറി ഭാഗം അരൂറ മലഭാഗം, ചാലിൽ താഴ, കാറുങ്ങൽ, ചരുവത്ത് നട, കുറ്റിവയൽ പ്രദേശം, പേരുമുണ്ടച്ചേരി, കണ്ടോത്ത് കുന്ന്, വാടിയിൽ കുന്ന്, തറവട്ടത്ത് കുന്ന്, തേവർ കുന്നു, വിരമ്പിൽ കുന്ന്, അര തുരുത്തി, കോതുരതത്തി, വാളാഞ്ഞിത്തുരുത്ത്, തയ്യുള്ള കേളോത്ത് മുക്ക്, അറപ്പീടിക മുതൽ ഫ്ളോർമിൽ വരെ, തുണ്ടിക്കണ്ടി മുക്ക്, ഏറോത്ത് മല, മണ്ടോള്ളതിൽ കുന്നു, കറ്റോടിച്ചാലിൽ കുന്ന്, വട്ട്യാം കാട്ടിൽ കുന്ന് മലയിൽകുന്ന് എന്നീ പ്രദേശങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല.
* നിലവിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളും അമിതഭാരം വഹിക്കുന്നതിനാൽ ഭാഗികമായി വൈദ്യുതീകരിച്ച പ്രദേശങ്ങളിൽ പോലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
* പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പലയിടത്തും തെരുവു വിളക്കുകൾ നിലവിലില്ല. സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കാൻ വിവിധ ഗ്രാമസഭകളിൽ നിന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

* വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടി മിനിമം ഗാരണ്ടി പ്രകാരവും ഓഡിറ്റി OYEC ഓഡിനറി എന്നീ വിഭാഗങ്ങളിലും സംഖ്യ അടച്ചിട്ടും കണക്ഷൻ ലഭിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

* കേടുപാടുകൾ സംഭവിച്ച മീറ്ററുകൾ മാറ്റാത്തത് കാരണം ഗുണഭോക്താക്കൾ കൂടുതൽ ചാർജ്ജ് അടക്കേണ്ടി വരുന്നു.

* കാർഷിക മേഖലയിൽ ജലസേചനത്തിന്നായി വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടും യഥാസമയത്ത് കിട്ടാത്ത അവസ്ഥ നിലവിലുണ്ട്.

* കാലപ്പഴക്കം ചെന്ന ഇലക്ട്രിക് ലൈനുകൾ അപകടങ്ങളും വോൾട്ടേജ് കമ്മിയും ഉണ്ടാക്കുന്നു.

* വൈദ്യുതി ലൈനിലുണ്ടാകുന്ന പെട്ടെന്നുള്ള തകരാറുകൾ പരിഹരിക്കാൻ ജീവനക്കാർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.

* വൈദ്യുതി സംബന്ധമായ ഏതൊരാവശ്യത്തിനും പഞ്ചായത്തിൽ നിന്ന് 20 കി.മീ ദൂരത്തോളം സഞ്ചരിക്കേണ്ടി വരുന്നത് ഉപഭോക്താക്കളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

* കുടിർ ജ്യോതി പദ്ധതിപ്രകാരം വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ചിട്ടും നടപടികൾ ഉണ്ടാകാത്ത അവസ്ഥ നിലനിൽക്കുന്നു.

* ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന്ന് കാലതാമസം ഉണ്ടാകുന്നു.

* പൊതു വിതരണ കേന്ദ്രം വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ ഗാർഹികാവശ്യത്തിനും കാർഷികാവശ്യത്തിനും മതിയാകുന്നില്ല.

* ഗാർഹിക ആവശ്യത്തിന് ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കാത്തത് സ്ത്രീകളുടെ അനാരോഗ്യത്തിനും അമിതമായ ഇന്ധനചെലവിനും കാരണമാകുന്നു.

## പരിഹാരങ്ങളും സാധ്യതകളും

* വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശങ്ങളിലും യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതിയെത്തിക്കുകയും മിനിമം ഗ്യാരണ്ടി, OYEC, ഓർഡിനറി എന്നീ ഇനങ്ങളിൽ പണം അടച്ച ഉടനെ കണക്ഷൻ നൽകുക.

* നിലവിലുള്ള രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പൊന്മേരി രജിസ്ത്രാപ്പീസിന് സമീപം, ചെറിയ പുനത്തിൽ മുക്ക്, തിരുവോത്ത് മുക്ക്. എം.എൽ.എ. റോഡ്, കോടച്ചാം വീട്ടിൽ മുക്ക്, വടക്കയിൽ മുക്ക്, ചാലിൽ പീടികമുക്ക് സമീപം, പാറേമ്മൽ ലക്ഷം വീടിന് സമീപം. എടവലത്ത് മുക്ക് കടമേരി തെരുപുതിയറത്ത് മമ്മിലേരി താഴെ, മാങ്ങേട്, തറോപ്പൊയിൽ, അറപ്പീടിക, പൊയിൽ മുക്ക്, പന്തപ്പൊയിൽ തുടങ്ങിയ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും തണ്ണീർ പന്തലിലുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കൂട്ടുകയും ചെയ്യുക.

* പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ റജിസ്ത്രാഫിസ് മുതൽ കുനിങ്ങാട്ട് വരേ ശിവക്ഷേത്രം മാഹി കനാൽ റോഡ് ബാലവാടി മുതൽ പൂക്കണ്ടി മുക്ക് വരെ പൊരാകൂൽ ലക്ഷം വീട് കോളനി, കൈതക്കുണ്ട്, വരിക്കോടി താഴെ സുഭാഷ് ഗ്രന്ഥശാല മുതൽ ആയഞ്ചേരി തെരുവരെ അറപ്പീടിക മുക്ക്, ചേറ്റുകെട്ടി, പൊയിൽ മുക്ക്, പന്തപ്പൊയിൽ പൈങ്ങോട്ടായി, പാലൊള്ളതിൽ മുക്ക്, മക്കൾമുക്ക്, പെരിയക്കാം പൊയിൽ, കാമ്പ്രത്ത് മുക്ക് മുതൽ കൂട്ടോത്ത് പൊയിൽ വരെ LP സ്കൂളിന് സമീപം, തെക്കെയിൽ മുക്ക്, പൊക്ളാർത്ത് താഴ, മുക്കടത്തും വയൽ തുടങ്ങിയ പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും കടമേരി ആർ.എ.സി റോഡ് ജംഗ്ഷൻ, തണ്ണീർപന്തൽ മാവേലി സ്റ്റോറിന് സമീപം, കടമേരി സബ്സെന്റർ മുക്ക് കടമേരി മാക്കം മുക്ക്, ആയഞ്ചേരി തെരു, പറമ്പിൽ കീരിയങ്ങാടി, R.A.Cസ്കൂളിന് സമീപം അക്കരോൽ മുക്ക്, മംഗലാട് അക്വാഡക്റ്റ്, ഇല്ലത്ത്

പൊയിൽ എസ്.മുക്ക്, പെരിയക്കാം പൊയിൽ മലേന്റെ പറമ്പത്ത്മുക്ക്, പൊയിൽ മുക്ക്, പള്ളിച്ചാങ്കണ്ടി മുക്ക്, പൊക്ളാർത്ത് താഴ, ചീക്കിലോട് സ്കൂളിന് സമീപം, ചേറ്റുകെട്ടി എന്നിവടങ്ങളിൽ സോഡിയം വേപ്പർ സ്ഥാപിക്കുകയും വേണം

* കേടുപാടുകൾ സംഭവിച്ച മീറ്ററുകൾ മാറ്റുകയും നിലവിലുള്ള ബില്ലിംഗ് സമ്പ്രദായത്തിനു പകരം ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ് ഈടാക്കുന്ന സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുകയും വേണം.
* കാർഷികാവശ്യങ്ങൾക്ക് അപേക്ഷിച്ച ഉടനെ വൈദ്യുതി കണക്ഷൻ കൊടുക്കുന്ന രീതി നടപ്പിലാക്കുക
* കാലപ്പഴക്കം വന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുകയും ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റാൻ പ്രാദേശികാടിസ്ഥാനത്തിൽ ജനകീയ കമ്മറ്റികൾ രൂപീകരിക്കുകയും വേണം.
* അണ്ടർഗ്രൗണ്ട് കേബിൾ സമ്പ്രദായം നടപ്പിലാക്കണം.
* വൈദ്യുതി ലൈനുകളിലുണ്ടാകുന്ന പെട്ടെന്നുള്ള തകരാറുകൾ പരിഹരിക്കാൻ മൊബൈൽ എഞ്ചിനീയറിംഗ് സ്ക്വാഡ് സമ്പ്രദായം ഏർപ്പെടുത്തുക.
* ഗുണഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് പഞ്ചായത്തിൽ ഒരു ജൂനിയർ എഞ്ചിനീയറിംഗ് ഓഫീസ് സ്ഥാപിക്കുക.
* കുടിർജ്യോതി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷന് അപേക്ഷിച്ച ഉടനെ കണക്ഷൻ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.
* ഗ്യാസ് കണക്ഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കാൻ പഞ്ചായത്തിൽ ഗ്യാസ് ഏജൻസി ആരംഭിക്കണം.
* പൊതു വിതരണ കേന്ദ്രം വഴി ഗാർഹികാവശ്യത്തിനും കാർഷികാവശ്യത്തിനും നൽകുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക.
* സൗരോർജ്ജം ഉപയോഗിച്ചുള്ള കുക്കറുകളും വിളക്കുകളും കുറഞ്ഞ വിലയിൽ ലഭ്യമാക്കുക.
* അനർട്ടിന്റെ സഹായത്തോടുകൂടി പഞ്ചായത്തിലെ എല്ലാ വീടുകളിലും പുകയില്ലാത്തതും ദക്ഷത കൂടിയതുമായ അടുപ്പുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

# 11

# പാർപ്പിടം സാമൂഹ്യക്ഷേമം

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഗ്രാമത്തിലെ പാർപ്പിടങ്ങളുടെ എണ്ണം വർത്തമാനകാലത്തെ അപേക്ഷിച്ച് തുലോം കുറവായിരിക്കും. ജനസംഖ്യയിലുണ്ടായിരുന്ന വ്യത്യാസം ഇതിന് പ്രത്യക്ഷമായ കാരണമായി പറയാം. എന്നാൽ സാമൂഹിക സാമ്പത്തിക വ്യവസ്ഥികൾ കൂടി പാർപ്പിടങ്ങളുടെ എണ്ണക്കുറവിന് കാരണമായിരുന്നു. കൂട്ടുകുടുംബവ്യവസ്ഥ നിലവിലുണ്ടായിരുന്നതിനാൽ ഒരു വീട്ടിൽ തന്നെ കൂടുതൽ കുടുംബങ്ങളും ഉപകുടുംബങ്ങളും ഉണ്ടായിരുന്നു. മേലാളന്മാരുടെ ഭൂമിയിൽ പണിയെടുത്ത് വന്ന തൊഴിലാളികളുടെ വീടുകൾ കേവലം കൂരകൾ മാത്രമായിരുന്നു.
നേരം വെള്ളപൊട്ടി ഇരുട്ടാകുന്നത് വരെ ജന്മിമാരുടെ വീടുകളിലും പറമ്പുകളിലും പണിയെടുക്കാൻ വിധിക്കപ്പെട്ടവർക്ക് ഇരവിൽ (രാത്രി) ഒന്നു "കണ്ണു കാച്ചാൻ" മാത്രമുള്ളതായിരുന്നു ഈ കൂരകൾ. ആയതിനാൽ ഇവയ്ക്ക് "ഇരവുപുര" എന്ന നാട്ടു പേരും ഉണ്ടായി.

മറ്റെല്ലാ മേഖലയിലുമെന്നപോലെ ഭൂപരിഷ്കരണനിയമം പാർപ്പിടരംഗത്തും വമ്പിച്ച മാറ്റങ്ങൾക്ക് കാരണമായി.

ഭവനനിർമ്മാണ സങ്കേതത്തിലും വമ്പിച്ച മാറ്റങ്ങളാണ് ഇടക്കാലത്ത് ഉണ്ടായിട്ടുള്ളത്. പണ്ടുകാലത്ത് മരവും ചെങ്കല്ലും കുമ്മായവുമായിരുന്നു നിർമിതിവസ്തുക്കൾ. അവ കരിങ്കല്ല്, ഇഷ്ടിക, കോൺക്രീറ്റ്, ഗ്ലാസ് എന്നിവയ്ക്ക് വഴിമാറികൊടുത്തിരിക്കുന്നു.

1971-ൽ ശ്രീ. എം. എൻ. നവ ഗോവിന്ദൻ നായരുടെ ഭാവനയിൽ വിരിഞ്ഞ ലക്ഷംവീട് കോളനികൾ ഭവനരഹിതർക്ക് വലിയ ആശ്വാസമായി. ഇതിൻെറ ഭാഗമായി ആയഞ്ചേരി ഗ്രാമ പഞ്ചായത്തിൽ രണ്ട് ലക്ഷംവീട് കോളനികളും രണ്ട് നാലു സെൻറ് കോളനികളും നിലവിൽവരികയുണ്ടായി. ഇന്ദിര ആവാസ് യോജ്‌ന, ജവഹർ തൊഴിൽ ദാന പദ്ധതി എന്നിവയും പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് ചെറിയ പരിഹാരമായി.

സ്വന്തമായി പാർപ്പിടം ഇല്ലാത്ത ഒരുപാട് കുടുംബങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. അതോടൊപ്പം ഒട്ടേറെ പ്രശ്നങ്ങളും. 9-ാം പദ്ധതി ഒരു പരിധിവരെയെങ്കിലും പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുമെന്ന് പ്രത്യാശിക്കാം.

## പ്രശ്നങ്ങൾ

- പഞ്ചായത്തിൽ ഭവനരഹിതരുടെ എണ്ണം വളരെ കൂടുതലാണ്.
- വീടുവെക്കാൻ ഭൂമിയില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്നു.
- ഗൃഹനിർമാണത്തിൽ ധൂർത്തും ആഡംബരവും വല്ലാതെ വർദ്ധിക്കുന്നു.
- നിർമ്മിതിവസ്തുക്കൾക്ക് ദൗർലഭ്യവും വിലക്കയറ്റവും തൊഴിൽ രംഗത്ത് കൂലിക്കൂടുതലും അനുഭവപ്പെടുന്നു.
- ലക്ഷംവീടുകൾ ഇരട്ടവീടുകളായത് ഒരുപാട് അസൗകര്യങ്ങൾ ഉണ്ടാക്കുന്നു.

93



- ഭവനനിർമാണ രംഗത്ത് സഹകരണ മേഖല പ്രവർത്തിക്കുന്നില്ല.
- നാലു സെൻറ് കോളനി നിവാസികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.
- സർക്കാർ നൽകുന്ന വായ്പകൾ ലഭിക്കാൻ ഒരുപാട് തടസ്സങ്ങൾ നിലനില്ക്കുന്നു.
- ഇന്ദിര ആവാസ് യോജന, ജെ.ആർ.വൈ., രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി എന്നിവയിലൂടെ നൽകുന്ന സഹായം പരിമിതമാണ്.
- ഭവനനിർമാണ പദ്ധതികൾക്ക് പരിമിതികളുണ്ട്.
- ഭവന പുനരുദ്ധാരണത്തിന് പദ്ധതികൾ തീരെ ഇല്ല.

## പരിഹാരങ്ങൾ

മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുകയും എല്ലാവർക്കും ഭവന നിർമാണത്തിനുള്ള ഭൂമി ഉറപ്പുവരുത്തുകയും വേണം.

സാമ്പത്തികമായി ശേഷിയുള്ളവർ ഗൃഹനിർമ്മാണ രംഗത്ത് ആഡംബരം കുറക്കുകയും ചിലവ് ചുരുക്കുകയും വേണം. ഇതിന് ശക്തിയായ ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രങ്ങൾ സ്ഥാപിച്ച് ഗൃഹ നിർമ്മാണ വസ്തുക്കൾ എളുപ്പത്തിലും ആദായത്തിലും ലഭ്യമാക്കണം.

ലക്ഷം വീടുകൾ ഒറ്റവീടുകളാക്കുന്നതിന് സംസ്ഥാന തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം.

ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആവശ്യക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ അനുവദിക്കേണ്ടതാണ്.

നാലുസെൻറ് കോളനിയിലെ നിവാസികൾക്ക് പട്ടയം നൽകാൻ റവന്യൂ വകുപ്പ് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

സർക്കാർ വായ്പകൾ ലഭിക്കാൻ നടപടി ക്രമങ്ങൾ ഉദാരമാക്കണം.

ഇന്ദിരാ ആവാസ് യോജന, ജവഹർ തൊഴിൽ ദാന പദ്ധതി എന്നിവയിലൂടെ നൽകുന്ന സഹായം മുപ്പതിനായിരം രൂപയാക്കി വർദ്ധിപ്പിക്കണം. രാജീവ് ദശലക്ഷം പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന സംഖ്യ അമ്പതിനായിരം രൂപയാക്കി വർദ്ധിപ്പിക്കണം. ഭവന നിർമ്മാണത്തിന് സന്നദ്ധ സംഘടനകളുടെ സഹായം ലഭ്യമാക്കണം.

ഹൗസിങ്ങ് ബോർഡ് വഴിയും മറ്റും സർക്കാർ നൽകുന്ന സഹായം എണ്ണത്തിലും ആവശ്യത്തിലും കുറവാണ്. ഭവന നിർമ്മാണ രംഗത്ത് വ്യാപകമായ പദ്ധതി നടപ്പിലാക്കിയാലേ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയൂ.

### പഞ്ചായത്തിലെ കെട്ടിടങ്ങളുടെ തരംതിരിവ് പട്ടിക താഴെ കൊടുക്കുന്നു

പട്ടിക - 10-1

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകൾ ഉള്ളത് | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|---|
| I | 455 | 100 | 95 | 134 | 226 |
| II | 571 | 130 | 112 | 256 | 203 |
| III | 577 | 116 | 148 | 82 | 347 |
| IV | 471 | 97 | 118 | 209 | 144 |
| V | 907 | 182 | 285 | 375 | 247 |
| VI | 954 | 142 | 122 | 214 | 623 |
| VII | 674 | 126 | 296 | 182 | 196 |
| VIII | 568 | 124 | 162 | 209 | 197 |
| X | 410 | 98 | 118 | 147 | 145 |
| IX | 390 | 96 | 98 | 140 | 152 |
| | 5982 | 1202 | 1554 | 1948 | 2480 |

## സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനവിഭാഗത്തെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയാണ് ഈ രംഗത്തുള്ള പ്രധാന ഉപാധി. ഈ പദ്ധതിയാകട്ടെ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ പരിപൂർണ്ണ സഹായത്തോടെയുള്ളതുമാണ്. ഇതിനുപുറമെ പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളും പ്രവർത്തിച്ചുവരുന്നു.

തൊഴിലില്ലായ്മ വേതനം, വിധവ-വാർദ്ധക്യ പെൻഷൻ, വികലാംഗപെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, ട്രൈസം, DWCRA തുടങ്ങിയവയും സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് സഹായം നൽകും.

വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ പഞ്ചായത്തിന് അധികാരം ലഭിച്ചിട്ടുണ്ട്. മറ്റു പെൻഷൻ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരവും പഞ്ചായത്തിന് കൈമാറുന്നത് ഗുണകരമായിരിക്കും. അനർഹരായ ആളുകൾ പെൻഷൻ വാങ്ങുന്നത് തടയാനും, അർഹരായവർക്ക് താമസം വിനാ പെൻഷൻ ലഭിക്കാനും ഇത് സഹായകമാവും.

I.C.D.S. ബ്ലോക്കിൻെറ പരിധിയിൽ പെടാത്തത് കൊണ്ട് ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ അംഗൻവാടികൾ അനുവദിച്ചിട്ടില്ല. പഞ്ചായത്തിൻെറ പത്ത് വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ലഭ്യമായ കണക്ക് അനുസരിച്ച് 160ലധികം വികലാംഗരുണ്ട്. കാര്യമായ സർക്കാർ സഹായങ്ങളൊന്നും ഇവർക്ക് ലഭിച്ചിട്ടില്ല. ഈയിടെ 15 പേർക്ക് ആവശ്യമായ ഉപകരണങ്ങൾ സർക്കാരിൽ നിന്നും വാങ്ങി കൊടുക്കുവാൻ പഞ്ചായത്ത് ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ദൂരസ്ഥലങ്ങളിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പോയി പേർ രജിസ്റ്റർ ചെയ്യാൻ പ്രയാസങ്ങളുണ്ട്. പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷൻ കേമ്പ് സംഘടിപ്പിക്കുന്നത് എല്ലാ ഉദ്യോഗാർത്ഥികൾക്ക് സൗരകര്യപ്രദമായിരിക്കും.

വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായമുൾപ്പെടെ എല്ലാ സഹായവും വർദ്ധിപ്പിക്കേണ്ടതാണ്.

അസംഘടിത വിഭാഗത്തിൽപെട്ട ചുമട്ട് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തേണ്ടതാണ്.

ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം ലഭിച്ച യുവതീയുവാക്കൾ സ്വന്തമായി തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നുണ്ട്. ഇതുമൂലം പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുന്നില്ല.

വികസന ബ്ലോക്ക് മുഖേന നടത്തിയിരുന്ന ചീക്കിലോടു സ്കൂൾ പരിസരം, പുതിയോടും വയൽ, പന്തപ്പൊയിൽ എന്നിവിടങ്ങളിലെ ഫീഡിംഗ് സെൻററുകൾ പുനഃസ്ഥാപിക്കേണ്ടതാണ്.

**1992 മുതൽ I.R.D.P പദ്ധതിയിൽപെട്ടവരുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ**

**പട്ടിക 10.2**

| വർഷം | വാർഡ് | | | | | | | | | | പട്ടികജാതി | ദാരിദ്ര്യരേഖ കടന്ന കുടുംബം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | | | |
| 1992-93 | 3 | 4 | 5 | 3 | 3 | 9 | 2 | 3 | 5 | 5 | 7 | 7 | 42 |
| 1993-94 | 3 | 8 | 10 | 3 | 3 | 7 | 4 | 4 | 3 | 5 | 13 | 7 | 50 |
| 1994-95 | 4 | 4 | 6 | 4 | 3 | 5 | 3 | 6 | 11 | 1 | 13 | 6 | 47 |
| 1995-96 | 7 | 6 | 5 | - | - | 4 | 1 | 2 | 6 | 2 | 6 | - | 33 |
| 1996-97 | 2 | - | 1 | 2 | 2 | 2 | 2 | 1 | 2 | 3 | 1 | - | 17 |

1996-97

ലക്ഷ്യം : 43 കുടുംബങ്ങൾ

ലഭ്യമാക്കിയത് : 17 കുടുംബങ്ങൾ

ബാക്കി : 26 കുടുംബങ്ങൾ

പട്ടിക - 10.3

## ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ വികലാംഗരുടെ കണക്ക് (1996)

| വാർഡ് | എണ്ണം |
|---|---|
| 1 | 24 |
| 2 | 13 |
| 3 | 21 |
| 4 | 15 |
| 5 | 22 |
| 6 | 15 |
| 7 | 16 |
| 8 | 6 |
| 9 | 15 |
| 10 | 13 |
| | 160 |

ആൺ 102
പെൺ 58
ആകെ 160

പട്ടിക - 10.4

## ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ

| വാർഡ് | സർവ്വെ പ്രകാരം കണ്ട കുടുംബങ്ങൾ |
|---|---|
| I | 225 |
| II | 262 |
| III | 254 |
| IV | 189 |
| V | 173 |
| VI | 246 |
| VII | 143 |
| VIII | 154 |
| IX | 125 |
| X | 158 |
| ആകെ | 1929 |

പട്ടിക - 10.5

## തൊഴിൽ പരിശീലനം ലഭിച്ചവർ

| നമ്പർ | പരിശീലനം കിട്ടിയ വിഷയം | എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലിൽ ഏർപ്പെട്ടവർ |
|---|---|---|---|---|
| 1 | ഓട്ടോ മെക്കാനിക് | 5 | 5 | - |
| 2 | വയറിംഗ് | 3 | 3 | - |
| 3 | ഓട്ടോ ഡ്രൈവിംഗ് | 2 | 2 | - |
| 4 | പ്ലാസ്റ്റിക് നിർമ്മാണം | 4 | 4 | - |
| 5 | പ്രിൻറിംഗ് | 2 | 2 | - |
| 6 | ഇലക്ട്രോണിക്സ് | 1 | 1 | - |
| 7 | നെയ്ത്ത് | 2 | 2 | - |
| 8 | പ്ലംബിംഗ് | 1 | 1 | - |

പട്ടിക - 10.6

## DWCRA പ്രകാരം ആരംഭിച്ച യൂണിറ്റുകൾ

| നമ്പർ | തൊഴിൽ യൂണിറ്റിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 1 | അവൽ യൂണിറ്റ് | 1992-93 | 5 | നിശ്ചലം |
| 2 | അവൽ യൂണിറ്റ് | 1993-94 | 5 | നിശ്ചലം |
| 3 | പായ നെയ്ത്ത് കേന്ദ്രം | 1995-96 | 10 | പ്രവർത്തനക്ഷമം |

പട്ടിക - 10.7

വിവിധ പെൻഷൻ ലഭിക്കുന്നവർ

| വർഷം | വാർദ്ധക്യം | വികലാംഗർ | വിധവ | കർഷക തൊഴിലാളി | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|
| 91-92 | 5 | - | 28 | 72 | 42 |
| 92-93 | 4 | - | 10 | 6 | - |
| 93-94 | 2 | 2 | 1 | 4 | 12 |
| 94-95 | - | - | 2 | 30 | 27 |
| 94-95 | 1 | - | 3 | 50 | 2 |
| 96-97 | - | 2 | 3 | 22* | |

തൊഴിലില്ലായ്മ വേതനം 82 മുതൽ 89 വരെ 15 പേർക്ക് കൊടുത്തു

1982 മുതൽ 1995 വരെ 54 പേർക്ക് കൊടുത്തു

* അപേക്ഷ കിട്ടിയത്

പട്ടിക - 10.8

പട്ടികജാതിക്കാർക്കും മറ്റും വീടനുവദിച്ച കണക്ക്

| വർഷം | പട്ടികജാതി | മറ്റുള്ളവർ | പൂർത്തിയാക്കിയത് | പണി തീരാത്തവ |
|---|---|---|---|---|
| 92-93 | 1 | - | 1 | - |
| 93-94 | 5 | - | 2 | 3 |
| 94-95 | 4 | 3 | 4 | 3 |
| 95-96 | 7 | 10 | 13 | 4 |
| 96-97 | 14 | 6 | - | 20 |

# പൊതുവിതരണം

പൊതുവിതരണ സമ്പ്രദായത്തിൽ ഗണ്യമായ പുരോഗതിയൊന്നും ഈ പഞ്ചായത്തിൽ സാധ്യമായിട്ടില്ല. മൊത്തം എട്ട് റേഷൻ കടകളും ഒരു മാവേലി സ്റ്റോറുമാണ് പഞ്ചായത്തിലുള്ളത്. ആകെ 4587 കാർഡുടമകളാണ് ഇത്രയും റേഷൻ ഷാപ്പിനെ ആശ്രയിക്കുന്നത്. ഓണം, റംസാൻ കാലങ്ങളിൽ ആയഞ്ചേരി ടൗണിൽ സഹകരണ മാവേലി സ്റ്റോർ പ്രവർത്തിക്കാറുണ്ട്. മുൻപ് ആയഞ്ചേരി സർവീസ് സഹകരണ ബാങ്കിൻെറ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥിരം സഹകരണ മാവേലി സ്റ്റോറിൻെറ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കയാണ്. പഞ്ചായത്തിൻെറ ഒരറ്റത്ത് (തണ്ണീർ പന്തൽ) സ്ഥിതിചെയ്യുന്ന മാവേലി സ്റ്റോറിൻെറ പ്രയോജനം മറ്റ് പ്രദേശത്തുള്ളവർക്ക് ലഭിക്കാത്ത ഒരവസ്ഥ നിലവിലുണ്ട്.

ലക്ഷംവീട്, 4 സെൻറ് കോളനിയിലടക്കമുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ള നിരവധി ആളുകൾക്ക് പട്ടയം കിട്ടാത്തതിനാലും, മറ്റ് കാരണത്താലും റേഷൻ കാർഡ് ലഭിക്കാത്ത ചുറ്റുപാട് നിലനിൽക്കുന്നു. പുതിയ ഭരണസമിതി താല്ക്കാലിക കാർഡ് ഏർപ്പെടുത്താനും മറ്റും തീവ്രശ്രമങ്ങൾ നടത്തിയെങ്കിലും നിരവധി പാവപ്പെട്ടവർ കാർഡ് കിട്ടാത്തവരായി ഇനിയുമുണ്ട്. മൂന്നാം വാർഡിലെ അക്കരോൽ, വിയ്യോത്ത് പൊയിൽ നിവാസികൾ റേഷൻ വാങ്ങാൻ വളരെ അകലെയുള്ള റേഷൻ ഷാപ്പിനെ ആശ്രയിക്കേണ്ടിവരുന്നു.

റേഷൻ കാർഡുകൾ ലഭിക്കാനായി വടകരയു

മായി ബന്ധപ്പെടാൻ പാവപ്പെട്ട ഹരിജനങ്ങളും ലക്ഷംവീട് കോളനിവാസികളും പ്രയാസമനുഭവിക്കുകയാണ്. റേഷൻ കാർഡുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

പുതിയോട്ടും പൊയിൽ, മുക്കടത്തുംവയൽ, ചേറ്റുവെട്ടി, പൊക്ലാറത്ത് താഴ നിവാസികൾക്കും റേഷൻ ഷാപ്പ് അകലെയായതിനാൽ ഉണ്ടാകുന്ന പ്രയാസങ്ങൾ വളരെയധികമാണ്.

മുക്കടത്തും വയലിലുണ്ടായിരുന്ന റേഷൻ ഷാപ്പ് ഇപ്പോൾ കമ്പനിപ്പീടികയിലാണ് പ്രവർത്തിക്കുന്നത്. ഇത് മുക്കടത്തുംവയലിലേക്കു തന്നെ മാറ്റുന്നതായിരിക്കും ജനങ്ങൾക്ക് സൗകര്യം.

## പ്രശ്നങ്ങൾ

കമ്പനിപ്പീടിക പഞ്ചായത്തിന്റെ ഹൃദയഭാഗമാണെങ്കിലും മാവേലി സ്റ്റോർ ഇല്ല.

പട്ടയം കിട്ടാത്തതിനാലും മറ്റും റേഷൻ കാർഡ് ലഭിക്കാത്ത ഒട്ടേറെ പാവപ്പെട്ടവർക്ക് റേഷൻ നിഷേധിക്കപ്പെടുന്നു.

പുതിയോട്ടുംവയൽ, ഈയോത്ത് പൊയിൽ എന്നീ പ്രദേശത്തുകാരുടെ റേഷൻ കടകൾ വളരെ ദൂരെയാണ്.

മുക്കടത്തും വയൽ റേഷൻ ഷാപ്പ് കമ്പനിപ്പീടികയിലാണ്.

## സാധ്യതകൾ

കമ്പനിപ്പീടികയിൽ മാവേലി സ്റ്റോർ അനുവദിക്കുക

കമ്പനിയിൽ റേഷനിംഗ് ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കുക

അർഹരായ മുഴുവൻ ആളുകൾക്കും റേഷൻ കാർഡ് വിതരണം ചെയ്യുക

പുതിയോട്ടുംവയൽ, ഈയോത്ത് പൊയിൽ എന്നിവിടങ്ങളിൽ പുതിയ റേഷൻ ഷാപ്പുകൾ അനുവദിക്കുക

മുക്കടത്തുംവയൽ റേഷൻഷാപ്പ് കമ്പനിപ്പീടികയിൽനിന്നും മുക്കടത്തും വയലിലേക്ക് മാറ്റി സ്ഥാപിക്കുക.

# 12

# സംസ്ക്കാരം

മതമൈത്രിയും സാമുദായിക സൗഹാർദ്ദവും അതിശക്തമായി നിലനിൽക്കുന്ന ഗ്രാമപ്രദേശമാണ് ആയഞ്ചേരി. ഹിന്ദുമതത്തിലും ഇസ്ലാം മതത്തിലും വിശ്വസിക്കുന്നവരാണ് ഇവിടുത്തെ ജനങ്ങൾ. ഇതരമതസ്ഥർ പരമ്പരാഗതമായി ഈ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിലുടനീളം കാണപ്പെടുന്ന പള്ളികളുടെയും ക്ഷേത്രങ്ങളുടെയും പശ്ചാത്തലം ഈ സാമുദായിക മൈത്രിക്ക് ശക്തി നൽകുന്നു. അതുകൊണ്ട്തന്നെ സാംസ്ക്കാരികമായി മതമൈത്രിയുടെ ഒരു പശ്ചാത്തലം ഈ പ്രദേശത്ത് പണ്ടുമുതലേ നിലനിന്ന് വരുന്നു.

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുള്ള വിദ്യാഭ്യാസ സൗകര്യങ്ങളും, യുവാക്കളുടെയും മറ്റ് സഹൃദയരുടെയും ശ്രമഫലമായി കാലാകാലങ്ങളിൽ സ്ഥാപിക്കപ്പെടുന്ന സാംസ്ക്കാരിക സംഘങ്ങളുടെ പ്രവർത്തനങ്ങളും ഈ പ്രദേശത്തിന്റെ സാംസ്ക്കാരികവളർച്ചക്ക് ശക്തി നൽകുന്നവയാണ്. കലാ-കായിക രംഗങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്ന ജനവിഭാഗങ്ങൾ, വായനശാലകൾ, സ്പോർട്സ് ക്ലബ്ബുകൾ, ലൈബ്രറികൾ ഇവയെല്ലാം ഈ ശൃഖലയിലെ കണ്ണികളാണ്. ആരാധനാലയങ്ങൾ എന്ന നിലയിൽ ഒരുപാട് സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. 14 ജുമുഅത്ത് പള്ളികൾ ഉൾപ്പെടെ 41 മുസ്ലിം ആരാധനാ കേന്ദ്രങ്ങൾ, 17 ക്ഷേത്രങ്ങൾ, 5 ഭജനമഠങ്ങൾ എന്നിവ ഈ പഞ്ചായത്തിൽ ഉണ്ട്. [പട്ടിക നോക്കുക]

പഞ്ചായത്തിന്റെ സാംസ്ക്കാരികത്തനിമ വിളിച്ചോതുന്നവയാണ് പള്ളികളിലെ നേർച്ചകളും ക്ഷേത്രങ്ങളിലെ തിറയുത്സവങ്ങളും. പറമ്പിൽ ജുമുഅത്ത് പള്ളി, കടമേരി ജുമുഅത്ത് പള്ളി, പുറ്റാംപൊയിൽ ജുമുഅത്ത് പള്ളി എന്നിവിടങ്ങളിൽ നടക്കുന്ന ആണ്ട് നേർച്ചകളും, നബിദിനാഘോഷപരിപാടികളും കല്ലേരി കുട്ടിച്ചാത്തൻ ക്ഷേത്രം, കടമേരി പരദേവതാ ക്ഷേത്രം, പുതിയോട്ടിൽ ക്ഷേത്രം, താഴെകോമത്ത് ക്ഷേത്രം എന്നിവിടങ്ങളിൽ നടക്കുന്ന തിറയുത്സവങ്ങളും വമ്പിച്ച ജനാവലി പങ്കെടുക്കുന്ന ആഘോഷങ്ങൾ തന്നെയാണ്.

വായനശാലകൾ, ലൈബ്രറികൾ, കലാ-കായിക ക്ലബ്ബുകൾ എന്നീ മേഖലകളിലായി നാല്പതോളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതിനും സ്വന്തമായ കെട്ടിടങ്ങളോ പ്രവർത്തിക്കാനുള്ള ആസ്തിയോ ഇല്ല. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തണ്ണീർ പന്തലിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക നിലയം നല്ല കെട്ടിടം, ഫർണ്ണിച്ചർ, ധാരാളം പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവകൊണ്ട് ധന്യമാണ്. ഉദയപൊന്മേരി, സുഭാഷ് ഗ്രന്ഥാലയം, എ.കെ.ജി സ്മാരക ഗ്രന്ഥാലയം, നേഷണൽ ലൈബ്രറി, നിർമ്മലയൂത്ത് ക്ലബ്ബ് കടമേരി എന്നിവ സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. സുഭാഷ് ഗ്രന്ഥാലയത്തിനും, എ.കെ.ജി സ്മാരക ഗ്രന്ഥാലയത്തിനും ഗ്രാന്റു

കൾ ലഭിച്ച് വരുന്നു.

സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിജ്ഞാന കുതുകികളെ ആകർഷിച്ചു കൊണ്ടിരിക്കുന്ന കടമേരിയിലെ റഹ്മാനിയാ അറബിക് കോളേജ് ഉൾപ്പെടെ 12 മദ്രസ്സകൾ ഈ പഞ്ചായത്തിലുണ്ട്. [പട്ടിക കാണുക]

പരമ്പരാഗതമായി കായിക പ്രേമികളെ ആകർഷിച്ച വോളിബോൾ കളി ഇവിടുത്തെ ജനങ്ങൾക്ക് ഒരു കാലത്ത് വലിയ ഹരമായിരുന്നു. പുതിയ തലമുറക്ക് ക്രിക്കറ്റിനോടാണ് കൂടുതൽ കമ്പം. വോളിബോൾ കോർട്ടില്ലാത്ത ഒരു പ്രദേശവും ഈ പഞ്ചായത്തിൽ മുമ്പുണ്ടായിരുന്നില്ല. കൊയ്ത്ത് കഴിഞ്ഞ പാടങ്ങളായിരുന്നു അന്ന് ഇതിന് വേണ്ടി ഉപയോഗിച്ചിരുന്നത്. പാടങ്ങളെല്ലാം നികത്തപ്പെട്ടതോടെ ആ സാധ്യത ഇല്ലാതായി. ഇന്ന് കായിക താരങ്ങൾക്ക് പരിശീലനം നടത്താൻ ഉചിതമായ ഒരു കളിസ്ഥലം പോലും ഈ പഞ്ചായത്തിലില്ല.

കോൽക്കളി, തച്ചോളിക്കളി, ക്ഷേത്രങ്ങളിലെ തെയ്യങ്ങൾ, പഴയ തറവാടുകളിലെ കഥകളി അരങ്ങുകൾ, തോട്ടക്കളി, മാപ്പിളക്കോൽക്കളി, രാജസൂയം അറവന മുട്ട്കളി, ഒപ്പന, ദഫ്മുട്ട് എന്നിവ കഴിഞ്ഞകാല കലാപരിപാടികളുടെ പട്ടികയിൽ പെടുന്നതാണ്. ഇവയിൽ തോട്ടക്കളി തെക്കൻ ഭാഗങ്ങളിൽ നിന്ന് വന്ന മുസ്ലിം നാടോടികളായിരുന്നു ഇവിടെ ആഭ്യസിപ്പിച്ചിരുന്നത്. തോട്ടക്കളി ഇപ്പോൾ ഈ പ്രദേശത്ത് പ്രചാരത്തിലില്ല. മാപ്പിള കോൽക്കളി മുസ്ലിംകളുടെ മാത്രം ഒരു കലയായി അവതരിപ്പിച്ചിരുന്ന കാലത്ത് പോലും ഹിന്ദുക്കളും, മുസ്ലിംകളും സംയുക്തമായി ഈ പ്രദേശത്ത് ഈ കല ആഭ്യസിച്ചിരുന്നു എന്നത് ഇവിടുത്തെ മതമൈത്രിയുടെ ഉത്തമ ഉദാഹരണമായി കാണേണ്ടിയിരിക്കുന്നു.

കഥകളിരംഗത്ത് പരക്കെ അറിയപ്പെട്ടിരുന്ന കടത്തനാട് രാമുണ്ണിനായർ മാടാശ്ശേരി ശങ്കരൻനായർ, കൊച്ചുഗോവിന്ദനാശാൻ സരസകവിയും പണ്ഡിതനുമായിരുന്ന ചെറുവറ്റ ഗോവിന്ദൻ നമ്പൂതിരി സരസകവിയായിരുന്ന കെ.സി. നരായണൻ നമ്പ്യാർ, അറബി കവിയായിരുന്ന കെ.കെ.എം. ജമാലുദ്ദീൻ മൗലവി, ചിത്രകാരനും അഭിനേതാവുമായിരുന്ന പുളിയങ്കോട്ടു കൃഷ്ണക്കുറുപ്പ് മാസ്റ്റർ, വിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവനകൾ നൽകുന്ന കടമേരി റഹ്മാനിയ അറബിക് കോളജിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സ്ഥാപകൻ ചീക്കിലോട്ട് കുഞ്ഞമ്മദ് മുസ്ലിയാർ വിദ്യാഭ്യാസ രംഗത്ത് സംഭാവന നൽകിയ ചെറുകുന്നുമ്മൽ പര്യയി മുസ്ല്യാർ എന്നിവർ പഞ്ചായത്തിലെ സാംസ്കാരിക രംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകിയവരാണ്.

## പ്രശ്നങ്ങൾ

* പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
* പൊതുസ്ഥലങ്ങളിൽ റേഡിയോ, ടി.വി. തുടങ്ങിയ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ലഭ്യമല്ല.
* മദ്യപാനം, മയക്കുമരുന്ന് എന്നിവക്ക് ഒരു വിഭാഗം ജനങ്ങൾ അടിമപ്പെടുന്നു.
* സ്കൂളുകളിലെ കായിക പരിശീലനത്തിന് ആവശ്യമായ സംരംഭങ്ങളില്ല.
* വിവാഹ ധൂർത്ത്, സ്ത്രീധനം, ആഡംബരങ്ങളോടുള്ള അമിതമായ ആവേശം എന്നിവ ജനങ്ങളിൽ വ്യാപിച്ചിരിക്കുന്നു.
* കായികരംഗത്തെ വികസനത്തിന് പറ്റിയ പൊതു കളിസ്ഥലങ്ങളില്ല.
* എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങളില്ല.
* പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം നിലനിൽക്കുന്നു.

## നിർദ്ദേശങ്ങൾ

* ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഗ്രന്ഥശാലാസംഘത്തിന്റെയും സർക്കാറിന്റെയും സഹായം ലഭിക്കേണ്ടതാണ്.
* ഓരോ വാർഡിലും ഓരോ ടി.വി. കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

* വ്യാജവാറ്റ്, മദ്യപാനം, മയക്ക് മരുന്ന് ഉപ ഭോഗം എന്നിവക്കെതിരെ ശക്തമായ നിയമ നടപടികളും ബോധവൽക്കരണവും ആവശ്യ മാണ്.
* വിദ്യാലയങ്ങൾക്ക് മതിയായ കളിസ്ഥലവും, കായികാധ്യാപകരും ഉണ്ടാകേണ്ടതാണ്.
* വിവാഹധൂർത്ത്, സ്ത്രീധനം, ആഡംബരം എന്നിവക്കെതിരെ സാമുദായിക സംഘടന കളും രാഷ്ട്രീയ പാർട്ടികളും ശക്തമായി പ്രതികരിക്കേണ്ടതാണ്.
* പഞ്ചായത്തിലെ വിശാലമായ തെക്കയിൽ പൊയിലിൽ പഞ്ചായത്ത് വക കളിസ്ഥലം ആരംഭിക്കേണ്ടതാണ്.
* അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗ മായ ജനവിദ്യാകേന്ദ്രങ്ങൾ 10 വാർഡിലും സ്ഥാപിക്കേണ്ടതാണ്.
* പഞ്ചായത്തിന്റെ ഹൃദയഭാഗമായ കമ്പനിപ്പീടി കയിൽ ഒരു കമ്മ്യൂണിറ്റിഹാളും പഞ്ചായത്ത് വക ലൈബ്രറിയും നിർമിക്കാനുള്ള നടപടി കൾ സ്വീകരിക്കണം.
* പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെ പഞ്ചായത്ത് സാംസ്കാരിക നിലയവുമായി ബന്ധപ്പെടുത്താനുള്ള നടപടി കൾ സ്വീകരിക്കുക.

**പട്ടിക 12.1**

**ആയഞ്ചേരി പഞ്ചായത്തിലെ പള്ളികൾ**

മിടിയേരി ജുമാഅത്ത് പള്ളി
മൂടാടി നിസ്കാരപള്ളി
കൊയിലോത്ത് നിസ്കാരപ്പള്ളി
കല്ലേരി ജുമാഅത്ത് പള്ളി
ചാത്യാട്ട്കുനി ജുമാഅത്ത് പള്ളി
പേരാക്കൂൽ നിസ്കാരപള്ളി
കല്ലേരി നിസ്കാരപള്ളി
മാണിക്കോത്ത് നിസ്കാരപള്ളി
തത്തങ്ങോട്ട് ജുമാഅത്ത് പള്ളി
കല്ലിങ്കൽ നിസ്കാരപ്പള്ളി
പുലയന്റെ പറമ്പത്ത് നിസ്കാരപ്പള്ളി
പാലേരി പൊയിൽ നിസ്കാരപ്പള്ളി
ഇയ്യോത്ത് പൊയിൽ നിസ്കാരപ്പള്ളി
കണ്ടിയിൽതാഴ നിസ്കാരപ്പള്ളി
തൈക്കണ്ടി പൊയിൽ നിസ്കാരപ്പള്ളി
കൈതക്കുണ്ടിൽ നിസ്കാരപ്പള്ളി
തുമ്പിയോട്ടു കുന്നുമ്മൽ നിസ്കാരപ്പള്ളി
വാഴയിൽപീടികയിൽ നിസ്കാരപ്പള്ളി
കടമേരി ജുമാഅത്ത് പള്ളി
പാലേരി താഴെ നിസ്കാരപ്പള്ളി
ചാലിക്കുനി നിസ്കാരപ്പള്ളി
കീരിയങ്ങാടി നിസ്കാരപ്പള്ളി
കാറൂങ്ങൽ നിസ്കാരപ്പള്ളി
എളവന്തേരി ജുമാഅത്ത് പള്ളി
കാമാച്ചേരി ജുമാഅത്ത് പള്ളി
കുഞ്ഞിക്കണ്ടി നിസ്കാരപ്പള്ളി
ചരുവത്ത് നട നിസ്കാരപ്പള്ളി
മുക്കടത്തും വയൽ ജുമാഅത്ത് പള്ളി
ആയഞ്ചേരി കുനിയിൽ ജുമാഅത്ത് പള്ളി
നാളോൻകൊറോൽ നിസ്ക്കാരപ്പള്ളി
ആയഞ്ചേരി മാലിക് ദീനാർ നിസ്കാരപ്പള്ളി
മസ്ജിദുൽ ജമാൽ ആയഞ്ചേരി
പൈങ്ങോട്ടായി ജുമാഅത്ത് പള്ളി
പാലയാട്ട് ജുമാഅത്ത് പള്ളി
പന്തപൊയിൽ നിസ്കാരപ്പള്ളി
അറപീടിക നിസ്കാരപ്പള്ളി
പുറ്റാംപോയിൽ ജുമാഅത്ത് പള്ളി
പെരിയക്കാം പൊയിൽ നിസ്കാരപ്പള്ളി
ചേറ്റുവെട്ടി നിസ്കാരപ്പള്ളി
നാറാണത്ത് നിസ്കാരപ്പള്ളി.

**പട്ടിക 12.2**

**ആയഞ്ചേരി പഞ്ചായത്തിലെ ക്ഷേത്രങ്ങൾ**

പൊന്മേരി ശിവക്ഷേത്രം
കുവാട് മഹാവിഷ്ണു ക്ഷേത്രം
കല്ലേരി കുട്ടിച്ചാത്തൻ ക്ഷേത്രം
മംഗലാട് നരസിംഹമൂർത്തി ക്ഷേത്രം
അരൂർ മല ഗണപതി ക്ഷേത്രം
കടമേരി ഗണപതി ക്ഷേത്രം
പാലേരി ഇല്ലത്ത് വിഷ്ണു ക്ഷേത്രം
ചെറുവറ്റ ഇല്ലത്ത് ക്ഷേത്രം
കടമേരി പരദേവതാ ക്ഷേത്രം

കറ്റോടി മീത്തൽ ക്ഷേത്രം
പുതിയോട്ടിൽ ക്ഷേത്രം
ആയഞ്ചേരി ഗണപതി ക്ഷേത്രം
പാവൂർ പരദേവതാ ക്ഷേത്രം
ആയഞ്ചേരി ശിവക്ഷേത്രം
താഴെകോമത്ത് ക്ഷേത്രം
അവണാഴി ക്ഷേത്രം
പുലതുരുത്തി ക്ഷേത്രം
പൊന്മേരി ശ്രീകൃഷ്ണ ഭജനമഠം
മംഗലാട് അയ്യപ്പ ഭജനമഠം
മലമൽ ഭജനമഠം
മുക്കടത്തും വയൽ ഭജനമഠം
മൂർച്ചിലോട്ട് ഭജനമഠം

**പട്ടിക 12.3**

**ആയഞ്ചേരി പഞ്ചായത്തിലെ മദ്രസകൾ**

മിടിയേരി മദ്രസ
തർബീയത്തു സിബിയാൻ മദ്രസ, മംഗലാട്
ഹയാത്തുൽ ഇസ്ലാം മദ്രസ, കൂനിങ്ങാട്
മിഫ്ത്താഹുൽ ഉലൂം സെക്കണ്ടറി മദ്രസ, കീരിയങ്ങാടി
നജാത്തുൽ ഇസ്ലാം മദ്രസ, കടമേരി
റഹ്മാനിയ അറബിക് കോളേജ്, കടമേരി
ഹയാത്തുൽ ഇസ്ലാം മദ്രസ, കാമിച്ചേരി
മദ്രസത്തുൽ ഇസ്ലാമിയ ആയഞ്ചേരി
ഇസ്സത്തുൽ ഇസ്ലാം മദ്രസ മുക്കടത്തും വയൽ
മദ്രസത്തുൽ ഇസ്ലാമിയ പൈങ്ങോട്ടായി
സിറാജുൽ ഉലൂം സെക്കണ്ടറി മദ്രസ തറോപൊയിൽ
ദാറുസ്സലാം മദ്രസ ആയഞ്ചേരി

**പട്ടിക 12.4**

**കലാസാംസ്കാരിക കേന്ദ്രങ്ങൾ**

സുഭാഷ് ഗ്രന്ഥശാല, കടമേരി
ഉദയ പൊന്മേരി
ആർട്ട്സ്, പൊന്മേരി
ജനശക്തി മംഗലാട്
രജ്ഞിനി മംഗലാട്
ധ്വനി
എക്കോ ആർട്സ്
കൈരളി കലാസമിതി
ഗ്രാമവേദി
ബദരൊളി മാപ്പിളാ കലാസമിതി
കടമേരി ജനവിദ്യാകേന്ദ്രം
നിർമ്മല യൂത്തക്ലബ്, കടമേരി
നിസരി ആർട്ട്സ് & സ്പോർട്സ് ക്ലബ്, കടമേരി
ഗ്രാമധാര
ചേതനാ ആർട്സ് ക്ലബ്, ആയഞ്ചേരി
സമന്വയ പാവ നാടക സംഘം ആയഞ്ചേരി
മുക്കടത്തും വയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
സരണിവായനശാല ആയഞ്ചേരി
ബ്രദേർസ് ആർട്ട്സ് ക്ലബ്, ആയഞ്ചേരി
ചെന്താര കലാസമിതി അറപ്പീടിക
കമാന്റോസ് സാംസ്കാരിക വേദി, തറോപ്പൊയിൽ
യുവപ്രതിഭ, തറോപ്പൊയിൽ
മുസ്ലിം യുവജന സംഘം, ആയഞ്ചേരി
ക്രസന്റ് കലാ സാംസ്കാരിക വേദി, തണ്ണീർപന്തൽ
അനശ്വര, മുക്കടത്തും വയൽ

**പട്ടിക 12.5**

**ഗ്രന്ഥാലയം, വായനശാല**

1. ആയഞ്ചേരി പഞ്ചായത്ത് സാംസ്കാരിക നിലയം, ലൈബ്രറി & റീഡിംഗ് റൂം തണ്ണീർ പന്തൽ
2. ഉദയ പൊന്മേരി, പൊന്മേരി പറമ്പിൽ
3. സുഭാഷ് ഗ്രന്ഥാലയം, കടമേരി
4. എ.കെ.ജി. സ്മാരക ഗ്രന്ഥാലയം, കമ്പനിപീടിക
5. നേഷണൽ ലൈബ്രറി, തറോപൊയിൽ
6. ബഹ്ജത്തുൽ ഉലമ ലൈബ്രറി, കടമേരി
7. [illegible] സ്മാരക ലൈബ്രറി, കടമേരി

# 13

# വനിത

ഉണ്ണിയാർച്ചയുടെ പാരമ്പര്യമുള്ള കടത്തനാടിന്റെ ഒരു ഭാഗമാണ് ഈ പ്രദേശമെങ്കിലും സ്ത്രീകൾ സജീവമായി പൊതുരംഗത്ത് പങ്കെടുക്കുകയോ, സാമൂഹ്യ പ്രശ്നങ്ങളുടെ മുൻപന്തിയിൽ നിൽക്കുകയോ ചെയ്യുന്നില്ല. പഴയ കാലത്ത് പൂർണ്ണമായും ഇവർ പുരുഷമേധാവിത്വത്തിന്റെ അടിമകളായിരുന്നു. വിദ്യാഭ്യാസപരമായും ജാതിമതവ്യത്യാസമില്ലാതെ ഇവിടത്തെ വനിതകൾ പിന്നോക്കം തന്നെയായിരുന്നു. മാറുമറക്കാത്ത ഒറ്റപ്പെട്ട പ്രായംചെന്ന സ്ത്രീകൾ പഴയ സാമൂഹ്യ വ്യവസ്ഥയുടെ പ്രതിരൂപമെന്നോണം പഞ്ചായത്തിന്റെ ചില ഭഗങ്ങളിൽ ഇന്നും കാണാം. വസ്ത്രധാരണ രീതിയിലും വമ്പിച്ച മാറ്റമാണ് ഇടക്കാലത്ത് ഉണ്ടായിട്ടുള്ളത്. സവർണരായ സ്ത്രീകൾ പണ്ടുകാലത്തു മുണ്ടും, റവുക്കയും മേൽ മുണ്ടുമാണ് ധരിച്ചിരുന്നത്. മുസ്ലിം സ്ത്രീകളുടെ വേഷം കാച്ചിമുണ്ടും, മാറുവെച്ചു തുന്നിയ വെള്ളക്കുപ്പായവും, തലമറക്കാൻ ഉറുമാലും ആയിരുന്നു.

എന്നാൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സ്ത്രീകളുടെ ജീവിത ശൈലിയിൽ മാറ്റം വന്നിട്ടുണ്ട്. വിദ്യാഭ്യാസ മേഖല വിപുലമായതോടെ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ എണ്ണവും വർധിച്ചു. പക്ഷേ നിരക്ഷരതയുടെ കാര്യത്തിൽ പുരുഷന്മാരെക്കാൾ മുൻപിൽ ഇന്നും സ്ത്രീകൾ തന്നെയാണ്. പഴയ കാലത്തെ അപേക്ഷിച്ച് ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം ക്രമേണ വർധിച്ചു വരുന്നുണ്ട്. വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകളെ ആകർഷിക്കുന്ന തൊഴിൽ മേഖല വിദ്യാലയങ്ങൾ തന്നെയാണ്. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ സ്ത്രീകളുടെ സാന്നിദ്ധ്യം പ്രാദേശിക ഭരണകൂടങ്ങളിൽ ഉണ്ടായേ പറ്റൂ എന്ന വ്യവസ്ഥയുണ്ടായി. ഈ വ്യവസ്ഥ സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ നിർബന്ധിക്കുന്നു. ഈ സംവരണ ശാസ്ത്രം സ്ത്രീകളുടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ കാരണമായിട്ടുണ്ട്. ക്രമേണ പുരുഷസമൂഹത്തോടൊപ്പം സ്ത്രീസമൂഹവും എത്തിച്ചേരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

വനിതാ വിമോചന പ്രസ്ഥാനങ്ങളും ചർച്ചകളും ഏറെ സജീവമായി നടക്കുമ്പോഴും ആയഞ്ചേരി പഞ്ചായത്തിലെ വനിതകൾ പിന്നോക്കാവസ്ഥയിൽ തന്നെയാണ്.

പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 23425 ആണ് (1991 സെൻസസ്) ഇതിൽ 11520 സ്ത്രീകളാണ്. ഇത് സംസ്ഥാനത്തെ സ്ത്രീപുരുഷാനുപാതത്തിൽ നിന്ന് ഭിന്നമാണ്.

സ്ത്രീകൾക്ക് 15വർഷം മുമ്പു വരെ കാർഷിക മേഖലയിൽ പ്രത്യേകിച്ച് നെൽവയലുകളിൽ ജോലി കൂടുതലുണ്ടായിരുന്നു. ഇന്ന് നെൽവയലുകൾ നികത്തി നാണ്യവിളകളാക്കു

നെൽവയലുകൾ നികത്തി നാണ്യവിളകളാക്കുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തതിന്റെ ഫലമായി സ്ത്രീകളുടെ തൊഴിലവസരങ്ങൾ ഗണ്യമായി കുറയാനിടയായിട്ടുണ്ട്. കൂലി കൂടുതൽ ലഭിക്കുന്ന കെട്ടിടനിർമ്മാണ ജോലിയിൽ കുറെ സ്ത്രീകൾ ഏർപ്പെടുന്നുണ്ട്. പഞ്ചായത്തിൽ രണ്ടു വാർഡുകളിൽ ഓരോ അവൽ യൂനിറ്റ് നിലവിലുണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്. VIII, IX, X വാർഡുകൾ കേന്ദ്രീകരിച്ച് DWCRA യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. മറ്റ്, സ്ത്രീകളുടെ സ്വന്തമായ തൊഴിൽ മേഖലകൾ ഒന്നും തന്നെയില്ല. വിവിധ തൊഴിൽ മേഘലകളിൽ സ്ത്രീ- പുരു വേതന നിരക്ക് ചുവടെ ചേർക്കുന്നു:-

| തൊഴിൽ | സ്ത്രീ. | പു |
|---|---|---|
| കോൺക്രീറ്റ് | 75 | 100 |
| കെട്ടിടനിർമ്മാണം | 50 | 75 |
| കരിങ്കൽ പണി | 50 | 100 |
| കാർഷികവൃത്തി | 40 | 55 |
| നാട്ടി | 45 | 65 |
| ഓലമെടയൽ 100ന് | 120 | - |
| പായ നെയ്ത് 1ന് | 40 | - |
| മുറം കുട്ട 1ന് | 25 | 25 |

## പ്രശ്നങ്ങൾ

തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. തൊഴിൽ മേഖലകളിൽ തുല്യവേതനം ലഭിക്കുന്നില്ല. സ്ത്രീകൾക്ക് ചെയ്യാൻ പറ്റുന്ന തൊഴിൽ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുന്നില്ല.

സ്ത്രീകൾക്കിടയിൽ വായനാശീലം വളർത്തുന്നില്ല. ആധുനിക മാധ്യമങ്ങളുടെ സ്വാധീനം സ്ത്രീകളിൽ അപകടകരമായ അവസ്ഥ സൃഷ്ടിക്കുന്നു

സാമൂഹ്യപരിഷ്ക്കരണ രംഗങ്ങളിൽ സ്ത്രീകളുടെ നേതൃത്വപരമായ പങ്ക് കുറവാണ്.

കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വർദ്ധക്യകാല പെൻഷൻ തുടങ്ങിയവ യഥാസമയം ലഭിക്കുന്നില്ല.

വീടുകളിൽ വിശ്രമമില്ലാത്ത പണിയും, കുടുംബബാധ്യതയും സ്ത്രീകളെ പൊതുരംഗത്തേക്ക് വിടാൻ അനുവദിക്കുന്നില്ല. ഗാർഹിക ജോലികളിൽ പുരുഷന്മാരുടെ സഹായം ലഭിക്കുകയാണെങ്കിൽ ഒരളവു വരെ പൊതുരംഗത്ത് പ്രവർത്തിക്കാൻ സ്ത്രീകൾക്ക് സൗകര്യമുണ്ടാവും.

ശൈശവ വിവാഹം, സ്ത്രീധന സമ്പ്രദായം ഇവ ഇന്നും നിലനിൽക്കുന്നു. ഇത് കർശനമായി തടയണം.

അശ്ളീല സിനിമാ പോസ്റ്ററുകളും പ്രദർശനവും സ്ത്രീകളെ അവഹേളിക്കുന്ന തരത്തിലുള്ളതാണ്.

സ്ത്രീത്വത്തെ അവഹേളിക്കുന്ന തരത്തിലുള്ള പോസ്റ്ററുകൾ പഞ്ചായത്ത് അധികൃതർ കർശനമായി നിരോധിക്കണം.

ഹിന്ദു-മുസ്ലിം സമുദായങ്ങളിൽ വർദ്ധിച്ചു വരുന്ന സ്ത്രീധന സമ്പ്രദായം കർശനമായ നിയമത്തിലൂടെ നിർത്തൽ ചെയ്യണം.

സ്ത്രീകളുടെ ആരോഗ്യ പ്രശ്നത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് അടുക്കളയിലെ പുക. പുകയില്ലാത്ത അടുപ്പ് പ്രചാരത്തിൽ വരുത്തിക്കൊണ്ട് സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കണം.

സ്ത്രീകളിൽ സമ്പാദ്യ ശീലം വളരെ കുറവാണ്.

## സാധ്യതകൾ

2,9,10 വാർഡുകൾ വെള്ളക്കെട്ടുള്ള പ്രദേശങ്ങളായതിനാൽ ചകിരി വ്യവസായ യൂനിറ്റ് തുടങ്ങാം. മീൻ വളർത്തു കേന്ദ്രത്തിനും സാധ്യതയുണ്ട്.

ഒന്നു മുതൽ പത്തുവരെ വാർഡുകളിൽ പഴവർഗ്ഗങ്ങൾ, മരച്ചീനി തുടങ്ങിയവയിൽ നിന്ന് സംസ്കരണയൂനിറ്റുകൾ സ്ഥാപിച്ച് തൊഴിൽ കണ്ടെത്താവുന്നതാണ്.

സ്ത്രീകളുടെ കൂട്ടായ്മയോടെ കൈതച്ചക്ക കൃഷി ചെയ്ത് വിപണി കണ്ടെത്താവുന്ന

താണ്.

ആടു വളർത്തൽ കോഴി വളർത്തൽ തുടങ്ങിയവ സ്ത്രീകൾക്ക് വരുമാനമുണ്ടാക്കാവുന്ന മേഖലകളാണ്.

മെഴുകുതിരി നിർമ്മാണം, സോപ്പു നിർമ്മാണം, തേനീച്ച വളർത്തൽ, ബാഗ് നിർമ്മാണം, പപ്പട നിർമ്മാണം റെഡിമെയ്ഡ് വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ തുടങ്ങിയ കുടിൽ വ്യവസായം തുടങ്ങാം.

പച്ചക്കറികൃഷി വ്യാപകമായി തുടങ്ങി വീട്ടാവശ്യം കഴിച്ച് ബാക്കി വില്പന നടത്താം.

സ്ത്രീകളുടെ സാംസ്കാരിക നിലവാരം ഉയർത്താൻ വേണ്ടി ബോധവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കുകയും ക്ളാസുകളിൽ പങ്കെടുക്കാൻ വേണ്ടിയുള്ള സ്വാതന്ത്ര്യം ലഭ്യമാക്കുകയും ചെയ്യുക.

മഹിളാ സമാജങ്ങളും, അംഗൻവാടികളും, മാതൃശിശു സംരക്ഷണ കേന്ദ്രവും സ്ഥാപിക്കുക.

സ്ത്രീകളിൽ തയ്യൽ പരിശീലനം സിദ്ധിച്ചവർക്ക് വരുമാനമുണ്ടാക്കാൻ വേണ്ടി തയ്യൽ മെഷീൻ വാങ്ങാൻ സാമ്പത്തിക സഹായം ലഭ്യമാക്കണം.

പായ നെയ്ത്ത്, കുട്ടമടയൽ തുടങ്ങിയ പരമ്പരാഗത തൊഴിൽ ചെയ്യാനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും, അവർക്ക് കൂട്ടായി ജോലി ചെയ്യാൻ ഒരു സ്ഥാപനം പ്രവർത്തനമാരംഭിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാവണം.

നെൽകൃഷി, പച്ചക്കറി കൃഷി, ഭക്ഷ്യയോഗ്യമായ സാധനങ്ങളുടെ ഉല്പാദനം എന്നിവയിൽ സ്ത്രീകളെ കൂടുതൽ പങ്കാളികളാക്കണം.

വനിതകൾക്കായി ബേക്കറി തുടങ്ങാൻ സഹായം നൽകുക. മെറ്റലടിക്കുന്ന ജോലി സ്ത്രീകൾക്ക് കൂട്ടായി ചെയ്യാനാവശ്യമായ സാമ്പത്തിക സഹായം ചെയ്യണം.

കംപോസിങ്ങ് പരിശീലിച്ച വനിതകൾ പ്രസ് തുടങ്ങിയാൽ കുറേ പേർക്ക് ജോലി ലഭിക്കാൻ സാധ്യതയുണ്ട്. പഞ്ചായത്തിലേക്കാവശ്യമായ അച്ചടിജോലികൾ ഏല്പിച്ചുകൊടുക്കുമ്പോൾ പ്രസ്തുത പ്രസ്സിന് മുൻഗണന നല്കണം.


വനിതകളുടെ സാമ്പത്തികാനുകൂല്യങ്ങൾ താമസംവിനാ വിതരണം ചെയ്യപ്പെടേണ്ടതാണ്.

സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിന് സ്വയം സഹായഗ്രൂപ്പുകൾ രൂപീകരിക്കുകയും സർക്കാറിന്റെ മഹിളാ സമൃദ്ധി യോജന തുടങ്ങിയ പദ്ധതികളിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

സ്ത്രീ സാക്ഷരത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

## സ്ഥാപനങ്ങൾ



# 14

# സഹകരണം മാർക്കറ്റ് ടൂറിസം

**കേ**രളീയ ഗ്രാമങ്ങൾ പലതും സഹകരണ പ്രസ്ഥാനത്തിലൂടെ വളർച്ച നേടിയ ഇക്കാലത്തുപോലും സഹകരണ പ്രസ്ഥാനം വേണ്ടത്ര വേരു പിടിക്കാത്ത പ്രദേശമാണ് ആയഞ്ചേരി. അമ്പതുകളുടെ ആദ്യഘട്ടത്തിൽത്തന്നെ ഐക്യനാണയ സംഘവും പി.സി.സി.യും ആയഞ്ചേരിയിൽ പ്രവർത്തിച്ചിരുന്നു. ഈ പി.സി.സിയാണ് പിൽക്കാലത്ത് സർവ്വീസ് സഹകരണ ബാങ്കായി മാറിയത്. കോഴിക്കോട് ജില്ലയിൽത്തന്നെ രണ്ട് പി.സി.സികളായിരുന്നു നിലവിലുണ്ടായിരുന്നത്. ഇതിൽ അരിക്കുളം പി.സി.സി. ലിക്വിഡേറ്റ് ചെയ്യപ്പെടുകയും ആയഞ്ചേരി പി.സി.സി.നിലനിൽക്കുകയും ചെയ്തു. ആയഞ്ചേരി പി.സി.സി.യുടെ ആദ്യ പ്രസിഡണ്ട് സരസകവി കെ.സി. നാരായണൻ നമ്പ്യാരുടെ മകൻ കോമത്ത് ഗോവിന്ദക്കുറുപ്പായിരുന്നു. ആയഞ്ചേരിയിലെ ഒരു പൗരപ്രധാനിയായിരുന്ന പി.കെ. അപ്പക്കുറുപ്പ് വൈസ്. പ്രസിഡണ്ടുമായിരുന്നു. അന്നത്തെ സിക്രട്ടരിയിൽ നിന്നും ഭീമമായ ഒരു സംഖ്യ തട്ടിപ്പറിച്ചു എന്ന പ്രമാദമായ കേസിനെ തുടർന്ന് ഭരണം എക്സിക്യൂട്ടീവ് ഓഫീസർ ഏറ്റെടുക്കുകയും, ആസ്ഥാനം കടമേരിക്ക് മാറ്റുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഇതിനെ മലബാറിലെ ഏറ്റവും നല്ല പി.സി.സി.യാക്കി ഉയർത്താൻ എക്സിക്യൂട്ടീവ് ഭരണത്തിന് കഴിഞ്ഞിരുന്നു. റേഷൻ വിതരണം കുറഞ്ഞതോടെ മുഴുവൻ തൊഴിലാളികളെയും പിരിച്ചു വിട്ട് വെറും അഞ്ചുദ്യോഗസ്ഥൻമാർ മാത്രമുള്ള സ്ഥാപനമായി മാറ്റുകയും 1965ൽ എൻ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ പ്രസിഡണ്ടായി പുതിയ ബാങ്ക് നിലവിൽ വരികയും ചെയ്തു. ആദ്യകാല പി.സി.സി. ജീവനക്കാരിൽ ശ്രീ വരയാലിൽ ചെക്കോട്ടി മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. ശ്രീ കുഞ്ഞികൃഷ്ണൻ നമ്പ്യാർക്കു ശേഷം ശ്രീ കെ.എം. ഗോപാലൻ മാസ്റ്റർ, എൻ കുഞ്ഞിരാമൻ നമ്പ്യാർ. കള്ളീലാത്ത് പത്മനാഭക്കുറുപ്പ്. അമ്മാരപ്പള്ളി കുഞ്ഞിശങ്കരൻ മാസ്റ്റർ, മലയിൽ ബാലകൃഷ്ണൻ എന്നിവർ പ്രസിഡണ്ടുമാരായി സേവനമനുഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ പി.പി. ദാമോദരൻ പ്രസിഡണ്ടായുള്ള ഭരണസമിതിയാണ് നിലവിലുള്ളത്. ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഓവർസ്റ്റാഫിന്റെയും സിക്രട്ടറി ഉൾപ്പെടെയുള്ളവരുടെ പ്രവർത്തനക്ഷമതയുടെ അഭാവം കാരണവും കഴിഞ്ഞ കുറച്ചുകാലം ലാഭകരമല്ലാത്ത നിലയിലായിരുന്നു. എന്നാൽ ഈയടുത്ത കാലത്തായി ബാങ്കിന്റെ പ്രവർത്തനത്തിൽ ഗുണകരമായ മാറ്റമുണ്ടാവുകയും പുരോഗതിക്കാവശ്യമായ സഹായസഹകരണങ്ങൾ സഹകാരികളിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുകയുമുണ്ടായി. അതുവഴി എഫ്.ഡി, ആർ.ഡി. നിക്ഷേപങ്ങൾ വഴി ബാങ്ക് ഇന്ന് മോശമല്ലാത്ത നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇന്ന് 4 ജീവനക്കാർ മാത്രമേയുള്ളൂ. അതുകൊണ്ട് തന്നെ ശമ്പള ഇനത്തിൽ ചിലവു കുറഞ്ഞിട്ടുണ്ട്. ഈ സ്ഥാപനത്തെ സഹായിക്കാൻ ബാധ്യതപ്പെട്ട

ജില്ലാ ബാങ്കിൽ നിന്നും നിസ്സാരമായ ബാധ്യത യുടെ പേരിൽ പത്തു വർഷത്തിലധികമായി സാമ്പത്തികമായി യാതൊരു സഹകരണവും ലഭിക്കുന്നില്ല. ഇതിലും നഷ്ടത്തിൽ പ്രവർത്തി ക്കുന്ന പല സ്ഥാപനങ്ങൾക്കും കെ.ഡി.സി. ബാങ്കിന്റെ സഹായം ഇന്നും ലഭ്യമാണ്.

ഇരുപത് ലക്ഷത്തോളം രൂപയുടെ ആസ്തി സ്വന്തമായുള്ള ഈ സ്ഥാപനത്തിന് ജില്ലാബാ ങ്കിന്റെ കൂടി സഹകരണം ലഭിച്ചാൽ ജനങ്ങളുടെ പ്രതീക്ഷക്കനുസൃതമായി ഉയരാൻ കഴിയും. കട മേരി, ആയഞ്ചേരി, വേളം, പെരുമുണ്ടശ്ശേരി, കോട്ടപ്പള്ളി, ആവള എന്നീ പ്രദേശങ്ങൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിലാണ്.

ആയഞ്ചേരി പഞ്ചായത്തിൽ സഹകരണമേ ഖലയിൽ രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. കല്ലേരി ക്ഷീരോൽപാദക സഹകരണസംഘവും പൊന്മേരി ക്ഷീരോല്പാദക സഹകരണസം ഘവും. ഈ സംഘങ്ങളുടെ പ്രവർത്തനപരിധി 1,2,3,4 വാർഡുകളിലൊതുങ്ങി നിൽക്കുന്നു. ഐ.ആർ.ഡി.പിയുടെ കീഴിൽ രണ്ട് DWCRA യൂനിറ്റുകൾ ആരംഭിച്ചെങ്കിലും പ്രവർത്തനം സജീവമല്ല. സഹകരണ മേഖലയിൽ മറ്റ് സ്ഥാപ നങ്ങൾ ഇവിടെയില്ല. ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ ആയഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വാണിജ്യാടിസ്ഥാ നത്തിലുള്ള പ്രയോജനങ്ങളേ ഇതുകൊണ്ട് ജന ങ്ങൾക്ക് ലഭിക്കുന്നുള്ളൂ.

## പ്രശ്നങ്ങൾ

നഷ്ടത്തിൽ പ്രവർത്തിക്കുന്ന ആയഞ്ചേരി സർവീസ് സഹകരണ ബാങ്ക് വഴി വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല.

തെങ്ങുകൃഷിക്കാർക്ക് ആവശ്യമായ സഹായ ങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കാൻ സഹക രണ സംഘങ്ങൾ നിലവിലില്ല.

ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഉല്പന്ന ങ്ങൾക്ക് വിപണി ലഭ്യമല്ല.

സ്ത്രീകൾക്ക് സഹകരണ മേഖലയിൽ പ്രവർത്തിക്കാൻ സ്ഥാപനങ്ങളൊന്നും തന്നെ യില്ല.

1,2,3,4 വാർഡുകൾ കേന്ദ്രീകരിച്ച് സഹക രണ ബേങ്ക് ഇല്ല. ഉപഭോക്തൃ സഹകരണ സംഘങ്ങൾ നിലവിലില്ല. പായനെയ്ത്ത്, കൈത്തറി മേഖലയിൽ സഹകരണ സംഘ ങ്ങൾ ഇല്ല. തറോപ്പൊയിൽ പ്രദേശത്ത് ധാരാളം ക്ഷീരകർഷകർ ഉണ്ടെങ്കിലും സഹ കരണ സംഘങ്ങൾ നിലവിലില്ല.

ഖാദി ഉല്പന്നങ്ങൾക്ക് ആവശ്യക്കാർ ധാരാളം ഉണ്ടെങ്കിലും സഹകരണ സ്ഥാപ നങ്ങളില്ല.

ജില്ലാ ബേങ്കിൽ നിന്നും വിവിധ പദ്ധതി കൾക്കാവശ്യമായ ധനസഹായം ലഭിക്കു ന്നില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

* ലാഭകരമായ പ്രവർത്തനത്തിന് സഹായ മാകും വിധം സഹകരണ ബാങ്കിന് സാമ്പ ത്തിക സഹായമോ, ദീർഘകാല വായ്പയോ ലഭ്യമാക്കുക.
* സ്വകാര്യ ചിട്ടി ഇടപാടുകൾക്ക് പകരമായി ബാങ്കിൽ ചിട്ടി ആരംഭിക്കുക.
* കേരകർഷകരെ സംഘടിപ്പിച്ച് സഹകരണ സംഘം രൂപീകരിക്കുക.
* ഉപഭോക്തൃ സഹകരണസംഘം, ഖാദി വിപ ണന സഹകരണ സംഘം, വിവിധ കേന്ദ്ര ങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘം. പായ, മുറം, നെയ്ത്തു തൊഴിലാ ളികൾക്ക് സഹകരണ സംഘം തുടങ്ങിയവ ആരംഭിക്കുക.
* കാർഷിക സഹകരണ ബാങ്കിന്റെ ശാഖ ആയഞ്ചേരിയിൽ അനുവദിക്കുക.
* വാർഡുകൾ തോറും സഹകരണ കൺസ്യൂ മർ സ്റ്റോർ ആരംഭിക്കുക.

**പട്ടിക: 14.1.1**

**ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്**

| അംഗങ്ങളുടെ എണ്ണം | നിലവിലുള്ള നിക്ഷേപം -രൂപ | കാർഷിക വായ്പ രൂപ | കാർഷികേതര വായ്പ -രൂപ | സ്വർണ്ണ പണ്ടം വായ്പ -രൂപ | ഐ.ആർ.ഡി.പി. |
|---|---|---|---|---|---|
| 6575 | 1524463 | 19379 | 159392 | 131002 | 22209 |

**പട്ടിക: 14.1.2**

**കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക്**

**ആയഞ്ചേരി ശാഖ**

| നിക്ഷേപം | | | വായ്പകൾ | | | |
|---|---|---|---|---|---|---|
| കൊല്ലം | സ്ഥിരം നിക്ഷേപം | സേവിഗ്സ് ബാങ്ക് അക്കൗണ്ട് | സ്വർണ്ണ പണ്ടം | വീട്ട് സാധനങ്ങളുടെ വായ്പ | കല്ല്യാണം ചികിത്സ വായ്പ | കച്ചവടം വ്യവസായം |
| 1992 | 446330 | 115320 | 276590 | Nil | Nil | Nil |
| 1993 | 829160 | 151492 | 823270 | Nil | Nil | 251312 |
| 1994 | 1420768 | 413183 | 1605568 | 7034 | Nil | 147501 |
| 1995 | 1517776 | 656325 | 2235825 | 838970 | 75000 | 20824 |
| 1996 | 2155422 | 563734 | 1472685 | 739693 | 383634 | 20824 |



108

* ജില്ലാ ബേങ്കിൽ നിന്നുള്ള സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

# മാർക്കറ്റ്

ആയഞ്ചേരി പഞ്ചായത്തിൽ സ്ഥിരം ചന്തകളില്ല. പഴയകാലത്ത് പേരാമ്പ്രയിലെ ഞാറാഴ്ച ചന്തയിലും വടകരയിലെ ചൊവ്വാഴ്ച ചന്തയിലും കുറ്റ്യാടിയിലെ ശനിയാഴ്ച ചന്തയിലുമായിരുന്നു ഈ പഞ്ചായത്തിലെ ജനങ്ങൾ കൊടുക്കൽ വാങ്ങൽ നടത്തിയിരുന്നത്. പഞ്ചായത്തിലെ പ്രധാനനാണ്യവിളകളായ നാളികേരം കൊപ്രയും, ഉണ്ടയും, കൊട്ടത്തേങ്ങയുമാക്കി വടകരയിലായിരുന്നു വില്പന നടത്തിയിരുന്നത്. ഇന്നും അത് തുടരുന്നു. കുരുമുളകിന്റെ മാർക്കറ്റും വടകര അടക്കാതെരുവ് തന്നെയാണ്.

മറ്റൊരു പ്രധാന ഉല്പന്നമായ ഇളം അടക്ക (പൈങ്ങ) വില്പ്പന നടത്തിയിരുന്നത് പേരാമ്പ്രയിലായിരുന്നു. ഉണങ്ങിയ അടക്ക (കൊട്ടടക്ക) വടകര അടക്കാ തെരുവിലും.

കന്നുകാലികളുടെ മാർക്കറ്റും ഈ പ്രദേശങ്ങളെ കേന്ദ്രീകരിച്ചു തന്നെയായിരുന്നു. മറ്റൊരു പ്രധാന ഉൽപ്പന്നമായ മാങ്ങ തലശ്ശേരിയിലായിരുന്നു വിപണനം നടത്തിയിരുന്നത്. ഓർക്കാട്ടേരി ചന്ത, കീഴൂർ ചന്ത എന്നിവ കൊല്ലത്തിൽ ഒരിക്കൽ നടത്തി വരുന്ന ചന്തകളാണ്. ഈ ചന്തകളെയും ആയഞ്ചേരിക്കാർ സ്ഥിരമായി ആശ്രയിച്ചു വരുന്നു.

പായ, മുറം, കുട്ട, എന്നീ കുടിൽ വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിക്കപ്പെടുന്നത് അന്യ പ്രദേശങ്ങളിലെ മാർക്കറ്റുകളിലാണ്. സ്വന്തമായ മാർക്കറ്റില്ലാത്ത പ്രയാസം ഇതിൽ നിന്നും മനസിലാക്കാവുന്നതാണ്.

ഈയടുത്ത കാലത്തായി ഒരു കച്ചവട കേന്ദ്രമായി ഉയർന്നു വന്നിട്ടുള്ളത് കമ്പനിപ്പീടിക എന്നറിയപ്പെടുന്ന ആയഞ്ചേരി ടൗണാണ്. പുറമേരി പഞ്ചായത്തുമായി ബന്ധപ്പെട്ടു കിടക്കുന്ന തണ്ണീർ പന്തൽ ടൗൺവികാസം പ്രാപിച്ചു വരുന്നു. തറോപ്പൊയിൽ, മുക്കടത്തും വയൽ, കീരിയങ്ങാടി, അഞ്ചുകണ്ടം എന്നിവ വികസന സാധ്യതയുള്ള കച്ചവട കേന്ദ്രങ്ങളാണ്.

വാഹനങ്ങളുടെയും ജനങ്ങളുടെയും തിരക്ക് വർദ്ധിച്ചു വരുന്ന കമ്പനിപ്പീടികയിൽ മത്സ്യവില്പനയും പൊതുനിരത്തിലായിരുന്നു. പഞ്ചായത്ത് വക മത്സ്യമാർക്കറ്റ് വന്നതോടുകൂടി ആ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ പീടികകളാണ് കച്ചവട സ്ഥാപനങ്ങളായി ഇപ്പോൾ പ്രവർത്തിക്കുന്നത്. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു മാർക്കറ്റിംഗ് കോംപ്ളക്സിന് ഇവിടെ നല്ല സാധ്യതയുണ്ട്. പഞ്ചായത്തു ഭരണസമിതി ഈ കാര്യത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുറമേരി പഞ്ചായത്തും ആയഞ്ചേരി പഞ്ചായത്തും തമ്മിൽ ചേരുന്ന തണ്ണീർപന്തൽ ടൗൺ ജനങ്ങൾ ധാരാളമായി ഒത്തുകൂടുന്ന ഒരു പ്രദേശമാണ്. ഇവിടെ മത്സ്യ വില്പന ഇപ്പോഴും പൊതുനിരത്തിലാണ്. അടിയന്തിരമായും മത്സ്യമാർക്കറ്റ് സ്ഥാപിക്കേണ്ടതുണ്ട്. ഇവിടെ മത്സ്യമാർക്കറ്റ് പണിയുന്നതിന് തണ്ണീർപന്തലിൽ P.W.D വകുപ്പിന്റെ അധീനതയിലുള്ള പാലത്തോട് ചേർന്ന സ്ഥലം തോടിന് മുകളിൽ സ്ളാബിട്ട് കെട്ടിടമുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് അധികൃതരോടാവശ്യപ്പെട്ടിട്ടുണ്ട്.

ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി ശാസ്ത്രീയമായ വിപണന സമ്പ്രദായവും വിപണന കേന്ദ്രങ്ങളും ഈ രംഗത്ത് ആവശ്യമാണ്. അങ്ങനെ വന്നാൽ വടകര താലൂക്കിലെ നല്ലൊരു കച്ചവട കേന്ദ്രമാക്കി ഈ പഞ്ചായത്തിനെ മാറ്റിയെടുക്കാൻ കഴിയും.

# ടൂറിസം

ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പദ്ധതികളൊന്നും ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ വ്യക്തമായ കാഴ്ചപ്പാടോടെ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചാൽ ഈ രംഗത്ത് നല്ല പ്രതിഫലനമുണ്ടാക്കാൻ കഴിയും.

വാളാഞ്ഞി പ്രദേശം, അരൂറമല പ്രദേശം എന്നിവ ടൂറിസ്റ്റുകളെ അകർഷിക്കുവാൻ പറ്റിയ കേന്ദ്രങ്ങളാക്കി വികസിപ്പിച്ചെടുക്കാവുന്നതാണ്. വാളാത്തി പ്രദേശം വെള്ളത്താൽ ചുറ്റപ്പെട്ട തുരുത്തുകളാണ്. ഗുളികപ്പുഴയുമായി ബന്ധിപ്പിക്കുന്ന തോട് ജലോല്ലാസയാത്രക്ക് പറ്റിയ ജലാശയമാണ്. തുരുത്തുകളായ അരതുരുത്തി, കോ തുരുത്തി, എലത്തുരുത്തി, വാളാഞ്ഞി എന്നിവ പുൽമൈതാനങ്ങളും കുറ്റിക്കാടുകളും നിറഞ്ഞു നിരന്ന പ്രദേശമാണ്. നെൽവയലുകളും ജലാശയങ്ങളും, മൈതാനവും കുറ്റിക്കാടുകളും ഉൾകൊള്ളുന്ന ഈ പ്രദേശം പ്രകൃതിരമണീയമാണ്.

പാർക്കുകൾ ഉണ്ടാക്കി ചുറ്റും ജലസഞ്ചാരത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിച്ചും ഗതാഗതബന്ധങ്ങൾ വിപുലീകരിച്ചും ഈ പ്രദേശത്തെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

ആയഞ്ചേരി ടൗണിൽ നിന്നും 2 കി.മി. മാത്രം ദൂരെ കിടക്കുന്ന ഈ സ്ഥലം പുതിയോട്ടും വയൽ, തറോപ്പൊയിൽ പ്രദേശങ്ങളുമായും വേളം പഞ്ചായത്തുമായും തൊട്ടുകിടക്കുന്നു. ആമ്പൽ പൊയ്കകളും അപൂർവ്വമായ പക്ഷി സങ്കേതങ്ങളും ഈ പ്രദേശത്തിന്റെ മനോഹാരിതക്ക് മാറ്റുകൂട്ടുന്നു.

പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുന്നിൻ പ്രദേശമാണ് അരൂറ മല 30 മീറ്റർ ഉയരമുള്ള ഈ പ്രദേശം പ്രകൃതിരമണീയമായ സ്ഥലമാണ്. വറ്റാത്ത നീരുറവ ഈ പ്രദേശത്തിന്റെ ഒരു പ്രത്യേകതയാണ്. സ്വദേശികളായ പലരും ഈ പ്രദേശത്ത് കാഴ്ചക്കാർ എന്ന നിലയിൽ വന്നു പോകുന്നുണ്ട്. വടകര മാഹി കനാൽ വികസിപ്പിച്ചെടുത്താൽ ജലയാത്രവഴി ടൂറിസ്റ്റുകൾക്ക് ഈ പ്രദേശത്തിന്ന് അടുത്ത് എത്താവുന്നതാണ്. വില്ല്യാപ്പള്ളി ടൗൺ ഈ പ്രദേശവുമായി അടുത്തു കിടക്കുന്ന ടൗണായതിനാൽ യാത്രാസൗകര്യം എളുപ്പത്തിൽ ഉണ്ടാക്കാൻ കഴിയും.

അരൂർ മലയിൽ നിന്ന് കുറച്ച് അകലെ കീരിയങ്ങാടിക്ക് സമീപം സ്ഥിതി ചെയ്യുന്ന പാലോറക്കുന്ന് ആവശ്യമായ രീതിയിൽ സംവിധാനം ചെയ്താൽ ടൂറിസ്റ്റുകളെ ആകർഷിക്കാവുന്ന മറ്റൊരു പ്രദേശമാണ്. അരൂർ മലയുമായി റോപ്പ് വേ ഉപയോഗിച്ച് ഈ പ്രദേശത്തെ കൂട്ടിയിണക്കാം. പുറമേരി പഞ്ചായത്തുമായി ബന്ധപ്പെട്ട് കിടക്കുന്ന തണ്ണീർ പന്തൽ ടൗൺ പാലോറക്കുന്നിന്നടുത്താണ്. ഇവിടേക്ക് ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വലിയ മുതൽമുടക്ക് വേണ്ടി വരില്ല.

വാളാഞ്ഞി പ്രദേശം, അരൂർ മല പ്രദേശം, പാലോറക്കുന്ന് പ്രദേശം, എന്നീ സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റാൻ സമഗ്രമായ ഒരു പദ്ധതിക്ക് ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ രൂപം കൊടുക്കേണ്ടതാണ്. നാട്ടുകാരുടെ നിർലോഭമായ സഹായം ഈ കാര്യത്തിൽ ഉണ്ടാകും.

ഒരച്ഛനമ്മക്കു പിറന്ന മക്കൾ
ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം
നാഥന്റെ മുറ്റത്ത് വിളഞ്ഞു നിൽക്കും
നൻ മുന്തിരിക്കൊത്തു മനുഷ്യവർഗ്ഗം

–ഉള്ളൂർ

# 15

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

**ഈ** പഞ്ചായത്തിൽ ആദിവാസികളോ ഗിരിവർഗ്ഗക്കാരോ പണ്ടേ ഉണ്ടായിരുന്നില്ല. പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ജനവിഭാഗവും ഇല്ല. പഞ്ചായത്തിൽ 124 പട്ടികജാതി വീടുകളാണുള്ളത്. പട്ടികജാതിയിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ സമൂഹ വിഭാഗങ്ങൾ പുലയൻ, മലയൻ, പരവൻ, വണ്ണാൻ, എന്നിവരാണ്. പഴയകാലത്ത് തൊഴിൽ പരമായിത്തന്നെ ഇവർ വർഗ്ഗീകരിക്കപ്പെടുകയായിരുന്നു നെൽവയലുകൾ ഏറെയുണ്ടായിരുന്ന ഈ പഞ്ചായത്തിൽ വയലിലെ ചെളിയിൽ അധ്വാനിച്ച് കൃഷിപ്പണി ചെയ്യാൻ നിയോഗിക്കപ്പെട്ടവരായിരുന്നു പുലയർ. ഇന്നും ഇവരുടെ അംഗസംഖ്യ കൂടുതലായി കാണപ്പെടുന്നത് പഞ്ചായത്തിന്റെ തെക്കു കിഴക്കൻ മേഖലയിലാണ്.

വിദ്യാഭ്യാസരംഗത്തെ ആനുകൂല്യങ്ങൾ സർക്കാർ തൊഴിൽ മേഖലയിലെ സംവരണം എന്നിവ വർഷങ്ങളായി നിലവിലുണ്ടായിരുന്നിട്ടും പട്ടികജാതിക്കാരുടെ ഉയർച്ച ഈ മേഖലകളിൽ തൃപ്തികരമല്ല. പട്ടികജാതി വിഭാഗത്തിലെ ഏതാനും പേർ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്.

സ്വന്തമായി രണ്ടു സെന്റ് സ്ഥലമെങ്കിലുമുള്ള എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഇപ്പോൾ പാർപ്പിടമായിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ സ്വന്തം പേരിൽ സ്ഥലമില്ലാത്തതുകൊണ്ട് പല ഉപകുടുംബങ്ങൾക്കും പാർപ്പിടമുണ്ടാക്കി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതിക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിൽ വലിയൊരു പങ്കുവഹിച്ചത് കഴിഞ്ഞ കാലത്ത് ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ജവഹർതൊഴിൽ ദാന പദ്ധതിയാണ്. സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതിക്കാർക്ക് വീടുണ്ടാക്കാനുള്ള സ്ഥലം സമ്പാദിക്കാൻ സർക്കാർ ഗണ്യമായി സഹായിച്ചേ പറ്റൂ. പഞ്ചായത്തിലെ പട്ടികജാതിക്കാർ തിങ്ങിത്താമസിക്കുന്ന കുളങ്ങരത്ത് പ്രദേശം ഹരിജൻ കോളനിയായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. തെക്കേ തറമൽ പ്രദേശത്ത് മറ്റൊരു ഹരിജൻ കോളനിയും നിലവിലുണ്ട്. പട്ടികജാതിക്കാരുടെ വീടുകൾ വയറിംഗ് നടത്തിക്കൊടുക്കുന്നതിനും, അവർക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്നതിനും ഉദാരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. ഈ മേഖലയിൽ ഇനിയും ഒരു പാട് ചെയ്തു തീർക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

* വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി വിഭാഗം വേണ്ടത്ര ഉയർന്നു വന്നിട്ടില്ല.
* കുളങ്ങരത്ത് ലക്ഷം വീട് കോളനിയിലെ വീടുകൾ തകർച്ചയുടെ വക്കിലെത്തി നിൽക്കുന്നു.
* പരമ്പരാഗത തൊഴിൽ മേഖലയിൽ

സാധ്യത കുറഞ്ഞു വരുന്നു

* സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ നേടി യെടുക്കാൻ കഴിയാതെ വരികയും, തൽഫ ലമായി പുരോഗതിക്കുള്ള സാധ്യതകൾ കുറ യുകയും ചെയ്യുന്നു.
* വീട് കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് നൽകി വരുന്ന സാമ്പത്തിക സഹായം അപ ര്യാപ്തമാണ്.
* പട്ടിക ജാതിക്കാരുടെ പരമ്പരാഗത കലാരൂ പങ്ങൾ അന്യം നിന്നു പോകുന്നു.
* ഹരിജനങ്ങളുടെ പരമ്പരാഗത തൊഴിലി നുള്ള അസംസ്കൃത വസ്തുവായ കൈതോ ലക്കാടുകൾ നശിച്ചു കൊണ്ടിരിക്കുന്നു.
* മുറം, കുട്ട, തുടങ്ങിയവ നിർമ്മിക്കാനുള്ള `ഓട് ലഭിക്കാൻ പ്രയാസം നേരിടുന്നു.
* DWCRA യൂനിറ്റിന്റെ പ്രവർത്തനം തൃപ്തി കരമല്ല. തെക്കേ തറമ്മൽ കോളനി വൈദ്യു തികരിച്ചിട്ടില്ല.
* പുലയസമുദായ ശ്മശാനത്തിന്നായി ഉപയോ ഗിക്കുന്ന പുലുത്തുരുത്തി മതിൽ കെട്ടി സംര ക്ഷിക്കാത്തതിലുള്ള പ്രയാസം.
* ശ്മശാനത്തിലേക്ക് പോകുന്നതിന്. തെക്ക യിൽ താഴനിന്നും, മഠത്തിക്കുന്നമ്മൽ പൊയ ലിൽ നിന്നും പൊകാർത്ത്താഴ നിന്നും റോഡില്ല.

## പ്രശ്നങ്ങൾ

* പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് അവസാനിപ്പിക്കേണ്ടതാണ്. വിദ്യാ ഭ്യാസത്തിനുള്ള സാമ്പത്തികാനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.
* കുളങ്ങരത്ത് ലക്ഷം വീട് കോളനിയിലെയും പാറേമ്മൽ ലക്ഷം വീടുകോളനിയിലെയും വീടുകൾ ഒറ്റവീടുകളാക്കി പുതുക്കിപ്പണി യുക.
* പട്ടികജാതിക്കാരുടെ പരമ്പരാഗത തൊഴിലു കളായ കുമ്മായച്ചൂള, പായ, മുറം, കുട്ട, നെയ്ത്തിനാവശ്യമായ പ്രോൽസാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
* സർക്കാർ നൽകുന്ന ഗ്രാന്റുകളും, ലോണു കളും നേടിയെടുക്കാൻ ഈ വിഭാഗത്തെ ശക്തിപ്പെടുത്തുകയും, അതു വഴി വികസ നത്തിനുള്ള വഴികൾ മെച്ചപ്പേടുത്തുകയും വേണം.
* വീട് കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ജവഹർ തൊഴിൽ ദാന പദ്ധതിയിലൂടെ നൽകുന്ന സംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്.
* പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ-സാമ്പ ത്തികനില മെച്ചപ്പെടുത്തി അവരുടെ സാമൂ ഹ്യപദവി ഉയർത്തിയെടുക്കേണ്ടതാണ്.
* പരമ്പരാഗത കലാരൂപങ്ങളായ തെയ്യം, തിറ കൂളികെട്ട്, മുടിയാട്ടം തുടങ്ങിയവ പ്രോൽസാഹിപ്പിക്കപ്പെടുകയും, പ്രചരിപ്പി ക്കുകയും ചെയ്യേണ്ടതാണ്.
* ഹരിജനങ്ങളുടെ പരമ്പരാഗത തൊഴിലി നുള്ള കൈതോലക്കാടുകൾ സംരക്ഷിക്കു കയും യഥാർത്ഥ തൊഴിലാളികൾക്ക് അവ പതിച്ചു നൽകുകയും ചെയ്യേണ്ടതാണ്.
* പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാ ഹത്തിന് സർക്കാർ സഹായം ലഭ്യമാക്കേണ്ട താണ്.
* ഹരിജനങ്ങളുടെ ശ്മശാനമായ പുലത്തു രുത്തി മതിൽ കെട്ടി സംരക്ഷിക്കുകയും ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കു കയും, തെങ്ങ് കശുമാവ് തുടങ്ങിയ നാണ്യ വിളകൾ വെച്ചു പിടിപ്പിക്കുകയും വേണം.
* DWCRA യൂനിറ്റിന്റെ പ്രവർത്തനം ശക്തിപ്പെ ടുത്തി വനിതകളുടെ തൊഴിലവസരം വർദ്ധി പ്പിക്കേണ്ടതാണ്.

**പട്ടിക 15. 1**

**ജെ.ആർ.വൈ.പദ്ധതി പ്രകാരം അനുവദിച്ച ആനുകൂല്യങ്ങൾ**

| വർഷം | വീട് | വയറിങ് | കക്കൂസ് | കിണർ |
|---|---|---|---|---|
| 89-90 | 7 | | 2 | |
| 90-91 | 3 | | | |
| 91-92 | 1 | | 5 | |
| 92-93 | 3 | | 6 | |
| 93-94 | 4 | | 1 | 3 |
| 95-96 | 3 | 18 | 8 | |
| 96-97 | | 32 | 14 | |

# 16

# വിഭവസമാഹരണം

ഏതൊരു സംരംഭത്തിന്റെയും ജയാപജയങ്ങൾ വിഭവസമാഹരണത്തെയും, അതിന്റെ ശരിയായ വിധത്തിലുള്ള വിനിയോഗത്തേയും ആശ്രയിച്ചാണിരിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെയുള്ള വിഭവസമാഹരണവും വിനിയോഗവും നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിയിലേക്കുള്ള കാൽവെപ്പാക്കി മാറ്റാൻ നമുക്ക് കഴിയണം.

ഈ പഞ്ചായത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നു. സർക്കാർ-അർദ്ധസർക്കാർ ജീവനക്കാരും കെട്ടിട നിർമ്മാണ തൊഴിലാളകളുമാണ് മറ്റൊരു വിഭാഗം. ഗൾഫ് നാടുകളിലും ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന ആളുകളുടെ വരുമാനത്തിന്റെ സിംഹഭാഗവും വീടു നിർമ്മാണത്തിലെ ധൂർത്തും അനാവശ്യചിലവകളും വഴി പാഴായി പോകുന്ന ഒരു ദുരവസ്ഥ മറ്റേതു സ്ഥലത്തെക്കാളും കൂടുതലായി ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. ഈ ധൂർത്ത് ഒഴിവാക്കി ആ വിഭവങ്ങൾ പരമാവധി സമാഹരിച്ച് ഉൽപാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അതു വഴി ഈ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

മെച്ചപ്പെട്ട ഭൂസമ്പത്തിനാൽ അനുഗ്രഹീതമാണ് ഈ പ്രദേശം. ശാസ്ത്രീയമായ രീതിയിലുള്ള കൃഷി സമ്പ്രദായങ്ങളുടെ അപര്യാപ്തത കാരണം മെച്ചപ്പെട്ട വിളവു ലഭിക്കാത്ത ഒരവസ്ഥ ഈ പ്രദേശങ്ങളിലുണ്ട്. പാഴായിപ്പോകുന്ന ജലസ്രോതസ്സുകൾ ശരിയായി രീതിയിൽ ഉപയോഗപ്പെടുത്താൻ ആവശ്യമായ പരിശീലനം കർഷകർക്ക് നൽകി വിളവ് സമൃദ്ധമാക്കാൻ ശ്രദ്ധയുണ്ടാകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവയാണ്. കഴിഞ്ഞ 12 വർഷത്തെ പഞ്ചായത്തിന്റെ വരുമാനം താഴെ പട്ടികയിൽ കൊടുക്കുന്നു. (16.1)

പഞ്ചായത്തിന്റെ ഗണ്യമായ ചിലവ്, ഭരണപരമായ ആവശ്യങ്ങൾ, പൊതുമരാമത്ത്, പൊതുജനാരോഗ്യം എന്നീ മേഖലകളിലാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ആയഞ്ചേരി ശാഖയും കെ.ഡി.സി. ബാങ്കിന്റെ ആയഞ്ചേരി ശാഖയും ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്കും നാല് ബ്രാഞ്ച് പോസ്റ്റാഫീസുകളും ഗണ്യമായ നിക്ഷേപങ്ങൾ സമാഹരിക്കുന്നുണ്ടെങ്കിലും പ്രധാന ഉൽപാദന മേഖലകളായ കാർഷിക വ്യാവസായിക മേഖലകളിൽ ഈ സ്ഥാപനങ്ങളുടെ സഹായം തുച്ഛമായി മാത്രമേ ലഭിക്കുന്നുള്ളൂ. കഴിഞ്ഞ ഏതാനും വർഷങ്ങ

ളിൽ ഈ സ്ഥാപനങ്ങളുടെ നിക്ഷേപവും കാർഷിക-വ്യവസായിക മേഖലകളിൽ നൽകിയ സഹായവും ചുവടെ പട്ടികയിൽ കൊടുക്കുന്നു. (പട്ടിക 16.2, 16.3,16.4)

വരുമാനത്തിലൊതുങ്ങി നിന്നു കൊണ്ട് പരമാവധി വികസനപ്രവർത്തനങ്ങൾക്ക് കഴിയുന്നത്ര തുക വകയിരുത്തുവാൻ പഞ്ചായത്ത ഭരണ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 12 വർഷം വിവിധയിനങ്ങളിൽ പഞ്ചായത്തിന്റെ ചെലവ് താഴെ പട്ടികയിൽ കൊടുക്കുന്നു.

കുറി, പണപ്പയറ്റ് തുടങ്ങിയ വ്യക്തിബന്ധത്തിലധിഷ്ഠിതമായ സാമ്പത്തികഇടപാടുകൾ മറ്റേതു പ്രദേശത്തേക്കാളും കൂടുതലായി ഇവിടെ കണ്ടുവരുന്നു. അമിത പലിശക്ക് പണം കടം കൊടുക്കുന്നു ബ്ളേഡു കമ്പനികളും ഒളിഞ്ഞും തെളിഞ്ഞും സാമ്പത്തിക രംഗം കയ്യടക്കി വരുന്ന ഒരു സ്ഥിതി വിശേഷം വിവിധ പ്രദേശങ്ങളിൽ കാണാം.

## പ്രശ്നങ്ങൾ

* കെട്ടിട നികുതി നിർണ്ണയത്തിൽ അശാസ്ത്രീയതയും അപാകതയും നിലനിൽക്കുന്നു
* ഭൂനികുതി ചുമത്തുന്നതിൽ ഭൂമിയുടെ ഗുണമേന്മ പരിഗണിക്കപ്പെടുന്നില്ല.
* വസ്തുക്കൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കനത്ത ചോർച്ച വരുന്നു.
* വില്പന നികുതി, കസ്റ്റംസ് നികുതി എന്നിവയിൽ വെട്ടിപ്പ് നടക്കുന്നു.
* സർക്കാർ ഭൂമി പ്രയോജനപ്പെടുത്തുന്നതിൽ കാര്യക്ഷമതയില്ലായ്മ നിലനിൽക്കുന്നു.
* വിദേശത്തു ജോലി ചെയ്യുന്നവരുടെ വരുമാനം ഉത്പാദന മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നില്ല.
* പൊതു ജലാശയങ്ങൾ ഉൽപാദനക്ഷമമാക്കാൻ കഴിയുന്നില്ല.
* കരിങ്കൽ ക്വാറികൾ സ്വകാര്യവ്യക്തികളുടെ ലാഭത്തിനു വേണ്ടി ഉപയോഗിക്കപ്പെടുന്നു.
* ബാങ്ക് വായ്പ ലഭിക്കുന്നതിൽ സാങ്കേതിക പ്രയാസങ്ങൾ അനുഭവപ്പെടുന്ന്നു.
* ഭരണചിലവിൽ നിയന്ത്രണമുണ്ടാക്കാൻ കഴിയാതെ വരുന്നു.
* കെട്ടിടനിർമ്മാണ രംഗത്തും വൈവാഹിക പരിപാടികളിലും സമ്പാദ്യം ധൂർത്തടിക്കപ്പെടുന്നു.
* പഞ്ചായത്തിലൂടെ കടന്നു പോകുന്ന കനാലിന്റെ ഇരു കരകളിലുമുള്ള പുറമ്പോക്കു ഭൂമി കൃഷിക്കുപയോഗിക്കപ്പെടാതെ പോകുന്നു.

## പരിഹാരങ്ങൾ

* കെട്ടിട നികുതി നിർണ്ണയിക്കുന്നതിൽ വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുകയും അവ കർശനമായി പാലിക്കപ്പെടുകയും വേണം.
* ഭൂമിയുടെ വിസ്തൃതി പരിഗണിച്ച് നികുതി നിശ്ചയിക്കുന്നതിനു പകരം ഭൂമിയുടെ ഗുണമേന്മ പരിഗണിക്കപ്പെടേണ്ടതാണ്.
* സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ വരുന്ന ചോർച്ച ശക്തമായ നിയമ നിർമാണം വഴി തടയേണ്ടതാണ്.
* വില്പനനികുതി. കസ്റ്റംസ്-ഡ്യൂട്ടി എന്നിവയിൽ നടക്കുന്ന വെട്ടിപ്പൊഴിവാക്കാൻ ഉദ്യോഗസ്ഥന്മാർ അർപ്പണബോധത്തോടെ പ്രവർത്തിക്കണം.
* സർക്കാർ ഭൂമി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ ഏൽപിക്കുകയും ജനകീയ ഭൂവിനിയോഗ സമിതികളുടെ സഹായം ലഭ്യമാക്കുകയും വേണം.
* വിദേശ വരുമാനത്തിന്റെ നിശ്ചിത ശതമാനം ഗ്രാമീണ തൊഴിൽ മേഖലയിലേക്ക് തിരിച്ചുവിടാൻ നിയമമുണ്ടാവണം.
* കരിങ്കൽ ചെങ്കൽ ക്വാറികൾ പൊതു ഉടമയിലാക്കി മാറ്റേണ്ടതാണ്.
* കെട്ടിട നിർമ്മാണ രംഗത്തും മറ്റും ഉണ്ടാ

## പട്ടിക 16.1
## ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്
## വരവിനങ്ങൾ

| കൊല്ലം | കെട്ടിടനികുതി | തൊഴിൽ നികുതി | ലൈസൻസ് ഫീസ് | ഗ്രാന്റുകൾ | പലവക | ആകെ വരവ് |
|---|---|---|---|---|---|---|
| 84–85 | 36,266.68 | 11243.00 | 1754.00 | 99,344.19 | 1,10,665.02 | 2,59,272.89 |
| 85–86 | 51,408.29 | 22871.00 | 2461.00 | 95,132.80 | 1,99,806.56 | 3,71,679.65 |
| 86–87 | 25,582.75 | 24745.00 | 3168.75 | 2,50000.00 | 3,90,753.50 | 6,94,209.00 |
| 87–88 | 37,188.16 | 25722.00 | 3178.00 | 58,192.00 | 4,72,526.87 | 5,96,807.03 |
| 88–89 | 23,210.32 | 44308.00 | 5817.00 | 98,797.00 | 4,44,764.12 | 6,16,896.44 |
| 89–90 | 1,40,605.17 | 48196.00 | 7634.00 | 1,97,469.00 | 3,64,125.75 | 7,58,029.92 |
| 90–91 | 1,86,497.22 | 53175.00 | 7543.00 | 3,51,664.00 | 3,14,057.93 | 9,12,937.15 |
| 91–92 | 1,52,984.56 | 72648.00 | 6819.00 | 2,56,839.00 | 3,65,565.13 | 8,54,855.68 |
| 92–93 | 1,81,805.96 | 81505.00 | 6945.00 | 4,30,482.00 | 3,17,980.96 | 1,018,718.92 |
| 93–94 | 1,74,931.96 | 78032.00 | 8712.00 | 5,21,371.00 | 6,66,834.57 | 14,49,881.53 |
| 94–95 | 250568.16 | 87210.00 | 10238.00 | 3,51,652.00 | 5,91,629.86 | 12,91,298.02 |
| 95–96 | 221324.21 | 84920.00 | 8300.00 | 4,99,946.00 | 8,90,624.59 | 17,05,114.80 |



116

പട്ടിക: 16–2

സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്

ആയഞ്ചേരി ശാഖ

| വർഷം | നിക്ഷേപം | കാർഷിക വായ്പ | സ്വർണ്ണ വായ്പ | കച്ചവടം | മറ്റിനം |
|---|---|---|---|---|---|
| 91–92 | 5907200 | 1209890 | 2147150 | 887450 | 198230 |
| 92–93 | 7309000 | 377457 | 4786910 | 493605 | 501080 |
| 93–94 | 8457000 | 487774 | 7594730 | 830781 | 1033106 |
| 94–95 | 1095200 | 423076 | 10760775 | 1074128 | 3859024 |
| 95–96 | 11560054 | 757416 | 12358750 | 8719000 | 1203992 |

കുന്ന ധൂർത്തിനെതിരെ ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്.

* പഞ്ചായത്തിലെ പരമ്പരാഗത ഉല്പന്നങ്ങളായ ചക്ക, മാങ്ങ, കശുമാങ്ങ, ഈന്ത്, എന്നിവ ഉപയോഗശൂന്യമായിപ്പോവുന്നത് തടയാൻ ഇവയുടെ സംസ്കരണ യൂനിറ്റ് ആരംഭിക്കാവുന്നതാണ്.
* കെട്ടിട നിർമ്മാണ ചട്ടം നടപ്പിലാക്കുകയും നിശ്ചിത വലുപ്പത്തിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് സെസ്സ് ചുമത്തുകയും ചെയ്യുക.
* പരസ്യങ്ങൾക്ക് നികുതി ചുമത്താവുന്നതാണ്.
* ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുകയും ബാങ്ക് പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.
* കൃഷിക്ക് ഉപയുക്തമാക്കപ്പെടാതെ കനാലിന്റെ കരയിൽ ഉള്ള പുറമ്പോക്കു ഭൂമി പഞ്ചായത്തിന് കൈമാറി, അവ ജനങ്ങൾക്ക് കൃഷി നടത്തുന്നതിന് വേണ്ടി ലേലത്തിൽ കൊടുത്ത് വരുമാനമുണ്ടാക്കാം.

പട്ടിക: 16.2

ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക

| അംഗങ്ങളുടെ എണ്ണം | നിലവിലുള്ള നിക്ഷേപം -രൂപ | കാർഷിക വായ്പ രൂപ | കാർഷികേതര വായ്പ -രൂപ | സ്വർണ്ണ പണ്ടം വായ്പ -രൂപ | ഐ.ആർ.ഡി.പി. |
|---|---|---|---|---|---|
| 6575 | 1524463 | 19379 | 159392 | 131002 | 22209 |

പട്ടിക:16.3

കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക്

ആയഞ്ചേരി ശാഖ

| നിക്ഷേപം | | | വായ്പകൾ | | | |
|---|---|---|---|---|---|---|
| കൊല്ലം | സ്ഥിരം നിക്ഷേപം | സേവിഗ്സ് ബാങ്ക് അക്കൗണ്ട് | സ്വർണ്ണ പണ്ടം | വീട്ട് സാധനങ്ങളുടെ വായ്പ | കല്ല്യാണം ചികിത്സ വായ്പ | കച്ചവടം വ്യവസായം |
| 1992 | 446330 | 115320 | 276590 | Nil | Nil | Nil |
| 1993 | 829160 | 151492 | 823270 | Nil | Nil | 251312 |
| 1994 | 1420768 | 413183 | 1605568 | 7034 | Nil | 147501 |
| 1995 | 1517776 | 656325 | 2235825 | 838970 | 75000 | 20824 |
| 1996 | 2155422 | 563734 | 1472685 | 739693 | 383634 | 20824 |

118

## പട്ടിക: 16-5

## ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

## ചെലവിനങ്ങൾ

| വർഷം | ഭരണ ചെലവ് | പൊതു മരാമത്ത് | വിദ്യാഭ്യാസം | കുടിവെള്ളം | തെരുവ് വിളക്ക് | പലവക |
|---|---|---|---|---|---|---|
| 84-85 | 93877.81 | 14356.00 | 308.25 | – | 1832.59 | 6171.60 |
| 85-86 | 104043.82 | 5833.00 | 2978.20 | 2306.72 | 705.00 | 25,99,66.30 |
| 86-87 | 177000.00 | 151000.0 | 13000.00 | 2500.00 | 1000.00 | 74,376.72 |
| 87-88 | 186169.25 | 68447.00 | 3634.00 | – | 3398.40 | 4,08,355.83 |
| 88-89 | 173495.80 | 22664.00 | 1441.25 | 5000.0 | 3093.60 | 1,71,056.73 |
| 89-90 | 234022.68 | 51730.00 | 3648.90 | 46500.00 | 3251.60 | 2,68,941.13 |
| 90-91 | 266112.00 | 35400.00 | 42,53.50 | 33018.00 | 3093.60 | 4,07,037.60 |
| 91-92 | 317741.40 | 50905.0 | 1999260 | 115.00 | 3126.00 | 5,96,100.93 |
| 92-93 | 337844.70 | 27518.50 | 1606.75 | – | 4641.00 | 5,01,170.57 |
| 93-94 | 395716.05 | 69025.00 | 16206.50 | 13000.00 | 4806.00 | 6,24,679.80 |
| 94-95 | 4,48,827.00 | 177860.00 | 32001.00 | 4000.00 | 4942.00 | 6,59,320.27 |
| 95-96 | 4,65,600.00 | 5,36,604.00 | 13735.00 | 25810.00 | 3320.00 | 734046.25 |

# വികസന

# വീഥിയിലൂടെ.....

1995 ഒക്ടോബർ മാസം നാലാം തിയ്യതിയാണ് നിലവിലുള്ള ഭരണസമിതി ഗ്രാമപഞ്ചായത്തിന്റെ ഭരണം ഏറ്റെടുത്തത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവം കണ്ടെത്തുക ഏറെ ദുഷ്കരമായിരുന്നു. പരിമിതമായ കെട്ടിട നികുതിയും തൊഴിൽ നികുതിയും മാത്രമാണ് പഞ്ചായത്തിന്റെ വരുമാനം. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കു വരുമാനമുണ്ടാക്കി കൊടുക്കുന്ന സിനിമ ടാക്കീസ്, ബസ്റ്റാന്റ്, മർക്കറ്റിംഗ് കോംപ്ലക്സ്, കടവുകൾ തുടങ്ങി യാതൊരു വരുമാന സ്രോതസ്സും ഈ പഞ്ചായത്തിൽ ഇല്ല.

നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനം ഭരണ ചെലവുകൾക്ക് മാത്രമേ തികയുന്നുള്ളൂ. വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജവഹർ തൊഴിൽദാന പദ്ധതിയിലൂടെയും, ഉപാധിരഹിത ഫണ്ടിലൂടെയും സ്റ്റാമ്പ്ഡ്യൂട്ടി, വി.ടി.സി. ഗ്രാന്റ് എന്നിവയിലൂടെ ലഭിക്കുന്ന പരിമിതമായ ഫണ്ടിൽ നിന്നാണ്.

ഈ പഞ്ചായത്തു ഭരണ സമിതി അധികാരത്തിൽ വന്ന ശേഷം 10 ലക്ഷത്തോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 95-96 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ ഉദാരമായ സമീപനത്തിന്റെ ഫലമായി 272000 രൂപ പ്രത്യേക ഗ്രാന്റായും എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 17.50 ലക്ഷം രൂപയും കിട്ടിയിട്ടുണ്ട്. എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ 5.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ (ചീക്കിലോട് യു.പി.സ്കൂൾ-പൊക്ലാർത്ത് താഴറോഡ്, കീരിയങ്ങാടി-തണ്ണീർപന്തൽ നടപ്പാത, കച്ചേരി പറമ്പ് കാർത്തികപ്പള്ളി റോഡ് എന്നിവ) ഭരണാനുമതി കിട്ടാത്തതു കൊണ്ട് തടസ്സപ്പെട്ടു കിടക്കുകയാണ്.

പഞ്ചായത്തിലെ തെക്ക്വടക്ക് നീണ്ടു കിടക്കുന്ന ആയഞ്ചേരി-കടമേരി-തണ്ണീർപന്തൽ റോഡിന്റെ പ്രവൃത്തി ടാറിംഗ് ഉൾപ്പടെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ പരിമിതമായ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു ഗ്രാമീണ റോഡുകളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. തീരെ വാഹനഗതാഗത യോഗ്യമല്ലാതിരുന്ന പൈയിങ്ങോട്ടായി-തറോപ്പൊയിൽ ഒന്തം റോഡിന്റെ ഒന്നാം ഘട്ടം സോളിംഗ് വരെയുള്ള പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. റഹ്മാനിയാ ഹൈസ്കൂൾ-കളങ്ങര മുക്ക് റോഡിന്റെ ഒന്നാംഘട്ടപ്രവൃത്തി, അറ

പ്പീടിക ഭജനമഠം റോഡിൻെറ ടാറിംഗ് ഉൾപ്പടെയുള്ള പ്രവൃത്തി എന്നിവ പൂർത്തിയായവയിൽ പ്രധാനപ്പെട്ടവയാണ്.

മാക്കം മുക്ക്-ചരുവത്ത്നട, മുക്കടത്തുംവയൽ ചീക്കിലോട് യു.പി. സ്കൂൾ, ഏരത്ത് മുക്ക്-ഡിസ്പെൻസറി റോഡ്, പേരാക്കൂൽ-മിടിയേരി താഴറോഡ്, മിടിയേരിതാഴ-വടകരമാഹികനാൽ റോഡ് തുടങ്ങി 36 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ചിലത് പൂർത്തിയായി കഴിഞ്ഞു.

64000 രൂപയുടെ എസ്റ്റിമേറ്റുള്ള പൊക്ളാർത്ത് താഴ- പുലത്തുരുത്തി നടപ്പാത ഒന്നരലക്ഷം രൂപ ചെലവു വരുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പെടുത്തിയ ശിവക്ഷേത്രം മാഹികനാൽ റോഡ്. ഒരു ലക്ഷം രൂപ ചെലവ് വരുന്ന മിടിയേരി താഴ-ബാലവാടിറോഡ് ഒന്നര ലക്ഷം രൂപ ചെലവു വരുന്ന പന്തപ്പൊയിൽ റോഡ് എന്നിവ അടിയന്തിരമായും പൂർത്തീകരിക്കേണ്ടതുണ്ട്.

ഏരത്ത് മുക്ക് ഡിസ്പെൻസറി റോഡിന്റെ പൂർത്തീകരണത്തിന് അനുവദിച്ച ഒരു ലക്ഷം രൂപക്കും എടവത്ത് മുക്ക്-ആർ.എ.സി. റോഡിന് അനുവദിച്ച ഒരുലക്ഷം രൂപക്കും ഭരണാനുമതി ലഭിച്ചു കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിനും പരിഷ്കരിപ്പിക്കുന്നതിനും 1,90,000 രൂപ നീക്കി വെച്ചിട്ടുണ്ട്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി. കെട്ടിടത്തിനു ബി.വി. അബ്ദുള്ളക്കോയ എം.പി. യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് അനുവദിച്ച 7.5 ലക്ഷം രൂപക്കുള്ള പ്രവൃത്തി ടെൻഡർ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

പച്ചക്കറികൃഷി വികസന പദ്ധതിയുടെ ഭാഗമായി പത്തു വാർഡുകളിൽ ആയിരം പച്ചക്കരി കൃഷി യൂനിറ്റുകൾ നടത്താൻ തീരുമാനിക്കുകയും ആദ്യപടി എന്ന നിലയിൽ 500 പേർക്കു വിവിധയിനം വിത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

കാർഷിക മേഖല സജീവമാക്കുന്നതിന്റെ ഭാഗമായി ചിങ്ങം 1 ന് വിപുലമായ കാർഷിക സെമിനാർ സംഘടിപ്പിക്കുകയും കൃഷി- ജലസേചനവകുപ്പ് ഉദ്യോഗസ്ഥന്മാർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ളാസുകൾ നടത്തുകയും ചെയ്തു. നവമ്പർ 1-ന് വീണ്ടും നടത്തിയ സെമിനാറിൽ വെച്ച് പഞ്ചായത്തിലെ

പ്രഗത്ഭകർഷകരെ ബഹുമാനിക്കുകയുണ്ടായി. നാല് നെല്ലുല്പാദക സമിതികളുടെ പരിധിയിൽ ജലവാഹിനി പദ്ധതിയിൽ പെടുത്തി ആവശ്യമായ പ്രദേശങ്ങളിൽ അരുത്തോട് നിർമ്മിക്കാനുള്ള പദ്ധതി കൃഷിവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തെക്കെയിൽതാഴ-വാളാഞ്ഞിത്താഴ ബണ്ട് പൂർത്തിയായതോടെ, ഒറ്റപ്പെട്ടുകിടക്കുന്ന വാളാഞ്ഞി, കോത്തുരുത്തി എന്നീ പ്രദേശങ്ങളിലേക്ക് ഗതാഗതസൗകര്യം ഉണ്ടായിക്കഴിഞ്ഞു.

സാമൂഹ്യ ക്ഷേമ പദ്ധതിയുടെ ഭാഗമായി ദരിദ്രവിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുകയും നിർധനർക്ക് പുരകെട്ടി മേയാനുള്ള ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വികലാംഗരുടെ സർവ്വേ നടത്തുകയും വിവിധ ഉപകരണങ്ങൾക്കായി അപേക്ഷ സമർപ്പിച്ച വികലാംഗർക്ക് ആയത് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വാങ്ങികൊടുക്കുകയും ചെയ്തിട്ടുണ്ട്. റേഷൻകാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് കാർഡ് അനുവദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

ജില്ലാ ബ്ളോക്കു പഞ്ചായത്തുകളുടെ നിർദ്ദേശപ്രകാരം എല്ലാ വാർഡുകളിലും വിദ്യാഭ്യാസസമിതി രൂപീകരിച്ചു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. പഞ്ചായത്ത്, വിദ്യാഭ്യാസസമിതിയുടെ ആഭിമുഖ്യത്തിൽ പ്രൈമറി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സഹവാസക്യാംപ് പുതിയ ഒരനുഭവമായിരുന്നു. S.S.L.C പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് സമ്മാനിച്ചിട്ടുണ്ട്.

മുക്കടത്തും വയൽ, കമ്പനിപ്പീടിക തറോപ്പൊയിൽ, തണ്ണീർപന്തൽ, കല്ലേരി എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും കുളങ്ങരത്തു ഹരിജൻ കോളനി വൈദ്യുതീകരിക്കുകയും ഈ കോളനി റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജനകീയ സഹായത്തോടെ കിഴക്കയിൽ മുക്കിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചതു ഈ പ്രദേശത്തെ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന്നു സഹായകമായി. പൊൻമേരി പ്രദേശത്ത് കൂടുതൽ തെരുവു വിളക്കുകൾ സ്ഥാപിക്കാൻ ലൈൻ വലിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ പന്തപ്പൊയിൽ വൈദ്യുതീകരണ പദ്ധതിയും കാമിച്ചേരി വൈദ്യുതീകരണ പദ്ധതിയും (മിനിമം ഗാരന്റി) ഒ.ടി.പി.യിൽ പെടുത്തി അനുമതി ആയെങ്കിലും പണി സ്തംഭനത്തിലാണ്.

പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ചു തണ്ണീർ പന്തൽ, കമ്പനിപ്പീടിക, മുക്കടത്തും വയൽ തറോപ്പൊയിൽ എന്നീ ടൗൺ പരിഷ്കരണ പദ്ധതിക്ക് അനുമതിയാവുകയും കുറെ പ്രവർത്തികൾ നടക്കുകയും ചെയ്തു. മുക്കടത്തും വയൽ, തറോപ്പൊയിൽ എന്നിവിടങ്ങളിലെ പ്രവർത്തി ഇനിയും നടക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് ദിനമായ ഫിബ്രവരി 19 മുതൽ ഒരാഴ്ചക്കാലം ജനകീയ പങ്കാളിത്ത്ത്തോടെ വികസനപ്രവർത്തനങ്ങൾ നടത്തിയിരുന്നു.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ ഒരു വാരക്കാലം ശുചീകരണം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ ജനങ്ങൾ സജീവമായി പങ്കെടുക്കുകയുണ്ടായി. കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് പതിമൂന്നു നിർമ്മാണ പ്രവർത്തനങ്ങൾ ജനങ്ങൾ മുൻകൈയെടുത്തു ആരംഭിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ വിത്തു തേങ്ങ സംഭരണകേന്ദ്രം, വാർത്താവിനിമയ മേഖലയിൽ ടെലഫോൺ എക്സ്ചേഞ്ച് എന്നിവ നമുക്ക് അനുവദിച്ചു കിട്ടേണ്ടതാണ്. പഞ്ചായത്താഫീസ്, ഹോമിയോ ആശുപത്രി, മൃഗാശുപത്രി, മൃഗസംരക്ഷണ ഉപകേന്ദ്രം എന്നിവക്ക് സ്വന്തം കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. ഇങ്ങിനെ ഒരുപാടു പ്രശ്നങ്ങൾ നമ്മുടെ മുൻപിൽ നിൽക്കുന്നു.

കഴിഞ്ഞ ഒരു വർഷമായി ജനകീയ പിന്തുണയോടെ നടത്തിക്കൊണ്ടിരിക്കുന്ന സർവ്വമേഖലയിലേയും വികസന പ്രവർത്തനങ്ങൾ നമുക്കു തുടരേണ്ടതുണ്ട്. നാടിന്റെ പുരോഗതിക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ ജനകീയാസൂത്രണ പദ്ധതിയും വികസന സെമിനാറും സഹായകമാവുമെന്നു നമുക്ക് പ്രത്യാശിക്കാം.

**നൊച്ചാടു കുഞ്ഞബ്ദുള്ള**


**പ്രസിഡണ്ട്.**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ
ഒരു ഘട്ടം അവസാനിക്കുകയാണ്.
ഒൻപതാം പദ്ധതിയുടെ
ആസൂത്രണ പരിപാടികളുമായി
ബന്ധപ്പെട്ട പണിപ്പുരയിൽ
ഈ പഞ്ചായത്തിലെ
ഒട്ടേറെ സന്നദ്ധ പ്രവർത്തകൻമാർ പങ്കെടുത്തിട്ടുണ്ട്.
പ്രൈമറി ഡാറ്റ,
സെക്കന്ററി ഡാറ്റ
എന്നിവ ശേഖരിക്കാനും
പഠനപര്യടനത്തിനും
ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിനും
ഒരുപാടു സുഹൃത്തുക്കൾ
കഠിനമായി പ്രയത്നിച്ചിട്ടുണ്ട്.
എങ്കിൽ പോലും
എല്ലാ പ്രവർത്തനങ്ങളും
കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല.
പോരായ്മകൾ കണ്ടേക്കാം.
ഈ മഹത്തായ യജ്ഞത്തിൽ
പങ്കാളികളായ
എല്ലാവർക്കും
നന്ദി രേഖപ്പെടുത്തിക്കൊണ്ടും
രാഷ്ട്രത്തിന്റെയും നാടിന്റെയും
വികസന രംഗത്ത്
തോളോട് തോൾ ചേർന്ന്
പ്രവർത്തിക്കണമെന്ന്
അഭ്യർത്ഥിച്ചുകൊണ്ടും
ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

ജനകീയാസൂത്രണ സമിതി

# കോഴിക്കോട് ജില്ല

Scale 1



നിങ്ങളുടെ
ചിന്തയും പ്രവൃത്തിയും
ഒന്നായിത്തീരട്ടെ.
എല്ലാ ഭിന്നതകളും മറന്ന്
ഒന്നായി പ്രവർത്തിക്കുവാൻ
നിങ്ങൾക്ക് കഴിയട്ടെ.

ഋഗ്വേദം.

നിങ്ങളെ നാം
ഒരാണിൽ നിന്നും
പെണ്ണിൽ നിന്നുമാണ്
സൃഷ്ടിച്ചത്.
പരസ്പരം വേർതിരിച്ചറിയുന്നതിന്
വേണ്ടിയാണ്
ഗോത്രങ്ങളും വർഗ്ഗങ്ങളുമാക്കിയത്.

ഖുർആൻ

നിന്നെപ്പോലെ
നിന്റെ അയൽക്കാരനെയും
സ്നേഹിക്കുക.

ബൈബിൾ

# KERALA




Printed at MANGALAM offset press Kallai, Calicut, Ph. 300063



വില്ല്യാപ്പള്ളി പഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്ര വികസനരേഖ-'96


വില്ല്യാപ്പള്ളി
പഞ്ചായത്ത്
മേപ്പ്

130

വില്ല്യാപ്പള്ളി പഞ്ചായത്ത്

# ജനകീയാസൂത്രണം

# സമഗ്രവികസനരേഖ

’96



Type Setting & Lay out
**Freehand D.T.P**
Near Sangam Theatre, Ph : 703911

Cover Design & Titles
**Bijunath Memunda**

# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്
# ഭരണസമിതി അംഗങ്ങൾ

പ്രസിഡണ്ട്




എം. എം. നാരായണി

വൈസ് പ്രസിഡണ്ട്



സി. കെ. ഗീത

സ്ററാൻറിംഗ് കമ്മിററി
ചെയർമാൻ



എം. കൃഷ്ണൻ

ആർ.ബി.കുറുപ്പ്
ചാലിക്കുന്നുമ്മൽ ഗോപാലൻ
ഇബ്രാഹിം ഹാജി
കെ.കെ. അംബുജം
പി. രാജൻ
പി.കെ. രമ
പി.പി കുഞ്ഞിക്കേളു
എം. നാരായണൻ
കാലമ്മാട്ടിൽ ബാലൻ

# ഉള്ളടക്കം


ആമുഖം ............ 5
പഞ്ചായത്ത് ഒറ്റനോട്ടത്തിൽ ............ 7
ഭരണചരിത്രം ............ 9
സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം ............ 10
ഭൂപ്രകൃതിയും വിഭവങ്ങളും ............ 10
ജനപ്രകൃതി ............ 13
കൃഷിയും ജലസേചനവും ............ 15
മൃഗസംരക്ഷണവും മത്സ്യബന്ധനവും ............ 21
വ്യവസായം ............ 24
വിദ്യാഭ്യാസം ............ 30
കുടിവെള്ളവും പൊതുജനാരോഗ്യവും ............ 36
ഗതാഗതവും ഊർജ്ജവും ............ 41
ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും ............ 47
സംസ്കാരം ............ 52
വനിതാക്ഷേമം ............ 57
സഹകരണം ............ 60
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം ............ 63
വിഭവസമാഹരണം ............ 64

# ആമുഖം

ജനങ്ങൾക്കിടയിൽ നീതി പൂർവ്വമായി വിതരണം ചെയ്യപ്പെടുന്ന വേഗത്തിലുള്ളതും സ്ഥായിയായതുമായ സാമ്പത്തികവളർച്ചയാണ് യഥാർത്ഥവികസനം. ദീർഘകാലത്തെസാമൂഹ്യ രാഷ്ട്രീയ പ്രക്രിയയിലൂടെ സാമ്പത്തികവിതരണത്തിൻെറകാരത്തിലും സാമൂഹ്യക്ഷേമത്തിൻെറ നിലവാരത്തിലും എടുത്തുപറയത്തക്ക നേട്ടങ്ങൾ കൈവരിച്ചെങ്കിലും സാമ്പത്തികഉല്പാദനത്തിൻെറമേഖലയിൽ കേരളത്തിൻെറ സ്ഥിതി വളരെ ദുർബലമാണ്. ഈ ഒരു പ്രതിസന്ധി തിരിച്ചറിഞ്ഞുകൊണ്ട്കക്ഷിരാഷ്ട്രീയ, മത, ജാതി പരിഗണനകൾക്കതീതമായി രൂപപ്പെട്ടുവരുന്ന ഒരു കൂട്ടായ്മയിലൂടെ കേരളത്തിൻെറ സാമ്പത്തിക വളർച്ചക്ക് വേഗം കൂട്ടാനും ക്രിയാത്മകമായ ഒരു വികസന സംസ്ക്കാരം സൃഷ്ടിക്കാനും ഉള്ളശ്രമമാണ് ജനകീയാസൂത്രണ പ്രസ്ഥാനം നടത്തുന്നത്. നമ്മുടെ പ്രധാനമന്ത്രി പറഞ്ഞതുപോലെ സർക്കാറിൻെറ പ്രതിബദ്ധതയും ജനങ്ങളുടെ ആവേശവും ഒത്തുചേരുമ്പോൾ സാധമാകുന്ന നേട്ടങ്ങളാണ് നാം ഈ പ്രസ്ഥാനത്തിലൂടെ വിഭാവനം ചെയ്യുന്നത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലെും വലിയ മാറ്റങ്ങളാണ് ഭരണഘടനയുടെ 73, 74 ഭേദഗതികൾകൊണ്ട് ഉണ്ടായിട്ടുള്ളത്. പഞ്ചായത്ത് രാജ് - നഗരപാലികാ സ്ഥാപനങ്ങൾ നമ്മുടെ ഭരണക്രമത്തിൻെറ അവിഭാജവും അനിവാരവുമായ ഘടകങ്ങളായി രൂപപ്പെട്ടിരിക്കുന്നു. സാമ്പത്തികവും ഭരണപരവും നിയമപരവുമായ പരിമിതികൾ നിലനിൽക്കുമ്പോൾ തന്നെ അധികാരവികേന്ദ്രീകരണത്തിനുള്ളവിപുലമായ സാദ്ധതകളാണ് ഈ സ്ഥാപനങ്ങൾ നൽകുന്നത്. അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കാനുതകുന്ന രീതിയിൽ ഒമ്പതാം പദ്ധതിയുടെ മുപ്പത്തിയഞ്ച് - നാല്പത് ശതമാനം താഴെ തട്ടിൽ നിന്ന് ആസൂത്രണം ചെയ്ത് നടപ്പാക്കണം എന്ന കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരും പ്ലാനിംഗ് ബോർഡും ജനകീയാസൂത്രണ പ്രസ്ഥാനത്തിനു രൂപം നൽകിയത്.

1977 ഏപ്രിൽമാസത്തിൽ ആരംഭിക്കാൻ പോകുന്ന ഒമ്പതാം പദ്ധതിയുമായി ബന്ധപ്പെടുത്തി പദ്ധതി രൂപീകരണംമുതൽ അതുനടപ്പിലാക്കുന്നതുവരെയുള്ള എല്ലാഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുക, ജനങ്ങളിൽ ഒരു പുതിയ വികസന സംസ്ക്കാരം രൂപപ്പെടുത്തുക, പ്രാദേശിക സ്വയംഭരണ സമിതികളെന്ന നിലയിൽ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുക, ഔദ്യോഗിക പദ്ധതി വിഹിതത്തിൻെറയും പ്രാദേശിക വിവങ്ങളുടേയും സംയോജനത്തിലൂടെ കാര്യക്ഷമമായ പ്രവർത്തനം സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സമയബന്ധിതമായ ഒരു പ്രവർത്തന പരിപാടി പഞ്ചായത്തുകൾക്ക് നിർദ്ദേശിക്കപ്പെട്ടത്.

സംസ്ഥാനതലത്തിൽ തയ്യാറാക്കപ്പെട്ട ഈ പരിപാടിയുടെയും നിർദേശങ്ങളുടേയും അടിസ്ഥാനത്തിൽ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഏറെക്കുറെ സമയബന്ധിതമായും ചിട്ടയായും പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും പരിശീലനം ലഭിച്ച ഒരു റിസോഴ്സ് ഗ്രൂപ്പ് ഈ പ്രവർത്തനങ്ങളിൽ ഭരണസമിതിയെ സഹായിക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പരിശീലനപരിപാടികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ പഞ്ചായത്തുതലത്തിൽ ഒരു സാമൂഹ്യ- സാമ്പത്തികസർവ്വേനടത്താൻ ഭരണസമിതി തീരുമാനിക്കുകയും അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. റിസോഴ്സ് ഗ്രൂപ്പിൻെറ പരിശീലനത്തിനുശേഷം സപ്തമ്പർ 14 മുതൽ ഒക്ടോബർ 2 വരെയുള്ള ആറ് അവധി ദിനങ്ങളിലാണ് 12 വാർഡുകളിലേയും ഗ്രാമസഭകൾചേർന്നത്. പഞ്ചായത്ത്

തലത്തിലും വാർഡുതലത്തിലും സംഘടിപ്പിക്കപ്പെട്ട വിളംബര ജാഥകൾ, അയൽക്കൂട്ട യോഗങ്ങൾ, വിവിധ സംഘടനകൾ നടത്തിയ സെമിനാറുകൾ, ജനാധികാര കലാജാഥ തുടങ്ങിയ പ്രചരണ പ്രവർത്തനങ്ങളുടെ ഫലമായി താരതമേന്യ മെച്ചപ്പെട്ട പങ്കാളിത്തം ഗ്രാമസഭകളിലുണ്ടായിട്ടുണ്ട്. 8, 11 വാർഡുകളിൽ രാവിലെ മുതൽ വൈകുന്നേരം വരെ നീണ്ട മുഴുവൻ ദിവസ ഗ്രാമസഭകളാണ് നടന്നത്. പ്രാദേശികമായി ജനങ്ങളുടെ മുൻകൈയ്യിലും നേതൃത്വത്തിലും സംഘടിപ്പിക്കപ്പെട്ട ഈ ഗ്രാമസഭകൾ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സന്ദേശം ജനങ്ങൾ ഉൾക്കൊണ്ടു എന്ന് വെളിവാക്കുന്നു. പന്ത്രണ്ടു വാർഡുകളിലുമായിമൊത്തം 3198 പേർ ഗ്രാമസഭകളിൽ രജിസ്റ്റർ ചെയ്തവരായുണ്ട്. ഇവരിൽ 1149 പേർ സ്ത്രീകളാണ്. ഒരു ഗ്രാമസഭയിൽ ശരാശരി 269 പേർ പങ്കെടുത്തു എന്നാണ് കണക്ക്, പൊതുവെ ഗ്രാമസഭകളിൽ വിവിധ വികസന മേഖനകളിലുള്ള വാർഡിന്റെ അവസ്ഥയും പ്രശ്നങ്ങളും സജീവമായി ചർച്ചചെയ്യപ്പെട്ടു. ഗ്രാമസഭാപ്രവർത്തനങ്ങൾക്കൊപ്പം തന്നെ സാമൂഹ്യ സാമ്പത്തിക സർവ്വെയും ദ്വിതീയ സ്ഥിതിവിവരകണക്കുശേഖരണവും നടന്നു. ധാരാളം പോരായ്മകളുണ്ടെങ്കിലും ഇങ്ങനെ ലഭിച്ച വിവരങ്ങളും ഗ്രാമസഭാചർച്ചകളും പഞ്ചായത്തിന്റെ പൊതു അവസ്ഥ മനസ്സിലാക്കാൻ പര്യാപ്തമാണ്. ഇതു കൂടാതെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, നേരിട്ടുമനസ്സിലാക്കുന്നതിന് മൂന്നു പഠനപര്യടനങ്ങൾ റിസോഴ്സ് ഗ്രൂപ്പ് നടത്തിയിട്ടുണ്ട്. ഇത്രയും പശ്ചാത്തല പ്രവർത്തനങ്ങൾക്കൊപ്പമാണ് പല ദിവസങ്ങളിലായി കൂടിചേർന്ന് ഈ റിപ്പോർട്ട് തയ്യാറാക്കാൻ റിസോഴ്സ് ഗ്രൂപ്പിന് കഴിഞ്ഞത്.

പല വാർഡുകളിലും ഗ്രാമസഭചർച്ചകൾക്കുശേഷം വാർഡുവികസന സമിതികൾ ചേർന്ന് തുടർപ്രവർത്തനങ്ങൾ നിശ്ചയിക്കുകയും പുതുതായി രൂപപ്പെടുന്ന കൂട്ടായ്മയെ ക്രിയാത്മകമാക്കനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പന്ത്രണ്ടുവാർഡുകളിലും നവമ്പർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ പുനരർപ്പണ ദിനമായി ആചരിച്ചുകൊണ്ട് പൂർണ്ണമായ സന്നദ്ധപ്രവർത്തനങ്ങൾ നടന്നു. പഞ്ചായത്തിൽ മൊത്തം 705 പേർ ഈ സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്. രണ്ടുലക്ഷത്തിൽപ്പരം രൂപ ചെലവുവരുന്ന പ്രവർത്തനങ്ങളാണ് ഒറ്റദിവസംകൊണ്ട് പഞ്ചായത്തിൽ പൂർത്തികരിക്കാൻ സാധിച്ചത്. ഇതു കൂടാതെ ചിലവാർഡുകളിൽ കാർഷികസെമിനാറുകളും വ്യവസായസെമിനാറുകളും നടത്തി പുതിയ സാധ്യതകൾ അന്വേഷിക്കുകയും ചില പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വികസനത്തിന്റെ വിവിധ തുറകളിൽ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, സാധ്യതകൾ, വിഭവശേഷി, എന്നിവ വിലയിരുത്തികൊണ്ട് ജനപങ്കാളിത്തോടുകൂടി തയ്യാറാക്കിയ ഈ വികസനരേഖ പഞ്ചായത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് സഹായകരമായിരിക്കും.

**ഗ്രാമസഭകളിലെ ജനപങ്കാളിത്തം.**

| വാർഡ് | നടന്നതീയതി | സ്ത്രീ എണ്ണം | പുരുഷൻ എണ്ണം | ആകെ |
|---|---|---|---|---|
| 1 | 22-9-96 | 128 | 164 | 292 |
| 2 | 21-9-96 | 65 | 136 | 201 |
| 3 | 14-9-96 | 24 | 70 | 94 |
| 4 | 14-9-96 | 46 | 130 | 176 |
| 5 | 22-9-96 | 28 | 108 | 136 |
| 6 | 21-9-96 | 36 | 127 | 163 |
| 7 | 15-9-96 | 146 | 165 | 311 |
| 8 | 15-9-96 | 182 | 221 | 403 |
| 9 | 29-9-96 | 182 | 249 | 431 |
| 10 | 2-10-96 | 110 | 185 | 295 |
| 11 | 29-9-96 | 144 | 286 | 430 |
| 12 | 2-10-96 | 58 | 208 | 266 |
| | ആകെ | 1149 | 2049 | 3198 |

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | വില്ലാപ്പള്ളി ഗ്രാമപഞ്ചായത്ത് |
| ഗ്രേഡ് : | | സ്പെഷ്യൽ ഗ്രേഡ് |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജ് | : | വില്ലാപ്പള്ളി റവന്യൂ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | | |
| ഡിവിഷനുകൾ | : | വില്ല്യാപ്പള്ളി; മയ്യന്നൂർ, ചെമ്മരത്തൂർ ; കീഴൽ |
| ജില്ലപഞ്ചായത്ത് ഡിവിഷനുകൾ | : | വില്ലാപ്പള്ളി , മേപ്പയ്യൂർ |
| ബ്ലോക്ക് പഞ്ചായതത്ത് | : | തോടന്നൂർ ബ്ലോക്ക് പഞ്ചയത്ത്. |
| താലുക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |
| അസംബ്ളി മണ്ഡലം | : | വടകര |
| പാർലിമെൻറ് '' | : | വടകര |
| വിസ്തീർണ്ണം | : | 17.35 ച.കി.മീ |
| ജനസംഖ്യ | : | 29,996 |
| ജനസാന്ദ്രത | : | ച.കി.മീറ്ററിന് 1729 |
| സാക്ഷരത | : | 89 ശതമാനം. |
| വാർഡുകളുടെ എണ്ണം | : | 12 |
| പ്രസിഡണ്ടിൻെറ പേര് | : | എം.എം. നാരായണി. |
| വൈസ്പ്രസിഡൻറിൻെറ പേര് | : | സി.കെ. ഗീത. |
| സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | : | എം. കൃഷ്ണൻ. |

**പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| 1-ാം വാർഡ | - | ആർ.ബി.കുറുപ്പ് |
| 2-ാം വാർഡ് | - | എം.എം നാരായണി |
| 3-ാം വാർഡ് | - | സി.കെ ഗീത |
| 4-ാം വാർഡ് | - | ചാലിക്കുന്നുമ്മൽ ഗോപാലൻ |

| | | |
|---|---|---|
| 5-ാം വാർഡ് | - | ഇബ്രാഹിം ഹാജി |
| 6-ാം വാർഡ് | - | എം. കൃഷ്ണൻ. |
| 7-ാം വാർഡ് | - | കെ.കെ അംബുജം |
| 8-ാം വാർഡ് | - | പി. രാജൻ |
| 9-ാം വാർഡ് | - | പി.കെ രമ |
| 10-ാം വാർഡ് | - | പി.പി കുഞ്ഞിക്കേളു |
| 11-ാം വാർഡ് | - | എം. നാരായണൻ |
| 12-ാം വാർഡ് | - | കാലമ്മാട്ടിൽ ബാലൻ |

**ചില സ്ഥിതി വിവരങ്ങളിലെ**
**പഞ്ചായത്ത് -സംസ്ഥാന താരതമ്യം**

| ഇനം | യൂനിറ്റ് | വില്ല്യാപ്പള്ളി | കേരളം |
|---|---|---|---|
| ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് | എണ്ണം | 1729 | 749 |
| സാക്ഷരതാ നിരക്ക് | ശതമാനം | 89 | 90 |
| സ്ത്രീ-പുരുഷഅനുപാതം. സ്ത്രീ/1000പുരുഷന് | എണ്ണം | 1053 | 1036 |
| ശരാശരി വാർഷിക മഴ | മില്ലീമീറ്റർ | 3667 | 3125 |
| പട്ടികജാതി-വർഗ്ഗവിഭാഗം ആകെ ജനസംഖ്യയിൽ | ശതമാനം | 2.21 | 11 |
| ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ | ശതമാനം | 6.40 | 17 |

# ഭരണചരിത്രം

പഴയമലബാർ ജില്ലയിൽ രൂപീകൃതമായപഞ്ചായത്തുകളിൽ ഒന്നാണ് വില്ല്യാപ്പള്ളി. വില്ല്യാപ്പള്ളി, മേമുണ്ട, ചെമ്മരത്തൂർ എന്നീപ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു അന്നത്തെ പഞ്ചായത്ത്. ആദ്യമായി രൂപീകരിക്കപ്പെട്ട അഞ്ചംഗ ഭരണ സമിതിയുടെ പ്രസിഡൻറ് എൻ.കെ. കുഞ്ഞിരാമക്കുറിപ്പാണ്. കൈപൊക്കി വോട്ടുസമ്പ്രദായമുണ്ടായിരുന്ന ഈ ഘട്ടത്തിൽ ജാവഅഹമ്മദ് ഹാജി, മൂത്താനകുഞ്ഞിരാമക്കുറുപ്പ്, വി.കെ നാരായണൻ നമ്പ്യാർ, മന്നത്തിൽ ഗോപാലക്കുറുപ്പ് എന്നിവർ പ്രസിഡൻറുമാരിയിരുന്നിട്ടുണ്ട്.

പഞ്ചായത്ത് പുനസംഘടനയുടെയും പ്രായപൂർത്തി വോട്ടവകാശത്തിൻെറയും അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതി 1964 ജനുവരി 1-നാണ് രൂപം കൊള്ളുന്നത്. പി. ബാലകൃഷ്ണൻ നമ്പ്യാരായിരുന്ന ഈ ഭരണസമിതിയുടെ പ്രസിഡൻറ് കെ.കെ അബ്ദുള്ള, സി.എച്ച് നാരായണൻ, ആർ.ബി.കുറുപ്പ്, മാണിക്കോത്ത് കുഞ്ഞിരാമൻ എന്നിവരാണ് പിന്നീട് പഞ്ചായത്ത് പ്രസിഡൻറുമാരായി ചുമതലവഹിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളുടെ ഭാഗമായ ഇന്നത്തെ വില്ലാപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി രൂപം കൊള്ളുന്നത് 1995-ലെ തെരഞ്ഞെടുപ്പിലൂടെയാണ്. ഇന്നത്തെ ഭരണസമിതിയുടെ പ്രസിഡൻറ് എം.എം. നാരായണിടീച്ചറും വൈസ് പ്രസിഡൻറ് സി.കെ ഗീതയുമാണ്. 1962 ലെ വില്ലേജ് പുനർനിർണ്ണയത്തിൽ രൂപംകൊണ്ട വില്ലാപ്പള്ളി, തിരുമന, മയ്യന്നൂര്, മേമുണ്ട, കുട്ടോത്ത്, കീഴൽ ദേശങ്ങൾ ഉൾക്കൊള്ളുന്ന വില്ലാപ്പള്ളി വില്ലേജ് പൂർണ്ണമായും പഞ്ചായത്തിൽ ഉൾകൊള്ളുന്നു. 17.35 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് വടകര മുൻസിപ്പാലിറ്റി, തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ, ചോറോട്, ഏറാമല പഞ്ചായത്തുകൾക്കിയിൽ സ്തിഥിചെയ്യുന്നു. വടക്ക് ആയഞ്ചേരി പഞ്ചായത്തിലെ ഒന്നും മൂന്നും വാർഡുകൾ, ചോറോട് പഞ്ചായത്തിൻെറ ആറാം വാർഡ്, ഏറാമല പഞ്ചായത്തിൻെറ പത്താം വാർഡ് എന്നിവയും കിഴക്ക് ആയഞ്ചേരി പഞ്ചായത്തിൻെറ ഒന്നും രണ്ടും വാർഡുകൾ തിരുവള്ളൂർ പഞ്ചായത്തിൻെറ പതിനൊന്നും പന്ത്രണ്ടും വാർഡുകളും; തെക്ക് തിരുവള്ളൂർ പഞ്ചായത്തിൻെറ പത്താം വാർഡും മണിയൂർ പഞ്ചായത്തിൻെറ ഒന്നാം വാർഡും വടകര മുനിസിപ്പാലിറ്റിയുടെ ഇരുപത്തിരണ്ടാം വാർഡും പടിഞ്ഞാറ് വടകര മുനിസിപ്പാലിറ്റിയുടെ ഇരുപത്തിമൂന്ന് ഇരുപത്തിനാല് വാർഡുകളും- ഇന്നത്തെ വില്ല്യാപ്പള്ളി പഞ്ചായത്തിനതിരിടുന്നു.

### പൊതുസ്ഥാപനങ്ങൾ

1. കൃഷിഭവൻ
2. മൃഗാശുപത്രി
3. വില്ലേജ് ഓഫീസ്
4. പഞ്ചായത്ത് ഓഫീസ്
5. ഗ്രാമവികസനവകുപ്പിൻെറ രണ്ട് ഓഫീസുകൾ
6. ദേവസ്വം ബോർഡ് ഓഫീസ്
7. പ്രാഥമിക ആരോഗ്യകേന്ദ്രം
8. സാംസ്ക്കാരിക നിലയം

കൂടാതെ 18 വിദ്യാലയങ്ങൾ, 4 ബാലവാടികൾ, ലൈബ്രറികൾ, വായനശാലകൾ, ബാങ്കുകൾ, പോസ്റ്റ് ഓഫീസുകൾ, മാവേലി സ്റ്റോറുകൾ, എന്നിവയുമുണ്ട്.

# സാമൂഹിക-സാംസ്കാരിക ചരിത്ര പശ്ചാത്തലം

പഴയ കടത്തനാടിൻെറ ഭാഗമായീ പ്രദേശത്ത് കാർഷിക മേഖലക്ക് പ്രാധാനം കൊടുത്ത ഒരു സമൂഹമാണ് നിലവിലുണ്ടായിരുന്നത്. ചുരുക്കം ചില ജന്മിമാരുടെയും തമ്പുരാക്കന്മാരുടെയും ഉടമസ്ഥതയിലായിരുന്നു അന്നത്തെ കൃഷിഭൂമി മുഴുവനും. ജന്മിത്വം ശക്തമായി വേരോടിയിരുന്ന പ്രദേശമായിരുന്നു ഇതെന്നുള്ളതിന് നാടൻപാട്ടുകളും വടക്കൻപാട്ടുകളും തെളിവു നൽകുന്നുണ്ട്.

ദേശീയ പ്രസ്ഥാനത്തിൻെറയും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൻെറയും അലയൊലികൾ നമ്മുടെ പ്രദേശത്തും ഉണ്ടായിട്ടുണ്ട്. ലോകനാർകാവ് ക്ഷേത്രപ്രവേശം, പൊതു കുളങ്ങളിൽ കുളിക്കാനുള്ള അവകാശത്തിനു വേണ്ടി നടത്തിയ സമരം, പന്തിഭോജനം തുടങ്ങിയ അയിത്ത വിരുദ്ധ സമരരൂപങ്ങൾ വില്ല്യാപ്പള്ളിയിലും ഉണ്ടായിരുന്നു. വി.പി.കുഞ്ഞിരാമക്കുറുപ്പിനെപ്പോലുള്ള സ്വാതന്ത്ര്യസമര സേനാനികളുടെ പ്രവർത്തനരംഗമായിരുന്നു വില്ല്യാപ്പള്ളി. അധ്യാപകരുടെ ചരിത്രപ്രസിദ്ധമായ ശനിയൻ സഭാ ബഹിഷ്ക്കരണ സമരവും (ഗുരുജന സമാജ ബഹിഷ്ക്കരണം) അതിൻെറ ഫലമായുണ്ടായ പോലീസ് മർദ്ദനവും നമ്മുടെ കഴിഞ്ഞകാല ചരിത്രമാണ്. പൊതുവെ അയിത്തം, ജന്മിത്തം, സാമ്രാജ്യത്വം എന്നിവക്കെതിരെ കേരളമാകെ മടന്ന ധീരമായ പോരാട്ടങ്ങളുടെ ഭാഗമായുള്ള ചെറുത്തുനിൽപ്പുകൾ വില്ല്യാപ്പള്ളി പഞ്ചായത്തിലും നടന്നിട്ടുള്ളതായി കാണാം.

സ്വാതന്ത്ര്യത്തിനു ശേഷം പഞ്ചായത്തിൻെറ സാമൂഹ്യാവസ്ഥയെ തന്നെ മാറ്റിമറിച്ച മറ്റൊരു സംഭവം ഭൂപരിഷ്ക്കരണമാണ്. ഭൂപരിഷ്ക്കരണം വഴി ഭൂഉടമബന്ധങ്ങളിൽ വന്ന മാറ്റം ഗുണപരമായ ഒരുപാട് മാറ്റങ്ങൾക്ക് കാരണമായി. ഇത്തരം മാറ്റങ്ങളുടെ പിന്നിൽ എഴുപതുകളുടെ തുടക്കത്തിൽ നടന്ന കൈവശാവകാശ ഭൂമിക്കു വേണ്ടിയുള്ള ധീരമായ ബഹുജന മുന്നേറ്റങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഉണ്ടായ വളർച്ചയും ആരോഗ്യ-വിദ്യാഭ്യാസരംഗങ്ങളിൽ ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങളും പഞ്ചായത്തിൻെറ മുഖഛായ തന്നെ മാറ്റിയിട്ടുണ്ട്. ഒരുപാട് പുരോഗതി പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും കാർഷിക മേഖല അവഗണിക്കപ്പെടുന്ന ഒരു അവസ്ഥയിലേക്ക് നമ്മൾ എത്തിച്ചേർന്നു. തൊഴിൽ ചെയ്യുന്നവരിൽ അമ്പതു ശതമാനത്തിലധികം വാണിജ്യ സേവന മേഖലകളിലാണ് പ്രവർത്തിക്കുന്നത് എന്നത് ഇതിൻെറ പ്രകടമായ തെളിവാണ്. ഗൾഫ് മേഖലയുമായുള്ള സജീവബന്ധം കാരണം ജീവിതനിലവാരത്തിൻെറ കാര്യത്തിൽ രൂക്ഷമായ പ്രതിസന്ധി അനുഭവപ്പെടുന്നില്ലെങ്കിലും വില്ല്യാപ്പള്ളിയിലെ കാർഷിക-വ്യാവസായിക മേഖലകൾ നിർജീവാവസ്ഥയിലാണ്. വില്ല്യാപ്പള്ളി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഇവിടുത്തെ പ്രാഥമിക-ദ്വിതീയ മേഖലകളുടെ ഇന്നത്തെ അവസ്ഥയാണ്. കുടിവെള്ളമില്ലായ്മ, ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസരംഗത്ത് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ, വനിതകളുടെ പിന്നോക്കാവസ്ഥ, ഗതാഗത സൗകര്യമില്ലായമ എന്നിങ്ങനെ ഓരോന്നും പരിശോധിക്കുമ്പോൾ അവികസിതവും പിന്നോക്കവുമായ ഒരു പഞ്ചായത്ത് എന്ന നിലയ്ക്കാണ് വില്ല്യാപ്പള്ളിയെ കാണാൻ കഴിയുക.

## ഭൂപ്രകൃതിയും വിഭവങ്ങളും

ലാറ്ററേറ്റ് മണ്ണ് (ചെമ്മണ്ണ്) കൂടുതലുള്ളതും തെങ്ങ്, നെല്ല്, കവുങ്ങ് എന്നീ വിളകൾക്കനുയോജ്യവുമായിട്ടുള്ളതുമായ നോർതേൺ മിഡ്ലാൻറ് (Northern midland) എന്ന ഭൂവിഭാഗത്തിലാണ് വില്ല്യാപ്പള്ളി ഉൾപ്പെടുന്നത്. ചെറുതും വലുതുമായ ധാരാളം കുന്നുകൾ ഉൾപ്പെടുന്ന ഒരു പ്രദേശമായതുകൊണ്ടുതന്നെ ചെരിവു പ്രദേശ

ങ്ങൾ ഇവിടെ കൂടുതലാണ്. കുന്നുകൾക്കിടയിലുണ്ടായിരുന്ന വയലുകളൊക്കെ ഇന്ന് നികത്തി പുരയിടങ്ങളാക്കി മാറ്റിയിരിക്കുന്നു. ഇന്ന് താഴ്‌വര പ്രകൃതിയാണ് ഇത്തരം പ്രദേശങ്ങൾക്കുള്ളത്. പൊതുവെ പഞ്ചായത്തിനെ മൂന്ന് ഭൂമിശാസ്ത്ര മേഖലകളാക്കി തിരിക്കാൻ കഴിയും.

1. കുന്നിൻപുറത്തുള്ള നിരപ്പായ പ്രദേശങ്ങൾ
2. ചെരിവു പ്രദേശങ്ങൾ
3. താഴ്‌വരകൾ

പഞ്ചായത്തിൻെറ ഭൂവിസ്തൃതിയിൽ ഭൂരിഭാഗം വരുന്നത് ചെരിവു പദേശങ്ങളാണ്. വലിയമല, പയംകുറ്റിമല എന്നീ കുന്നുകളിലാണ് നിരപ്പായ പ്രദേശങ്ങൾ കാണപ്പെടുന്നത്. മണ്ണ് കുറഞ്ഞതും ചെങ്കൽപാളികൾ തെളിഞ്ഞതുമായ ഭൂഘടനയാണ് ഇവിടെയുള്ളത്. കശുമാവ് പോലുള്ള വൃക്ഷവിളകൾക്ക് അനുയോജ്യമായ പ്രദേശമാണിത്.

ധാരാളം കുന്നുകളുള്ളതുകൊണ്ട് തന്നെ ചെരുവു പ്രദേശങ്ങൾ കൂടുതലാണ്. കുത്തനെയുള്ള ചെരിവുകൾ കുറവാണെങ്കിലും ഇടത്തരം ചെരിവുകൾ ധാരാളമുണ്ട്. ചെമ്മണ്ണാണ് പൊതുവെ ഇത്തരം പ്രദേശങ്ങളിൽ കാണപ്പെടുന്നത്. നീരൊഴുക്ക് നിയന്ത്രണ പ്രവർത്തനങ്ങളില്ലാത്തതുകൊണ്ടുതന്നെ മണ്ണൊലിപ്പ് കൂടിവരികയാണ്. ഉയർന്ന പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാനും ഇത് കാരണമാകുന്നുണ്ട്. തെങ്ങ് ആണ് മുഖ്യ വിളയെങ്കിലും ഉല്പാദനക്ഷമത പൊതുവെ കുറവാണ്. മറ്റു ഫലവൃക്ഷങ്ങളും ഇത്തരം പ്രദേശങ്ങളിൽ വളരുന്നുണ്ട്. പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും ഈ ഭൂപ്രകൃതി മേഖലയിൽ ധാരാളം പാറക്കെട്ടുകൾ കാണുന്നുണ്ട്. പഴയ കാലത്ത് നെൽകൃഷി ചെയ്തിരുന്ന വയൽപ്രദേശങ്ങൾ നികത്തി പുരയിടങ്ങളാക്കി മാറ്റിയ താഴ്‌വര പ്രദേശങ്ങളാണ് പൊതുവെ ഈ പഞ്ചായത്തിൽ ഉള്ളത്. കുന്നുകൾക്കിടയിൽ കാണപ്പെടുന്ന ഈ പ്രദേശങ്ങളിൽ ജലലഭ്യത കൂടുതലാണ്. തെങ്ങ് ആണ് ഇവിടെയും മുഖ്യ വിള. മരച്ചീനി പോലുള്ള ഇടവിളകളും ചെറിയ തോതിൽ ഉണ്ട്. വയലുകൾ എന്നു പറയാവുന്ന സ്ഥലം ഇന്ന് പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഏകദേശം അഞ്ച് ഹെക്ടർ സ്ലം മാത്രമാണ് ഇത്തരത്തിൽ അവശേഷിക്കുന്നത്. കൃഷിഭൂമി എന്ന നിലക്കല്ല, വീട് വെക്കാനുള്ള പ്ലോട്ട് എന്ന നിലക്കാണ് ഇന്ന് പഞ്ചായത്തിലെ ഭൂമി കൈകാര്യം ചെയ്യപ്പെടുന്നത്. ഭൂവിനിയോഗത്തിൻെറ പരമ്പരാഗത സമ്പ്രദായം മാറുകയും അശാസ്ത്രീയമായ വിനിയോഗരീതി വ്യാപകമാവുകയും ചെയ്തതിൻെറ ഫലമായി സ്വാഭാവിക നീരൊഴുക്ക് രീതികൾ തകരുകയും ചെറു ജലശേഖരങ്ങൾ ഇല്ലാതാവുകയും ചെയ്തു. ഇതിൻെറ അനന്തരഫലമാണ് പഞ്ചായത്തിൽ വേനൽക്കാലത്ത് പൊതുവെ രൂക്ഷമാവുന്ന ജലക്ഷാമവും മഴക്കാലത്ത് താഴ്‌വരകളിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ടും.

## കാലാവസ്ഥ

3776 മില്ലിമീറ്റർ ശരാശരി വാർഷികപാതം ലഭിക്കുന്ന പ്രദേശമാണ് വില്ല്യാപ്പള്ളി പഞ്ചായത്ത്. സംസ്ഥാന ശരാശരി (3063 മി. മീറ്റർ)യേക്കാൾ കൂടുതലാണിത്. ഇതിൽ തന്നെ 2506 മി. മീറ്റർ മഴയും ലഭിക്കുന്നത് കാലവർഷക്കാലമായ ജൂൺ-ജൂലായ്-ആഗസ്റ്റ് മാസങ്ങളിലാണ്. ഇടമഴ കൃത്യമായി ലഭിക്കാത്ത വർഷങ്ങളിൽ പഞ്ചായത്തിലെ ജലക്ഷാമം അതിരൂക്ഷമായി തീരാറുണ്ട്. പൊതുവെ ജനവരി, മാർച്ച് മാസങ്ങളിലാണ് മഴ തീരെ കുറഞ്ഞിരിക്കുന്നത്. വെള്ളപ്പൊക്കം അനുഭവപ്പെടാറില്ലെങ്കിലും പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകാറുണ്ട്. 1994-96 കാലയളവിൽ 67 ഹെക്ടർ സ്ഥലത്ത് കാറ്റ് മൂലമുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുവെ 22 ഡിഗ്രി സെൽഷ്യസിനും 33 ഡിഗ്രി സെൽഷ്യസിനും ഇടയിലുള്ള താപനിലയാണ് ഈ പ്രദേശത്തുള്ളത്.

## ജലലഭ്യത

ജലവിഭവത്തിൻെറ കാര്യത്തിൽ ദാരിദ്ര്യം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് വില്ല്യാപ്പള്ളി. പുഴകളോ തോടുകളോ ഇല്ലാത്തതും ചെരിവു പ്രദേശങ്ങൾ കൂടിയതുമായ ഈ ഭൂവിഭാഗം അതുകൊണ്ടുതന്നെ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമത്തിൻെറ പിടിയിലകപ്പെടുന്നു. ലഭ്യമായ മഴവെള്ളം സംരക്ഷിക്കാനുള്ള സംവിധാനങ്ങളില്ലെന്ന് മാത്രമല്ല ഭൂപ്രകൃതിയുടെ സവിശേഷതകൊണ്ട് അത് പെട്ടെന്ന് ഒഴുകിപ്പോകുന്ന

സ്ഥിതിയും ഉണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള തീരെ ചെറിയ കുളങ്ങൾ ഏറെയുണ്ടെങ്കിലും എടുത്തുപറയത്തക്ക ഉപരിതല ജലസ്രോതസ്സ് ഒന്നുംതന്നെയില്ല. കുറച്ചു വലിയ ചിറകളാകട്ടെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട പൊതു കുളങ്ങളാണ്.

ഭൂഗർഭജലം ലഭ്യമാകുന്ന ഒരു പ്രദേശമായാണ് വില്ല്യാപ്പള്ളി വിലയിരുത്തപ്പെട്ടിട്ടുള്ളത്. ലഭ്യമായ ജലവിഭവം കരുതലോടെ ഉപയോഗിക്കുകയാണെങ്കിൽ ഇന്ന് പഞ്ചായത്തിൽ അനുഭവപ്പെടുന്ന ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

## മണ്ണ്

ചെമ്മണ്ണ് നിറഞ്ഞ പ്രദേശമാണിത്. നിലവിൽ വളക്കൂറ് കുറഞ്ഞതും എന്നാൽ ശാസ്ത്രീയമായ പരിചരണത്തിലൂടെ ഫലപുഷ്ടിയുള്ളതാക്കാവുന്നതുമായ ഇനം മണ്ണാണ് ഭൂരിഭാഗവും ഉള്ളതെന്നാണ് നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്. ഉയർന്ന പ്രദേശങ്ങളിൽ മണ്ണിൻെറ പാളി വളരെ കട്ടി കുറഞ്ഞ അവസ്ഥയിലാണുള്ളത്. ചെരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പിൻെറ ഫലമായി മേൽമണ്ണ് നീങ്ങിപ്പോവുന്ന സ്ഥിതിയുണ്ട്. പല സ്ഥലങ്ങളിലും പാറക്കെട്ടുകളും ചെങ്കല്ലും തെളിഞ്ഞു കാണുന്നുണ്ട്.

## ഭൂവിനിയോഗം

ഭൂപരിഷ്ക്കരണത്തിനു മുമ്പു നിലനിന്നിരുന്ന കാർഷിക വ്യവസ്ഥയിൽ പഞ്ചായത്തിൻെറ ഇന്നത്തെ താഴ്വര പ്രദേശത്തിൻെറ ബഹുഭൂരിഭാഗവും നെൽവയലുകളായിരുന്നു. ഒരുപ്പൂ, ഇരുപ്പൂ കൃഷി ചെയ്തിരുന്ന ഈ വയലുകൾ ഇന്ന് നികത്തി പുരയിടങ്ങളാക്കി മാറ്റപ്പെട്ടിരിക്കുകയാണ്. മൊത്തം 1735 ഹെക്ടർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ ഇന്ന് 5 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി അവശേഷിക്കുന്നത്. പുരയിടങ്ങളാക്കി മാറ്റപ്പെട്ട ഭൂമിയിൽ പൊതുവെ തെങ്ങ് കൃഷി ചെയ്യുന്നു. വർദ്ധിച്ച ജനസാന്ദ്രതയുള്ള ഒരു പ്രദേശമായതുകൊണ്ടു തന്നെ പാർപ്പിടങ്ങൾക്കും മറ്റും വേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ തോത് ഇവിടെ കൂടുതലാണ്. തൊഴിൽമേഖലയിൽ ഭൂരിഭാഗവും സേവന മേഖലയിലായതുകൊണ്ടായിരിക്കണം കാർഷികവൃത്തിക്ക് പ്രാധാന്യം കുറഞ്ഞ് ഭൂമി പരിപാലിക്കപ്പെടാത്ത അവസ്ഥയാണ് പൊതുവെ ഉള്ളത്. 1 ചതുരശ്ര കിലോമീറ്ററോളം വരുന്ന സ്ഥലം റോഡുകളും പൊതുവഴികളും മറ്റുമായി പഞ്ചായത്തിലുണ്ട്. 110 കെ.വി. വൈദ്യുത ലൈൻ, കനാൽ തീരം എന്നിങ്ങനെ സർക്കാർ കൈവശമുള്ള വലിയൊരളവു ഭൂമി ശരിയായ തോതിൽ കൃഷിക്കുപയുക്തമാവാതെ കിടക്കുന്നുണ്ട്. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ക്ഷേത്രങ്ങളോടു ചേർന്നും ചില പഴയ വീടുകളോടു ചേർന്നും ഇന്നും നിലനിൽക്കുന്ന ചെറിയ സർപ്പക്കാവുകളുണ്ട്.

**ഭൂവിനിയോഗ പട്ടിക**

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല്-ഒന്നാം വിള | 2 |
| നെല്ല്-രണ്ടാം വിള | 2 |
| നെല്ല്-മൂന്നാം വിള | 1 |
| പയർ | 10 |
| പച്ചക്കറികൾ | 10 |
| തെങ്ങ് | 1540 |
| വാഴ | 8 |
| മരച്ചീനി | 10 |
| കുരുമുളക് | 10 |
| പ്ലാവ്, കശുമാവ്, മാവ്, കവുങ്ങ് | 75 |
| മഞ്ഞൾ | 10 |
| കൃഷിയോഗ്യമല്ലാത്തത് | 57 |

| ഭൂവിസ്തീർണ്ണം | കൈവശക്കാരുടെ എണ്ണം |
|---|---|
| 1-10 സെൻറ് | 2224 |
| 11-50 സെൻറ് | 5165 |
| 51-100 സെൻറ് | 2499 |
| 1-2 ഏക്കർ | 1083 |
| ആകെ | 10971 |

# ജനപ്രകൃതി

**1991** സെൻസസ് പ്രകാരം വില്ലാപ്പള്ളിയിലെ ജനസംഖ്യ 29996 ആണ്. ഇതിൽ 14613 പുരുഷന്മാരും 15383 സ്ത്രീ കളുമുണ്ട്. ആറുവയസ്സു വരെ പ്രായമുള്ള കുഞ്ഞു ങ്ങൾളുടെ എണ്ണം 4153 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1729. സംസഥാന തലത്തിൽ ഇത് ച.കി. മീററിന് 749 മാത്രമാണ്. പഞ്ചായത്തിലെ സാക്ഷരത 89% ആണ്. 5003 വീടുകളിലായിട്ടാണ് പഞ്ചായത്തിലെ 5403 കുടുംബങ്ങൾ താമസിക്കുന്നത് ശരാശരി വീടൊ ന്നിന് 6 പേർ വിതം താമസിക്കുന്നു.

**വാർഡ് തിരിച്ചുള്ള ജനസംഖ്യാ കണക്ക്**
(അപൂർണ്ണം)
പട്ടിക (3)

| വാർഡ് | വീടുകളുടെ | പുരുഷന്മാർ | സ്ത്രീകൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | 386 | 1062 | 1132 | 2194 |
| 2 | 433 | 1283 | 1212 | 2495 |
| 3 | 480 | 1382 | 1342 | 2724 |
| 4 | 395 | 1023 | 1115 | 2138 |
| 5 | 419 | 1078 | 1052 | 2130 |
| 6 | 355 | 1034 | 944 | 1978 |
| 7 | 405 | 1082 | 1052 | 2164 |
| 8 | 403 | 1002 | 1071 | 2073 |
| 9 | 522 | 1449 | 1387 | 2836 |
| 10 | 379 | 1066 | 1028 | 2094 |
| 11 | 470 | 1292 | 1304 | 2596 |
| 12 | - | - | - | - |

അവലംബം- സാമൂഹ്യ സാമ്പത്തിക സർവ്വെ

സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 26.9% അതായത് 7075 ആളുകളാണ് ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽതന്നെ 1148 പേർ വർഷത്തിൽ ആറുമാസത്തിൽ കുറച്ചുമാത്രം പണിയുള്ള ഭാഗികതൊഴിലാളികളാണ്. തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്ക് പട്ടിക 4-ൽ കൊടിത്തിരിക്കുന്നു.

പട്ടിക- 4

| | സ്ത്രീ | പു | മൊത്തം |
|---|---|---|---|
| മുഖ്യ തൊഴിലുകാർ | 991 | 4986 | 5927 |
| ഭാഗിക തൊഴിലുകാർ | 376 | 772 | 1148 |
| മൊത്തം | 1367 | 5708 | 7075 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 8.88 | 39.05 | 26.92 |

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഭീകരമാം വിധം താഴെയാണ് ഈ പട്ടിക കാണിക്കുന്നത്. പ്രത്യക്ഷ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്ത കുറവ് വളരെ ഗൗരവത്തോടെ പരീശോധിക്കേണ്ടതാണ്. വിവിധ തൊഴിൽ മേഖലഖളിലെ പങ്കാളിത്ത നിരക്ക് പരിശോധിക്കുമ്പോൾ കാർഷിക മേഖലകളിൽ വളരെ കുറഞ്ഞ പങ്കാളിത്തമേയുള്ളൂ എന്ന് കാണാം. വാണിജ്യ സേവന മേഖലകളിലാണ് കൂടിയ പങ്കാളിത്തം അനുഭവപ്പെടുന്നത്. വിവിധ മേഖലകളിലെ തൊഴിൽ പങ്കാളിത്തനിരക്ക് പട്ടിക -5 ൽ കൊടുക്കുന്നു.

## പട്ടിക -5
## മുഖ്യ തൊഴിലുകാർ മാത്രം

| തൊഴിൽ | പു | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 100 | 2 | 102 | 1.72 |
| കർഷകതൊഴിലാളികൾ | 317 | 145 | 462 | 7.79 |
| മൃഗ പരിശീലനവും | | | | |
| അനുബന്ധതൊഴിലാളികളും | 543 | 30 | 573 | 9.67 |
| ഖനനംപാറപ്പൊട്ടിക്കൽ | 289 | 92 | 381 | 6.42 |
| കുടിൽ വ്യവസായം | 77 | 27 | 104 | 1.75 |
| കുടിലേതര വ്യവസായം | 481 | 43 | 524 | 8.84 |
| നിർമ്മാണ ജോലി | 587 | 120 | 707 | 11.93 |
| വാണിജ്യം | 1243 | 28 | 1271 | 21.45 |
| ഗതാഗതം, വാർത്താവിനിമയം | 603 | 245 | 848 | 14.31 |
| മറ്റു സേവനങ്ങൾ | 696 | 259 | 955 | 16.12 |
| മൊത്തം | 4936 | 991 | 5927 | 100 |

പഞ്ചായത്തിൽ 10971 ഭൂവുടമസ്ഥരുണ്ടെങ്കിലും 102 പേർ മത്രമാണ് സ്വയം കൃഷിക്കാരായി കരുതുന്നത്. ചെറുകിട ഭൂവുടമസ്ഥരിൽ അധികവും മറ്റു മേഖലകളിൽ തൊഴിൽ ചെയ്യുന്നവരായതുകൊണ്ട്തന്നെ കൃഷി ഒരു മുഖ്യവരുമാനമാർഗ്ഗമായി അവർ കരുതുന്നില്ല.

1991 ലെ സെൻസസ് പ്രകാരം 707 പേർ ആണ് നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നത്. ഇതിൽതന്നെ 120 സ്ത്രീകൾ. പക്ഷെ പഞ്ചായത്തിൽ ധാരാളം സ്ത്രീകൾ ഇപ്പോൾ ഈ മേഖലയിൽ തൊഴിൽ എടുക്കുന്നവരായുണ്ട് എന്നാണ് മനസ്സിലാക്കുന്നത്.



# കൃഷിയും ജലസേചനവും

# 1

ശക്തമായ ഒരു കാർഷികമേഖല നിലനിന്നിരുന്ന പ്രദേശമാണ് വില്ലാപ്പള്ളി. ഭൂവുടമസ്ഥത ഒരു പിടി ആളുകളിൽ കേന്ദ്രീകരിച്ചിരുന്നെങ്കിലും മെച്ചപ്പെട്ട കാർഷികോൽപ്പാദനം ഉണ്ടായിരുന്നു. അടുത്തടുത്തു കിടക്കുന്ന കുന്നുകൾക്കിടയിലുള്ള വയലുകളിൽ നെല്ലും പയറും പച്ചക്കറികളും കൃഷിചെയ്തിരുന്നു. കാലങ്ങളിലൂടെ ആർജ്ജിച്ചെടുത്ത കാർഷികജ്ഞാനമനുസരിച്ച് വയലുകളിലും പുരയിടങ്ങളിലും ഒട്ടൊക്കെ ശാസ്ത്രീയമായ വിളക്രമങ്ങളും വിളച്ചേരുവകളുമാണ് നിലവിലുണ്ടായിരുന്നത്. പരമ്പരാഗത രീതിയിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും ജലവിതരണരീതികളും ഭൂപരിപാലന സമ്പ്രദായങ്ങളും നിലനിന്നിരുന്നു. ഇന്നും പുരയിടങ്ങളിൽഅവശേഷിച്ചിരിക്കുന്ന ചെറിയ കുളങ്ങൾ, അങ്ങിങ്ങ് കാണപ്പെടുന്ന തോടിന്റെ അവശിഷ്ടങ്ങൾ ഇവയൊക്കെ ഇതിന് തെളിവുകളാണ്. ഇക്കാലത്ത് മെച്ചപ്പെട്ട ഉത്പാദനം നടന്നിരുന്നെങ്കിലും സാമ്പത്തിക വളർച്ചയുടെ നീതിപൂർവ്വമായ വിതരണം നടന്നിരുന്നില്ല.

ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി കേരളത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ വില്ലാപ്പള്ളിയിലും ഭൂവുടമ ബന്ധങ്ങളിൽ വ്യാപകമായ മാറ്റം ഉണ്ടായി. ഒരു പിടി ആളുകളിൽ കേന്ദ്രീകരിച്ചിരുന്ന ഭൂവുടമസ്ഥത ആയിരക്കണക്കിനാളുകളിലേക്ക് വിതരണം ചെയ്യപ്പെട്ടു. ഇക്കാലത്തെ സാമൂഹ്യപരിഷ്ക്കരണ ശ്രമങ്ങളിലൂടെ സേവന വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ ഒരു പാടു മാറ്റങ്ങൾ ഉണ്ടായിത്തീർന്നു. ഇവയുടെയൊക്കെ ഫലമായി വില്ല്യാപ്പള്ളിയുടെ സാമൂഹ്യാവസ്ഥതന്നെ മാറി മറിഞ്ഞു. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന ജനങ്ങൾ മറ്റു തൊഴിൽ മേഖലകളിലേക്ക് തിരിയാൻ തുടങ്ങി. വിദ്യാഭ്യാസം സാർവത്രികമായതോടെ വിവിധസേവനമേഖലകളിലേക്ക് ജനങ്ങളുടെ ഒഴുക്ക് കൂടി. ജീവിത ഗുണനിലവാരം മെച്ചപ്പെടുത്താൻകൃഷിയെ ആശ്രയിച്ച് മാത്രം സാധിക്കാത്ത ഒരവസ്ഥ വന്നുചേർന്നതോടെ ക്രമത്തിൽ കൃഷി അവഗണിക്കപ്പെട്ടു.

വർദ്ധിച്ചുവന്നജനസാന്ദ്രത കൂടിയായപ്പോൾ ഭൂമി കൃഷിസ്ഥലം എന്നതിലുപരിവീടുവയ്ക്കാനുള്ള ഇടം എന്ന നിലക്ക് കൈകാര്യം ചെയ്തു തുടങ്ങി. 60-കളുടെ അവസാനത്തിൽ പഞ്ചായത്തിലെ വയലുകൾ പുരയിടങ്ങളാക്കി മാറ്റപ്പെട്ടു തുടങ്ങി. എഴുപതുകളിലും എൺപതുകളിലും ഈ പ്രക്രിയക്ക് വേഗം കൂടി. ഇന്നു വില്ലാപ്പള്ളിയിലെ നെൽവയലുകളുടെ മൊത്തം വിസ്തീർണ്ണം 5 ഹെക്ടർ മാത്രമാണ് എന്നത് ഈ മാറ്റത്തിന്റെ തീവ്രത ബോധ്യപ്പെടുത്തുന്നതാണ്. ഭൂമിയുടെ ഉപയോഗത്തിൽ വന്ന ഈ മാറ്റം വയൽകൃഷിയെ മാത്രമല്ല ബാധിച്ചത് - നെൽവയലുകൾ വ്യാപകമായി പുരയിടങ്ങളാക്കിമാറ്റിയത് ഈ പ്രദേശത്തിന്റെ പാരിസ്ഥിതികമായ സന്തുലനത്തെ ബാധിച്ചു. പരമ്പരാഗത ജലസംരക്ഷണരീതികളും ജലവിതരണ സമ്പ്രദായവും തകർന്നു. ജീവിതരീതിയവന്ന പൊതുവായ മാറ്റത്തിന്റെ പ്രതികരണ് പുരയിടക്കൃഷിയലും ഉണ്ടായട്ടുണ്ട്. രണ്ട് ശതകങ്ങൾക്കുമുമ്പ് പുരയിടങ്ങളിൽ സ്ത്രീകളുടെ മുൻകൈയ്യിൽ നടത്തിവന്നിരുന്ന ചേമ്പ്, ചേന, മഞ്ഞൾ, ഇഞ്ചി,മുത്താരി ഇന്ന് നാമമാത്രമായിരിക്കുന്നു. ഈ മാറ്റങ്ങളുടെയെക്കെഫലമായി ഇന്ന് മുഖ്യമായും തെങ്ങ് മാത്രമായുള്ള ഇടവിളകൾ തീരെ ഇന്നെന്നു പറയാവുന്ന കാികവ്യവസ്ഥയിൽ വില്ലാപ്പള്ളി എത്തി നിൽക്കുന്നു. ഇതാവട്ടെ ഉല്പാദനക്ഷമത വളരെ കുറഞ്ഞ അവസ്ഥയിലിമാണുള്ളത്.

വില്ലാപ്പള്ളി പഞ്ചായത്തിൻെറ മൊത്തം ഭൂവിസ്തൃതി 1735 ഹെക്ടർ ആണ്. ഇതിൽ കൃഷിയോഗ്യമായ 1678 ഹെക്ടറിൽ 1540ലും തെങ്ങാണ് കൃഷിചെയ്യുന്നത്. കശുമാവ്, മരച്ചീനി, വാഴ, കുരുമുളക്, പച്ചക്കറികൾ എന്നിവ വളരെ കുറഞ്ഞ അളവിലെ കൃഷിചെയ്യപ്പെടുന്നുള്ളു. മുമ്പുകാലത്ത് മണ്ണിൻെറ സ്വഭാവം അറിഞ്ഞയിരുന്നു കൃഷിയെങ്കിൽ ഇന്ന് എന്തു എവിടെയും കൃഷിചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. മറ്റുതൊഴിൽമേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട ഭൂവുടസ്ഥർ പുരയിടങ്ങളെ കൃഷിസ്ഥലം എന്നരീതിയിൽ ഉപയോഗിക്കാത്തതപം പരമ്പരാഗതമായ ജലസ്ത്രോതസ്സുകൾ സംരക്ഷിക്കപ്പെടാത്തതും ഒക്കെ ചേർ ന്ന് ഇന്നത്തെകൃഷിയടെ ഉൽപാദനക്ഷമത വളരെ ക്കുറച്ചിരിക്കുന്നു. 1540 ഹെക്ടറിൽ തെങ്ങ് കൃഷിയുണ്ടെങ്കിലും പരിചരണം ലഭിക്കുന്നത് വളരെക്കുറച്ച് സ്ഥലങ്ങളിൽമാത്രമാണ്. മറിറുവിളകളുടെയും സ്ഥിതി ഒട്ടൊക്കെ ഇങ്ങനെതന്നെ.

വിവിധ വിളയിനങ്ങളുടെ വിവരങ്ങൾ പട്ടികഒന്നിൽ ചേർത്തിട്ടുണ്ട്. കശുമാവ്, മാവ്, പ്ലാവ്, തുടങ്ങിയ വൃക്ഷ വിളകൾ ഒന്നും പലപ്പോഴും ഒരു കൃഷിയെന്ന നിലക്ക് പരിഗണിക്ക പ്പെടുന്നേയില്ല. പഞ്ചായത്തിൻെറ ഇന്നത്തെ മഖ്യ വിളയായ തെങ്ങിൻെറ ഉൽപാദനക്ഷമത വളരെ ക്കുറവാണ്. ജലസേചന സൗകര്യങ്ങളുടെ ഇഭാവം , തൈവയ്ക്കുന്നതിലെ അശാസ്ത്രീയത അടിതൈവെക്കുന്നതിലെ കാലതാമസം അസന്തുലിതമായ രാസവളപ്രയോഗം, ചെന്നീരൊലിപ്പ് പരിചരണത്തിലെ അശ്രദ്ധ, അത്യുൽപ്പാദനശേഷിയുള്ള വിത്തുതേങ്ങകൾ സമയത്തിനു ലഭിക്കത്തത് ഇവയൊക്കെ ഉൽപ്പാദനക്ഷമത കുറയാൻ ഇടയാക്കിടുണ്ട്.

പഞ്ചായത്തിൽ വ്യാപകമായി ബാധിച്ചിരിക്കുന്ന ദ്രുതവാട്ടം കുരുമുളകിൻെറ ഉൽപ്പാദനക്ഷമതയെ ബാധിച്ചിട്ടുണ്ട്. കുരുമുളക് കൃഷിക്ക് ആവശ്യമായ ശാസ്ത്രീയ പരിചരണങ്ങൾ പൊതുവേ ചെയ്യാറില്ല എന്നത് ഇതിന് കാരണമാണ്. വഴകൃഷി 8 ഹെക്ടറൊളം സ്ഥലത്ത് നിലനിൽക്കുന്നുവെങ്കിലും മുമ്പ് വ്യാപകമായി കാണപ്പെട്ടിരുന്നു. പലനാടൻ വാഴയിനങ്ങളും ഇന്ന് കുറഞ്ഞു വരികയാണ്. പൊതുവെ ഉൽപ്പാദനക്ഷമത കുറയുന്നതിന് കാരണം കാർഷിക മേഘലയിൽ വേണ്ടത്ര ശ്രദ്ധ ഇല്ലാത്തതും ജലദൗർലഭ്യവുമാണ് എന്നു കാണാം. ചെരിവു പ്രദേശങ്ങൾ ഏറെയുള്ള ഭൂപ്രകൃതി പഞ്ചായത്തിൽ ജലദൗർബല്യത്തിനിടയാക്കുന്നുണ്ട്. പാടങ്ങളും കുളങ്ങളും വ്യാപകമായി നികത്തപ്പെട്ടതും ചെറുതോട്ടങ്ങളും നൂർച്ചാലുകളും സംരക്ഷിക്കപ്പെടാത്തതും ജലക്ഷാമം വർദ്ധിപ്പിക്കാനിടയാക്കിയിരിക്കുന്നു. പഞ്ചായത്തിൽ ഏകദേശം 3300 കിണറുകളാണുള്ളത്. പഞ്ചായത്തിൽ അവശേഷിക്കുന്ന ചെറിയ സ്വകാര്യകുളങ്ങളിൽ ജലസേചനത്തിനുവേണ്ടി ഉപയോഗിക്കുന്നില്ലെന്നുതന്നെ പറയാം. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി പുതുപ്പണം, നടക്കുതാഴ, മയ്യന്നൂർ തുടങ്ങിയ ഡിസ്ട്രിബ്യൂട്ടറി കനാലുകളും കുറേ കൈകനാലുകളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. കൈകനാലുകൾ കടന്നുപോകുന്ന വഴികളിലൂള്ള വയലുകളൊക്കെ ഇന്ന് പുരയിടങ്ങളായി മാറിയിട്ടുണ്ട്. പുരയിടകൃഷിക്ക് ഉപയോഗിക്കാൻ പോലും ഈ കനാലുകൾസഹായകമല്ല. പലതും പൊട്ടിപ്പൊളിഞ്ഞുകിടക്കുന്നതിനാൽ അപൂർവ്വമായിവെള്ളം തുറന്നുവിടുന്ന അവസരങ്ങളിൽ തന്നെ ചോർന്നു പോകുന്ന സ്തിഥിയാണുള്ളത്. മഴവെള്ളം ധാരാളമായി ലഭിക്കുന്ന ഒരു പ്രദേശമായിട്ടുപോലും ശരിയായ ജലസംരക്ഷണ പ്രവർത്തനങ്ങളില്ലാത്തതിനാൽ പഞ്ചായത്തിൻെറ വിഭവശേഷി കുറഞ്ഞുവരികയാണ്. ഇത് കൃഷിയേയും ഉത്പാദനക്ഷമതയേയും സാരമായി ബാധിച്ചിട്ടുണ്ട്. ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമത്തിൻെറ ഭാഗമായി 67 പമ്പുസെറ്റുകൾ വാങ്ങാനും 39 കിണറുകൾ കുഴിക്കാനും കൃഷിഭവൻ മുഖേന സാമ്പത്തിക സഹായം നൽകിട്ടുണ്ട്. പക്ഷെ പഞ്ചായത്തിലെ ജലദൗർലഭ്യത്തിൻെറ സ്ഥിതിവെച്ച് ഇത് വളരെ പരിമിതമാണ്.

പഞ്ചായത്ത് പരിധിക്കകത്ത് കാർഷിക വിളകൾക്ക് വിപണനസൗകര്യങ്ങൾ ഒന്നും തന്നെയില്ല. പ്രധാനവിളയായ തേങ്ങയുടേയും, കുരുമുളക്, വാഴക്കുല എന്നിവയുടേയും പ്രധാന വിപണനകേന്ദ്രം വടകരയാണ്. തേങ്ങ കൊപ്രയോ

ഉണ്ടയോ ആക്കിയാണ് വിപണിയിലെത്തുന്നത്. ഈ രംഗത്ത് ധാരാളം ഇടത്തട്ടുകാർ നിലനിൽക്കുന്നുണ്ട്. ഉൽപാപദകരിൽനിന്ന് പച്ചതേങ്ങവാങ്ങി സംസ്ക്കരിച്ചാണ് ഇവർ വിപണനം നടത്തുന്നത്. ഉൽപ്പന്നങ്ങളുടെ വിലയിൽ ഉൽപ്പാദകർക്ക് യാതൊരു നിയന്ത്രണവുമില്ല്യ. പച്ചക്കറി, മരച്ചീനി, തുടങ്ങിയവയുടെ ഉൽപ്പാദനം വളരെക്കുറവായതുകൊണ്ടുതന്നെ പഞ്ചായത്ത് ഈ ഉല്പന്നങ്ങളുടെ ഒരു നല്ല വിപണിയായി മാറിയിരിക്കുകയാണ്. ഇവയുടെ കാര്യത്തിൽ ഉപഭോക്താവിന് വിലയിൽ യാതൊരു നിയന്ത്ര ണവുമില്ലാത്ത സ്ഥിതിയാണ്.

പഞ്ചായത്തിലെ മൊത്ത ജനസംഖ്യയിൽ കൃഷിക്കാർ 1.72 ഉം കർഷക തൊഴിലാളികളിൽ 7.79% ഉം മാത്രമേയുള്ളു. 10971 ഭൂവുടുമസ്ഥരിൽ 102 പേർമാത്രമാണ് സ്വയം കൃഷിക്കാരായി കരുതുന്നത് ഇതിൽ രണ്ടുപേർ മാത്രമേ സ്ത്രീകളായുള്ളൂ എന്നത് ശ്രദ്ധേയമാണ്. 102 കർഷകരും 402 കർഷകതൊഴിലാളികളുമടങ്ങുന്ന കാർഷിക ജനസംഖ്യയിൽ 81.8% കർഷതൊഴിലാളികളാണ്. കർഷതൊഴിലാളി കളിൽ നല്ലൊരു വിഭാഗം തൊഴിൽ സാധ്യതയും വരുമാനവും കൂടുതലുള്ള മറ്റു തൊഴിൽ മേഖലയിലേക്ക് മാറികൊണ്ടിരിക്കുകയാണ്. തെങ്ങുകയറ്റതൊഴിലാളികളുടെ ദൗർലഭ്യം പരക്കെ അനുഭവപ്പെടുന്നുണ്ട്. ഒരു തൊഴിൽ മേഖലഎന്നനിലക്ക് കാർഷികമേഖല അനാകർഷകമായിരിക്കുന്നു. കാർഷികാവശ്യങ്ങക്കായ് വായ്പ്പകൾ നൽകുന്ന ധാരാളം ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിന് അകത്തും സമീപപ്രദേശങ്ങളിലും ഉണ്ട്. വില്ല്യാപ്പള്ളി സർവ്വീസ് സഹകരണബാങ്ക് 7,38,177 കയും കാനറാ ബാങ്കിൻെറ വില്ലാപ്പള്ളി ശാഖ 71.26 ലക്ഷം രൂപയും കഴിഞ്ഞ വർഷം കാർഷികാവശ്യത്തിനുവേണ്ടി വായ്പനൽകിയിട്ടുണ്ട്. പക്ഷേ ഈ വായ്പകളിൽ ബഹുഭൂരിഭാഗവും മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നു എന്നതാണ് വസ്തുത. യഥാർത്ഥ കർഷകരാകട്ടെ സാങ്കേതിക ബുദ്ധിമുട്ടുകളും വ്യവസ്ഥകളും മറ്റും കാരണം ഇത്തരം സൗകര്യങ്ങൾ ഉപയോഗിക്കുന്നതിൽ വിമുഖത കാട്ടുന്നു.

വില്ലാപ്പള്ളിയിൽ അടുത്തകാലത്തായി തെങ്ങിന് വ്യാപകമായി ബാധിച്ചിരിക്കുന്ന രോഗമാണ് ചെന്നീരൊലിപ്പ്. കരപ്പറമ്പുകളേക്കാൾ വയലുകൾ നികത്തിയെടുത്ത കുനിപ്പറമ്പുകളിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. തെങ്ങിനെ ബാധിച്ചുകാണുന്ന മറ്റൊരു രോഗമാണ് കൂമ്പുചീയൽ. വ്യാപകമായി തെങ്ങിന് ഉപദ്രവിക്കുന്ന ഒരു കീടമാണ് കൊമ്പൻ ചെല്ലി. കുരുമുളകിനെ ബാധിക്കുന്നത് പൊള്ളുവണ്ടാണ്. കുരുമുളകിന് ദ്രുതവാട്ട രോഗവും വാഴക്ക് കുമ്പടപ്പ് രോഗവും പൊതുവെ കണ്ടുവരുന്നു. എലികൾ ഇവിടെ കൂടുതലാണ്. മരച്ചീനി തുടങ്ങിയ വിളകൾക്ക് എലികൾ വലിയ നഷ്ടമുണ്ടാക്കുന്നുണ്ട്. പഞ്ചായത്തിൽ കൃഷിഭവനും വഴിനടന്ന കീടനാശിടെ കണക്ക് ചുവടെ പട്ടികയിൽകൊടുക്കുന്നു.

പട്ടിക

| B.H.C 10% | B.H.C 50% | എക്കാലക്സ് | സിങ്ക്ഫോസ് ഫേറ്റ് | മുഷ്മുഷ് | കോപ്പർസൾഫേറ്റ് |
|---|---|---|---|---|---|
| 2741 Kg | 508 kg | 14കുപ്പി | 1250പേക്കറ്റ് | 2പേക്കറ്റ് | 550 g |

രോഗങ്ങളേയും കീടങ്ങളേയും അകറ്റുന്നതിൽ കൃഷിക്കാർ വേണ്ടത്ര ജാഗരൂകരല്ല. എന്നത് ഒരു വസ്തുതയാണ്. വള ഉപഭോഗത്തെപ്പറ്റിയുള്ള പാരമ്പര്യാർജ്ജിത അറിവുകൾ ഇന്ന് നഷ്ടമായിരിക്കുകയാണ് അസന്തുലിതമായ രാസവള പ്രയോഗം ഉൽപ്പാദനക്ഷമതയെ ദോഷമായി ബാധിക്കുകയും ചെയ്തു. വില്ല്യാപ്പള്ളി കൃഷിഭവൻ വഴി നടന്ന രാസവള ഉപഭോഗത്തിൻെറ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക

| MOP | യൂറിയ | 20:20 | 10:5:20 | 8:8:16 | 10:4:16 | മഗ്നീഷ്യം സൾഫേറ്റ് |
|---|---|---|---|---|---|---|
| 38082Kg. | 2000Kg. | 43175 Kg. | 94470 Kg. | 5146 Kg. | 1000 K | 50 Kg. |

വില്ല്യാപ്പള്ളി പഞ്ചായത്ത് പ്രവർത്തന പരിധി ആക്കിക്കൊണ്ട് ഒരു കേര വികസന സമിതി ഇന്നു പ്രവർത്തിച്ചുവരുന്നുണ്ട്. 443 അംഗങ്ങളോടുകൂടി 1994-ലാണ് ഈ സമിതി പ്രവർത്തനമാരംഭിച്ചത്. കൃഷിഭവൻെറയും പഞ്ചാ യത്ത് ഭരണ സമിതിയുടെയും നേതൃത്വത്തിൽ ഗ്ലൂരിറ്റബിൾ

എൻഡോവ്മെൻറ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണിത്. വളം, കീടനാശിനികൾ, തൈകൾ മുതലായവ സംഭരിച്ച് വിതരണം ചെയ്യാൻ വേണ്ടി ഓഫീസ് തുടങ്ങിയിട്ടുണ്ട്. ഓണക്കാലത്ത് പച്ചക്കറി ചന്തകൾ നടത്തുകയും വില്ല്യാപ്പള്ളിയിൽ ഒരു ഇളനീർ പന്തൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2 തൊഴിലാളികൾ ഇളനീർ പന്തലിൽ ജോലി ചെയ്യുന്നുണ്ട്. പക്ഷേ നല്ല വില നൽകിയിട്ടും ഇളനീർ വിൽക്കാൻ കർഷകർ തയ്യാറാകുന്നില്ല. ഇളനീർ വിൽക്കുന്നത് സാമൂഹ്യാന്തസ്സിന് നിരക്കാത്തതാണ് എന്ന തെറ്റിദ്ധാരണയാണ് ഈ സമീപനത്തിന് കാരണം.

**കാർഷികരംഗത്തെ പ്രശ്നങ്ങൾ**

- കൃഷിയോട് പൊതുവെയുള്ള അവഗണന
- ജലദൗർലഭ്യം പഞ്ചായത്തിൽ പൊതുവെ യുണ്ട്
- പുരയിടങ്ങളിലെ ഇടവിളകളിൽ നിന്ന് സ്ത്രീകളുടെ പിൻവാങ്ങൽ
- കുറഞ്ഞ ഉൽപാദനക്ഷമത
- വിപണനസൗകര്യം കുറവ്
- തെങ്ങ് കയറ്റ തൊഴിലാളികളുടെ ദൗർലഭ്യം
- വായ്പാ സൗകര്യങ്ങളുടെ ദുരുപയോഗം
- നവീന കൃഷിയെക്കുറിച്ച് അജ്ഞത
- കാർഷിക വിളകൾക്ക് കാണപ്പെടുന്ന രോഗങ്ങൾ
  തെങ്ങ്-ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ
  കുരുമുളക്-ദ്രുതവാട്ടം
- എലി, കൊമ്പൻചെല്ലി, പൊള്ളുവണ്ട് ശല്യം
- മണ്ണ് പരിശോധന വ്യാപകമായി നടത്താൻ സംവിധാനമില്ല
- കൃഷി ഭവനിലൂടെയുള്ള ആനുകൂല്യങ്ങ ളെക്കു റിച്ച് കൃഷിക്കാർ അറിയുന്നില്ല
- വിളകളുടെ എണ്ണം നോക്കാതെ വിള ഇൻഷൂർ ചെയ്യാൻ സംവിധാനമില്ല
- ജൈവ കീടനാശിനികളെക്കുറിച്ച് അജ്ഞത
- സ്വകാര്യ കുളങ്ങൾ ജലസേചനത്തിനു ഉപയോഗിക്കുന്നില്ല
- മണ്ണിന്റെ തരത്തിനനുസരിച്ച് കൃഷി സാധ്യതകളന്വേഷിച്ച് ചെയ്യുന്നില്ല
  ഉദാ:- കൈതച്ചക്ക കൃഷിക്ക് പറ്റിയ ധാരാളം സ്ഥലങ്ങൾ പഞ്ചായത്തിൽ ഉണ്ട്. പക്ഷേ ശാസ്ത്രീയമായി കൈതച്ചക്ക കൃഷി ആരും ചെയ്യു ന്നില്ല.
- 12-ാം വാർഡിൽ തട്ടാറത്ത് താഴെയും കീഴൽ യു.പി. സ്കൂളിന് സമീപവും നീർക്കെട്ട് കാരണം വാഴ, മരച്ചീനി എന്നിവ ഉറവ വന്ന് നശി ച്ചുപോവുന്നു.
- 7-ാം വാർഡിലെ കശുമാവം കൃഷിക്ക് ആവശ്യമായ ശ്രദ്ധ ഇല്ല
- 4-ാം വാർഡിലെ വടകര-മാഹി കനാലിന്റെ അക്വയർ ചെയ്ത സ്ഥലം സർക്കാർ ലേലമായതിനാൽ പലപ്പോഴും കർഷകർക്ക് പ്രയോജനം ലഭിക്കുന്നില്ല
- കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കനാലുകൾ ഫലപ്രദമായി ഉപയോഗ പ്പെടുന്നില്ല
- സബ് കനാലുകൾ പൊട്ടിയതിനാൽ വെള്ളം തുറന്നുവിട്ടാലും ചോർന്നുപോവുന്നു
- പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ആഴം കൂടുതലുള്ള ക്വാറികൾ പരിസ്ഥിതി പ്രശ്ന മുണ്ടാക്കുന്നു

**സാധ്യതകൾ**

❖ വാർഡുതലത്തിൽ കാർഷിക സംരക്ഷണസമിതികൾ രൂപീകരിക്കുന്നത് ഗുണം ചെയ്യും. കൃഷിഭവൻ പദ്ധതികളും മറ്റും നടപ്പാക്കുന്നതിന് ഇത്തരത്തിലുള്ള വികേന്ദ്രീ കരണ സംവിധാനം ഗുണം ചെയ്യും.

ആവശ്യമായ നിർദ്ദേശങ്ങളും സഹായ ങ്ങളും ലഭ്യമാണെങ്കിൽ പുരയിടക്കൃഷി യായും കൂട്ടുകൃഷിയായും പച്ചക്കറി കൃഷിചെയ്യാൻ താൽപ്പര്യമുള്ള ആളുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്.

ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കാൻ സഹായിക്കുകയാണെങ്കിൽ കാഞ്ഞിരമുള്ള കണ്ടിഭാഗത്ത് സ്ഥലം ലഭ്യമാക്കാൻ താല്പര്യമുള്ള കർഷകരുണ്ട്.

3,4 വാർഡുകളിൽ വടകര-മാഹി കനാലിന്റെ അക്വയർചെയ്തസ്ഥലത്ത് ഗവൺ മെൻറ് ലേലം ചെയ്തുകൊടുക്കുകയാണ് പതിവ്. ഇവിടെ പഞ്ചായത്ത് ഭരണസമിതിയുടെ

മേൽനോട്ടത്തിൽ കൂട്ടുകൃഷിനടത്തുന്നതിന് സംവിധാനം ഉണ്ടാക്കുന്നത് കൂടുതൽ ഫലപ്രദമാണ്.

വലിയ മലയിൽ ധാരാളം ഔഷധ സസ്യങ്ങൾ നിലവിൽ വളരുന്നുണ്ട്. അവ കണ്ടെത്തി ശാസ്ത്രീയമായി കൃഷിചെയ്യുന്നതിന് സഹായകമായ പദ്ധതി ഉണ്ടാകണം.

ഔഷധസസ്യങ്ങൾ വളർത്താൻ പറ്റിയ സ്ഥലങ്ങൾ, കുളത്തൂർ,മനത്താമ്പ്ര എന്നിവിടങ്ങളിലുണ്ട്.

5-ാം വാർഡിലെകൊളത്തൂർ, മനത്താമ്പ്ര ഭാഗങ്ങളിൽ കൂട്ടുകൃഷിക്ക് സാധ്യതയുണ്ട്.

8-ാം വാർഡിൽ പാവള്ളിഭാഗത്ത് ഔഷധ സസ്യങ്ങളുടെ കൃഷിക്ക് സാധ്യതയുണ്ട്.

തെങ്ങിൻ തൈകൾ നടുന്നതിനെക്കുറിച്ച് ശാസ്ത്രീയമായ അറിവ് കർഷകരിലെത്തിക്കാനുള്ള സംവിധാനം വേണം.

9-11 വാർഡുകളിൽ കൈതച്ചക്കകൃഷിക്ക് അനുയോജ്യമായ സ്ഥലം ഉണ്ട്. ശാസ്ത്രീയമായ കൃഷി രീതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കണം.

മണ്ണ് പരിശോധന വ്യാപകമായി നടത്തുന്നതിന് കൃഷി ഭവന്റെ സഹായത്തോടെ ജനപങ്കാളിത്തത്തോടു കൂടിയുള്ള പരിപാടി ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ ഇവയെക്കുറിച്ച് പഠനങ്ങളും ബോധവൽക്കരണവും വേണം

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിലവിൽ കൃഷിക്ക് ഉപയുക്തമാകാത്ത ഭൂമി (110 KV ലൈനിന് താഴെയുള്ള പ്രദേശം പോലുള്ളവ) കൂട്ടുകൃഷിക്ക് സാധ്യതയുള്ളതാണ്.

ശാസ്ത്രീയമായ കൃഷിരീതികളെക്കുറിച്ച് ഓരോ വാർഡിലും പത്തോ പതിനഞ്ചോ പേർക്ക് പരിശീലനം

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറി ചന്തകളിൽ പഞ്ചായത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യതകൾ ഉണ്ടാക്കണം

ഓരോ വീട്ടിലും കമ്പോസ്റ്റ് കുഴി നിർമ്മിക്കാനുള്ള പരിപാടി

കൊപ്ര സഹകരണ സംഘങ്ങൾ സ്ഥാപിച്ച് കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തണം

4-ാം വാർഡിൽ 52-ഓളം നെൽകൃഷിക്കാരുണ്ട് അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നെല്ല് ഉല്പാദകസമിതി രൂപീകരണം

മയ്യന്നൂരിൽ മുനിസിപ്പൽ പ്രദേശത്തുള്ള അരകുളങ്ങര ചിറ ഉപയോഗിച്ചാൽ സമീപമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ ജലസേചന സാധ്യതയുണ്ട്

ഉപയോഗശൂന്യമായി കിടക്കുന്ന കുന്നംകുളങ്ങര ചിറ നന്നാക്കി ചോറോട് ഹൈസ്കൂളിനടുത്തുള്ള മലയിൽ ഒരു ടാങ്ക് കെട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ 1, 2 വാർഡിലെ കർഷകർക്ക് പ്രയോജനമുണ്ടാകും

3-ാം വാർഡിൽ മൈകുളങ്ങരതാഴ എടലോട്ടുമ്മൽ പ്രദേശത്ത് വെള്ളം സംഭരിക്കാനുള്ള ചുറ്റുപാടുണ്ട്

ചാലിക്കുന്ന് പ്രദേശത്ത് ടാങ്ക് കെട്ടി ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള സൗകര്യമുണ്ട്

4-ാം വാർഡിൽ അരൂർ മലയിലെ ഇല്ലത്തുനിന്നു ഒഴുകുന്ന വെള്ളത്തെ മഠത്തും താഴഭാഗത്ത് കെട്ടിനിർത്താനുള്ള സംവിധാനമുണ്ടാക്കിയാൽ ചെമ്മാണിക്കുന്ന് ഭാഗത്ത് ജലസേചനം നടത്താം

4-ാം വാർഡിൽ നൂഞ്ഞിക്കുനിയിൽ ഭാഗത്ത് ഒരു കുളം കുഴിക്കുകയും മലയിൽ ടാങ്ക് കെട്ടുകയും ചെയ്താൽ മംഗലോറ ഭാഗത്തും കളത്തിക്കുന്ന് ഭാഗത്തും ജലസേചന സൗകര്യങ്ങൾ ലഭിക്കും

4-ാം വാർഡിലെ ആയിരോട്ട് താഴക്കുളം ആഴം കൂട്ടി വികസിപ്പിച്ച് കനോത്തും ഭാഗത്തേക്ക് പമ്പ് ചെയ്തു കൊടുക്കാനുള്ള സംവിധാനമുണ്ടായാൽ അവിടെ കൃഷിക്ക് ഉപയോഗിക്കാൻ കഴിയും

4-ാം വാർഡിലെ കോയിക്കതാഴെ ഭാഗത്ത് ഒരു കുളം കുഴിച്ചാലും കനോത്ത് ഭാഗം കുന്നിലേക്ക് ജലസേചന സൗകര്യമുണ്ടാക്കാം

4-ാം വാർഡിൽ സ്ഥലം ലഭ്യമാക്കിയാൽ മഠത്തും താഴ ഭാഗത്തും അരയാൽക്കൂൽതാഴ നൂഞ്ഞി ഭാഗത്തും കൂട്ടുകൃഷിക്ക് സാധ്യതയുണ്ട്

5-ാം വാർഡിൽ മാണിക്കോത്ത് താഴെയുള്ള കുളം വികസിപ്പിച്ച് മനത്താമ്പ്ര മലയിലേക്ക് ജലസേചന സൗകര്യമേർപ്പെടുത്താം

5-ാം വാർഡിൽ മൂത്താന വയലിൽ ഒരു കിണറോ കുളമോ കുഴിച്ച് വലിയ മലയുടെ കിഴക്ക് ഭാഗത്ത് വെള്ളമെത്തിക്കാം

5-ാം വാർഡിലെ വലിയ മലയിലെ അരീക്കൽ ഭാഗത്ത് വേനൽക്കാലത്ത് പോലും വറ്റാത്ത നീരുറവകൾ ഉള്ള പാറക്കെട്ടുകൾ ഉണ്ട്. ഇത് പ്രയോജനപ്പെടുത്തണം

5-ാം വാർഡിലെ എരിക്കണ്ണോത്ത് മലയുടെ താഴ്‌വരയിൽ കിണറോ കുളമോ കുഴിച്ചാൽ മലഞ്ചെരിവിൽ ജലസേചന സൗകര്യമുണ്ടാക്കാം

5-ാം വാർഡിലെ കൂടത്തുംതാഴവയൽ പ്രദേശത്ത് കുളമോ കിണറോ കുഴിച്ചാൽ കൊളത്തൂർ ഭാഗത്ത് ജലസേചന സൗകര്യമുണ്ടാക്കാം

മടാപ്പള്ളി കിഴക്കു ഭാഗത്തുള്ള പഞ്ചായത്ത് കിണറിൽ നിന്നും വെള്ളം ചാലിക്കുന്നിൻെറ മുകൾ ഭാഗത്ത് ശേഖരിക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ ചാലിക്കുന്നിൻെറ തെക്ക് ഭാഗത്ത് ജലസേചനം നടത്താം

5-6 വാർഡുകളുടെ അതിർത്തിയായ കുയ്യാലിൽ എന്ന സ്ഥലത്ത് കിണറോ കുളമോ കുഴിച്ച് മലയിൽ കുന്നിൽ ടാങ്ക് കെട്ടി ജലസേചന സൗകര്യമേർപ്പെടുത്താം

6-ാം വാർഡിൽ കിഴക്കെ പറമ്പത്ത് കുളം വികസിപ്പിച്ച് ശ്മശാനം പറമ്പിൽ ടാങ്ക് കെട്ടി ശേഖരിക്കുകയാണെങ്കിൽ ചാലപറമ്പത്ത് ഭാഗത്ത് ജലസേചന സൗകര്യമുണ്ടാക്കാം

പുതുക്കുളങ്ങരകുളം വികസിപ്പിച്ചാൽ കോരങ്കണ്ടി മലഭാഗത്തും വാണിയൻകുന്ന് പ്രദേശത്തും വെള്ളമെത്തിക്കാൻ കഴിയും

6-ാം വാർഡിൻെറ പടിഞ്ഞാറ് ഭാഗത്ത് താഴെ ചാലിൽ ഏകദേശം 15 മീറ്റർ നീളത്തിൽ ഭിത്തി കെട്ടിയാൽ വരിക്കോളി മലഭാഗത്തുനിന്നും വരുന്ന വെള്ളം ശേഖരിച്ച് ഉപയോഗിക്കാൻ കഴിയും

6-ാം വാർഡിൽ കുന്നോത്ത് പാറയിലും (വടക്ക്-പടിഞ്ഞാറും ഭാഗത്ത്) ഒരു മതിൽ കെട്ടി മഴവെള്ളം ശേഖരിക്കാം

7-ാം വാർഡിലെ പുതിയടുത്ത് കുളത്തിലെ വെള്ളം സമീപപ്രദേശമായ കുന്നിൻപുറത്ത് ശേഖരിച്ച് ജലസേചന സൗകര്യമുണ്ടാക്കാം

8-ാം വാർഡിലെ സിദ്ധസമാജം ആശ്രമത്തിൻെറ വടക്ക് കിഴക്ക് ഭാഗത്ത് മുനിസിപ്പൽ പ്രദേശത്ത് ഒരു കിണറോ കുളമോ കുഴിച്ച് ആശ്രമം മലയിൽ ടാങ്ക് കെട്ടി ജലസേചന സൗകര്യമുണ്ടാക്കാം

8-ാം വാർഡിലെ ഉമിയാംകുന്നത്ത് ഭാഗത്ത് പഞ്ചായത്ത് കിണറിലെ ജലം ഉപയോഗിക്കാ നുള്ള സംവിധാനമുണ്ടാക്കണം

8-ാം വാർഡിൽ ചിറവട്ടത്ത് കുനിയിലോ, ചിറയിലോ ഒരു കിണറോ കുളമോ കുഴിച്ച് വലിയ മലയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് ജലസേചന സൗകര്യമേർപ്പെടുത്താം

കുറ്റ്യാടി പദ്ധതിയുടെ പൊട്ടിപൊളിഞ്ഞ സബ് കനാലുകൾ അറ്റകുറ്റപ്പണി നടത്തിയാൽ വെള്ളം പാഴായി പോകുന്നത് തടയാൻ കഴിയും

പുതുപ്പണം ഡിസ്ട്രിബ്യൂട്ടറി കനാലിൽ വർഷത്തിൽ മൂന്ന് പ്രാവശ്യം ഓരോ ആഴ്ച വീതം വെള്ളം തുറന്നുവിടുകയാണെങ്കിൽ 9, 10, 11, 12 വാർഡുകളിലെ കൃഷിക്കാർക്ക് ഉപകരിക്കും

ഇടത്താഴകുളം, പുത്രോളികുളം ഇവ നന്നാക്കി ഉപയോഗിക്കാവുന്നതാണ്

9-ാം വാർഡിൽ മുതുവനത്താഴകുളം, കുഞ്ഞേര്യരികുളം മാരാംവീട്ടിൽ കുളം, ഈരായിൻെറവിടകുളം, PTK കുഞ്ഞബ്ദു ള്ളയുടെ പറമ്പിലെ കുളം, പൊയിൽത്താഴ കുളം ഉപയോഗിച്ചുള്ള ജലസേചന സാധ്യത

താനക്കണ്ടി, കപ്പറത്ത്, ചെമ്മാടത്തിൽ, പൊയ്യിൽ, നടേമ്മൽ പറമ്പിൽ എന്നീ കുളങ്ങൾ ഉപയോഗിച്ച് ജലസേചനം

നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് ഉപയോഗിക്കുന്നതിനുള്ള പദ്ധതി

കണിക ജലസേചനത്തിൻെറ പ്രചരണവും പ്രോത്സാഹനവും

11-ാം വാർഡിൽ ജിയോളജിക്കൽ വകുപ്പ് ജലലഭ്യത സാക്ഷ്യപ്പെടുത്തിയ സ്ഥലത്ത് കിണർ കുഴിപ്പിക്കാൻ സ്ഥലം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്താനുള്ള സംവിധാനം

11-ാം വാർഡിൽ നിലവിലുള്ള ധാരാളം സ്വകാര്യ കുളങ്ങൾ ജലസേചനത്തിന് പൊതുവായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം

12-ാം വാർഡിൽ മൂശാരിക്കുന്ന് പോലുള്ള ഭാഗങ്ങളിൽ പറമ്പുകൾക്ക് മറിയെടുത്തും മറ്റുമുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കഴിയും

കരിങ്കൽ ക്വാറികളായ സ്ഥലങ്ങളിൽ വെള്ളം ശേഖരിച്ച് ജലസേചന സാധ്യതയുള്ള 1, 2, 9, 11 വാർഡുകളിൽ എത്തിക്കാനുള്ള സംവിധാനം

കീട-രോഗബാധകളെ ചെറുക്കുന്നതിനുള്ള ബോധവൽക്കരണം

പഞ്ചായത്തിൽ വിവിധ മേഖലകളിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ

താൽപര്യമുള്ളവർക്ക് കുറ്റിമുല്ല കൃഷി പ്രോത്സാഹിപ്പിക്കൽ

വീടുകളിൽ നിന്ന് പുറത്തൊഴുകുന്ന മലിനജലം ജലസേചനത്തിനുപയോഗിച്ച് അടുക്കളത്തോട്ടം നിർമ്മിക്കാൻ പദ്ധതി



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

2

മുമ്പ് മൃഗസംരക്ഷണം ജനജീവിതത്തിന്റെ ഭാഗമായിരുന്നു. ഇക്കാര്യത്തിൽ ആളുകൾക്ക് താല്പര്യം കുറഞ്ഞുവരുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇന്ന് കൃഷിയെന്നപോലെ മൃഗസംരക്ഷണവും ജനങ്ങളുടെ മുഖ്യ വരുമാനമാർഗമല്ല. വില്ല്യാപ്പള്ളി പഞ്ചായത്തിൽ ഒരു തൊഴിൽ എന്ന നിലയിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നത് മൊത്തം 573 പേരാണ്. ഇതിൽത്തന്നെ 30 പേർ മാത്രമാണ് സ്ത്രീകൾ. കന്നുകാലി വളർത്തൽ ആദായകരമല്ലാതായതും വർധിച്ചുവരുന്ന ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനവും മൃഗസംരക്ഷണരംഗത്തെ പിന്നോക്കാവസ്ഥക്ക് കാരണമാണ്.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ-1987-ലെ കന്നുകാലി സെൻസസ് പ്രകാരം വില്ല്യാപ്പള്ളിയിൽ 4781 നാടൻ പശുക്കളും 713 സങ്കരയിനം പശുക്കളും 1767 ആടുകളും ഉണ്ട്. നാടൻ പശുക്കളാണ് കൂടുതൽ. ശരാശരി ഒരു വീടിന് ഒരു പശു എന്ന തോതിലാണ് പശുക്കളുടെ എണ്ണം. വളർത്തുന്ന കാര്യത്തിൽ ശാസ്ത്രീയമായ പരിചരണം നടക്കുന്നില്ല. വൈക്കോൽ, വീട്ടിലെ ഭക്ഷ്യാവശിഷ്ടങ്ങൾ എന്നിവയാണ് പ്രധാന ആഹാരം. കുറഞ്ഞ അളവിൽ കാലിത്തീറ്റ ഉപയോഗിക്കുന്നുണ്ട്. പാലക്കാട് നിന്ന് കൊണ്ടുവരുന്ന വൈക്കോൽ ആണ് പ്രധാന ആശ്രയം. പാൽ വിതരണത്തിനുള്ള സൗകര്യങ്ങളുടെ അഭാവം കാലിവളർത്തുകാരുടെ പധാന പ്രശ്നമാണ്. ആടുവളർത്തൽ പ്രധാനമായും ദുർബല വിഭാഗങ്ങളിൽപെട്ടവരാണ് നടത്തുന്നത്. ആട് വളർത്തലിന്റെ തോത് വളരെ കുറവാണ്. സംസ്ഥാനതലത്തിൽ പശു, ആട് അനുപാതം നൂറ് പശുവിന് നാല്പത്തിമൂന്ന് ആട് എന്നാണെങ്കിൽ വില്ല്യാപ്പള്ളി പഞ്ചായത്തിൽ നൂറ് പശുവിന് 32 ആട് ആണ്. പുരയിടത്തിന്റെ വിസ്തീർണ്ണം കുറഞ്ഞത് ആടു വളർത്തലിനെ ബാധിച്ചിട്ടുണ്ട്. ശാസ്ത്രീയ പരിചരണമോ ആടു വളർത്തൽ ഒരു തൊഴിലായി സ്വീകരിക്കുന്ന സമീപനമോ പഞ്ചായത്തിലില്ല. കോഴി വളർത്തൽ ആദായകരമായ തൊഴിൽ എന്ന നിലയ്ക്ക് പഞ്ചായത്തിൽ സ്വീകരിക്കപ്പെട്ടിട്ടില്ല. 6946 നാടൻ കോഴികളും 36 താറാവുകളുമാണ് സെൻസസ് കാലത്ത് പഞ്ചായത്തിലുണ്ടായിരുന്നത്. വീടുകളിൽ ഒന്നോ രണ്ടോ കോഴിയെ വളർത്തുന്ന രീതിയാണ് നിലവിലുള്ളത്. വീടുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെട്ട ശേഷം കോഴി വളർത്തൽ ഒഴിവാക്കുന്ന പ്രവണത ഉണ്ട്. പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന മുട്ട, കോഴിയിറച്ചി എന്നിവയുടെ വളരെ ചുരുങ്ങിയ ഭാഗം മാത്രമേ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുള്ളു. 6, 8 വാർഡുകളിൽ എഗ്ഗ് നഴ്സറികളുണ്ടെങ്കിലും അത് പഞ്ചായത്തിൽ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. ഇവിടെ നിന്ന് കർഷകർക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ട്. പഞ്ചായത്തിലെ മൃഗാശുപത്രി എല്ലാവർക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥലത്തല്ല. പ്രതിദിനം പതിനഞ്ചോളം വളർത്തു മൃഗങ്ങളെ ഇവിടെവെച്ച് ചികിത്സിക്കുന്നു.

മൃഗാശുപത്രി രേഖകളനുസരിച്ച് രോഗങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു

| രോഗം | പശു | ആട് | കോഴി |
|---|---|---|---|
| ദഹനസംബന്ധമായവ | 199 | 40 | 74 |
| ശ്വാസകോശസംബന്ധം | 14 | 6 | 5 |
| ഉപാചയസംബന്ധം | 28 | 2 | - |
| ത്വക്ക്രോഗങ്ങൾ | 66 | 4 | 12 |
| ധാതുലവണങ്ങളുടെഅഭാവം | 32 | 8 | 5 |
| പരാദരോഗങ്ങൾ | 320 | 32 | 31 |
| പ്രത്യുൽപാദനവുമായി ബന്ധപ്പെട്ടവ | 56 | 5 | - |
| വന്ധ്യത | 68 | 2 | - |
| അകിടുവീക്കം | 25 | 20 | - |
| മുടന്തൻപനി | 40 | - | - |

മൃഗാശുപത്രി ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ആവശ്യത്തിന് മരുന്നുകൾ ഇല്ലെന്നു മാത്രമല്ല എത്തുന്ന മരുന്നുകൾ തന്നെ പെട്ടെന്ന് തീർന്നുപോവുന്നു. വെള്ളവും വൈദ്യുതിയും ഇല്ല. കുളമ്പ്രോഗം, പേ വിഷബാധ, കോഴിവസന്ത തുടങ്ങിയ രോഗങ്ങൾക്കുള്ള വാക്സിൻ, ഫ്രിഡ്ജ് ഇല്ലാത്തതുകൊണ്ട് അടുത്തുള്ള മരുന്നുകടയിലാണ് സൂക്ഷിക്കുന്നത്. കുത്തിവെപ്പ് നടത്താനുള്ള ഇടവേള മരുന്നിന്റെ ഗുണം കുറക്കുന്നു. കോമ്പൗണ്ട്മൈക്രോസ്കോപ്പ് ഇല്ലാത്തതുകൊണ്ട് ഊഹത്തിന്റെ അടിസ്ഥാനത്തിൽ രോഗനിർണ്ണയം നടത്തി ചികിത്സിക്കേണ്ടിവരുന്നു.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|
| പശു | 155 | 1 |
| കിടാരി | 135 | 3 |

ലോകനാർകാവിൽ ഒരു ക്ഷീര ഉൽപാദക സഹകരണ സംഘം പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും തൃപ്തികരമല്ല. കീഴലിൽ രൂപീകരിച്ചത് പ്രവർത്തനം തുടങ്ങിയിട്ടില്ല. വില്ല്യാപ്പള്ളിയിൽ DWCRA പദ്ധതിയിൽ പശു വളർത്തൽ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ ഒരു അറവുശാല ഇല്ല. വൃത്തിഹീനമായ ഒഴിഞ്ഞ സ്ഥലങ്ങളിൽ വെച്ച് വേണ്ടത്ര ശ്രദ്ധയില്ലാതെയാണ് അറവു നടക്കുന്നത്. മാംസത്തിന്റെ ശുദ്ധിയും ഗുണവും പരിശോധിക്കാനുള്ള സംവിധാനവും വേണ്ടതാണ്.

നിലവിലുള്ള പദ്ധതി ആനുകൂല്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല. കന്നുകുട്ടിപരിപാലന പദ്ധതിയിൽ 1995-ൽ


60-ൽപരം ആളുകൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. പക്ഷേ കന്നുകുട്ടികൾക്ക് സബ്സിഡിയായി നൽകുന്ന കാലിത്തീറ്റ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല. പേ വിഷബാധ തടയാൻ പര്യാപ്തമായ സംവിധാനം വില്ല്യാപ്പള്ളിയിലില്ല. പട്ടി പിടുത്തക്കാരെ ലഭിക്കാത്തതാണ് പ്രശ്നം. വളർത്തുമൃഗങ്ങളെ പേ വിഷത്തിനെതിരെ കുത്തിവെക്കുന്ന പ്രവണത തീരെ കുറവാണ്. കഴിഞ്ഞ 5 മാസക്കാലത്തിനിടയിൽ 7 പട്ടികൾക്കാണ് പ്രതിരോധ കുത്തിവെപ്പ് നടന്നത്.

**പ്രശ്നങ്ങൾ**

- അത്യുൽപ്പാദനശേഷിയുള്ള പശുക്കളുടെ എണ്ണം കുറവ്
- പാലിന് വിപണന സൗകര്യങ്ങളില്ല
- രണ്ട് മിൽക്ക് സൊസൈറ്റികളുടെയും പ്രവർത്തനം തൃപ്തികരമല്ല
- കന്നുകാലി വളർത്താൻ ചെലവ് കൂടുതൽ
- കാലിത്തീറ്റ, പുല്ല് ഇവയുടെ ദൗർലഭ്യം
- തൊഴുത്ത് നിർമ്മിക്കാൻ ചെലവ് കൂടുന്നു
- കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ സാധാരണമാണ്
- നിലവിലുള്ള മൃഗാശുപത്രിയിൽ എല്ലാ ഭാഗത്തുള്ളവർക്കും എത്തിച്ചേരാൻ പ്രയാസമുണ്ട്
- പാലിൻെറ വില വളർത്തു ചിലവിൻെറ അടിസ്ഥാനത്തിൽ കുറവ്
- ശാസ്ത്രീയമായ കോഴി, ആട്, പശു വളർത്തൽ ഇല്ല
- ആടുകളുടെ എണ്ണം കുറഞ്ഞുവരുന്നു
- കോഴിയിറച്ചി, മുട്ട ഇവ സൂക്ഷിക്കാനും വിപണനം ചെയ്യാനും സംവിധാനമില്ല
- പഞ്ചായത്തിൽ പട്ടി ശല്യം വളരെ കൂടുതലാണ്
- ചില ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചത് ഇപ്പോൾ ഉപയോഗിക്കാറില്ല
- അറവ് സ്ഥലങ്ങൾ അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ്
- മൃഗാശുപത്രിയിൽ സൗകര്യങ്ങൾ തീരെ ഇല്ല
- മൃഗാശുപത്രിയിൽ മരുന്നുകൾ കുറവ്, വാക്സിനുകൾ സൂക്ഷിക്കുന്നതും അടുത്ത കടയിലെ ഫ്രിഡ്ജിൽ
- മൃഗാശുപത്രിയിൽ ഉപകരണങ്ങൾ കുറവ്

**സാധ്യതകൾ**

- അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുക
- പശു, ആട്, കോഴി വളർത്തലിന് വായ്പസൗകര്യം
- കാലിത്തീറ്റ, കോഴിത്തീറ്റ ഇവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക
- ആല, കോഴിക്കൂട് ഇവ നിർമ്മിക്കാനുള്ള വായ്പാ സൗകര്യങ്ങൾ
- പഞ്ചായത്തിലെ മൃഗാശുപത്രി ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും സബ് സെൻറർ സ്ഥാപിക്കുകയും ചെയ്യൽ
- പാൽ, മുട്ട വിപണനത്തിനുള്ള സൊസൈറ്റി
- ക്ഷീരസംഘങ്ങൾ വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും
- ഗോബർ ഗ്യാസ് പ്ലാൻറുകൾ പ്രചരിപ്പിക്കുക
- കോഴി ഫാം
- കാലിത്തീറ്റ നിർമ്മാണം
- കന്നുകാലി പ്രദർശനം, സെമിനാർ
- പട്ടി ശല്യം ഒഴിവാക്കുക, പട്ടിപിടുത്തത്തിന് പരിശീലനം
- ആട്ടിൻകാട്ടം ശേഖരിച്ച് പൊടിച്ച് പാക്കറ്റുകളിൾ വിതരണം
- പാലുൽപന്നങ്ങൾ നിർമ്മിക്കുന്ന കേന്ദ്രം
- കന്നുകാലി ഇൻഷൂറൻസ് പ്രചരണം
- ശാസ്ത്രീയമായ സംവിധാനങ്ങളുള്ള അറവുശാല
- ശുദ്ധജല മത്സ്യകൃഷി നടത്തുന്നതിന് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യൽ
- അലങ്കാര മത്സ്യകൃഷി പ്രോത്സാഹനം
- പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ
- തേനീച്ച വളർത്തൽ പ്രോത്സാഹനം
- ഒരു മൃഗസംരക്ഷണ വിജ്ഞാന വ്യാപന കേന്ദ്രം
- തീറ്റപുൽകൃഷി പ്രോത്സാഹനം
- വൈക്കോൽ യൂറിയ ട്രീറ്റ്മെൻറ് നടത്തി പോഷക സമ്പുഷ്ടമാക്കൽ പ്രോത്സാഹനം



# 3

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു പഞ്ചായത്താണ് വില്ല്യാപ്പള്ളി. പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. എന്നാൽ ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട് പഞ്ചായത്തിലെ മുഖ തൊഴിലുകാരിൽ 10.59% പേർ വ്യവസായരംഗവുമായി ബന്ധപ്പെട്ട് ജീവിതം കഴിക്കുന്നു. ഇതിൽ പരമ്പരാഗതവ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം കഴിക്കുന്നവർ 1.75% മാത്രമാണ്. ഭൂരിഭാഗം വ്യവസായ യൂണിറ്റുകളും എന്തെങ്കിലും തരത്തിലുള്ള പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഫർണീച്ചർ കരിങ്കൽ ക്വാറി എന്നീ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇതിനു പുറമെ മുൻകാലങ്ങളിൽ നന്നായി പ്രവർത്തിച്ചതും ഇന്നു പ്രവർത്തനരഹിതമായി കിടക്കുന്നതുമായ ലോകനാർകാവിലെ സ്റ്റോൺ ക്രഷർ, തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന നെയ്ത്തു സഹകരണ സംഘങ്ങൾ, നഷ്ടത്തിലായ മേമുണ്ടയിലെ സോപ്പുനിർമ്മാണ യൂണിറ്റ്, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന തടി വ്യവസായ യൂണിറ്റ്, വില്ല്യാപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഒരു ദിനേശ് ബീഡി ശാഖ, മൂന്നോളം റെഡിമെയ്ഡ് യൂണിറ്റുകൾ എന്നിവ പഞ്ചായത്തിലെ പ്രധാന വ്യവസായ യൂണിറ്റുകളാണ്. പഞ്ചായത്തിൽ 12 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പരമ്പരാഗത രംഗത്തുണ്ടായിരുന്ന പല യൂണിറ്റുകളും ഇന്ന് നിലവിലില്ലെങ്കിലും കൈത്തറിമേഖലയിലും, കയർ മേഖലയിലും പേരിനെങ്കിലും ചില യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗതരീതിയിൽ നടക്കുന്ന എണ്ണയാട്ട് യൂണിറ്റ്, അവൽ ഇടിക്കൽ, മൺപാത്രനിർമ്മാണം എന്നീ കുടിൽ വ്യവസായങ്ങൾ ചുരുക്കം ചില വീടുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.,

ഉയർന്ന പ്രദേശങ്ങൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ കശുവണ്ടി ധാരാളം ലഭ്യമാണെങ്കിലും അതുമായി ബന്ധപ്പെട്ട ഒരു യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ട്രൈസം പദ്ധതിപ്രകാരം കൂട്ടങ്ങാരത്ത് പ്രവത്തിച്ചുവരുന്ന 'വിജയാ ഗാർമെൻറ്സ് നല്ല നിലയിൽപ്രവർത്തിക്കുന്ന വനിതകളുടെ ഒരു സ്ഥാപനമാണ്. അഞ്ചു സ്ത്രീകൾ ഇവിടെ ജോലി ചെയ്തുവരുന്നുണ്ട്. മയ്യന്നൂരിലെ 'പുതുമ ഗാർമെൻറ്സ്' കാർത്തികപ്പള്ളി റോഡിലെ 'ജനപ്രിയ ഗാർമെൻറ്സ്' എന്നിവ ബ്ലോക്കിന്റെ സഹായത്തോടെ ആരംഭിച്ചതാണ്. ഇവിടങ്ങളിലേതാണ്ട് ഇരുപതോളം പേർ ജോലി ചെയ്ത് വരുന്നു. കുട്ടോത്തുള്ള ഐശ്വര്യ ഗാർമെൻറ്സ്, ഐ.ആർ.ഡി.പി ഗുണഭോക്താക്കളെ സംയോജിപ്പിച്ചുള്ള പദ്ധതി പ്രകാരം ആരംഭിച്ചതാണ്. ഇവിടെ 10 സ്ത്രീകൾ ജോലിചെയ്ത് വരുന്നുണ്ടെങ്കിലും നാമമാത്രമായ വേതനമേ ഇവർക്ക് ലഭിക്കുന്നുള്ളൂ അതു തന്നെ കിട്ടാത്തസ്ഥിതിയുമുണ്ട്. പ്രവർത്തന മൂലധനത്തിന്റെ കുറവ്, കൂടിയ ലോൺ ബാധ്യത, കാര്യക്ഷമമായ മാനേജ്മെൻറിന്റെ അഭാവം എന്നിവ ഈ സ്ഥാപനം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

പഞ്ചായത്തിലെ വനിതാ വ്യവസായ യൂണിറ്റുകൾ പൊതുവേ നേരിടുന്ന പ്രശ്നങ്ങൾ പ്രധാനപ്പെട്ടവ ഇവയാണ്. (1) ആവശ്യമായ

അസംസ്കൃതവസ്തുക്കൾ ദൂരസ്ഥലങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. (2) ഇവയിൽ മുഴുവനായും സ്ത്രീകളായതിനാൽ വിപണനരംഗത്തും, യൂണിറ്റിൻെറ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന കാര്യത്തിലും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇതു കൂടാതെ ജനപ്രിയ ഗാർമെൻറ്സ് രൂക്ഷമായ വൈദ്യുതി ക്ഷാമവും നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്.

വനിതകൾ ധാരാളമായി ജോലി ചെയ്ത് വരുന്ന മറ്റൊരു സ്ഥാപനമാണ് വില്ല്യാപ്പള്ളി ടൗണിലെ ദിനേശ്ബീഡി ശാഖ. കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന മൂന്നു ബീഡി വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. കുട്ടോത്ത് പത്തോളം വീടുകളിൽ ബീഡി തെറുപ്പ് ജോലിയിൽ ഏർപ്പെട്ടവരുണ്ട്.

വില്ല്യാപ്പള്ളി പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കാണപ്പെടുന്നതാണ് കരിങ്കൽ ക്വാറികൾ. ഇതിൽ ചിലത് ഇന്നും പഞ്ചായത്തിലെ സജീവങ്ങളായ വ്യവസായ യൂണിറ്റുകളാണ്. കരിങ്കൽ ക്വാറികളിൽ ധാരാളം തമിഴ്നാട്ടുകാർ ജോലിക്കാരായുണ്ട്. ഈ വ്യവസായം 500-ഓളം പേർക്ക് നേരിട്ടും 1000-ത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. എന്നാൽ മേമുണ്ടയിലെ കുന്നോത്ത്പാറ, 9-ാം വാർഡിലെ ലോകനാർകാവ് പ്രദേശത്തുള്ള രണ്ട് പാറകൾ ഇന്ന് പ്രവർത്തനരഹിതമാണ്. സമീപവാസികളുടെ പരാതി, കാര്യക്ഷമമായ നടത്തിപ്പിൻെറ അഭാവം എന്നിവയാണ് പ്രതിസന്ധിക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഗതാഗത സൗകര്യമില്ലായ്മമൂലം നിരവധി ക്വാറികൾ ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

പഞ്ചായത്തിൽ കാണുന്ന മറ്റൊരു മേഖലയാണ് മരഫർണിച്ചർ വ്യവസായ യൂണിറ്റുകൾ. ഈ രംഗത്തുള്ളവരുടെ ഗൾഫിലേക്കുള്ള പോക്ക് വിദഗ്ദ്ധരുടെ കുറവ് ഉണ്ടാക്കിയിട്ടുണ്ട്. വമ്പിച്ച മുതൽമുടക്ക് ഈ വ്യവസായത്തിന്നാവശ്യമാണ്. അതുകൊണ്ട് തന്നെ ഇത്തരം വ്യവസായം തുടങ്ങാൻ തയ്യാറുള്ളവർ കുറവാണ്. ഫൈബർ, ലോഹനിർമ്മിത ഉല്പന്നങ്ങളുടെ വരവ് ഈ വ്യവസായത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്വകാര്യ ഉടമസ്ഥതയിൽ ഫ്ളോർമില്ലുകൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ പന്ത്രണ്ടാം വാർഡിലെ യൂണിറ്റ് സാമ്പത്തിക പ്രതിസന്ധി കാരണം അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണ്. ഈ വ്യവസായം പൊതുവെ നേരിടുന്ന പ്രധാന പ്രശ്നം വൈദ്യുതിക്ഷാമമമാണ്.

വളരെ നല്ല നിലയിലുള്ള മറ്റൊരു വ്യവസായമാണ് സോഡാ നിർമ്മാണം. ഒന്ന്, ഒമ്പത്, പത്ത് വാർഡുകളിൽ ഉള്ള സോഡ നിർമ്മാണ യൂനിറ്റുകൾ പൊതുവെ ലാഭകരമാണ്. വീടുകളിലും കടകളിലും സോഡ നിർമ്മിക്കുന്ന ഉപകരണത്തിൻെറ വരവ് ഈ വ്യവസായത്തെ ചെറിയ തോതിലുള്ള വൈഷമ്യത്തിലെത്തിച്ചിട്ടുണ്ട്.

വില്ല്യാപ്പള്ളിയിലും, മേമുണ്ടയിലും, കുട്ടോത്തും, ലോകനാർകാവിലും കടകളിലും വീടുകളിലുമായി പ്രവർത്തിച്ചുവരുന്ന പപ്പട നിർമ്മാണ യൂണിറ്റുകൾ മിക്കവയും നല്ല നിലയിൽ തന്നെ പ്രവർത്തിച്ചുവരുന്നവയാണ്. നല്ല സാധ്യതകളുള്ള ഒരു യൂണിറ്റാണിത്. ആറാം വാർഡിലെ ടയർ റീസോളിംഗ്, വർക്കുഷോപ്പുകൾ പത്താം വാർഡിലെ വർക്ക്ഷോപ്പ് എന്നിവ സ്വകാര്യ മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നവയാണ്. എന്നാൽ ഇവയിൽ ചിലത് പരിസരമലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 4, 5, 8, 12 വാർഡുകളൊഴികെ മറ്റെല്ലാ വാർഡുകളിലുമായി പത്തോളം വെൽഡിങ്ങ് യൂണിറ്റുകൾ ഉണ്ട്. ഇവയുടെ സ്ഥിതി പൊതുവെ തൃപ്തികരമാണ്. 1, 3, 6, 7, 10, 11 വാർഡുകളിലായി എട്ടോളം പ്രിൻറിങ്ങ് പ്രസ്സുകൾ ഉണ്ടെങ്കിലും ഇവയിൽ ചിലതിൻെറ കാര്യം വളരെ മോശമാണ്.

ഖാദി ബോർഡിൻെറ സഹായത്തോടെ 10-ാം വാർഡിൽ ആരംഭിച്ച സോപ്പ് നിർമ്മാണ കേന്ദ്രം കാര്യമായ വിപണന പ്രശ്നങ്ങൾ നേരിടുകയാണ്. ഗുണമേന്മയുള്ള സോപ്പുകളാണ് ഉല്പാദിപ്പിക്കുന്നതെങ്കിലും പരസ്യങ്ങളിലൂടെയും മറ്റും വിപണി പിടിച്ചെടുക്കുന്ന വൻകിട സോപ്പുകളുമായി ഇതിന് മത്സരിക്കാൻ കഴിയുന്നില്ല. ഈ മേഖലയിൽ വേണ്ടത്ര ബോധവൽക്കരണവും നടക്കുന്നില്ല.

പതിനൊന്നാം വാർഡിൽ ആരംഭിച്ച മെറ്റൽ ക്രഷിംഗ് യൂനിറ്റ് സ്ത്രീ തൊഴിലാളികളുടെ ദൗർലഭ്യത്താലും ഗതാഗത പ്രശ്നത്താലും പ്രതിസന്ധിയെ നേരിടുകയാണ്. അസംസ്കൃത പദാർത്ഥത്തിൻെറ ദൗർലഭ്യം കാരണം രണ്ടാം വാർഡിൽ DWCRA പദ്ധതി പ്രകാരം ആരംഭിച്ച മെഴുകുതിരി നിർമ്മാണ യൂണിറ്റ് അസംസ്കൃത വസ്തുവായ മെഴുക് ലഭ്യമല്ലാത്തതിനാൽ ആരംഭിക്കാനേ കഴിഞ്ഞിട്ടില്ല.

വളരെ മുമ്പ് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ 'അവൽ ഇടി' വ്യാപകമായി ഉണ്ടായിരുന്നു. ഇന്ന് അവ പേരിന്ന് മാത്രമായി ഒന്നോ രണ്ടോ വീടുകളിലായി ചുരുങ്ങിയിരിക്കുന്നു. മില്ലവിലുകളുടെ വിപണനം, പരമ്പരാഗത ഉല്പാദനരീതി എന്നിവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ. നമ്മുടെ പഞ്ചായത്തിൽ നിന്നും മൺമറഞ്ഞുപോയിക്കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളാണ് മൺപാത്ര നിർമ്മാണവും കയ്യിൽ നിർമ്മാണവും കരകൗശലവസ്തുക്കൾ ഉണ്ടാക്കലും. ഇന്ന് വിരലിലെണ്ണാവുന്നവർ മാത്രമേ ഈ രംഗത്ത് ജോലി ചെയ്യുന്നുള്ളൂ. പുതിയ തലമുറയിൽപ്പെട്ടവർ ഈ രംഗത്തേക്ക് തീരെ കടന്നുവരുന്നില്ല. സ്റ്റീൽപാത്രങ്ങളുടെ വ്യാപകമായ ഉപയോഗം മൺപാത്രങ്ങളെ പിൻതള്ളിയതും കാരണമാണ്. വില്ല്യാപ്പള്ളി പഞ്ചായത്തിലെ ഒന്ന് രണ്ട് വാർഡുകളിലെ നടേമ്മൽ ഭാഗത്ത് മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം കുടുംബങ്ങൾ നിലവിലുണ്ട്. മുൻകാലങ്ങളിൽ വളരെ വിപുലമായ തോതിൽ ചെയ്തിരുന്ന പ്രസ്തുത തൊഴിൽ കളിമണ്ണിൻെറ ദൗർലഭ്യംമൂലം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വടകര മുനിസിപ്പാലിറ്റിയിലെ നടക്കുതാഴ ഭാഗത്ത് ഈ കളിമണ്ണ് ലഭ്യമാണെങ്കിലും സ്വകാര്യ വ്യക്തികൾ ഈ മണ്ണിന് വലിയ വില ഈടാക്കുന്നുണ്ട്.

വില്ല്യാപ്പള്ളിയിലെ ഐക്യ കേരള ഓയിൽ മില്ലും സംഭരണ കേന്ദ്രവും വളരെ പഴക്കമുള്ള ഒരു വ്യവസായ സ്ഥാപനമായിരുന്നു. മയ്യന്നൂർ കൂട്ടങ്ങാരം, വില്ല്യാപ്പള്ളി, ലോകനാർകാവ്, മേമുണ്ട എന്നീ സ്ഥലങ്ങളിൽ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളുണ്ട്. മുമ്പ് ഈ പഞ്ചായത്തിലെ പല വീടുകളിലും കാളകളെ വെച്ചുകൊണ്ടുള്ള എണ്ണയാട്ടൽ നടന്നിരുന്നെങ്കിലും അവയിൽ ഒന്നുപോലും ഇന്ന് നിലവിലില്ല. 1, 2, 6 വാർഡുകളിൽ മരച്ചക്ക് ഉപയോഗിച്ചുകൊണ്ടുള്ള എണ്ണയാട്ട് കേന്ദ്രങ്ങൾ സ്വകാര്യ വ്യക്തികൾ നടത്തുന്നുണ്ടെങ്കിലും അവ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഇവയിൽ രണ്ടെണ്ണം ഖാദി ബോർഡിൻെറ ധനസഹായത്തോടെ ആരംഭിച്ചവയാണ്. പരമ്പരാഗത രീതിയിലുള്ള ഉല്പാദനം ഉല്പാദനച്ചെലവ് കൂടുന്നതും വൻകിട മില്ലുകളുമായി വിപണിയിൽ മത്സരിക്കാൻ കഴിയാത്തതും ഈ തകർച്ചയുടെ കാരണങ്ങളാണ്. ഖാദി ബോർഡിൻെറ ധനസഹായത്തോടെ 6-ാം വാർഡിൽ തുടങ്ങിയ എണ്ണയാട്ട് കേന്ദ്രം അടച്ചുപൂട്ടിയിരിക്കുകയാണ്. അതിൻെറ ഉപകരണങ്ങൾ ഇപ്പോഴും ഉപയോഗിക്കാൻ പറ്റിയവയാണ്.

ഈ പഞ്ചായത്തിലെ ഏക കയർ വ്യവസായ കേന്ദ്രം കുട്ടോത്ത് ഓലയാട്ട് സ്ഥിതി ചെയ്യുന്നു. സ്വകാര്യ ഉടമസ്ഥതയിൽ നടത്തിവരുന്ന ഈ വ്യവസായത്തിൽ 15 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിന്നാവശ്യമായ അസംസ്കൃതവസ്തു പുറമേനിന്ന് കൊണ്ടുവന്നാണ് ഇവിടെ ഉല്പാദനം നടത്തുന്നത്. പ്ലാസ്റ്റിക് കയർ വ്യാപകമായതിനാൽ പരമ്പരാഗത കയറിന് വിപണിയിൽ മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. ഈ വ്യവസായവും തകർച്ചയെ നേരിടുകയാണ്. മാനേജ്മെൻറ് പരിശീലനത്തിൻെറ അപര്യാപ്തത കയർ വ്യവസായത്തിൻെറ തകർച്ചയുടെ പ്രധാന കാരണങ്ങളിലൊന്നാണ്.

**പ്രശ്നങ്ങൾ**

☆ പഞ്ചായത്തിലെ വനിതാ വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രശ്നങ്ങൾ അസംസ്കൃതവസ്തുക്കൾ ദൂരസ്ഥലങ്ങളിൽ നിന്ന് ലഭ്യമാക്കേണ്ടതിനാൽ ഉല്പാദന ച്ചെലവ് കൂടുന്നു നടത്തിപ്പ് പൂർണ്ണമായും സ്ത്രീകളുടെ കൈകളിലായിരിക്കുന്നതിനാൽ വിപണന രംഗത്തും ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുന്നതിനും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

- ☆ വൈദ്യുതിലഭ്യതയുടെ പ്രശ്നം
- ☆ കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുമ്പോഴുള്ള പാരിസ്ഥിതികപ്രശ്നങ്ങൾ ക്വാറികളുടെ പ്രവർത്തനം നിലക്കുന്ന അവസ്ഥയിലേക്ക് എത്തിക്കുന്നു
- ☆ കരിങ്കൽ ക്വാറികളിലേക്കുള്ള ഗതാഗത സൗകര്യമില്ലായ്മ
- ☆ കരിങ്കൽ ക്വാറികളിൽ മെറ്റൽ കല്ല് സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യക്കുറവ്
- ☆ സോപ്പ് നിർമ്മാണ യൂണിറ്റുകൾ നേരിടുന്ന വിപണന പ്രതിസന്ധി 11-ാം വാർഡിൽ പ്രവർത്തിക്കുന്ന മെറ്റൽ ക്രഷിംഗ് യൂണിറ്റ് സ്ത്രീ തൊഴിലാളികളുടെ ദൗർലഭ്യം നേരിടുന്നു
- ☆ മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ നേരിടുന്ന അസംസ്കൃതവസ്തു ദൗർലഭ്യം
- ☆ പരമ്പരാഗത അവിൽ ഇടിക്കൽ യൂണിറ്റുകൾക്ക് വിപണിയിൽ മില്ലവിൽ കമ്പോളവുമായി മത്സരിക്കാൻ കഴിയുന്നില്ല
- ☆ പുതിയ തലമുറയിൽപെട്ടവർ കടന്നുവരാത്തത് കാരണം മൺപാത്ര നിർമ്മാണം കയ്യിൽ നിർമ്മാണം പോലുള്ള പരമ്പരാഗത സംരംഭങ്ങൾ നശിച്ചുപോവുന്നു
- ☆ മൺപാത്ര നിർമ്മാണ യൂണിറ്റുകൾ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും വിലക്കയറ്റവും നേരിടുന്നു
- ☆ ഫർണ്ണിച്ചർ വ്യവസായം മുടക്കുമുതലിൻെറ പ്രയാസം നേരിടുന്നു. ലോഹ, ഫൈബർ നിർമ്മിത വസ്തുക്കളുടെ ആവിർഭാവം മരംകൊണ്ടുള്ള ഫർണ്ണിച്ചർ യൂണിറ്റുകൾക്ക് ഭീഷണിയാണ്
- ☆ സോഡാമേക്കറിൻെറ രംഗപ്രവേശം സോഡാ വ്യവസായികൾക്ക് ഭീഷണിയായി വരുന്നു
- ☆ പൊതു നിരത്തിൽവെച്ചുള്ള വാഹന റിപ്പയർ സൃഷ്ടിക്കുന്ന മലിനീകരണ, പ്രശ്നങ്ങൾ
- ☆ പരമ്പരാഗതരീതിയിലുള്ള എണ്ണയാട്ട് വ്യവസായ യൂണിറ്റുകൾക്ക് വർദ്ധിച്ച ഉല്പാദനച്ചെലവും വിപണിയിൽ മില്ലുകളുമായി മത്സരിക്കേണ്ടിവരുന്നതും പ്രധാന പ്രശ്നങ്ങളാണ്
- ☆ പല വ്യവസായ യൂണിറ്റുകളും കാര്യക്ഷമതയില്ലാത്ത നടത്തിപ്പിൻെറ പ്രശ്നം നേരിടുന്നുണ്ട്
- ☆ കയർ യൂണിറ്റുകൾ പ്ലാസ്റ്റിക് കയറുല്പന്നങ്ങളുമായി വിപണിയിൽ മത്സരിക്കേണ്ടിവരുന്നു-മാനേജ്മെൻറ് പരിശീലനത്തിൻെറ അപര്യാപ്തത ഈ മേഖലയിൽ പ്രശ്നം സൃഷ്ടിക്കുന്നു

**സാധ്യതകൾ**

- ☆ ബേക്കറി പണി അറിയാവുന്നവർ ഏറെയുണ്ട്. സഹകരണാടിസ്ഥാനത്തിൽ അത്തരമൊരു സ്ഥാപനത്തിന് സാധ്യതയുണ്ട്
- ☆ നിർമ്മാണരംഗത്ത് ജോലി ചെയ്യുന്നവരെ ഉപയോഗപ്പെടുത്തി സിമൻറ് കട്ട, പൂച്ചട്ടി തുടങ്ങിയവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് തുടങ്ങാം. അസംസ്കൃതവസ്തു ലഭ്യമാണ്. സാമ്പത്തികസഹായം ആവശ്യമാണ്. സന്നദ്ധതയുള്ള ആളുകൾ ഉണ്ട്.
- ☆ തയ്യൽ പഠിച്ച തൊഴിലില്ലാത്ത വനിതകളെ ഉപയോഗപ്പെടുത്തി റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ് ആരംഭിക്കണം
- ☆ 1-ാം വാർഡിൽ അക്ലോത്തനടയിൽ കളിമണ്ണ് ലഭ്യമാണ്. ഇത് ഉപയോഗപ്പെടുത്തി മൺപാത്ര നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ് (അസംഘടിതമായ രീതിയിൽ ഇന്ന് വീടുകളിൽ ഇത് ചെയ്യുന്നുണ്ട്)
- ☆ കുട നിർമ്മാണ യൂണിറ്റ് തുടങ്ങാൻ താല്പര്യമുള്ള ആളുകൾ ഉണ്ട്- പരിശീലനവും സാമ്പത്തികസഹായവും ലഭ്യമാക്കുകയാണെങ്കിൽ ഒരു യൂണിറ്റ് തുടങ്ങാം
- ☆ സ്വർണ്ണാഭരണ നിർമ്മാണവുമായി ബന്ധപ്പെട്ട കുറേ തൊഴിലാളികൾ 1-ാം വാർഡിലുണ്ട്. അവർക്ക് കട്ടിംഗ് മെഷീൻ വാങ്ങാനാവശ്യമായ ധനസഹായം ലഭ്യമാക്കിയാൽ തൊഴിൽ സംരംഭം വിപുലീകരിക്കാം

☆ ഫർണ്ണിച്ചർ വ്യവസായം നടത്താൻ കഴിയുന്ന നിരവധി പേർ ഉള്ളതിനാൽ അത്തരമൊരു യൂണിറ്റിന് സാധ്യതയുണ്ട്. സാമ്പത്തികസഹായം ലഭ്യമാക്കണം

☆ അര ഇഞ്ച് കല്ല് പൊട്ടിച്ചെടുക്കുന്ന യൂണിറ്റുകൾ കരിങ്കൽപാറ ഉപയോഗിച്ച് തുടങ്ങാവുന്നതാണ്

☆ മയ്യനൂരിലെ പുതുമ ഗാർമെൻറ്സ് കൂടുതൽ വനിതകളെ ഉൾപ്പെടുത്തി വിപുലീകരിക്കാം

☆ സ്വകാര്യ ഉടമസ്ഥതയിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ഒരു എണ്ണയാട്ട് വ്യവസായം തുടങ്ങാൻ താല്പര്യമുള്ള വ്യക്തികളുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കിയാൽ മതി

☆ ആയുർവ്വേദ മരുന്നുല്പാദനത്തിൽ വൈദഗ്ദ്ധ്യമുള്ള വ്യക്തികൾ 2-ാം വാർഡിലുണ്ട്. ധനസഹായം ലഭ്യമാവുകയാണെങ്കിൽ അസംസ്കൃതവസ്തു കൃഷി ചെയ്തു നടത്താൻ കഴിയും

☆ ക്വാറികളിൽ സുലഭമായി ലഭ്യമാവുന്ന പാറപ്പൊടി ഉപയോഗപ്പെടുത്തി പൂഴിയും സിമൻറും ഉപയോഗിച്ച് ഒരു സിമൻറ്കട്ട നിർമ്മാണ കേന്ദ്രം തുടങ്ങാം

☆ ഒരു ചെരുപ്പു നിർമ്മാണ യൂണിറ്റിന് സാധ്യതയുണ്ട്

☆ തേങ്ങാവെള്ളം ഉപയോഗിച്ച് വിനാഗിരി നിർമ്മിക്കാം. അസംസ്കൃതവസ്തു സുലഭമായി കിട്ടും. വിപണിക്ക് പ്രയാസമുണ്ടാവില്ല

☆ കൈതച്ചക്ക, ചക്ക, മാങ്ങ എന്നിവ ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റുകൾ തുടങ്ങാം

☆ മരപ്പണി അറിയാവുന്നവർ ധാരാളമുണ്ട്. അവരെ ഏകീകരിപ്പിച്ച് ഫർണ്ണിച്ചർ യൂണിറ്റ് ആരംഭിക്കാം. സാമ്പത്തികസഹായം ലഭ്യമാക്കണം

☆ 3-ാം വാർഡിൽ ഒറ്റപ്പെട്ട വീടുകളിൽ നിന്ന് കസേര, കൊട്ട എന്നിവ മടയുന്നുണ്ട്. പ്രോത്സാഹനം നല്കുകയാണെങ്കിൽ കൂടുതൽ വനിതകൾക്ക് ഈ രംഗത്ത് തൊഴിൽ നല്കുവാൻ കഴിയും

☆ 4-ാം വാർഡിൽ നിന്ന് പേക്കിംഗ്, തുകൽ, റെക്സിൻ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ, കുട നിർമ്മാണം, പത്ര സംസ്കരണ യൂണിറ്റ്, റെഡിമെയ്ഡ്, പോട്ടറി എന്നിവ ആരംഭിക്കാനുള്ള നിർദ്ദേശങ്ങളുണ്ട്

☆ 6-ാം വാർഡിൻെറ സമീപ പ്രദേശങ്ങളിൽ ഉള്ള വലിയ വലിയ കരിങ്കൽ പാറകൾ ഉപയോഗപ്പെടുത്തി സ്റ്റോൺ ക്രഷർ യൂണിറ്റ് സ്ഥാപിക്കാം

6-ാം വാർഡിൽ തന്നെ റെഡിമെയ്ഡ് യൂണിറ്റ്, ബുക്ക് ബൈൻറിംഗ് യൂണിറ്റ്, എണ്ണയാട്ട് വ്യവസായ യൂണിറ്റ് എന്നിവ നിർദ്ദേശിച്ചിട്ടുണ്ട്

☆ വലിയ മലയിൽ കശുവണ്ടി ധാരാളമായി ലഭ്യമാണ്. ഇത് ഉപയോഗപ്പെടുത്തി ഒരു കശുവണ്ടി സംസ്കരണ കേന്ദ്രത്തിന് സാധ്യതയുണ്ട്

☆ 7-ാം വാർഡിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ ഉല്പാദിപ്പിച്ചിരുന്ന ഒരു യൂണിറ്റ് ഉണ്ടായിരുന്നു. ഉടമ വിദേശത്ത് പോയതോടെ മുടങ്ങിപ്പോയ ഈ സംരംഭം പുതുതായി ആരംഭിച്ചാൽ ധാരാളം സാധ്യതകൾ ഉണ്ട്

☆ 8-ാം വാർഡിൽ വനിതകൾക്കായി ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് അലക്കുസോപ്പ് നിർമ്മാണ യൂണിറ്റിന് സാധ്യതയുണ്ട്

☆ മൃഗ സംരക്ഷണ വകുപ്പിൻെറ സഹകരണത്തോടെ ഒരു ഡയറി ഫാം, പാലിൽ നിന്ന് ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കാനുള്ള സാധ്യതയുണ്ട്

☆ 8-ാം വാർഡിൽ ചുരുട്ട് നിർമ്മാണം നടത്തുന്ന വ്യക്തികൾക്ക് സംരംഭം വിപുലമാക്കാൻ സഹായം വേണം

☆ പരമ്പരാഗതരീതിയിൽ അവിലിടിക്കുന്ന വീടുകൾ 8-ാം വാർഡിലുണ്ട്. നെല്ല് ലഭിക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും പ്രയാസങ്ങൾ നേരിടുന്നുണ്ട്

☆ 9-ാം വാർഡിൽ കാവിൽ റോഡിലെ ഐശ്വര്യ ഗാർമെൻറ്സിൻെറ

ശോച്യാവസ്ഥ പരിഹരിക്കണം. ഈ യൂണിറ്റിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തണം

☆ നമ്മുടെ പ്രദേശത്ത് തന്നെ ലഭ്യമാവുന്ന അ സംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് മസാലപ്പൊടി, അച്ചാർ, പപ്പടം, വിനാഗിരി തുടങ്ങിയവ ഉല്പാദിപ്പിക്കാനുള്ള യൂണിറ്റിന് 9-ാം വാർഡിൽ സാധ്യതയുണ്ട്

☆ ചെമ്പ്പാത്ര നിർമ്മാണമറിയാവുന്ന ഒരാൾ 9-ാം വാർഡിൽ സ്വന്തമായി വീട്ടിൽ നിന്ന് പാത്രങ്ങൾ നിർമ്മിച്ച് സ്ഥാപനങ്ങൾക്ക് വിൽക്കുന്നുണ്ട്. ഈ സംരംഭം വിപുലീകരിച്ചാൽ കൂടുതൽ പേർക്ക് ഈ തൊഴിലിൽ പരിശീലനം നേടാൻ കഴിയും

☆ 9-ാം വാർഡിൽ അസംഘടിതരായ ഏതാനും കൈത്തറി തൊഴിലാളികൾ വീടുകളിൽ ജോലി ചെയ്യുന്നുണ്ട്. അവർക്ക് വിപണന സൗകര്യവും ധനസഹായവും ലഭ്യമാക്കണം

☆ 10-ാം വാർഡിൽ സഹകരണ മേഖലയിൽ ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റിന് നിർദ്ദേശമുണ്ട്

☆ 10-ാം വാർഡിൽ റെഡിമെയ്ഡ് യൂണിറ്റ്, പ്രിൻറിംഗ് പ്രസ്സ്, അച്ചാർ, ബേക്കറി ഉല്പന്ന യൂണിറ്റ്, കരകൗശലവസ്തു യൂണിറ്റ് എന്നിവ ആരംഭിക്കാൻ സന്നദ്ധതയുള്ള ആളുകൾ ഉണ്ട്

☆ കണ്ണട ഫ്രെയിം നിർമ്മാണജോലി അറിയാവുന്ന ഒരാൾ 10-ാം വാർഡിലുണ്ട്. അത്തരമൊരു യൂണിറ്റ് തുടങ്ങാൻ സാമ്പത്തിക സഹായം ആവശ്യമുണ്ട്

☆ 11-ാം വാർഡിൽ ജില്ലി നിർമ്മാണം നടക്കുന്ന കുറുപ്പച്ചൻ കുന്നിലേക്കുള്ള റോഡ് വീതി കൂട്ടിയാൽ ഈ സംരംഭം വികസിപ്പിക്കാൻ കഴിയും

☆ 11-ാം വാർഡിലുള്ള കുന്നോത്ത്പാറയിൽ കരിങ്കൽ ക്വാറി വ്യവസായം 11 മാസമായി പ്രവർത്തിക്കുന്നില്ല. അതും പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടക്കണം

☆ ഒരു വീട്ടിൽ നിന്ന് ഒരുല്പന്നം എന്ന രീതിയിൽ വിവിധ വീടുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഇരുമ്പാണി, നട്ട്, ബോൾട്ടുകൾ, ഐലറ്റ് മുതലായവ നിർമ്മിക്കാനുള്ള യൂണിറ്റിന് 11-ാം വാർഡിൽ സാധ്യതയുണ്ട്

☆ മൂന്ന് സ്ത്രീകൾ അടക്കം ഏഴ് പേർക്ക് ജോലി ലഭിക്കുന്ന ഒരു ദാഹശമിനി യൂണിറ്റ് കുറച്ചുകൂടി വിപുലമാക്കുന്നതിന് ധനസഹായം ആവശ്യമുണ്ട്

☆ 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു റെഡിമെയ്ഡ് യൂണിറ്റ് വിപുലമാക്കി കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കണം

☆ 12-ാം വാർഡിൽ നിന്ന് തേങ്ങയുണക്കി കൊപ്രയാക്കുന്ന ഡ്രയർ യൂണിറ്റ്, ചകിരിയിൽ നിന്നുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്, എണ്ണയാട്ട് മിൽ, ഇരുമ്പ് പണിയായുധ നിർമ്മാണ യൂണിറ്റ് റെഡിമെയ്ഡ് വസ്ത്ര യൂണിറ്റ്, നോട്ടുപുസ്തക നിർമ്മാണ യൂണിറ്റ്, അച്ചാർ, സ്ക്വാഷ് നിർമ്മാണ യൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്, ഇൻവെർട്ടർ, സ്റ്റെപ്പ്അപ്പ് നിർമ്മാണ യൂണിറ്റുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.



# 4

# വിദ്യാഭ്യാസം

വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ താരതമ്യേന മെച്ചപ്പെട്ട അവസ്ഥയാണ് വില്ല്യാപ്പള്ളിക്കുള്ളത്. വളരെ പഴയകാലത്തുതന്നെ 'കടപ്പൊട്ടമ്മാർ' എന്ന നാടോടി ഗുരുനാഥന്മാർ പല പ്രദേശങ്ങളിലും വിദ്യാഭ്യാസ പ്രവർത്തനം നടത്തിയതായി പറയപ്പെടുന്നു. പിന്നീട് എഴുത്താശാന്മാരുടെ നേതൃത്വത്തിലുള്ള വിദ്യാകേന്ദ്രങ്ങൾ പ്രചാരത്തിൽ വന്നു. ഇങ്ങനെയുള്ള ചില കേന്ദ്രങ്ങൾ പിൽക്കാലത്ത് വിദ്യാലയങ്ങളായി രൂപപ്പെടുകയുണ്ടായി. മേമുണ്ട ഈസ്റ്റ്- എൽ.പി.സ്ക്കൂൾ, വില്ല്യാപ്പള്ളി സൗത്ത് എൽ.പി. സ്ക്കൂൾ, മയ്യന്നൂർ നമ്പർ-1 എൽ.പി.സ്ക്കൂൾ തുടങ്ങിയ സ്ക്കൂളുകൾ ഈ കൂട്ടത്തിലുള്ളവയാണ്. കുറുക്കാട്ട് ഹയർ എലിമെൻററി സ്ക്കൂൾ (ഇന്നത്തെ വില്ല്യാപ്പള്ളി യു.പി), ചിറവട്ടം ഹയർ എലിമെൻററി സ്ക്കൂൾ (ഇന്നത്തെ മേമുണ്ട ഹൈ സ്ക്കൂൾ) എന്നിവ പഴയകാലത്ത് പ്രശസ്തങ്ങളായ രണ്ടു വിദ്യാലയങ്ങളാണ്. ഇവയിൽ ചിറവട്ടം ഹയർ എലിമെൻററി സ്ക്കൂൾ 1959 ൽ മേമുണ്ട ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടതോടെ വില്ല്യാപ്പള്ളിയിലെ ആദ്യത്തെ ഹൈസ്ക്കൂൾ നിലവിൽ വന്നു. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി അതിപ്രശസ്തരും പണ്ഡിതരുമായ ധാരാളം അധ്യാപകർ പ്രവർത്തനം നടത്തിയിട്ടുണ്ട്. സാമൂഹ്യബോധവും അർപ്പണബോധവുമുള്ള പഴയ കാല അധ്യാപകരുടെ പ്രവർത്തനഫലമായി വിദ്യാഭ്യാസ കാര്യങ്ങളിൽ തെല്ലെങ്കിലും മുന്നോട്ടുപോകുവാൻ നമ്മുടെ പഞ്ചായത്തിനു സാധിച്ചിട്ടുണ്ട്.

ഇന്ന് എയ്ഡഡ് വിഭാഗത്തിൽപ്പെടുന്ന 18 വിദ്യാലയങ്ങളാണ് പഞ്ചായത്തിലുള്ളത് ഗവൺമെൻറ് സ്കൂളുകൾ ഒന്നും തന്നെയില്ല. 11 ലോവർ പ്രൈമറി സ്കൂളുകളും അഞ്ച് അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്ക്കൂളും ഒരു ഹയർ സെക്കൻഡറി സ്കൂളുമാണ് ഇന്ന് നിലവിലുള്ളത് - 7826 വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നത് . ഇവരിൽ 155 പേർ പട്ടികജാതിവിഭാഗത്തിൽപ്പെടുന്നതാണ്. നിലവിലുള്ള വിദ്യാലയങ്ങളിൽ മൂന്ന് എൽ. പി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെക്കുറവായതിനാൽ അനാദായകരമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. പൊതുവേ സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിവിധ ക്ലാസ്സുകളിൽ നിന്നായി മൊത്തം 163 പേർ പഠനം ഇടക്കുവച്ച് നിർത്തിയതായി കാണുന്നു. 8-ാം ക്ലാസ്സിലും ഒമ്പതാം ക്ലസ്സിലുമാണ് കൊഴിഞ്ഞുപോക്കിൻെറ തോത് കൂടിയിട്ടുള്ളത്.

## വിദ്യാലയ വിവരങ്ങൾ

### പട്ടിക (1)

| | സ്ക്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | മേുണ്ട എച്ച്. എസ് | എയിഡഡ് | 1098 | 1072 | 2120 | 39 | 36 | 75 |
| 2 | എം.ജെ.വി.എച്ച്.എസ് | ,, | 790 | 744 | 1534 | | | 56 |
| 3 | കീഴൽ ഡി.യു.പി.എസ് | ,, | 162 | 150 | 312 | 7 | 8 | 15 |
| 4 | കീഴൽ യു.പി.എസ് | ,, | 133 | 140 | 273 | 3 | 10 | 13 |
| 5 | മയ്യന്നൂർ സി.എം.യു.പി.എസ് | ,, | 387 | 211 | 598 | 15 | 10 | 25 |
| 6 | പൊന്ന്യത്ത് എം.യു.പി.എസ് | ,, | 163 | 185 | 315 | 8 | 10 | 18 |
| 7 | വില്ലാപ്പള്ളി യു.പി.എസ് | ,, | 326 | 322 | 648 | 18 | 7 | 25 |
| 8 | തിരുമന എൽ.പി. എസ് | ,, | 97 | 73 | 170 | 5 | 2 | 7 |
| 9 | മേമുണ്ട ഈസ്റ്റ- എൽപി.എസ് | ,, | 43 | 45 | 88 | 2 | 2 | 4 |
| 10 | മയ്യന്നൂർ നമ്പർ-1 എൽ.പി.എസ് | ,, | 103 | 94 | 197 | 5 | 34 | 8 |
| 11 | മയ്യന്നൂർ എൽ.പി. എസ് | ,, | 89 | 83 | 172 | 3 | 4 | 7 |
| 12 | വില്ല്യാപ്പള്ളി സൗത്ത് എൽ.പി. | ,, | 114 | 100 | 216 | 5 | 3 | 8 |
| 13 | വില്ല്യാപ്പള്ളി വെസ്റ്റ് എൽ.പി. | ,, | 63 | 84 | 147 | 3 | 2 | 5 |
| 14 | വില്ല്യാപ്പള്ളി എം.എൽ.പി.എസ് | ,, | 76 | 44 | 120 | 4 | 1 | 5 |
| 15 | ചാത്തോത്ത് എം.എൽ.പി.എസ് | ,, | 77 | 40 | 117 | 2 | 3 | 5 |
| 16 | ചിറവട്ടം എൽ.പി.എസ് | ,, | 131 | 96 | 227 | 5 | 6 | 11 |
| 17 | കൊളത്തൂർ എൽ.പി.എസ് | ,, | 45 | 31 | 76 | 1 | 4 | 5 |
| 18 | കാവിൽ എൽ.പി.എസ്. | ,, | 59 | 39 | 78 | 1 | 3 | 4 |

### പട്ടിക (2)
(പഠനം നിർത്തിയവർ)

| ക്ലാസ്സ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | - | 3 | 3 | 6 | 5 | 2 | 3 | 27 | 38 | - | 87 |
| പെൺ | 1 | 2 | 2 | 6 | 2 | 0 | 2 | 15 | 46 | - | 76 |
| ആകെ | 1 | 5 | 5 | 12 | 7 | 2 | 5 | 42 | 84 | - | 163 |

മൊത്തം 292 അദ്ധ്യാപകരാണ് ഈ വിദ്യാലയങ്ങളിലുള്ളത് . പ്രൈമറി സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| വിഭാഗം | T.T.C | TCH | Bed | Lanungae Training | Work Exp.. | PET | PG |
|---|---|---|---|---|---|---|---|
| LP | 37 | 14 | 6 | 9 | 2 | 0 | 1 |
| UP | 34 | 13 | 19 | 25 | 4 | 1 | 0 |
| ആകെ | 71 | 27 | 25 | 34 | 6 | 1 | 1 |

## ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ച പട്ടിക

| സ്ക്കൂളിന്റെ പേര് | കാമ്പസ് വിസ്തീർണ്ണം | മൂത്രപ്പുര എണ്ണം | കക്കൂസ് എണ്ണം | വൈദ്യുതി | കളിസ്ഥലം വിസ്തീർണ്ണം | കിണർ |
|---|---|---|---|---|---|---|
| മേമുണ്ട എച്ച്.എസ് | 3 ഏക്കർ 58സെ. | 3 | 3 | ഉണ്ട് | 80സെ. | ഉണ്ട് |
| എം.ജെ.യു.എച്ച്.എസ്.എസ് | 3 ഏക്കർ | 2 | 3 | ഉണ്ട് | 1 ഏക്കർ | ഉണ്ട് |
| കീഴൽ ഡി.വി.യു.പി.എസ് | 78 സെൻറ് | 1 | ഇല്ല | ഉണ്ട് | 30 സെൻറ് | ഉണ്ട് |
| കീഴൽ യു.പി. | 30 സെൻറ് | 1 | ഇല്ല | ഇല്ല | 12 സെൻറ് | ഉണ്ട് |
| മയ്യന്നൂർ സി.എം.യു,പി | 110സെൻറ് | 3 | 1 | ഉണ്ട് | 10 സെൻറ് | ഉണ്ട് |
| പൊന്ന്യത്ത് എം.യു.പി | 130 സെൻറ് | ഇല്ല | ഇല്ല | ഇല്ല | 50 സെൻറ് | ഉണ്ട് |
| വില്ല്യാപ്പള്ളി യു.പി | 80 സെൻറ് | 2 | 1 | ഉണ്ട് | 7സെൻറ് | ഉണ്ട |
| തിരുമന എൽ.പി | ഇല്ല | 1 | 1 | ഇല്ല | ഇല്ല. | ഉണ്ട്. |
| മേമുണ്ട ഈസ്റ്റ് എൽ.പി | 4 സെൻറ് | 1 | ഇല്ല | ഇല്ല | - | ഉണ്ട് |
| മയ്യന്നൂർ എൽ.പി | - | 1 | 1 | ഇല്ല | - | ഉണ്ട് |
| മയ്യന്നൂർ നമ്പർ-1 എൽ.പി | 75 സെൻറ് | ഇല്ല | ഇല്ല | ഇല്ല | 40 സെൻറ് | ഉണ്ട് |
| വില്ല്യാപ്പള്ളി സൗത്ത് എൽ.പി | 20 സെൻറ് | 1 | 1 | ഇല്ല | 8 സെൻറ് | ഉണ്ട് |
| വില്ല്യാപ്പള്ളി വെസ്റ്റ് എൽ.പി | 50 സെൻറ് | ഇല്ല | ഇല്ല | ഇല്ല | - | ഉണ്ട് |
| വില്ല്യാപ്പള്ളി എം.എ.പി | 50 സെൻറ് | 2 | 2 | ഇല്ല | 10 സെൻറ് | ഉണ്ട് |
| ചാത്തോത്ത് എം.എൽ.പി | 4 സെൻറ് | ഇല്ല | - | ഉണ്ട് | - | ഉണ്ട് |
| ചിറവട്ടം എൽ.പി | 30 സെൻറ് | 1 | ഇല്ല | ഇല്ല | 5 സെൻറ് | ഇല്ല |
| കൊളത്തൂർ എൽ.പി | 30 സെൻറ് | 1 | - | ഇല്ല | 10 സെൻറ് | ഇല്ല |
| കാവിൽ എൽ.പി | 27 സെൻറ് | 1 | ഇല്ല | ഇല്ല | - | ഇല്ല |

ഭൗതീകസാഹചര്യങ്ങളുടെകാര്യത്തിൽ പൊതുവെ ദരിദ്രമായ അവസ്ഥയാണ് സ്കൂളുകൾക്കുള്ളത് സ്ക്കൂൾ കെട്ടിടം മാത്രം കൈവശമുള്ളതും കാമ്പസ് അന്യാധീനവുമായ ചില സ്ക്കൂളുകൾ പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം സ്ക്കൂളുകൾക്കും കളിസ്ഥലം പരിമിതമാണ്. ചുറ്റുമതിലുള്ള വിദ്യാലയങ്ങൾ രണ്ടു മാത്രമാണ്. മൂത്രപ്പുരയില്ലാത്ത മൂന്നുസ്ക്കൂളുകളും കക്കൂസ് സൗകര്യം ഇല്ലാത്ത 10 സ്ക്കൂളുകളും പഞ്ചായത്തിലുണ്ട്. 12 സ്ക്കൂളുകളിൽ വൈദ്യുതി ഇല്ല. 4 സ്ക്കൂളുകൾക്ക് മാത്രമാണ് സ്റ്റാഫ് റൂം ഉള്ളത്. കുടിവെള്ള സംവിധാനമില്ലാത്തതാണ് പഞ്ചായത്തിലെ മൂന്ന് വിദ്യാലയങ്ങൾ. ഹൈസ്ക്കൂളുകളിൽപ്പോലും ദൃശ്യശ്രാവ്യഉപകരണങ്ങൾ ആവശ്യത്തിനില്ലാത്ത അവസ്ഥയാണ്.

പൊതുവേ വിദ്യാലയ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ജനങ്ങളുടെ ഇടപെടൽ പഞ്ചായത്തിൽ മുമ്പുമുതൽക്കേ ഉണ്ട്. സ്ക്കൂൾ സൗകര്യങ്ങൾക്കുവേണ്ടി സന്നദ്ധ പ്രവർത്തനങ്ങളും സംഭാവനകളും നൽകിയ ഒരുപാടു സംഭവങ്ങൾ പലസ്ക്കൂളുകളുടെ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന മേമുണ്ട ഹൈസ്ക്കൂളിൽ ചുറ്റുമതിൽ കെട്ടാനുള്ള പ്രവർത്തനങ്ങവുടെ ഭാഗമായി മുഴുവൻ വിദ്യാർത്ഥികളുടേയും പങ്കാളിത്തത്തിൽ ഒരു ശ്രദ്ധേയമായ സംരംഭം നടക്കുകയുണ്ടായി-രണ്ടായിരത്തിലധികം സ്ക്കൂൾ വിദ്യാർത്ഥികൾ കുറച്ചു ദിവസങ്ങൾകൊണ്ട് 74,000 രൂപ ഈ ആവശ്യത്തിന് വേണ്ടി സമാഹരിച്ചു. പഞ്ചായത്തിന് അകത്തും പുറത്തുമുള്ള ജനങ്ങളുടെ സജീവസഹകരണംകൊണ്ട് വിജയമായി തീർന്ന ഈ പരിപാടി ഭൗതിക സാഹചര്യങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്നതിന് ഒരു മാതൃകയാണ്. ഏതാണ്ട് ഇതിനു സമാനമായ ഒരു ശ്രമം വില്ല്യാപ്പള്ളി യു.പി സ്ക്കൂളിലും നടന്നു. സ്ക്കൂളിൽ സ്വതന്ത്രമായി, വായനാശാല കെട്ടിടം നിർമ്മിക്കാൻ കൂട്ടായ്മ അവിടെ പ്രയോജനപ്പെട്ടു.

വിദ്യാലയങ്ങളിലെ പഠനനിലവാരം പരിശോധിക്കുമ്പോൾ ഒരു വലിയ ശതമാനം കുട്ടികൾ പ്രതീക്ഷിക്കുന്ന മിനിമം നിലവാരത്തിലും താഴെയാണെന്നാണ് മനസ്സിലാക്കുന്നത്. പഞ്ചായത്തിലെ എസ്.എസ്.എൽ.സി വിജയശതമാനം പഞ്ചായത്തിലെത് 1995-96ൽ 36 ആണ്.

**പഠന നിലവാരം- പട്ടിക**

| ക്ലാസ് | ആകെ | 30 ത്തിൽ താഴെ | 31മുതൽ 40% വരെ | 41 മുതൽ 50%വരെ | 51 മുതൽ 60%വരെ | 60%ത്തിൽ കൂടുതൽ |
|---|---|---|---|---|---|---|
| 3 | 512 | 79 | 73 | 87 | 81 | 173 |
| 4 | 542 | 65 | 92 | 121 | 114 | 147 |
| 5 | 573 | 115 | 101 | 104 | 100 | 120 |
| 6 | 670 | 303 | 94 | 105 | 90 | 73 |
| 7 | 756 | 316 | 155 | 140 | 74 | 66 |
| 8 | 1075 | 562 | 255 | 141 | 68 | 49 |
| 9 | 1060 | 539 | 260 | 155 | 60 | 46 |
| 10 | 836 | 415 | 270 | 75 | 48 | 28 |

| പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലേയും കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ എസ്.എസ്.എൽ.സി വിജയ ശതമാനം പട്ടിക | | | | | |
|---|---|---|---|---|---|
| സ്ക്കൂളിൻെറ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
| മേമുണ്ട എച്ച്.എസ് | 17.5% | 20% | 26% | 26% | 32% |
| എം.ജെ.യു.എച്ച്.എസ്.എസ് | 53% | 49% | 44% | 29% | 40% |

വിദ്യലയങ്ങളിലെ പഠനലിലവാരം മെച്ചപ്പെടുത്താൻവേണ്ടി 96-97 വർഷത്തിൽ തോടന്നൂർ ബ്ലോക്ക് തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പരിപാടിയൽ വില്ല്യാപ്പള്ളി പഞ്ചായത്ത് ഉൾപ്പെടുന്നു. ധാരാളം പ്രവർത്തനങ്ങൾ ഇതിൻെറ ഭാഗമായി നടക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്ന വിദ്യാലയ ങ്ങളിൽ പഠനനിലവാരം മെച്ചപ്പെടുന്നുണ്ട് എന്നാണ് വിലയിരുത്തപ്പെട്ടത്. പല സ്ക്കൂളുകളിലും പി.ടി.എയുടെ മറ്റും സജീവമായഇടപെടലുകളിലൂടെ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതുവെ എല്ല വിദ്യാലയങ്ങളിലും പി.ടി.എകളും മാതൃസംഗമങ്ങളും സജീവമാണ്. എസ്. എസ്. എൽ.സി വിജയശതമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി'വിജയരഥം' പരിപാടി ഹൈസ്ക്കൂളുകളിൽ നടക്കുന്നു. പാഠ്യനുബന്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ വർഷംദേശീയ സംസ്ഥാനതലങ്ങളിൽ അംഗീകാരം നേടിയവരായി 35-ഓളം വിദ്യാർത്ഥികൾ പഞ്ചായത്തിലുണ്ട്. പ്രൈമറി വിദ്യലയങ്ങളെ സംബന്ധിച്ചിടത്തോളം കലാകായിക പരിശീലനത്തിനുള്ള അസൗകര്യങ്ങൾ ഏറെയാണ്. വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ട സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന 416 വിദ്യാർത്ഥികളാണ് വില്ല്യാപ്പള്ളിയിലുള്ളത്. ഇവരിൽ 167 പേർക്ക് ലംപ്സം ഗ്രാൻറും 209 പേർക്ക് മുസ്ലിം ഗേൾസ് സ്കോളർഷിപ്പും 29 പേർക്ക് വികലാംഗസ്കോളർഷിപ്പും ലഭിക്കുന്നു. സ്ക്കോളർഷിപ്പ് പരീക്ഷ പാസായി പണം ലഭിക്കുന്നത് 11 പേർക്കുമാത്രമാണ്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 4 ബാലവാടികളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയുടെ സൗകര്യങ്ങളും പ്രവർത്തനങ്ങളും ഇനിയും കാര്യക്ഷമമാകേണ്ടതുണ്ട്. തുടർ സാക്ഷരത പ്രവർത്തനത്തിൻെറ ഭാഗമായി രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇസ്ലാമിക മതപഠനകേന്ദ്രങ്ങളായ മദ്രസകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.

പൊതുജനവിദ്യാഭ്യാസം ഫലപ്രദമായി നടത്തേണ്ടതിന് നേതൃത്വംകൊടുക്കേണ്ട ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടേയും കൂട്ടത്തിൽ എടുത്തുപറയാവുന്നവ വളരെ ചുരുക്കമാണ്. ലോകനാർകാവ് ടാഗോർ സ്മാരക ഗ്രന്ഥാലയം ആൻഡ് വായനശാലയാണ് ഇക്കൂട്ടത്തിൽ മുമ്പിൽ നിൽക്കുന്നത്. സ്വന്തം കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

### പ്രശ്നങ്ങൾ

1 സ്ക്കൂളുകളിലെ ഭൗതീകസഹചര്യങ്ങൾ വളരെ മോശമാണ്.
2 കുട്ടികളുടെ എണ്ണം പൊതുവെ കുറഞ്ഞുവരുന്നു.
3 എസ്.എസ്.എൽ.സി. വിജയശതമാനം തൃപ്തികരമല്ല.
4 സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം
5 ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
6 ചെറിയ തോതിലാണെങ്കിലും കൊഴിഞ്ഞുപോക്കനുഭവപ്പെടുന്നു.

7 പൊതുജനവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾകുറവ്

8 സമീപസ്ക്കൂളിൽ ചേരാതെ ദൂരെയുള്ള സ്ക്കൂളിൽ പോയിപഠിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു.

9 പ്രൈമറിസ്ക്കൂളുകളിൽ കലാ-കായിക അദ്ധ്യാപകരുടെ അഭാവം

10 പഞ്ചായത്തിൻെറ പല പ്രദേശങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളോ, വായനശാലകളോ ഇല്ല.

11 വിദ്യാർത്ഥികളുടെ പൊതു പഠനനിലവാരം തൃപ്തികരമല്ല.

12 തുടർവിദ്യാഭ്യാസ പരിപാടിയുടെ അഭാവത്താൽ നവസാക്ഷരർ വീണ്ടും നിരക്ഷരരാകുന്ന പ്രവണതയുണ്ട്.

13 ടി.വി സ്വാധീനം പഠനനിലവാരത്തെ ബാധിക്കുന്നു.

14 പഞ്ചായത്തിൽ പൊതുവെ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പഠനത്തെ ബാധിക്കുന്നു.

15 മൂന്നാം വാർഡിലെ ബാലവാടിക്ക് അവശ്യം വേണ്ട ഉപകരണങ്ങൾ ഇല്ല. ആവശ്യമായ പരിഷ്ക്കരണപ്രവർത്തനങ്ങൾ നടത്തണം.

16 നാലാം വാർഡിൽ കൊളത്തൂർ എൽ.പിയിലേക്കുള്ള വഴി യാത്രായോഗ്യമല്ല. ഫുട്പാത്ത് ആവശ്യമാണ്.

17 12 ാം വാർഡിൽ കുട്ടികൾ സ്ക്കൂളിലേക്ക് പോകുന്ന വഴിയിൽ പട്ടിശല്യം അനുഭവപ്പെടുന്നു.

**സാധ്യതകൾ**

1 വാർഡുതല വിദ്യാഭ്യാസ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുക

2 പി.ടി.എ - മാതൃസംഗമങ്ങൾ ഊർജ്ജസ്വലമാക്കുക

3 ഓരോപ്രദേശത്തുമുള്ള അഭ്യസ്തവിദ്യരെ സ്ക്കൂൾപ്രവർത്തനങ്ങളുമായി സഹകരിപ്പിക്കുക.

4 കായികപരിശീലന പരിപാടികളും മറ്റും ബഹുജനപങ്കാളിത്തത്തോടെ നടത്തുക.

5 ഓരോ വാർഡിലും പ്രീ-പ്രൈമറി സ്ഥാപനങ്ങൾ ആരംഭിക്കുക

6 സ്ക്കൂളിൻെറ ഭൗതീകസാഹചര്യം മാനേജ്മെൻെറിൻെറയും ബഹുജനങ്ങളുടേയും കൂട്ടായ്മയിൽ മെച്ചപ്പെടുത്തുക. പഞ്ചായത്തിൻെറ മേൽനോട്ടവും സഹായവും ഉറപ്പുവരുത്തുക.

7 പാഠ്യാനുബന്ധപ്രവർത്തനങ്ങൾക്ക് പഞ്ചായത്തുതലത്തിൽ പ്രോത്സാഹനം നൽകുക.

8 താലപര്യമുള്ളകുട്ടികൾക്ക് വാർഡുതലത്തിൽ പ്രവർത്തി പരിചയ പരിശീലനം.

9 പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു പ്രീ- എക്സാമിനേഷൻ കോച്ചിംഗ്സെൻറർ.

10 തുടർസാക്ഷരത പ്രവർത്തനം കാര്യക്ഷമമാക്കുക.

11 ബാലവാടികളുടെ ഭൗതീകസാഹചര്യങ്ങളും മെച്ചപ്പെടുത്തുക

12 വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുക

13 എല്ലാ വാർഡിലും ഒരു വായനശാല കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുകത്തുക.

14 നിർദ്ധനവിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ.

15 സ്ക്കൂൾ ലൈബ്രറികൾ സജീവമാക്കാൻ പഞ്ചായത്തിൻെറ സഹായവും മേൽനോട്ടവും.

16 പഞ്ചായത്തുതലത്തിൽ നല്ല അദ്ധ്യാപകർക്ക് അംഗീകാരം കൊടുക്കുക.

17 തോടന്നൂർ ബ്ലോക്ക് വിദ്യാഭ്യാസ പരിപാടി.യുടെ ഭാഗമായി നടക്കുന്ന വിദ്യാലയ പ്രവർത്തനങ്ങളിൽ ബഹുജനപങ്കാളിത്തം മെച്ചപ്പെടുത്തുക.

18 പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം.

19 പഞ്ചായത്തിനെ ഐ.സി.ഡിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കാനുള്ള സംവിധാനം.

20 വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടിയിൽ പഞ്ചായത്തിൻെറ ധനസഹായം

21 വിദ്യാലയങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ.

22 സ്ക്കൂളുകളുടെ ലാബറട്ടറി ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള സംവിധാനം.

23 മൂല്യ നിർണ്ണയ സംവിധാനത്തിലെ പരിഷ്ക്കരണം

24 10-ാം വാർഡിലെ ഒഴിഞ്ഞുകിടക്കുന്ന സർക്കാർ ഭൂമി പഞ്ചായത്തിന് ലഭ്യമാക്കിയാൽ കമ്മ്യൂ ണിറ്റി ഹാൾ (നഴ്സറിയടക്കം പണിയാൻ ബഹുജനപങ്കാളിത്തം സാധ്യമാണ്)

25 മേമുണ്ടഹൈസ്ക്കൂളിൽ ഹയർസെക്കൻഡറി സംവിധാനം.



# കുടിവെള്ളവും പൊതുജനാരോഗ്യവും

5

## കുടിവെള്ളം

ഉയർന്നതും, ചെരിവു കൂടുതലുള്ളതുമായ സ്ഥലങ്ങളാണ് പഞ്ചായത്തിലധികവുമുള്ളത്. ജലസ്രോതസ്സുകളുടെ അഭാവം ഇക്കാരണം കൊണ്ടുതന്നെ അനുഭവപ്പെടുന്നു-ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ പലയിടങ്ങളിലും പാറയോ ചെങ്കൽ മണ്ണോ കാണപ്പെടുന്നു. താഴ്ന്ന പ്രദേശങ്ങളിൽ പോലും ചില മാസങ്ങളിൽ വെള്ളം ലഭിക്കുന്നില്ല. ജനസാന്ദ്രത വർദ്ധിക്കുന്നതിനനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലെ ജനവാസം കൂടുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കംനില്ക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതിയിൽപെട്ടവരും ഉയർന്ന സ്ഥലങ്ങളിൽ ധാരാളമായുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ മൂന്നിലൊന്ന് വീടുകൾക്കും കിണറുകളില്ല. ഉള്ള കിണറുകൾ തന്നെ ഭൂരിഭാഗവും വേനലിൽ വറ്റുന്നവയാണ്. നീരുറവകൾ വിരലിലെണ്ണാവുന്നതേയുള്ളൂ. കുളിക്കാനും അലക്കാനും ജലം ലഭിക്കുന്ന ചെറുതും വലുതുമായ ഇരുനൂറിലധികം സ്വകാര്യ കുളങ്ങൾ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ലോകനാർകാവ് ചിറകൾ, അരകുളങ്ങര ചിറ ഇവ കുളി തുടങ്ങിയ മറ്റാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നവയാണ്. പഞ്ചായത്തിലെ കനാലുകളിൽ വേനൽക്കാലത്ത് വെള്ളം തുറന്നുവിടുകയാണെങ്കിൽ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം ലഭ്യമാകും. പൊതുവെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. മാണിക്കോത്ത്താഴ ശുദ്ധജല വിതരണ പദ്ധതി, പയംകുറ്റിമല മിനി വാട്ടർ സപ്ലൈ സ്കീം എന്നീ രണ്ട് പദ്ധതികൾ നിലവിലുണ്ട്. രണ്ടും വാട്ടർ അതോറിറ്റിയുടെ കീഴിലാണ്. മാണിക്കോത്ത്താഴ പദ്ധതിയിൽ നിന്നു ലഭിക്കുന്ന വെള്ളം ഇന്ന് കുടിക്കാൻ ഉപയോഗിക്കുന്നില്ല. വെള്ളത്തിൻെറ പ്രത്യേകതയാണ് കാരണം. പയംകുറ്റിമലയിലെ ജലവിതരണം ഇടക്കിടക്ക് മുടങ്ങിപ്പോകുന്നു. ഗുണനിലവാരം കുറഞ്ഞ സാധനംകൊണ്ട് നിർമ്മിച്ച ടാങ്ക്, മോട്ടോർ, പൈപ്പ് ലൈൻ എന്നിവയാണ് ഇതിൻെറ പ്രവർത്തനത്തെ ബാധിക്കുന്നത്. രണ്ട് പദ്ധതികളിലും കൂടി 41 പൊതു ടാപ്പുകളാണുള്ളത്.

ഇതിന് പുറമെ 9 കിണറുകൾ പഞ്ചായത്തിൻെറ അധീനതയിലുണ്ട്. കൃഷിഭവൻ, മറ്റു സർക്കാർ ഏജൻസികൾ എല്ലാം ചേർന്ന് വിവിധ പദ്ധതികളിലായി 39 കിണർ നിർമ്മിക്കാൻ വ്യക്തികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ജലവിതരണം നടത്താൻ ഉദ്ദേശിക്കുന്ന ഒഞ്ചിയം-ചോറോട് പദ്ധതിയുടെ പ്രവർത്തനം നടന്നുവരികയാണ്. ഇതിൻെറ ഭാഗമായി രണ്ടു ജലസംഭരണികൾ പഞ്ചായത്തിലെ അമരാവതിയിലും വരിക്കോളി കുന്നിലും സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ 127 പൊതു ടാപ്പുകൾ വഴിയാണ് ജലവിതരണം നടക്കുക. ഇത് അടുത്ത വർഷം കമ്മീഷൻ ചെയ്യുമെന്ന് കരുതുന്നു.

**പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ**

വാർഡ് 1 : തട്ടാറത്ത് ക്ഷേത്രത്തിനടുത്തുള്ള ലക്ഷംവീട് മുതൽ പാറഭാഗം വരെയുള്ള സ്ഥലം

വാർഡ് 2 : അങ്ങാടിമലയുടെ താഴ്‌വര, കൊറ്റിയാംവെള്ളി, വാണിയംകുന്ന്, കസ്തൂരിമുക്ക്

വാർഡ് 3 : എടലാട്ടുമ്മൽ ലക്ഷംവീട് കോളനി, മൈക്കുളങ്ങരമീത്തൽ നാലുസെൻറ് കോളനി, കൊളറോട്ടു മീത്തൽ കോളനി, മലാറമ്പത്ത്മീത്തൽ ഭാഗം, ഏറാഞ്ചേരി ഇല്ലം ഭാഗം

വാർഡ് 4 : മംഗലോറ മല, വടക്കയിൽ ഭാഗം, ചെമ്മാണിക്കുന്ന്, കളത്തിൽ കുന്ന്, ചുവന്ന മല, മംഗലോറ മലയിലെ കിഴക്ക് ഭാഗം, കാഞ്ഞിരാണ്ടിതാഴ, അടുവാട്ടിൽ ഭാഗം

വാർഡ് 5 : മനത്താമ്പ്ര മലയുടെ പടിഞ്ഞാറ് ഭാഗം, ചാലിക്കുന്ന് ഭാഗം, എരിക്കണ്ണോത്തുമീത്തൽ, കുഞ്ഞിപറമ്പത്ത്, തടത്തിൽമീത്തൽ, മൂത്താനമീത്തൽ, പുത്തൂര്മീത്തൽ ഭാഗം.

വാർഡ് 6 : കൈതക്കെട്ടിൽ മീത്തൽ, കൊടക്കലാണ്ടി മുക്ക്, കോരങ്കണ്ടി മല, ഉളുമ്പാട്ടി മല, വരിക്കോളി ലക്ഷം വീട്, കുന്നങ്കാട്ടിൽ മീത്തൽ മല, കുയ്യടി ഭാഗം, മാക്കൂട്ടിൽ ഭാഗം, അരീക്കൽ മീത്തൽ, വാണിയം കുന്ന് ഭാഗം, മൊട്ടന്തറ മല.

വാർഡ് 7 : വലിയകുന്ന്, മേമുണ്ട പാലോത്ത് താഴക്കുനി, മുയിപ്രകുന്ന്, പിലാവുള്ളിഭാഗം, തയ്യിൽപാറ ഭാഗം

വാർഡ് 8 : ഉമിയാംകുന്ന്, കണിയാങ്കണ്ടിപാറ ഭാഗം, സിദ്ധാശ്രമം ഭാഗം

വാർഡ് 9 : പയംകുറ്റിമല, സിദ്ധാശ്രമം തെക്കു ഭാഗം, പൈക്കാട്ടുമല, കണാരംകണ്ടി ഭാഗം, ചെറിയ പറമ്പത്ത് ഭാഗം, കുളമുള്ളതിൽ, മാരാംവീട്ടിൽ, മത്തത്ത്

വാർഡ് 10 : ഇല്ലത്ത്താഴ-പണിക്കോട്ടി ഭാഗം, പയംകുറ്റിമല കിഴക്ക് ഭാഗം, മുനിസിപ്പൽ അതിർത്തി

വാർഡ് 11 : മൊട്ടമ്മൽ മീത്തൽ മല, കുറുപ്പച്ചൻ കുന്ന്, ആലിയംപുറത്ത് ലക്ഷംവീട് കോളനി, രാമത്ത്പാറ നാലുസെൻറ് കോളനി, ആയടൻവീട്ടിൽ മീത്തൽ ഭാഗം, പട്ടിയാട്ട്മീത്തൽ ഭാഗം, പിലാത്തിടത്തിൽ ഭാഗം

വാർഡ് 12 : കണ്ടംകുന്ന് നാലുസെൻറ് കോളനിയും പരിസര പ്രദേശവും, കോമ്പള്ളി-പത്തായക്കുന്ന് ഏരിയ, മത്തത്ത് ഭാഗം, തയ്യുള്ളതിൽമീത്തൽ ഭാഗം, മൂശാരിക്കുന്ന്, ചാലിൽമിരയിൽ കുന്ന്, പുല്ലേരികണ്ടി ഭാഗം, പറയർകണ്ടി ഭാഗം, ചാലാറത്ത് ഭാഗം

**സാധ്യതകൾ**

പണി പൂർത്തീകരിച്ച പയംകുറ്റിമല മിനി വാട്ടർ സപ്ലൈ സ്കീമിൻെറ അറ്റകുറ്റപ്പണികൾ നടത്തുക, ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക, കിണർ വൃത്തിയാക്കുക

ഒഞ്ചിയം-ചോറോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പൂർത്താകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക

അരകുളങ്ങര ചിറ പഞ്ചായത്ത് ഏറ്റെടുത്ത് തൊട്ടടുത്ത ഉയർന്ന പ്രദേശമായ കല്ലുനിറപറമ്പത്ത് ടാങ്ക് കെട്ടി പമ്പു ചെയ്ത് പരിസര പ്രദേശങ്ങളിലെത്തിക്കാം

സ്ഥിരമായി വെള്ളം ലഭിക്കുന്ന നൂഞ്ഞിയിൽ ഭാഗത്ത് നിന്ന് പൈപ്പ് ലൈൻ വലിച്ച് മംഗലോറമല, വടക്കയിൽ ഭാഗം, കുളത്തിൽ കുന്ന്, ചുവന്ന മല എന്നീ സ്ഥലങ്ങളിലെത്തിക്കുക

മേമുണ്ട ഈസ്റ്റ് എൽ.പി. സ്കൂളിന് സമീപം പട്ടർ മഠത്തിലെ കുളം നന്നാക്കി ശുദ്ധജലം മൊട്ടമ്മൽമീത്തൽ മലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടാങ്കിലേക്ക് പമ്പ് ചെയ്യാം. കുറുപ്പച്ചൻ കുന്നിനേയും ഇതിൽ ഉൾപ്പെടുത്തണം.

പ്രകൃതിദത്ത നീരുറവകളായ അരീക്കൽ (12-ാം വാർഡ്) ഓത്ത്യോട്ട്മീത്തൽ (6-ാം വാർഡ്), കണിയാങ്കണ്ടി പാറ (8-ാം വാർഡ്), വലിയ മല (7-ാം വാർഡ്) ഇവയിലെ വെള്ളം ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യാം

മൂത്താനത്താഴ ഭാഗത്ത് കിണർ കുഴിച്ച് വെള്ളം പമ്പു ചെയ്ത് പുനങ്ങാട്ട്മീത്തൽ ഭാഗം, ഉളുമ്പാട്ടിമല, കുയ്യടി ഭാഗം എന്നിവിടങ്ങളിലെ ശുദ്ധജലപ്രശ്നം പരിഹരിക്കുക

അമരാവതിയിലെ പുതുക്കുളത്തിലെ ജലം ശുദ്ധീകരിച്ച് കൈതക്കെട്ടിൽ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് കൈതക്കെട്ടിൽ, വരിക്കോളി ലക്ഷംവീട്, മൊട്ടംതറ ഭാഗങ്ങളിലേക്ക് വെള്ളമെത്തിക്കാം

പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ഗ്രാമീണ ജലസ്രോതസ്സുകളായ കിണറുകളും കുളങ്ങളും മനുഷ്യവിഭവശേഷി ഉപയോഗിച്ച് വൃത്തിയാക്കുക

കൊറ്റ്യാംവെള്ളി (2-ാം വാർഡ്), മനക്കൽപൊയിൽ (3), കുറുപ്പൻകുന്ന് വലിയപറമ്പത്ത് ഭാഗം (11), മൂശാരിക്കുന്ന്, നിരയിൽ കുന്ന്, ചാലിൽ ഭാഗം (12), കെട്ടിൽ ഭാഗം, മത്തത്ത് ഭാഗം, ചെറിയ പറമ്പത്ത് ഭാഗം (9) എന്നീ സ്ഥലങ്ങളിൽ പൊതു കിണർ കുഴിക്കുക

വെളുത്തപറമ്പത്ത്മീത്തലെ മല (വാർഡ് 5), കൈതക്കെട്ടിൽ വാണിയംകുന്ന് (6), കുറുപ്പൻകുന്ന് (11) എന്നിവിടങ്ങളിൽ ബ്ലോക്കിന്റെ സഹായത്തോടെ നിർമ്മിക്കുന്ന കിണറുകളുടെ ആഴം കൂട്ടുകയും പണി പൂർത്തീകരിക്കുകയും ചെയ്യൽ

എട്ടാം വാർഡിൽ ചിറവട്ടത്ത്കുനി കിണറിൽ നിന്നും ജലം പമ്പ് ചെയ്ത് പാറക്കെട്ടിൽ ഭാഗത്ത് എത്തിക്കുക

കീഴൽ യു.പി. സ്കൂളിനടുത്ത് ചെറിയ കുളം വൃത്തിയാക്കി മോട്ടോർ വെച്ച് പമ്പ് ചെയ്യുക

ഒമ്പതാം വാർഡിൽ പുത്രോളി കുഞ്ഞിരാമൻ എന്ന ആളുടെ കുളം വൃത്തിയാക്കി പമ്പ് ചെയ്യുക

ആശ്രമത്തിന്റെ തെക്ക് ഭാഗം, പൈക്കാട്ട് ഭാഗം എന്നീ സ്ഥലങ്ങളിലെ പൊതു കിണറിന്റെ ആഴം കൂട്ടി മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്യുക

വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ കിണറുകൾ നന്നാക്കുക

പന്ത്രണ്ടാം വാർഡിലെ പുത്തൻ വീട്ടിലെ കിണർ വൃത്തിയാക്കി സംരക്ഷിച്ചാൽ പുല്ലേരികണ്ടി ഭാഗത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാം

കുറ്റ്യാടി കനാലിലൂടെ ജനവരി മാസം മുതൽ വെള്ളം തുറന്നുവിടുക

കെടത്തോത്ത്-പൊയിൽത്താഴ കനാൽ തുറക്കുക

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ശുദ്ധജലം ലഭിക്കാനുള്ള സംവിധാനം

മഴക്കാലത്ത് ഉയർന്ന പ്രദേശങ്ങളിലും ചെരുവുകളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

# പൊതുജനാരോഗ്യം

പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾക്ക് നല്ലവേരോട്ടമുണ്ടായിരുന്ന പ്രദേശമാണ് വില്ല്യാപ്പള്ളി. ആയുർവ്വേദചികിത്സ, വിഷവൈദ്യം, മർമ്മചികിത്സ തുടങ്ങിയവയിൽ പ്രശസ്തരായ പലരും വില്ല്യാപ്പള്ളിയിൽ ഉണ്ടായിരുന്നു. ജീവിതരീതിയിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ഈ സമ്പ്രദായങ്ങൾക്കു പകരം ആധുനിക ചികിത്സാ സൗകര്യങ്ങൾ പ്രചാരം നേടുകയും ആരോഗ്യ സങ്കല്പങ്ങളിൽ കാതലായ മാറ്റം വരികയും ചെയ്തു.

ഇന്നത്തെ വില്ല്യാപ്പള്ളി പഞ്ചായത്ത് ആരോഗ്യ രംഗത്ത് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. അനാരോഗ്യകരമായ ചുറ്റുപാടുകളിൽ ജീവിക്കേണ്ടി വരുന്ന വലിയൊരു വിഭാഗം ജനങ്ങൾ പഞ്ചായത്തിലുണ്ട്.

വർദ്ധിച്ചതോതിലുള്ള ജനസാന്ദ്രതയാണ് വില്ല്യാപ്പള്ളിയിലുള്ളത്. കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 749 ആണെങ്കിൽ വില്ല്യാപ്പള്ളിയിൽ ഇത് ച.കി.മീറ്ററിന് 1729 ആണ്. മൊത്തം ജനസംഖ്യയായ 29,996 ൽ 1 മുതൽ 6 വരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 4153 ആണ്. കേരളത്തിന്റെ പൊതു അവസ്ഥയ്ക്ക് സമാനമായി ഇവിടെയും. വൃദ്ധജനസംഖ്യ കൂടി വരികയാണെന്ന് പൊതുവെ വിലയിരുത്താൻ കഴിയും.

പഞ്ചായത്തിലെ ഏതാണ്ട്

ആയിരത്തിലധികം വീടുകളിൽ ഇനിയും കക്കൂസ് സൗകര്യങ്ങൾ ആവശ്യമാണ്. ഭൂരിഭാഗവം വീടുകളിലും അടുക്കളയിൽ മലിനജലം ഒഴുക്കിക്കളയാനുള്ള സംവിധാനമില്ല. പുകശല്ല്യമുള്ള സാധാരണ വിറകടുപ്പാണ് മിക്കവീടുകളിലും ഉപയോഗിക്കുന്നത്.

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കണക്കനുസരിച്ച് സ്ഥായിയായ രോഗബാധയുള്ളവരുടെ നില താഴെ കൊടുക്കുന്നു.

| | |
|---|---|
| **രക്തസമ്മർദ്ദം** | 574 |
| **പ്രമേഹം** | 60 |
| **ക്ഷയം** | 5 |
| **ഹൃദ്രോഗം** | 40 |

**കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാരുടെ വിവരം ഇങ്ങനെയാണ്.**

| | ആകെ | കുടുംബാസൂത്രണ സ്വീകരിച്ചത് |
|---|---|---|
| 1 കുട്ടിയുള്ളവർ | 680 | 204 |
| 2 കുട്ടിയുള്ളവർ | 2103 | 1950 |
| 2 കുട്ടിയുള്ളവർ | 941 | 676 |
| ആകെ | 3724 | 2830 |

എഴുപത്തഞ്ചു ശതമാനം അമ്മമാരും കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. പൊതുജനാരോഗ്യ രംഗത്ത് വില്ല്യാപ്പള്ളി പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററും രണ്ടു സബ് സെൻററുകളും പ്രവർത്തിക്കുന്നു. ഇതിൽ PHC വില്ല്യാപ്പള്ളിയിലും സബ് സെൻററുകൾ മേമുണ്ട, കീഴൽ എന്നിവിടങ്ങളിലുമാണ് PHCയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനങ്ങളില്ല. സബ് സെൻറുകളിൽ ഭൗതികസാഹചര്യങ്ങൾ ദയനീയമാണ്. ഇവിടെ ഡോക്ടറുടെ സേവനവും ലഭിക്കില്ല. സബ്സെൻററുകളിൽ വെച്ച് പ്രതിരോധ കുത്തിവെയ്പുകൾ നടത്താറുണ്ടെങ്കിലും ജനങ്ങൾ ഇതറിയില്ല.

സർക്കാർ മേഖലയിൽ തന്നെ ഡോ: കെ.ബി. മേനോൻ മെമ്മോറിയൽ ആശുപത്രിയും പഞ്ചായത്തിലുണ്ട്. ഇവിടെയും കിടത്തി ചികിത്സക്ക് സൗകര്യമില്ല-അലോപ്പതി രംഗത്ത് കിടത്തി ചികിത്സക്ക് സൗകര്യമുള്ളത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന എം.ജെ. ആശുപത്രിയാണ്. ഇതൊഴിച്ചാൽ അലോപ്പതി ചികിത്സക്ക് ജനങ്ങൾ ആശ്രയിക്കുന്നത് വടകരയിലുള്ള ആശുപത്രികളെയും ഡോക്ടർമാരെയുമാണ്. സഹകരണ മേഖലയിൽ വില്ല്യാപ്പള്ളിയിൽ അടുത്തകാലത്ത് ആരംഭിച്ച ആശുപത്രിയും സ്വകാര്യ ഡോക്ടർമാരുടെ ഏഴോളം ക്ലിനിക്കുകളും പഞ്ചായത്തിൽ ആശുപത്രി ശുശ്രൂഷ ചെയ്യുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള 3 മാതൃകാ ശിശു സംരക്ഷണ കേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്.

ആയുർവ്വേദ, ഹോമിയോ ചികിത്സാ രംഗങ്ങളിൽ വിശേഷിച്ച് പ്രവർത്തനങ്ങൾ ഇപ്പോൾ പഞ്ചായത്തിലില്ല.

പരിസര മലിനീകരണത്തിൻെറ തോത് പഞ്ചായത്തിൽ കൂടുതലാണ്. ചെറിയ അങ്ങാടികളിലൊന്നും ശുചീകരണ പ്രവർത്തനത്തിന് സംവിധാനമില്ലാത്തതിനാൽ ചെറിയ തോതിലുള്ള പ്രശ്നങ്ങളുണ്ട്. പൊതു വഴിയിലേക്ക് മലിനജലമൊഴുക്കുന്നതും പൊതു റോഡിൽ വെച്ച് സ്ഥിരമായി വാഹന റിപ്പേർ നടത്തുന്നതും പഞ്ചായത്തിൽ കാണാൻ കഴിയും.

**പ്രശ്നങ്ങൾ**

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

സബ് സെൻററുകളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

സ്ത്രീരോഗ ചികിത്സക്കായി അതിനു പ്രാവീണ്യമുള്ളവരെ പി. എച്ച്. സി. കളിൽ നിയമിക്കണം.

സബ്സെൻററുകൾക്ക് കെട്ടിടം ആവശ്യമാണ്. മേമുണ്ട സബ്സെൻറർ അറ്റകുറ്റപണികൾ നടത്തേണ്ടതുണ്ട്, കുളത്തൂർ, മയ്യന്നൂർ എന്നിവിടങ്ങളിൽ കെട്ടിടം വേണം.

മയ്യന്നൂരിലെ അറവുശാലയും മത്സ്യ വില്പന കേന്ദ്രവും ശുചീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കക്കൂസില്ലാത്ത വീടുകൾ ധാരാളമുണ്ട്.

പി . എച്ച്. സി. യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം വേണം.

വാർഡുതലത്തിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും വേണം.

സ്വന്തമായി ഭൂമിയില്ലാത്തവർക്കു പൊതു ശ്മശാനമില്ലാത്തതു പ്രശ്നം സൃഷ്ടിക്കുന്നു.

വൃദ്ധ ജനങ്ങൾക്കു വേണ്ടി പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഇല്ല.

ചെറുതും വലുതുമായ എല്ലാ അങ്ങാടികളിലും മലിന വസ്തുക്കൾ നിക്ഷേപിക്കാനും അതു നീക്കം ചെയ്യാനും സംവിധാനം.

ആയുർവ്വേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിനകത്ത് സർക്കാർതലത്തിൽ ലഭ്യമാക്കണം.

ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന പരിപാടി കാര്യക്ഷമമല്ല.

**സാധ്യതകൾ**

ശുചീകരണ പ്രവർത്തനങ്ങളിലുള്ള ബഹുജനപങ്കാളിത്തം

വീടുകളിൽ പ്രാഥമിക സൗകര്യങ്ങളെത്തിക്കാനുള്ള പദ്ധതി

പി. എച്ച്. സി. സബ്സെൻററുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പദ്ധതി

വൃദ്ധജനങ്ങൾക്ക് പ്രത്യേക ചികിത്സ ലഭ്യമാക്കാനുള്ള സംവിധാനം

ആരോഗ്യ വകുപ്പിൻെറ ഗ്രാമതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള സമ്മർദ്ദം

ശുചിത്വ ബോധവും ആരോഗ്യ ബോധവും പ്രചരിപ്പിക്കാനുള്ള ഗ്രാമതല സംവിധാനങ്ങൾ


വെറ്റില മുറുക്ക്, പുകവലി, മദ്യപാനം ഇവയ്ക്കെതിരെയുള്ള പ്രചരണം

വിദ്യാർത്ഥികൾക്കിടയിൽ ആരോഗ്യ പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനം

ഒരു പഞ്ചായത്തു തല ബ്ളഡ് ഗ്രൂപ്പ് ഡയറക്ടറി

170





# ഗതാഗതവും ഊർജ്ജവും

6

## ഊർജ്ജം

പൊതുവെ ഊർജ്ജ ഉപഭോഗം വളരെ കുറഞ്ഞ ഒരു പ്രദേശമാണ് വില്ല്യാപ്പള്ളി. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും പറയത്തക്ക മുന്നേറ്റങ്ങളോ വികാസങ്ങളോ ഇല്ലാത്ത അവസ്ഥയിൽ ഗാർഹികാവശ്യങ്ങൾക്കാണ് ലഭ്യമാകുന്ന ഊർജ്ജത്തിന്റെ ഭൂരിഭാഗവും ഉപയോഗിക്കുന്നത്. വാണിജ്യ ഇന്ധനങ്ങളുടെ ഉപഭോഗം താരതമ്യേന കുറവാണ്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങളാണ് കൂടതലായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ. പഞ്ചായത്തിൽ 5003 വീടുകൾ ഉള്ളതിൽ വൈദ്യുതീകരിച്ച വീടുകൾ വളരെ കുറവാണ്. വൈദ്യുതി എത്തിപ്പെടാത്തചില പ്രദേശങ്ങളും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായുണ്ട്. ചുരുക്കം ചില പ്രദേശങ്ങളിൽ മാത്രമേ തെരുവു വിളക്കുകൾ ഉള്ളു. പല പ്രദേശങ്ങളിലും തെരുവു വിളക്കുകൾക്കാവശ്യമുള്ള സ്ട്രീറ്റ് ലൈറ്റ് ലൈനുകൾ ഇല്ലാത്ത അവസ്ഥയാണ്. പഞ്ചായത്തിൽ വൈദ്യുതി ലഭ്യമായ സ്ഥലങ്ങളിൽ തന്നെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പലയിടങ്ങളിലും അനുഭവപ്പെടുന്നുണ്ട്. വൈദ്യുത ലൈനുകൾ ചെടികളുമായി സ്പർശിച്ചും മറ്റുമുണ്ടാകുന്ന പ്രസരണനഷ്ടം പല ലൈനുകളിലും വീടുകളിൽ ശക്തികൂടിയ സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നത് എന്നിവയൊക്കെ നിലിവിലുള്ള വൈദ്യുതിയുടെ അവസ്ഥ ഗുരുതരമാക്കുന്നുണ്ട്. പഞ്ചായത്തിനകത്ത് 15 ട്രാൻസ്ഫോർമറുകളേ ഉള്ളു.

പാചക ഇന്ധന ഉപഭോഗത്തിന്റെ കാര്യത്തിൽ പരമ്പരാഗത രീതികളാണ് ഇന്നും പഞ്ചായത്തിൽ ശക്തമായി നിലനിൽക്കുന്നത്. സാധാരണ വിറകടുപ്പുകളാണ് ഭൂരിഭാഗം വീടുകളിണലുമുള്ളത്. ഇവയിലൊക്കെ തന്നെ വിറകും തെങ്ങുല്പന്നങ്ങളുമാണ് ഉപയോഗിക്കുന്നത്.

അശാസ്ത്രീയമായ ഉപയോഗ രീതി ഇവയുടെ ക്ഷമത തന്നെ പൂർണ്ണമായി ഉപയോഗിക്കാത്ത അവസ്ഥയിലെത്തിച്ചിരിക്കുന്നു. ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്ന വീടുകൾ വളരെ പരിമിതമാണ്. വടകരയിൽ നിന്നും മറ്റും ലഭ്യമാകുന്ന പാചകഗ്യാസ് ഉപയോഗിക്കുന്ന വീടുകൾ വിരളമാണെങ്കിലും ഒട്ടുമിക്ക വാർഡുകളിലുമുണ്ട്. ടി.വി, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നിവയുടെ ഉപയോഗം കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ, കൂടിവരുന്നുണ്ട്. വെളിച്ചത്തിനു വേണ്ടി വൈദ്യുതി ലഭിക്കാത്ത ഇടങ്ങളിൽ മണ്ണെണ്ണ തന്നെയാണ് ഉപയോഗിക്കുന്നത്. ലക്ഷംവീട്, നാലുസെൻറ് കോളനികളിൽ പൊതുവെ ഇന്ധനക്ഷാമം അനുഭവപ്പെടുന്നുണ്ട്. വൈദ്യുതി ലഭ്യമായ ഇടങ്ങളിൽ തന്നെ മിക്ക വീടുകളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതുമൂലം മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുന്ന സ്ഥിതി നിലവിലുണ്ട്.

കാർഷികാവശ്യങ്ങൾക്കു വേണ്ടിയുള്ള ഇന്ധന ഉപഭോഗം പഞ്ചായത്തിൽ വളരെ കുറവാണ്. ജലസേചന ആവശ്യങ്ങൾക്കു വേണ്ടി ചിലയിടങ്ങളിൽ പമ്പ്സെറ്റ് പ്രവർത്തിപ്പിക്കാൻ

വൈദ്യുതിയോ മണ്ണെണ്ണയോ ഉപയോഗിക്കുന്ന 88 പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. പ്രധാന കാർഷികോല്പന്നമായ തേങ്ങ സംസ്കരണത്തിനു വേണ്ടി പരമ്പരാഗതരീതിയിൽ പുകയേല്പിക്കൽ സമ്പ്രദായമാണ് നിലവിലുള്ളത്.

വാണിജ്യ രംഗത്ത് വൈദ്യുതി ചെറിയ തോതിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. ഫ്രിഡ്ജ്. മിക്സി തുടങ്ങിയ വസ്തുക്കൾ വ്യാപകമായി ഈ രംഗത്ത് ഉപയോഗിക്കപ്പെടുന്നുണ്ട്. ഹോട്ടലുകളിൽ വിറക്, കരി എന്നിവയാണ് പൊതുവെ ഉപയോഗിക്കപ്പെടുന്നത്.

വ്യാവസായികമായി പിന്നോക്കാവസ്ഥയിലാണെങ്കിലും പ്രവർത്തിക്കുന്ന ചില ചെറിയ യൂണിറ്റുകളിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ഈർച്ച മില്ലുകൾ, വർക്ക്ഷോപ്പുകൾ, ഗ്രിൽസ് നിർമ്മാണ യൂണിറ്റുകൾ, ഫ്ളോർമില്ലുകൾ എന്നീ വ്യവസായ യൂണിറ്റുകളിൽ വൈദ്യുതി ഉപയോഗപ്പെടുത്തുന്നുണ്ട്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗത്തെപ്പറ്റിയും സാധ്യതകളെപ്പറ്റിയും പൊതുവെ പഞ്ചായത്തിൽ അറിവില്ലാത്ത അവസ്ഥയാണുള്ളത്.

**പ്രശ്നങ്ങൾ**

1 വൈദുതി എത്തിപ്പെടാത്ത പ്രദേശങ്ങൾ ധാരാളമുണ്ട്

ഒന്നാം വാർഡിലെ ചാത്തൻകാവ് കല്ലുനിര പറമ്പ് ഭാഗം

രണ്ടാം വാർഡിലെ പുളിക്കുടിത്താഴെക്കുനി ഭാഗം

രണ്ടാം വാർഡിലെ ചാത്തിയത്ത് ഭാഗം

രണ്ടാം വാർഡിലെ ചരളിൽത്താഴക്കുനി ഭാഗം

മൂന്നാം വാർഡിലെ മൈക്കുളങ്ങരത്താഴ നാലു സെൻറ് കോളനി

മൂന്നാം വാർഡിലെ ചേരിപ്പൊയിൽ ഭാഗം

നാലാം വാർഡിലെ മംഗലോറ നാലു സെൻറ് കോളനി

കുയ്യടി ഭാഗം, അരയാക്കൂൽത്താഴ-കനോത്ത് ഭാഗം-തുളിക്കുന്നുമ്മൽ ഭാഗം-ചെമ്മാണി കൈതക്കെട്ടിൽ ഭാഗം കുളത്തിക്കുന്ന് ഭാഗം

അഞ്ചാം വാർഡിലെ മണിയോത്ത് ലക്ഷംവീട് ഭാഗം-മനത്താമ്പ്രമല ഭാഗം

ആറാം വാർഡിലെ അമരാവതി വരിക്കോളി ലക്ഷംവീട് ഭാഗം. വാണിയംകുന്ന് മല

ഏഴാം വാർഡിലെ നെല്ലിയോടംകണ്ടി ഭാഗം കഞ്ഞിപ്പുരമുക്ക് ഭാഗം, പിലാവുള്ളി ഭാഗം, പുല്ലാഞ്ഞി നാലു സെൻറ് കോളനി

എട്ടാം വാർഡിലെ കഞ്ഞിപ്പുരമുക്ക് ഭാഗം

കാവിൽ റോഡ് മുതൽ കളരി ഭാഗം

ഉമിയാംകുന്നത്ത് പുത്തൻപുര്കകൽ ഭാഗം

കണിയാങ്കണ്ടിപ്പാറ ഭാഗം-വങ്കണ ഭാഗം

ഒമ്പതാം വാർഡിലെ മുത്തപ്പൻമലറ്റ ഭാഗം-കണാരങ്കണ്ടി ഭാഗം-ചെറിയ പറമ്പത്ത് ഭാഗം

പത്താം വാർഡിലെ പൂളത്തുംതാഴക്കുനി ഭാഗം-തയ്യിലത്തുതാഴ മുതൽ കോമത്ത്താഴ വരെ

പതിനൊന്നാം വാർഡിലെ കീഴൽ പോസ്റ്റ് ഓഫീസ് റോഡിൽ മേമുണ്ട ഭാഗത്തുള്ള വഴിയരികിലുള്ള വീടുകൾ-തയ്യിൽ പ്രദേശം-തിരുമംഗലത്ത്മീത്തൽ ഭാഗം-മൊട്ടമ്മൽ ഭാഗം-ലക്ഷംവീട് നാലുസെൻറ് കോളനി ഭാഗം-മീത്തലെ മനക്കൽ പ്രദേശം-മേമുണ്ടമഠം ഭാഗം

പന്ത്രണ്ടാം വാർഡിലെ നാലുസെൻറ് കോളനി ഒതയോത്ത് മുക്ക് ഭാഗം-കുറ്റിപ്പുറം മുതൽ കോമ്പള്ളിതാഴ വരെ

ചെക്കോട്ടി ബസാർ മുതൽ ഒതയോത്ത് മുക്ക് വരെ-മൂശാരിക്കുന്ന് ഭാഗം

2 പൊതുവെ പഞ്ചായത്തിലുടനീളം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു

3 പല ലൈനുകളിലും ശക്തികൂടിയ സ്റ്റെപ്പ് അപ്പ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് വോൾട്ടേജ് പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്

4 നിലവിലുള്ള വൈദ്യുത ലൈനുകളിൽ വർദ്ധിച്ച തോതിൽ പ്രസരണനഷ്ടം ഉണ്ടാവുന്നുണ്ട്

5 ഊർജ്ജലാഭം ഉണ്ടാക്കുന്ന സംവിധാനങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല

6 വൈദുത ലൈനുകളിൽ ചിലതൊക്കെ അപകടകരമായ അവസ്ഥയിലാണുള്ളത്

7 ചില ട്രാൻസ്ഫോർമറുകൾ റോഡിൽ തന്നെ സ്ഥിതി ചെയ്യുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്

8 ഭൂരിപക്ഷം വീടുകവിലും പരമ്പരാഗത രീതിയുള്ള ഇന്ധന ഉപഭോഗമാണ് നടത്തുന്നത്

9 കോളനി പ്രദേശങ്ങളിൽ ഇന്ധനക്ഷാമം അനുഭവിക്കുന്നു

10 കാർഷിക-വ്യവസായിക മേഖലകളിൽ വൈദ്യുത ഉപഭോഗം വളരെ കുറവാണ്

11 സ്ട്രീറ്റ് ലൈറ്റുകൾ പൊതുവെ ഇല്ലാത്ത അവസ്ഥയാണ്

**സാധ്യതകൾ**

1 പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെപ്പറ്റിയും ഊർജ്ജലാഭമുള്ള ഉപകരണ സംവിധാനങ്ങളെപ്പറ്റിയും ബോധവൽക്കരണം നടത്തുക

2 വൈദ്യുതി എത്തിക്കുന്ന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

3 പ്രസരണനഷ്ടം കുറക്കാവുന്ന പ്രവർത്തനങ്ങൾ പ്രാദേശികമായി നടപ്പാക്കുക

4 വൈദ്യുതി ഉപഭോഗത്തിലുള്ള ധൂർത്ത് നിയന്ത്രിക്കുന്നതിലുള്ള ബോധവൽക്കരണം നടത്തുക

5 ദക്ഷത കൂടിയ ഉപകരണങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുക ഉദാ: സൗരോർജ്ജ ഉപകരണങ്ങൾ (സോളാർ കുക്കർ, സൗര റാന്തൽ) സോളാർ വാട്ടർ ഹീറ്റർ, കാറ്റാടി പമ്പ് മുതലായവ

6 കാർഷിക മേഖലയിലും വ്യവസായിക മേഖലയിലും വൈദ്യുതി ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക

7 സ്റ്റെപ്പ് അപ്പ് പോലുള്ള ഉപകരണങ്ങൾ അമിതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുക

8 പുകശല്യം കുറഞ്ഞ അടുപ്പുകൾ പ്രോത്സാഹിപ്പിക്കുക

9 വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക

10 റോഡിന് നടുവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ ജനപങ്കാളിത്തത്തോടെ മാറ്റി സ്ഥാപിക്കുക

11 ലോകനാർകാവ് മുതൽ പണിക്കോട്ടി റോഡ് വഴി ചെക്കോട്ടി ബസാർ വരെയും ചല്ലി വയൽ മുതൽ മേമുണ്ട ഹൈസ്കൂൾ വരെയും, മയ്യന്നൂർ മുതൽ റിക്രിയേഷൻ സെൻറർ വരെയും വില്ല്യാപ്പള്ളി മുതൽ മാണിക്കോത്ത്താഴ വരെയും ഉള്ള ഭാഗങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക

12 പഞ്ചായത്തിനെ IREP സ്കീമിൽ പെടുത്തണം

13 പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ബാലവാടികളിലും കമ്മ്യൂണിറ്റി അടുപ്പുകൾ നിർമ്മിക്കുക

# ഗതാഗതം

വില്ല്യാപ്പള്ളി പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 72.929 കി.മീ. ആണ്. ഇതിൽ ടാർ ചെയ്ത റോഡുകളുടെ നീളം 16.650 കി.മീ. വരും. പഞ്ചായത്തിൻെറ അധീനതയിലുള്ള റോഡുകളുടെ നീളം 56.289 കി.മീറ്ററും അതിൽ ടാർ ചെയ്തത് 4.65 കി.മീറ്ററുമാണ്. ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ മിക്കതും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. പഞ്ചായത്തിൻെറ സമീപ പ്രദേശമായ വടകരയിലേക്കാണ് പി.ഡബ്ല്യു.ഡി റോഡ് കടന്നുപോവുന്നത്. പൊതുവെ 12 വാർഡുകളേയും സ്പർശിച്ചുകൊണ്ട് ഏതെങ്കിലും പി. ഡബ്ല്യു.ഡി റോഡ് കടന്നുപോവുന്നുണ്ട്. പക്ഷേ പഞ്ചായത്തിൻെറ വടക്കൻ മേഖലയേയും തെക്കൻ മേഖലയേയും ബന്ധിപ്പിക്കുന്ന റോഡുകളൊക്കെ ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. കാവിൽ റോഡ് മുതൽ ചെറിയ മയ്യന്നൂർ റോഡ് വരെയുള്ള റോഡ്, കീഴൽമുക്കിൽ നിന്നും മേമുണ്ട വഴി അമരാവതിക്കുള്ള റോഡ്, ചെക്കോട്ടി ബസാറിൽ നിന്ന് ആര്യണ്ണൂർ വഴി തിരുവള്ളൂർ പഞ്ചായത്തിലെ ചെമ്മരത്തൂരിൽ കടന്നു കൊളത്തൂർ റോഡ് വഴി വില്ല്യാപ്പള്ളിയിലെത്തുന്ന റോഡ് ഇവ ഗതാഗതയോഗ്യമാക്കി തീർക്കുകയാണെങ്കിൽ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്താൻ കഴിയും. റോഡ് നിർമ്മാണത്തിനു വേണ്ടി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് 2,86,490 രൂപ ചെലവഴിച്ചിട്ടുണ്ട്. ശരാശരി 4.20 കി.മീറ്റർ/ച.കി.മീറ്റർ റോഡ് നീളമാണ് പഞ്ചായത്തിലുള്ളത്. റോഡുകൾക്ക് പൊതുവെ ഓവുചാലുകൾ ഇല്ലാത്ത അവസ്ഥയാണ്. പി.ഡബ്ല്യു.ഡി റോഡുകൾ തന്നെ ചില

കേന്ദ്രങ്ങളിൽ മാത്രമാണ് ഓവുചാൽ സൗകര്യമുള്ളത്. റോഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും പരിമിതമായേ നടത്താറുള്ളു. ചരിവു പ്രദേശങ്ങൾ കൂടുതലുള്ളതുകൊണ്ടുതന്നെ റോഡുകളിൽ മഴക്കാലത്ത് മണ്ണൊലിപ്പ് കൂടുതലാണ്.

വടകരയിൽ നിന്നും തിരുവള്ളർ ഭാഗത്തേക്കും, മേമുണ്ട വഴി ആയഞ്ചേരി ഭാഗത്തേക്കും വില്ല്യാപ്പള്ളി വഴി തണ്ണീർപന്തൽ, ആയഞ്ചേരി ഭാഗങ്ങളിലേക്കും പോകുന്ന ബസ്സുകളാണ് വില്ല്യാപ്പള്ളി പഞ്ചായത്തിലെ പ്രധാന യാത്രാസൗകര്യങ്ങൾ. ഈ റൂട്ടുകളിണലെല്ലാം ജീപ്പ് സർവ്വീസ് കൂടി ഉള്ളതുകൊണ്ടാണ് യാത്രാപ്രശ്നം തെല്ലെങ്കിലും കുറയുന്നത്. പഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള വാഹനങ്ങളുടെ സ്റ്റാൻറ് ഇല്ല. വില്ല്യാപ്പള്ളി ടൗണിൽ മാത്രമാണ് ഓട്ടോറിക്ഷകൾ താവളമാക്കിയിട്ടുള്ളത്. വില്ല്യാപ്പള്ളിയിലും മേമുണ്ടയിലും ജീപ്പുകൾ പാർക്ക് ചെയ്യുന്നു. സൗകര്യപ്രദമായ പാർക്കിംഗ് സൗകര്യം ഇവിടങ്ങളിൽ ഇല്ല.

പഞ്ചായത്തിനകത്തുള്ള റോഡുകളുടെ ശോച്യാവസ്ഥ വിവിധ ഭാഗങ്ങളുടെ ബന്ധിപ്പിക്കുന്ന യാത്രാസൗകര്യങ്ങൾ ഉണ്ടാകാത്തതിന് ഒരു പ്രധാന കാരണമാണ്. താരതമ്യേന ചെലവുകുറഞ്ഞ യാത്രാസൗകര്യം എന്ന നിലയിൽ സൈക്കിൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്.

ഗതാഗതസൗകര്യം വടകരയെ കേന്ദ്രീകരിച്ചാണെന്നതുപോലെ പഞ്ചായത്തിൻെറ വാണിജ്യ രംഗവും കേന്ദ്രീകരിക്കുന്നത് വടകരയിലേക്കാണ്. ആഴ്ച ചന്തകളോ പൊതുമാർക്കറ്റുകളോ പഞ്ചായത്തിലില്ല. കാർഷികോല്പന്നങ്ങളുടെ വിപണനസൗകര്യങ്ങൾ പൊതുവേ പഞ്ചായത്തിനു പുറത്താണ് വില്ലാപ്പള്ളി ടൗണിലാണ് ഒരു മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നത്. മറ്റു ഭാഗങ്ങളിലൊക്കെ വടകരയിൽനിന്ന് മത്സ്യം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന സമ്പ്രദായമാണുള്ളത്. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും നടപ്പാതകൾ ധാരാളമായി ആവശ്യമുള്ള അവസ്ഥയാണ് ഇന്നുള്ളത്. റോഡുകളുടേയും ഫുട്പാത്തുകളുടേയും നിർമ്മാണവും സംരക്ഷണവും പൂർണ്ണമായ ബഹുജനപങ്കാളിത്തത്തോടെയും മേൽനോട്ടത്തിലും നിർവഹിക്കപ്പെടുകയാണെങ്കിൽ ഇന്നത്തെ ശോച്യാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാം.

## പഞ്ചായത്തിലെ പ്രധാന റോഡുകൾ

| വാർഡ് | റോഡിൻെറ പേര് |
|---|---|
| 1 | മയ്യന്നൂർ ട്രാൻസ്ഫോർമർ-ലക്ഷംവീട് |
| | മയ്യന്നൂർ ഒന്തം-ലക്ഷംവീട് (ചാത്തങ്കാവ്) |
| | വൈക്കിലശ്ശേരി-മുനിസിപ്പൽ റോഡ് (ചാത്തങ്കാവ്) |
| | മദ്രസ-അരിക്കോത്ത് |
| | വൈക്കിലശ്ശേരി-മുനിസിപ്പൽ അതിർത്തി |
| 2 | പുതുക്കുടിത്താഴ-ചോറോട് ഹൈസ്കൂൾ റോഡ് |
| | പനയൻമുക്ക്-കസ്തൂരിമുക്ക് |
| | രയരോത്ത്മുക്ക്-കൊറ്റ്യാംവെള്ളി പാറ |
| 3 | വെണ്ണ്യാട്ടുതാഴ-തച്ചോളിത്താഴ |
| | കച്ചേരിമുക്ക്-കാർത്തികപ്പള്ളി |
| | എടലോട്ട് ലക്ഷംവീട് റോഡ് |
| | പുനത്തിൽമുക്ക്-മാണിക്കോത്ത് താഴ |
| | ചേരിപ്പൊയിൽ-കണിയങ്കണ്ടിതാഴ |
| | വരിക്കോളി-കൊറ്റ്യാംവെള്ളി |
| | പാലൊളിപറമ്പത്ത്-മങ്കലാട്ട് |
| 4 | ഡോ. കെ.ബി. മേനോൻ ആസ്പത്രി റോഡ് |
| | തച്ചോളിതാഴ റോഡ് |
| | അരയാക്കൂൽതാഴ-മാണിക്കോത്ത്താഴ |
| | തെക്കേപറമ്പത്ത്-കുയ്യടിയിൽ |
| | കുയ്യടിമുക്ക്-വടക്കയിൽമുക്ക് |
| | ആശുപത്രി-കൊയിലോത്ത് റോഡ് |
| | തയ്യിൽമുക്ക്-ചെമ്മാണിമുക്ക് |
| | വയലോന്നുമ്മൽതാഴ റോഡ് |
| | അരയാക്കൂൽതാഴ-കനാൽ റോഡ് |
| | താനിയുള്ളതിൽ-സ്രാമ്പി |
| | വെങ്ങപ്പറ്റ-അരൂറ അമ്പലം |
| | മംഗലോറ മല റോഡ് |
| 5 | വില്ല്യാപ്പള്ളി-ചെമ്മരത്തൂർ |
| | കോട്ടമുക്ക് മൂത്താനത്താഴ-ചെമ്മരത്തൂർ |
| | പള്ളിച്ചാംവീട്ടിൽതാഴ-കനാൽതാഴ |
| | പുനത്തിൽമുക്ക്-മാണിക്കോത്ത്താഴ |
| | ആലങ്കോട്ട് മല-കോട്ടമുക്ക് ചെമ്മരത്തൂർ |

റോഡ്
ചെമ്മരത്തൂർ-വിലമുള്ളതിൽ താഴ
6 അമരാവതി-വരിക്കോളി ലക്ഷംവീട്
പറമ്പത്ത്താഴ-വരിക്കോളി ലക്ഷംവീട്
തിരുമന ക്ഷേത്രം-വരിക്കോളി ലക്ഷംവീട്
വരിക്കോള്ളതിൽ മുക്ക്-കൊറ്റ്യാംവെള്ളി
അമരാവതി-മേമുണ്ട
7 അമരാവതി-മേമുണ്ട
കളിച്ചാട്ട്താഴ-പുത്തൂർറോഡ്
തുണ്ടിക്കുനിത്താഴ-കഞ്ഞിപ്പുരമുക്ക്
കണിയാങ്കണ്ടിതാഴ-എരുമത്തടം
വണ്ണാറത്ത്താഴ-തത്തോത്ത്മുക്ക്
കയ്യാലത്താഴ-ലക്ഷംവീട്
കുനിങ്ങാടൻകണ്ടി-മേമുണ്ട അമരാവതി റോഡ്
8 കാവിൽ-മയ്യന്നൂർ
ചല്ലിവയൽ-കണ്ണമ്പത്ത്താഴ
കഞ്ഞിപ്പുരമുക്ക്-കാവിൽ തീക്കുനി റോഡ്
അരകുളങ്ങര ബാലവാടി-അമരാവതി മേമുണ്ട
കാവിൽതറ-വലിയ ചിറ
കാവിൽ മയ്യന്നൂർ റോഡ്-മുയ്യാറത്ത്താഴ
പീറ്റക്കണ്ടിപാറ-കാവിൽ മയ്യന്നൂർ റോഡ്
കാവിൽ ലൈബ്രറി-ചിറ റോഡ്
9 നെല്ലിയോത്ത്മുക്ക്-കുനിങ്ങാട്ട് താഴ
അരയാക്കൂൽ-പയംകുറ്റിമല
ഇല്ലത്ത്താഴ-പയംകുറ്റിമല
തിരുവോത്തറമ്മൽ-പരവൻെറകണ്ടി
കാവിൽ എൽ.പി. സ്കൂൾ-മത്തത്ത് വഴി കുട്ടോത്ത്
അയിവയൽ-മുനിസിപ്പൽ അതിർത്തി
10 കുട്ടോത്ത്-കാവിൽ-ചല്ലിവയൽ
ബാങ്ക് റോഡ്-വണ്ണാറത്ത്താഴ
ലോകനാർകാവ്-മേമുണ്ട മഠം റോഡ്
തയ്യില്ലത്തുതാഴ-പയംകുറ്റിമല
ബാങ്ക് റോഡ്-കോമത്ത് ക്ഷേത്രം
ആയോളി താഴ-പുതിയോട്ടുംകണ്ടി താഴ
11 കീഴൽമുക്ക്-മേമുണ്ട
കീഴൽമുക്ക്-ചെമ്മരത്തൂർ
കീഴൽമുക്ക്-മുടപ്പിലാവിൽ
ചാലാറത്ത് താഴ-അണിയാരി
നടുവിലക്കണ്ടിതാഴ-മൊട്ടമ്മൽ എസ്റ്റേറ്റ്
കീഴൽ ശിവക്ഷേത്രം റോഡ്
തട്ടാരിത്താഴ -കൊല്ലറോത്ത്
മേമുണ്ട-മൊട്ടമ്മൽ മല വഴി-ചക്യത്ത് താഴ
കീഴൽ പോസ്റ്റ് ഓഫീസ്-കുറുപ്പച്ചൻ കുന്ന്
12 കീഴൽ സ്രാമ്പി-മന്തരത്തൂർ റോഡ്-കീഴൽ പള്ളി
ചെക്കോട്ടി ബസാർ-ചെമ്മരത്തൂർ
ചെക്കോട്ടി ബസാർ-അണിയാരി
കീഴൽ യു.പി. സ്കൂൾ-തട്ടാങ്കണ്ടി താഴ
ചാലാറത്ത് താഴ-അണിയാരി
നല്ലൂർത്താഴ-മുടപ്പിലാവിൽ
മലക്കടന്നൂൽതാഴ-നല്ലൂര്മീത്തൽ
കുറ്റിപ്പുറത്ത്താഴ-മുടപ്പിലാവിൽ

**പ്രശ്നങ്ങൾ**

പഞ്ചായത്തിൻെറ വടക്കും തെക്കും മേഖലകളെ ബന്ധിപ്പിക്കുന്ന റോഡുകളൊന്നും ഗതാഗതയോഗ്യമല്ല.

റോഡുകളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്

പൊതുവെ റോഡുകൾക്ക് ഓവുചാൽ സൗകര്യമില്ല

വാർഷിക അറ്റകുറ്റപ്പണികൾ നടക്കാറില്ല

ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു

യാത്രാ സൗകര്യങ്ങൾ പരിമിതമാണ്

ഫുട്പാത്തുകൾ പരിമിതമാണ്

ആഴ്ച ചന്തകളോ പൊതു മാർക്കറ്റുകളോ ഇല്ല

എല്ലാ വാർഡുകളിലും ധാരാളം റോഡുകളും ഫുട്പാത്തുകളും ആവശ്യമുണ്ട്

പല കേന്ദ്രങ്ങളിലും ബസ്സ് ഷെൽട്ടറുകൾ ആവശ്യമാണ്

ഒന്നാം വാർഡിൽ രണ്ടാം മൈൽസ് മുതൽ ചാത്തൻകാവ് വരെയുള്ള റോഡ് പൂർത്തീകരിച്ചിട്ടില്ല

വൈക്കിലിശ്ശേരി റോഡിലുള്ള അഞ്ച് ഓവുചാലുകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്

പുതുക്കുടിതാഴ-ചോറോട് ഗവൺമെൻറ് ഹൈസ്കൂൾ (2-ാം വാർഡ്) കനാൽ മുറിച്ചു പോവുന്നിടത്തു പാലമില്ല

കൊളറോട്ട്മീത്തൽ-ലക്ഷംവീട് റോഡ് പൂർത്തീകരിച്ചിട്ടില്ല

മൈക്കുളങ്ങരതാഴ റോഡിൻെറ ഇരുവശങ്ങളിലും വെള്ളംകെട്ടിനിന്ന് കൃഷകി നശിക്കുന്നു

കാർത്തികപ്പള്ളി റോഡിൽ വില്ല്യാപ്പള്ളി പഞ്ചായത്തിൽ ഉൾപ്പെടുന്ന ഭാഗത്ത് വീതി കുറവാണ്

പള്ളിക്കോമത്ത് താഴ-എടക്കുടി താഴ റോഡ് വില്ല്യാപ്പള്ളി-ആയഞ്ചേരി മെയിൻ റോഡ് ഇവയിൽ ആവശ്യത്തിന് ഓവുപാലങ്ങൾ ഇല്ലാത്തതിനാൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളുണ്ട്

മാണിക്കോത്ത് താഴ-പുനത്തിൽമുക്ക് റോഡിൽ മാണിക്കോത്ത് താഴെയുള്ള ഓവുപാലം അപകടാവസ്ഥയിലാണ്

കൊറ്റ്യത്ത്താഴ പാലത്തിനടുത്ത് മൊട്ടമ്മൽ മലയിൽ നിന്നുള്ള വെള്ളം ഒഴുകി വന്ന് റോഡിൽ കെട്ടിനിൽക്കുന്നു

കനാൽമുക്ക്-വലിയ മല റോഡ് പൂർത്തീകരിച്ചിട്ടില്ല

തുണ്ടിക്കുനി താഴ-കഞ്ഞിപ്പുരമുക്ക് റോഡ് പൂർത്തീകരിച്ചിട്ടില്ല

കണിയാങ്കണ്ടി-എരുമത്തടം റോഡ് പൂർത്തീകരിച്ചിട്ടില്ല

ടൂറിസ്റ്റ് കേന്ദ്രമായ പയംകുറ്റിമല, ലോകനാർകാവ് ഇവിടങ്ങളിൽ ഗതാഗത-യാത്രാസൗകര്യങ്ങൾ കുറവാണ്

കുളപ്പുറത്തു താഴക്കുനി കിണറിനു സമീപമുള്ള റോഡിൽ മുത്തപ്പൻ മലയിലേക്കുള്ള പ്രധാന വാട്ടർ പൈപ്പ് മദ്ധ്യത്തിൽ തന്നെയായത് ഗതാഗത തടസ്സമുണ്ടാക്കുന്നു

ശിവക്ഷേത്രം റോഡിൽ രണ്ട് ഓവുപാലങ്ങൾ കേടായി കിടക്കുന്നു

മേമുണ്ട-കീഴൽ റോഡിൽ ട്രാൻസ്ഫോർമർ റോഡിൽ തന്നെ സ്ഥിതിചെയ്യുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു

കീഴൽ-തട്ടാങ്കണ്ടി റോഡ് നീർക്കെട്ടുണ്ടാക്കുന്നു

ബസ്സ് സ്റ്റാൻറ്, ജീപ്പ്, ഓട്ടോറിക്ഷ, ടാക്സി സ്റ്റാൻറുകളില്ല

കീഴൽ പോസ്റ്റ് ഓഫീസ്-കുറുപ്പച്ചൻ കുന്ന് വഴി മേമുണ്ട ഈസ്റ്റ് എൽ.പി. സ്കൂളിന് സമീപത്തേക്കുള്ള റോഡ് പൂർത്തീകരിച്ചിട്ടില്ല.

**സാധ്യതകൾ**

1 റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും പ്രാദേശിക ബഹുജന സമിതികളുടെ രൂപീകരണം

2 പഞ്ചായത്തിലെ പ്രധാന റോഡുകൾ ടാർ ചെയ്യാൻ പദ്ധതി

3 മുൻഗണനാക്രമത്തിൽ പുതിയ റോഡുകളും ഫുട്പാത്തുകളും നിർമ്മിക്കാനുള്ള പദ്ധതി

4 ഓട, ഓവുപാലങ്ങൾ എന്നിവ നിർമ്മിക്കാൻ പദ്ധതി

5 പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും സ്റ്റാൻറും നിർമ്മിക്കുക

6 ബസ് ഷെൽട്ടറുകൾ നിർമ്മിക്കാൻ സന്നദ്ധ സംഘടനകൾക്ക് സൗകര്യം ചെയ്തു കൊടുക്കുക

7 റോഡുകളുടെയും ഫുട്പാത്തുകളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്ക് സ്ഥിരവും കാര്യക്ഷമവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക

8 പഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ച് പ്രാദേശിക വിപണന കേന്ദ്രങ്ങൾ ഏർപ്പെടുത്തുക

9 പഞ്ചായത്ത് തലത്തിലുള്ള ആഴ്ചചന്തകൾ സംഘടിപ്പിക്കുക

10 വിവിധ ഭാഗങ്ങളിൽ മത്സ്യ മാർക്കറ്റുകൾ തുറക്കാനുള്ള സംവിധാനം

11 എല്ലാ പഞ്ചായത്ത് റോഡുകളും ഗതാഗതയോഗ്യമാക്കാനുള്ള പരിപാടി



# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

7

## ഭവന നിർമ്മാണം

1991-ലെ സെൻസസ് അനുസരിച്ച് 5003 വീടുകളിലായി 5043 കുടുംബങ്ങളാണ് വില്ല്യാപ്പള്ളി പഞ്ചായത്തിൽ ഉള്ളത്. മൊത്തം ജനസംഖ്യ 29996. ശരാശരി ഒരു വീട്ടിൽ ആറു പേർ എന്ന തോതിലാണ് വീടുകളിലെ അംഗ സംഖ്യ. പാർപ്പിടം എന്ന നിലക്ക് പര്യാപ്തമല്ലാത്ത വീടുകൾ ധാരാളമുണ്ട്. ശുദ്ധജലദൗർലഭ്യം, കക്കൂസ് ഇല്ലായ്മ, അനാരോഗ്യകരമായ ചുറ്റുപാട് തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന വീടുകൾ ധാരാളമുണ്ട്. പഞ്ചായത്ത് രേഖകളനുസരിച്ച് 1818 കുടിലുകളാണുള്ളത്. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരം പട്ടികയിൽ കാണിച്ചിരിക്കുന്നു.

| കെട്ടിടങ്ങൾ | ഒന്നിൽ കൂടുതൽ നില | ഒരു നില കെട്ടിടങ്ങൾ | | | കുടിലുകൾ |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല മേൽ ക്കൂര | |
| 9962 | 1891 | 2945 | 1981 | 1327 | 1818 |

തൃപ്തികരമായ പാർപ്പിട സൗകര്യങ്ങൾ കുറഞ്ഞിരിക്കുമ്പോൾ തന്നെ കെട്ടിട നിർമ്മാണരംഗത്തെ ദുർവ്യയവും പഞ്ചായത്തിലുണ്ട്. വിദേശ സ്വാധീന ഫലമായി കെട്ടിട നിർമ്മാണരംഗത്ത് സാരമായ മാറ്റം തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ തൊഴിൽ മേഖലയിൽ പതിനൊന്ന് ശതമാനം ആളുകൾ നിർമ്മാണ ജോലിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഗൾഫ് വരുമാനത്തിന്റെ വലിയൊരു പങ്കും ചെലവഴിക്കപ്പെടുന്നത് ഈ മേഖലയിലാണ്. അതേ അവസരത്തിൽ ലക്ഷംവീട് കോളനി, നാലുസെൻറ് കോളനി, കുടിലുകൾ ഇവയിൽ വസിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങളും പഞ്ചായത്തിലുണ്ട്. ഇവരെ സംബന്ധിച്ചേടത്തോളം ആരോഗ്യകരമായ ചുറ്റുപാടുകളുള്ള പാർപ്പിടമെന്നത് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്നതാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഭീമമായ വില വർദ്ധനവ് ഇടത്തരക്കാരെയും ബാധിക്കുന്നുണ്ട്. നിലവിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് 90 മുതൽ 96 വരെയുള്ള കാലയളവിൽ 21 വീടുകൾ അനുവദിക്കുകയും 12 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ 40 കക്കൂസുകൾ അനുവദിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് | അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചത് |
|---|---|---|---|---|
| 90-91 | 3 | 3 | - | - |
| 91-92 | 1 | 1 | 4 | 4 |
| 92-93 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 93-94 | 3 | 3 | 15 | 15 |
| 94-95 | 3 | 2 | 7 | 7 |
| 95-96 | 11 | 3 | 14 | 14 |

പാർപ്പിട സൗകര്യങ്ങളുടെ അഭാവത്തിന്റെ തോത് പരിഗണിക്കുമ്പോൾ ഇത് വളരെ പരിമിതമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ലക്ഷംവീടു കോളനികളും നാലുസെൻറ് കോളനികളും ഒരുപാട് പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കുടിവെള്ളം, വൈദ്യുതി, വീടുകളിലെ

ജീർണ്ണാവസ്ഥ, കക്കൂസ്, കുളിമുറി, സൗകര്യമില്ലായ്മ, ഗതാഗതസൗകര്യമില്ലായ്മ ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങൾ കോളനികളിൽ നിലവിലുണ്ട്. പൊതുവെ ദരിദ്ര ജന വിഭാഗങ്ങൾ താമസിക്കുന്ന ഇത്തരം കോളനികളിൽ പശ്ചാത്തലസൗകര്യമേർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

തമിഴ്നാട്ടിൽ നിന്നും വന്ന് കരിങ്കൽ ക്വാറികളിലും മറ്റും ജോലി ചെയ്യുന്നവരായി ധാരാളം പേർ പഞ്ചായത്തിലുണ്ട്. പുരയിടങ്ങളിൽ താത്കാലിക ഷെഡ് കെട്ടിയാണ് ഇവർ പൊതുവെ താമസിക്കുന്നത്. ഇതേ പോലെ മരപ്പണി പോലുള്ള വിദഗ്ദ്ധ തൊഴിലുകളിലേർപ്പെടുന്നവർ സംസ്ഥാനത്തിലെ മറ്റു ഭാഗങ്ങളിൽ നിന്നും വന്ന് കടകളിലെ മുറികളിലും മറ്റും വാടകക്ക് താമസിക്കുന്ന സമ്പ്രദായവും ഉണ്ട്. പാർപ്പിടത്തിൻെറ അടിസ്ഥാന ഘടകങ്ങൾ ലഭ്യമാകാത്ത പ്രശ്നം ഈ വിഭാഗങ്ങളും അനുഭവിക്കുന്നുണ്ട്.

പഞ്ചായത്തിൽ മുഴുസമയ തൊഴിൽ ഉള്ളവരിൽ 11.6 ശതമാനം വരുന്നത് നിർമ്മാണ മേഖലയിലാണ്. 587 പുരുഷന്മാരും 120 സ്ത്രീകളുമായി 707 പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട് എന്നാണ് സെൻസസ് രേഖകളിലുള്ളത്. ഈ രംഗത്ത് സ്ത്രീകളടക്കം കൂടുതൽ പേർ ഉണ്ട് എന്ന് ആണ് ഇപ്പോഴത്തെ വിലയിരുത്തൽ. കെട്ടിടനിർമ്മാണത്തിൽ പുത്തൻ സാങ്കേതികവിദ്യകൾ പരിമിതമായ തോതിലെ പ്രയോഗിക്കപ്പെടുന്നുള്ളു. അത്തരം സമ്പ്രദായങ്ങളുടെ പ്രചാരവും കുറവാണ്. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പോലുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. കെട്ടിട നിർമ്മാണ നിയന്ത്രണ ചട്ടം അംഗീകരിച്ചിട്ടുള്ള പഞ്ചായത്താണ് വില്ല്യാപ്പള്ളി. ഈ നിയമത്തെപ്പറ്റി വേണ്ടത്ര ധാരണയില്ലാത്തത് ചിലർക്ക് അനാവശ്യ ചെലവ് വരുത്തിവെക്കാൻ കാരണമായിത്തീരുന്നു.

**പ്രശ്നങ്ങൾ**

ലക്ഷംവീട്, നാലുസെൻറ് കോളനികളിലെ ശോചനീയാവസ്ഥ. (കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ഗതാഗതം, റോഡുകളുടെ ശോചനീയാവസ്ഥ, വീടുകളുടെ ജീർണ്ണാവസ്ഥ, പട്ടയം ലഭിക്കാത്ത സ്ഥിതി, കൊതുക് ശല്യം, ഇരട്ട വീടുകൾ, പൊതു കിണറുകളോടനുബന്ധിച്ച കുളിമുറി)

കോളനികളല്ലാത്തിടത്തും അടിസ്ഥാന സൗകര്യമില്ലാത്ത ധാരാളം വീടുകളുണ്ട്.

നാലു സെൻറ് കോളനിയിൽ പൂർത്തീകരിക്കാത്ത വീടുകളുണ്ട്. സാമ്പത്തിക കാരണങ്ങളാൽ വീട് പൂർത്തീകരിക്കാൻ കഴിയാത്തവരുണ്ട്

ചില പ്രദേശങ്ങളിൽ കടകളിൽ വാടകയ്ക്ക് താമസിക്കുന്നവരുണ്ട്

ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്ന വിദഗ്ദ്ധരുടെ കുറവ്

ലക്ഷംവീട്, നാലുസെൻറ് കോളനികളിലെ സ്ഥലം അളന്നു തിട്ടപ്പെടുത്തണം

ഭവനരഹിതരായ പലർക്കും സ്വന്തമായി ഭൂമിയില്ല

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ പഴയ വഴികൾ നഷ്ടപ്പെട്ടുപോയതുകൊണ്ട് ബുദ്ധിമുട്ടുന്ന കുടുംബങ്ങളുണ്ട്.

സർക്കാർ ധനസഹായം ലഭിച്ചിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത കിണറുകളുണ്ട്

കെട്ടിട നിർമ്മാണച്ചട്ടങ്ങൾ ഉള്ളതുകൊണ്ട് മൂന്നോ നാലോ സെൻറ് ഭൂമി കൈവശമുള്ളവർക്ക് വീട് നിർമ്മിക്കാൻ പ്രയാസം നേരിടുന്നു

കെട്ടിട നിർമ്മാണച്ചെലവ് കൂടിവരുന്നു

കെട്ടിട നിർമ്മാണ ചട്ടങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ. (കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ പറ്റാതെ വരുമ്പോഴുള്ള അമിത ച്ചെലവ്)

ഭവന വായ്പാ സൗകര്യങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്

അന്യ നാട്ടുകാരുടെ പാർപ്പിട പ്രശ്നം

വീടുകളിൽ സാധാരണയായി ഉപയോഗിക്കുന്ന വിറകടുപ്പ്

**സാധ്യതകൾ**

പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിച്ച് പ്രവർത്തിക്കുക

ഈ സംഘം ദുർബല വിഭാഗങ്ങൾക്ക് വീടുകൾ വെക്കാൻ സാമ്പത്തിക സഹായം

നൽകുകയും ഇടത്തരക്കാർക്ക് വായ്പാ സൗകര്യമുണ്ടാക്കുകയും ചെയ്യുക

ചിലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് പഞ്ചായത്തിൽ പിശീലനം നൽകുക

കക്കൂസ് നിർമ്മിക്കാൻ ബഹുജനപങ്കാളിത്തമുള്ള പദ്ധതി

കോളനികളിൽ ബാലവാടി, തൊഴിൽ പരിശീലന കേന്ദ്രം, ആരോഗ്യകേന്ദ്രം ഇവ സ്ഥാപിക്കുക

ഓല മേഞ്ഞ വീടുകൾ ഓടുവെക്കാനുള്ള പദ്ധതി

കുടിലുകൾ മാറ്റിപ്പണിയുന്ന പരിപാടി

കുളിമുറി നിർമ്മിക്കാനുള്ള സഹായം

കട്ട വീടുകൾക്ക് നികുതിയിളവ്

കെട്ടിട നിർമ്മാണ വസ്തുക്കൾ പ്രാദേശികമായി ലഭ്യമാവുന്ന തരത്തിൽ വിപണന കേന്ദ്രങ്ങൾപഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക

5 സെൻറിൽ കുറഞ്ഞ ഭൂമിയുള്ളവർക്ക് വീട് വെക്കാൻ ഉതകുന്ന രീതിയിൽ ചട്ടം ഇളവു ചെയ്യുക

ഭവന നിർമ്മാണ വായ്പാ സൗകര്യങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാവുന്ന സംവിധാനം

സിമൻറ് കട്ടകൾ പോലുള്ള കെട്ടിട നിർമ്മാണ വസ്തുക്കൾ പ്രാദേശികമായി നിർമ്മിക്കുന്നതിന് പ്രോത്സാഹനം

പുകശല്യം കുറഞ്ഞ അടുപ്പുകൾ പ്രചരിപ്പിക്കുക

4-ാം വാർഡിലെ മംഗലോറ മലയിൽ തരിശായി കിടക്കുന്ന സ്ഥലത്ത് സ്വന്തമായി വീടില്ലാത്തവർക്ക് വീടുണ്ടാക്കുന്നതിന് സൗകര്യം കൊടുക്കണം

ലക്ഷംവീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന പദ്ധതി

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുക

കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതി

അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വീടുകൾക്കും ലഭ്യമാക്കാനുള്ള പദ്ധതി

അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സർവ്വീസ് സംഘങ്ങൾ

തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം

അന്യ നാട്ടിൽ നിന്ന് വന്ന് താമസിക്കുന്നവരുടെ കേന്ദ്രങ്ങളിൽ പൊതു കക്കൂസ് പോലുള്ള സൗകര്യങ്ങൾ ഓർമ്മപ്പെടുത്താനുള്ള സംവിധാനം

ദുർബല ജനവിഭാഗങ്ങൾക്ക് വീട് വെക്കാനുള്ള ധനസഹായം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാനുള്ള സംവിധാനം

വീടില്ലാത്തവരും മൂന്നോ നാലോ സെൻറ് ഭൂമി മാത്രം സ്വന്തമായുള്ളവരുമായവർക്ക് പഞ്ചായത്തിൽ പേർ രജിസ്റ്റർ ചെയ്ത് വീട് വെക്കാനുള്ള സഹായം ലഭ്യമാക്കാനുള്ള സംവിധാനം

മണ്ണൊലിപ്പിൽ നിന്ന് സംരക്ഷണം

ആലിയംപുറത്ത് ലക്ഷംവീട് കിണറിന് ആഴം കൂട്ടി റിംഗ് താഴ്ത്തിയാൽ വേനലിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാം

# സാമൂഹ്യക്ഷേമം

1992-ലെ IRDP സർവെ പ്രകാരം വില്ല്യാപ്പള്ളി പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി 1922 കുടുംബങ്ങളാണുള്ളത്. ഇതിൽ 9 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപെടുന്നു. മൊത്തം കുടുംബങ്ങളിൽ ഇതുവരെയായി 213 കുടുംബങ്ങൾക്കാണ് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളത്. ഇതിൽ 31 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നതാണ്. സാമ്പത്തികസഹായം ലഭിച്ചതിൽ 171 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായി വിലയിരുത്തപ്പെട്ടത്. അതായത് 8.89%.

| IRDP സർവെ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ Sc/ST കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു മുകളിലെത്തിയവർ | ദാരിദ്ര്യ രേഖക്കു താഴെ |
|---|---|---|---|---|---|
| 1922 | 9 | 213 | 31 | 171 | 1751 |

ഈ സർവെ പ്രകാരം തിരഞ്ഞെടുക്കപ്പെടാത്തവരായി അർഹതയുള്ളവരും ദാരിദ്ര്യരേഖക്കു താഴെ ജീവിക്കുന്നവരുമായ കുടുംബങ്ങൾ പഞ്ചായത്തിൻെറ പല വാർഡുകളിലുമുണ്ട്.

ട്രൈസം തൊഴിൽ പരിശീലനം നേടിയ 50 പേരാണ് പഞ്ചായത്തിലുള്ളത്. ഈ വർഷം 14 പേർ പരിശീലനം നടത്തുന്നുണ്ട്. നേരത്തെ തൊഴിൽ പരിശീലനം നേടിയ 50 പേരും അതാത് തൊഴിലുകളിലേർപ്പെട്ടിരിക്കുന്നു

| പരിശീലനം നേടിയ വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ |
|---|---|---|
| പ്ലാസ്റ്റിക് വർക്ക്സ് | 2 | 2 |
| പ്രിൻറിംഗ് ആൻറ് കമ്പോസിംഗ് | 4 | 4 |
| സോപ്പ് നിർമ്മാണം | 3 | 3 |
| വയറിംഗ് | 6 | 6 |
| ഡ്രൈവിംഗ് | 1 | 1 |
| റേഡിയോ ആൻറ് ടി.വി റിപ്പയറിംഗ് 2 | 2 | |
| ടൈലറിംഗ് ആൻറ് ഗാർമെൻറ്സ് നിർമ്മാണം | 25 | 25 |
| ഓട്ടോ മെക്കാനിക്ക് | 2 | 2 |
| പ്ലംബിംഗ് | 1 | 1 |
| ഇലക്ട്രോണിക്സ് | 3 | 3 |

DWCRA പ്രകാരം 6 തൊഴിൽ സംരംഭങ്ങൾ വില്ല്യാപ്പള്ളി പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം വളരെ നല്ല നിലയിലും മൂന്നെണ്ണം തൃപ്തികരമായും ഒന്ന് ഭാഗികമായും പ്രവർത്തിക്കുന്നുണ്ട്. മൊത്തം 64 സ്ത്രീകൾ ഈ പദ്ധതിയിലൂടെ തൊഴിൽ നേടിയിട്ടുണ്ട്. RAP പ്രകാരം 46 പേർക്ക് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്തതായി കാണുന്നു.

പൊതുവെ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു. ഇത്തരം പരിപാടികൾക്ക്പുറമെ വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷനുകളും ധനസഹായങ്ങളും പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്. പഞ്ചായത്തിൽ വിവിധ സഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പട്ടികയിൽ കൊടുക്കുന്നു. ഇത്തരം ധനസഹായങ്ങൾക്ക് അർഹതയുള്ളവർ ഇനിയും പഞ്ചായത്തിലുണ്ട്.

| | |
|---|---|
| വാർധക്യകാല പെൻഷൻ | 26 |
| വിധവാ പെൻഷൻ | 193 |
| തൊഴിലില്ലായ്മാ വേതനം | 75 |
| കർഷക തൊഴിലാളി പെൻഷൻ | 234 |

സാമൂഹ്യക്ഷേമ വകുപ്പിൻെറ നേതൃത്വത്തിൽ മഹിളാ സമാജങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന 4 ബാലവാടികളും 4 ഫീഡിംഗ് സെൻററുകളുമാണ് പഞ്ചായത്തിലുള്ളത്. ഇവ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണ്. മഹിളാ സമാജങ്ങൾ മിക്കവാറും പ്രവർത്തനരഹിതമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സഹായം ലഭിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതാണ്. ഇക്കൂട്ടത്തിൽ വൃദ്ധജനങ്ങൾക്ക് ലഭിക്കുന്ന സഹായം വളരെ പരിമിതമാണ്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ സ്ഥാപനവും പഞ്ചായത്തിലുണ്ട്. വില്ല്യാപ്പള്ളിയിലെ തൻവീറുൽ ഇസ്ലാം യത്തീം ഖാന.

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ നിന്നും ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ ധാരാളമുണ്ട്. ഇവ പഞ്ചായത്തിൻെറ സാമ്പത്തികാവസ്ഥയിൽ മുഖ്യ പങ്ക് വഹിക്കേണ്ടവരാണ്. ഗൾഫ് പോലെ വിദേശ രാജ്യങ്ങളിൽ നിന്ന് തിരിച്ചെത്തുന്നവർ നാട്ടിൽ ഒരുപാടു പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നിയമപരമായുള്ളതും പുനരധിവാസത്തിൻെറതുമായ ഈ പ്രശ്നങ്ങൾ സജീവമായി പരിഗണിക്കപ്പെടേണ്ടതാണ്.

**പ്രശ്നങ്ങൾ**

ധനസഹായത്തിനും പെൻഷനുകൾക്കും അർഹരായവർ ഇനിയുമുണ്ട്

പഞ്ചായത്തിൽ ടെയിലറിങ് അറിയാവുന്ന പെൺകുട്ടികളുണ്ടെങ്കിലും സ്വന്തമായി തയ്യൽ യന്ത്രം വാങ്ങാൻ സാധ്യമല്ലാത്ത അവസ്ഥ

മത്സ്യവിൽപനത്തൊഴിലുകാർക്ക് ക്ഷേമനിധി സൗകര്യമില്ല

കൈത്തറി മേഖലയിൽ തൊഴിൽ എടുക്കുന്നവർക്ക് തറി സംരക്ഷിക്കാൻ ആവശ്യമായ കൂര നിർമ്മിക്കാൻ കഴിയുന്നില്ല.

ഇല്ലത്തുതാഴ ബാലവാടി (3-ാം വാർഡ്) വളരെ ശോചനീയാവസ്ഥയിലാണ്

പെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ല

ധനസഹായത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരും പെൻഷനുകളെപ്പറ്റി അറിയാത്തതുകൊണ്ട് അർഹതയുണ്ടായിട്ടും അപേക്ഷ നൽകാത്തവരും ധാരാളമുണ്ട്

കക്കൂസ് ഇല്ലാത്ത ധാരാളം വീടുകളുണ്ട്

പുലരി ബാലവാടി (7-ാം വാർഡ്) റോഡരികിലായതിനാലും ചുറ്റുമതിലില്ലാത്തതിനാലും അപകടസാധ്യതയുണ്ട്

അരകുളങ്ങര ബാലവാടി (7-ാം വാർഡ്)യിൽ കളിസ്ഥലം ഇല്ല

വിദേശത്തു ജോലി ചെയ്ത് പാസ്പോർട്ട് നഷ്ടപ്പെട്ട് ഔട്ട്പാസുമായി തിരിച്ചുവരുന്നവർക്ക് വീണ്ടും പാസ്പോർട്ട് ലഭിക്കാനുള്ള പ്രയാസം

പൊതു സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ ഇല്ല

കെട്ടിട സൗകര്യമില്ലാത്തതിനാൽ പ്രവർത്തിക്കാത്ത ഒരു ഫീഡിംഗ് സെൻറർ (11-ാം വാർഡ്)

**സാധ്യതകൾ**

ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണത്തിനും സഹായങ്ങൾ ചെയ്യാനും വാർഡുതലത്തിൽ സാമൂഹ്യക്ഷേമ സമിതി

പഞ്ചായത്ത് പ്രസിഡണ്ട് ദുരിതാശ്വാസ നിധി സമാഹരിച്ച് അത്യാഹിതസമയങ്ങളിൽ സഹായമെത്തിക്കുക

മൈക്കുളങ്ങരത്താഴ ബാലവാടിക്കു പറ്റിയ സ്ഥലമുണ്ട്

എല്ലാ വീടുകളിലും കക്കൂസും നിർമ്മിക്കാനുള്ള പദ്ധതി

നിലവിലുള്ള ബാലവാടികളുടെ ഭൗതിക സാഹചര്യങ്ങളും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുക

ബാലവാടി ജീവനക്കാരുടെ വേതന വ്യവസ്ഥ മെച്ചപ്പെടുത്തുക

മഹിളാ സമാജങ്ങൾ വാർഡുതലത്തിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക

പെൻഷനുകൾ വിതരണം ചെയ്യുന്നത് ഗ്രാമ പഞ്ചായത്തിലൂടെയാക്കുക

വിദേശത്തു നിന്ന് തൊഴിൽ നഷ്ടപ്പെട്ടു വരുന്നവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി

വികലാംഗർക്ക് ജോലി സാധ്യതകൾ കണ്ടെത്താനും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുമുള്ള പദ്ധതി

DWCRA യൂനിറ്റുകൾ വ്യാപിപ്പിക്കുക

ബാലവാടികൾ ഇല്ലാത്ത വാർഡുകളിൽ ബാലവാടികൾ സ്ഥാപിക്കുക

തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള പരിപാടി

കരിങ്കൽ ക്വാറി പോലുള്ള തൊഴിൽ മേഖലകളിൽ തൊഴിൽപരമായ നിശ്ചലാവസ്ഥ വേഗത്തിൽ പരിഹരിക്കാനുള്ള സംവിധാനം

പഞ്ചായത്തിനെ ICDS പദ്ധതിയിൽ ഉൾപ്പെടുത്തൽ

പൊതു ശ്മശാനം നിർമ്മിക്കുക

പഞ്ചായത്തിൽ ഉള്ള മൺപാത്ര നിർമ്മാണത്തൊഴിലാളികളെ ഉപയോഗിച്ച് എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പ് എത്തിക്കാനുതകുന്ന രീതിയിൽ പുകയില്ലാത്ത അടുപ്പിൻെറ മോൾഡ് നിർമ്മിക്കുന്ന പദ്ധതി.



# സാംസ്കാരം

8

ഒരു പ്രദേശത്തിൻെറ സാംസ്കാരികമായ വളർച്ചയുടെ സൂചകങ്ങളായ ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ അംഗബലത്തിൽ വില്ല്യാപ്പള്ളി പഞ്ചായത്ത് ഏറെ മുന്നിലാണ്. വടക്കൻപാട്ടിൻെറ ഈറ്റില്ലമായ ലോകനാർകാവ്, മേമുണ്ട, വില്ല്യാപ്പള്ളി എന്നീ പ്രദേശങ്ങൾ വില്ല്യാപ്പള്ളി പഞ്ചായത്തിലാണ്. മേമുണ്ടയിലെ ടി.എച്ച്. കുഞ്ഞിരാമൻ നമ്പ്യാർ സമാഹരിച്ച 'മതിലേരി കന്നി' എന്ന നാടൻപാട്ടുകാവ്യം വി.ടി. കുമാരൻ മാസ്റ്ററുടെ പഠനകുറിപ്പോടെ കേരള സാഹിത്യ അക്കാദമി 1979-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുമ്പ് നെൽപ്പാടങ്ങളിൽ നെൽകൃഷിയോടൊപ്പം മുഴങ്ങികേട്ടിരുന്ന നാടോടിപ്പാട്ടുകൾ ഇന്നു കേൾക്കാനില്ല. ഗ്രാമീണരുടെ കലാരൂപമായ തച്ചോളിക്കളി, പൂരക്കളി എന്നിവയിൽ പരിശീലനം സിദ്ധിച്ച പ്രായമുള്ള ഒരു തലമുറ ഈ പഞ്ചായത്തിൽ ഇന്നുമുണ്ട്. പ്രശസ്തരായ കഥകളി ആചാര്യന്മാരും കഥകളി സംഘങ്ങളും നമ്മുടെ നാട്ടിലുണ്ടായിരുന്നു. മുസ്ലിം കലാരൂപങ്ങളായ മാപ്പിളപ്പാട്ട്, ദഫ്മുട്ട്, അറവനമുട്ട്, മാപ്പിള കോൽക്കളി എന്നീ കലാരൂപങ്ങൾ ഒരുകാലത്ത് എല്ലായിടത്തും നല്ല രീതിയിൽ അവതരിപ്പിക്കപ്പെട്ടിരുന്നു. നെൽവയലുകളിൽ കൊയ്ത്തിനു ശേഷം ഇടവിളയായി വെള്ളരികൃഷി ചെയ്തിരുന്ന കാലത്ത് വെള്ളരി പന്തലുകളിൽ രാത്രികാലങ്ങളിൽ നടത്തിയിരുന്ന കലാപ്രകടനങ്ങൾക്ക് നാടിൻെറ രുചിയും ഗന്ധവുമുണ്ടായിരുന്നു. കാർഷികവൃത്തി കുറഞ്ഞതോടുകൂടി വയലുകളിൽ നിന്ന് ഈ കലാരൂപങ്ങളും അപ്രത്യക്ഷമായി. കളരിപ്പയറ്റിലും ആയോധനകലയിലും പേരുകേട്ട കടത്തനാടിൻെറ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ ഈ പഞ്ചായത്തിലും നിരവധി പേരുണ്ടായിരുന്നു. ചരിത്രമുറങ്ങി കിടക്കുന്ന 'ലോകമലയാർകാവും' ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനംപിടിച്ച 'മുത്തപ്പൻ പയംകുറ്റിമലയും' ഈ പഞ്ചായത്തിൻെറ അഭിമാനമാണ്. ഓണാഘോഷവുമായി ബന്ധപ്പെട്ടു നടത്തിയിരുന്ന കലാരൂപങ്ങൾ-ഓണപ്പൊട്ടൻ, അത്തച്ചമയം, പൂവിളി എന്നിവയ്ക്കും ഇന്നു മങ്ങലേറ്റിരിക്കുന്നു. പഞ്ചായത്തിനകത്തു വിവിധ ക്ഷേത്രങ്ങളിൽ നടന്നുവരുന്ന തെയ്യം, തിറ എന്നീ കലാരൂപങ്ങൾ നാനാജാതി മതസ്ഥരെ ആകർഷിക്കുന്നുണ്ട്. വിപുലമായ ഗ്രാമീണ ജനതയുടെ ഒത്തുചേരൽ, പ്രാദേശികമായി വിഭവം കണ്ടെത്തൽ, നാടൻകലകളോടുള്ള ജനങ്ങളുടെ അഭിനിവേശം എന്നിവ ഈ പരിപാടിയുടെ മേന്മയായിരുന്നു. വൃശ്ചികമാസത്തിൽ ലോകനാർകാവ് ക്ഷേത്രത്തിൽ മാസം മുഴുവൻ നീണ്ടുനിൽക്കുന്ന ക്ഷേത്ര ഉത്സവാഘോഷങ്ങളും കലാപരിപാടികളും ആസ്വദിക്കുവാൻ ഈ പ്രദേശത്തുനിന്നു മാത്രമല്ല മറ്റു പ്രദേശങ്ങളിൽ നിന്നും നിരവധി പേർ എത്താറുണ്ട്.

ഈ പഞ്ചായത്തിൽ പത്തോളം വായനശാലകളും ഇരുപത്തേഴ് കലാസമിതികളും ക്ലബ്ബുകളും നിലവിലുണ്ട്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും തൃപ്തികരമല്ലാത്ത നിലയിൽ പ്രവർത്തിക്കുന്നവയും ഇക്കൂട്ടത്തിലുണ്ട്. വില്ല്യാപ്പള്ളിയിലെ ജയകേരള കലാവേദി, സുന്ദരകലാസമിതി എന്നിവ ഈ രംഗത്ത് ശോഭിച്ചവയായിരുന്നു. ലോകനാർകാവിൽ പ്രവർത്തിക്കുന്ന ടാഗോർ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം ഗ്രന്ഥശാല പ്രവർത്തനത്തിന് മാതൃകയായി വർത്തിക്കുന്നു. മേൽപറഞ്ഞ കലാസമിതികളിലൂടെയും പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്ന മറ്റു കലാസമിതികളിലൂടെയും അഭിനയരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളും ഈ

പഞ്ചായത്തിലുണ്ട്. നാടകരംഗത്തെപ്പറ്റി പറയുമ്പോൾ ഇന്നും ഓർക്കാൻ കഴിയുന്ന ദേഹമാണ് ശ്രീ. പി. കൃഷ്ണക്കുറുപ്പ് മാസ്റ്റർ. കേരള സംഗീത നാടക അക്കാദമിയുടെ വൈസ് ചെയർമാൻ എന്ന ഉന്നത പദവിയിലിരുന്നപ്പോഴും തൻെറ പ്രദേശത്തെ കലാ-സാംസ്കാരിക-സാമൂഹ്യപ്രവർത്തനങ്ങൾക്ക് അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

വാർഷിക പരിപാടിയിൽ മാത്രം ലക്ഷ്യമിട്ട് നടന്നുപോരുന്ന കലാസമിതി പ്രവർത്തനങ്ങൾ അവയുടെ ഉദ്ദേശ്യങ്ങളിൽ നിന്നകന്നുപോകുന്നു. ഗ്രന്ഥാലയങ്ങൾ രണ്ടുമൂന്നെണ്ണ മൊഴിച്ചുനിർത്തിയാൽ മറ്റുള്ളവയുടെ പ്രവർത്തനവും തൃപ്തികരമല്ല. വായനക്കാർക്കുള്ള പുസ്തക വിതരണ സമ്പ്രദായം കാര്യക്ഷമമല്ലെന്നു കാണുന്നു. ഇടക്കാലത്തായി വായനക്കാരിൽ വന്ന എണ്ണക്കുറവ് ഈ രംഗത്ത് സംഭവിച്ച അപചയം വ്യക്തമാക്കുന്നു. പഞ്ചായത്തിനകത്ത് വ്യാപകമായി കാണുന്ന ടെലിവിഷൻ വായനാശീലത്തെ കാര്യമായി ബാധിച്ചിരിക്കുന്നു എന്ന അഭിപ്രായമുണ്ട്. ഗൗരവപൂർണ്ണമായ വായനയും ആഴത്തിലുള്ള ചർച്ചകളും ഗ്രന്ഥാലയങ്ങളിൽ ഇന്നു കാണുന്നില്ല. സാംസ്കാരിക സ്ഥാപനങ്ങളുടെ വളർച്ചക്ക് ആ പ്രദേശത്തുള്ള എല്ലാ ആളുകളുടെയും പിൻതുണയും സഹകരണവും ഉറപ്പുവരുത്തേണ്ടത് നിലനിൽപ്പിനു തന്നെ ആവശ്യമാണ്. വിഭാഗീയ പ്രവർത്തനങ്ങൾ ദോഷം ചെയ്യുകയേ ഉള്ളൂ. ഒന്നാംഘട്ട സാക്ഷരതാ പരിപാടിയോടനുബന്ധിച്ച് പഞ്ചായത്തിൽ നിലവിൽ വന്ന രണ്ട് ജനശിക്ഷൺ നിലയങ്ങൾ ഒന്ന് വില്ല്യാപ്പള്ളിയിലും മറ്റൊന്ന് മേമുണ്ടയിലും സ്ഥിതിചെയ്യുന്നു. ഇവയുടെ പ്രവർത്തനം, നടത്തിപ്പ് വേണ്ടതായ രീതി കൈവരിച്ചിട്ടില്ല. മേമുണ്ടയിലെ സാംസ്കാരികനിലയം പഞ്ചായത്തു വകയായി നിർമ്മിച്ചതാണ്.

18 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. 11 എൽ.പി. സ്കൂളുകൾ, 5 യു.പി. സ്കൂളുകൾ, 1 ഹൈസ്കൂൾ, 1 ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ ഈ പഞ്ചായത്തിലുണ്ട്. വില്ല്യാപ്പള്ളി യു.പി. സ്കൂളിൽ ഈയടുത്തായി സ്ഥാപിതമായ സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം മാതൃകാപരമാണ്. പൊതുജനങ്ങളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിലൂടെ ആരംഭിച്ച ഈ ലൈബ്രറി ഇനിയും വളർച്ചയുടെ പടവുകൾ കയറാനിരിക്കുന്നതേയുള്ളു. ലോകനാർകാവിൽ പ്രവർത്തിച്ചുവരുന്ന ജനകീയ ചലച്ചിത്ര സമിതിയുടെ പ്രവർത്തനം ഇന്ന് പ്രതിസന്ധിയിലാണ്. പഞ്ചായത്തിനു മുഴുവൻ മാതൃകയാകേണ്ട ഈ സംരംഭത്തിൻെറ വിശാലമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടതാണ്. സിനിമ എന്ന ദൃശ്യമാധ്യമത്തെ ജനങ്ങളിലേക്ക് കൂടുതൽ ബന്ധപ്പെടുത്താനും ഈ മാധ്യമത്തിൻെറ സാധ്യതകൾ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാനും പുതിയ ഒരു ആസ്വാദന സംസ്കാരം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ സമയബന്ധിതവും മൂർത്തവുമായിരിക്കണം. വീഡിയോയുടെ സാധ്യതകളും ഇന്ന് ഏറെ പ്രസക്തമാണ്. നമ്മുടെ പഞ്ചായത്തിലാകട്ടെ ഇന്ന് ഒരൊറ്റ സിനിമാ ടാക്കീസ് (ആരാധന) മാത്രമേ പ്രവർത്തിക്കുന്നുള്ളു.

സാംസ്കാരികമായി ഉണർത്തേണ്ട ജനതയുടെ ആവശ്യങ്ങൾക്കു മുന്നിൽ ഇത്തരം സമിതികളുടെ പ്രവർത്തനങ്ങൾ ഇനിയും വളരേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്കാരത്തിനും പൈതൃകത്തിനും നിരക്കാത്ത രീതിയിലുള്ള ചില പ്രവർത്തനങ്ങൾ ഈ രംഗത്തെ അപചയപ്പെടുത്താനെ സഹായിക്കുന്നുള്ളൂ. മദ്യപാനം, പണംവെച്ചുള്ള ശീട്ടുകളി, കൊള്ളപ്പലിശക്ക് പണം കടംകൊടുക്കൽ എന്നീ വൈകൃതങ്ങൾ നമ്മുടെയിടയിൽ നിന്നും നിർമ്മാർജ്ജനം ചെയ്യണമെന്നു എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്. അതേപോലെ തന്നെ ഗൗരവമായ, സജീവശ്രദ്ധ അർഹിക്കേണ്ട ഒരു രംഗമാണ് വിവാഹത്തോടനുബന്ധിച്ചുള്ള പാഴ്ച്ചിലവും ധൂർത്തും. വിവാഹാനന്തരം പാപ്പരായി മാറിയ എത്രയോ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പ്രാദേശികമായ അഭിപ്രായ സമന്വയങ്ങൾ, കൂട്ടായ ചർച്ചകൾ, ബോധവൽക്കരണങ്ങൾ

എന്നിവയിലൂടെ യോജിച്ച ഒരു തീരുമാനം ഈ മേഖലയിൽ ആവശ്യമാണ്. വളരെ ഗൗരവമായി കാണേണ്ട മറ്റൊരു വിഷയമാണ് യുവാക്കൾക്കിടയിൽ വർദ്ധിക്കുന്നു. ലഹരി-മയക്കുമരുന്നുകളുടെ ഉപയോഗം; ലൈംഗികമായ അരാജകത്വം എന്നിവ.

വോളിബോൾ കളിയുടെ ഈറ്റില്ലമായിരുന്ന വടകരയുടെ പാരമ്പര്യം വില്ല്യാപ്പള്ളി പഞ്ചായത്തിനു കൂടി അവകാശപ്പെട്ടതാണ്. പഴയ തലമുറയിൽപെട്ട പ്രഗത്ഭരായ വോളിബോൾ താരങ്ങൾ ഇന്നും നമ്മുടെയിടയിൽ ജീവിക്കുന്നുണ്ട്. നെൽപ്പാടങ്ങളില്ലാതായതോടു കൂടി കളിസ്ഥലവും നഷ്ടപ്പെട്ട അവസ്ഥയാണ് വോളിബോൾ കളിയെ ഗ്രാമങ്ങളിൽ നിന്നും എടുത്തു മാറ്റാൻ കാരണം. എങ്കിലും പരിമിതമായ സൗകര്യങ്ങൾക്കിടയിലും അങ്ങിങ്ങായി വോളിബോൾ കളിയും മത്സരങ്ങളും നടത്താറുണ്ട്. ചിട്ടയായ പരിശീലമില്ലായ്മ ഈ രംഗത്ത് തളർച്ച ഉണ്ടാക്കാനേ സഹായിച്ചിട്ടുള്ളൂ. ബാൾ ബാറ്റ്മിൻറൺ, ഷട്ടിൽ ബാറ്റ്മിൻറൺ എന്നീ കളികളും പഞ്ചായത്തിൽ അപൂർവ്വമായി കളിച്ചുവരുന്നു. ക്രിക്കറ്റിനോടുള്ള അമിതാഭിമുഖ്യം മറ്റെല്ലാ കളികളെയും ക്ഷീണിപ്പിക്കുകയാണ് ചെയ്തത്. മയ്യന്നൂരിനടുത്തായി പഞ്ചായത്ത് 114 സെൻറ് ഭൂമി ഇൻഡോർ സ്റ്റേഡിയത്തിന് നീക്കിവെച്ചിട്ടുണ്ട്.

മേമുണ്ടയിൽ പ്രവർത്തിക്കുന്ന കരാട്ടെ പരിശീലനം ഈ പഞ്ചായത്തിൽ ഈ രംഗത്ത് ഒരൊറ്റപ്പെട്ട സംരംഭമാണ്. യുവാക്കളുടെ കായികമായ പോഷണത്തിനു വേണ്ടി മുമ്പുണ്ടായിരുന്ന കളരികൾ ഇന്നു അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കാലഹരണപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായ്തതിൻെറ പടവുകളിലൂടെയുള്ള സഞ്ചാരം, സ്വന്തമായി തൊഴിൽ ചെയ്യാനോ, അതിനുള്ള ആത്മവിശ്വാസം നേടിക്കൊടുക്കാനോ യുവതലമുറക്ക് ഇന്നു ലഭിക്കുന്നില്ല. നിയതമായ ദിശാബോധമില്ലായമ ഈ രംഗത്ത് അസന്തുഷ്ടിയുടെ വിത്തു പാകാനേ സഹായിച്ചിട്ടുള്ളു. ഇവിടെയാണ് നാട്ടിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രസക്തിയും നിലനിൽപ്പും അർത്ഥപൂർണ്ണമാകുന്നത്.

**പ്രശ്നങ്ങൾ**

വായനശാലകളും ഗ്രന്ഥാലയങ്ങളും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല

ഗ്രാൻറുകൾ വാങ്ങാൻ വേണ്ടി മാത്രം നിലകൊള്ളുന്ന കലാസമിതികൾ പ്രദേശത്തിന് ഒരു ഗുണവും ചെയ്യുന്നില്ല

പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ല

ടെലിവിഷൻെറ അതിപ്രസരം യുവാക്കളുടെ പൊതു-സാമൂഹ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു. ആവർത്തിച്ചുറപ്പിക്കുന്ന പരസ്യങ്ങൾ പുത്തൻ ഉപഭോഗസംസ്കാരം സൃഷ്ടിക്കുന്നു

വീടിൻെറ ചുമതല വഹിക്കേണ്ടിവരുന്ന സ്ത്രീകൾക്ക് പൊതു പരിപാടികൾ, സാമൂഹ്യമായ ഒത്തുചേരൽ എന്നിവക്ക് സമയം കിട്ടുന്നില്ല

പഞ്ചായത്ത് തലത്തിൽ നടത്തുന്ന കേരളോത്സവത്തിൽ ജനപങ്കാളിത്തം കുറവാണ്

കളിസ്ഥലങ്ങളുടെ പരിമിതി കാരണം കായികരംഗത്തുള്ള തളർച്ച പ്രകടമാണ്. കായിക പ്രതിഭകളെ വളർത്താൻ കഴിഞ്ഞിട്ടില്ല

പഞ്ചായത്ത് സാംസ്കാരിക നിലയത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല

ടൂറിസ്റ്റ് കേന്ദ്രമായ 'പയംകുറ്റിമലക്ക്' അർഹമായ പരിഗണന ലഭിച്ചിട്ടില്ല

പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം പ്രവർത്തനക്ഷമമല്ല

വീടുകളിൽ സ്ത്രീകൾക്ക് അനുഭവപ്പെടുന്ന ജോലിഭാരം സാംസ്കാരിക- സാമൂഹ്യപ്രവർത്തനത്തിന് തടസ്സംനിൽക്കുന്നു.

വിവാഹത്തോടനുബന്ധിച്ച് നടക്കുന്ന ധൂർത്തുകൾ കൂടിവരുന്നു

പഞ്ചായത്തിൻെറ ലോക്കൽ ലൈബ്രറി സ്ഥിതിചെയ്യുന്നത് തൊട്ടടുത്ത പഞ്ചായത്തിലെ ഒരു കെട്ടിടത്തിലാണ്

എല്ലാ വായനശാലകൾക്കും പത്രമാസികകൾ വാങ്ങാൻ പഞ്ചായത്ത് ധനസഹായം കൊടുക്കുന്നില്ല

അനധികൃത ധനമിടപാടുകൾ, അതു നടത്തുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ സമൂഹത്തിനു ദോഷം ചെയ്യുന്നുണ്ട്

സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലൂടെ സാക്ഷരരാക്കപ്പെട്ടവർ തുടർ വിദ്യാഭ്യാസം

ലഭിക്കാത്തതുമൂലം വീണ്ടും നിരക്ഷര രായിക്കൊണ്ടിരിക്കുന്നു

രാഷ്ട്രീയവും മതപരവുമായ ചേരിതിരിവ് കലാസമിതികളുടെ പ്രവർത്തനങ്ങൾക്ക് ദോഷം ചെയ്യുന്നു

സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നുണ്ട്

സമ്പൂർണ്ണ മദ്യനിരോധനം ആവശ്യമാണ്. വ്യാജവാറ്റ് പഞ്ചായത്തിൽ അങ്ങിങ്ങായി നിലവിലുണ്ട്

ചില പ്രദേശങ്ങളിൽ സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

### സാധ്യതകൾ

പഞ്ചായത്തുതലത്തിൽ ഒരു സാംസ്കാരിക ഉപദേശക സമിതി രൂപീകരിച്ചു പ്രവർത്തി ക്കാവുന്നതാണ്

കലാസമിതികൾക്ക് ഗ്രാൻറ് നൽകുന്നത് പഞ്ചായത്ത് തലത്തിൽ രൂപീകൃതമാകുന്ന സമിതിയുടെ റിപ്പോർട്ട് അനുസരിച്ചായിരിക്കണം

നമ്മുടെ സാംസ്കാരികപൈതൃകവും തനിമയും നിലനിർത്തുന്ന രീതിയിൽ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക

സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഒരു കലണ്ടർ പഞ്ചായത്തു മുൻകൂട്ടി നൽകുക. ഇതിൽ ചർച്ചകൾ, സിമ്പോസിയങ്ങൾ, ബോധവൽക്കരണ ക്ലാസ്, സെമിനാറുകൾ, പ്രാചീന കലകൾ പരിചയപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ദ്ധരുടെ ക്ലാസ്സുകൾ (വടക്കൻപാട്ട്, തച്ചോളിപ്പാട്ട്, പൂരക്കളി, കോൽക്കളി, ബദറ്പാട്ട്, ഒപ്പന, മാപ്പിളപ്പാട്ട്, തെയ്യം മുതലായവ) വീഡിയോ ക്ലാസുകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നമ്മുടേതായ കലകളുടെ പരിശീലനവും നിലനിർത്തലും വേണം. ഉദാ:- കഥകളി, കളരിപ്പയറ്റ്, കോൽക്കളി, മാപ്പിളപ്പാട്ട്, ദഫ്മുട്ട്, അറവനമുട്ട്, ചാക്യാർകൂത്ത്, തുള്ളൽ മുതലായവ

വീട്ടിലെ സ്ത്രീകൾക്ക് വായനക്ക് അവസരം നൽകുന്ന ''ഗൃഹപാരായണ പദ്ധതി'' തുടങ്ങുക. പുസ്തകം വീട്ടിൽ എത്തിച്ചു കൊടുക്കുക. വായിക്കാൻ ഒരാഴ്ച സമയം നൽകുക. ഒരാളെ പുസ്തക വിതരണത്തിനു ചുമതല-ഇയാൾക്ക് വിതരണത്തിനായി 50 വീടുകൾ. പ്രതിമാസ വരിസംഖ്യ അഞ്ചോ പത്തോ രൂപ നിശ്ചയിക്കുക. ഇയാളുടെ പ്രതിഫലം വരിസംഖ്യയിൽ നിന്നു നൽകാവുന്നതാണ്

പഞ്ചായത്ത് യുവജനമേളയുടെ മുന്നോടിയായി വാർഡുതലത്തിൽ മേള നടത്തി തിരഞ്ഞെടുക്കുന്നവരെ പഞ്ചായത്ത് മേളയിൽ പങ്കെടുപ്പിക്കാം. ഇതുവഴി കൂടുതൽ പേർക്ക് അവസരം ലഭിക്കുന്നു

സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

വിദ്യാലയങ്ങളിൽ വ്യക്തിഗുണം വളർത്താനാവശ്യമായതും നേതൃപരിശീലനത്തിന് ഉതകുന്നതുമായ ജൂണിയർ റെഡ്ക്രോസ്, സ്കൗട്ട് എന്നിവ തുടങ്ങാവുന്നതാണ്

എല്ലാ വാർഡുകളിലും വായനശാല സ്ഥാപിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വാർഷിക സുവനീർ പ്രസിദ്ധീകരിക്കുക. എഴുതി തുടങ്ങുന്നവർക്ക് അവസരം നൽകണം

സ്ത്രീകൾക്കു കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം

പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആളുകൾക്ക് സമ്മേളിക്കാനുള്ള പൊതു ഹാളുകളോ കേന്ദ്രങ്ങളോ ഉണ്ടാവണം. സ്കൂളുകൾ ഇല്ലാത്ത വാർഡുകളിൽ ഇതാദ്യം ചെയ്യേണ്ടതാകുന്നു

പഞ്ചായത്തിൽ കുട്ടികൾക്കായി ഒരു പാർക്ക് വേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു വീഡിയോ പ്രദർശന സംവിധാനം വേണം

പഞ്ചായത്തുതലത്തിൽ ഒരു ''നാടൻ കലാ പഠന കളരി'' രൂപീകരിച്ചാൽ പഞ്ചായത്തിനകത്തുനിന്നുതന്നെ പരിശീലകരെ കണ്ടെത്താൻ കഴിയും

പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയത്തിൽ ഒരു ഫുൾടൈം ലൈബ്രേറിയനെ നിയമിക്കണം. ഞായറാഴ്ച

പുസ്തകവിതരണം നടത്താവുന്ന വിധത്തിൽ അവധി ദിവസം ക്രമീകരിക്കുകയും വേണം

മദ്യം, മയക്കുമരുന്ന് ഇവയുടെ ഉപഭോഗത്തിനെതിരായി സന്നദ്ധ സംഘടനകളെ പങ്കാളികളാക്കി ഫീൽഡ് പബ്ലിസിറ്റി ബ്യൂറോ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ക്യാമ്പയിൻ വർക്ക് നടത്തുക

പഞ്ചായത്തു തലത്തിൽ ഒരു വോളിബോൾ ടൂർണ്ണമെൻറ് നടത്താവുന്നതാണ്. ഇതിനു മുന്നോടിയായി വാർഡ് തലത്തിൽ വോളിബോൾ കളിയിൽ താല്പര്യമുള്ളവർക്ക് പരിശീലനം നൽകാവുന്നതാണ്

പഞ്ചായത്തിൽ സാംസ്കാരിക പ്രസിദ്ധീകരണങ്ങളുടെ പ്രദർശനം, പുസ്തകച്ചന്ത എന്നിവ നടത്താവുന്നതാണ്

ടി.വി. പരിപാടികളെ ആസ്പദമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കാം

ഒരു ഗ്രന്ഥശാല സ്ഥാപിക്കാനുള്ള സ്ഥലം അമരാവതിക്കടുത്തുള്ള ടെലിഫോൺ കേബിൾ ജംഗ്ഷനടുത്തുണ്ട് (വാർഡ് 6)

സിനിമ ന്യൂസ് റീലിൽ സാംസ്കാരികമൂല്യം വളർത്തിയെടുക്കാനാവശ്യമായ കലാരൂപങ്ങൾ പ്രദർശിപ്പിക്കാവുന്നതാണ്

പഞ്ചായത്തിനകത്ത് വിവിധ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കുന്നവരെ ആദരിക്കണം. പ്രതിഭകളെ കണ്ടെത്തി വേണ്ടതായ പ്രോത്സാഹനങ്ങൾ നൽകാവുന്നതാണ്

പഞ്ചായത്തിന് ഒരു നാടകസംഘം ഉണ്ടായിരിക്കണം.

9

# വനിതാക്ഷേമം

വില്ല്യാപ്പള്ളി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991-ലെ സെൻസസ് പ്രകാരം 29996 ആണ്. 14613 പുരുഷന്മാരും 15383 സ്ത്രീകളുമാണ്. 1000 പുരുഷന് 1053 എന്നതാണ് സ്ത്രീ അനുപാതം. സംസ്ഥാനത്തിലെപോലെ തന്നെ ഈ പഞ്ചായത്തിലും സ്ത്രീകളുടെ എണ്ണക്കൂടുതൽകൊണ്ട് ഉൽപാദനമേഖലകളിൽ കാര്യമായ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അഭ്യസ്തവിദ്യരായി നിരവധി വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പരമ്പരാഗതമായ ഒരു വിദ്യാഭ്യാസരീതിയിലൂടെ കടന്നുപോവുക എന്നതിലുപരിയായി നിയതമായ ഒരു ലക്ഷ്യബോധം വിദ്യാഭ്യാസംകൊണ്ട് മിക്ക സ്ത്രീകൾക്കും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകൾ ഗൃഹഭരണം കൈയാളുന്ന ഒട്ടേറെ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. തൊഴിൽപരമായി വിദേശത്ത് വസിക്കുന്ന പുരുഷന്മാരുള്ള വീടുകളിൽ വീട്ടുകാര്യങ്ങൾ നോക്കുന്നത് അവിടത്തെ വീട്ടമ്മയായ സ്ത്രീയാണ്. ദൈനംദിന ഗൃഹസംബന്ധിയായ കാര്യങ്ങളിൽ പുരുഷനും സ്ത്രീയും കൂട്ടായി ആലോചിച്ച് തീരുമാനം എടുക്കുന്ന രീതി വളരെ വിരളമാണ്. പഞ്ചായത്തിലുള്ള മൊത്തം 5003 വീടുകളിൽ പുകശല്യം കുറഞ്ഞ അടുപ്പുകൾ ഉള്ളവ വിരലിലെണ്ണാവുന്നവയാണ്. സ്ത്രീകളുടെ ആരോഗ്യസംബന്ധമായ പ്രശ്നങ്ങളിൽ പുകശല്യം കൂടുതലായി ഏൽക്കുന്നതുകൊണ്ടുള്ള രോഗങ്ങൾ നിരവധിയാണെന്ന് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് അറിയാൻ കഴിഞ്ഞു. പക്ഷെ ഈ രംഗത്തുള്ള അജ്ഞത ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ വഴി മാറ്റിയെടുക്കേണ്ടതാണ്. പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിഭാഗത്തിനും വിളർച്ച സംബന്ധമായ രോഗങ്ങൾ കണ്ടുവരുന്നു. വീടുകളിൽ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം പുരുഷനാണെന്നും സ്ത്രീ അതനുസരിക്കാനുള്ള ഒരാൾ മാത്രമാണെന്നുമുള്ള വിശ്വാസം ചില കുടുംബങ്ങളിൽ കണ്ടുവരുന്നു. അഭ്യസ്തവിദ്യരുടെ ഇടയിൽ ഇത് തുലോം കുറവാണ് താനും. മെച്ചപ്പെട്ട സാമൂഹ്യപദവി, സ്ത്രീക്ക് അർഹമായ രീതിയിൽ ലഭിച്ചിട്ടില്ലെന്ന് ഗ്രാമസഭകളിലെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സാമൂഹ്യ പ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തക്കുറവ് സ്ത്രീസമൂഹത്തിന് തന്നെ ദോഷകരമായി ത്തീർന്നിട്ടുണ്ട്. അതുകൊണ്ടു തന്നെ സ്ത്രീകൾക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ എല്ലായ്പ്പോഴും മുന്നിട്ടിറങ്ങേണ്ടിവരുന്നത് പുരുഷൻ തന്നെയാണ്. ഉയർന്ന അവബോധമുള്ള ഒരു സമൂഹത്തിൽ ഇങ്ങനെയല്ല വേണ്ടത്. തങ്ങളുടെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണം കണ്ടെത്താനും അത് പരിഹരിക്കാനും സ്ത്രീക്ക് കഴിയേണ്ടിയിരിക്കുന്നു. സ്ത്രീക്ക് ലഭിക്കുന്ന വിദ്യാഭ്യാസവും സ്വന്തം കാലിൽ നിൽക്കാനുള്ള സ്ത്രീയുടെ ശേഷിയുമാണ് പ്രധാന ഘടകങ്ങൾ.

**ആൺ-പെൺ വിദ്യാർത്ഥി അനുപാതം പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ**

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| എൽ.പി. | 838 | 690 | 1528 |
| യു.പി. | 1171 | 975 | 2146 |
| ഹൈസ്കൂൾ | 1888 | 1766 | 3654 |
| ആകെ | 3897 | 3441 | 7328 |

ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളായി ഈ പഞ്ചായത്തിലെ 18 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 3431 വിദ്യാർത്ഥികൾ അധ്യയനം നടത്തിക്കൊണ്ടിരിക്കുന്നു. ഏതാണ്ട് എല്ലാ പെൺകുട്ടികളെയും വിദ്യാലയങ്ങളിലെത്തിക്കാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് ലഭിക്കുന്ന 209 മുസ്ലിം വിദ്യാർത്ഥിനികൾ ഈ

പഞ്ചായത്തിൽ അധ്യയനം നടത്തിക്കൊണ്ടിരിക്കുന്നു. തുടർച്ചയായ വിദ്യാഭ്യാസം നൽകുന്ന കാര്യത്തിലും കൊഴിഞ്ഞ് പോകാതെ വിദ്യാലയങ്ങളിൽ പെൺകുട്ടികളെ നിലനിർത്താനും ഇനിയും കഴിയേണ്ടതായിട്ടുണ്ട്. ഇതിന് ബോധവൽക്കരണം ആവശ്യമായ മേഖലകളിൽ നടത്തേണ്ടതുണ്ട്.

1991-ൽ കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ ഇൻസ്ട്രക്ടർമാരായി സേവനമനുഷ്ഠിച്ചതിൽ വലിയൊരു ഭാഗം സ്ത്രീകളുണ്ടായിരുന്നു. പക്ഷെ ഒരു തുടർ പ്രവർത്തനമില്ലാത്തതിനാലും പ്രേരണയില്ലാത്തതിനാലും അതോടുകൂടിത്തന്നെ അവസാനിച്ച ഒരു പ്രവർത്തനമായി അത് മാറി.

സ്ത്രീകൾക്ക് ഇന്ന് നേരിടേണ്ടിവരുന്ന പ്രധാന പ്രശ്നം പുരുഷന്മാരിലെ മദ്യപാനം കൊണ്ടുള്ള ദുരിതങ്ങളാണ്. മദ്യത്തിൻെറ എല്ലാ ദുരിതങ്ങളും ആത്യന്തികമായി അനുഭവിക്കേണ്ടി വരുന്നത് സ്ത്രീയാണ്. അസ്വസ്ഥമായ കുടുംബജീവിതം, ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക കഷ്ടപ്പാടുകൾ, മാറാരോഗങ്ങൾ എല്ലാം ആഘാതമേൽപ്പിക്കുന്നത് സ്ത്രീയിലാണ്. അതുകൊണ്ട് തന്നെ വാർഡുകളിലെ ഗ്രാമസഭകളിൽ സ്ത്രീകൾ ഒറ്റക്കെട്ടായി സമ്പൂർണ്ണ മദ്യനിരോധനം വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

സ്ത്രീകൾ സാമൂഹ്യപ്രവർത്തനത്തിന് പോകുന്നത് വീട്ടിലെ പുരുഷൻമാർ ഇഷ്ടപ്പെടുന്നില്ലെന്ന് ചില ഗ്രാമസഭാചർച്ചാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇവിടെയും പുരുഷൻെറ മേൽക്കോയ്മ സ്ത്രീകളിൽ അടിച്ചേൽപ്പിക്കുകയാണ്. കാർഷിക വൃത്തിയിൽ വന്ന അപചയം സ്ത്രീയെ കൂട്ടത്തോടെ ആ രംഗത്തു നിന്നും നിർമ്മാണമേഖലകളിലേക്ക് പറിച്ച് നട്ടിരിക്കുകയാണ്. താരതമ്യേന മെച്ചപ്പെട്ട കൂലിയുള്ളത്കൊണ്ട് അപകടംപിടിച്ചജോലികൾ പോലും ചെയ്യാൻ സ്ത്രീ ഇന്ന് തയ്യാറാണ്. ഒരു പുരുഷൻെറ മാത്രം വരുമാനം കൊണ്ട് ഒരു കുടുംബം പുലർത്താൻ കഴിയാത്ത അവസ്ഥയായതുകൊണ്ട് തന്നെസ്ത്രീകളും ഇന്ന് തൊഴിൽ മേഖലകളിൽ സ്വമേധയാ ഇറങ്ങിയിരിക്കുന്നു. സേവനമേഖലകളിൽ സ്ത്രീകൾ ഇന്ന് കൂടുതലായി സേവനമനുഷ്ഠിച്ചുവരുന്നു. പഞ്ചായത്തിലെ പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ മൊത്തം 165 അധ്യാപകരിൽ 78 പേർ സ്ത്രീകളാണ്.

തോടന്നൂർ ബ്ലോക്കിൻെറ കീഴിൽ D.W.C.R.A സ്കിം പ്രകാരം 6 തൊഴിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. രണ്ടാം വാർഡിലെ ഡയറി യൂണിറ്റ്, പുതുമ ഗാർമെൻറ്സ് മൂന്നാം വാർഡിലെ ജനപ്രിയ ഗാർമെൻറ്സ്, 8-ാം വാർഡിലെ ഗ്രാമീണ വനിതാ ശിശുവികസന കേന്ദ്രം, 9-ാം വാർഡിലെ പ്രിയദർശിനി ഡയറി യൂണിറ്റ് , പതിനൊന്നാം വാർഡിലെ ഫ്രണ്ട് സ് മെറ്റൽ ക്രഷിംഗ് യൂണിറ്റ് എന്നി വ ഈ സ്കീം പ്രകാരം പ്രവർത്തിക്കുന്നതാണ്. മൊത്തം 64 സ്ത്രീകൾ ഈ പദ്ധതിയുമായി പ്രവർത്തിക്കുന്നു. ഇവിടങ്ങളിലെ പ്രധാന പ്രശ്നം ഉല്പന്നങ്ങൾക്കുള്ള വിപണി കണ്ടെത്തലാണ് വിപണന മേഖലകൾ കണ്ടെത്താൻ സഹായം ആവശ്യമാണെന്ന് ചർച്ചകളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ വിവിധ പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്ന 193 പേരുണ്ട്. 1991-ലെ സെൻസസ് പ്രകാരം ഇവിടെ പട്ടികജാതിയിൽപ്പെട്ട 343 വനിതകളുണ്ട്.

സ്ത്രീകളെ സംബന്ധിക്കുന്ന പ്രധാന പ്രശ്നം സ്ത്രീധനം തന്നെ. സ്വന്തമായി തൊഴിൽമേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീയെ സംബന്ധിച്ചിടത്തോളം അത്ര രൂക്ഷമല്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ മുഖ്യതൊഴിലുള്ള സ്ത്രീകളുടെ എണ്ണം 991 മാത്രമാണ്. ഭാഗിക തൊഴിലുള്ളവരാവട്ടെ 376 ആണ്. ആകെ എണ്ണം 1367 ആണ്. മൊത്തം ജനസംഖ്യയുടെ 8.88% മാത്രമാണ് തൊഴിൽപങ്കാളിത്ത നിരക്ക്. പ്രത്യക്ഷ വരുമാനം നൽകുന്നതൊഴിൽമേഖലയിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തക്കുറവ് വളരെയധികം ശ്രദ്ധപതിയേണ്ട കാര്യമാണ്.

**പ്രശ്നങ്ങൾ**

മുഖ്യ തൊഴിൽ മേഖലയിൽ പ്രാതിനിധ്യക്കുറവ് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സ്ത്രീകൾ നടത്തുന്ന വ്യവസായ സംരംഭങ്ങൾ വിപണികിട്ടാതെ തകർച്ചയെ നേരിടുന്നു.

കുടുംബത്തിൽ സ്ത്രീകളുടെ അദ്ധ്വാനം കൂടുതലാണ്. സ്ത്രീകളുടെ അദ്ധ്വാനം പരിഗണിക്കപ്പെടുന്നില്ല.

സംതൃപ്തമായ കുടുംബജീവിതം ആഗ്രഹിക്കുന്ന സ്ത്രീക്ക് പുരുഷൻമാരുടെ മദ്യപാനശീലം പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

മഹിളാസമാജ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

തൊഴിൽരംഗത്ത് കൂലി നിരക്കിലുള്ള വ്യത്യാസം സ്ത്രീയെ ദോഷകരമായി ബാധിക്കുന്നു. സ്വയം തൊഴിൽ പദ്ധതികൾക്ക് ഇന്നനുഭവിക്കുന്ന സങ്കീർണ്ണതകൾ ഒഴിവാക്കി വായ്പാ സൗകര്യം ഉദാരമാക്കേണ്ടതാണ്.

പി.എച്ച്.സികളിൽ സ്ത്രീകൾക്ക് പ്രത്യേകമായി ഒരു ഡോക്ടറുടെ സേവനം ഇന്ന് ലഭ്യമല്ല.

സ്ത്രീധനപ്രശ്നം

മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന ജനപ്രിയ ഗാർമെൻറ്സിന് സാങ്കേതിക തടസ്സങ്ങളാൽ വൈദ്യുതി ലഭിച്ചിട്ടില്ല.

മൂന്നാം വാർഡിൽ സ്ത്രീകൾ നടത്തുന്ന മിറായി നിർമ്മാണ യൂണിറ്റിന് സ്വന്തമായി ഒരു കെട്ടിടം ആവശ്യമാണ്.

സ്ത്രീയെ ഒരു പരസ്യ വസ്തുവായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പഞ്ചായത്തിൽ സ്ഥാപിക്കുന്നത് നിരോധിക്കണമെന്ന് ഗ്രാമസഭകൾ അഭിപ്രായപെട്ടു.

പുകശല്യം കുറഞ്ഞ അടുപ്പ് പഞ്ചായത്തിൽ ധാരാളം ആവശ്യമുണ്ട്.

വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരയില്ലാത്ത സ്ഥാപനങ്ങളുണ്ട്.

പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.

CPWP പദ്ധതിപ്രകാരം ബാലവാടി വഴി നൽകുന്ന പ്രത്യേക പോഷകാഹാര പദ്ധതികൊണ്ട് ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പ്രതീക്ഷിച്ച ഗുണം ലഭിക്കുന്നില്ല. പ്രവർത്തനങ്ങൾ മഹിളാസമാജങ്ങളാൽ വിലയിരുത്തപ്പെടണം.

**സാധ്യതകൾ**

സ്ത്രീകൾക്കുള്ള തൊഴിൽമേഖല സൃഷ്ടിക്കാനായി എല്ലാ വാർഡിലും മഹിളാസമാജം വഴി തൊഴിൽ പരിശീലനം നൽകാവുന്നതാണ്.

അടുക്കളയിലെ പുക ശല്യം ദക്ഷതകൂടിയ അടുപ്പിൻെറ സ്ഥാപനം വഴി പരിഹരിക്കാം.

പുരുഷന്മാരിലെ മദ്യപാനശീലം നിർത്താനാവശ്യമായ ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.

സ്ത്രീകൾക്കുള്ള തൊഴിൽ സാധ്യതകൾക്കായി പഞ്ചായത്തിൽ ഒരു സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പോലുള്ള സ്ഥാപനങ്ങൾ തുടങ്ങാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ വനിതകളുടെ ക്ഷേമകാര്യങ്ങൾക്കായി ഒരു വനിതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

DWCRA പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഉത്പന്നങ്ങൾക്കുള്ള വിപണി പഞ്ചായത്തിൽതന്നെ കണ്ടെത്താവുന്നതാണ്.

സ്വയംതൊഴിൽ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയാണെങ്കിൽ ഓട്ടോറിക്ഷ വാങ്ങി ഓടിക്കാൻ തയ്യാറായ വനിതകൾ പഞ്ചായത്തിൽ ഉണ്ട്.

തയ്യൽപരിശീലനം ലഭിച്ച നിരവധി യുവതികൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് ധനസഹായം ലഭിക്കുകയാണെങ്കിൽ സഹകരണാടിസ്ഥാനത്തിൽ തൊഴിൽ ചെയ്യാൻ കഴിയും.

വീട്ടുജോലിയോടൊപ്പം തന്നെ ചെയ്യാവുന്ന തൊഴിലുകളായി അടുക്കളത്തോട്ടം, കോഴിവളർത്തൽ എന്നിവയ്ക്കുള്ള സാഹചര്യങ്ങൾ ലഭ്യമാക്കിയാൽ സ്ത്രീക്ക് വരുമാനവും ലഭിക്കുന്നു.

സ്ത്രീകൾക്കുള്ള വായനാശീലം വളർത്താൻ 'സഞ്ചരിക്കുന്ന ലൈബ്രറി' വാർഡ് തലത്തിൽ ആരംഭിക്കേണ്ടതാണ്.

സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുകയും തൊഴിലുമായി ബന്ധപ്പെടുത്തുന്നതിന് ആവശ്യമായ രീതിയിൽ അതു മാറ്റിയെടുക്കേണ്ടതുമാണ്.

വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളെ ശരിയായ ദിശയിൽ നോക്കിക്കാണാനും വിദ്യാർത്ഥികളുടെ അക്കദമീയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താനും കൂടുതൽ സാധിക്കുന്നത് സ്ത്രീകൾക്കാണ്.

സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം

പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ



10

# സഹകരണം

ഈ നൂറ്റാണ്ടിൻെറ പ്രാരംഭഘട്ടത്തിൽ തന്നെ വില്ല്യാപ്പള്ളി പഞ്ചായത്തിലെ പൊന്മേരി, മേമുണ്ട തുടങ്ങിയ സ്ഥലങ്ങളിൽ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ (MPCS-Multi purpose CO-Operative Stores) സ്ഥാപിക്കപ്പെട്ടിരുന്നു. സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പുണ്ടായ ക്ഷാമകാലത്ത് ജനകീയ സഹകരണത്തോടെ നിത്യോപയോഗസാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ച P.C.C. (Producers cum Consumers Co-Operative Society) ഈ പ്രദേശത്ത് സ്ഥാപിക്കപ്പെടുകയുണ്ടായി. ആദ്യകാലത്ത് സ്ഥാപിക്കപ്പെട്ട എം.പി.സി.സികൾ പിന്നീട് ഐക്യ നാണയ സഹകരണ സംഘങ്ങളായി മാറി.

1952-ൽ ആണ് വില്ല്യാപ്പള്ളി പഞ്ചായത്തിലെ ആദ്യത്തെ ക്രെഡിറ്റ് സ്ഥാപനമായ വില്ല്യാപ്പള്ളി സഹകരണ അർബൻ ബാങ്ക് നിലവിൽ വന്നത്. വില്ല്യാപ്പള്ളിയിലെ സഹകരണ അർബൻ ബാങ്ക്, മേമുണ്ട, കുട്ടോത്ത് എന്നിവിടങ്ങളിലെ ഐക്യ നാണയ സഹകരണ സംഘങ്ങൾ ഇവ ആദ്യകാലത്ത് പ്രവർത്തിച്ച സഹകരണ സ്ഥാപനങ്ങളാണ്. ക്ലിപ്തമല്ലാതിരുന്നതുകൊണ്ട് ഒരംഗത്തിൻെറ കടബാധ്യത എല്ലാ അംഗങ്ങളും പങ്കുവെക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. ഇത് ഈ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിരുന്നു.

വില്ല്യാപ്പള്ളി സഹകരണ അർബൻ ബാങ്ക് 1962-ൽ വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തമായി മാറി. പിൽക്കാലത്ത് മേമുണ്ട, കുട്ടോത്ത് സംഘങ്ങൾ ഈ ബാങ്കിൽ ലയിച്ചാണ് ഇന്നത്തെ വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് രൂപംകൊള്ളുന്നത്. ഇന്ന് വില്ല്യാപ്പള്ളിയിൽ സഹകരണ മേഖലയിലുള്ള ഏക ക്രെഡിറ്റ് സ്ഥാപനമാണ് ഈ ബാങ്ക്. കാർഷിക വായ്പ, വീടുനിർമ്മാണ വായ്പ, വ്യവസായ വായ്പ, ഐ.ആർ.ഡി.പി. ലോൺ, കാർഷികേതര ഹ്രസ്വകാല വായ്പ തുടങ്ങി വിവിധ ഇനങ്ങളിലായി ജനങ്ങൾക്ക് സഹായം നൽകുവാൻ ഈ സ്ഥാപനത്തിൽ പദ്ധതികളുണ്ട്. 4068 അംഗങ്ങളാണ് ഇന്ന് ബാങ്കിലുള്ളത്. പൊതുവെ നിക്ഷേപ സാദ്ധ്യത വളരെ കൂടുതലുള്ള ഒരു പ്രദേശമാണ് വില്ല്യാപ്പള്ളി. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന അസംഖ്യം ആളുകളുടെ വരുമാനത്തെ പഞ്ചായത്തിനകത്തുതന്നെ പ്രയോജനപ്പെടുത്താൻ പറ്റുന്ന വിധത്തിൽ നിക്ഷേപ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ ബാങ്കിന് കഴിയണം.

തുണിക്കച്ചവടം, റേഷൻ ഷാപ്പുകൾ, വളം ഡിപ്പോകൾ, പലചരക്കു കടകൾ, വാഹനങ്ങൾ തുടങ്ങിയവ ലാഭകരമായി നടത്തിയും ലാഭ വിഹിതം ബോണസ്സായി അംഗങ്ങൾക്കു നൽകിയും സ്വന്തം കെട്ടിടം ഉണ്ടാക്കിയും ജനവിശ്വാസമാർജ്ജിക്കുവാൻ പ്രാരംഭകാലത്ത് ഈ സ്ഥാപനത്തിന് കഴിഞ്ഞു. എന്നാൽ ഇന്ന് വ്യവസ്ഥകളുടേയും സാങ്കേതികത്വത്തിൻെറയും പേരിൽ വായ്പാ സൗകര്യങ്ങളും മറ്റും വൈകുന്നു എന്ന് ജനങ്ങൾക്ക് പരാതിയുണ്ട്. രൂപീകരണഘട്ടത്തിലും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലും ഉണ്ടായിരുന്ന ജനകീയ പിൻബലം ഇന്ന് കാണുന്നില്ല എന്നത് ഒരു വസ്തുതയാണ്.

ക്രെഡിറ്റ് രംഗത്ത് കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ചും വില്ല്യാപ്പള്ളിയിൽ പ്രവർത്തിക്കുന്നു.

1940-കളുടെ ഒടുവിൽ നിലവിൽ വന്ന ഒരു പ്രധാന നോൺ-ക്രെഡിറ്റ് സഹകരണ സ്ഥാപനമാണ് മയ്യന്നൂർ കോ-ഓപ്പറേറ്റീവ്

വീവേഴ്സ് സൊസൈറ്റി. ഇത് ഇപ്പോഴും സജീവമായി പ്രവർത്തിച്ചുവരുന്നു. ലോകനാർകാവ് ക്ഷീരോൽപ്പാദന സഹകരണ സംഘം, മേമുണ്ട സോപ്പ് നിർമ്മാണ സഹകരണ സംഘം, ദിനേശ് ബീഡി സഹകരണ സംഘം ബ്രാഞ്ച് എന്നിവയാണ് വില്ല്യാപ്പള്ളിയിലെ മറ്റ് നോൺ-ക്രെഡിറ്റ് സ്ഥാപനങ്ങൾ. ഇവയൊക്കെ ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

1990-ലാണ് ലോകനാർകാവിലെ ക്ഷീരോൽപ്പാദക സഹകരണ സംഘം രൂപീകരിച്ചത്. ഇന്നിതിൻെറ പ്രവർത്തനം തീരെ തൃപ്തികരമല്ല. ക്ഷീരകർഷകരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ട് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എങ്ങിനെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കേണ്ടതാണ്.

മേമുണ്ടയിലെ സോപ്പ് നിർമ്മാണ സഹകരണ സംഘവും ഇന്ന് പ്രതിസന്ധിയിലാണ്. തങ്ങളുടെ ഉല്പന്നമായ സോപ്പിന് വിപണി കിട്ടാത്തത് ഈ സ്ഥാപനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വില്ല്യാപ്പള്ളിയിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനം ദിനേശ് ബീഡി സഹകരണ സംഘത്തിൻെറ ശാഖയാണ്. ദിനേശ് ബീഡി സംഘത്തിൻെറ പ്രവർത്തനം പഞ്ചായത്ത് പരിധിക്കകത്ത് ഒതുങ്ങുന്നതല്ല.

വിവിധ സ്കൂളുകളിലായി 6 സഹകരണ സംഘങ്ങൾ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം തന്നെ സ്കൂൾതല പ്രവർത്തനങ്ങളിൽ ഒതുങ്ങിനിൽക്കുന്നതാണ്.

കീഴലുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘം, വില്ല്യാപ്പള്ളിയിലെ ഗ്രാമീണ എണ്ണയാട്ട് സഹകരണ സംഘം എന്നിവ ഇന്ന് പ്രവർത്തനമില്ലാത്ത സ്ഥാപനങ്ങളാണ്.

ക്രെഡിറ്റ് മേഖലയിൽ വില്ല്യാപ്പള്ളി പഞ്ചായത്ത് സഹകരണ ബാങ്ക്, നോൺ-ക്രെഡിറ്റ് രംഗത്ത് മയ്യന്നൂർ കോ-ഓപ്പറേറ്റീവ് വീവേഴ്സ് സൊസൈറ്റിയുമാണ് സഹകരണ രംഗത്ത് വില്ല്യാപ്പള്ളിയിൽ അനുഭവപ്പെടുന്ന നിർജ്ജീവാവസ്ഥക്കിടയിലും തെല്ലെങ്കിലും പിടിച്ചുനിൽക്കുന്നത്.

വില്ല്യാപ്പള്ളിയിലെ സഹകരണ മേഖലക്ക് മുമ്പുകാലത്തുണ്ടായിരുന്ന ജനകീയാടിത്തറയും വിശ്വാസവും ഇന്നും പ്രബലമായി തുടരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതേസമയം സഹകരണ മേഖലയുടെ സാദ്ധ്യതകളെയും കരുത്തിനെയും പറ്റി ജനങ്ങൾ ബോധവാന്മാരാണെന്ന് വിവിധ വികസനതുറകളിലെ ഗ്രാമസഭാ നിർദ്ദേശങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സഹകരണ മേഖലയിൽ ജനങ്ങളുടെ ഈ വിശ്വാസം ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് അർപ്പണ ബോധത്തോടെ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ തളർന്നുകിടക്കുന്ന ഈ രംഗത്തെ ഊർജ്ജസ്വലമാക്കാൻ കഴിയും എന്നതിൽ സംശയമില്ല.

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

**എ ക്രെഡിറ്റ് സ്ഥാപനങ്ങൾ**

1 വില്ല്യാപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്

2 കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് വില്ല്യാപ്പള്ളി ബ്രാഞ്ച്

**ബി നോൺ ക്രെഡിറ്റ് സ്ഥാപനങ്ങൾ**

1 മയ്യന്നൂർ കോ-ഓപപറേറ്റീവ് വീവേഴ്സ് സൊസൈറ്റി

2 ക്ഷീരോൽപ്പാദക സഹകരണ സംഘം-ലോകനാർകാവ്

3 സോപ്പ് നിർമ്മാണ സഹകരണ സംഘം മേമുണ്ട

4 ദിനേശ് ബീഡി സഹകരണ സംഘം-വില്ല്യാപ്പള്ളി

**സി സ്കൂൾ സഹകരണ സംഘങ്ങൾ**

1 കീഴൽ യു.പി. സ്കൂൾ സഹകരണ സംഘം

2 കീഴൽ ദേവീവിലാസം യു.പി. സ്കൂൾ സഹകരണ സംഘം

3 എം.സി.എം. യു.പി. സ്കൂൾ സഹകരണ സംഘം

4 വില്ല്യാപ്പള്ളി യു.പി. സ്കൂൾ സഹകരണ സംഘം

5 മേമുണ്ട ഹൈസ്കൂൾ സഹകരണ സംഘം

6 എം.ജെ.വി.എച്ച്.എസ്. സ്കൂൾ സഹകരണ സംഘം

**പ്രശ്നങ്ങൾ**

സഹകരണ സ്ഥാപനങ്ങൾ ശരിയായ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു എന്ന വിശ്വാസം ജനങ്ങൾക്കില്ല.

നടപടിക്രമങ്ങളുടെ സങ്കീർണ്ണത

പുതിയ മേഖലകളിലേക്ക് പ്രവേശിക്കാനുള്ള താൽപര്യക്കുറവ്

സഹകരണബോധത്തിൻെറ അഭാവം

ഉല്പാദനപ്രവർത്തനം നടത്തുന്ന സംഘങ്ങളുടെ വിപണന പ്രശ്നങ്ങൾ

സാങ്കേതികമായ നവീകരണമില്ലായ്മ

ജനജീവിതത്തിൽ ശക്തമായി ഇടപെടാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല

സ്ത്രീകളുടെ പങ്കാളിത്തക്കുറവ്

കാർഷിക ലോണുകൾക്കുള്ള ഭൂപരിധി നിർണ്ണയം

കാവിലെ ക്ഷീരോൽപ്പാദന സഹകരണ സംഘത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല

കാർഷിക വായ്പകളുടെ ദുരുപയോഗം

സ്കൂൾ സംഘങ്ങളുടെ ദുർബലമായ പ്രവർത്തനം

**സാധ്യതകൾ**

നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പദ്ധതി

സഹകരണ നിയമങ്ങളെപ്പറ്റിയും സാദ്ധ്യതകളെപ്പറ്റിയും ബോധവൽക്കരണം

ലോകനാർകാവ് ക്ഷീരസംഘം മിൽമയിൽ നിന്നും സ്വതന്ത്രമാക്കി പ്രവർത്തനം വിപുലമാക്കുക

സോപ്പ് നിർമ്മാണ സംഘം വിപണനത്തിന് മറ്റു സ്ഥാപനങ്ങൾ, സ്കൂൾ സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ എന്നിവയുമായി ബന്ധപ്പെടുത്തുക

താഴെ പറയുന്ന മേഖലകളിൽ സഹകണ സംരംഭങ്ങൾ

മാവേലി സ്റ്റോറുകൾ, ക്ഷീരോൽപ്പാദനം, ഗ്രൂപ്പ് ഫാമിംഗ്, മെറ്റൽ നിർമ്മാണം, എണ്ണയാട്ട്, സോപ്പ് നിർമ്മാണം, ഭവന നിർമ്മാണം, കുടിവെള്ള വിതരണം, പലചരക്കു കടകൾ, ജൈവവള നിർമ്മാണം, കോഴി വളർത്തൽ, ബേക്കറികൾ, അച്ചാർ നിർമ്മാണം, സിമൻറ് കട്ട, ഇഷ്ടിക നിർമ്മാണം, ഗ്രിൽസ് നിർമ്മാണം, ഫർണ്ണിച്ചറുകൾ, ഗാർമെൻറ്സ്, ചന്തകൾ, മാർക്കറ്റുകൾ

സ്കൂൾ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങളുടെ നിർമ്മാണം (നോട്ടുബുക്ക്, ചോക്ക്)

തൊഴിലുപകരണങ്ങളുടെ നിർമ്മാണവും വിതരണവും

സ്വയംതൊഴിൽ ഉല്പന്നങ്ങളുടെ വിപണനം

കാർഷികോല്പന്നങ്ങളുടെ സംഭരണവും സംസ്കരണവും വിപണനവും

പഞ്ചായത്തുതല തൊഴിൽ വിതരണ സംഘങ്ങൾ



# 11

# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

വില്ല്യാപ്പള്ളി പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 2.2 ശതമാനം മാത്രമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നത്. 1996-ൽ 665 പേർ. ഇതിൽ 322 പുരുഷന്മാരും 343 സ്ത്രീകളുമാണ്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഈ പഞ്ചായത്തിലില്ല. IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 9 ആണ്. മൊത്തം 33 കുടുംബങ്ങൾക്ക് IRDP-യുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപെടുന്ന 155 കുട്ടികൾ പഞ്ചായത്തിലെ വിവിധ ക്ലാസ്സുകളിലായി പഠനം നടത്തുന്നുണ്ട്. ഇവരിൽ ആൺകുട്ടികളുടെ എണ്ണം 74-ലും പെൺകുട്ടികളുടേത് 81-ഉം ആണ്. 11 പേർ ഏതെങ്കിലും ക്ലാസ്സിൽ തോറ്റതിനു ശേഷവും പഠനം തുടരുന്നു. 4 കുട്ടികൾ ഇടക്കുവെച്ച് പഠനം നിർത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ജാതിപരമായ ഉച്ചനീചത്വങ്ങൾ പൊതുവെ അനുഭവപ്പെടാറില്ല. തുന്നൽ, കെട്ടിട നിർമ്മാണം, പായ മെടയൽ, കൊട്ട, മുറം നിർമ്മാണം, ചെരുപ്പു നിർമ്മാണം എന്നീ തൊഴിലുകൾ ചെയ്യുന്നവരുണ്ട്.

**പ്രശ്നങ്ങൾ**

നിലവിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല

2-ാം വാർഡിലെ പത്തോളം കുടുംബങ്ങൾക്ക് കിണറില്ല

2-ാം വാർഡിൽ തയ്യൽ പരിശീലനം ലഭിച്ച കുട്ടികൾക്ക് തൊഴിൽ ഇല്ല

2-ാം വാർഡിൽ തമിഴ്നാട്ടിൽ നിന്നുവന്ന ഒട്ടേറെ കുടുംബങ്ങൾ അനാരോഗ്യകരമായ ചുറ്റുപാടിലാണ് താമസിക്കുന്നത്.

4-ാം വാർഡിൽ പായ മെടയുന്നതും കുട്ട, മുറം ഇവയുടെ നിർമ്മാണത്തിനും അസംസ്കൃത സാധനങ്ങൾ കിട്ടുന്നില്ല

5-ാം വാർഡിൽ പതിനഞ്ചോളം പട്ടികജാതി കുടുംബങ്ങളുള്ള ചാലിക്കുന്ന് ഭാഗത്ത് കുടിവെള്ളക്ഷാമമുണ്ട്

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടും അഭ്യസ്തവിദ്യർക്ക് തൊഴിൽ കിട്ടാത്ത അവസ്ഥ. സ്വന്തമായി വീടില്ലാത്ത കുറെ കുടുംബങ്ങളുണ്ട്

11-ാം വാർഡിലെ കുറുപ്പച്ചൻ കുന്നിൽ കരുവോത്ത് മോഹനൻ ബ്ലോക്കിൻെറ ധനസഹായത്തോടെ കുഴിച്ച കിണർ ഇടിഞ്ഞു നികന്നിരിക്കുന്നു. 11-ാം വാർഡിലെ 9 കുടുംബങ്ങളുടെ തൊഴിൽ ഉത്സവവുമായി ബന്ധപ്പെട്ടതാകയാൽ മുഴുവൻസമയ തൊഴിൽ സാധ്യത കുറവ്

ഭവന നിർമ്മാണത്തിനം സാമ്പത്തിക സഹായം ആദ്യം തന്നെ ലഭിക്കുന്ന രൂപത്തിൽ നിലവിലുള്ള സംഖ്യ വർദ്ധിപ്പിക്കുക

പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ താമസിക്കുന്ന ലക്ഷംവീട് നാല് സെൻറ് കോളനികളിലും, വീടുകളിലും കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവയുടെ അഭാവം

പൊതുവെ ഈ വിഭാഗത്തിൽ നിന്ന് ബഹുജന സംഘടനകളുടെ നേതൃപദവിയിലേക്ക് എത്തിയവർ വിരളമാണ്

ഭൂമി കുറവായവർക്ക് ശവസംസ്ക്കാരത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്

പൊതുവഴി ഇല്ലാത്ത വീടുകളുണ്ട്

'ലക്ഷംവീട്' ഇരട്ടവീടുകൾ ഒറ്റവീടാക്കുക

**സാധ്യതകൾ**

1. വിവിധ വാർഡുകളിൽ തയ്യൽ പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ DWCRA യൂണിറ്റുകൾ ആരംഭിക്കുക
2. ഒരേ തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടേയും പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുടേയും സഹകരണസംഘങ്ങൾ രൂപീകരിച്ച് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കൽ
3. 3, 5 വാർഡുകളിലെ ചാലിക്കുന്നുമ്മൽ ഭാഗത്ത് പട്ടികജാതി കോളനി സ്ഥാപിക്കുക. 11-ാം വാർഡിലെ ലക്ഷംവീട്, നാലു സെൻറ് കോളനികളിലെ പട്ടികജാതി, കുടുംബങ്ങളെ ചേർത്ത് കോളനി സ്ഥാപിക്കുക
4. പട്ടികജാതി വിഭാഗത്തിന് വീട് നിർമ്മിക്കാനാവശ്യമായ സഹായം ലഭ്യമാക്കുക
5. 11-ാം വാർഡിൽ ഒരു കരകൗശല നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചാൽ ഉത്സവവുമായി ബന്ധപ്പെട്ട തൊഴിലുകാർക്ക് മുഴുവൻകാല തൊഴിൽ ലഭിക്കും
6. തയ്യൽ പണിക്കാർക്ക് വിദഗ്ദ്ധ പരിശീലനത്തിനായി ഒരു എംബ്രോയിഡറി പരിശീലകേന്ദ്രം
7. പട്ടികജാതി/വർഗ്ഗ ക്ഷേമത്തിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുക
8. വിത്തുകളും വളങ്ങളും ലഭിക്കുകയാണെങ്കിൽ കൃഷിയിൽ താല്പര്യമുള്ളവരുണ്ട്
9. വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ മൊത്തത്തിൽ പ്രോത്സാഹനം നൽകണം
10. ധനസഹായം ലഭിച്ചാൽ പശു, ആട്, കോഴി ഇവയെ വളർത്താൻ തയ്യാറായവരുണ്ട്.



# വിഭവ സമാഹരണം

12

പഞ്ചായത്തിൻെറ ഇപ്പോഴത്തെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്, സർക്കാർ ഗ്രാൻറുകൾ എന്നിവയാണ്. വില്ല്യാപ്പള്ളി പഞ്ചായത്തിൻെറ തനതു വരുമാനം 95-96-ൽ 9,21,626 രൂപയാണ്. ഗ്രാൻറിനത്തിൽ 7,05,214 രൂപയും മറ്റു വകുപ്പുകളിൽ നി 4,22,331 രൂപയും ലഭിച്ചിട്ടുണ്ട്. കഴിഞ വർഷത്തെ മൊത്തം ചെലവ് 20,82,6 രൂപയാണ്. ഇതിൽ ഭരണച്ചെലവ് 6,45,562. രൂപയാണ്.

## മറ്റു വകുപ്പുകളിൽ നിന്ന് ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയതേര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 1500 | 3000 | 4500 |
| ആരോഗ്യം | 6980 | 6288 | 13268 |
| കൃഷി | 3,09,205 | - | 3,09,205 |
| പി.ഡബ്ല്യു.ഡി | 55,450 | 32,868 | 88,318 |
| ഹരിജനക്ഷേമം | 500 | - | 500 |
| ക്ഷീരവികസനം | - | 3750 | 3750 |
| വിദ്യാഭ്യാസം | - | 2790 | 2790 |
| ആകെ | 3,73,635 | 48,696 | 4,22,331 |

## പഞ്ചായത്തിൻെറ കൈവശമുള്ള സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

| വകവിവരം | വിസ്തീർണ്ണം |
|---|---|
| സ്റ്റേഡിയം | 114 സെൻറ് |
| ഓഫീസ് | 8 സെൻറ് |
| മാർക്കറ്റ് | 14 സെൻറ് |
| ശ്മശാനം | 95 സെൻറ് |
| ഷോപ്പിംഗ് സെൻറർ | 72 സെൻറ് |
| സാംസ്കാരികനിലയം | 5 സെൻറ് |
| പമ്പ് ഹൗസ് | 4 സെൻറ് |
| ആകെ | 312 സെൻറ് |

## സാധ്യതകൾ

പഞ്ചായത്തിൻെറ വരുമാനമാർഗ്ഗങ്ങളിലൊന്നാണ് ലൈസൻസ് ഫീസ്. ഇപ്പോൾ ചിലയിനങ്ങളിൽ ഇത് കുറവാണ്. കാലോചിതമായി ലൈസൻസ് ഷെഡ്യൂൾ പരിഷ്ക്കരിക്കുക

ആധുനിക സ്ഥാപനങ്ങൾക്ക് ഫീസ് ചുമത്തുക

വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ്

പ്രസിഡൻറിൻെറ ദുരിതാശ്വാസനിധ രൂപീകരിക്കുക

വിദേശത്തുള്ളവരിൽ നിന്നും നിക്ഷേപ വായ്പയായി പഞ്ചായത്തുതലത്തിര സ്വീകരിക്കുക

ആർഭാടങ്ങൾക്ക് നികുതി ചുമത്തുക

പഞ്ചായത്ത് ഭരണ സമിതി ഗ്യാരണ്ടി നൽകിക്കൊണ്ട് കടപത്രം

മറ്റേജൻസികളിൽ നിന്ന് സഹായധനങ്ങളും വായ്പകളും സംഘടിപ്പിക്കുക


നിലിവലുള്ള പദ്ധതികൾ ഫലപ്രദമായ ഉപയോഗിക്കുക

ആഴ്ചചന്ത നടത്തുക

സമ്പാദ്യ പദ്ധതികളിലേക്ക് നിക്ഷേപകര കണ്ടെത്തുക


ക്വാറികളിലേക്കും മറ്റും സെസ്സ് ചുമത്തുക.

# കേരളം




● വില്ല്യാപ്പള്ളി

കോഴിക്കോട്
ജില്ല
ലൊക്കേഷൻ മേപ്പ്



# മണിയൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്



## സമഗ്രവികസനരേഖ

197

മണിയൂർ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

198


1 ആമുഖം ..... 3

2 ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും ..... 6

3 സാമൂഹിക സാംസ്ക്കാരിക ചരിത്രം ..... 10

4 ഭൂപ്രകൃതിയും വിഭവങ്ങളും ..... 11

5 ജനപ്രകൃതി ..... 12

6 കൃഷിയും ജലസേചനവും ..... 15

7 മത്സ്യബന്ധനവും മൃഗസംരക്ഷണവും ..... 26

8 വിദ്യാഭ്യാസം ..... 29

9 കുടിവെള്ളവും പൊതുജനാരോഗ്യവും ..... 34

10 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ..... 45

11 പാർപ്പിടം സാമൂഹ്യക്ഷേമം ..... 54

12 സംസ്ക്കാരം ..... 62

13 വനിത ..... 69

14 സഹകരണം ..... 73

15 പട്ടികജാതി, വർഗ ക്ഷേമം ..... 76

16 വ്യവസായം ..... 78

17 വിഭവസമാഹരണം ..... 85

18 പ്രവർത്തന രേഖ ..... 89

## ആമുഖം

ഇന്ത്യൻ സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഇന്ത്യൻ ജനതയുടെ ചിന്താധാരയിൽ കൊണ്ടുവന്ന ഒരു സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ആസ്വപ്നം സാക്ഷാൽക്കരിക്കുവാൻ വൈകിയാണെങ്കിലും ഭരണഘടനാ ഭേദഗതിയിലൂടെ നമുക്ക് കഴിഞ്ഞിരിക്കുന്നു. പഞ്ചായത്തീരാജ് നിയമത്തിലൂടെ രൂപം കൊണ്ട ഗ്രാമസഭകൾ അടിസ്ഥാനഘടകമാക്കി വികസന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുന്ന ആസൂത്രണരീതിയാണ് നാം ഒൻപതാം പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നത്.

96 സംപ്തംബർ 3,4,5 തിയ്യതികളിൽ നടന്ന ജില്ലാതല പരിശീലനത്തോടുകൂടി മണിയൂർ പഞ്ചായത്തിലെ ഒമ്പതാം പദ്ധതിയുടെ രൂപരേഖതയ്യാറാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിന് തുടക്കം കുറിച്ചു നമ്മുടെ പഞ്ചായത്തിൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് രണ്ട് കി റിസോഴ്സ് പേഴ്സ്ണും പതിമൂന്ന് ജില്ലാ റിസോൾസ് പേഴ്സരും നാല്പത്തി ഏഴ് പഞ്ചായത്ത് റിസോഴ്സ് പേഴ്സരും ഉണ്ട്.

ജനകീയ ആസൂത്രണത്തിന്റെ ആദ്യഘട്ടമായ ഗ്രാമസഭകൾ സാമാന്യം നല്ല നിലയിൽ തന്നെ സംഘടിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞു. ആദ്യത്തെ ഒന്ന്, രണ്ട് ഗ്രാമസഭകൾ വേണ്ടത്ര മുന്നൊരുക്കം നടത്താൻ ആവശ്യമായ സമയം ലഭിക്കാത്തതിനാൽ സ്ത്രീപങ്കാളിത്തത്തിലും മറ്റും വേണ്ടത്ര വിജയച്ചില്ലെങ്കിലും പിന്നീട് നടന്നവ വളരെയേറെ മെച്ചപ്പെട്ടു. മൊത്തമുള്ള ഗ്രാമസഭകളിലായി 2338 പുരുഷൻ മാരും 578 സ്ത്രീകളും കൂടി 2916 ആളുകൾ പങ്കെടുത്തു. ഉച്ചയോടെ തുടങ്ങി ഗ്രാമസഭകൾ രാത്രി 9 മണിവരെ നീണ്ടുനിന്ന സ്ഥലങ്ങളുമുണ്ട്. കക്ഷി രാഷ്ട്രീയത്തിന്റെ വെള്ളം കടക്കാത്ത അറകളിൽ കഴിഞ്ഞു വന്നിരുന്ന ഗ്രാമീണ ജനത ഒരു കൂരയ്ക്ക് കീഴെ ഇരുന്നു തങ്ങളുടെ ഗ്രാമത്തിന്റെ വിവിധ തുറകളുടെ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തി. മണിയൂർ ഗ്രാമ പഞ്ചായത്ത് വികസനരേഖ തയ്യാറാക്കുന്നതിനു വേണ്ടി പിന്നിട്ട രണ്ടരമാസക്കാലം ഒട്ടേറെ പൊതു പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനം നടന്നിട്ടുണ്ട്. ഉദ്യോഗസ്ഥസമൂഹവും ഓരോ ഘട്ടത്തിലും വളരെയേറെ സഹകരിച്ചിട്ടുണ്ട്.

വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളും സമൂഹത്തിലെ വിവിധയാളുകളിൽ നിന്നും ശേഖരിച്ച നാട്ടറിവുകളുമാണ് ഈ റിപ്പോർട്ടിന് അടിസ്ഥാനമാക്കിയ വസ്തുതകൾ. 96 നവമ്പർ 3ന് കാലത്തുമുതൽ നാലു ഗ്രൂപ്പുകളായി നടത്തിയ പഠനയാത്രയിലൂടെ വളരെയേറെ കാര്യങ്ങൾ മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വളരെ ബൃഹത്തായ വിഷയമായതുകൊണ്ടുതന്നെ ഈ വികസനരേഖ പൂർണ്ണമായും കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല. എന്നിരുന്നാലും വിവിധ മേഖലകളുടെ വികസനപരമായ കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും തെളിഞ്ഞു നിൽക്കുന്ന സാധ്യതകളും പരമാവധി വസ്തുനിഷ്ഠമായി വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ട്.

ഇന്നലകളിലെ അനുഭവം വെച്ചുകൊണ്ട് ഇന്നിന്റെ ആവശ്യങ്ങൾ വിലയിരുത്താനും നാളെയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്താനും നമുക്ക് കഴിയേണ്ടതുണ്ട്. ഈ വികസനരേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കുന്നതിൽ പങ്കാളികളായിത്തീരുമെന്നുള്ള പ്രതിജ്ഞ നമുക്ക് കൂട്ടായി എടുക്കാം.

200

## മണിയൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



കെ.ടി. കുഞ്ഞിരാമൻ മാസ്റ്റർ
(പ്രസിഡണ്ട്)



സി.പി. കുഞ്ഞബ്ദുള്ള
(വൈസ്. പ്രസിഡണ്ട്)



സി.കെ. ദേവി.
(ചെയർ പേഴ്സൻ.
സ്റ്റാൻഡിങ്ങ് കമ്മറ്റി)

| | |
|---|---|
| കെ. ശൈലജ | (മെമ്പർ) |
| കെ. യു കുഞ്ഞിക്കണ്ണൻ | ( „ ) |
| ബാലൻ തെക്കേടത്ത് | ( „ ) |
| ടി.എം. മൊയ്തീൻ | ( „ ) |
| ഒ.പി. സുശീല | ( „ ) |
| എം.പി. നാരായണൻ | ( „ ) |
| എം. ശ്രീജ | ( „ ) |
| സി.കെ. കണ്ണൻ | ( „ ) |
| സി.വി. അജിത്ത് | ( „ ) |
| ടി.പി. രതി | ( „ ) |

201

*ഗ്രാമജീവിതത്തിന്ന് ഒന്നാകെ ഒരുണർവ്വ് നൽകുകയും എല്ലാ ഗ്രാമ വ്യാവസായങ്ങളെയും പുനർജ്ജീവിപ്പിക്കുകയും ഗ്രാമീണരെ പരിശ്രമ ശീലരാക്കുകയും ചെയ്താൽ മാത്രമേ ഗ്രാമ പുനരുദ്ധാരണം സാധ്യമാകുകയുള്ളൂ.*

–മഹാത്മാഗാന്ധിജി


**എഡിറ്റോറിയൽ ബോർഡ്**

കെ.ടി.കുഞ്ഞിരാമൻ മാസ്റ്റർ

സി.പി. കുഞ്ഞബ്ദുള്ള

ബാലൻ തെക്കേടത്ത്

സി.പി. വിശ്വനാഥൻ

ടി.പി. ഗോപാലൻ

ഇ. കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ

ഒ.പി. ചന്ദ്രൻ




പ്രിന്റിംഗ് : പ്രിൻടെക്, വടകര.

202

## ഗ്രാമപഞ്ചായത്ത്
## പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മണിയൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മണിയൂർ, പാലയാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | തോടന്നൂർ |
| താലൂക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | മേപ്പയ്യൂർ |
| വിസ്തീർണ്ണം | : | 31.03 ച.കി.മീ. |
| ജനസംഖ്യ | : | 34600 (1991 ലെ സെൻസസ്) |
| വാർഡുകളുടെ എണ്ണം | : | പതിമൂന്ന് |
| പ്രസിഡണ്ടിന്റെ പേര് | : | കെ.ടി. കുഞ്ഞിരാമൻ മാസ്റ്റർ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | സി.പി. കുഞ്ഞബ്ദുള്ള |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ | : | സി.കെ. ദേവി |



മണിയൂർ ഗ്രാമപഞ്ചായത്തിന്റെ വാർഡ് വിഭജനം കാണിക്കുന്ന രൂപടം
വടകര താലൂക്ക് കോഴിക്കോട് ജില്ല കേരള സംസ്ഥാനം
N
E
വില്യാപ്പള്ളി പഞ്ചായത്ത്
കുറ്റ്യാടി പുഴ
വാർഡ് -1
വാർഡ് -2
വാർഡ് 3
വാർഡ് -4
വാർഡ് -7
വാർഡ് -11
വാർഡ് -12
വാർഡ് -13
വാർഡ് - 12
തിരുവള്ളൂർ പഞ്ചായത്ത്
തുറയൂർ പഞ്ചായത്ത്

204

# ഭരണപരമായ ചരിത്രം

മണിയൂർ പഞ്ചായത്ത് ആദ്യമായി 1954ൽ നിലവിൽ വന്നു. മണിയൂർ, ചെരണ്ടത്തൂർ, എളമ്പിലാട് ദേശങ്ങൾ ഉൾപ്പെട്ട അന്നത്തെ മണിയൂരംശം ആയിരുന്നു അതിർത്തി. ആകെ അംഗങ്ങൾ പ്രസിഡണ്ട് ഉൾപ്പെടെ ഒമ്പത് ആയിരുന്നു. പ്രസിഡണ്ടിനെ പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരും 'കൈ പൊക്കി' നേരിട്ട് തെരഞ്ഞെടുക്കുകയായിരുന്നു. പ്രസിഡണ്ട് സ്ഥാനത്തേക്ക് മൽസരിച്ചിരുന്ന സ്ഥാനാർത്ഥികൾ.

1. ഒ. ബാലൻ – മണിയൂർ – പി.എസ്.പി.

2. നെല്ല്യോളി ഗോവിന്ദക്കുറുപ്പ് – ചെരണ്ടത്തൂർ – ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ്

3. ഇല്ല്യത്ത് കുഞ്ഞിരാമനടിയോടി – എളമ്പിലാട് – അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി

കോൺഗ്രസ് സ്ഥാനാർത്ഥിയെ അഞ്ച് വോട്ടിന് പരാജയപ്പെടുത്തി ഒ. ബാലൻ തെരഞ്ഞെടുക്കപ്പെട്ടു.

വൈസ് പ്രസിഡണ്ട് : മാടത്തിൽ കുഞ്ഞിക്കണ്ണൻ

മെമ്പർമാർ

ചെരണ്ടത്തൂർ : 1. ടി.വി. പക്രൻ – കോൺഗ്രസ്

2. മാങ്ങിച്ചാലിൽ ചെക്കു – കോൺഗ്രസ്

എളമ്പിലാട് : 3. ടി.ടി. മൂസ്സ – പി.എസ്.പി.

4. വി.ടി. നാരായണൻ നമ്പ്യാർ – കമ്യൂണിസ്റ്റ് പാർട്ടി.

മണിയൂർ : 5. തോരായി കെ.പി. നാരായണൻ – പി.എസ്.പി.

6. കൂമുള്ളിൽ കുഞ്ഞിമൂസ്സ – പി.എസ്.പി.

മണിയൂർ കിഴക്ക് ഭാഗം : 7. മാടത്തിൽ കുഞ്ഞിക്കണ്ണൻ – പി.എസ്.പി.

SC/ST സംവരണം നോമിനേറ്റഡ് : 8. കൂളികോവുമ്മൽ കൊറുമ്പൻ – പി.എസ്.പി.

ഇന്ന് നിലവിലുള്ള പഞ്ചായത്തിൽ മേൽപറഞ്ഞ ഭാഗം ഒഴികെയുള്ള മറ്റു ഭാഗങ്ങളിൽ പഞ്ചായത്ത് ഭരണം നിലവിലുണ്ടായിരുന്നില്ല.

മണിയൂർ, പാലയാട് വില്ലേജുകൾ ഉൾപ്പെട്ട ഇന്നത്തെ നിലയിലുള്ള ഏകീകൃത മണിയൂർ പഞ്ചായത്ത് 1962ൽ നിലവിൽ വന്നു (സ്ത്രീ സംവരണം ഉൾപ്പെടെ പതിനൊന്ന് അംഗങ്ങൾ)

1. മണിയൂർ 1 : കൊയാളിൽ നാരായണൻ നമ്പ്യാർ P.S.P.

2. ചെരണ്ടത്തൂർ : മാങ്ങിച്ചാലിൽ കുഞ്ഞിരാമൻ മാസ്റ്റർ കോൺഗ്രസ്

3. മണിയൂർ 2 : ടി.കെ. നാരായണൻ കമ്യൂണിസ്റ്റ് പാർട്ടി

4. എളമ്പിലാട് : പി.പി. പൊക്കൻ – കമ്യൂണിസ്റ്റ് പാർട്ടി

5. മുടപ്പിലാവിൽ : പി. രാമക്കുറുപ്പ് – കമ്യൂണിസ്റ്റ് പാർട്ടി

6. മന്തരത്തൂർ : മയങ്കളത്തിൽ അബ്ദുള്ള ഹാജി – മുസ്ലിം ലീഗ്

7. കരുവഞ്ചേരി : പുനത്തിൽ കുഞ്ഞികൃഷ്ണക്കുറുപ്പ് – കമ്യൂണിസ്റ്റ് പാർട്ടി.

8. പതിയാക്കര : ഒതയോത്ത് അമ്മത് – കോൺഗ്രസ്

9. ചെല്ലട്ടുപൊയിൽ : വി.വി. നാണു – കോൺഗ്രസ്

10. പതിയാരക്കര : കെ. ശങ്കരക്കുറുപ്പ് – കമ്യൂണിസ്റ്റ് പാർട്ടി

11. സ്ത്രീ സംവരണം നോമിനേറ്റഡ് : കെ.ടി. കല്യാണി

പ്രസിഡണ്ട് : പി. രാമക്കുറുപ്പ്

വൈസ് പ്രസിഡണ്ട് : മയങ്കളത്തിൽ അബ്ദുള്ള ഹാജി

താഴെപറയുന്ന അംഗങ്ങൾ ഭരണസമിതിയിൽ നിന്ന് രാജിവെച്ചു.

1. മാങ്ങിച്ചാലിൽ കുഞ്ഞിരാമൻ മാസ്റ്റർ

2. കൊയാളിൽ നാരായണൻ നമ്പ്യാർ

3. പുനത്തിൽ കുഞ്ഞികൃഷ്ണക്കുറുപ്പ്

പകരം നടന്ന ഉപതെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

ചെരണ്ടത്തൂർ : ടി.വി. പക്രൻ – കോൺഗ്രസ്

മണിയൂർ 1 : തെറ്റത്ത്പറമ്പത്ത് കണാരൻ – പി.എസ്.പി.

കരുവഞ്ചേരി : പൊയിൽ ഗോപാലൻ നായർ – കമ്യൂണിസ്റ്റ് പാർട്ടി.

205

1973ൽ പഞ്ചായത്ത് പ്രസിഡണ്ട് പി.രാമക്കുറുപ്പ് ഉൾപ്പടെ താഴെപ്പറയുന്ന അംഗങ്ങൾ രാജിവെച്ചു.

1. ടി.വി. ചക്രൻ

2. വി.വി. നാണു

3. പി.പി. പൊക്കൻ

മയങ്കളത്തിൽ അബ്ദുള്ളഹാജിയുടെയും ഒതയോത്ത് അമ്മതിന്റെയും സ്ഥാനങ്ങൾ തള്ളിപ്പോയിരുന്നു. അവശേഷിക്കുന്ന അംഗങ്ങൾ ആകെയുള്ള അംഗസംഖ്യയുടെ പകുതിയിൽ താഴെയായതിനാൽ ഭൂരിപക്ഷമില്ലാത്ത ഭരണസമിതി ഗവൺമെന്റ് പിരിച്ചുവിട്ടു. ഗവൺമെന്റ് നടപടിയെ ആക്ടിംഗ് പ്രസിഡണ്ട് ടി.കെ.നാരായണൻ ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. നിലവിലുള്ള ഭരണസമിതി തുടരാൻ കോടതി അംഗീകാരം നൽകി. അംഗത്വം തള്ളിപ്പോയതും രാജി വെച്ചതും ആയ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടക്കാത്തതിനാൽ അത്തരം വാർഡുകൾക്ക് പ്രതിനിധികൾ ഉണ്ടായിരുന്നില്ല.

1979ൽ വാർഡുകൾ പുനർനിർണ്ണയം ചെയ്തു.

ആകെ വാർഡുകൾ – 11. ഒരെണ്ണം SC/ST സംവരണം

1. സി.പി. മുകുന്ദൻ മാസ്റ്റർ – മാർക്സിസ്റ്റ് പാർട്ടി
2. പി.എം. അബൂബക്കർ മാസ്റ്റർ – മുസ്ലിം ലീഗ്
3. ടി.എം. ദാമോദരൻ നമ്പ്യാർ – മാർക്സിസ്റ്റ് പാർട്ടി
4. പി.കെ. കണ്ണൻ മാസ്റ്റർ – കോൺഗ്രസ് – എസ്സ്
5. പി.എം. കണ്ണാളൻ – കോൺഗ്രസ് – ഐ
6. കെ.എം. നാരായണൻ മാസ്റ്റർ – മാർക്സിസ്റ്റ് പാർട്ടി
7. ടി.കെ. നാരായണൻ – മാർക്സിസ്റ്റ് പാർട്ടി
8. സി.എച്ച്. കേളപ്പൻ മാസ്റ്റർ – കോൺഗ്രസ് – എസ്
9. കെ. ഗോപാലൻ മാസ്റ്റർ – മാർക്സിസ്റ്റ് പാർട്ടി
10. എം.സി. നാരായണൻ – കോൺഗ്രസ് – എസ്
11. സി.കെ. ദേവി – മാർക്സിസ്റ്റ് പാർട്ടി.

പ്രസിഡണ്ട് : ടി.കെ. നാരായണൻ

വൈസ് പ്രസിഡണ്ട് : എം.സി. നാരായണൻ

1989ൽ വാർഡുകൾ പുനർനിർണ്ണയം ചെയ്തു.

ആകെ വാർഡുകൾ – 12

വാർഡ് 1. മുടപ്പിലാവിൽ : കെ.എ. കുഞ്ഞിരാമൻ വൈദ്യർ – മാർക്സിസ്റ്റ്

2. മന്തരത്തൂർ : സി.പി. കുഞ്ഞബ്ദുള്ള – മുസ്ലിം ലീഗ്

3. കുറുന്തോടി : ടി.എം. ദാമോദരൻ നമ്പ്യാർ – മാർക്സിസ്റ്റ്

4. എളമ്പിലാട് : ടി.ടി. മൂസ്സ – ജനത

5. ചെരണ്ടത്തൂർ : ടി.കെ. ഗോപാലൻ – കോൺഗ്രസ് (ഐ)

6. മണിയൂർ 1 : വി.കെ. രാമൻ മാർക്സിസ്റ്റ്

7. മണിയൂർ : മണ്ണിൽ വത്സല : ജനതാദൾ

8. ചെല്ലട്ടുപൊയിൽ : വി.എം. കണ്ണൻ – കോൺഗ്രസ് (ഐ)

9. കരുവഞ്ചേരി : കെ. ഗോപാലൻ – മാർക്സിസ്റ്റ്

10. പാലയാട് : പി.എം. അബൂബക്കർ – മുസ്ലി ലീഗ്

11. പതിയാരക്കര : മാരാംമഠത്തിൽ കുഞ്ഞികൃഷ്ണൻ – കോൺഗ്രസ് എസ്

12. പതിയാരക്കര : സി.കെ. ദേവി – മാർക്സിസ്റ്റ്

പ്രസിഡണ്ട് : ടി.എം. ദാമോദരൻ നമ്പ്യാർ

വൈസ് പ്രസിഡണ്ട് : മാരാംമഠത്തിൽ കുഞ്ഞികൃഷ്ണൻ

ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് 1995 സപ്തംബർ 30ന് കെ.ടി. കുഞ്ഞിരാമൻ മാസ്റ്ററുടെ നേതൃത്വത്തിൽ അധികാരമേറ്റു.

*അംഗങ്ങൾ*

വാർഡ് 1 : മുടപ്പിലാവിൽ – സി.കെ. ദേവി

വാർഡ് 2 : മന്തരത്തൂർ – സി.പി. കുഞ്ഞബ്ദുള്ള

വാർഡ് 3 : കുറുന്തോടി – കെ. ശൈലജ

വാർഡ് 4 : എളമ്പിലാട് – കെ.യു. കുഞ്ഞിക്കണ്ണൻ

വാർഡ് 5 : എടത്തുംകര – ബാലൻ തെക്കേടത്ത്

വാർഡ് 6 : ചെരണ്ടത്തൂർ – കെ.ടി. കുഞ്ഞിരാമൻ മാസ്റ്റർ

വാർഡ് 7 : മണിയൂർ – ടി.എം. മൊയ്തീൻ

വാർഡ് 8 : മണിയൂർ – ഒ.പി. സുശീല

വാർഡ് 9 : മീനത്തുകര – എം.പി. നാരായണൻ

വാർഡ് 10 : കരുവഞ്ചേരി – എം. ശ്രീജ

വാർഡ് 11 : പാലയാട് – സി.കെ. കണ്ണൻ

വാർഡ് 12 : പതിയാരക്കര – സി.വി. അജിത്ത്

വാർഡ് 13 : പതിയാരക്കര – ടി.പി. രതി

ഇപ്പോൾ പഞ്ചായത്ത് ഓഫീസ്സ് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. പുതുതായി ഓഫീസ് നിർമ്മാണം നടന്നു വരികയാണ്. 15.12.1995ന് അന്നത്തെ ബഹു: പഞ്ചായത്ത് വകുപ്പുമന്ത്രി ശ്രീ. പി.കെ.കെ. ബാവ ഓഫീസ് നിർമ്മാണത്തിന്റെ പ്രവൃത്തി ഉദ്ഘാടനം നടത്തി. 16.1.96 ചെരണ്ടത്തൂർ ചിറയുടെ കാർഷിക വികസന പദ്ധതി 14 ലക്ഷം രൂപയുടെ കനാൽ നിർമ്മാണം ബഹു : കൃഷിമന്ത്രി പി.പി. തങ്കച്ചൻ ഉദ്ഘാടനം നടത്തി. 16.3.96ന് മന്തരത്തൂർ പയനിമ്മൽ – കാരം വെള്ളിച്ചാൽ റോഡ് ടാറിങ്ങ് പ്രവൃത്തി ബഹു : പി.കെ.കെ. ബാവ (പഞ്ചായത്ത് വകുപ്പുമന്ത്രി) നിർവഹിച്ചു. ചുഴലിക്കാറ്റ് മൂലം പതിയാരക്കരയിൽ വ്യാപകമായി കൃഷിനാശം സംഭവിച്ചവർക്ക് മുക്കാൽ ലക്ഷം രൂപ നഷ്ടപരിഹാരം വിതരണം നടത്തി. തോടന്നൂർ – ഇടിഞ്ഞകടവ് PWD റോഡ് പണി പൂർത്തിയാക്കി. ബഹു : പൊതുമരാമത്ത് വകുപ്പുമന്ത്രി സി.ടി. അഹമ്മദലി ഉൽഘാടനം നടത്തി.

206

## സാമൂഹിക സാംസ്കാരിക ചരിത്രം

കടത്തനാട്ടിലെ കുറ്റിപ്പുറം കോവിലകത്തിന്റെ അധീനതയിൽപ്പെട്ട മണിയൂർ, മന്തരത്തൂർ, പാലയാട്, കരുവഞ്ചേരി എന്നീ നാല് അംശങ്ങൾ കൂടിയതാണ് മണിയൂർ പഞ്ചായത്ത്. വീരേതിഹാസങ്ങളുടെ ചരിത്രപുരുഷനായി അറിയപ്പെടുന്ന തച്ചോളി ഒതേനന്റെ പാദസ്പർശമേറ്റ് ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു പഴയ കാല ചരിത്രം ഈ പഞ്ചായത്തിന് ഉള്ളതായി വടക്കൻ പാട്ടുകളിലും മറ്റും കാണാം.

പാരതന്ത്ര്യത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാനുള്ള പ്രക്ഷോഭത്തിന്റെ വിവിധ ഘട്ടങ്ങളുടെ വേലിയേറ്റം രാജ്യത്താകമാനം ദേശീയപ്രസ്ഥാനത്തിലൂടെ കൊടുംപിരിക്കൊണ്ടപ്പോൾ ഈ കൊച്ചുഗ്രാമവും എളിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ത്യാഗോജ്ജ്വലമായ ഈ പാരമ്പര്യത്തിൽ നാം അഭിമാനിക്കുമ്പോൾ നമ്മെ അതിന്റെ അവകാശികളാക്കിയ മൺമറഞ്ഞ മഹാന്മാരിൽ പ്രമുഖനായ ശ്രീ നെല്ലാച്ചേരി രാമർകുറുപ്പിനെ കാണാം. വാർധയിൽ ഗാന്ധിജിയുടെ ശിഷ്യനായി വളരെക്കാലം സേവനം അനുഷ്ഠിച്ച കുറുപ്പ് പയ്യന്നൂരിൽ കേരളഗാന്ധി ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന ഉപ്പു സത്യാഗ്രഹത്തിലും പങ്കെടുത്തിരുന്നു. വാർധയിലെ ഗാന്ധിശിഷ്യനായിരുന്ന തലയിൽ തൊപ്പിക്കുടയും കൈയിൽ ചർക്കയും, തക്ലിയുമേന്തി അർദ്ധനഗ്നനായി നമ്മുടെ ഗ്രാമത്തിൽ പ്രചാരണം നടത്തിയ ഈ മുതുവന സ്വദേശിയുടെ മായാത്തചിത്രം ഇന്നും പ്രായമുള്ളവരുടെ മനസ്സിൽ തളംകെട്ടി നിൽക്കുന്നുണ്ട്. രാമർകുറുപ്പിന്റെ സഹധർമ്മിണി മുടപ്പിലാവിലെ പരേതയായ ശ്രീമതി നടക്കൽ നാരായണിഅമ്മയെയും ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരായി പടപൊരുതിയ മറ്റൊരു തീപ്പന്തമായി നാം ഓർമിക്കുന്നു.

സ്വാതന്ത്ര്യ സമരത്തിൽ കേളപ്പജിയുടെ സഹപ്രവർത്തകനായ ശ്രീ. തറമ്മൽ കൃഷ്ണന് ജന്മം കൊടുത്ത മണ്ണ് നമ്മുടെ പഞ്ചായത്തിലെ പതിയാരക്കരയാണ് എന്നത് പുതിയ തലമുറക്ക് ആവേശം പകരുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നിന്നും പങ്കെടുത്തവരുടെ കൂട്ടത്തിൽ മുടപ്പിലാവിലെ വാകയാട്ട് നാരായണൻ നമ്പ്യാർ പതിയാരക്കരയിലെ ടി.കെ. നാരായണൻ നമ്പ്യാർ, എ. നാരായണൻ അടിയോടി, (മുടപ്പിലാവിൽ) തത്തങ്കോട്ട് കുഞ്ഞപ്പ ആശാരി എന്നിവർ ഇന്നും നമ്മോടൊപ്പമുണ്ട്. വാകയാട്ട് നാരായണൻ നമ്പ്യാർ തിരുവള്ളൂർ പഞ്ചായത്തിലാണ് ഇപ്പോൾ താമസിക്കുന്നത്.

കേരളത്തിലെ സാമൂഹ്യ, സാംസ്കാരിക മണ്ഡലത്തിൽ പരിവർത്തനത്തിന്റെ പടഹധ്വനി മുഴക്കിയ ഐത്തോച്ചാടന പ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും അതിന്റെ അലയൊലികളുണ്ടായിട്ടുണ്ട്. ഈ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ടി.കെ. നാരായണൻ നമ്പ്യാർ, കൊറ്റിട്ടയിൽ കണ്ണൻ, പുത്തൂർ ബാലകൃഷ്ണക്കുറുപ്പ്, മരുതിയാട്ട് രാമൻ എന്നിവർക്ക് ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ദേശീയപ്രക്ഷോഭത്തിന്റെ ജീവനാഡിയായി പ്രവർത്തിച്ച മലബാർ എയ്ഡഡ് ടീച്ചേഴ്സ് യൂനിയന്റെ പ്രവർത്തനവും മണിയൂർ പഞ്ചായത്തിൽ സജീവമായിരുന്നു.

1931, 32 കാലഘട്ടത്തിൽ ഗാന്ധിജിയുടെ ആഹ്വാനപ്രകാരം നടന്ന ജന്തുഹിംസാ വിരുദ്ധ സമരത്തിന്റെ ഭാഗമായി മണിയൂർ ശ്രീ ഭഗവതി ക്ഷേത്രത്തിൽ നടന്ന സമരം ചരിത്രത്തിൽ സ്ഥാനം പിടിച്ചതാണ്. ശ്രീ. പി.കെ.കൃഷ്ണൻ, പി. രാമക്കുറുപ്പ്, വാകയാട്ട് നാരായണൻ നമ്പ്യാർ, ടി.കെ. നാരായണൻ നമ്പ്യാർ, കണിയാങ്കണ്ടി കൃഷ്ണപ്പണിക്കർ, നെല്ലോളി നാരായണക്കുറുപ്പ്, ഇല്ലത്ത് നാരായണനടിയോടി എന്നിവർ പങ്കെടുത്തു. ഇവർക്കെല്ലാംതന്നെ ശക്തമായ മർദ്ദനം ഏൽക്കേണ്ടി വന്നു. വാകയാട്ട് നാരായണൻ നമ്പ്യാരെ മലർത്തികിടത്തി ആനപിണ്ഡം തീറ്റിക്കുക കൂടി ചെയ്തു.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പഞ്ചായത്തിൽ നടന്ന രണ്ടു പ്രധാന കോൺഗ്രസ് സമ്മേളനങ്ങൾ – വിശദവിവരം ചുവടെ:

1927ൽ ചെരണ്ടത്തൂരിൽ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഇന്ത്യൻ നാഷനൽ കോൺഗ്രസ് സമ്മേളനം നടന്നു. ഇ.കെ. ശങ്കരവർമ്മ രാജ (പുറമേരി) യായിരുന്നു മുഖ്യ പ്രാസംഗികൻ. തൈനപ്പള്ളിക്കാവ് ശ്രീധരൻ നമ്പൂതിരിയായിരുന്നു അധ്യക്ഷൻ. കണിയാങ്കണ്ടി കൃഷ്ണപ്പണിക്കർ, ശങ്കരൻ നമ്പൂതിരി എന്നിവരും പ്രസംഗിച്ചു.

1942ൽ കരുവഞ്ചേരിയിലെ പന്നിത്തടത്തിൽ (ഇന്ന് ഹൈസ്കൂൾ നിൽക്കുന്ന സ്ഥലം) വമ്പിച്ച കോൺഗ്രസ് സമ്മേളനം നടന്നു. കേരളഗാന്ധി കെ.കേളപ്പൻ യോഗത്തിൽ പങ്കെടുത്തു. ഇ.കെ. ശങ്കരവർമ്മ രാജ (എടവലത്ത് കോവിലകം, പുറമേരി) ഇ.സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ (പള്ളിക്കര), തറമ്മൽ കൃഷ്ണൻ, വി.പി. കുഞ്ഞിരാമക്കുറുപ്പ് എന്നിവർ പങ്കെടുത്തു. പോലീസ് സംഭവം മണത്തറിഞ്ഞു. M.S.P. സ്ഥലത്തെത്തി. നേതാക്കളെല്ലാം തന്നെ പോലീസിന് പിടികൊടുക്കാതെ രക്ഷപ്പെട്ടു.

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽത്തന്നെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഓട്ടേറെ സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കാനുള്ള അവസരം കിട്ടിയ ഈ പഞ്ചായത്തിന്റെ സംഭാവനകളിൽ ഇനിയും ഒരുപാട് രേഖപ്പെടുത്താനുണ്ട്. ദേശീയ ധാരയിൽ ഇന്ത്യയുടെയും കേരളത്തിന്റെയും ഓരോ ചുവട്‌വെപ്പിലും വിലപ്പെട്ട സംഭാവന നൽകിയ ആ പഴയ തലമുറയിൽ നമുക്ക് അഭിമാനിക്കാം. ഒപ്പം ത്യാഗോജ്ജ്വലമായ ആ ചരിത്രത്തിൽ നിന്നും ആവേശം നുകർന്ന് നാളെയ്ക്കുവേണ്ടി ഒന്നിച്ചു മുന്നേറാം.

## ഭൂപ്രകൃതിയും വിഭവങ്ങളും

**അതിരുകൾ**

| | |
|---|---|
| കിഴക്ക് | : കുറ്റ്യാടിപ്പുഴ വടകര – മാഹികനാൽ |
| പടിഞ്ഞാറ് | : കുറ്റ്യാടിപ്പുഴ വടകര മുൻസിപ്പാലിറ്റി |
| തെക്ക് | : കുറ്റ്യാടിപ്പുഴ |
| വടക്ക് | : വില്യാപ്പള്ളി തിരുവള്ളൂർ പഞ്ചായത്തുകൾ. |

കിഴക്കു നിന്ന് പടിഞ്ഞാറോട്ട് അൽപ്പം ചരിഞ്ഞുകിടക്കുന്ന ഒരു ഭൂപ്രദേശമാണ് മണിയൂർ ഗ്രാമപഞ്ചായത്ത്. സമുദ്രനിരപ്പിൽ നിന്ന് 5 മീറ്റർ മുതൽ 40 മീറ്റർവരെ ഉയർന്നു കിടക്കുന്ന ഭൂപ്രദേശങ്ങൾ ഇവിടെയുണ്ട്. 35 ഓളം കുന്നുകളും നിരവധി താഴ്വരകളും വിശാലമായ 'ചെരണ്ടത്തൂർചിറ കായൽനിലവും' പരന്നുകിടക്കുന്ന ചൊവ്വപ്പുഴയും ഈ ഗ്രാമത്തിന്റെ പ്രത്യേകതകളാണ്. ചുറ്റളവിന്റെ മുക്കാൽ ഭാഗത്തോളം നീണ്ട പുഴയോരം നമുക്ക് അനുഗ്രഹമാണ്. ചെറുതും വലുതുമായ ധാരാളം തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാലും നമ്മുടെ ഗ്രാമം സമ്പന്നമാണ്. വാർഷിക മഴ ലഭ്യത ശരാശരി 3677 മില്ലീ മീറ്ററാണ്. മനുഷ്യസൃഷ്ടിയുടെ ഫലമായുണ്ടായ പരിസ്ഥിതി പ്രശ്നങ്ങൾ മണ്ണിന്റെ ഘടന ഉൾപ്പെടെ പഞ്ചായത്തിന്റെ തനതായ ഭൂപ്രകൃതിയെ വളരെയേറെ വികൃതമാക്കിയിട്ടുണ്ട്. ഒരു കാലത്ത് നെല്ലറയായിരുന്ന ചൊവ്വാപ്പുഴ നെൽകൃഷി ഇന്ന് അന്യമായിരിക്കുകയാണ്. അതോടൊപ്പം ചൊവ്വാപ്പുഴയിലെ മത്സ്യസമ്പത്തിനെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

നെല്ലുൽപ്പാദന രംഗത്ത് ഇനി നമുക്ക് അൽപ്പമെങ്കിലും പ്രതീക്ഷ നൽകുന്നത് മണിയൂരിന്റെ 'കുട്ടനാട്' ആയി കാണുന്ന ചെരണ്ടത്തൂർ ചിറ മാത്രമാണ്. ചെരണ്ടത്തൂർ ചിറ പദ്ധതി മുഴുവനായും പൂർത്തീകരിക്കുന്നതോടെ നിലവിലുള്ള ഉത്പാദനം പതിന്മടങ്ങാക്കി മാറ്റാൻ കഴിയുന്നതാണ്. അതോടൊപ്പം എടത്തുംകര പാണ്ടി വയൽ കുമുള്ളിപ്പാലം മുതൽ കന്നിനടപ്പാലം വരെ പരന്നു കിടക്കുകയാണ്. മാഹി കനാൽ മേൽപ്പറഞ്ഞ തീരമത്രയും ഉയർത്തി ഇരുപ്പൂകൃഷിയാക്കിത്തീർക്കാനുള്ള കൃഷിസമിതിയുടെ പദ്ധതി നടപ്പാക്കുന്നതിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. അതിന് തകരാറായി കിടക്കുന്ന 'മാങ്ങും മുഴി ചീർപ്പിലെ' ഷട്ടറുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

മണ്ണിന്റെ ഘടന : വയൽപ്രദേശങ്ങളിൽ പൂഴി കലർന്ന ചളിമണ്ണാണുള്ളത്. തൊട്ട് ഉയർന്ന ഭാഗങ്ങളിൽ ചരൽ കലർന്ന പശിമരാശി മണ്ണാണ്. ഏറ്റവും ഉയർന്ന ഭാഗങ്ങളിൽ ചരൽ കലർന്ന മണ്ണാകുന്നു. ഈ മണ്ണിന്നടിയിൽ വെട്ടുകല്ല് സുലഭമായി ഉണ്ട്. മണിയൂർ 8-ാം വാർഡിൽ ഉള്ള കരിങ്കൽപ്പാറ, മുടപ്പിലാവിൽ പാറ, ചെരണ്ടത്തൂർ മാങ്ങുംമുഴിപ്പാറ എന്നിവ പ്രധാന കരിങ്കൽപ്പാറകളാണ്.

ഭൂപ്രകൃതി അനുസരിച്ച് മണിയൂർ പഞ്ചായത്തിനെ എട്ട് മേഖലകളാക്കി തിരിക്കാം. പുഴ തീരസമതലം, ചെറു ചരിവുകൾ, ഉയർന്ന സമതലം, ഇടത്തരം ചരിവ്, കുന്നിൻ മണ്ട, താഴ്വര, വെള്ളം കയറുന്ന താഴ്വര, താഴ്ന്ന സമതലം.

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും 5 മീറ്റർ മുതൽ 20 മീറ്റർ വരെയും, 20 മീറ്റർ മുതൽ 30 മീറ്റർ വരെയും, 30 മുതൽ 35 മീറ്റർ വരെയും ആയി തരം തിരിക്കാവുന്നതാണ്. 40 മീറ്റർ ഉയരമുള്ളത് മാക്കുന്ന് മലയാണ്. ഈ പഞ്ചായത്തിന്റെ 60% ഭാഗവും പശിമരാശി മണ്ണ് കലർന്ന താഴവരകളാണ്. പുഴതീര സമതലം 51% വും താഴ്ന്ന സമതലം 22% ഉം, കുന്നിൻപ്രദേശം 13% വുമാണ്.

കോഴിക്കോട് ജില്ലയിലെ പൊതുകാലാവസ്ഥ മണിയൂർ പഞ്ചായത്തിലും അനുഭവപ്പെടുന്നു. വർഷകാലങ്ങളിൽ താഴ്ന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവർ വെള്ളപ്പൊക്ക ഭീഷണിക്കിരയാകാറുണ്ട്. സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിനുമേൽ ഉയരമുള്ള ഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. എല്ലാ വാർഡുകളിലും അത്തരം പ്രദേശങ്ങളുണ്ട്.

ഒരു കാലത്ത് വയൽപ്രദേശങ്ങൾ മുഴുവനും കന്നി, മകരൻ, പുഞ്ച എന്നീ മൂന്നു വിളവുകൾ ചെയ്തിരുന്നു. ചക്രം ചവിട്ടിയും വെള്ളം തേവിയും താഴ്ന്ന പ്രദേശങ്ങളിൽ പ്രതികൂല കാലാവസ്ഥകളോട് മല്ലിട്ട് പഴയകാല നെല്ലിനങ്ങൾ കൃഷിചെയ്തിരുന്നു. ഇന്ന് പഞ്ചായത്തിലെ കന്നികൃഷി നാമാവശേഷമായി, തെങ്ങിൻതോപ്പുകളായി മാറിയിരിക്കുന്നു. മകരൻ കൃഷിചെയ്ത സ്ഥലങ്ങൾ ഏതാനം വർഷങ്ങൾക്കുള്ളിൽ നാമാവശേഷമാകുന്ന സ്ഥിതിയാണുള്ളത്. പുതിയ പദ്ധതികളിലൂടെ താഴ്ന്ന പ്രദേശങ്ങളിലെ ജലവിതാനത്തോത് നിയന്ത്രണവിധേയമാക്കുന്നതോടെ പുഞ്ചപാടങ്ങളും ഭാവിയിൽ അവയുടെ വിസ്താരം കുറഞ്ഞേക്കാൻ ഇടയുണ്ട്. പഞ്ചായത്തിലെ വ്യാപകമായ കൃഷി തെങ്ങാണ്. ഉയർന്ന മലകളിൽ കശുമാവ് കൃഷിയുണ്ട്. വീട്ടുവളപ്പുകളിൽ കുരുമുളക്കൃഷി പഴയരീതിയിൽ തുടരുന്നു. മറ്റ് ഇടത്തരം കൃഷികളും കാണാം.

കുറ്റ്യാടിപ്പുഴ കരകവിഞ്ഞൊഴുകുമ്പോൾ പുഴയോട് ചേർന്ന വയലുകളിൽ ജൈവവസ്തുക്കൾ വന്നടിയുന്നു. എന്നാൽ അവയുടെ അളവ് കുറഞ്ഞുവരികയാണ്. മലകളൊക്കെ ഭൂമിയായി മാറിയതോടെ വെള്ളത്തിലൂടെ ഒഴുകുന്ന ജൈവസമ്പത്ത് കുറഞ്ഞു വരികയാണ്.

പഞ്ചായത്തിൽ ഐതിഹ്യപരമായി ചില പ്രദേശങ്ങൾ പഴമക്കാരുടെ മനസ്സിൽ ഓർമ്മകളായി കിടക്കുകയാണ്. താഴെപറയുന്നവ അവയിൽ ചിലതു മാത്രം.

| | |
|---|---|
| പന്നികളുടെ വിഹാരഭൂമി | – പന്നിത്തടം (കരുവാഞ്ചേരി) |
| മുള്ളൻപന്നികളുടെ സങ്കേതം | – മുള്ളൻകുഴി (ചെരണ്ടത്തൂർ) |
| കച്ചവടകേന്ദ്രം | – അങ്ങാടിപ്പാറ (കരുവാഞ്ചേരി) |
| മുതലയുടെ കേന്ദ്രം | – മാങ്ങുമുഴി (ചെരണ്ടത്തൂർ, സത്യക്കല്ല്) |

# ജനപ്രകൃതി

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം മണിയൂർ പഞ്ചായത്തിലെ ജനസംഖ്യ 34600 ആണ്. ഇതിൽ 16878 പുരുഷന്മാരും 17722 സ്ത്രീകളുമാണ്. വാർഡ്തിരിച്ചുള്ള കണക്കുകൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്. ആകെയുള്ള 6188 വീടുകളിൽ വീടൊന്നിന്ന് ശരാശരി 5.58 ആളുകൾ വീതമുണ്ട്. സംസ്ഥാനശരാശരി 5.6 ആണ്. ചതുരശ്രകിലോമീറ്ററിന് 1115 ആണ് ജനസാന്ദ്രത സാക്ഷരത 78.35 ശതമാനവും.

പട്ടിക 1

| വാർഡ് | ജനസംഖ്യ 1991 | | | 6 വയസ്സുവരെയുള്ളകുട്ടികൾ | | | പട്ടികജാതി | | സാക്ഷരർ | |
|---|---|---|---|---|---|---|---|---|---|---|
| നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| (I) | 1336 | 1451 | 2787 | 167 | 190 | 357 | 49 | 66 | 1102 | 1041 |
| (II) | 1570 | 1713 | 3283 | 211 | 137 | 448 | 70 | 74 | 1295 | 12 16 |
| (III) | 1418 | 1457 | 2877 | 184 | 179 | 363 | 47 | 39 | 1190 | 1056 |
| (IV) | 1534 | 1633 | 3167 | 206 | 205 | 411 | 80 | 71 | 1262 | 1208 |
| (V) | 1488 | 1576 | 3064 | 243 | 239 | 482 | 165 | 171 | 1162 | 1069 |
| (VI) | 1476 | 1503 | 2979 | 215 | 194 | 409 | 123 | 131 | 1206 | 1077 |
| (VII) | 1411 | 1516 | 2927 | 150 | 155 | 305 | 84 | 90 | 1220 | 1190 |
| (VIII) | 1199 | 1282 | 2481 | 159 | 157 | 316 | 38 | 50 | 1007 | 982 |
| (IX) | 1780 | 1707 | 3487 | 232 | 234 | 466 | 190 | 161 | 1481 | 1270 |
| (X) | 1138 | 1234 | 2372 | 169 | 136 | 305 | 88 | 72 | 918 | 943 |
| (XI) | 1240 | 1345 | 2585 | 164 | 140 | 304 | 57 | 64 | 1043 | 1047 |
| (XII) | 1288 | 1303 | 2591 | 187 | 149 | 336 | 50 | 54 | 1075 | 1047 |
| ആകെ | 16878 | 17722 | 34600 | 2287 | 2215 | 4502 | 1041 | 1043 | 13961 | 13146 |

[അവലംബം 1991 ലെ സെൻസസ്]

## പട്ടിക 2

### തൊഴിലെടുക്കുന്നവരുടെ എണ്ണം

| വിവരണം | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 1176 | 6020 | 7196 |
| ഭാഗികതൊഴിലുകൾ | 821 | 893 | 1714 |
| മൊത്തം | 1997 | 6913 | 8910 |
| തൊഴിൽ പങ്കാളിത്തനിരക്ക് | 11.27 | 40.96 | 27.33 |

[അവലംബം 1991 ലെ സെൻസസ്]

## പട്ടിക 3

### തൊഴിലാഴികളുടെ എണ്ണം വിവിധമേഖലകളിൽ

[മുഖ്യതൊഴിലുകാർമാത്രം]

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 431 | 59 | 490 | 6.81 |
| കർഷകതൊഴിലാളികൾ | 544 | 135 | 679 | 9.44 |
| മത്സ്യബന്ധനം, മൃഗപരിപാലനം | 808 | 8 | 816 | 11.34 |
| ഖനം, പാറപൊട്ടിക്കൽ | 595 | 17 | 612 | 8.51 |
| കുടിൽ വ്യവസായം | 238 | 226 | 464 | 6.45 |
| കുടിലേതര വ്യവസായം | 490 | 161 | 651 | 9.05 |
| കെട്ടിടം, റോഡ് നിർമ്മാണം | 377 | 50 | 427 | 5.09 |
| വാണിജ്യം | 1237 | 25 | 1262 | 17.54 |
| ഗതാഗതം, വാർത്താവിനിമയം | 417 | 228 | 645 | 8.97 |
| മറ്റുസേവനങ്ങൾ | 883 | 267 | 1150 | 15.99 |
| മൊത്തം തൊഴിലെടുക്കുന്നവർ | 6020 | 1176 | 7196 | 100 |

[അവലംബം 1991 ലെ സെൻസസ്]

210

## ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ വിവരം

| വാർഡ് | തിയ്യതി | വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| 1. | 21.9.96 | മുടപ്പിലാവിൽ | 234 | 57 | 291 |
| 2 | 2.10.96 | മന്തരത്തൂർ | 209 | 69 | 278 |
| 3 | 29.9.96 | കുറുന്തോടി | 278 | 62 | 340 |
| 4 | 14.9.96 | എളമ്പിലാട് | 142 | 5 | 147 |
| 5 | 21.9.96 | എടത്തുംകര | 129 | 43 | 172 |
| 6 | 22.9.96 | ചെരണ്ടത്തൂർ | 195 | 74 | 269 |
| 7 | 2.10.96 | മണിയൂർ മങ്കര | 178 | 17 | 195 |
| 8 | 28.9.96 | മണിയൂർ | 172 | 20 | 192 |
| 9 | 26.9.96 | മീനത്തുകര | 152 | 16 | 167 |
| 10 | 22.9.96 | കരുവഞ്ചേരി | 167 | 25 | 192 |
| 11 | 15.9.96 | പാലക്കാട് | 127 | 3 | 130 |
| 12 | 29.9.96 | പതിയാരക്കര I | 157 | 51 | 208 |
| 13 | 28.9.96 | പതിയാരക്കര II | 199 | 136 | 335 |
| | | ആകെ | 2338 | 578 | 2916 |

# കൃഷിയും ജലസേചനവും

കുറ്റ്യാടി പുഴയുടെ കരവലയങ്ങളിലമർന്ന് കുന്നുകളും ചരിവുകളും നെൽവയലുകളും ചിറകളും കൊണ്ട് സമൃദ്ധമായ മണിയൂർ പഞ്ചായത്ത് നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ പ്രസിദ്ധമായ കാർഷിക വിളഭൂമിയായിരുന്നു. കണ്ണെത്താത്ത ദൂരത്തോളം നീണ്ടുകിടന്നിരുന്ന മേനിമുറ്റിയ നെൽപ്പാടങ്ങൾ സ്വായത്തമാക്കാൻ വിദൂരതയിൽ നിന്നുപോലും മേൽക്കയ്മകൾ മണിയൂരിലെത്തിയിരുന്നു. എന്നതിന് തെളിവാണ് തൃച്ചംബരം ദേവസ്വത്തിന്റെ ജന്മാവകാശം. അരനൂറ്റാണ്ടിനപ്പുറം വരെ നിറഞ്ഞു നിന്നിരുന്ന നെൽപ്പാടങ്ങൾ ഇന്ന് ഓർമ്മമാത്രമാണ്. മകര കൊയ്ത് കഴിഞ്ഞ നെൽപ്പാടങ്ങളിൽ വെള്ളരി പടർപ്പും അതിന്റെ കാവൽമാടങ്ങളും ഇന്ന് ഒരിടത്തുമില്ല. പഴയകാലത്ത് ജനങ്ങളുടെ ജീവിതോപാധി കൃഷിയായിരുന്നു. ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽകൃഷിക്കായിരുന്നു. ഇന്ന് തെങ്ങുകൃഷിക്കാണ് മുൻഗണന. കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർ ഇന്ന് ജനസംഖ്യയുടെ അറുപത് ശതമാനത്തിലധികമാണ്.

**പട്ടിക 1. മണിയൂർ വില്ലേജ്** (ഏക്രയിൽ)

| ദേശം | വിസ്തീർണ്ണം | ഒരുപൂകിൽ | ഇരുപൂകിൽ | സ്ഥിരം പുഞ്ച | അസ്ഥിരം പുഞ്ച | തോട്ടം | പുറംപോക്ക് | നികുതി കെട്ടാത്തത് |
|---|---|---|---|---|---|---|---|---|
| മണിയൂർ | 1128.67 | 407.29 | 0.60 | 24.70 | 12.40 | 600.68 | 81.98 | 1.01 |
| എളമ്പിലാട് | 687.43 | 222.37 | 15.44 | 6.18 | 24.77 | 402.28 | 12.32 | 4.07 |
| ചെരണ്ടത്തൂർ | 691.48 | 245.8 | 0.24 | 30.92 | 1.80 | 354.62 | 58.59 | 0.17 |
| മന്തരത്തൂർ | 1055.03 | 137.50 | 47.0 0 | 81.70 | 218.76 | 550.67 | 18.73 | 0.60 |
| മുടപ്പിലാവിൽ | 574.55 | 43.41 | 51.27 | 22.74 | 50.23 | 376.96 | 23.14 | 5.80 |
| കുറുന്തോടി | 589.11 | 30.62 | 43.41 | 53.43 | 83.92 | 366.35 | 5.36 | - |
| ആകെ | 4726.26 | 1086.44 | 157.96 | 224.67 | 397.88 | 2651.56 | 200.13 | 11.65 |

**പട്ടിക 2 പാലയാട് വില്ലേജ്** (ഏക്രയിൽ)

| ദേശം | വിസ്തീർണ്ണം | ഒരുപൂകിൽ | ഇരുപൂകിൽ | സ്ഥിരം പുഞ്ച | അസ്ഥിരം പുഞ്ച | തോട്ടം | പുറംപോക്ക് | നികുതി കെട്ടാത്തത് |
|---|---|---|---|---|---|---|---|---|
| മുതുവന | 341.46 | 30.60 | 19.60 | 37.67 | 37.98 2 | 12.66 | 2.94 | - |
| കുന്നത്തുകര | 164.15 | 0.51 | - | 39.60 | 2.43 | 112.19 | 1.24 | 9.00 |
| കരുവഞ്ചേരി | 587.54 | 87.91 | 9.12 | 49.12 | 96.33 | 268.87 | 76.17 | - |
| ചെല്ലട്ടുപൊയിൽ | 354.01 | 51.74 | 0.52 | 63.19 | 51.39 | 159.62 | 27.55 | 0.02 |
| മീനത്തുകര | 152.75 | 27.45 | - | 11.49 | 14.62 | 68.30 | 30.89 | - |
| പാലയാട് | 335.09 | 87.56 | - | 11.80 | 11.93 | 147.63 | 75.04 | 1.13 |
| പതിയാരക്കര | 1033.24 | 54.28 | 145.27 | 26.33 | 27.72 | 721.43 | 46.54 | 1.66 |
| ആകെ | 2968.94 | 340.05 | 174.51 | 239.2 | 252.40 | 1690.70 | 260.25 | 11.81 |

## ഭൂവിനിയോഗം:-

വിസ്തൃതിയിൽ 3128.5 ഹെക്ടർ വരുന്ന മണിയൂർ പഞ്ചായത്തിൽ ആളോഹരി വിഹിതം സംസ്ഥാന നിരക്കിനേക്കാൾ അല്പം കൂടുതലാണ് 0.08 ഹെക്ടർ. നിമ്നോന്നതയെ അടിസ്ഥാനമാക്കി അഞ്ച് പ്രദേശങ്ങളാണുള്ളത്. സമുദ്രനിരപ്പിൽ നിന്ന് അഞ്ച് മീറ്റർ മുതൽ നാല്പത് മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പടിഞ്ഞാറെ അറ്റത്ത് മാങ്ങിൽകൈ പ്രദേശം ഏറ്റവും താഴ്ചയിലാണെങ്കിൽ കിഴക്കേ അറ്റത്തുള്ള മാക്കുന്ന് മല ഏറ്റവും ഉയരത്തിൽ നില്ക്കുന്നു. റവന്യൂരേഖകൾ പ്രകാരം ഭൂമിയുടെ തരം തിരവ് പട്ടിക 1 ൽ മണിയൂർ വില്ലേജും പട്ടിക 2 ൽ പാലയാട് വില്ലേജും കൊടുക്കുന്നു.

ഇന്ന് സ്ഥിതി പാടെ മാറിയിരിക്കുന്നു. ഇരുപുകിൽ സ്ഥലം തോട്ടങ്ങളായും സ്ഥിരം പുഞ്ചകൃഷിയോഗ്യ സ്ഥലങ്ങളായും മാറിയിരുക്കുന്നു. ഒരു പുകിൽചിറയും, പുറംപോക്ക് പുഴയും തെങ്ങിൻ തോപ്പുകളായി. ഭൂപ്രകൃതിയുടെ ഇന്നത്തെ സ്ഥിതിപട്ടിക 3ൽ കൊടുക്കുന്നു.

## കുന്നിൻ പ്രദേശം:-

വെള്ളറാട്ടുമല, കമ്പിളിക്കുന്ന്, മാക്കുന്ന്മല, കാക്കോറമല, പാപ്പിനോറമല, മലയാളംകുന്ന്, എലിപ്പറമ്പത്ത്മല, കൊയപ്രകുന്ന്, എടത്തുംകുന്ന്, കളരിമല, മയിലാടുംകുന്ന്, കുറിഞ്ഞിച്ചാല്മല, മുണ്ടംകണമല, തരിപ്പമല, മീനത്തികരകുന്ന്, തുണൂറകുന്ന്, പത്തായക്കുന്ന്, മലയാംവള്ളിമല, പുറ്റാറത്ത്മല, വേന്തോറമല, മുളിയേരിക്കുന്ന്, പുച്ചക്കുന്ന്, ചാത്തൻകുന്ന് എന്നിവയെല്ലാം ചേർന്ന് മൊത്തം വിസ്തൃതിയുടെ 13 ശതമാനം വരുന്ന പ്രദേശം ഉയർന്ന കുന്നിൻ പ്രദേശമാണ്. സമുദ്രനിരപ്പിൽ നിന്നും 30 മുതൽ 40 വരെ മീറ്റർ ഉയരത്തിൽ കിടക്കുന്ന ഈ പ്രദേശങ്ങൾ ഒരുകാലത്ത് തരിശുഭൂമികളോ കാട്ടുപ്രദേശങ്ങളോ ആയിരുന്നു. കന്നുകാലികളുടെ മേച്ചിൽ പുറങ്ങളായിരുന്ന ഇവിടം. മനിഷ്യന്റെ അധ്വാനശേഷി ഈ പ്രദേശങ്ങളെ കശുമാവിൻ തോപ്പുകളും തെങ്ങിൻതോട്ടങ്ങളുമാക്കി മാറ്റിയിരിക്കുന്നു.

ചെങ്കൽപാറയും കുട്ടക്കല്ലുകളും നിറഞ്ഞതിനാൽ മഴവെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങാൻ പ്രയാസമാണ്. മഴവെള്ളം ഉപരിതലത്തിലൂടെ ഒലിച്ചുപോകുന്നു. ഒപ്പം മണ്ണൊലിപ്പും.

വെള്ളം ഊർന്നിറങ്ങാത്തതിനാൽ ഈ പ്രദേശം വരണ്ട ഭൂമിയാണ്. കശുമാവ് കൃഷിയാണ് പ്രധാനം. കിണറുകൾക്ക് 20 മുതൽ 25 മീറ്റർവരെ താഴ്ചയുണ്ട്. തെങ്ങു കൃഷി ഉണ്ടെങ്കിലും ലാഭകരമല്ല. ജലദൗർലഭ്യമാണ് കാരണം. മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, ചെറുകിഴങ്ങ്, ചേന, ചേമ്പ്, എന്നിവ കൃഷിചെയ്യാൻ പറ്റുന്ന നീർവാർച്ചയുള്ള മണ്ണാണ്. നീർക്കുഴികളും കയ്യാലകളും നിർമ്മിച്ച് ജലഗ്രാഹ്യത വർദ്ധിപ്പിക്കാം. മിക്ക കുന്നുകളുടെയും അടിവാരത്ത് ജലശേഖരമുള്ളതിനാൽ ജലസേചന സൗകര്യമുണ്ടാക്കാൻ കഴിയും.

## ചരിവുതലം:-

വിസ്തൃതിയുടെ ഏതാണ്ട് 57 ശതമാനം വരുന്ന ഈപ്രദേശം പുരാതന കാലംമുതൽ ജനവാസ സ്ഥലമാണ്. പഞ്ചായത്തിലെ മലകളുടെയും ഉയർന്ന പ്രദേശങ്ങളുടെയും പാർശ്വഭാഗങ്ങളാണ് ഈ ഭൂമി. ചരൽ കലർന്ന ചെമ്മണ്ണാണ്. മഴജലം ഭൂമിക്കടിയിലെക്ക് ഊർന്നിറങ്ങാൻ സാധ്യതയുണ്ട്. എന്നാൽ ഭൂമിയുടെ ചരിവ് കാരണം മഴവെള്ളം ഊർന്നിറങ്ങും മുൻപ് ഒഴുകി പോകുന്നു. മണ്ണൊലിപ്പ് ഫലപുഷ്ടി കുറക്കുന്നു. ജലദൗർലഭ്യമുള്ള പ്രദേശമാണ്. 5മീറ്റർ മുതൽ 20 മീറ്റർ വരെ ആഴത്തിൽ ജലം ലഭ്യമാണ്. തെങ്ങ് സമൃദ്ധിയായി വളരുന്നു. ഇരുപത്തി അഞ്ച് മുതൽ നൂറ് വരെ മേനി ലഭിക്കുന്നു. ശരാശരി മേനി 35 ആണ്. കരുമുളക്, വെറ്റിലക്കൊടി, കവുങ്ങ്, വാഴ, മരച്ചീനി എന്നിവയും കൃഷിചെ

### പട്ടിക 3 ഭൂപ്രകൃതി

| ക്രമനമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം | മുഖ്യവിളകൾ |
|---|---|---|---|---|
| 1 | കുന്നിൻപ്രദേശം | 407 ഹെക്ടർ | 13 | കശുമാവ്, തെങ്ങ് |
| 2 | ചരിവുതലം | 1783 ഹെ. | 57 | തെങ്ങ്, കുരുമുളക്, വെറ്റിലക്കൊടി, മരച്ചീനി, വാഴ |
| 3 | കുനിനിലങ്ങൾ | 187.5 ഹെ. | 6 | തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് |
| 4 | നെൽവയലും ചിറയും | 707 ഹെ. | 22.6 | നെല്ല് |
| 5 | പുഴത്തീരം | 44 ഹെ. | 1.4 | തെങ്ങ്, കവുങ്ങ്, വാഴ |
| | ആകെ | 31285 ഹെക്ടർ | 100 | |

യ്യുന്നു. ഭൂരിപക്ഷം കർഷകരും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. ചുരുക്കം ചിലർ ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, പയർ മുത്താറി, പച്ചക്കറികൾ എന്നീ ഇടവിളകൾ ഉണ്ടായിരുന്നത് കുറഞ്ഞു വരികയാണ് മുൻപ് മഴക്കാലത്ത് തെങ്ങിൻ തോപ്പുകളിൽ "മോഡൻ' നെൽകൃഷി നടത്തിയിരുന്നു. ചോമാല പള്ളിയാറൽ കരിവിത്ത് എന്നീ നെൽവിത്തുകളാണ് 'മോഡന്' ഉപയോഗിച്ചിരുന്നത്. ചിങ്ങമഴ കുറഞ്ഞതോടെ മോഡൽ കൃഷി പലരും ഉപേക്ഷിച്ചു. പയറും മുത്താറിയും ഇതേ കാരണത്താൽ കൃഷി ചെയ്യാതായി. കരുവഞ്ചേരി, മണിയൂർ കുറുന്തോടി, ചെല്ലാട്ടുപൊയിൽ എന്നിവിടങ്ങളിലാണ് വെറ്റിലക്കൊടി കൂടുതലായി കൃഷിചെയ്യുന്നത്. മിക്ക ചരിവ്യതലങ്ങളും ഇപ്പോൾ ചെങ്കൽ ക്വറികളായി മാറുകയാണ്. ചെങ്കല്ലിന്ന് വിലകൂടിയതോ, നാളീകേരിത്തിന് വില കുറഞ്ഞതോ അല്ല ഇതിന്റെ കാരണം മഴകുറഞ്ഞതോടെ തെങ്ങിന്റെ കായ്ഫലം കുത്തനെ കുറഞ്ഞു കായ്ഫലം കുറഞ്ഞ തെങ്ങ് പൊറിച്ചുമാറ്റി ചെങ്കൽ വെട്ടുകുഴികളാക്കി. സാമൂഹ്യ ജലസേചന പദ്ധതി പ്രയോജനപ്പെടുത്തി തെങ്ങുകൃഷി ലാഭകരമാക്കുകയും ഇടവിളപ്രാത്സാഹിപ്പിക്കുകയും ചെയ്യാം.

## കുനിനിലങ്ങൾ:

വില്ലേജ് ഓഫീസുകളിൽ ലഭ്യമായ കണക്കനുസരിച്ച് 715 ഹെക്ടർ സ്ഥലത്ത് നൽകൃഷി ഉണ്ടായിരുന്നു. കാലം കടന്നുപോകും തോറും ഇരുപ്പുനിലങ്ങൾ തെങ്ങിൻ തോപ്പുകളായിമാറി മഴയെ മാത്രം ആശ്രയച്ചു നടത്തിയ നൽകൃഷിക്ക് വെള്ളം കിട്ടാതെ വന്നതും നെൽകൃഷി ലാഭകരമല്ലാതായതുമാണ് ഇതിന്ന് പ്രേരണ നല്കിയത്. വയൽ നികത്തിയ ഈ പ്രദേശം ഇപ്പോൾ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശമാണ്. മന്തരത്തൂർ പൂലുവയൽ മുതൽ നെയ്യല്ലൂർ താഴെവരെയും കുറുന്തോടി മുണ്ടാന്നൂർ കുളം മുതൽ കയ്യേരിക്കൽ വരെയും മുടപ്പിലാവിൽ വാഴേരി താഴെമുതൽ ചൊവ്വായി താഴെരെയും കിഴക്ക് പുത്തൂർ താഴമുതൽ നടക്കൽ താഴവരെയും എളിമ്പിലാട് കോയക്കുട്ടി വയലും എളമ്പിലാട് വയലും മീത്തലെ വയലും ചെണ്ടത്തൂർ ഒമലനിലവും വൈനോക്കി നിലവും മങ്കര വയലും മണിയൂർ നെല്ലൂക്കരതാഴമുതൽ തൂണുറ താഴവരെയും പാലയാട് വില്ലേജിലെ മുതുവന കുയ്യാൽ താഴമുതൽ ചൊക്ലിയത്ത് താഴവരെയും കരുവഞ്ചേരി വയരം വള്ളി താഴമുതൽ കോവുക്കൽ താഴവരെയും പതിയാരക്കര നടുവയൽ ഭാഗവും പുറ്റാറത്ത് താഴവയലും നകത്തി കുനി പ്രദേശങ്ങളായി. നീരുറവുള്ള സ്ഥലങ്ങളായതിനാൽ, തെങ്ങ്, വാഴ്, കവുങ്ങ്, എന്നിവ സമൃദ്ധിയായി വളരുന്ന തെങ്ങിന്ന് ആയുസ്സ് കുറവാണ് കറവാർച്ച (ചെന്നീരൊലിപ്പ്) രോഗം തെങ്ങിനെ ബാധിക്കുന്നതായി കാണുന്നു. ചില സ്ഥലങ്ങളിൽ തെങ്ങ് ഇടതിങ്ങി നില്ക്കുന്നതുകാരണം അവിടെ കായ്ഫലം കുറവാണ്.

## നെൽവയലും ചിറയും :-

നെൽകൃഷി പ്രധാനമായും നടക്കുന്നത് ചിറകളിലും അവയ്ക്ക് ചുറ്റിലും മാത്രമാണ്. മുതുവനയിലെ മണപ്പുറത്ത് താഴെയും ചെല്ലട്ടുപൊയിൽ തച്ചിനാരി താഴെയും കോതോറയിലും പതിയാരക്കര വിലങ്ങിൽ താഴെയും വണ്ടായിതാഴെയും എടുത്തുംകര പാണ്ടിയിലും കരുവഞ്ചേരി വയലിലും നാമമാത്രമായ നെൽകൃഷി ഉണ്ട്ച പുതിയതരം വിത്തുകളും രാസവളങ്ങളും ഉപയോഗിക്കുന്ന. കാലാവസ്ഥയെ ആശ്രയിച്ചാണ് കൃഷി-ജലസേചന സൗകര്യമുണ്ടാക്കിയാൽ നെൽകൃഷി നിലനിർത്താൻ കഴിയും. മുൻപ് തോടുകളും കുളങ്ങളും പരസ്പരം ബന്ധിച്ച് കൃഷിക്ക് ഉപയുക്തമാക്കിയിരുന്നു. തവളക്കണ്ണനം - പള്ളിയാറലും ആയിരം കണയും മുണ്ടോനും - കയമയും പഴയവിത്തുകളായിരുന്നു. നീർചാലുകർ ഇല്ലാതായതും വെള്ളം കെട്ടിനില്ക്കുന്ന കണ്ടം മണ്ണിട്ടു നികത്തിയതും നീരൊഴുക്കിന്റെ ക്രമം തെറ്റിച്ചു. വെള്ളം തങ്ങിനില്കാനിടമില്ലാതെ നേരെ പുഴയിലേക്കൊഴുകി. ക്രമേണ ചിറകളും നികത്തിതുടങ്ങി കുന്നത്തുകരിയിലെ പൂവ്വാം പുഴയും ചെല്ലട്ടുപൊയിപൊയിലെ കോതോറയും പതിയാരക്കരയിലെ ചണ്ടാരത്ത് ചിറയും മണ്ടലം കോട്ടുപുഴയും ഉപ്പം തൊടികൈയ്യും തെങ്ങുകൃഷി കയ്യടക്കിയിരിക്കുന്നു. ചെരണ്ട

**പട്ടിക 4 നെല്ല് ഉദ്പാദന കണക്ക്** (കൃഷിഭവൻ രേഖ)

| പാടശേഖരത്തിന്റെപേര് | ആകെ വിസ്തീർണ്ണം | രണ്ടാം വിള | പുഞ്ചകൃഷി ചെയ്യുന്നസ്ഥലം | നെല്ലുല്പാദനം | കർഷകരുടെ എണ്ണം |
|---|---|---|---|---|---|
| ചെരണ്ടത്തൂർ പാടശേഖരം | 180ഹെ | 30ഹെ | 30ഹെ | 4000kg/ഹെ | 125 |
| അശ്വതി പാടശേഖരം | 170ഹെ | 54ഹെ | 60ഹെ | 4000kg/ഹെ | 198 |
| എളമ്പിലാട് പാടശേഖരം | 150ഹെ | 40ഹെ | 45ഹെ | 4000kg/ഹെ | 146 |
| എടത്തുംകര | 100ഹെ | 20ഹെ | — | 2500kg/ഹെ | 145 |
| മന്തരത്തൂർ | 100ഹെ | 20ഹെ | — | 2500kg/ഹെ | 127 |

ത്തൂർ ചിറയും എടത്തുംകര മന്തരത്തൂർ പണ്ടിയും കൂടി 703 ഹെക്ടർ കൃഷി സ്ഥലം വരും ഇതിൽ ചെരണ്ട ത്തൂർ ചിറമാത്രം 500 ഹെക്ടറിൻ അധികമുണ്ട്. അധി കരിച്ച വെള്ളം കാരണം ഇപ്പോൾ 364 ഹെക്ടർ സ്ഥലത്ത് മാത്രമാണ് കൃഷി നടത്തുന്നത്. ഈ പാടശേഖരങ്ങ ളിലെ നെല്ല് ഉല്പാദനത്തിന്റെ കണക്ക് പട്ടിക 4ൽ കൊടുക്കുന്നു.

ചെരണ്ടത്തൂർ ചിറയിലെ കൃഷിരീതിക്ക് പ്രത്യേകത യുണ്ട് നാട്ട അടിച്ചിറക്കി തെങ്ങോലയും ചളിയും കൊണ്ടു ബണ്ടുകെട്ടി പലചക്രം ചവിട്ടി വെള്ളം തേവി യാണ് മുമ്പ് കൃഷി നടത്തിയിരുന്നത്. രാത്രിയുടെ യാമ ങ്ങളിലും വടക്കൻ പാട്ടുകളിലെ ഈരടികൾ ഉരുവിട്ടു കൊണ്ട് ചക്രം ചവിട്ടിയ കർഷകരുടെ അശ്രാന്ത പരിശ്ര മഫലമാണ് ചെരണ്ടത്തൂർ ചിറയുടെ പ്രശസ്തി ഉയർത്തി യത്. പാതിരാവിൽ ബണ്ട് പൊട്ടിയാലുള്ള പ്രത്യേക കൂവൽകേട്ടാൽ സമീപവാസികൾ ഓടി എത്തുന്ന കൂട്ടായ്മ ഇന്നും തുടരുന്നു. കുട്ടാടൻ നെല്ലാണ് ചെരണ്ട ത്തൂർ ചിറയിൽ ഉപയോഗിച്ചിരുന്നത്. ഒരു വർഷത്തെ മൂപ്പുള്ള വിത്ത് വെള്ളപ്പൊക്കത്തെ വെല്ലുവിളിക്കുന്ന വളർച്ച കുട്ടാടൻ നെല്ലിന്റെ പ്രത്യേകതയാണ്. ഇത് ''കുട്ടാടനും വെള്ളവും പോലെ'' എന്ന ഭാഷാ ശൈലിതന്നെ ഉണ്ടാക്കി. കാര്യമായ വളം ചേർക്കാതെ തന്നെ നല്ല മേനിതരുന്ന വിത്താണ് കുട്ടാടൻ. ഈ കൃഷിയാണ് ചെരണ്ടത്തൂർ ചിറയെ മണിയൂരിന്റെ നെല്ല റയാക്കിയത്. നീലക്കോഴിയുടെ ആക്രമണം മൂലം ഇപ്പോൾ കുട്ടാടൻ കൃഷി ചെയ്യുന്നില്ല. കുട്ടാടൻ മകരവി ളയാണ്.

മഴക്കാലത്ത് 4 മീറ്ററോളം ഉയരത്തിൽ വെള്ളം കെട്ടി നില്ക്കുന്ന ചിറ വേനൽ കാലത്തിന്റെ അന്ത്യത്തിൽ വറ്റിപ്പോകാറുണ്ട്. വെള്ളം കുറഞ്ഞാൽ പുഞ്ചകൃഷി ഇറ ക്കുന്നു. ചക്രം ചവിട്ടിയും മുറംകെട്ടി തേവിയും ചെയ്യുന്ന പുഞ്ചകൃഷിയടെ മേനി മോശമല്ലെന്ന് കണ്ടതോടെ കൂടു തൽ സ്ഥലത്ത് പുഞ്ചകൃഷി ആരംഭിച്ചു. പുഞ്ചകൃഷി കൂട്ടായ്മയിലൂടെയാണ് നടത്തുന്നത്. പുതിയ നെൽ വിത്തുകളായ ത്രിവേണി ജ്യോതി എന്നിവയ്ക്ക് പുറമെ പ്രാചീനമായി ഉപയോഗിച്ചു വരുന്ന നകരപുഞ്ചയും മഞ്ചുപുഞ്ചയും ഉപയോഗിക്കുന്നുണ്ട്. നകര പുഞ്ചക്ക് മേനി കുറവാണെങ്കിലും വൈക്കോൽ അധികമുണ്ടാകും.

ഈ ഇനം നെല്ലിന്ന് ഔഷധഗുണമുണ്ടെന്നതിനാൽ വില കൂടുതലാണ്. കിലോവിന്ന് 20 രൂപവരെ കിട്ടും രാസവളങ്ങളും കീടനാശിനിയും വ്യാപകമായി ഉപയോ ഗിക്കുന്നു. ഇപ്പോൾ പമ്പ്സെറ്റ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നു. ഈ ചിറ കുറ്റ്യാടിപുഴയേക്കാൾ താഴ്ന്നു കിടക്കുന്നതിനാൽ ചിറ നിറഞ്ഞു കവിയുന്ന വെള്ളം മാത്രമേ ഒഴുകി പോകുന്നുള്ളു. ജൂൺ മുതൽ ഓക്ടോ ബർ വരെ നിറഞ്ഞുനില്കുന്നു. ഒക്ടോബർ മാസത്തിൽ വെള്ളം കുറഞ്ഞ സ്ഥലത്ത് മകരം കൃഷി ഇറക്കുന്നു തുലാവർഷം ശക്തിപ്പെട്ടാൽ മകരം കൃഷി തകരാറി ലാകും.

മൂന്നു ഭാഗവും മലകളാൽ ചുററപ്പെട്ട ചെരണ്ടത്തൂർ ചിറയിലെ പരിസ്ഥിതി പ്രത്യേകത കൊണ്ടാവാം മകര മാസത്തിൽ മാനം നിറയെ ദേശാടന പക്ഷികൾ എത്തുന്നു. എരണ്ടയും കാടയും നീലക്കോഴിയും. ഇവ യുടെ സാന്നിദ്ധ്യം മനോഹരദൃശ്യമാണ്. നീലക്കോഴി കൾ ചിറയിലെ അന്തേവാസികളായി മാറിയിരിക്കുന്നു. ഇവ നെൽപാടങ്ങൾക്ക് ഭീഷണിയാണ്. കൊയ്തും മെതിയും കഴിഞ്ഞ് മീനച്ചൂടിൽ ചിറയിലിറങ്ങി മനു ഷ്യന്റെ വലുപ്പമുള്ള കയിച്ചിലും (ബ്രാൽ) ചേർമീനും പിടിക്കുന്നത് ഈ ചിറയുടെ പ്രത്യേകതയാണ് കീടനാ ശിനികളുടെ അമിതമായ പ്രയോഗം തവളകളേയും മീനു കളേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഒപ്പം കൊതുക്ശല്യം പെരുകിയിരിക്കുന്നു. കൊയ്ത്ത് കഴിഞ്ഞ ചിറയിലേക്ക് കേരളത്തിന്റെ തെക്കേ അറ്റത്തു നിന്നു പോലും താറാവിൻ പറ്റത്തെ കൊണ്ടുവന്ന് മേച്ചു നടക്കുന്ന കാഴ്ച ഇന്നും കാണാം.

അധികരിച്ച വെള്ളം കാനാലിലേക്ക് ഇറക്കിനിർത്തി 200 ഹെക്ടർ സ്ഥലംകൂടി കൃഷിക്ക് ഉപയുക്തമാക്കുന്ന തിന്ന് പ്രധാനമന്ത്രിയുടെ ഒരു പ്രത്യേക പദ്ധതി 1995ൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തി പൂർത്തീകരി ച്ചിട്ടില്ല. മണിയൂർ കൃഷി ഭവന്റെ ഉപദേശപ്രകാരം 1996ലെ പുഞ്ചകൃഷിക്ക് ചിരണ്ടത്തൂർ ചിറയിൽ കീട നാശിനിയുടെ ഉപയോഗം പരിമിതമാക്കി. ഈ പരീ ക്ഷണം വിജയമായിരുന്നു കീടബാധ ഉണ്ടായില്ല. നല്ല മേനിയും കിട്ടി. ഈ രീതി പ്രാവർത്തിക മാക്കാനുള്ള ശ്രമത്തിലാണ് പാടശേഷര സമിതികളും കൃഷിഭവനും ചെരണ്ടത്തൂർ ചിറയിൽ മൂന്ന് പാടശേഖര സമിതികൾ

**പട്ടിക 5 നെൽകൃഷി** (കൃഷിഭവൻരേഖ)

| ക്രമനമ്പർ | വിള | വിസ്തീർണ്ണം | വിളവ് ഹെക്ടറിൽ |
|---|---|---|---|
| 1 | ഒന്നാംവിള | 40 ഹെക്ടർ | 1800കിലോ/ഹെക്ടർ |
| 2 | രണ്ടാംവിള | 184 ഹെക്ടർ | 2200കി/ഹെക്ടർ |
| 3 | മൂന്നാംവിള | 140 ഹെക്ടർ | 4000കി/ഹെക്ടർ |
| | ആകെ | 364 ഹെക്ടർ | 10368 കിൻടൽ |

പ്രവർത്തിക്കുന്നുണ്ട്. എടത്തും കരപാടശേഖര സമിതിയും മന്തരത്തൂർ കവുന്തൻനട, കേയക്കണ്ടിതാഴ പാടശേഖര സമിതികളും ഇതിന്ന് പുറമെയാണ്: മൂന്ന് വിളകളിലും കൂടി പഞ്ചായത്തിലെ നെല്ലുല്പാദനത്തിന്റെ കണക്ക് പട്ടിക 5ൽ കൊടുക്കുന്നു

എടത്തുംകര പാടശേഖരവും കാവുന്തൻനട കേയക്കണ്ടിതാഴ പാടശേഖരങ്ങളും കൂടി 200 ഹെക്ടർ സ്ഥലമുണ്ട്. ഇവ ഒരു പൂനിലങ്ങളാണ്. മഴക്കാലത്ത് കൂടുതൽ വെള്ളം കെട്ടി നില്കുന്നതുകൊണ്ട് കൃഷി ഇറക്കാൻ കിഴിയുന്നില്ല. ഈ പാടശേഖരങ്ങൾ തിരുവള്ളൂർ പഞ്ചായത്തിലെ പാടശേഖരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഉപ്പു വെള്ളം കയറുന്നു. മാങ്ങുംമൂഴിചീർപ്പ് കാര്യക്ഷമമാക്കിയാൽ ഉപ്പുവെള്ളം കയറുന്നത് തടയാം. മാഹി കനാൽ ഈ പാടശേഖരങ്ങുടെ തീരത്തുകൂടി കടന്നു പോകുന്നു.

എടത്തുംകര പാടശേഖരത്തിൽ ബണ്ട് നിർമ്മിക്കാനുള്ള ഒരു പദ്ധതി കൃഷി ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിൽ ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കിയാൽ 50 ഹെക്ടർ സ്ഥലം ഇരുപ്പൂനിലമാക്കി മാറ്റാം. മാങ്ങും മൂഴി മുതൽ കന്നിനട വരെ കനാൽതീരം മണ്ണിട്ട് ഉയർത്തി ബണ്ട് നിർമ്മിച്ചാൽ 200 ഹെക്ടർ സ്ഥലം ഇരിപ്പൂനിലമാക്കാം. ഈ പദ്ധതി തിരുവള്ളൂർ പഞ്ചായത്തിലെ പാടശേഖരത്തിനുകൂടി പ്രയോജനപ്പെടും. കനാൽ തീരത്തുകൂടി റോഡിനുള്ള ഒരു പദ്ധതി കനാൽ സെക്ഷന്റെ പരിഗണനയിലുണ്ട്. ആയത് പ്രാവർത്തികമാക്കുന്നത് പാടശേഖരത്തിന് ഗുണം ചെയ്യും. ഉപ്പുവെള്ളം കയറുന്നത് കൊണ്ടാണ് ഇപ്പോൾ പുഞ്ചകൃഷി ചെയ്യാൻ കഴിയാത്തത് മാങ്ങും മൂഴിയിലൂടെ ഉപ്പ് വെള്ളം കയറുന്നത് തടയണം.

പഞ്ചായത്തിലെ മറ്റൊരു പ്രധാന ചിറയാണ് ചൊവ്വാപ്പുഴ വിശാലമായ വിസ്തൃതി കൊണ്ടാവാം ഇതിന് ചൊവ്വാഴി എന്നും വിളിക്കുന്നു. ഏറ്റവും കൂടുതൽ പുറംപോക്ക് ഭൂമിയുള്ളത് ഈ പുഴയിലാണ്. പാലയാട് നടയും ചീർപ്പും ചൊവ്വാഴിയെ കുറ്റ്യാടിപുഴയിൽനിന്ന് വേർതിരിക്കുന്നു. പ്രാചീനക്കാലത്ത് ചൊവ്വാഴിയിലൂടെ പായക്കപ്പൽ (ഉരു) കളരിമലയിലെ അങ്ങാടി പാറയിൽ അടുത്തിരുന്നതായി ഐതീഹ്യമുണ്ട്. ഇപ്പോൾ അങ്ങാടിപ്പാറിയിൽ നവോദയ വിദ്യാലയമാണ്. രുചിയിൽ പ്രസിദ്ധി കേട്ടതാണ് ചൊവ്വാപ്പുഴ മത്സ്യം. ഇവിടുത്തെ മാലാനും ചെമ്മീനും തേടി വളരെ ദൂരത്തുനിന്ന് ആവശ്യക്കാർ വന്നുചേരുന്നു. ഈ പുഴയിൽ മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന ഇരുന്നുറോളം കുടുംബങ്ങളുണ്ട്. ഇവർക്ക് പുറമെ സമീപ പ്രദേശങ്ങളിൽ നിന്ന് ധാരാളം ആളുകൾ മത്സ്യം പിടിക്കാൻ രാത്രി കാലങ്ങളിൽ ചൊവ്വാപ്പുഴയിൽ എത്തുന്നു. ഉണങ്ങിയ ഓല ചുരുട്ടിക്കെട്ടി ചൂട്ട് കത്തിച്ച് മത്സ്യം പിടിക്കുന്നത് ഇവിടുത്തെ പ്രത്യേക്തയാണ് നൂറുകണക്കിന് ചൂട്ടക്കാർ രാത്രിയിൽ പുഴിയിലിറങ്ങി മത്സ്യം പിടിക്കുന്നത് രസാവഹമായ കാഴ്ചയാണ്. വെള്ളത്തിൽ ഇളക്കമുണ്ടാക്കിയാൽ ചെമ്മീൻ ചളിയിലമരും അപ്പോൾ അവയെ പിടിച്ചെടുക്കുന്നതാണ് മറ്റൊരു രീതി വെള്ളവലിക്കാർ മത്സ്യത്തെ ഓടിച്ച് വലയിൽ കയറ്റുന്ന രീതിയാണ് അവലംബിക്കുന്നത്, ഒറ്റൽ കുത്തി പിടിക്കുന്നതും വലവീശിപ്പിടിക്കുന്നതും ഊറ്റു വല ഉപയോഗിക്കുന്നതും മറ്റു രീതികളാണ്, ഒരു വർഷത്തിൽ ചുരുങ്ങിയത് പത്ത് ലക്ഷം രൂപയയുടെ മത്സ്യം ചൊവ്വാപ്പുഴയിൽ നിന്ന് പിടിച്ചെടുക്കുന്നു.

മുമ്പ് കാലത്ത് ചൊവ്വാപ്പുഴയിൽ നെൽകൃഷി ചെയ്തിരുന്നു. പാലയാട് ചീർപ്പ് കൃത്യമായി അടക്കാത്തതു കാരണം ഉപ്പ് വെള്ളം കയറുന്നു. ഇത് തുടർന്നു വന്നപ്പോൾ നെൽകൃഷി ഇല്ലാതായി. ഇപ്പോൾ പുഴയുടെ ഏതാണ്ട് പകുതിയും നികത്തി തെങ്ങിൻ തോപ്പുകളാക്കി മാറ്റിയിരിക്കുന്നു ഒരു വർഷത്തേക്ക് നെൽകൃഷി നടത്താൻ ലീസിന് എടുത്ത സ്ഥലങ്ങൾ പോലും ഇന്ന് തെങ്ങിൻ തോപ്പുകളാണ് പുഴയിൽ നിന്ന് അനിയന്ത്രിതമായി ചളി എടുത്തുകൊണ്ടിരിക്കുന്നു. ചളി എടുക്കുന്നതും പുഴനികത്തുന്നതും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സമീപ കുന്നുകളിൽ കുടിവെള്ള ക്ഷാമമുണ്ടാക്കുന്നു.

പാലയാട് ചീർപ്പ് സമയത്ത് അടച്ച് ഉപ്പുവെള്ളം കയറുന്നത് തടയണം. നെൽകൃഷിക്ക് സൗകര്യമുണ്ടാക്കുകയും പുഴ സംരക്ഷിക്കുകയും വേണം ചൊവ്വാപ്പുഴ പ്രകൃതിരമണീയമായ സ്ഥലമാണ് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുവാൻ ധാരാളം സാധ്യതകൾ ഉണ്ട്. നിയന്ത്രണവും ശ്രദ്ധയും ഉണ്ടായാൽ വമ്പിച്ച ഒരു മത്സ്യസമ്പത്തിന്റെ വിളനിലമാക്കി ഇവിടം വളർത്തിയെടുക്കാം ഉപ്പാതൊടി കൈയ്യും ചങ്ങാരത്ത് ചിറയും മത്സ്യകൃഷി നടത്താൻ പറ്റിയ സ്ഥലങ്ങളാണ്.

**പുഴത്തീരം (കോവ്വുപ്പുറം)** :- പഞ്ചായത്തിന്റെ കിഴക്കും, തെക്കും പടിഞ്ഞാറും കുറ്റ്യാടി പുഴയുടെ തിരമാണ്. മാങ്ങും മൂഴിമുതൽ മാങ്ങിൽ കൈവരെ ഏതാണ്ട് പന്ത്രണ്ട് കിലോമീറ്റർ ദൈർഘ്യമുണ്ട് ഈ തീരത്തിന്. ഈ പ്രദേശം പൂഴികലർന്ന പശിമരാശി മണ്ണായതിനാൽ തെങ്ങും കവുങ്ങും വാഴയും മികച്ച മേനി തരുന്നു. പുല്ലോണ്ടിക്കടവ്, ഇടിഞ്ഞകടവ്, പാറേമ്മൽകടവ്, അട്ടക്കുണ്ട്കടവ്, തുറശ്ശേരികടവ്, മേത്തോടികടവ്, മഞ്ചയിൽകടവ്, എന്നിവ ഈ പ്രദേശത്താണ്. മാങ്ങിൻ കൈ ഭാഗത്ത് കക്ക നിക്ഷേപമുണ്ട്. ഇപ്പോൾ അനധികൃതമായ ഖനനം നടക്കുന്നു. പുഴയിൽനിന്ന് പൂഴിവാരുന്നു. ഇരുന്ത്, എളമ്പക്ക (കക്ക) എന്നിവയും പുഴയിൽനിന്ന് കിട്ടുന്നു. ഈ പുഴയിലൂടെ മുൻപ് കുറ്റ്യാടിയിൽനിന്നും വടകരയിലേക്ക് ബോട്ട് സർവ്വീസ് നടത്തിയിരുന്നു. മാങ്ങും മൂഴിയിലെ ബോട്ടുജട്ടി ഇപ്പോഴും അവശേഷിക്കുന്നു. മൂന്ന് പഞ്ചായത്തുകളുടെ സംഗമസ്ഥാനമായ. മാങ്ങും മൂഴിയിലെ ഭഗവതിക്ഷേത്രവും സത്യക്കല്ലും മുതലയും ദൈവീക നീതിപീഠത്തിന്റെ ഐതിഹ്യം ഉരുവിടുന്നു. പടിഞ്ഞാറോട്ടൊഴുകുന്ന കുറ്റ്യാടിപുഴ മാങ്ങും മൂഴിയിൽ നിന്ന് ദിശമാറി തെക്കോട്ടൊഴുകുന്നു. ഈ ദിശാമാറ്റം തീരഭൂമിയെ കാർന്നെടുക്കുന്നു. മാങ്ങും മൂഴി മുതൽ ഇടിഞ്ഞ കടവുവരെയുള്ള തീരം ഭീഷണിയിൽ കഴിയുകയാണ്. തീരം സംരക്ഷിക്കേണ്ടതാണ്.

**തെങ്ങുകൃഷി :-** പഞ്ചായത്തിൽ രണ്ടായിരത്തിമുന്നൂറ്റി മുപ്പത്തി ഒന്ന് ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി നടത്തുന്നു. ഇത് മൊത്തം വിസ്തൃതിയുടെ 74.5 ശതമാനമാണ്. മൊത്തം അഞ്ചു ലക്ഷത്തിആറായിരത്തി

മുന്നൂറ് തെങ്ങുകൾ ഉള്ളതിൽ കുലച്ചത് ഇരുപത്തി ഒമ്പതായിരത്തി നാനൂറ് എണ്ണമാണ് ശരാശരി മേനി മുപ്പത്തിഅഞ്ച്. കുനി പ്രദേശത്തും തീരദേശത്തും നൂറ് മുതൽ നൂറ്റിഅമ്പത് വരെ മേനി കാണുന്നു. ചരിവുതലത്തിലും കുന്നുകളിലും ഇരുപതുമുതൽ മുപ്പതുവരെ മേനിയുള്ളൂ. ജലസേചനത്തിന്റെ അഭാവമാണ് മേനികുറയാൻ കാരണം. മണ്ണ് പരിശോധന ഉപയോഗപ്പെടുത്താത്തതും ജൈവ് വളത്തിന്റെ അഭാവവും മറ്റു കാരണങ്ങളാണ് കൃഷിഭവനിലെ കണക്കുപ്രകാരം 5 കൊല്ലം കൊണ്ട് 1280 തെങ്ങ് മണ്ടചീയൽ രോഗവും 2300 തെങ്ങ് ചെന്നീരൊലിപ്പ് രോഗവും കൊണ്ട് നശിച്ചിട്ടുണ്ട് മച്ചിങ്ങപൊഴിയിൽ ധാരാളമായി കണ്ടുവരുന്നു, ജലസേചനമില്ലാത്ത ഇടങ്ങളിലാണ് കൂടുതൽ കാണുന്നത്.

പഞ്ചായത്തിലെ വിവിധ വിളകളും അവ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും ഉൽപാദന ക്ഷമതയും പട്ടിക 6ൽ കൊടുക്കുന്നു.

തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിന്നും കൃഷിഭവൻ മുഖേനയും വിവധ ബാങ്കുകൾ മുഖേനയും പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. സാമൂഹ്യ ജലസേചന പദ്ധതിക്ക് 85% വരെ സബ്സിഡിനല്കുന്നു. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്കും മറ്റും 50% സബ്സിഡിഉണ്ട്. കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും സബ്സിഡിഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നല്കുന്നു. പത്ത് സെന്റ് കൈവശക്കാർക്കുക്കൂടി ഈ അനുകൂല്യം അനുവദിക്കണമെന്ന് ജനാഭിപ്രായമുണ്ട്.

വിശാലമായ കൃഷി ഭൂമിഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ വൻകിടകർഷകർ വളരെകുറവാണ്. കൂട്ടുകുടുംബവ്യവസ്ഥ ഇല്ലാത്തതും ഭൂപരിഷ്ക്കരണ നിയമം നടപ്പായതും ഭൂമിയുടെ വിലക്കയറ്റം മൂലവും തുണ്ടുഭൂമിക

**പട്ടിക 6 കാർഷികവിളകൾ** (കൃഷിഭവൻരേഖ)

| ക്രമനമ്പർ | വിളയുടെപേര് | കൃഷിചെയ്യുന്ന വിസ്തീർണ്ണം | ഉദ്പ്പാദനക്ഷമത |
|---|---|---|---|
| 1 | നെല്ല് ഒന്നാംവിള | 40 ഹെക്ടർ | 1800കിലോ/ഹെക്ടർ |
| 2 | നെല്ല് രണ്ടാംവിള | 184 ഹെക്ടർ | 2200 kg/ഹെക്ടർ |
| 3 | നെല്ല് രണ്ടാംവില(പുഞ്ച) | 140ഹെക്ടർ | 4000kg/ഹെക്ടർ |
| 4 | തെങ്ങ് | 2331ഹെക്ടർ | വർഷത്തിൽതെങ്ങ്ഒന്നിന് 35 നാളികേരം |
| 5 | പയർ | 26ഹെക്ടർ | 650കിലോ/ഹെക്ടർ |
| 6 | പച്ചക്കറി | 50 ഹെക്ടർ ഇടവിള | 20kg/സെന്റ് |
| 7 | വാഴ | 80ഹെക്ടർ ഇടവിള | 9kg/വാഴ |
| 8 | മരച്ചീനി | 25ഹെക്ടർ ഇടവിള | 36ടൺ/ഹെക്ടർ |
| 9 | കുരുമുളക് | 228ഹെക്ടർ | 600ഗ്രാം/ഒരുവള്ളിക്ക് ഉണക്ക് |
| 10 | കശുമാവ് | 65ഹെക്ടർ | 9കിലോ/മാവ് |
| 11 | കമുങ്ങ് | 5ഹെക്ടർഇടവിള | 3 kg/കവുങ്ങ്. |

**പട്ടിക 7 കൈവശ ഭൂമിയുടെ അളവ് ഹെക്ടറിൽ.**

| കൈവശഭൂമി | 0.2 ഹെക്ടർതാഴെ കൈവശക്കാർ | 0.2 മുതൽ 0.4 വരെ കൈവശക്കാർ | 0.4ഹെക്ടർ മുതൽ 0.6വരെ കൈവശക്കാർ | 0.6ന്മുകളിൽ കൈവശക്കാർ | ആകെ |
|---|---|---|---|---|---|
| കുടുംബങ്ങളുടെ എണ്ണം | 3547 | 1612 | 838 | 452 | 6449 |
| ശതമാനം | 55% | 25% | 13% | 7% | 100% |

ളാണ് കൈവശം വെക്കുന്നത് 6449 കർഷകരിൽ 3547പേരും 50 സെന്റിറിൽ താഴെ കൈവശക്കാരാണ് ഇത്സംബന്ധിച്ച കൃഷി ഭവനിലെ കണക്ക് പട്ടിക 7ൽ കൊടുക്കുന്നു.

**നെൽകൃഷി :–** ഒന്നും രണ്ടും വിളകളിലായി 364 ഹെക്ടർ സ്ഥലത്ത് നെൽകൃഷിനടത്തുന്നു. 140 ഹെക്ടർ സ്ഥലത്ത് നടത്തുന്ന മൂന്നാം വിളക്കാണ് (പുഞ്ച) കൂടുതൽ മേനികിട്ടുന്നത്. ഇത് 99%വും ചെര ണ്ടത്തൂർ ചിറയോട് അനുബന്ധിച്ച പാടശേഖരങ്ങളി ലാണ് കൃഷിചെയ്യുന്നത്. ചെരണ്ടത്തൂർ ചിറയിലെ ഞെരിയിൽ വലിയ കുളം നിർമ്മിച്ച ആഴം കൂട്ടുകയും മാനം ചിറ മുതൽ പുന്നോളിതാഴവരെ നടുകനാൽ തീർക്കുകയും ചെയ്താൽ അധികാരിച്ച വെള്ളം കനാ ലിൽ ഇറക്കിനിർത്താൻ കഴിയും. ആവശ്യമുള്ളപ്പോൾ ജലസേചനവും നടത്താം. ജലസേചനത്തിന് അരുത്തോ ടുകൾ അത്യാവശ്യമാണ്. അരുത്തോടുകൾ ഉപരിതല ത്തോടുകളായിരിക്കണം. മാനംചിറ മുതൽ ചങ്ങരോത്ത് ഡാം വരെ മറ്റൊരു കനാൽ നിർമ്മിച്ചാൽ അധികരിച്ച വെള്ളം ഇതിലൂടെ ഒഴുക്കാൻ കഴിയും. വേങ്ങാടിക്കൽ ഉള്ള വാട്ടർ സർക്കുലേഷൻ സിസ്റ്റം പ്രാവർത്തികമാക്കു കയും വേണം. ഈ പദ്ധതികൾ പൂർത്തീകരിച്ചാൽ 500 ഹെക്ടർ സ്ഥലത്തും പുഞ്ചകൃഷി നടത്താൻ കഴിയും. എടത്തുംകര മന്തരത്തൂർ പാടശേഖരങ്ങളിലും നിർദ്ദിഷ്ട ബണ്ട് നിർമ്മിച്ചാൽ 200 ഹെക്ടർ സ്ഥലം പുഞ്ചകൃ ഷിക്ക് ഉപയുക്തമാക്കാം. മണിയൂർ പഞ്ചായത്തിലെ എല്ലാ ചിറകളിൽ നിന്നും വെള്ളം ഒഴുകി പോകുന്നത് കുറ്റ്യാടി പുഴയിലേക്കാണ് ചിറയും പുഴയുമായി സന്ധി ക്കുന്ന സ്ഥലങ്ങളിൽ ചിർപ്പുകൾ നിർമ്മിച്ചിട്ടുണ്ട്. മാങ്ങും മൂഴി ചീർപ്പ്, വേങ്ങാടിക്കൽ ചിർപ്പ്, ചങ്ങരോത്ത് ചീർപ്പ്, കട്ടിലമൂഴി ചീർപ്പ് കരയത്തൊടി ചീർപ്പ്, കുന്നത്തുകര മൂഴിചീർപ്പ് നെല്ലാച്ചേരി ചീർപ്പ്, കരിങ്ങാററിനട ചീർപ്പ്, പുത്തൻനട ചിർപ്പ്, പാലയാട് നടചീർപ്പ്, കരമ്പൻ നട ചീർപ്പ് എന്നീ പതിനൊന്ന് ചീർപ്പുകളിൽ ഭൂരിപക്ഷവും ഉപയോഗ ശൂന്യമാണ്. നെല്ലാച്ചേരിനട ചീർപ്പിന്റെ നട പുതുക്കി പണിയണം കരിങ്ങാറ്റി നടചീർപ്പ് വാഹന ഗതാഗതയോഗ്യമായ രീതിയിൽ പുതുക്കി പണിയണം. വിസ്തൃതമായ ചങ്ങാരത്ത്ചിറയിലെ കൃഷി സംരക്ഷി ക്കാൻ ഇത് അത്യാവശ്യമാണ്. കുന്നത്തുകര മൂഴിചീർപ്പും കരിമ്പൻനടചീർപ്പും കട്ടലമൂഴിചീർപ്പും അറ്റകുറ്റ പണി കൾ നടത്തണം. ജലസേചന സൗകര്യമുണ്ടാക്കിയാൽ ചെല്ലട്ടുപോയിൽ മുതുവന എന്നീവയലുകളിൽ പുഞ്ച കൃഷിനടത്താം നടപ്പു പദ്ധതിയായി നെൽകൃഷിക്ക് വിത്തും വളവും സൗജന്യമായി കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. നെൽകൃഷിക്കാർക്ക് പ്രത്യേക പരിഗണന നല്കി ഉൽപാദന ബോണസ്സ് ഉയർത്തേ ണ്ടത് ആവശ്യമാണ്. പാലയാട്നട ചീർപ്പ് കാര്യക്ഷമ മായി പ്രവർത്തിപ്പിച്ചാൽ ചൊവ്വാപ്പുഴയിൽ നെൽകൃഷി നടത്താൻ കഴിയും മണിയൂർ പഞ്ചായത്തിൽ നാല് രാസവള ഡിപ്പോകളാണ് ഉള്ളത്. ഒരു ഡിപ്പോ സഹക രണ മേഖലയിലാണ്. എളമ്പിലാട്ട് ഒരു ഡിപ്പോ പുതു തായി വേണമെന്ന് ഗ്രാമസഭയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കിഴക്കാൻ മേഖലയിൽ ഒരു ഡിപ്പോ ആവശ്യമാണ്. പഞ്ചായത്തിൽ ഉപയോഗിക്കുന്ന രാസവളത്തിന്റെ പകുതി മാത്രമേ നാലു ഡിപ്പോകളിലൂടെ വില്ക്കുന്നുള്ളൂ. മന്തരത്തൂർ, ചെരണ്ടത്തൂർ, പതിയാരക്കര, പാലയാട് ചെല്ല ട്ടപൊയിൽ ഭാഗങ്ങളിൽ തോടവൂർ, വടകര എന്നിവിട ങ്ങളിൽ നിന്നാണ് വളം വാങ്ങുന്നത്

**പട്ടിക 8 രാസവള ഉപയോഗം** (കൃഷിഭവൻരേഖ)

| കൊല്ലം | ഉപയോഗിച്ച രാസവളം | | | |
|---|---|---|---|---|
| | യൂറിയ | പൊട്ടാഷ് | ഫാക്ടംപോസ് | 10:5:20 |
| 1993-94 | 10430kg | 48215kg | 604925kg | 65630kg |
| 1994-95 | 11436kg | 511216kg | 49315kg | 68426kg |
| 1995-96 | 15293kg | 61413kg | 59215kg | 69816kg |

**പട്ടിക 9 കീടനാശിനി വില്പന**

| ക്രമ നമ്പർ | കീടനാശിനിയുടെ പേര് | വർഷം 93-94 | 94-95 | 95-96 | മുഖ്യവിള |
|---|---|---|---|---|---|
| 1 | മാലത്യോൺ | 26ലി | 22ലി | 12ലി | പച്ചക്കറിക്കും നെല്ലിന്റെ പാഴിക്കും |
| 2 | എക്കാലക്സ് | 10ലി | 15ലി | 1ലി | നെല്ല് കശുമാവ് |
| 3 | ഡൈമക്രോൺ | 5ലി | 2ലി | $^1/_2$ലി | നെല്ലിന് |
| 4 | എൻഡോ സൽഫാൻ | 25ലി | 25ലി | 25ലി | കശുമാവിന് |
| 5 | മോണോക്രോട്ടോപോസ് | 20ലി | 15ലി | 15ലി | കശുമാവിനും നെല്ലിനും |
| 6 | കോപ്പർസൽഫേറ്റ് | 10kg | 2kg | 18.25kg | കുരുമുളകിന് |
| 7 | കോപ്പർ ഓക്സികോപ്റൈഡ് | 2kg | 60kg | 125kg | കുരുമുളകിന് |
| 8 | BHC | NIL | 15kg | NIL | വിവിധ ഉപയോഗം |

പഞ്ചായത്തിലെ രാസവള വില്പന പട്ടിക 8ൽ കൊടുക്കുന്നു.

മണിയൂർ പഞ്ചയാത്തിൽ മൂന്ന് വർഷം ഉപയോഗിച്ച കീടനാശിനികളുടെ കണക്ക് പട്ടിക 9ൽ കൊടുക്കുന്നു

**മണ്ണ് പരിശോധന:-** മണ്ണിന്റെ തരം വെട്ടുകൽ മണ്ണും മണൽ കലർന്ന പശിമരാശി മണ്ണുമാണ്. കൃഷിഭവൻ മുഖേന മണ്ണ് പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. എന്നാൽ അത് പ്രയോജനപ്പെടുത്തുന്ന കർഷകർ വിരളമാണ്. കൃഷിഭവൻ മുഖേന പരിശോധിച്ച മണ്ണിന്റെ റിപ്പോർട്ട് വിശകലനം ചെയ്തപ്പോൾ ഫോസ്ഫറസ്സിന്റെ അംശം അധികമാണെന്ന് കാണുന്നു കാൽസ്യം, മഗ്നീഷ്യം എന്നിവ കുറവാണ്. മണ്ണിന്റെ പി, എച്ച്. ആറിൽ താഴെയാണ്. സഞ്ചരിക്കുന്ന മണ്ണ് പരിശോധന യൂനിറ്റ് എല്ലാവർഷവും ഒരു മാസം ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമ്പ് ചെയ്യേണ്ടതാണ്. മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തുന്നത് വിളവ് വർദ്ധിപ്പിക്കും.

**കുളങ്ങളും തോടുകളും :-** ഒട്ടനവധി കളങ്ങുളുടെയും തോടുകളുടെയും നാടായ മണിയൂർ പഞ്ചായത്തിൽ ഇപ്പോൾ പതിനഞ്ച് പൊതുകുളങ്ങളും അറുപത്തിനാല് സ്വകാര്യകുളങ്ങളുമേ ഉള്ളു. ഒട്ടനവധി കുളങ്ങൾ നികത്തപ്പെട്ടു. അവശേഷിക്കുന്ന കുളങ്ങൾ ജലസേചന യോഗ്യമാക്കണം വില്ല്യാപ്പള്ളി പഞ്ചായത്തിലെ കീഴിൽ യു. പി സ്ക്കൂൾ വഴി ഒഴുകി ചൊവ്വാപ്പുഴയിൽ അവസാനിക്കുന്ന പെരിക്കനായി തോടാണ് ഈ പഞ്ചായത്തിലെ ദൈർഘ്യമേറിയ തോട്. ഈ തോടിനുകുറുകെ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കണമെന് ഒന്നാം വർഡ് ഗ്രാമസഭ നിർദ്ദേശിക്കുന്നു. ഇതുമൂലം 100 ഏക്കർ സ്ഥലത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും കരുവഞ്ചേരി വയരംവള്ളി താഴ മുതൽ കോവുക്കൽതാഴ വരെ ഒരു കി.മി ദൈർഘ്യമുള്ള തോടുണ്ട്. ചെല്ലട്ടുപൊയിൽ കുട്ടാടത്ത് നിന്ന് കോടോറ വരെ നിളുന്ന തോടുണ്ട് ഈ തോടുകൾ ജലസേചനയോഗ്യമാക്കാം. മന്തരത്തൂർ ചെറിയേരി താഴ മുതൽ നെയ്യല്ലൂർതാഴവരെയുള്ള തോട് ഭൂരിഭാഗവും നികത്തപ്പെട്ടിരിക്കുന്നു. അരുത്തോടുകൾ വഴി കനാൽ ജലം ഉപയോഗിച്ച് ജലസേചനം നടത്താം.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി 20.25 കിലോമീറ്റർ നിളമുള്ള കനാൽ ഈ പഞ്ചായത്തിലുണ്ട്. ചെരണ്ടത്തൂർ സബ്ബ് ഡിസ്ട്രിബ്യൂട്ടറിലും മണിയൂർ ഡിസ്ട്രിബ്യൂട്ടറിയിലും 1996ൽ മാത്രമാണ് വെള്ളം എത്തിയത്. മണിയൂർ ഡിസ്ട്രിബ്യൂട്ടറി പണി പൂർത്തീകരിച്ചിട്ടില്ല. എളമ്പിലാട് ചാത്തോത്തമ്പലം വരെ മാത്രമാണ് വെള്ളം എത്തിയത്. ചെരണ്ടത്തൂർ കനാലിൽ തെക്കുഭാഗത്ത് വെള്ളം എത്തിയില്ല. പൂവൻ പുഴ സബ്ഡിസ്ട്രിബ്യൂട്ടറിൽ ഒട്ടും വെള്ളം ഒഴുകിയില്ല. 2.9 കി.മീററർ നീളമുള്ള ഈ കൈ കനാൽ ലവൽ ശരിയല്ലെന്ന കുഴപ്പമുണ്ട്. ഇതിനുവേണ്ട അറ്റകുറ്റപ്പണി നടത്തണം. എളമ്പിലാട് സൈഫൺ പ്രവർത്തി പൂർത്തിയാക്കി കനാൽ ജലസേചനയോഗ്യമാക്കണം. മുടപ്പിലാവിൽ സബ്ബ് ഡിസ്ട്രിബ്യൂട്ടറിയിലും വെള്ളം എത്താറില്ല. കനാലുകളിൽ ഉള്ള സ്ലൂയിഡ് വാൾവുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയല്ല. ആവശ്യമുള്ളപ്പോൾ തുറക്കാനും അടക്കാനും കഴിയുന്ന രീതിയിൽ അവ റിപ്പയർ ചെയ്യണം ഫീൽഡ് ബൂത്തികളിലൂടെ ജലം ഒഴുകുന്നതിനുപകരം ഇപ്പോൾ പ്രകൃതിദത്തമായ തോടിലൂടെയും ചാലിലൂടെയുമാണ് വെള്ളം ഒഴുകുന്നത്. ഇത് കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്നില്ല. മന്തരത്തൂർ ചെരണ്ടത്തൂർ, എളമ്പിലാട്, കുറുന്തോടി മുടപ്പിലാവിൽ, എന്നിവിടങ്ങളിൽ ഫീൽഡ് ബൂത്തികൾ നിർമ്മിക്കണം.

കനാൽജലം തെങ്ങുകൃഷിക്കുകൂടി പ്രയോജനപ്പെടുത്തണം. ഫിബ്രവരി, മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ രണ്ടാഴ്ച ഇടവിട്ട് കനാൽ ജലം തുറന്നുവിട്ടാൽ ഈ പ്രദേശങ്ങളിൽ തെങ്ങ്, വാഴ പച്ചക്കറി എന്നീ കൃഷികൾ അഭിവൃദ്ധിപ്പെടുത്താം. കുറ്റ്യാടി ഓഗ്മൻറ്റേഷൻ പദ്ധതി പൂർത്തിയാക്കുന്നതോടെ കൂടുതൽ ജലം കനാലുകളിലൂടെ തുറന്ന് വിടാൻ കഴിയും.

**മണ്ണ് ജലസംരക്ഷണം :-** കുന്നുകളും, ചരിവുകളും കൂടി 70 ശതമാനത്തോളം വരുന്ന ഈ പഞ്ചായത്തിൽ മണ്ണൊലിപ്പ് വളരെ കൂടുതലാണ്. നെൽവയലുകളും ചിറകളും നികത്താൻ നിമിത്തമായ ഒരു വസ്തുത മണ്ണൊലിപ്പാണ്. കുന്നിൻ പ്രദേശത്തുള്ള മണ്ണ് അടിവാരത്തുള്ള വയലുകളിലും ചിറകളിലും നിക്ഷേപിക്കപ്പെട്ടു. മരം മുറിച്ചു മാറ്റുന്നതനുസരിച്ച് വെച്ചു പിടിപ്പിക്കാനായി കാവുകൾ ഏതാനും ക്ഷേത്രങ്ങളിൽ മാത്രം അവശേഷിച്ചു ഇവ മണ്ണൊലിപ്പും വരൾച്ചയും വർദ്ധിപ്പിച്ചു. മണിയൂർ പഞ്ചായത്ത് ഒരു നിർമറി പ്രദേശമായി പ്രഖ്യാപിച്ച് മണ്ണൊലിപ്പ് ജലസംരക്ഷണ പദ്ധതി നടപ്പാകണം. തട്ടുകളാക്കി തിരിക്കുന്നതിനും നീർക്കുഴികൾ തീർക്കുന്നതിനും നീർച്ചാൽ ജലം സംഭരിക്കുന്നതിനും മണ്ണ് ഇളക്കി ജല ഗ്രാഹ്യത വർദ്ധിപ്പിക്കുന്നതിനും സബ് സിഡി ഉൾപ്പെടെയുള്ള സാമ്പത്തീക സഹായം ആവശ്യമാണ്. മലകളിൽ തീറ്റപ്പുല്ല് വളർത്താൻ പ്രോത്സാഹിപ്പിക്കണം.

**കർഷക തൊഴിലാളികൾ :-** പഞ്ചായത്തിൽ ആവശ്യത്തിന് കർഷകതൊഴിലാളികളെ കിട്ടാനില്ല. വിവിധ ഭാഗങ്ങളിൽ വ്യത്യസ്ഥ കൂലി നിരക്കാണ്. പുരുഷ തൊഴിലാളിക്ക് എല്ലാ സ്ഥലത്തും സ്ത്രീ തൊഴിലാളിയേക്കാൾ കൂലി കൂടുതലാണ്. തെങ്ങുകയറ്റത്തിന് ചെറുപ്പക്കാർ തീരെ തല്പരല്ല. കാർഷികമേഖലിയിൽ ജോലി ചെയ്തിരുന്ന യുവാക്കൾ കല്ല്വെട്ട്, കെട്ടിട നിർമ്മാണം എന്നീ മേഖസകളിൽ ചേക്കേറിയിരിക്കുന്നു മെച്ചപ്പെട്ട

വേതനവും ജോലി സാധ്യതയുമാണ് യുവാക്കളെ ആ മേഖലയിലേക്ക് ആകർശിക്കുന്നത്. കാർഷിക മേഖലയിൽ ഒരു പുതിയ തൊഴിൽ സംസ്കാരം വളർത്തിയെടുത്തില്ലെങ്കിൽ ഈ മേഖലയിൽ തൊഴിലാളികൾ ഇല്ലാത്ത അവസ്ഥ വന്നുചേരും. ഇതിനുവേണ്ട ഒരു ജനകീയ സംരംഭം തന്നെ ആരംഭിക്കണം.

**നൾസറികൾ :-** പഞ്ചായത്തിൽ ഒരു സ്വകാര്യ നേൾസറി പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ നാടിൻ വസ്തുകൾ ലഭ്യമാക്കുന്നതിന് ഇത് അപര്യപ്തമാണ് രണ്ട് നേൾസറികൾകൂടി ഈ പഞ്ചായത്തിന് ആവശ്യമാണ്.

**കൃഷിഭവൻ :-** 1987ൽ കൃഷിഭവൻ നിലവിൻ വന്നതോടെ കർഷകർക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമായി. ആവശ്യമുള്ളത്ര ഇല്ലെങ്കിലും നാടൻ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്. മണ്ണ് പരിശോധന കൃഷിഭവനിലൂടെ നടത്താൻ സംവിധാനമുണ്ട്. നെൽകൃഷിക്ക് ഉൽപാദന ബോണസ്സായി ഹെക്ടറിന് 250 രൂപ വീതം സഹായധനം നൽകുന്നു. കഴിഞ്ഞ വർഷം തെങ്ങുകൃഷിക്ക് 50 കർഷകർക്ക് കിണറും 50 പേർക്ക് പമ്പ് സെറ്റും സബ്സിഡി നിരക്കിൽ അനുവദിച്ചു. ഈ വർഷം അത് 100 പേർക്കാണ് 1995-96 വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് കൃഷി ഉപകരണങ്ങളായി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ IHDP കോളനിയിൽ സഹായധനം നല്കി. കൂടാതെ ഉഴുത്തുകളായെ വാങ്ങാൻ പതിനായിരം രൂപയും തെങ്ങിന് വളമായി പതിനാറായിരം രൂപയും സൗജന്യമായി നല്കുകയുണ്ടായി കാർഷിക രംഗത്ത് കൃഷിഭവന്റെ സേവനം പ്രശംസനീയമാണ്.

നെൽകൃഷിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വളരെ കുറച്ചു സ്ഥലത്ത് മാത്രം ചെയ്തിരുന്ന മൂന്നാം വിള ഇപ്പോൾ കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കാൻ കഴിഞ്ഞു

**മത്സ്യകൃഷി :-** മണിയൂർ പഞ്ചായത്ത് മത്സ്യകൃഷി നടത്തുന്നതിന് പറ്റിയ പ്രദേശമാണ്. ചൊവ്വാപ്പുഴ ഒരു മത്സ്യ വളർത്തു കേന്ദ്രമാക്കാം. ചങ്ങാരത്ത് പുഴ മറ്റൊരു നല്ല മത്സ്യവളർത്തു കേന്ദ്രമാക്കാം. മട്ടോത്തോട്, ചങ്ങരോത്ത്തോട്, കുളങ്ങൾ എന്നിവയിലും മത്സ്യം വളർത്താൻ ധാരാളം സാധ്യതകളുണ്ട് പാലയാട് ചീർപ്പിന് പുറത്ത് കുറ്റ്യാടിപുഴയിൽ കല്ലുമ്മൽ കായ വളർത്താൻ കഴിയും അലങ്കാര മത്സ്യങ്ങളെ വ്യവസായാടിസ്ഥാനത്തിൽ വളർത്താൻ കഴിയും.

**വളർത്തു മൃഗങ്ങൾ :-** നല്ല ഇനം പശുക്കൾ പഞ്ചായത്തിൽ കുറവാണ് നല്ലയിനം പശുക്കളെ വളർത്തുന്നതിനും ആടിൻ പറ്റങ്ങളെ വളർത്തുന്നതിനും മുയൽ, പന്നി എന്നിവയെ വളർത്തുന്നതിനും ധാരാളം സാധ്യതകൾ ഉണ്ട്. ക്ഷീര വ്യവസായ രംഗത്ത് വമ്പിച്ച മാറ്റങ്ങൾ വരുത്താൻ കഴിയും.

**പച്ചക്കറികൃഷി :-** തെങ്ങിൻതോപ്പിൽ ഇടവിളകളായും ഓരോ വീട്ടുമുറ്റങ്ങളും ഒരു പച്ചക്കറിതോട്ടം എന്ന നിലയിൽ പച്ചക്കറിതോട്ടത്തിന് സാധ്യതയുണ്ട്. ഓരോ വർഡിലും കൂട്ടായ്മയിലൂടെ വേനൽകാല പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കാം. ഇവയ്ക്ക് വിത്തും വളവും സാമ്പത്തിക സഹായവും നല്കണം. ഈ രംഗത്ത് വാർഡുതല മത്സരം സംഘടിപ്പിക്കാൻ കഴിയും അലങ്കാര ചെടികൾ, പുഷ്പച്ചെടികൾ, കൂൺകൃഷി, എന്നിവയിൽ സ്ത്രീകൾക്ക് പരിശിലനം നല്കി അത്തരം കൃഷി നടത്താൻ കഴിയും തേനീച്ചവളർത്താനും സാധ്യതകൾ ഉണ്ട്. ഗ്രാമ സഭകളിൽ നടന്ന ചർച്ചകളുടെയും റിപ്പോർട്ടിന്റെയും ശേഖരിച്ച വിവരങ്ങളിലൂടെയും ഗ്രാമസന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് താഴെപ്പറയുന്ന പ്രധാന പ്രശ്നങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പ്രധാന കൃഷിയായ തെങ്ങുകൃഷിക്ക് ജലസേചന സൗകര്യമില്ല. കാലാവസ്ഥയെ മാത്രമാണ് ആശ്രയിക്കുന്നത്.

2ജലസേചനത്തിന് വൈദ്യുതി എളുപ്പത്തിൽ ലഭിക്കുന്നില്ല.

3 പരമ്പരാഗതമായ നാടീൽ വസ്തുക്കൾ കുറഞ്ഞുവരുന്നു പയർ, മുത്താറി, ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, കൂർക്കൽ, കണ്ടിക്കിഴങ്ങ് എന്നിവ വളരെ ദുർല്ലഭമായേ കൃഷിചെയ്യുന്നുള്ളു.

3 പാടശേഖങ്ങളിൽ ഉപ്പ് വെള്ളം കയറുന്നു. നെല്ല്, തെങ്ങ്, എന്നിവയ്ക്ക് ഇത് ദോഷം ചെയ്യുന്നു. വി.സി.ബികൾ യഥാസമയം അറ്റകുറ്റ പണികൾ നടത്തുന്നില്ല.

4 ചെരണ്ടത്തൂർ ചിറയിൽ അധികരിച്ച ജലം മൂലം കൃഷി നടത്താൻ കഴിയുന്നില്ല. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

5 എടത്തുംകര, മന്തരത്തൂർ പാടശേഖരങ്ങളിൽ ഉപ്പു വെള്ളുകയറുന്നതും അധികരിച്ച വെള്ളം മൂലം കൃഷി നടത്താൻ കഴിയുന്നില്ല.

6 ചൊവ്വാപ്പുഴയിലുള്ള അതിരുകടന്ന കയ്യേറ്റം പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നു.

7 ചെരണ്ടത്തൂർ ചിറയിൽ നീലക്കോഴിയുടെ ആക്രമണം മൂലം മകരം കൃഷി ഇറക്കാൻ കഴിയുന്നില്ല.

8 കുറ്റ്യാടികനാലിന്റെ പണിപൂർത്തീകരിച്ചിട്ടില്ല. കനാലുകളിൽ വെള്ളം എത്താറില്ല. സ്ലയിസ് വാൾവുകൾ പ്രവർത്തനക്ഷമമല്ല.

9 വയലുകൾ നികത്തി കുനികളാക്കുന്നു. കുളങ്ങളും തോടുകളും സംരക്ഷിക്കപ്പെടുന്നില്ല.

10 മരങ്ങൾവെച്ചു പിടിപ്പിക്കുകയോ കാവുകൾ സംരക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല. മണ്ണൊലിപ്പ് തടഞ്ഞ് മണ്ണ് സംരക്ഷിക്കപ്പെടുന്നില്ല.

11 നെൽപ്പാടങ്ങളിൽ ജലസേചന സൗകര്യമില്ല.

12 പച്ചക്കറി കൃഷിയിൽ താല്പര്യക്കുറവ്

13 വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ല.

14 മണ്ണ് പരിശോധന ഉപയോഗപ്പെടുത്തുന്നില്ല ജൈവ വളപ്രയോഗം കുറഞ്ഞുവരുന്നു

15 വിള ചേരുവ അനുവർത്തിക്കുന്നില്ല. കർഷിക മേഖലയിലെ നൂതന രീതി പ്രാവർത്തികമാക്കുന്നില്ല.

16 കാർഷിക വിളകൾക്ക് വിപണന സൗകര്യമില്ല.

17 കൃഷി അനുബന്ധ വ്യവസായ സംരംഭങ്ങളില്ല.

18 രാസവള വിലവർദ്ധന

19 അനിയന്ത്രിതമായ കീടനാശിനി പ്രയോഗം

20 സാധ്യതകൾ ഏറെ ഉണ്ടായിട്ടും മത്സ്യകൃഷിയിൽ ശ്രദ്ധിക്കുന്നില്ല.

21 കന്നുകാലി തീറ്റയടെ വിലവർദ്ധന

22 പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് കൃഷിഭൂമി വളരെ കുറവാണ്.

23 വ്യവാസായികാടിസ്ഥാനത്തിൽ കോഴി, ആട്, മുയൽ, പന്നി, താറാവ് എന്നിവയെ വളർത്തുന്നതിനും പുഷ്പ കൃഷി, കൂൺകൃഷി തേനീച്ചകൃഷി എന്നിവയിലും സംരംഭകരുടെ കുറവ്.

പ്രദേശികമായി ഉന്നിയിക്കപ്പെട്ട പ്രശ്നങ്ങളുടെ ക്രോഡീകരണം മാത്രമാണ് ഇവിടെ ചേർത്തത്. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് ഓരോ പ്രദേശത്തും പ്രത്യേകം പ്രത്യേകം പദ്ധതികൾക്ക് രൂപം കൊടുക്കണം ഏതെല്ലാം പദ്ധതികൾക്ക് രൂപം കൊടുക്കേണമെന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 ജലസേചന സൗകര്യം വർദ്ധിപ്പിക്കണം തെങ്ങു കൃഷി അഭിവൃദ്ധിപ്പെടുത്താൻ കുന്നിൻ പ്രദേശങ്ങളുടെ അടിവാരത്തുള്ള ജലശേഖരങ്ങൾ പ്രയോജനപ്പെടുത്തി സാമൂഹ്യജലസേചന പദ്ധതികൾ നടപ്പാക്കണം. ഒരു വർഷത്തിൽ 20 പദ്ധതികൾ വീതം 5 വർഷം കൊണ്ട് 100 പദ്ധതികൾ പൂർത്തിയാക്കണം. തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താൻ 10 സെന്റ്റ് ഭൂമിയുള്ളവർക്കും കിണർക്കുഴിക്കാനും പമ്പ്സെറ്റ് സ്ഥാപിക്കാനും സഹായം നല്കണം മണിയൂർ പഞ്ചായത്ത് നീർമറി പ്രദേശമായി പ്രഖ്യാപിച്ച് നിർക്കുണ്ടുകൾ കുഴിക്കാനും നീർചാലുകളിൽ തടയണ ഇടാനും മണ്ണൊലിപ്പ് തടയാനും പദ്ധതി നടപ്പാക്കണം കുറ്റ്യാടി പദ്ധതിയിൽ കനാൽജലം ഫിബ്രവരി, മാർച്ച്, ഏപ്രിൽ, മേയ്, മാസങ്ങളിൽ രണ്ടാഴ്ച ഇടവിട്ട് ജലവിതരണം നടത്തുകയും ആയത് തെങ്ങുകൃഷിക്കുകൂടി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

2 ചെരണ്ടത്തൂർ ചിറയിലെ മുഴവൻ ഭൂമിയും കൃഷി ചെയ്യാൻ വേണ്ടി പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ തുടക്കമിട്ട പദ്ധതി പൂർത്തിയാക്കുക മാനം ചിറ മുതൽ പുന്നോളിത്താഴവരെയും മാനംചിറ മുതൽ ചങ്ങകോട്ട് ഡാം വരെയും നടുക്കനാൽ നിർമ്മിക്കുക ചിറയുടെ രണ്ടുഭാഗത്തും അരുകനാലുകൾ (ഉപരിതലക നാൽ) നിർമ്മിക്കുക. ഞെറി ആഴം കൂട്ടുക. കെട്ടിസംരക്ഷിക്കുകയും ചെയ്താൽ ചിറ പൂർണ്ണമായും പുഞ്ചകൃഷിക്കുപയ്ക്തമാക്കാം.

3 മാങ്ങംമുഴിയിലൂടെ ഉപ്പുവെള്ളം എടത്തുംകര, മന്തരത്തൂർ പാടശേഖരങ്ങളിൽ കയറുന്നത് തടയുക എടത്തുംകര പാടശേഖരത്തിലെ നിർദ്ദിഷ്ടബണ്ട് പണി പൂർത്തിയാക്കുക. മാഹികനാലിന്റെ തീരം മണ്ണിട്ടുയർത്തി ബണ്ടിന്റെയും റോഡിന്റെയും പ്രയോജനം ഉണ്ടാക്കുക ഇതുമൂലം 200 ഹെക്ടർ സ്ഥലം ഇരുപ്പു നിലമാക്കാം.

4 പച്ചക്കറികൃഷിക്ക് പ്രോത്സാഹനം നല്കുക. ജലസേചനം വർദ്ധിപ്പിച്ചാൽ ഇടവിളകൾ കൃഷിചെയ്യാൻ കഴിയും ഇവയ്ക്ക് പ്രത്യേക ജലസേചന പദ്ധതികൾ നടപ്പാക്കുക. വിത്തും വളവും നല്കുക ഗ്രൂപ്പ് ഹാമിങ്ങ് പ്രോത്സാഹിപ്പിക്കുക.

5 ചൊവ്വാപ്പുഴയിൽ ഉപ്പ്‌വെള്ളം കയറുന്നത് തടയുക നെൽ കൃഷിക്കും മത്സ്യകൃഷിക്കും പ്രത്യേകം പരിഗണന നല്കുക പുഴ നികത്തുന്നതും ചളി എടുക്കുന്നതും നിയന്ത്രിക്കുക.

6 ചൊവ്വാപ്പുഴ ചങ്ങാരത്ത്ചിറ, ഉപ്പംതൊടികൈ, മട്ടാത്തോട്, ചങ്ങാരോത്ത് തോട് എന്നിവിടങ്ങളിൽ മത്സ്യ കൃഷി നടത്താൻ പദ്ധതികൾ നടപ്പാക്കുക

7 പൂവാംപുഴ, ചെല്ലാട്ടുപൊയിൽ കോതോറ, ചങ്ങാരത്ത് ചിറ, ഉപ്പ് വെള്ളം കയറുന്നത് തടയാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക മറ്റു ചിർപ്പുകളും അറ്റകുറ്റ പണികളും നടത്തുക.

8 ഹൃസ്വകാല വിളകൾ സഹകരണാടിസ്ഥാനത്തിൽ (ഗ്രൂപ്പ്ഫാമിങ്ങ്) നടപ്പാക്കുക ഇതിന് സാമ്പത്തികവും സാങ്കേതികവുമായ സഹായം നല്കുകയും നടീൻവിത്ത് ലഭ്യമാക്കുകയും ചെയ്യുക

9 മട്ടോതോട് ജലസേചന പദ്ധതി നടപ്പിലാക്കുക

10 കുറ്റ്യാടി പുഴയുടെ തീരം മാങ്ങും മൂഴി മുതൽ ഇടിഞ്ഞകടവു വരെ കെട്ടുകെട്ടി സംരക്ഷിക്കുക.

11 പരേരി മൂഴിയിൽ വി.സി.ബി നിർമ്മിച്ച ഉപ്പു വെള്ളം കയറുന്നത് തടയുത. മൂഴിമുതൽ ചങ്ങരോത്ത് ഡാംവരെ തോടിന്റെ തീരം സംരക്ഷിക്കുകയും തോട് ജലസേചനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുക.

12 മണ്ണ് പരിശോധനക്ക് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാകേന്ദ്രം വർഷത്തിൽ ഒരു മാസം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേമ്പ് ചെയ്ത് മണ്ണു പരിശോധന നടത്തുക.

13 കാർഷിക വളകൾ വിറ്റഴിക്കാൻ പറ്റിയ രീതിയിൽ ഒരു മാർക്കറ്റ് ആരംഭിക്കുക

14 കുന്നിൻ പ്രദേശങ്ങളിൽ കൈതച്ചക്ക വളർത്താൻ പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കുക.

15 നല്ല ഇനം പശുക്കളെ വളർത്താൻ പ്രോത്സാഹനം നല്കുക. സാമ്പത്തീക സഹായം അനുവദിക്കുക.

16തീറ്റപ്പുല്ലും കാലിത്തീറ്റയും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ പദ്ധതി രൂപീകരിക്കുക.

17 ആടുവളർത്തൽ, ആടിൻ കുട്ടികളുടെ ഉല്പാദനം എന്നിവയിൽ പരിശീലനം നല്കുക സംരംഭകരെ കണ്ടെത്തുക.

18 തേനീച്ചവളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, അലങ്കാരചെടി, പുഷ്പച്ചെടി അലങ്കാര മത്സ്യം എന്നിവയിൽ തല്പരരായ സംരംഭകൾക്ക് പരിശീലനവും സംരംഭത്തിന് സാമ്പത്തീക സഹായവും നല്കുക.

19 ക്ഷീരോല്പന്നങ്ങളുടെ ഉൽപാദനത്തിൻ പരിശീലനം നല്കുക

20 ക്ഷീരോല്പന്ന വിപണന സാധ്യതകൾ വർദ്ധിപ്പിക്കുക.

21 പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കുകയും ജനപങ്കാളിത്ത പദ്ധതികൾക്ക് മുൻഗണനന നല്കുകയും ചെയ്യുക.

22 വിവിധതരം കൃഷികൾക്ക് വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും പ്രത്യേകം പ്രത്യേകം സഹകരണ സംഘങ്ങൾക്ക് രൂപം കൊടുക്കുക

23 കൃഷി ആവശ്യത്തിന് വൈദ്യുതി ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക ;വൈദ്യുതി സൗജന്യമാക്കുക.

24 കുറ്റ്യാടി കനാൽ പദ്ധതി പൂർത്തീകരിക്കുക; ആവശ്യമായ സ്ലുയിസ് വാർഡ് നിർമ്മിക്കുക; ഫീൽഡ് ബൂത്തികൾ നിർമ്മിക്കുക; കനാൽജലം തെങ്ങുകൃഷിക്കുകൂടി ഉപയുക്തമാക്കുക.

25 പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് കൃഷി ഭൂമി വാങ്ങാൻ സഹായം നല്കുക

26 കാർഷിക വിളകൾക്ക് വില നിലനിർത്താൻ കാർഷിക അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക,

27 കശുമാവ് വികസനത്തിനും കൃഷിഅഭിവൃദ്ധിക്കും പദ്ധിതി നടപ്പാക്കുക. പദ്ധതികൾക്ക് രൂപം നല്കുമ്പോൾ ഈ നിർദേശങ്ങൾ പരിഗണിക്കുകയും ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുകയും ചെയ്താൽ സാമ്പത്തിക ചെലവ് കുറക്കാനും സമയ നഷ്ടം ഒഴിവാക്കാനും കഴിയും. ഗ്രാമസഭകളുടെ നിർദ്ദേശങ്ങളുടെ ക്രോഡീകരണമാണ് ഇവിടെ പ്രതിപാദിച്ചത്.

# മത്സ്യബന്ധനം

മണിയൂർ പഞ്ചായത്തിലെ കിഴക്ക് തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിലൂടെ 15 കിലോ മീറ്റർ നീളത്തിൽ ഒഴുകുന്ന കുറ്റ്യാടിപുഴ പഞ്ചായത്തിന്ന് സമൃദ്ധിയും ഐശ്വര്യവും പ്രധാനം ചെയ്യുന്ന ഉറവ വറ്റാത്ത ജലസ്ത്രോതസ്സായി ഇന്നും നിലനിൽക്കുന്നു.

മനിഷ്യമനസ്സുകളെ കുളിരണിയിക്കുന്ന പ്രകൃതി യുടെ വരദാനമായ ചൊവ്വാപ്പുഴ, പൂവാംപുഴ, കോതോ പുഴ, ചങ്ങാരത്ത് ചിറ, മണ്ടലങ്ങോട്ട് പുഴ, ചെരണ്ട ത്തൂർ ചിറ എന്നിവ കുറ്റ്യാടി പുഴക്ക് മണിയൂരിന്റെ സംഭാവനകളാണ് കൂടാതെ തച്ചാർ പുഴ ഈ പഞ്ചാ യത്ത് അതിർത്തിയിലൂടെ കുറ്റ്യാടിപുഴയിലേക്ക് ചേരുന്നു. ഇതിന്നു പുറമെ പഞ്ചായത്തിൽ പന്ത്രണ്ട് പൊതുകുളങ്ങളുണകണ്ട്. പത്തു സെന്റു മുതൽ ഇരു പത് സെന്റെ വരെ വിസ്തൃതി ഉള്ളവയാണ് ഇവ. മറ്റു എഴുപത്തിരണ്ടു സ്വകാര്യ കുളങ്ങളും ഈ പഞ്ചായ ത്തിലുണ്ട്. മത്സ്യബന്ധനം പ്രധാന തൊഴിലായി സ്വീക രിച്ച നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ സ്വന്തമായി വലയും തോണിയുമുള്ളവർ വളരെ ചുരു ക്കമാണ്. ഇത് കൂടാതെ മത്സ്യ വിപണനവുമായി ബന്ധ പ്പെട്ട് 120 പേർ പ്രവർത്തിക്കുന്നു. ചൊവ്വാപുഴയിൽ പ്രധാനമായി കരിമീൻ, മാലാൻ, ചെമ്പല്ലി, വരാൽ, പൂമീൻ കണ്ണിക്കൻ, നോങ്ങൽ കൂരാൻ എന്നീ മത്സ്യ ങ്ങൾക്ക് പുറമെ ചെമ്മീൻ, ഞെണ്ട് എന്നിവയും ധാരാ ളമായി കണ്ടുവരുന്നു. ജനുവരിമുതൽ മെയ്വരെയാണ് ചെമ്മീനും മാലാനും കൂടുതലായി ലഭിക്കുന്നത്. ഈ കാലയളവിൽ പുഴയിൽ ലവണാംശം കൂടുന്നത് കൊണ്ട് മത്സ്യങ്ങൾ ഏറെ സ്വാദിഷ്ഠമാണ്. ഇതു മൂലം പഞ്ചാ യത്തിന് പുറത്തു നിന്ന്പോലും ധാരാളം പേരു മത്സ്യ ത്തിന് വേണ്ടി ഇവിടെ എത്തുന്നു.

ഈ പഞ്ചായത്തിൽ 6 മത്സ്യവിപണന കേന്ദ്രങ്ങ ളുണ്ട്. ഇവിടെ കൂടുതലായി വിപണനം നടത്തുന്നത് കടൽ മത്സ്യങ്ങളാണ്. എന്നാൽ വെട്ടിൽ പീടിക, പാല യാട്നട എന്നീവിടങ്ങളിൽ പുഴ മത്സ്യവും വില്പന നട ത്തുന്നു. ഇത്തരം വിപണന കേന്ദ്രങ്ങൾ റോഡിന്റെ പാർശ്വഭാഗങ്ങളിലോ സ്വകാര്യ സ്ഥലങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്തിൽ ഏറെ സാധ്യതയുള്ള ശുദ്ധജല മത്സ്യ കൃഷി, ചെമ്മീൻ കൃഷി എന്നിവയിൽ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ചൊവ്വാപുഴയിൽ അടുത്ത കാലത്തായി മത്സ്യങ്ങൾ അടുത്ത കാല്ത്തായി കുറ ഞ്ഞുവരുന്നതായി കാണുന്നു. ഇവിടെ നിന്നും മത്സ്യകു ഞ്ഞുങ്ങളെ പിടിച്ച് പഞ്ചായത്തിന് പുറത്ത് കൃഷിക്ക് ഉപയോഗിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കു ന്നത്. മത്സ്യതൊഴിലാളികളെയും ജനങ്ങളെയും ബോധ വൽകരിച്ച് ഈ പ്രവർണത തതടഞ്ഞാൽ നമ്മുടെ മത്സ്യ സമ്പത്ത് ക്രമാധീതമായി വർദ്ധിപ്പിക്കുവാൻ സാധിക്കും. സ്വകാര്യവ്യക്തികൾ പുഴ കയ്യേറി തെങ്ങിൻ തോപ്പാക്കി മാറ്റിയതും മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധി ച്ചിട്ടുണ്ട്. ശ്രദ്ധിച്ചാൽ ഏറെ നേട്ടങ്ങളുണ്ടാക്കുവാൻ കഴിയുന്ന ഒരു മേഖലയായി ഇതിനെ വളർത്താവുന്ന താണ്.

**പ്രശ്നങ്ങൾ**

1. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളില്ല.
2. മത്സ്യമാർക്കറ്റുകളില്ല.
3. മത്സ്യബന്ധനോപകരണങ്ങളായ തോണി, വല എന്നി വയുടെ ദൗർലഭ്യം.
4. മത്സ്യബന്ധന ഉപകരകണങ്ങൾ വാങ്ങാൻ സർക്കാർ സഹായം ലഭ്യമല്ലാത്തത്.
5. പുഴയോരങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നത്.
6. മത്സ്യബന്ധന മേഖലയിലേക്ക് അഭ്യസ്ഥവിദ്യർ കടന്നു വരാത്തത്.
7. പ്രരജനന സമയത്തെ മത്സ്യബന്ധനം.
8. മത്സ്യവംശനാശത്തിന്ന് കാരണമാകുന്ന നഞ്ഞു കല ക്കൽ, തോട്ടപൊട്ടിക്കൽ എന്നീ സമ്പ്രദായങ്ങൾ.

**സാധ്യതകൾ**

1. മുഴുവൻ സ്വകാര്യ കുളങ്ങളിലും മത്സ്യകൃഷി പ്രോല്സാഹിപ്പിക്കുക. മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെയും സാമ്പത്തിക സാങ്കേതിക സഹാ യവും ലഭ്യമാക്കുക.
2. ചെമ്മീൻ കുഞ്ഞുല്പാദന കേന്ദ്രം സ്ഥാപിക്കുക.
3. കടലോര മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യം പുഴയോര മത്സ്യതൊഴിലാളികൾക്കും ലഭ്യമാക്കുക.
4. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ മത്സ്യമാർക്ക റ്റുകൾ സ്ഥാപിക്കുക.
5. നഞ്ഞുകലക്കൽ, തോട്ടപൊട്ടിക്കൽ മുതലായരീതി കൾ കർശനമായി നിരോധിക്കുക.
6. പ്രജനന സമയത്തെ മത്സ്യബന്ധനം നിരുത്സാഹപ്പെ ടുത്തുക.
7. മത്സ്യതൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സൗജ ന്യറേഷനും സാമ്പത്തിക സഹായവും നല്കുക.
8. മത്സ്യതൊഴിലാളികളുടെ മക്കൾക്ക് സൗജന്യവിദ്യ ഭ്യാസം നല്കുക.
9. മത്സ്യതൊഴിലാളികളുടെ പെൺമക്കൾക്ക് നിലവി ലുള്ള വിവാഹ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.
10. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുവാൻ സാമ്പ ത്തിക സഹായം ലഭ്യമാക്കുക.
11. പുഴയുടെ നിലവിലുള്ള വിസ്തൃതി നിലനിർത്തുക.
12. മത്സ്യസംസ്ക്കരണത്തിന് കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.
13. മത്സ്യതൊഴിലാളികൾക്ക് വീടും പശ്ചാത്തല സൗക ര്യങ്ങലും നിർമ്മിക്കുന്നതിന്നും പുനരുദ്ധരിക്കുന്നതിന്നും സാമ്പത്തിക സഹായം നല്കുക.
14. ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമ പദ്ധതികൾ തയ്യാറാക്കുക.

# മൃഗസംരക്ഷണം

കാർഷികഗ്രാമമായിരുന്ന മണിയൂരിൽ കൃഷിയുടെ അഭിവാജ്യഘടകമായിരുന്നു കന്നുകാലിവളർത്തൽ, ഉഴുവുമാടുകൾ എന്നനിലയിലും  പാല്ഉൽപ്പാദിപ്പിക്കുന്നതിന് മാത്രമല്ല കൃഷിക്കാവശ്യമായിരുന്ന ജൈവവളങ്ങളുടെ പ്രധാന സ്രോതസ്സും കന്നുകാലികളായിരുന്നു. കാലിവളർത്തൽ പ്രധാന തൊഴിലായിസ്വീകരിച്ച നിരവധി കുടുംബങ്ങൾ മണിയൂരിൽ ഉണ്ടായിരുന്നു. അക്കാലത്ത് കന്നുകാലിവളർത്തൽ ചെലവ് കുറഞ്ഞതും ആദായകരവുമായ ഒരു ഉപജീവനമാർഗമായിരുന്നു.

കന്നുകാലികളെ ഇളക്കിമേക്കുന്ന പതിവായിരുന്നു അക്കാലത്ത് ഉണ്ടായിരുന്നത്. ഇന്നത്തെപോലെ വ്യാവകമായി കൃഷിതോട്ടങ്ങൾക്ക് വേലികെട്ടുകളോ കരിങ്കൽ ഭിത്തികളോ അന്നുണ്ടായിരുന്നില്ല. അതുകൊണ്ടു വിശാലമായ വയലിലും മലമ്പ്രദേശങ്ങളിലും നൂറ്കണക്കിന് കാലികളെ ഇളക്കിമേക്കുക അന്ന് പതിവായിരുന്നു. ഔഷധസസ്യങ്ങൾ ഉൾപ്പെടെ ഇഷ്ടാനുസരണം തിന്നിരുന്നതിനാൽ കാലികൾക്ക് രോഗ പ്രതിരോധശക്തി ഉണ്ടായിരുന്നു. കുന്നുകളിൽനിന്ന് വയൽപ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ കന്നുകാലികൾ കയറാതിരിക്കാൻ 'ആനവാതിലുകൾ' നിർമ്മിച്ചുവെക്കുക പതിവായിരുന്നു. പഞ്ചായത്തിലെ പ്രധാനമേച്ചിൽ പുറങ്ങളായിരുന്നു കണ്ടൻതുരത്തി, കാക്കോറമല, കളരിമല, പന്നിത്തടം, ഏച്ചിലാറമല, മാക്കുന്ന്മല, വാപ്പനാറമല, മീനത്തുകരമല, കുന്നത്തുകരമല എന്നിവ. മേച്ചിൽപുറങ്ങളിൽ നിന്നും ചാണകം ചെറുക്കിവിൽക്കാൻ പ്രായഭേദമെണ്യേ ജനങ്ങൾ ഒരു ഉപതൊഴിലായിസ്വീകരിച്ചിരുന്നു. ഇളക്കിമേക്കൽ അക്കാലത്ത് യുവാക്കളുടെയും കുട്ടികളുടെയും വിനോദമായിരുന്നു. അതുകൊണ്ടു തന്നെ അക്കാലത്ത് ജനവാസമില്ലാതിരുന്ന ഇത്തരം പ്രദേശങ്ങളിൽ ഒരു സജീവത നില്നിന്നിരുന്നു. മേഞ്ഞു വലയുന്ന പശുക്കൾക്ക് ദാഹമകറ്റാൻ മലയുടെ താഴ്വരകളിൽ അക്കാലത്ത് വെള്ളം സംഭരിച്ചുവെക്കുന്ന തടങ്ങൾ നിർമ്മിച്ചു വെച്ചിരുന്നു.

കന്നുകാലികളെ വളർത്താൻ താൽപ്പര്യമുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പക്കൽ കന്നുകാലികളെ വളർത്താൻ കൊടുക്കുന്ന രീതി അന്ന് വ്യാപകമായിരുന്നു. ഇതിന് 'പോറ്റാൻ കൊടുക്ക' എന്നാണ് ഗ്രാമീണർപറഞ്ഞ് വന്നിരുന്നത്. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിന്റെ ആദ്യപ്രസവത്തിലുള്ള കുട്ടി വളർത്തുകാരന്റേതാകുന്നു. രണ്ടാം പ്രസവം നടന്നാലുടൻ പശുവിനെയും കുട്ടിയെയും ഉടമയെ തിരിച്ചേൽപ്പിക്കുകയും വേണം. പരസ്പര വിശ്വാസത്തിന്റെ പേരിൽ നടന്നിരുന്ന ഈ കൈമാറ്റത്തിന് പ്രതിബന്ധങ്ങൾ ഉണ്ടാകാറില്ല എന്നത് ഏറെ ശ്രദ്ധേയമാണ്.

പഞ്ചായത്തിലെ പ്രധാനമലകളായ കളരിമല, കാക്കോറമല, പയന്മല, പന്നിത്തടം, മാക്കുന്ന്മല, ചാത്തൻകുന്ന്മല എന്നിവിടങ്ങളിൽ വ്യാപകമായി ഹനുമാൻ, മുള്ളൻപന്നി, മുയൽ എന്നിവ കാണാറുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇവനാമാവശേഷമാണ്.

പശു, ആട്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. അപൂർവ്വമായി ഉഴവ് കാളകളുമുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചായത്തിൽ 5023 പശുക്കളും 724 ആടുകളും 70% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ ആറ് കോഴിഫാമുകളുണ്ട്. പതിയാരക്കരയിൽ ഒരു ഹാച്ചറിയുമുണ്ട്.

നെൽകൃഷി കുറഞ്ഞതും പ്ലാവുകൾ നിയന്ത്രണമില്ലാതെ മുറിച്ച് മാറ്റപ്പെട്ടതും, മലമ്പ്രദേശങ്ങളും മേച്ചിൽ പുറങ്ങളും ജനവാസകേന്ദ്രങ്ങളും കൃഷിത്തോട്ടങ്ങളുമായിമാറിയതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. 1996 ലെ സാമ്പത്തിക സർവ്വേപ്രകാരം പതിനായിരം ലിറ്റർ പാല് ഉൽപ്പാദിപ്പിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന പാല് മുഴുവൻ വിൽക്കുന്നതിന് സംവിധാനമില്ലാത്തത് വൈക്കോലിന്റെയും പച്ചപുല്ലിന്റെയും ലഭ്യത കുറവും കാലിതീറ്റയുടെ ക്രമാധീതമായ വിലവർദ്ധനവും ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവകാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. എന്നാൽ മണിയൂർ പഞ്ചായത്തിൽ പശുക്കളെ വളർത്തൽ ഒരു തൊഴിലായി സ്വീകരിക്കാൻ കർഷകർ തയ്യാറാവാത്ത ഒരു അവസ്ഥയാണുള്ളത് സ്വന്തം ആവശ്യങ്ങൾക്ക് പാല് ഉൽപാദിപ്പിക്കാൻ പശുക്കളെ വളർത്തുക എന്ന രീതിയാണ് ഭൂരിപക്ഷം കർഷകരും അനുവർത്തിച്ചുവരുന്നത്. പാൽ ഉൽപാദത്തിനുള്ള വർദ്ധിച്ച ചിലവും ഉൽപ്പാദന ചിലവിനേക്കാൾ കുറഞ്ഞ വില ലഭിക്കുന്നതുമായ ഒരു അവസ്ഥ നിലനിൽക്കുന്നത്കൊണ്ട് മിൽമയുടെ കീഴിലുള്ള രണ്ട് "ആപ്കോസ്" സഹകരണസംഘങ്ങൾ പാല് ലഭിക്കാത്തത് മൂലം അടച്ച് പൂട്ടേണ്ട അവസ്ഥയാണ് ഉണ്ടായത്.

പഞ്ചായത്തിൽ ഒരു മൃഗാസ്പത്രിയുള്ളത് പാലയാട് ആണ്. ഇതിന്റെ സൗകര്യങ്ങൾ പ്ഞ്ചായത്തിലെ മറ്റ് പ്രദേശങ്ങൾക്ക് ലഭിക്കുന്നില്ല. പഞ്ചായത്തിലെ 2,5,6,7

വാർഡുകളിലുള്ളവർക്ക് കാലികൾക്ക് രോഗം വന്നാൽ തൊട്ടടുത്ത പഞ്ചായത്തിലെ ആസ്പത്രിയെ സമീപിക്കേണ്ട സ്ഥിതിയാണ് ഉള്ളത്. 1,13, വാർഡുകളിലുള്ളവർ വടകര മുൻസിപാൽറ്റിയിലെ പുതിയാപ്പ താലൂക്ക് മൃഗസ്പത്രിയെയാണ് സമീപിക്കുന്നത്. ഇത് സമയത്തിന് ചികിത്സകിട്ടാതെ കന്നുകാലികൾ ചത്തൊടുങ്ങുന്ന സാഹചര്യം ഉണ്ടാക്കുന്നു. കന്നുകാലികൾ വ്യാപകമായി കണ്ടുവരാറുള്ള പകർച്ച വ്യാധികൾ പഞ്ചായത്തിൽ വളരെ കുറവാണ്. എന്നാൽ വയറിളക്കം, ദഹനക്കുറവ്, ചുമ, പനി (കാലാവസ്ഥ മാറ്റത്തിനനുസരിച്ച്) എന്നിവയും അപൂർവ്വമായി അകിട്‌വീക്കവും കണ്ടുവരുന്നു. പഞ്ചായത്തിൽ അഞ്ച് ഗോബർഗ്യാസ് പ്ലാന്റുകളുമുണ്ട്. ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇന്ന് സാദ്ധ്യത ഉണ്ടെങ്കിലും കർഷകരുടെ ഇത് സംബന്ധിച്ച അജ്ഞത ഇതിന് തടസ്സനിൽക്കുന്നു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ട ഇന്ധനത്തിന്റെ വലിയ ഒരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റ് കൊണ്ടു കണ്ടെത്താൻ കഴിയും മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡിഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

മുൻകാലങ്ങളിൽ എല്ലാവീടുകളിലും കോഴികളെ വളർത്താറുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്ക് വേണ്ടി വൻതോതിൽ കൊഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണ് ഉള്ളത് കോഴിവളർത്തലിന് വൻ സാദ്ധ്യത ഉണ്ടെന്നതാണ് ഇതിൽ നിന്നും വ്യക്തമാവുന്നത് വിശാലമായ പുഴയോരമുള്ളതിനാൽ താറാവ് വളർത്തലിന് പ്ഞ്ചായത്തിൽ ഏറെ സാദ്ധ്യതയുണ്ട്.

ഇറച്ചിക്കാവശ്യമായ മുയലിനെവളർത്തുന്ന കണ്ടുവരുന്നില്ല. പ്രത്യുൽപ്പാദനനിരക്ക് കൂടുതലായത്കൊണ്ടു ഇറച്ചിആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും) മുയൽ വളർത്തുന്നത് തീർച്ചയായും പ്രോത്സാഹിപ്പിക്കേണ്ടതാണ്. തേനീച്ച വളർത്തലിനും പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

### പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്

2. പച്ചപുൽകൃഷിയുടെ അപര്യാപ്തത

3. വൈക്കോലിന്റെ വില വർദ്ധനവും അപര്യാപ്തതയും

4. മൃഗ ചിക്സാ സൗകര്യങ്ങളുടെ അപര്യാപ്തത

5 ക്ഷീരവികസനത്തിനുള്ള സൗകര്യക്കുറവ്

6. നൂതനസാങ്കേതിക വിദ്യകളെകുറിച്ചുള്ള അജ്ഞത

7. കൃത്രിമ ബീജസങ്കലത്തിന്റെ അപര്യാപ്തത

8. ചുരുങ്ങുന്ന മേച്ചിൽ പുറം

9. കോഴികൾക്ക് ആവശ്യമായ ഔഷധങ്ങളുടെ ലഭ്യത കുറവ്.

10. സങ്കരയിനം കന്നുകാലികളെ വളർത്തന്നതിനുള്ള കർഷകരുടെ താൽപര്യക്കുറവ്.

11 പുതുതായികടന്നുവരാനുള്ള അഭ്യസ്ഥവിദ്യരുടെ വിമുഖത.

### ബാധ്യതകൾ

1. കാർഷകർക്ക് ആവശ്യമായ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാനുള്ള ഒരുമിനി കാലിത്തീറ്റാ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കുക.

2. വിത്തും, വളവും, ജലസേചനസൗകര്യവും സാങ്കേതിക ഉപദേശവും സൗജന്യനിരക്കിനൽകിക്കൊണ്ടു പച്ചപ്പുൽ കൃഷിപഞ്ചായത്തിലെ എല്ലാവാർഡുകളിലും വ്യാപിക്കുക.

3. പഞ്ചായത്തിൽ ഒരു മൃഗാസ്പത്രികൂടി സ്ഥാപിക്കുക, മറ്റുവാർഡുകളിൽ കൃത്രിമബീജസങ്കലനഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. വൈക്കോലും, പച്ചപ്പുല്ലും സംസക്കരിക്കാനുള്ള നൂതന രീതികൾ വ്യാപകമാക്കുക.

5. പഞ്ചായത്തിലെ സാദ്ധ്യതയുള്ള വാർഡുകളിൽ ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തിനല്ലയിനം കുന്നു കുട്ടികളെ കർഷകർക്ക് ലഭ്യമാക്കുക.

7. മൃഗസംരക്ഷണ മാന്യമായ തൊഴിലാണെന്ന അവബോധം ജനങ്ങളിൽ സൃഷ്ടിക്കുക.

8. സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടി പഞ്ചായത്തിലെ എല്ലാവീടുകളിലും തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.

9. പഞ്ചായത്തിൽ പുഴയോരം കൂടുതൽ ഉള്ളത്കൊണ്ട് താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

10. മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുക.

11. വർഷത്തിലൊരിക്കൽ പഞ്ചായത്ത് തല കന്നുകാലി പ്രദർശനവും ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കുക

12.വീട്ടാവശ്യത്തിനുള്ള കോഴിമുട്ട വീടുകളിൽ തന്നെ ഉൽപ്പാദിപ്പിക്കുകവാൻ വനിതകളെ പ്രോത്സാഹിപ്പിക്കുക.

13. ബയോഗ്യാസ് പ്ലാന്റിനെപ്പറ്റി ജനങ്ങളിലെഅജ്ഞത അകറ്റി കൂടതൽ പ്ലാന്റുകൾ സ്ഥാപിക്കുക.

14. ആട് വളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കാൻ ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകുക.

15. കാലിത്തീറ്റക്ക് ഉതകുന്ന വൃക്ഷവിളകൾ വെച്ച് പിടിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് പാൽ ഉൽപ്പാദിപ്പിക്കാനുള്ള ചിലവ് കുറക്കുക.

16. കൃത്രിമ ബീജസങ്കലനം വഴി നല്ലയിനം നായകുട്ടികളെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാനുള്ള രണ്ട് കേന്ദ്രങ്ങളെങ്കിലും പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള സാമ്പത്തികസഹായവും സാങ്കേതിക ഉപദേശവും ലഭ്യമാക്കുക.

17. പേപ്പട്ടി ശല്യത്തിനെതിരെയായി കുത്തിവെപ്പ് വ്യാപകമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊല്ലുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

## മണിയൂർ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്-

# വിദ്യാഭ്യാസം

മനുഷ്യവിഭവങ്ങളുടെ സമഗ്രവും ശാസ്ത്രീയവുമായ ഉപഭോഗത്തിനുള്ള അടിസ്ഥാനഘടനയാണ് വിദ്യാഭ്യാസം. ലക്ഷ്യബോധത്തിലൂന്നിയ ഒരു വീക്ഷണം വിദ്യാഭ്യാസത്തിൽ ആവശ്യമാണ്. ഒരു പ്രദേശത്തിന്റെ വികസനത്തിന് അടിസ്ഥാനശിലയായി വർത്തിക്കേണ്ടത് ആ പ്രദേശത്ത് വ്യാപരിക്കുന്ന വിദ്യാഭ്യാസരീതിയും കാഴ്ചപ്പാടുമാണ്. ഏതൊക്കെ മേഖലകളിൽ ഉൾക്കാഴ്ചയാർന്ന മാനുഷികവികസനം നാം ലക്ഷ്യമാക്കുന്നുവോ, അതിനെ ഗുണപരമായി നിയന്ത്രിക്കാനും ലക്ഷ്യത്തിലേക്ക് നയിക്കാനും കഴിയുക വിദ്യാഭ്യാസ മേഖലയ്ക്കാണ്. ഒരു ജനതയുടെ ആന്തരിക ശക്തി ജ്വലിച്ചുയർത്തി പ്രദേശത്തിന്റെ മുഖച്ഛായമാറ്റാൻ ഈ മേഖലയ്ക്ക് കഴിയും വിദ്യാഭ്യാസമേഖലയുടെ പ്രാധാന്യം പണ്ടെത്തേക്കാളും വർദ്ധിച്ചുവരികയും, അത് ഉൾക്കൊള്ളുന്ന ഒരു സമൂഹം ഉണ്ടായിവരികയും ചെയ്യുന്ന ഒരു കാലഘട്ടമാണ് ഇത്.

മണിയൂർ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് നൂറിലേറെ വർഷത്തെ പഴക്കമുണ്ട് വിദ്യാഭ്യാസം സാർവ്വത്രികമായി തുടങ്ങിയ ആധുനിക കാലത്തിനുവളരെ മുമ്പുതന്നെ ഈ പഞ്ചായത്ത് അക്ഷരത്തിന്റെയും അറിവിന്റെയും മേഖലയിലേക്ക് കാലെടുത്തു വെച്ചിരുന്നു. നിലത്തെഴുത്തിന്റെയും കുടിപ്പള്ളിക്കൂടങ്ങളുടെയും കാലഘട്ടം, കേരളത്തിലെ മറ്റേതൊരു ജനവാസ മേഖലയിലെന്നപോലെ മണിയൂർ പഞ്ചായത്തിലും പ്രായേണ സജീവമായിരുന്നു. അക്ഷര ദാനം കുലത്തൊഴിലായെടുത്തിരുന്ന ഒരു ചെറിയ വിഭാഗം ഇവിടെയുമുണ്ടായിരുന്നു. പുരാണഭ്യസനയവും സംസ്കൃത പഠനവും, ആ പഴയ വിദ്യാഭ്യാസരീതിയുടെ മുഖമുദ്രയായിരുന്നു.

ദേശീയ പ്രസ്ഥാനശക്തിപ്രാപിച്ച ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്തിനും വളരെ മുമ്പുതന്നെ പൊതു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ച ചരിത്രം നമ്മുടെ പഞ്ചായത്തിനുണ്ട്. 19ാം നൂറ്റാണ്ടിന്റെ അവസാനം തുടങ്ങിയ വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയം മന്തരത്തൂർ UP സ്കൂളാണ്. നൂറിലേറെ വർഷം പഴക്കമുണ്ട് ഈ സ്ഥാപനത്തിന് പഞ്ചായത്തിലെ ആദ്യത്തെ പ്രാഥമിക വിദ്യാലയമായ ഈ സ്ഥാപനം പ്രവേശനത്തിന്റെ കാര്യത്തിലും ഉദാരമായ സമീപനം സ്വീകരിച്ചിരുന്നു എന്ന് രേഖകളിൽ കാണുന്നു. 1880ൽ തുടങ്ങിയ പാലയാട് LP സ്കൂളാണ് രണ്ടാമതായി ആരംഭിച്ച പ്രാഥമിക വിദ്യാലയം. മറ്റു പ്രൈമറി വിദ്യാലയങ്ങൾക്കെല്ലാം നാൽപതു മുതൽ നൂറ് വരെ വർഷങ്ങൾ പഴക്കമുണ്ട് പഞ്ചായത്ത് സെക്കണ്ടറി സ്കൂൾ സ്ഥാപിച്ചത് 1966 ലാണ്നാൽപതു വർഷത്തിനിപ്പുറം തുടങ്ങിയ വിദ്യാലയങ്ങളൊന്നും ഈ പഞ്ചായത്തിലില്ല മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്തു തുടങ്ങിയ ഒട്ടേറേ പ്രാഥമിക വിദ്യാലയങ്ങളുണ്ട്. പ്രാഥമിക വിദ്യാലയങ്ങൾ പലതും അപ്ഗ്രേഡ് ചെയ്തത് 1955-1959 കാലത്തിലാണ്. ന്യൂനപക്ഷസമുദായങ്ങളും പട്ടിക ജാതിപിന്നോക്ക സമുദായങ്ങളും വിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവരാൻ വിദ്യാലയങ്ങളുടെ ഈ സാർവ്വത്രികവൽക്കരണം സഹായിച്ചു ഉയർന്ന സാമൂഹ്യ ബോധം പ്രകടിപ്പിച്ചിരുന്ന, സമൂഹത്തിലെ ചില നല്ല മനുഷ്യരായിരുന്നു വിദ്യാലയങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നത്. അവർ ചെയ്തത് ഉന്നതമായ ചില മൂല്യങ്ങളെ ആദരിക്കലായിരുന്നു. അസ്പർടശ്യത പോലും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു സമുദായത്തിന്റെ എല്ലാവിഭാഗങ്ങൾക്കും വിദ്യാലയപ്രവേശനം അനുവദിച്ചത് എന്നത് മറക്കാൻ പാടില്ലാത്ത ഒരു വസ്തയാണ്

### സ്ഥാപനങ്ങൾ:-

മണിയൂർ പഞ്ചായത്തിൽ 20 എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും 1 ഹൈസ്കൂളും 1 നവോദയിവിദ്യാലയുമാണ് ഉള്ളത്. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ പ്രൈമറി വിദ്യലയങ്ങളുള്ള പഞ്ചായത്താണ് നമ്മുടേത്.

### എൽ.പി.സ്കൂളുകൾ:-

1. മുടപ്പിലാവിൽ എൽ.പി.സ്കൂൾ
2. മുടപ്പിലാവിൽ നോർത്ത് എൽ.പി. സ്കൂൾ
3. മന്തരത്തൂർ മാപ്പിള എൽ.പി. സ്കൂൾ 4. കുറുന്തോടി
4. എം. എൽ.പി. സ്കൂൾ
5. എളമ്പിലാട് എൽ.പി. സ്കൂൾ
6. എളമ്പിലാട്.എം.എൽ പി, സ്കൂൾ
7. എടത്തുംകര എൽ.പി. സ്കൂൾ
8. ചെരണ്ടത്തൂർ എൽ.പി.സ്കൂൾ
9. ചെരണ്ടത്തൂർ എം.എൽ.പി. സ്കൂൾ
10. മണിയൂർ എം.എൽ.പി. സ്കൂൾ
11. മണിയൂർ ഈസ്റ്റ് എൽ.പി.സ്കൂൾ
12. മണിയൂർ എൽ.പി.സ്കൂൾ
13. മണിയൂർ നോർത്ത് എൽ.പി.സ്കൂൾ
14. കുന്നത്തുകര എം.എൽപി.സ്കൂൾ
15. കരുവഞ്ചേരി നോർത്ത് എൽ.പി. സ്കൂൾ
16. പതിയാരക്കര എം.എൽ.പി. സ്കൂൾ

17. പാലയാട് എൽ.പി.സ്കൂൾ

18. പാലയാട് നമ്പർ വൺ എൽ.പി.സ്കൂൾ

19. പാലയാട് ഡി.എസ്. എസ്.എൽ.പി. സ്കൂൾ

20. ആറങ്ങോട് എം.എൽ.പി.സ്കൂൾ

**യു.പി. സ്കൂളുകൾ**

1. മന്തരത്തൂർ യു.പി.സ്കൂൾ
2. മുതുവന്ന യു.പി.സ്കൂൾ
3. മണിയൂർ യു.പി.സ്കൂൾ
4. മന്ദത്തുകാവ് യു.പി.സ്കൂൾ
5. കരുവഞ്ചേരി യു.പി.സ്കൂൾ
6. കുറുന്തോടി യു.പി.സ്കൂൾ

**ഹൈസ്കൂൾ**

1. മണിയൂർ പഞ്ചായത്ത് സെക്കണ്ടറി സ്കൂൾ

**നവോദയ**

1. ജവഹർ നവോദയ വിദ്യാലയം. പാലയാട്

ഈ വിദ്യാലയങ്ങളിൽ 18 എണ്ണം വടകര സബ്ജില്ല യിലും 8എണ്ണം തോടന്നൂർ സബ്ജില്ലയിലും ഉൾപ്പെ ടുന്നു. രണ്ട് AEO മാരുടെ കീഴിലാണ് പഞ്ചായത്തിലെ പ്രാഥമികവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്.

## മണിയൂർ പഞ്ചായത്ത് ഹൈസ്കൂൾ

ഒരു പ്രാദേശിക ഭരണകൂടത്തിന് ജനപങ്കാളിത്ത ത്തോടെ വിദ്യാഭ്യാസമേഖലയിൽ എങ്ങനെ ഇടപെടാ മെന്നതിന്റെ മകുടോദാഹരണമായിരുന്നു മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിന്റെ നിർമാണം. വിസ്തൃത മായ ഈ പഞ്ചായത്തിൽ സെക്കണ്ടറി വിദ്യാഭ്യാസ ത്തിന് സൗകര്യമില്ലാത്ത ദുഃസ്ഥിതിയായിരുന്നു. നാഴി കകളോളം യാത്ര ചെയ്ത്, വടകരയിലും പേരാമ്പ്ര യിലും പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയ കഥ പഴമക്കാർക്ക് പറയാനുണ്ട് 1965ലാണ് പഞ്ചായത്ത് ഭര ണസമിതിയുടെ നേതൃത്വത്തിൽ ജനകീയ കമ്മറ്റി രൂപീ കരിച്ച് സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്ത നങ്ങൾ തുടങ്ങിയത്. ഉത്സാഹത്തോടെ പ്രവർത്തിച്ച കമ്മറ്റിക്ക് ആവേശകരമായ പ്രോത്സാഹനമാണ് ജനങ്ങ ളിൽ നിന്ന് ലഭിച്ചത്. സ്കൂളിന് ആവശ്യമായ 4 ഏക്കർ സ്ഥലം ശ്രീ ഇട്ടമ്പറമ്പത്ത് നാരായണൻ നമ്പ്യാരാണ് സംഭാവന ചെയ്തത് നിസ്വാർഥമായ ഈ ഉദാരമനഃ സ്കത മണിയൂരിലെ ജനങ്ങളെന്നും കൃതജ്ഞതാനിർഭ രമായി ഓർക്കും നിരവധി വ്യക്തികൾ പണമായും വസ്തുവകളായും അധ്വാനമായും ഈ വിദ്യാലയം ആരം ഭിക്കുന്നതിന്‌വേണ്ടി സംഭാവന ചെയ്തിട്ടുണ്ട് 1966 ജൂൺ 1നാണ് സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്.

## ഭൗതിക സാഹചര്യങ്ങൾ

നമ്മുടെ പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ കോഴിക്കോട് ജില്ലയിൽ ഒന്നാം സ്ഥാനത്താണ്. എന്നാൽ ഭൗതികസാഹചര്യങ്ങ ളുടെ കാര്യത്തിൽ മുഴുവൻ വിദ്യാലയങ്ങളും വളരെ പിന്നിലാണ് എന്ന് ലഭ്യമായ സ്ഥിതി വിവരകണക്കു കൾ സൂചിപ്പിക്കുന്നു. ഒരു വിദ്യാലയത്തിനുവേണ്ടുന്ന വിപുലമായ സൗകര്യങ്ങളൊന്നുമില്ലാത്ത ഒട്ടേറെ വിദ്യാ ലയങ്ങളുണ്ടു. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഫലപ്രദമായ പ്രവർത്തനം നടത്തുന്ന സ്ഥാപ നങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് എന്നകാര്യം വിസ്മരിക്കുന്നില്ല.

പട്ടിക 2ൽ കാണുന്ന കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ സ്ഥിതിമനസ്സിലാകും ഈ മേഖലയിൽ ഇനിയും എത്രയോ സൗകര്യങ്ങളും നിക്ഷേ പവും ആവശ്യമാണ്. സമൂഹത്തിന്റെ കൂട്ടായ ശ്രമത്തി ലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ് നമ്മുടെ മുന്നി ലുള്ളത് വിദ്യാലയങ്ങൾ ഏത് മേഖലയിലായാലും അത് നാടിന്റെ പൊതുവായ സ്ഥാപനമാണ്. വിദ്യാഭ്യാസ തൽപരരായ സാമൂഹ്യ പ്രവർത്തകരുടേയും രാഷ്ട്രീയ നേതൃത്വത്തിന്റെയും യോജിച്ചുള്ള ശ്രമവും സജീവ ശ്രദ്ധയും ഇക്കാര്യത്തിൽ ആവശ്യമാണ്.

പഞ്ചായത്തിനകത്ത് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. ഇതിന് പുറമെ പഞ്ചായത്തിന് പുറത്തുള്ള വിവധ ഹൈസ്കൂ ളുകളിലും പ്രാഥമിക വിദ്യാലയങ്ങളിലും, അൺ എയി ഡഡ് വിദ്യാലയങ്ങളിലും, ഇംഗ്ലീഷ് മീഡിയം വിദ്യാലയ ങ്ങളിലുമായി ആയിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. തിരിവള്ളൂർ ഹൈസ്കൂൾ, തുറയൂർ ഹൈസ്കൂൾ, പയ്യോളി ഹൈസ്ക്കൂൾ, പുതുപ്പണം ഹൈസ്കൂൾ മേമുണ്ട ഹൈസ്കൂൾ വടകരയിലെ വിവിധ ഹൈസ്കൂ ളുകൾ, വില്യാപ്പള്ളി ഹൈസ്കൂൾ തുടങ്ങിയവിദ്യാലയ ങ്ങളാണ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചാത്ത് ഹൈസ്കൂളിന് പുറമെ ആശ്രയിക്കുന്നത്. സമീപപ്രദേ ശത്തെ പലപഞ്ചായത്തുകളിലും പ്രാഥമിക വിദ്യാലയ ങ്ങളുടെ എണ്ണം കുറവാണെങ്കിലും ഒന്നിലേറെ ഹൈസ്കൂളുകൾ ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രാഥ മിക വിദ്യാലയങ്ങളുടെ എണ്ണം കൂടുതലാണെങ്കിലും സെക്കണ്ടറി വിദ്യാഭ്യാസ സൗകര്യം പരിമിതമാണ്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ വിദ്യാർത്ഥി കൾ 8ലേറെ കിലോമീറ്റർ നടന്നാണ് സെക്കന്ററി വിദ്യാ ഭ്യാസം നേടുന്നത്.ഈ മേഖലയിൽ ഒരു ഹൈസ്കൂ ളിന്റെ ആവശ്യകത ഇത് ചൂണ്ടിക്കാണിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോ ധിച്ചാൽ മിക്കവിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. ഇത്രയേറെ പ്രാഥമിക വിദ്യാലയങ്ങൾ ഉണ്ടായിട്ടും നൂറിലേറെ വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നത് നമ്മുടെ വിദ്യാലയങ്ങളെ ബാധിച്ചിട്ടുണ്ട് ഈ അക്കാദമിക വർഷ ത്തിൽ നാല് വിദ്യാലയങ്ങൾ Uneconomic ആയിട്ടുണ്ട്

## പഠനനിലവാരം

വിദ്യാലയങ്ങളുടെ പഠനനിലവാരതകർച്ചയെകുറിച്ച് വളരെയേറെ ചർച്ചചെയ്യുന്ന ഒരു കാലഘട്ടമാണ് ഇത്. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നിലവാര ത്തെക്കുറിച്ചും ഒട്ടേറെ പരാതികൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ബ്ലോക്ക് വിദ്യാഭ്യാസസമി തിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ

ആശാസവഹമായ മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുണ്ട്.

മണിയൂർഹൈസ്ക്കൂളിന്റെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം പട്ടിക 4ൾ കൊടുത്തിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ വിജയശതമാനം 30 മാത്രമാണ്. ഒരു കാലത്ത് ഉന്നത നിലവാരം പുലർത്തിയിരുന്ന ഈ വിദ്യാലയം പഴയ നിലവാരം വീണ്ടെടുക്കാനുള്ള പരിശ്രമത്തിലാണ്. വിജയശതമാനം ഉയർത്താനുള്ള 'വിജയരഥം' പരിപാടി വളരെ നല്ലരീതിയിൽ ഈ സ്ഥാപനത്തിൽ നടക്കുന്നുണ്ട്.

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെ കുറിച്ചും, അവയുടെ നടത്തിപ്പിനെകുറിച്ചും, അവയിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നതും ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകളിൽ പ്രതിഫലിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ ജനങ്ങൾ വിദ്യാഭ്യാസകാര്യത്തിൽ ഏറെ തൽപരരാണെന്ന് ചർച്ചകൾ തെളിയിക്കുന്നു. ഈ ചർച്ചകൾ ഉയർത്തുന്ന പ്രതീക്ഷകൾ പ്രാവർത്തികമാക്കണമെങ്കിൽ സമൂഹത്തിന്റെ ഫലപ്രദവും കൂട്ടായതുമായ പ്രയത്നം ആവശ്യമാണ്. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പൊതുവെ രണ്ടു വിഭാഗങ്ങളായി തിരിക്കാം. ഒന്ന്, വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതകളും അതുയർത്തുന്ന പൊതുവായ മറ്റു പ്രശ്നങ്ങളും. രണ്ട്, ഓരോ വിദ്യാലയത്തിന്റെയും സവിശേഷമായ പ്രശ്നങ്ങളും അതുണ്ടാക്കുന്ന ഉപഘടകങ്ങളും.

പൊതുവായി എല്ലാവാർഡുകളിലും നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ഏറ്റവും പധാനപ്പെട്ട ചില നിർദ്ദേശങ്ങൾ ചുവടെ സമർപ്പിക്കുന്നു.

1. എല്ലാ വാർഡുകളിലും ഓരോ നഴ്സറി വിദ്യാലയങ്ങൾ സ്ഥാപിക്കണം.

2. കുടിവെള്ള സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. പാഠോപകരണങ്ങളുടെ ദൗർലഭ്യം വിദ്യാലയനിലവാരത്തെ ഏറെ ബാധിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾക്ക് ആവശ്യമായ പാഠ ഉപകരണങ്ങൾ ലഭ്യമാക്കുക. വില കൂടിയ പാഠോപകരണങ്ങൾ എല്ലവിദ്യാലയങ്ങളിലെയും പൊതുവായ ഉപയോഗത്തിന് ഉതകുന്ന വിധത്തിൽ ഒരു പാഠോപകരണ ബേങ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

4. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് കായിക വിദ്യാഭ്യാസം അത്യാവശ്യമാണ്. ഓരോവിദ്യാലയത്തോടനുബന്ധിച്ചും ആവശ്യമായ കളിസ്ഥലം നിർമ്മിക്കുക.

5. വിദ്യാലയങ്ങൾ വൈദ്യുതീകരിക്കുക.

### പ്രത്യേക നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡ് ഉൾപ്പെടുന്ന മുടപ്പിലാവിൽ മേഖലയിൽ നിലവിലുള്ള എൽ. പി. വിദ്യാലയങ്ങളിൽ ഏതെങ്കിലുമൊന്ന് ഉയർത്തി up ആക്കണമെന്ന നിർദ്ദേശം ആപ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകും.

2. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ 2 മുതൽ 7 വരെ വാർഡുകളിലെ ജനങ്ങൾക്ക് സെക്കണ്ടറി വിദ്യഭ്യാസത്തിനുള്ള സൗകര്യം തീരെ കുറവാണ്. ഈ പോരായ്മ പരിഹരിക്കാൻ ആമേഖലയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

3. ഈ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം പോലും ഇല്ല ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കുന്നത് കാർഷിക- വ്യാവസായിക മേഖലകൾക്ക് പ്രയോജന പ്രദമായിരിക്കും.

4. 5,6,7 വാർഡുകളിലെ കുട്ടികൾക്ക് up വിദ്യാഭ്യാസം നടത്താനുള്ള സൗകര്യം പരിമിതമായതുകൊണ്ട് കിഴക്കൻ മേഖലയിൽ ഒരു UP സ്ക്കൂൾ സ്ഥാപിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്.

5.മണിയൂർ ഹൈസ്ക്കൂളിനോടനുബന്ധിച്ച് ഹയർ സെക്കണ്ടറി കോഴ്സ് തുടങ്ങുക.

### പഠന നിലവാരം മെച്ചപെടുത്തുവാൻ ഉയർന്നുവന്ന നിർദ്ദേശങ്ങൾ:-

1. വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള PTA കമ്മിറ്റികൾ നിർബ്ബന്ധമായും യഥാസമയങ്ങളിൽ വിളിച്ചു കൂട്ടുക. പ്രശ്നങ്ങൾ ചർച്ചചെയ്യുകയും, പരിഹാരം കാണാൻ ആവശ്യമായ കൂട്ടായ പ്രവർത്തനങ്ങൾ നടത്തുകയും ച ചെയ്യുക. ജനങ്ങളുടെ സഹകരണത്തോടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടത്തുക.

2. അധ്യാപകർക്ക് യഥാകാലങ്ങളിൽ ആവശ്യമായ പുനഃപരിശീലനം നൽകുക.

3. പ്രാഥമീക വിദ്യാലയങ്ങളിലെ അക്ഷരജ്ഞാനവും അക്കജ്ഞാനവും ഉറക്കാത്ത വിദ്യാർഥികൾക്ക് ആവശ്യമായ പരിശീലനവും പ്രത്യേക ക്ലാസുകളും നടത്തുക.

4. കൊഴിഞ്ഞുപോക്ക് തടയാനാവശ്യമായ പ്രവർത്തനങ്ങൾ ജനകീയ സഹകരണത്തോടെ നടത്തുക.

5. മാതൃസംഗമങ്ങൾ വെറും ചടങ്ങുകളാക്കാതെ വർഷംമുഴുവൻ ചലിക്കുന്ന സംഘങ്ങളാക്കുകയും, പഠനനിലവാരവും വിദ്യാലയസാഹചര്യവും മെച്ചപ്പെടുത്താൻ ഉപയോഗിക്കുകയും ചെയ്യുക.

### തുടർവിദ്യാഭ്യാസ പരിപാടി

ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനം വളരെ മെച്ചപ്പെട്ടരീതിയിൽ നടത്തിയ പഞ്ചായത്താണ് നമ്മുടേത്. അന്ന് സാക്ഷരരായ നിരവധി നവസാക്ഷരർ ഇന്ന് വീണ്ടും നിരക്ഷരതയിലേക്ക് വീണുകഴിഞ്ഞിട്ടുണ്ട്. അവരുടെ ഇടയിൽ തുടർ സാക്ഷരതാ പ്രവർത്തനം നടത്തേണ്ടത് അത്യാവശ്യമാണ്. രണ്ടു ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും പ്രവർത്തനം സജീവമല്ല അവസജീവമാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്. സാംസ്കാരികകേന്ദ്രങ്ങളും, വായനശാലകളും, കലാസമിതികളും സാക്ഷരതാ പ്രവർത്തനത്തിലുള്ള കേന്ദ്രങ്ങളാക്കേണ്ടതുണ്ട്.

പട്ടിക ഒന്ന്

സ്ഥിതിവിവരകണക്കുകൾ

| നമ്പർ വിദ്യാലയത്തിന്റെപേര് | സർക്കാർ എയ്ഡഡ് | പെൺ കുട്ടികൾ | ആൺ കുട്ടികൾ | ആകെ | അദ്ധ്യാപകർ | പട്ടികജാതി വിദ്യാർത്ഥികൾ |
|---|---|---|---|---|---|---|
| 1. മുടപ്പിലാവിൽ.എൽ.പി.സ്ക്കൂൾ | എയ്ഡഡ് | 60 | 60 | 120 | 5 | 9 |
| 2.മുടപ്പിലാവിൽ നോർത്ത് LPS | " | 44 | 44 | 88 | 4 | 5 |
| 3. മന്തരത്തൂർ എം.എൽ.പി. | " | 74 | 63 | 137 | 7 | 5 |
| 4. കുറുന്തോടി. എം.എൽ.പി. | " | 48 | 57 | 105 | 5 | |
| 5. എളമ്പിലാട്. എൽ.പി. | " | 43 | 32 | 75 | 4 | |
| 6. എടത്തുംകര എൽ.പി. | " | 65 | 51 | 116 | 6 | |
| 7 ചെരണ്ടത്തൂർ. എൽ.പി | " | 83 | 104 | 187 | 9 | 12 |
| 8 ചെരണ്ടത്തൂർ. എം.എൽ.പി. | " | 64 | 64 | 128 | 6 | 2 |
| 9 മണിയൂർ.എം എൽ.പി. | " | 54 | 58 | 112 | 4 | 15 |
| 10 മണിയൂർ. ഈസ്റ്റ്.എൽ.പി. | " | 26 | 43 | 69 | 4 | 3 |
| 11 മണിയൂർ. എൽ.പി. | " | 34 | 36 | 70 | 5 | 8 |
| 12 മണിയൂർ നോർത്ത്. എൽ.പി | " | 115 | 108 | 223 | 10 | 9 |
| 13 കുന്നത്തുകര. എം.എൽ.പി | " | 67 | 41 | 108 | 5 | 8 |
| 14 കരുവഞ്ചേരി നോർത്ത് എൽ.പി. | " | 81 | 69 | 150 | 7 | 38 |
| 15 പതിയാരക്കര എം. എൽ.പി. | " | 68 | 98 | 166 | 8 | |
| 16 പാലയാട് എൽ.പി. | " | 62 | 41 | 103 | 4 | 15 |
| 17 പാലയാട് നമ്പർ 1 എൽ.പി. | " | 70 | 99 | 169 | 7 | 3 |
| 18 പാലയാട് DSS LP | " | 45 | 57 | 102 | 5 | 5 |
| 19 ആറങ്ങോട് MLP | " | 59 | 48 | 107 | | 5 |
| 20 എളമ്പിലാട് എം.എൽ.പി | " | 46 | 56 | 102 | 5 | |
| യു.പി. | | | | | | |
| 1 മന്തരത്തൂർ UP | " | 222 | 186 | 408 | 18 | 17 |
| 2 കുറുന്തോടി UP | " | 178 | 188 | 366 | 17 | 14 |
| 3 മുതുവന യു.പി. | " | 127 | 141 | 268 | 16 | 11 |
| 4 മണിയൂർ UP | " | 177 | 196 | 373 | 17 | 37 |
| 5 കരുവഞ്ചേരി യു.പി. | " | 306 | 334 | 640 | 25 | 40 |
| 6 മന്ദത്തുകാവ് UP | " | 265 | 285 | 550 | 24 | 16 |
| ആകെ | " | 2483 | 2571 | 5054 | 232 | 272 |
| 1 മണിയൂർ ഹൈസ്ക്കൂൾ | " | 717 | 682 | 1399 | 53 | 81 |
| 1 നവോദയ സ്ക്കൂൾ പാലയാട് | | 177 | 309 | 486 | 26 | |
| | | | | 2483 | 2571 | 5054 |

## പട്ടിക - 2

### അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ

| ക്രമന. | ഭൗതിക സാഹചര്യങ്ങൾ | ഉള്ളസ്ഥാപനങ്ങളുടെ എണ്ണം | ഇല്ലാത്തവയുടെ എണ്ണം |
|---|---|---|---|
| 1 | കളിസ്ഥലം | 17 | 10 |
| 2 | ചുറ്റുമതിൽ | 1 | 26 |
| 3 | മൂത്രപ്പുര | 21 | 6 |
| 4 | കക്കൂസ | 4 | 23 |
| 5 | കുടിവെള്ള സംവിധാനം | 11 | 16 |
| 6 | വൈദ്യുതി | 7 | 20 |
| 7 | പാചകമുറി | 15 | 12 |
| 8 | സ്റ്റാഫ് റൂം | 10 | 17 |
| 9 | ലൈബ്രറി പ്രവർത്തിക്കുന്നത് | 24 | 3 |
| 10 | ലാബറട്ടറി സൗകര്യങ്ങൾ | 14 | 13 |
| 11 | പഠനോപകരണങ്ങൾ ആവശ്യത്തിന് | 13 | 14 |
| 12 | ഫർണിച്ചർ ആവിശ്യത്തിന് | 27 | |
| 13 | റേഡിയോ | 18 | 9 |
| 14 | ടേപ്പ് റിക്കോർഡർ | 18 | 9 |
| 15 | ടി.വി. | 27 | |
| 16 | വി.സി.ആർ | 27 | |
| 17 | സിനിമ പ്രൊജക്ടർ | 27 | |
| 18 | സ്ലൈഡ് പ്രൊജക്ടർ | 1 | 26 |
| II (a) | പ്രവർത്തനക്ഷമമായ PTA | 26 | 1 |
| (b) | മാതൃസംഗമം | 27 | 1 |

## പട്ടിക - 3

### സ്ക്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

ശരാശരി ദൂരം കി.മീ. പരമാവധി ദൂരം കി.മീ.

എൽ.പി. സ്ക്കൂൾ 3.75 കി.മീ1.25 കി.മീ.

യു.പി. സ്ക്കൂൾ 1.25 കി.മീ. 4/2 കി.മീ.

ഹൈസ്ക്കൂൾ 3 കി.മീ. 8 കി.മീ.

## പട്ടിക - 4

### മണിയൂർ പഞ്ചായത്ത് ഹൈസ്ക്കൂളിലെ വിജയശതമാനം

സ്ക്കൂൾ 1991-1992 1992-93 1993-94 1994-95 1995-96

മണിയൂർ ഹൈസ്ക്കൂൾ 34.5% 27.4% 28% 28.5% 30%

# പൊതുജനാരോഗ്യം

## അവലോകനം

മണിയൂർ ഗ്രാമപഞ്ചായത്ത് വിസ്തൃതിയിൽ ഏറ്റവും വലിപ്പമുള്ള പഞ്ചായത്തുകളിലൊന്നാണ്. 31.03 ച.കി.മി വിസ്തൃതിയിലുള്ള നമ്മുടെ പഞ്ചായത്തിലെ 41000 ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് 1 പ്രൈമറി ഹെൽത്ത് സെന്ററും 6 സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട് അലോപ്പതി ചികിസ്തയുടെ പ്രചാരത്തിനു മുമ്പ് പഞ്ചായത്തിൽ പൊതുവെ പാരമ്പര്യ വൈദ്യമാണു ജനങ്ങൾ ആശ്രയിച്ചത്. വളരെ ഗുരുതരമായ രോഗങ്ങൾക്ക് അലോപതി ചികിത്സ തേടുന്നതിനു വടകരയും കോഴിക്കോട് ആശ്രയിച്ചിരുന്നത് തന്നെ സാമ്പത്തികമായി കഴിവുള്ളവരായിരുന്നു. ഏകദേശം 1950 വരെ ആയുർവേദ ചികിത്സ രീതിയോടൊപ്പം തന്നെ രോഗ നിവാരണത്തിനും മന്ത്രവാദങ്ങളും, മറ്റ് അനാചാരങ്ങളും സ്വീകരിക്കാൻ സാമൂഹ്യമായും സാമ്പത്തീകമായി പിന്നോക്കത്തിലുള്ളവർ ശ്രമിച്ചിരുന്നത്. കേരള സംസ്ഥാനം രൂപം കൊണ്ടതിനുംശേഷം നമ്മുടെ താലൂക്കിൽ ഉയർന്നുവന്നത് 1960കളുടെ മധ്യഘട്ടത്തിൽ വടകര ഗവ: ആശുപത്രയും കോഴിക്കോട് മെഡിക്കൽകോളെജും ജില്ലയിൽ പ്രധാനപ്പെട്ട ചികിത്സാ സ്ഥാപനങ്ങളായി ഉയർന്നെങ്കിലും, മണിയൂർ പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി പ്രവർത്തനം തുടങ്ങാൻ പിന്നെയും സമയമെടുത്തിരുന്നു.

1971 ലാണു നമ്മുടെ പഞ്ചായത്തിൽ ഒരു സർക്കാർ ഡിസ്പൻസറിയുടെ പ്രവർത്തനം ആരംഭിച്ചത് പഞ്ചായത്താഫീസ്സിന്റെ വരാന്തിലാണ് ഏറെക്കാലം പഞ്ചായത്ത് ഡിസ്പൻസറിയുടെ പ്രവർത്തനം നടന്നത്. 1980 ഓട് കൂടിയാണ് ആശുപത്രി പ്രവർത്തനം കുന്നത്തുകരയിലുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിയത് ഡിസ്പൻസറിക്ക് കീഴിൽ 6 സബ് സെന്ററുകൾ കൂടി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ PHC, സബ് സെന്റർ തുടങ്ങിയ സ്ഥപനങ്ങളിലെ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം അന്യത്ര വിശദീകരിക്കുന്നു.

### പൊതുമരണ നിരക്ക്

പഞ്ചായത്തലെ ആശുപത്രി സംവിധാനങ്ങളെക്കാളേറെ വടകര, കോഴിക്കോട്, പട്ടണങ്ങളിലെ ആശുപത്രികളെ ആശ്രയിച്ചുകൊണ്ടാണു ജനങ്ങൾ രോഗ നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. പൊതുവെ ആരോഗ്യകാര്യങ്ങളിൽ എല്ലാ ജനവിഭാഗങ്ങളും ശ്രദ്ധ ചെലുത്തുന്നതു കൊണ്ടുതന്നെ ഏതുരോഗത്തിനും ആധുനീക ചികിത്സാ സംമ്പ്രദായങ്ങൾ സ്വീകരിക്കുന്ന ഒരു അവസ്ഥ സംജാതമായിട്ടുണ്ടു. ഇത് പൊതുവെ മരണ നിരക്കിന്റെ അളവ് സംസ്ഥാന ശരാശരിയെക്കാൾ കുറക്കാൻ സഹായിച്ചിട്ടുണ്ട്.

### ശിശുമരണനിരക്ക്

നേരത്തെ സൂചിപ്പിച്ചത് പോലെ പൊതുമരണ നിരക്കിനോടൊപ്പം ശിശുമരണ നിരക്കും നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയിലെക്കാൾ കുറവാണ്. കുട്ടികളുടെ ആരോഗ്യകാര്യത്തിൽ പൊതുവെ മാതാപിതാക്കാൾ ശ്രദ്ധാലുക്കാളാണ്. അതിലുപരി ഗർഭിണികൾക്കും ശിശുക്കൾ അതാത് കാലത്ത് നല്കേണ്ട കുത്തിവെയ്പ്പുകൾ മറ്റ് പോഷണങ്ങൾ ഇവയെ സംബന്ധിച്ച PHCയിലെ ആരോഗ്യ പ്രവർത്തകരുടെ ഇടപെടൽ എന്നിവ ശിശുമരണനിരക്ക് നമ്മുടെ പഞ്ചായത്തിൽ ആയികുറയാൻ സഹായിച്ചിട്ടുണ്ട്.

### മാതൃമരണനിരക്ക്

മാതൃമരണ നിരക്ക് കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 1 വർഷം ശരാശരി 1000നും 0.6 ആണ് നമ്മുടെ പഞ്ചായത്തിലെ മാതൃമരണ നിരക്ക്

### ജനന നിരക്ക്

കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ജനന നിയന്ത്രണ കാര്യത്തിൽ ബോധവാന്മാരാണു ഭൂരിപക്ഷം ദമ്പതികളും എന്നത് നമ്മുടെ പഞ്ചായത്തിലെ ജനനനിരക്ക് 16.5 ലേക്ക് താഴ്ത്താൻ സഹായിച്ചിട്ടുണ്ട് സംസ്ഥാന ശരാശരിയേക്കാൾ 0.5 കുറവാണിത് കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ വിവരം താഴെ കൊടുക്കുന്നു

**പട്ടിക 1.2**

**കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ**
(മണിയൂർPHC)

| | |
|---|---|
| 1 കുട്ടി | 18 |
| 2 കുട്ടികൾ | 1106 |
| 2ൽ കൂടുതൽ കുട്ടികൾ | 1478 |

അവലോകനം - സെക്കന്ററി ഡാറ്റ

## രോഗാതുരത

നമ്മുടെ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ മണിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രവും മന്തരത്തൂർ ആയുർവേദ കേന്ദ്രവുമാണ് രോഗ നിവാരണ പ്രവർത്തനത്തിൽ പ്രാഥമിക പങ്ക് വഹിക്കുന്നത്. പ്രധാനപ്പെട്ട രോഗങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമല്ലെങ്കിലും ആശുപത്രിയുടെ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതിന്റെ വിവരത്തിന്റെ അടിസ്ഥാനത്തിൽ മഴക്കാലത്തെ ജലജന്യരോഗങ്ങൾ 1993-94 നു ശേഷം 1996 ഒക്ടോബർ വരെ ഒരോ വർഷവും ഗണ്യമായ തോതിൽ വർദ്ധിച്ചു വരുന്നതായിട്ടാണു കണക്കുകൾ കാണിക്കുന്നത് വായുജന്യരോഗങ്ങൾ; പ്രാണിജന്യരോഗങ്ങൾ എന്നിവയും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ ചെറിയ തോതിൽ വാർദ്ധനവ് തന്നെയാണ് കാണിക്കുന്നത്

നമ്മുടെ പഞ്ചായത്തിൽ 1992 നു ശേഷം 96 വരെയുള്ള കാലയളവിൽ ഒരോവർഷവും വാതരോഗം, ത്വക്ക് രോഗങ്ങൾ പകർച്ചവ്യാധികൾ എന്നിവയുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഈ മൂന്നു രോഗങ്ങളും വർഷതോറും വർദ്ധിച്ചു വരികായാണെന്നു ബന്ധപ്പെട്ട പട്ടിക പരിശോധിച്ചാൽ മനസ്സിലാകും കുഷ്ഠരോഗികളായ 9 പേർ നമ്മുടെ പഞ്ചായത്തിലുണ്ടെന്നു ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചാൽ മനസ്സിലാക്കാം എന്നാൽ രക്തസമ്മർദ്ദം, പ്രമേഹം കാൻസർ, ക്ഷയം ഹൃദ്രോഗം എന്നിവയെപ്പറ്റിയുള്ള കൃത്യമായ വിവരം ലഭ്യമല്ല. മേൽപ്പറഞ്ഞ രോഗനിവാരണത്തിനു വടകരയും കോഴിക്കോടുമുള്ള ആശുപത്രങ്ങളെയാണു സമീപിക്കുന്നത് രോഗങ്ങളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

### പട്ടിക 1.3

| വർഷം | ജലജന്യ രോഗം | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 176 | 115 | 9 | Nil |
| 1994-95 | 272 | 132 | 14 | Nil |
| 1995-96 | 226 | 112 | 20 | Nil |

### രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം)

| വർഷം | ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് എണ്ണം | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റ് രോഗങ്ങൾ |
|---|---|---|---|---|---|---|---|
| 92 -93 | Nil | 23713 | 1813 | 721 | 265 | Nil | Nil |
| 93-94 | Nil | 24861 | 3219 | 743 | 300 | Nil | " |
| 94- 95 | Nil | 25094 | 3282 | 698 | 418 | NIL | " |
| 95-96 | Nil | 23672 | 3431 | 837 | 358 | NIL | " |

അവലംബം സെക്കന്ററിഡാറ്റ

### പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

സ്രീയുടെ പ്രായക്രമം

| | |
|---|---|
| 15 -19 | 423 |
| 20 - 24 | 1043 |
| 25 - 29 | 1359 |
| 30 - 34 | 904 |
| 35 -39 | 823 |
| 40 - 44 | 280 |
| Total | 4832 |

അവലംബം സെക്കന്ററി ഡാറ്റ

## മന്തരത്തൂർ ആയൂർ വേദ ഡിസ്പൻസറി

| ഔട്ട് പേഷ്യന്റ് എണ്ണം | | | | | രോഗം സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|---|---|---|---|---|
| വർഷം | ഇൻപേഷ്യന്റ് എണ്ണം | പുരുഷൻ | സ്ത്രീകൾ | കുട്ടികൾ | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റു രോഗങ്ങൾ | ആകെ |
| 92 -93 | ഇല്ല | 5200 | 8600 | 1200 | 3500 | 8500 | ,, | ,, | 3000 | 15000 |
| 93 - 94 | ഇല്ല | 5500 | 8500 | 1500 | 3600 | 8600 | ,, | ,, | 3300 | 15500 |
| 94 -95 | | 5400 | 8300 | 2000 | 4100 | 8900 | ,, | | 2700 | 15700 |
| 95 -96 ഒക്ടോബർവരെ | | 3800 | 6400 | 1600 | 2900 | 6700 | ,, | | 2200 | 11800 |
| ആകെ | | 19900 | 31800 | 6300 | 14100 | 32700 | | | 11200 | 5800 |

അവലംബം : സെക്കന്ററി ഡാറ്റ

### കുട്ടികളുടെ പോഷണനിലവാരം

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പോഷണം മെച്ചമായി നടത്തുന്ന സ്ഥാപനങ്ങൾ പൊതുവെകുറവാണ്. വിവധ ബാലവാടികളിലായി കുട്ടികൾക്ക് നൽകുന്ന പോഷാകാഹാരങ്ങൾ അതാത് വാർഡുകളിലെ ആവശ്യമുള്ള മുഴുവൻ കുട്ടികളും ഉപയോഗപ്പെടുത്തുന്നില്ല. നമ്മുടെ പഞ്ചായത്തിൽ അങ്കണവാടികൾ ഇല്ലാത്തതിനാൽ ഇത് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. സ്കൂൾ വിദ്യാർത്ഥകൾക്ക് നൽകുന്ന ഉച്ചഭക്ഷണപദ്ധതി 25 LP, UP സ്കൂളുകളിലായി മെച്ചപ്പെട്ട രീതിയിൽ നൽകുമെന്നുണ്ടെങ്കിലും നിലവിലുള്ള പോരായ്മകൾ തിരുത്തി വിതരണത്തിൽ വ്യക്തമായ ചില ക്രമീകരങ്ങൾ വരുത്തണം

### സ്ഥാപനങ്ങളും ജീവനക്കാരും

പഞ്ചായത്തിലെ P.H.C ക്ക് കീഴിൽ 6 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ഒരു ആയൂർവേദ ഡിസ്പൻസറിയും മന്തത്തൂരിൽ പ്രവർത്തിക്കുന്നുണ്ട്. പരമാവധി ഭൂപ്രദേശ അനുപാതികമായി തന്നെയാണ് ഈ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ജനസംഖ്യാഅനുപാതികമായി നോക്കുകയാണെങ്കിൽ 5000 പേർക്ക് 1 ആരോഗ്യസ്ഥാപനം എന്ന കണക്കിൽ നമ്മുടെ പഞ്ചായത്തിലുണ്ട് വിവധി സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കൊടുക്കുന്നു.

| | ഡോക്ടർ | JPHN | JHI | ഫാർമസിസ്റ്റ് | ഹെൽത്ത് ഇൻസ്പക്ടർ | ലേഡി ഹെൽത്ത് ഇൻസ്പക്ടർ | ക്ലാർക്ക് | അറ്റന്റർ | നേഴ്സിങ്ങ് അസിസ്റ്റന്റ് | പ്യൂൺ |
|---|---|---|---|---|---|---|---|---|---|---|
| മണിയൂർ PHC | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| കുറുന്തോടി സബ്സെന്റർ | | 1 | | | | | | | | |
| എളിമ്പിലാട് | | 1 | | | | | | | | |
| മണിയൂർ | | 1 | 1<br>2 പേർ | | | | | | | |
| പാലയാട് | | 1 | | | | | | | | |
| പറിയാരക്കര | | 1 | 1 | | | | | | | |
| മന്തരത്തൂർ | | 1 | 1 | | | | | | | |

അവലംബം - സെക്കന്ററി ഡാറ്റ

## മറ്റ് ചികിത്സാരീതികൾ

ആയുർവേദം, ഹോമിയോ, പാരമ്പര്യവൈദ്യം തുടങ്ങിയ സ്വകാര്യ ചികിത്സാ ക്ലീനിക്കുകളും സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്

### 1. ജലലഭ്യത

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യവുമായി ബന്ധിപ്പെട്ട്കിടക്കുന്ന ഒരുപ്രധാനഘടകമാണ് കുടിവെള്ളം. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാലങ്ങളിൽ മിക്ക കുടുംബങ്ങൾക്കും ലഭ്യമാകുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധന നടക്കാറില്ല. പഞ്ചായത്തിലെ 46% ജനങ്ങൾക്കും സ്വന്തമായി കിണറില്ലാത്ത സ്ഥിതിയാണുള്ളത് ശുദ്ധവും സ്ഥിരമായ ജലലഭ്യതയിലൂടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.

### വിസർജ്ജന മാലിന്യങ്ങൾ

പഞ്ചായത്തിലെ ഏകദേശം 40% ജനങ്ങളും സ്വന്തമായി കക്കൂസുകളില്ലാത്തവരാണ്. പലപ്പോഴും വരമ്പുകളിലും പുഴയോരങ്ങളിലും മലവിലർജ്ജനം നടത്തുന്ന അവസ്ഥ ഇതുമൂലം സൃഷ്ടിക്കപ്പെടുന്നുണ്ട്. മഴക്കാലങ്ങളിൽ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സ്ഥിതിയും ഇതിൽനിന്നും ഭിന്നമല്ല.

### പ്രശ്നങ്ങൾ

വിവധഗ്രാമസഭകളിൽ നിന്നും പൊതുജനാരോഗ്യ പ്രശ്നങ്ങളായി ഉയർന്നുവന്ന കാര്യങ്ങൾ താഴെപ്പറയും വിധം ക്രോഡീകരിക്കാവുന്നതാണ്.

1. ആരോഗ്യവകുപ്പ് അധികൃതർ, നേഴ്സ്മാർ എന്നിവർ കൃത്യമായി വീട് സന്ദർശിക്കാറില്ല.

പകർച്ചവ്യാധികളായ കണ്ണുരോഗം, പൊട്ടി, മലമ്പനി മലേറിയ എന്നിവ വിവിധവാർഡുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടും അധികൃതരുടെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല

3. റോഡുകളിൽ മാലിന്യങ്ങൾ നിറയുന്നത് നിർമ്മാർജ്ജനംചെയ്യപ്പെടുന്നില്ല

4. പൊതു കിണറുകൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിന്നു പ്രത്യേക പരിപാടി ഒരു വാർഡിലും നടത്തുന്നില്ല.

5. നവോദയ സ്കൂൾ പരിസരത്ത് നിലവിലുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ടാങ്കുകൾ മൂടാത്തത് മൂലം മലിനീകരണപ്രശ്നം ഉയരുന്നുണ്ട്.

ഹെൽത്തുസെന്ററുകളിൽ പ്രാഥമികാ ചികിത്സ പലപ്പോഴും ലഭ്യമാകുന്നില്ല.

പോരായ്മകൾ മാത്രം സമ്പാദ്യമായി നിലകൊള്ളുന്ന മണിയൂർ P.H.C യിൽ കിടത്തി ചികിത്സിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ വരകരയെ ആശ്രയിച്ചുകൊണ്ട് രോഗംനിവാരണപ്രവർത്തനം നടത്തേണ്ടിവരുന്നു.

8. 5ാം വാർഡ്, 3ാം വാർഡ് 10ാം വാർഡ് തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ കൊതുക് ശല്യം നിലനിൽക്കുയാണു

9. ആയുർവേദ ഡിസ്പൻസറി (മന്തരത്തൂർ) യിൽ പരിശോധനക്കുള്ള യാതൊരും സൗകര്യവുമില്ല. ഇതിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കേണ്ടതുണ്ട്.

10 മുലയൂട്ടുന്ന അമ്മമാരുടെയും, കുട്ടികളുടെയും പോഷകാവശ്യം നിറവേറ്റുന്നതിനു വേണ്ടി നമ്മുടെ പഞ്ചായത്തിൽ അങ്കണവാടികളുടെ പ്രവർത്തനമില്ല.

11 സ്കൂൾ പരിസരങ്ങളിൽ വില്പന നടത്തുന്ന. മിഠായികൾ വളരെ വലിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു

12 കുറുന്തോടിസ്കൂളിന്നു സമീപമുള്ള വളം ഡിപ്പോയുടെ പ്രവർത്തനം സ്കൂൾ കോമ്പൗണ്ട് വരെ വ്യാപിച്ചിരിക്കയാണ് ഇത് കുട്ടികളുടെ ആരോഗ്യപ്രശ്നമായി വളർന്നിരിക്കയാണു.

13 തോട്ട പൊട്ടിച്ച് പുഴയിൽ മത്സ്യം പിടിക്കൽ പുഴതീരങ്ങളിൽ മലവിസർജ്ജനം തുടങ്ങിയപ്രശ്നങ്ങൾ ഗൗരവമായ ആരോഗ്യപ്രശ്നങ്ങൾ ഉയർത്തുന്നു.

14 ജനങ്ങൾക്ക് ആരോഗ്യക്ലാസ്സുകൾ നല്കുന്ന സമ്പ്രദായമില്ല

15 പാലയാട് നടയിലെ അറവുശാലയുടെ പ്രവർത്തനം മൂലം വലിയ പരിസരമലിനീകരണം ഉണ്ടാക്കുന്നു.

16 വഴിയോര മത്സ്യവിപണത്തിന്നു പ്രത്യേക കേന്ദ്രങ്ങൾ ഇല്ലാത്തത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

## പൊതു നിർദ്ദേശങ്ങൾ

### യോഗകേന്ദ്രം

ജനങ്ങളുടെ മാനസികവും ശാരീരകവുമായ ആരോഗ്യം നിലനിർത്താൻ പഞ്ചായത്തിൽ ഒരു യോഗ കേന്ദ്രം സ്ഥാപിക്കണം.

### വയോജന ആരോഗ്യകേന്ദ്രം

പ്രായ കൂടുതലുള്ള വരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനും കൃത്യമായി ആരോഗ്യസംബന്ധമായ വിവരങ്ങൾഅവർക്ക് ലഭ്യമാക്കുന്നതിനും വേണ്ടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

## കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റുക

മദ്രാസ് പബ്ളിക്ക് ഹെൽത്ത് ആക്ട്, കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്ട എന്നിവ നിലവിലുള്ള ഡിസ്പൻസറി പ്രവർത്തനത്തിന്ന് ധാരാളം പ്രായാസം സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ കീഴിൽ കൂടുതൽ നന്നായി പ്രവർത്തിക്കാനും ജനസേവനം ലഭ്യമാക്കാനും ഈ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ മേൽപ്പറഞ്ഞ നിയമങ്ങൾ പിൻവലിക്കേണ്ടതാണ്.

## ഹെൽത്ത് കാർഡ് സംവിധാനം.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഹെൽത്ത് കാർഡുസമ്പ്രദായം നടപ്പിലാക്കുകയും, മുൻരോഗങ്ങളെപ്പറ്റിയും അതിന്റെ ചികിത്സയെപ്പറ്റിയും അതിൽ സൂചിപ്പിക്കുയും ചെയ്യാവുന്നതാണ്. ഇത് ഫലപ്രദമായ രോഗനിർണ്ണയത്തിന്ന് സഹായിക്കും.

## പ്രകൃതി ജീവനം

പ്രകൃതി ചികിത്സ (പ്രകൃതിജീവനസംമ്പ്രദായം) അലോപ്പതി ചികിക്സയിലൂടെ കഴിക്കുന്ന ഔഷധങ്ങളുടെ ഭാഗമായിവരുന്ന ശാരീരക അസ്വാസ്ഥ്യങ്ങൾ ഇല്ലാതാക്കാൻ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന സംവിധാനങ്ങളും പഞ്ചായത്തിൽ കൊണ്ടുവരാൻ ശ്രദ്ധിക്കണം.

## പരിഹാരമാർഗ്ഗങ്ങൽ

മണിയൂർ PHC യുടെ സൗകര്യങ്ങൽ വർദ്ധിപ്പിക്കുക 15 കിടക്കകളെങ്കിലുമുള്ള ആശുപത്രിയായി വികസിപ്പിക്കണം.

സബ്സെന്ററുകളുടെ പ്രവർത്തനം വിപുലീകരിച്ച് ഡോക്ടർമാരുടെ സേവനം കൃത്യമായി ലഭ്യമാക്കുക.

3 എല്ലാ അവശ്യമരുന്നുകളും കുത്തിവെപ്പ്മരുന്നുകളും ആശുപത്രിയിലും സബ്സെന്ററുകളിലും കൃത്യമായി എത്തിക്കുക.

എല്ലാ പ്രതിരോധകുത്തിവെപ്പുകളും വാർഡുതലത്തിൽ കേന്ദ്രീകരിക്കണം.

5. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കണം

മത്സ്യവിപണനകേന്ദ്രങ്ങൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

7. ഇറച്ചിവില്പനക്ക് പ്രത്യേക കേന്ദ്രവും ഗുണനിലവാര പരിശോധനയും നടത്തണം.

പരിസരശുചിത്വം, ആരോഗ്യസംബന്ധമായ മറ്റുകാര്യങ്ങൾ എന്നിവക്ക് ആരോഗ്യക്ലാസ്സുകൾ നൽകുക

മന്തരത്തൂർ ആയുർവേദാശുപത്രിയുടെ നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കുകയും അതിന്റെ ഭാഗമായി സബ്സെന്ററുകൾ തുറക്കുകയും ചെയ്യുക.

## ടെറ്റനസ് ടോക്സോയിഡ്

| | 1D | 2D | 3D |
|---|---|---|---|
| ഗർഭിണികൾ | 327 | 347 | Nil |

| | | |
|---|---|---|
| 1) | ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 654 |
| 2) | ഇരുമ്പ/ ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച കുട്ടികളുടെ എണ്ണം | 1722 |
| 3) | വിറ്റാമിൻ 'എ' തുള്ളിമരുന്നു ലഭിച്ച കുട്ടികളുടെ എണ്ണം | 1573 |
| 4) | ആശുപത്രികളിൽ നടന്ന പ്രവസങ്ങളുടെ എണ്ണം | 354 |
| 5) | വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം. | Nil |



## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്.

| | | DPT | | | Polio | | | DT | | | Mesils | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | BCG | ID | 2D | 3 | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| ഒരുവയസ്സിന് താഴെ | 232 | 327 | 340 | 351 | - | 327 | 340 | 351 | | | | | | 366 |
| 1 – 3 വരെ വയസ്സ് | 313 | 313 | 6 | 7 | | | | | | | | | | |
| 3 –6 വരെ വയസ്സ് | 324 | | | | | | | | | | | | | |

അവലംബം – സെക്കന്ററി ഡാറ്റ

235

# കുടിവെള്ളം

## അവലോകനം

മണിയൂർ പഞ്ചായത്തിന്റെ കിഴക്കും, തെക്കും, പടിഞ്ഞാറും പുഴയാൽ ചുറ്റപ്പെട്ട പ്രദേശമാണു. 20 K.M പുഴതീരം നമ്മുടെ പഞ്ചായത്തിലുണ്ട്. കുറ്റ്യാടിപുഴയാണു നമ്മുടെ പഞ്ചായത്തിനെ ഭാഗികമായി ചുറ്റി അറബിക്കടിലിൽ പതിക്കുന്നത്. 1, 10, 11, 3 വാർഡുകൾക്കിടയിലൂടെ ഒഴുകുന്ന ചൊവ്വാപ്പുഴ പഞ്ചായത്തിനകത്തുള്ള ഒരു പ്രധാനപ്പെട്ട പുഴയാണു. 8,9 വാർഡുകൾക്കിടയിലൂടെ ഒഴുകുന്ന ഉവാമ്പുഴ 4,5,6 വാർഡുകൾക്കിടയിലുള്ള ചെരണ്ടത്തൂർ ചിറ, മട്ടാത്തോട്, മാങ്ങംമൂഴി മുതൽ കൗവുന്തൻ നടവരെ നീണ്ടുകിക്കുന്ന മാഹികനാലിന്റെ ഭാഗമായ കൈപ്പുഴ എന്നിവ നമ്മുടെ പഞ്ചായത്തിലെ പ്രധാന ജലാശയങ്ങളാണു. ചെരണ്ടത്തൂർ ചിറ, മട്ടാത്തോട് മാഹികനാലിന്റെ ഭാഗമായി വരുന്ന കൈപ്പുഴ ഇവയൊഴിച്ച് ബാക്കിയെല്ലാം ഓര് വെള്ളം കയറുന്ന ജലാശയങ്ങളാണു.

## പൊതുകിണർ

നമ്മുടെപഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങൾ, മറ്റ് ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ രൂക്ഷമായ ജലക്ഷാമത്തിനും അല്പമാശ്വസം പകരാൻ നിലവിലുള്ള 15 പൊതുകിണറുകൾ സഹായിക്കുന്നുണ്ട്. ഇതിൽ 4 കിണറുകൾ വേനൽകാലത്ത് വറ്റിവരണ്ട് പോകാറുണ്ട് എന്നാൽ 11 കിണറുകൾ സ്ഥിരവും സുരക്ഷിതവുമായ രൂപത്തിൽ ജല സമൃദ്ധമാണു ഇവയിലൂടെ പഞ്ചായത്തിലെ വിവധ വാർഡുകളിലെ 89 കുടുംബങ്ങൾ കുടിവെള്ളത്തിന്റെ ആവശ്യം നിറവേറ്റന്നു

## കുഴൽ കിണർ

നമ്മുടെ പഞ്ചായത്തിലെ ഭൂഗർഭ ജലസ്രോതസ്സിനെ ഉപയോഗപ്പെടുത്തുന്നതിൽ നമ്മൾ വളരെ പിറകിലാണു പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്നിലധികം കുന്നിൻ പ്രദേശങ്ങളുണ്ട് ഇവടങ്ങളിൽ ഭൗമന്തർഭാഗത്ത് ഭൂഗർഭ ജനസാധ്യതയുള്ള പ്രദേശങ്ങൾ ഒട്ടനവധിയുണ്ട്യ. നമ്മുടെ പഞ്ചായത്തിലെ 21 കുന്നിൻ പ്രദേശങ്ങളിലായി 20 കുഴൽ കിണറുകൾ നിലവിലുണ്ട്. ഈ മേഖലകളിൽ അധിവസിക്കുന്ന ജനങ്ങളുടെ കുടിവെള്ള ക്ഷാമത്തിന്നു ഈ കുഴൽകിണറകൾ കുറെ ഏറെ പ്രയോജനപ്പെടുന്നുണ്ടു.

**കുഴൽകിണറുകളുടെ എണ്ണം വാർഡുതിരിച്ച്**

അവലംബം പ്രൈമറി ഡാറ്റ

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 2 | 1 | 2 | 1 | 2 | 0 | 0 | 2 | 2 | 4 | 1 | 0 | 2 |

## വാട്ടർടാപ്പ്.

നമ്മുടെ പഞ്ചായത്തിൽ മീനത്തുകര പട്ടികജാതി ഹരിജൻ കോളനി മിനിവാട്ടർ സപ്ലൈസ്കീമുകളും, മങ്കര ഹരിജൻ കോളനിവാട്ടർ സപ്ലൈസ്കീമുമാണു ഇപ്പോൾ നിലവിലുള്ളത് മീനത്തുകര ഹരിജൻ കോളനി വാട്ടർ സപ്ലൈ സ്കീം പ്രകാരം ചെല്ലാട്ടുപൊയിൽ സ്ഥാപിക്കപ്പെട്ട പമ്പിംഗ് സ്റ്റേഷനിൽ നിന്നും കുഴൽകിണറിൽ നിന്നാണു ജലം പമ്പ് ചെയ്യുന്നത് സേവാദൾ ഗ്രൗണ്ടിന്നുസമീപം സ്ഥാപിക്കപ്പെട്ട ജല സംഭരണിയിൽ നിന്നും മീനത്തുക, കുന്നത്തുകര, ചെല്ലട്ടുപൊയിൽ, പാലയാട് എന്നീ മേഖലകളിൽ പൊതുട്പ്പ് സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നുണ്ട്. ഈ പദ്ധതി മേൽപ്പറഞ്ഞമേഖലകളിൽ കുടിവെള്ള പ്രശ്നത്തിന്നു ചെറിയതോതിൽ പരിഹാരം മുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.

മങ്കര പ്രദേശത്ത് ഭൂദാന കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് അവിടെത്തന്നെസ്ഥാപിക്കപ്പെട്ട ജലസംഭരണിവഴി മങ്കര പ്രദേശത്തെ ഹരിജൻ കോളനിക്ക് ശുദ്ധജലമെത്തിക്കാൻ സഹായിച്ചിട്ടുണ്ട്. മേപ്പറഞ്ഞ 2 സ്കീമുകൾ പ്രകാരം 125 ടാപ്പുകൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്നു പുറമെ പതിയാരക്കര മാങ്ങിൽകൈ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ 2 വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് മീനത്തുകര പദ്ധതിയിൽ നിന്നും ലഭ്യമാവുന്ന ജലം ഭീഗർഭജലമായതിനാൽ പലപ്പോഴും കഠിനജലമായതിനാൽ ശുദ്ധജലത്തിന്റെ സ്വാദ് ലഭിക്കാറില്ല മാസംതോറും ടാങ്ക് ശുദ്ധീകരണം, ക്ലോറിനൈസേഷൻ തുടങ്ങിയവ നടക്കാറില്ല. നമ്മുടെ പഞ്ചായത്തിലെ മൊത്തം 127 ടാപ്പുകളിൽ നിന്നായി 1000 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാവുന്നുണ്ട്.

## നീരുറവകൾ

നമ്മടെ പഞ്ചായത്തിൽ കുന്നിൻ പ്രദേശങ്ങൾ ഉണ്ടെങ്കിലും നീരുറവയുടെ സ്രോതസ്സുകൾ കുറവാണ്. 3ാം വാർഡിലെ കണ്ടംപറമ്പത്ത് താഴ (കുയ്യാൽമല 13ാം വാർഡിലെ മണ്ടായിത്തഴ 1ാം വാർഡിലെ കല്ലായിത്താഴെ 6ാം വാർഡിലെ പുളിയുള്ള ചാലിൽ മുക്ക് എന്നിവ പ്രധാനനീരുറവകളാണു. ഈ നീരുറവകളുടെ സമീപപ്രദേശങ്ങൾ ജല സമൃദ്ധമായതിനാൽ ഈ നീരുറവകൾ കുടിവെള്ളാവശ്യത്തിന്നു ഉപയോഗിക്കുന്നില്ല.

## കുളങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 15 പൊതു കുളങ്ങളും 64 സ്വകാര്യ കുളങ്ങളുമുണ്ട്. എല്ലാകുളങ്ങളും പൊതുവെ കുളിക്കാനും അലക്കാനും മാത്രമാണു ഉപയോഗിക്കുന്നത്. കുടിവെള്ളാവശ്യത്തിന്നു ഒരു കുളവും ഉപയോഗിക്കുന്നില്ല.

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പൊതു സ്വകാര്യ കുളങ്ങൾ | 5 | 3 | 4 | 16 | 5 | 5 | 4 | 4 | 9 | 8 | 5 | 6 | 7 |
| | ആകെ | | | | | | | | | | | | 79 |

അവലംബം പ്രൈമറി ഡാറ്റ

**വേനൽകാലത്ത് കുടിവെള്ളം വിതരണം ചെയ്യേണ്ടി വന്ന സ്ഥലങ്ങൾ**

കോടിയ വരൾച്ചനേരിടുന്ന മെയ്മാസത്തിൽ പഞ്ചായത്തിലെ 21 കുന്നിൻ പ്രദേശത്തും ഉപ്പ് വെള്ളം കയറുന്ന മേഖലകളിലും കുടിവെള്ളം വാഹനങ്ങളിൽ വിതരണം നടത്താറുണ്ട്. 96 മെയ്യ് മാസത്തിൽ ഇങ്ങിനെ ജല വിതരണം നടത്തിയ സ്ഥലങ്ങൾ പട്ടികയായി താഴെ കൊടുക്കുന്നു.

1വാർഡ് തിരുവങ്ങോത്ത് മീത്തൽ, ചൊവ്വാപ്പാ, മലയാംവള്ളികുന്ന്, പത്തായകുന്ന്

11 „ അമ്പലമുക്ക്, വായനശാലമുക്ക്, മന്തരത്തൂർ U.P സ്കൂൾ ഏരിയ.

111 „ കളരികുന്നു, പാറപ്പുറം, ആയടത്ത് കുന്നു.

IV „ പുതിയോടും ചാൽ, ചെറുവാണിമുക്ക്, കുന്നോത്തമ്പലം, ചങ്ങോരത്ത്തഴെ കോളനിറോഡ്

V „ മാണികുന്ന്, വാവൂട്ട് പാറ, വലിയപറമ്പിൽ ഭാഗം, പ്രാംവള്ളി മീത്തൽ

Vi,, I.p സ്കൂളനടുത്ത് S.-e. കോളനി,പ്രാവെള്ളിമീത്തൽ

VII „ ഈർപ്പോടി സ്കൂൾ ഏരിയ, മേകുനി മീത്തൽ, കൊയപ്രമീത്തൽ

VIII „ കരുവാണ്ടിമുക്ക്, എലിപ്പറമ്പത്തുമുക്ക്, നമ്പി മുക്ക്, നാളോങ്കിണ്ടി മുക്ക്.

IX „ കുന്നത്തുകര,ചെല്ലട്ടുപൊയിൽ സ്കൂൾ ഭാഗം, ഉല്ലാസ്നഗർ അഴീക്കൽകടവ്, മീനത്തുകരകുന്നു.

X „ കളരിക്കുന്നുഭാഗം , ലക്ഷംവീടു, നെല്ലിയുള്ള പറമ്പത്ത്മുക്ക് നെരോത്തിമീത്തൽ വരംവള്ളി മീത്തൽ പാലയാട് തെരു, ഗുഹമുക്ക്

XI അഴീക്കൽ കടവ് മേഖല, തെയ്യുള്ളതിൽ ക്ഷേത്ര പരിസരം വടക്കെ പറമ്പത്ത് പള്ളീപറമ്പ് ഭാഗം

XII മാങ്ങിൽക്കൈ, രയരോത്ത് മുക്ക്.

XIII മുളിയേരി കുന്നു, ചാത്തോത്ത് കുന്നു. മാറാൻ കണ്ടിമുക്ക് പുറ്റാടത്ത് താഴെ , കിഴക്കെ മുളിയേരി.

**ഗുളികപ്പുഴ പദ്ധതി കേരള വാട്ടർ അതോറിറ്റി**

മണിയൂർ, പാലയാട്, വില്ലേജ് കളിലായി മണീയൂർ പഞ്ചായത്തിലെ കുടിവെള്ളം ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഗുളികപ്പുഴ പദ്ധതിയുടെ ഭാഗമായി 105 ലക്ഷം രൂപ ചെലവിൽ 41499 ജനങ്ങളെ ഉദ്ദേശിച്ച് 74489 മീറ്റർ പൈപ്പ് മേൽപ്പറഞ്ഞ വില്ലേജ് അതിർത്തിക്കുള്ളിൽ ഇട്ടിട്ടുണ്ട്.

ഗുളികപ്പുഴയിൽ നിന്നും ശുദ്ധജലം പമ്പ്ചെയ്ത് മണിയൂർ പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ മാക്കുന്നമലയിൽ ടാങ്ക് കെട്ടി പഞ്ചായത്തിലെ എല്ലാവാർഡുകളിലും കുടിവെള്ളം എത്തിക്കുക എന്നതാണു ഈ പദ്ധതിയുടെ ഉദ്ദേശം 1989 ൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല

ഒന്നാം ഘട്ടിത്തിൽ വിട്ടുപോയ മഖലകൾകൂടി ചേർത്തുകൊണ്ട് 40 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന 2ാം ഘട്ടപദ്ധതിയും ഈ സ്കീമുമാഠി ബന്ധപ്പെട്ട് സർക്കാറിന്ന് സമർപ്പിച്ചിട്ടുണ്ട്.

രണ്ടാംഘട്ടപദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളെ വാർഡ് തിരിച്ച് താഴെകൊടുക്കുന്നു. (അവലംബം സെക്കന്ററി ഡാറ്റ)

വാർഡ് I മാണിക്കോത്ത് മുക്ക് ഇടക്കണ്ടി മീത്തൽ, തെക്കെതാഴമഞ്ഞത്ത് മീത്തൽ കുറ്റിപ്പുറത്ത്താഴെ 1000M വാഴേരിമീത്തൽ - കണ്ടീപറമ്പ് 1000M മലയാം വള്ളിമീത്തൽ – ചെറുവലമ്പലത്ത് മീത്തൽ 1000M

വാർഡ്ii

കഴിച്ചാലിൽ മുക്ക് - തറവട്ടത്ത് കുന്ന് 1500 M

തിരുവങ്ങോത്ത് മീത്തൽ 650

II കുഞ്ഞിക്കണ്ടിപീടിക - ഇന്ദിരാജി റോഡ് 125

അമ്പലമുക്ക് - കുഴിച്ചാലിൽ മുക്ക് 250 M

എടവത്ത് മീത്തൽ - അമ്പടാട് മീത്തൽമുക്ക് 500 M

ചാലിൽ മീത്തൽ - മയങ്കള്ത്തിൽ മുത്തൽ 2 K.M

വായനശാലമുക്ക് - കക്കോറമല 1500M

കമ്പളിക്കുന്നു - കുയ്യലത്ത് 1000M

III കുഴിപ്പറമ്പിൽ മുക്ക് - കിഴക്കെപ്പൊയിൽ മുക്ക് - 800 M

ഉണ്ണ്യം കണ്ടമുക്ക് - പുറ്റംമാക്കൂൽ കിഴക്കെപ്പറമ്പ് 15000M

നടുവിലക്കണ്ടി വടക്കെ പറമ്പിൽ ഗുഹമുക്ക് ചെത്തിൽമുക്ക് മണങ്ങാട്ട് മുക്ക് 220 M

പൊന്നാറത്ത് മീത്തൽ രയോരത്ത് മീത്തൽ – 300 M

IV തായാട്ട് മീത്തൽ – മണ്ണൽമീത്തൽ കോളനി 750M

പുതിയോട്ടിൽ മുക്ക് ചങ്ങരോത്ത് തഴെ 3000 M

എളമ്പിലാട് M.L.P സ്കൂൾ – എടക്കല്ലൂർ മീത്തൽ മുയ്യോട്ട്ക്കുന്ന് 1800M

V നരവ് പറമ്പ് മുക്ക് കേളനിറോഡ് 1100 മീ

പോസ്റ്റോഫീസ് – കല്ലാരം കണ്ടിമീത്തൽ -800മീ

പിലാത്തോട്ടം – എടത്തുംകര 800മീ

VI ചെരണ്ടത്തൂർ L.P സ്കൂൾ – ചാത്തൂർകടവ് 1250 മീ വൈദ്യന്റെ പറമ്പിൽ മുക്ക് – മാത്തൻ പറമ്പ് (ഒട്ടുംപറമ്പത്ത് വഴി) 900 മീ

VII ഏരത്ത് മീത്തൽ – മേക്കുനി മീത്തൽ 500 മീ

കൊല്ലന്റെ മുക്ക് ചെറുവണ്ണിമുക്ക് 600 മീ

പുത്തൻ പീടിക – തുരുത്തിപാലം 400 മീ

വട്ടക്കണ്ടി – മട്ടാത്തോട് 500 മീ

ചങ്ങരാത്ത്താഴെ – അട്ടക്കുണ്ട് കടവ് 1000 മീ

VIII തെറ്റത്ത് പറമ്പത്ത് മലയപ്പറമ്പത്ത് മുക്ക് – മുള്ളൻ മരത്തിന്മേൽ മുക്ക് പുളിഞ്ഞോളിതാഴെമുക്ക് 1600 മീ

IX തുറശ്ശേരികടവ് റോഡ് – വടക്കെപറമ്പിൽ മീത്തൽ – കിളച്ചപറമ്പത്ത് മീത്തൽ 650 മീ

ഡിസ്പൻസറി – കുളങ്ങരമലമുക്ക് 500 മീ

പമ്പ്ഹൗസ് – ആലയുള്ളകണ്ടിമുക്ക് 300 മീ

രയരോത്ത് കണ്ടിമുക്ക് – നെല്ലിക്കുന്നുമല 400 മീ

മാണിക്കോത്ത് മുക്ക് – കിഴക്കെപറമ്പിൽ 450 മീ

മീനത്തുകര – വട്ടക്കണ്ടി മീത്തൽ 3000 മീ

കുളമുള്ളകണ്ടിമുക്ക് – പുത്തൻപൊയിൽ മുക്ക് 1200 മീ

ഇല്ലിപ്പറമ്പത്ത് മുക്ക് – വണ്ണാത്തിപൊയിൽ 600 മീ

X തുറശ്ശേരി മുക്ക് – കരുവഞ്ചേരി അമ്പലം 1800 മീ (നമ്മനത്താഴെ – കിഴക്കേപറമ്പത്ത്വഴി)

നെല്ലിയുള്ളപറമ്പത്ത് – തേവരമ്പലം 700 മീ

മീനത്തുകര സ്കീംമുതൽ – പറമ്പത്ത് റോഡ് 1200 മീ

XI പള്ളിപറമ്പത്ത് മുക്ക് മുതൽ തട്ടാരക്കണ്ടിമുക്ക് 250 മീ

2. പള്ളിപറമ്പത്ത്മുക്ക് മുത്ൽ പൊങ്കങ്ങൽ കുഴിയിൽ വജയന്റെ വീടുവരെ 200മീ

3. വലിയാണ്ടിമുക്ക് – വട്ടിക്കണ്ടിമുക്ക് 100മീ

4. കണ്ടോത്തുമുക്ക് – ചിറക്കരമീത്തൽ 200മീ

5. അമ്പലമുക്ക് – കിടയങ്ങോട്ട്മുക്ക് 100മീ

6. മദ്രസ്സ – ഗുരുക്കൾ കണ്ടിമുക്ക് 200മീ

7. നീലിയെടുത്തുമുക്ക് – കണ്ടോത്ത്മുക്ക് 100മീ

8. കുട്ടങ്കണ്ടിമുക്ക് – കയർസൊസൈറ്റി 500മീ

9. ചന്തനത്തോടിമുക്ക് – കൈക്കണ്ടംകുഴികുഞ്ഞി രാമന്റെ വീട് 500മീ

10 വെറ്റിനറിഹോസ്പിറ്റൽ – പുതിയോടൻ പൈതലിന്റെ വീട് 500മീ

11 കയർസൊസൈറ്റി – പടിഞ്ഞാറ് പുഴവരെ 200മീ

12 പുതിയോടൻപൈതലിന്റെ വീടു മുതൽ തയ്യുള്ള മീത്തൽ അമ്പലം വരെ 200മീ

13 അഴീക്കൽ കടവ് – കരുവഞ്ചേരി കയർ സൊസൈറ്റി 500 മീ

14 കുഞ്ഞിപറമ്പത്ത്മുക്ക് – ചന്തനോടിവഴി പടിഞ്ഞാറ് 500മീ

15 ചാത്തോത്ത്മുക്ക് – കുന്നത്ത് എടവഴി എടത്തിൽ മീത്തൽ 200മീ

16 മീറങ്ങോട്ടമുക്ക് –ഒതയോത്ത്മീത്തൽ 200മീ

17 പുത്തലത്ത് മീത്തൽ മുക്ക് – കോടേരിക്കുന്ന താഴെ 300മീ

XII മേനോൻവീട്ടിൽ മുക്ക് – മീത്തലെ ചെറുവല ത്ത്മുക്ക് 75 മീ

2. മനോംവീട്ടിൽ മുക്ക് – വാരിയം വീട് മുക്ക്

3. മുള്ളരി മുക്ക് – കളരിക്കണ്ടി 500മീ

4. മന്ദത്തുകാവ് – വെള്ളറങ്ങോട്ട് എടവഴി 150 മീ

5. കോമത്ത്മുക്ക് – കോറോത്ത് പറമ്പത്ത് താഴെ കുഴി 50 മീ

6. കുയിമ്പിൽ മുക്ക് – ചെറുവല്ത്ത് ബ്രാഞ്ച് 150 മീ

7. മുതലോളി മുക്ക് – മുതലോളി താഴകുനി 100മീ

8. മമമള്ളി – ചങ്ങോരത്ത് താഴെ

9. മാടോത്ത് മുക്ക് – തുരുവങ്ങോത്ത് പറമ്പ് ബ്രാഞ്ച്

10. പുതിയെടുത്ത് മുക്ക – നടവീട്ടിൽ മുക്ക് 75 മീ

11. എരവത്ത് മുക്ക് – തിരുവങ്ങോത്ത് 100മീ

12. വടക്കയിൽ – കോലാച്ചേരിതാഴെ 500മീ

13 കണങ്കോട്ട് – നെയ്ത്ത് വീട്ടിൽ (വഴി) പാറേമ്മൽ 250 മീ

14. പുത്തൻനട ചീർപ്പ് –മമാള്ളിതാഴലയൽ 250മീ

XIII കൊറ്റിട്ടയിൽ മുക്ക് – തിരുവങ്ങോത്ത് മുക്ക് 1000 മീ

ചോയിനാണ്ടിമീത്തൽ – പുറ്റാറത്ത് മല – മന്ദ്യ യേരി മുക്ക് – ചൂത്രാടം വീട്ടിൽ, അമ്പലപ്പാറ മേത്തോറമല 2550 മീ

വദ്യാനേഴ്സറി – ഒന്തത്ത്വരെ 500 മീ

D.S.S. L.P മുതൽ – വേന്തോറമല 600 മീ

മേൽപറഞ്ഞവയ്ക്കു പുറമെ 6ാം വാർഡിൽ വലി യപറമ്പിൽ മുക്ക് മുതൽ വൈല്യൂർമീത്ത്ൽ – ചാലിൽ മീത്ത്ൽലെൻ (500 മീ) കൂടി ഉൾപ്പെടു

ത്തണം.

9ാം വാർഡിൽ എരോത്ത്മുക്ക് – മലപ്പറമ്പ് കോളനി (500 മീ)

ഹൈസ്ക്കൂൾ – അത്താണിക്കുഴി താഴെ മീത്തൽ(150 മീ)

ഫീനിക്സ് – ഇട്ടപങ്ങമ്പത്ത് മീത്തൽ 500 മീ എന്നിവയും ഉൾപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിക്കുന്ന പട്ടിക.

വാർഡ് 1 പത്തയകുന്നു, മലയാംവള്ളികുന്നു, തിരുവള്ളേത്ത്മീത്തൽ, ചൊവ്വാപ്പാറ

II പയനിമേൽ, അരീക്കൽമുക്ക്, വായനശാലമുക്ക്, തുമ്പോളികുന്നു, പൂല്വയൽ, കിഴക്കേയിടത്തിൽ.

III മങ്ങാട്ടചാലിൽ, തിയ്യർ കണ്ടിചാലിൽ, കുരികിലാട് മീത്തൽ, കളരിക്കുന്നു ഭാഗം, മണന്തല മീത്തൽ, ആയടത്ത് മീത്തൽ, പൂവീർ താഴെ, ചേയക്കണ്ടി മീത്തൽ.

IV കൊയപ്രകുന്നു, കുന്നോത്തമ്പലം, തെറ്റത്ത്പറമ്പത്ത്, ചെറുവണ്ണി.

V വലിയപറമ്പത്ത്കുന്നു, വാവാട്ട്പാറ, മാണിക്കുന്നു, മൊട്ടന്തറ, തോക്കോട്ട് മീത്തൽ, തറേമ്മൽ മീത്തൽ അമ്മിണിക്കണ്ടി മീത്തൽ, കല്ലാരംകണ്ടി മീത്തൽ കുന്നപ്പോൽ മീത്തൽ

VI ചാത്തംകുന്നു, പൂച്ചകുന്നുമല, മേനകുന്നുമല, പുല്ലോങ്കിടവ്, വേങ്ങടിക്കൽ കനാൽവരെ ഓറ് വെള്ള പ്രശ്നം.S.C കോളനി. ഓട്ടുംപറമ്പത്ത് മീത്തൽ മേഖല

VII മുള്ളൻമരത്തിന്മേൽ, എതടക്കൂൽ മീത്തൽ, ചങ്ങരോത്ത് മീത്തൽ, മോക്കുനി മീത്ത്ൽ വല്ലത്ത്മീത്തൽ, അടുക്കുണ്ട്കടവ്, കരയത്തോടി മുഴിവരെ.

VIII കാരാമ്പ്രമീത്തൽ കുന്നു, തൂതണുറമീത്ത്ല കുന്നു, പൂക്കുന്നുമ്മൽ മീത്തൽ, എലിപ്പറമ്പത്ത് മീത്തൽ നിടുംന്തോടി മീത്തൽ.

IX സേവാദാൾഗ്രൗണ്ട്, നെല്ലിക്കുന്നുമല, കുന്നത്തുകര ഡിസ്പൻസറി, കുന്നത്തുകര പള്ളിവടക്ക്, കിഴക്ക്ഭാഗം മീനത്തുകരയുടെ വടക്ക് ഭാഗം, ഉല്ലാസ് നഗർ.

X കോറോത്ത് മീത്തൽ, മലപ്പറമ്പത്ത് മീത്തൽ ലക്ഷം വീട്, പാലയാട്തെരു, നെല്ലിയുള്ളപറമ്പ്മുക്ക, നരിക്കലക്കണ്ടിമുക്ക്, നെരോത്ത്മീത്തൽ മുക്ക്, യുണ്ടങ്കണ മീത്തൽപ്രദേശം, തൊട്ടവയിൽ മുക്ക്. XI അഴീക്കൽ കടവ് മേഖല, തെയ്യുള്ളതിൽ ക്ഷേത്രപരിസരം, പൊയിൽ ഒന്തം ഭാഗം, മൃഗാശുപത്രിപരിസരം, പള്ളിപറമ്പ് ഭാഗം, മാങ്ങിൽ കൈപ്രദേശം (ഓർ വെള്ള പ്രശ്നം)

XIII മുളിയേരി കിഴക്ക് ഭാഗം, പുറ്റാറത്ത് മല മുളിയെരി പടിഞ്ഞാറ് ഭാഗം, അമ്പലപ്പാറ, വേന്തോറ മല, കിണറുള്ളകണ്ടി ഭാഗം, കൊടങ്ങലിരി ഭാഗം, വലിയ പറമ്പത്ത് ഭാഗം വടക്കെകണ്ണോത്ത്.

മേൽപ്പറഞ്ഞ പ്രദേശങ്ങളാണു പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമഅനുഭവപ്പെടുന്ന പ്രദേശങ്ങൾ. ഏകദേശം 3400 കുടുബങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുമ്പോൾ 1800 ഓളം കുടുംബങ്ങൾ ഭാഗികമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവരായി നമ്മുടെ പഞ്ചായത്തിലുണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ

I മുടപ്പിലാവിൽ ചിറ ശുദ്ധീകരിച്ച് മിനിവാട്ടർ സപ്ലൈ സ്കീമിൽ, വാർഡിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന മേഖലകളിൽ കുടിവെള്ളമെത്തിക്കുക.

വാർഡിലെ പൊതുകിണർ ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കുക.

II ഈ വാർഡിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന തുമ്പോളിമുക്ക് വായനശാലമുക്ക് എന്നീ സ്ഥലങ്ങളിൽ കുടിവെള്ള മെത്തിക്കാൻ നെയ്യല്ലൂർ സ്കീം പദ്ധതിയിലൂടെ കുടിവെള്ളമെത്തിക്കുക.

കിഴക്കെ ആയടത്തിൽ ഒരു പൊതു കിണർ സ്ഥാപിക്കുക . സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം സൗജന്യമായി വാങ്ങി കിണർ കുഴിക്കാനുള്ള പദ്ധതിക്ക് രൂപം നൽകി കുടിവെള്ള ക്ഷാമത്തിന്നു പരിഹാരം കാണാം.

3ാം വാർഡ്

കുന്നിൻ പ്രദേശങ്ങളിലും അതിന്റെ താഴവരകളിലും അനുഭവപ്പെടുന്ന വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ മുണ്ടാന്നൂർ കുളം ആഴം വർദ്ധിപ്പിച്ച് കുരിക്കിലാട് കുന്നുമ്മൽ ടാങ്ക് കെട്ടൽ, നാമ്പത്ത് താഴകുളം കുഴിച്ച് പൂത്തോളികണ്ടിമീത്തൽ ടാങ്ക് കെട്ടൽ, കളരിയേൽ ഭാഗത്ത് കുളം കുഴിച്ച് കളരിക്കുന്നിൽ ടാങ്ക് കെട്ടൽ, പൂല്യൂർ താഴ കുളം നന്നാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാം അവിടെ തന്നെയുള്ള പൊതുകിണർ റിപ്പയർ ചെയ്തും, തിയ്യർകണ്ടിചാലിൽ പൊതുകിണർ കുഴിക്കലും, കൊക്കാലിടത്തിൽ താഴ പൊതുകിണർ കുഴിക്കൽ, കണ്ടം പറമ്പത്ത് വറ്റാത്ത നീരുറവയുള്ള സ്ഥലത്ത് കുളം കുഴിച്ച് ടാങ്ക് കെട്ടി കുടിവെള്ളവെത്തിക്കൽ. മണത്തല മീത്തൽ കുളം കുഴിച്ച് കുടിനീർ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനം നടത്തിയാൽ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം

വാർഡ് 4 മുയ്യോട് കുന്നു പ്രദേശത്ത് കിണർ കുഴിച്ച് ജലം ലഭ്യമാക്കൽ, ഓല്ലാച്ചേരി കുന്ന്, എരത്തോളി മീത്തൽ കുന്നു, കുടിയവള്ളി എന്നി സ്ഥലങ്ങളിൽ കിണർ കുഴിച്ച് 4ാം വാർഡിലെ കുടിവെള്ള്ക്ഷാമത്തിന് പരിഹാരം കാണാം.

വാർഡ് 5 മൂഴിക്കൽ താഴെ കുളംകുഴിച്ച് വലിയപന റമ്പത്ത് കുന്നിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തിയാൽ വലിയ പറമ്പത്ത കുന്ന്, വാവാട്ടുപാറ മാണി കുന്നു, മൊട്ടന്തറ, തോക്കോട് മീത്തൽ ഭാഗം, അമ്മിണി ക്കണ്ടി മീത്തൽ, തറമ്മേൽ മീത്തൽ കുന്നപ്പോൽ മീത്തൽ, കല്ലാരം കണ്ടിമീത്തൽ എന്നീവിടങ്ങളിൽ ജലക്ഷാമം പരിഹരിക്കാം മാണികുന്നുമ്മൽ താഴെ കുളം കുഴിച്ച് പുല്ലരിയോട്ട് മലയിൽ ടേങ്ക് കെട്ടിയാൽ വാർഡിലെ മററു കുടിവെള്ള ക്ഷാമ അനുഭവപ്പെടുന്ന മേഖലയിൽ വെള്ള മെത്തിക്കാം.

വാർഡ് 6 സ്ഥിരം നീർക്കെട്ടുള്ള ചാലിൽ മാലോൽ പുളിയുള്ള ചാലിൽ പ്രദേശത്ത് കിണർ കുഴിച്ച് ചാത്തം കുന്നിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തിയാൽ വാർഡിലെ മുഴുവൻ ഭാഗത്തും വെള്ള മെത്തിച്ച് കുടി വെള്ള ക്ഷാമം പരിഹരിക്കാം.

നെല്ലാളിത്താഴ ഹരിജൻ കോളനിയിൽ പൈപ്പ് ലൈൻ ഇടുക ചാലിയാർ മീത്തൽ കിണർ റിപ്പയർ ചെയ്യുക

7 ാം വാർഡ്

ചങ്ങറോത്ത് താഴെ കിണർ കുഴിച്ച് കൊല്ലന്ബ്രമീ ത്തൽ ടാങ്ക് കെട്ടി വാർഡിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാം.

വിവിധ സ്ഥലങ്ങളിൽ പൊതുകിണർ കുഴിക്കൽ ഗുളിക പദ്ധതിയുടെ പൈപ്പ് ലൈൻ അട്ടക്കുണ്ട് മുതൽ കരതൊടി വരെ നീട്ടുക.

വാർഡ് 8 കമ്പ്രകുന്നു, തൂണറകുന്ന, പൂക്കുന്നു മ്മൽ മീത്തൽ എലിപ്പറമ്പത്ത്മീത്തൽ തുടങ്ങിയ സ്ഥല ങ്ങളിൽ പെതുകിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം വിത രണം ചെയ്യുക കണ്ടം പറമ്പത്ത് ഇടയിൽ കിണർകുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കൽ

വാർഡ് 9 സേവാദൾ ഗ്രണ്ട്, പൊട്ടൻ കണ്ടി മീത്തൽ,കുന്നുകര ഡിസ്പൻസറിക്ക് സമീപം പള്ളി മുക്ക് കിഴക്ക്ഭാഗം, വടക്ക്ഭാഗം മീനത്തുകരകുന്നിന്റെ വടക്ക് ഭാഗം ഉല്ലാസ് നഗർ എന്നവിടങ്ങളിൽ കിണർകു ഴിച്ച് ജലക്ഷാമം പരിഹരിക്കൽ

മലപ്പറമ്പത്ത് കുളം നന്നാക്കൽ, മീനത്തുകര മിനി വാട്ടർ സ്കീം കാര്യക്ഷമമാക്കുക.

വാർഡ് 10 മലപ്പറമ്പത്ത് മുക്കിൽ സ്ഥിതി ചെയ്യുന്ന കുഴൽ കിണർ മോട്ടോർ ഫിറ്റ്ചെയ്ത് കളരിമലയിൽ ടേങ്ക് കെട്ടി പമ്പിംഗ് നട്ത്തിയാൽ ഏറെ കുടുംബങ്ങളുടെ ജലക്ഷാമം പരിഹരിക്കാം. വാഴയിൽ താഴകുളം നന്നാ ക്കൽ, തോട്ടത്തിൽ കുളം, തേറ്കുളം എന്നിവ ശുദ്ധീക രിച്ച് ടാങ്ക്കെട്ടി ജലവിതരണം നടത്തുക. നമ്പകിഴക്ക യിൽ കിണർ, ലക്ഷംവീട്ടിലെ കിണർ നിലവിലുള്ള കുഴൽകിണർ ഇവ നന്നാക്കുക ആശാരിപ്പറമ്പത്ത് മുക്ക് മീത്തലെപാളി എന്നീ സ്ഥലങ്ങളിൽ കിണർ കുഴിക്കുക. നിലവിലുള്ള കുഴൽകിണറുകൾ റിപ്പയർ ചെയ്ത് ഉപ യോഗപ്രദമാക്കുക

വാർഡ് 11 ഗുളികപ്പും പദ്ധതിയുടെ പൈപ്പ്ലൈൻ കുടിവെള്ളക്ഷാമംമുള്ള എല്ലാസ്ഥലത്തും എത്തിക്കുക തത്താർ കണ്ടി ഭാഗത്ത് പുതിയ കിണർ കുഴിക്കുക പള്ളീപറമ്പ് കുഴൽകിണറിന്ന് മോട്ടോർ ഫിറ്റ്ചെയ്ത് ജലവിതരണം നടത്തുക.

വാർഡ് 12 ചാമേപ്പറമ്പത്ത പൊതുകിണർ കുഴി ക്കൻ മാങ്ങിൽ കൈപ്രേദേശത്ത് ഗുളികപ്പുഴപദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുക. പ്രധാനചീർപ്പുകൾ റിപ്പയർ ചെയ്ത് ഓർ വെള്ളം കയറുന്നത് തടയുക.

പാലയാട് No: L.P സ്ക്കൂളിനടുത്ത് ഒരു പൊതുകിണർ കുഴിക്കുക.

ചങ്ങരോത്ത്മുക്കിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക

വാർഡ് 13 മുളിയേരി കിഴക്ക് ഭാഗത്ത് കിഴൽമുക്ക് കിണർനന്നാക്കലും പമ്പ് സെറ്റ് സ്ഥാപിക്കൽ മുളിയെരി പടുഞ്ഞാറ് ഭാഗത്തും പുറ്റാടത്ത്താഴെ കുളം കുഴിച്ച് ജലം എത്തിക്കൽ അമ്പലപ്പാറ ഭാഗത്തെ കിണർ റിപ്പ യർ ചെയ്തു.

### പൊതുനിർദ്ദേശം

ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്നവരും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവരുമായ ജനങ്ങളെ 20 - 30 വരെ വീടുകളെ അംഗങ്ങളാക്കികൊണ്ട് വാട്ടർ സൊസൈറ്റി രീപീകരിച്ച് ചെറുജലാശയങ്ങൾ നിർമ്മി ക്കലും അതിന്റെ വിതരണം കാര്യക്ഷമമായി നടത്തലും ചെയ്യുക എന്നിവയാണു പൊതുനിർദ്ദേശങ്ങൾ.

# ഗതാഗതവും ഊർജ്ജവും മാർക്കറ്റും.

### ഗതാഗതം

കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിനിടയിൽ റോഡ് ഗതാഗതമേഘലയിൽ വളരെയേറെ സൗകര്യങ്ങൾ മണിയൂർ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി കുന്നുകളും മലമടക്കുകളും നിരന്നുകിടക്കുന്ന പ്രദേശമായതിനാൽ പ്രത്യക്ഷത്തിൽ അതിന്റെ പ്രയാസങ്ങൾ അനുഭവിക്കുന്ന ജനങ്ങൾ എന്ന നിലയിൽ അവരുടെ സംഘടിതമായ സന്നദ്ധപ്രവർത്തനത്തിലൂടെ രൂപപ്പെടുത്തിയെടുത്തതാണ് നിലവിലുള്ള ഏതാണ്ട് മുഴുവൻ റോഡുകളും. ഈ പ്രവർത്തനത്തിൽ സന്നദ്ധ സംഘടനകളും രാഷ്ട്രീയപാർട്ടികളും മുൻകാലങ്ങളിൽ മത്സരത്തോടെതന്നെ പങ്കെടുത്തിട്ടുണ്ട്. അങ്ങനെ ഉണ്ടാക്കിയ റോഡുകളാണ് സർക്കാരിന്റെയും പഞ്ചായത്തിന്റെയും ധനസഹായത്തിലൂടെ നവീകരിച്ചത്. വികസന തൽപരരും കഠിനാധ്വാനികളുമായ ഒരു പഴയ തലമുറയുടെ പാരമ്പര്യത്തിൽ നമുക്ക് അഭിമാനിക്കാം. അതോടൊപ്പം ഈ പാരമ്പര്യം നിലനിർത്തുന്ന ഒരു പ്രവർത്തനശൈലി കഴിഞ്ഞ കുറെ കാലത്തിനിടയിൽ നമുക്ക് കൈമോശം വന്നുപോയി എന്നതും എടുത്തു പറയേണ്ടിയിരിക്കുന്നു. എന്നാൽ വിശേഷാൽ ഗ്രാമസഭകളിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് അവരവരുടെ പ്രദേശത്തിന്റെ റോഡ് വികസനത്തിനായി വളരെയേറെ മനുഷ്യപ്രയത്നം സേവനമായി തരാൻ പൊതുജനങ്ങൾ തൽപരരാണ് എന്നാണ്. ഇതു നമുക്ക് വളരെയേറെ പ്രതീക്ഷ നൽകുന്നുണ്ട്.

സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃഖലയുള്ള നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളുടെയും ഇന്നത്തെ സ്ഥിതി മോശമാണ്. ഇന്നത്തെ കണക്കനുസരിച്ച് ആകെ 33.67 കി.മീ. PWD വകയും ബാക്കി 14.17 കി.മീ. പഞ്ചായത്ത് റോഡുകളാണ്. ഇതിനു പുറമെ 171.15 കി.മീ. ചെമ്മൺ റോഡുകളും ഈ പഞ്ചായത്തിലെ 13 വാർഡുകളിലായി ഉണ്ട്. ഇവയ്ക്ക് 3 മീ.മുതൽ 6 മി. വരെ വീതിയാണുള്ളത് P.W.D ഉൾപ്പെടെയുള്ള ഒരു റോഡിനും കുറ്റമറ്റനിലയിലുള്ള ഓവുചാലുകളില്ല. എന്നതാണ് പ്രധാന പ്രശ്നം. അതുകൊണ്ട്തന്നെ മഴക്കാലമാകുന്നതോടെ മിക്കവാറും എല്ലാറോഡുകളും തകർന്നു പോകുന്നു. ചെങ്കല്ല് സുലഭമായി കിട്ടുന്ന മണ്ണുള്ള പ്രദേശങ്ങൾ കൂടുതലുള്ളതുകൊണ്ട് മിക്കവാറും എല്ലാം മൺറോഡുകളിലൂടെ പോലും ലോറികളാൽ ചെങ്കല്ല് കടത്തുന്നുണ്ട്. ഇങ്ങനെ കയറ്റിയയക്കാൻ ചെങ്കല്ലുകൾ റോഡുകളുടെ വശങ്ങളിലായി സ്ഥിരമായി അട്ടിവെക്കുന്നതും റോഡിന്റെ വശങ്ങളിലുള്ള വെള്ളം ഒഴുകിപ്പോകുന്നത് തടയുന്നുണ്ട്. റോഡ് സംരക്ഷണചുമതല ജനകീയ കമ്മറ്റികൾ ഏറ്റെടുത്ത് ഇതിനു പോംവഴി കണ്ടെത്തേണ്ടതുണ്ട്. റോഡുനവീകരണത്തിന് ആവശ്യമായ സ്ഥലങ്ങളിൽ ഓവുപാലങ്ങൾ നിർമ്മിച്ചു ഉള്ളവ സംരക്ഷിക്കുന്നതിന് ഊന്നൽ കൊടുക്കണം. ഉയർന്ന പ്രദേശങ്ങൾ കൂടുതലുള്ളതിനാൽ അവിടെനിന്നും കുത്തിയൊലിക്കുന്ന വെള്ളം റോഡിലൂടെ നിറഞ്ഞൊഴുകുന്ന ഇന്നത്തെ അവസ്ഥ എങ്ങനെയും മാറ്റിയെടുക്കണം

പഞ്ചായത്ത് റോഡുകളോടും പ്രധാനപൊതുവഴികളോടും തൊട്ടുകൊണ്ട് ചെങ്കല്ല് വെട്ടുന്നതിനായി വലിയ കുഴികൾ പലസ്ഥലങ്ങളിലായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഗുരുതരമായ ഭീഷണിയായി തീർന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പലപ്പോഴും അധികൃതരുടെ ശ്രദ്ധയിൽ പെടാറില്ല. എല്ലാവാർഡുകളിലും റോഡ് പോതുവഴിസംരക്ഷണത്തിനായി ജനകീയ സമിതികൾ നിലവിൽ വരേണ്ടിയിരിക്കുന്നു.

JRY പദ്ധതി നിലവിൽ വന്നകാലം മുതൽ ഇതിലൂടെ പഞ്ചായത്തിൽ ലഭിച്ച ഫണ്ടിൽ ഭൂരിഭാഗവും ചെലവഴിച്ചത് റോഡ്–ഫൂട്ട്പാത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യത്തിനാണ്. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം പോലും മറന്നുകൊണ്ടുള്ള പ്രവർത്തനമാണ് ഈ ഫണ്ടുപയോഗിച്ചുനടത്തിയത് എന്നതാണ്. ജനകീയ കമ്മറ്റികളുടെ മറവിൽ ഏതെങ്കിലും കരാറുകാരാണ് ഈ പണികളൊക്കെനടത്തിയത് എന്നു കാണാം. ഈ പ്രവണത മാറേണ്ടിയിരിക്കുന്നു അതിനു അനുകൂലവും സഹായകവുമായ നിലപാട് ഔദ്യോഗിക തലത്തിലും ഉണ്ടാകണം.

വിവിധ വാർഡുകളിലെ ഗ്രാമ സഭകളിൽ നിന്നും ധാരാളം പുതിയ റോഡുകൾക്ക് വേണ്ടിയും നിലവിലുള്ളവ വികസിപ്പിക്കുന്നതിനുവേണ്ടിയും ധാരാളം ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. അങ്ങനെയുള്ള മുഴുവൻ റോഡുകളുടെയും ഫൂട്ട്പാത്തുകളുടെയും വിവരങ്ങൾ പ്രത്യേകം പട്ടികപ്പെടുത്തിടിട്ടുണ്ട്. മുൻഗണനാ ക്രമം നിശ്ചയിച്ചും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചും ഈ ജോലികൾ നമുക്ക് ചെയ്ത് തീർക്കേണ്ടതുണ്ട്. മനുഷ്യാദ്ധ്വാനം സേവനമായി തരാൻ തയാറുളള പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണ നൽകാവുന്നതാണ്.

ഇരുമ്പങ്കണ്ടിമുക്ക്-കുന്നോത്ത് ആമ്പലം റോഡിന്റെ ആദ്യഭാഗം M.P ഫണ്ടിൽപെടുത്തി നവീകരണം നടക്കുന്നുണ്ട്.

മണിയൂർ എളമ്പിലാട് റോഡ് ഏറ്റെടുത്ത് നിർമ്മാണം നടത്താനുള്ള നടപടിയും ഡിസ്പൻസറി തുരശ്ശേരിക്കടവ് റോഡ് P.W.D ഏറ്റടുക്കാനുള്ള നടപടിയും പുരോഗമിച്ചുവരുന്നുണ്ട്. ആട്ടക്കുണ്ട് കടവ് പാലത്തിന്റെ പണി വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ താണെങ്കിലും ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് നമ്മെ അലട്ടുന്ന പ്രധാനകാര്യം തുറശ്ശേരിക്കടവ് പാലവും സർക്കാറിന്റെ പരിഗണനയിൽ ഉണ്ട്.

ബ്ലേക്ക്റോഡ് മുടപ്പിലാവിൽ വഴികുറുന്തോടി റോഡ് പൊട്ടിത്തകർന്നത് പുനനിർമ്മാണത്തിനായി പഞ്ചായത്ത് ഫണ്ട് അനുവദിച്ച് ടെണ്ടർ കൊടുത്തിട്ടുണ്ട്. ഈ റോഡിന്റെ നിലവിലുള്ള പ്രശ്നം 8 മീറ്റർ വീതി ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ബസ്സ് ഗതാഗതം തുടങ്ങിയത് 26-1- 72 ൽ തോടന്നൂർ ചെരണ്ടത്തൂർ റൂട്ടിലാണ്. ഇന്ന് വടകര-ചെരണ്ടത്തൂർ, വടകര-അട്ടക്കുണ്ട് കടവ് (വഴി പാലയാട്ടുനട) വടകര- മണിയൂർ (വഴി മുടപ്പിലാവിൽ) വടകര-മണിയൂർ ഡിസ്പൻസറി എന്നീ റൂട്ടുകളിൽ ഗതാഗതമുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യം നിറവേറ്റുന്ന തരത്തിൽ ബസ്സ്ഗതാഗതമില്ല എന്നതാണ് യാഥാർത്ഥ്യം. നൂറോളം ജീപ്പുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളെ വടകരയുമായി ബന്ധിപ്പിച്ച് സമാന്തരസർവ്വീസ് നടത്തുന്നത് അല്പം ആശ്വാസംനൽകുന്നതായി പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഇതിനൊരു ദൂഷ്യവശം കൂടിയുണ്ട് ക്രമാതീതമായ ജീപ്പു സർവ്വീസുകൾ കാരണം സ്വകാര്യബസ്സുകൾ പലതും KSRTC യും ഈ റൂട്ട് ഒഴിവാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് വടകരയിലും പരിസരങ്ങളിലും പോയി പഠിച്ചുകൊണ്ടിരുക്കുന്ന വിദ്യാർത്ഥികളെയാണ്. പല റൂട്ടുകളിലും നാമമാത്രമായേ സ്വാകാര്യബസ്സ് സർവ്വീസ് ന്ടക്കുന്നുള്ളു. KSRTC യുടെ ഡിപ്പോ വടകരയിൽ തുങ്ങിയിട്ടുപോലും ഈ പഞ്ചായത്തിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതരത്തിൽ ആവശ്യമായ സർവ്വീസ് നടത്താൻ തയറായിട്ടില്ല വടകര ചെരണ്ടത്തൂർ- ഇടിഞ്ഞകടവ് റൂട്ടിൽ ഒരു ബസ്സും പോലും KSRTC വകയായി ഇല്ല. കൂടുതൽ KSRTC ബസ്സ് സർവ്വീസ് പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് യാത്രാകൂലി ഇളവ് KSRTC ബസ്സുകളുലും ഉണ്ടാവേണ്ടിയിരുക്കുന്നു.

ഈ പഞ്ചായത്തിൽ ധാരാളം ബസ്സ് സ്റ്റോപ്പുകൾ ഉണ്ടെങ്കിലും നാമമാത്രമായേ ബസ്സ് ഷെൽട്ടറുകളുള്ളൂ. അവ മുഴുവൻ അതാതുപ്രദേശങ്ങളിലെ സന്നദ്ധസംഘടനകളുടെ വകയായിയുള്ളതാണ്. പാലയാട് - കുറുന്തോടി മണിയൂർതെരു - പുന്നോളിമുക്ക് - നടുവയൽ - എന്നിവിടങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടെയും ജനങ്ങളുടെയും കൂട്ടായ്മയോടെ ഷെൽട്ടറുകൾ പണിയേണ്ടിയിരിക്കുന്നു. മുൻ കാലങ്ങളിൽ കുറ്റ്യാടി പുഴയിൽ ബോട്ട് ഗതാഗതം നിലവിലുണ്ടായിരുന്നു ഇപ്പോഴും ജലഗാതാഗതത്തിനു വളരെ യേറെ പ്രാധാന്യമുളള ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിയണം. മൊത്തം ചുറ്റളവിന്റെ ഏതാണ്ട് 75 ശതമാനവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടുക്കുന്നതാണ്. മണിയൂർ പഞ്ചായത്ത്. പുല്ലൂണ്ടിക്കടവ്- ഇടിഞ്ഞകടവ് - പാറമേൽകടവ്, അട്ടക്കുണ്ട്കടവ്, മേത്തോടി കടവ് എന്നിങ്ങനെ പ്രാധാനപ്പെട്ട കടവുകളുണ്ട് ഇതിൽ ചെറുവണ്ണൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പുല്ലോണ്ടികടവ് ഒഴകെയുള്ള 5 കടവുകളും പഞ്ചായത്തിൽ നിന്നും ലേലത്തിനു വിളിച്ചെടുത്തവർ കടത്തുതോണി ഏർപ്പെടുത്തിയിട്ടുണ്ട്. പുല്ലൂണ്ടിക്കടവിൽ സ്ഥിരമായ കടത്തുതോണി സംവിധാനംമില്ല. കടവുകളിൽ സൗകര്യത്തിൽ തോണികയറ്റുവാൻ സ്റ്റെപ്പുകൾ ഇല്ലത്തത് 3 എണ്ണമുണ്ട്. വടകര - മാഹികന്നലിൽ മാങ്ങും - മൂഴിമുതൽ കവുന്തൽ നടവരെയുള്ള ഭാഗം നമ്മുടെ പഞ്ചായത്തിന്റെ 5,2, വാർഡുകളുടെ ഭാഗമാണ്. ചെരണ്ടത്തൂർ - എളമ്പിലാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ചെരങ്ങത്തൂർ ചിറയിലെ പുളക്കടവിൽ വർഷത്തിൽ 9 മാസവും തോണി യാത്രയേ വഴിയുള്ളൂ. ഈ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധ പതിയേണ്ടതുണ്ട്.

മാഹികനാലിന്റെ തീരത്ത് റോഡിന്നും വേണ്ടി അക്വയർ ചെയ്ത ഭൂമി ഇന്നും ഇറിഗേഷൻ വകുപ്പിന്റെ കൈവശമുണ്ട് കന്നിനടവരെയുള്ള ഭാഗങ്ങൾ റോഡുണ്ടാക്കുകയും അവിടം മുതൽ അങ്ങോട്ട് ടാറിംഗും നടത്തിയാൽ കിഴക്കൻ മേഖലയിലൂടെ മാഹിവരെ വളരെ എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയു. ജില്ലാപഞ്ചായത്ത് ഭരണസമിതി മുമ്പാകെ നിർദ്ദേശമുണ്ടായിരുന്ന ചെരണ്ടത്തൂർ വേളം പെരുവയൽ റോഡിന്ന് വളരെകുറഞ്ഞ സ്ഥലങ്ങളിൽ റോഡും മാഹികനാലിൽ മാങ്ങംമൂഴി റഗുലേറ്ററിന്നു സമീപം ഒരു പാലവും മാത്രമുണ്ടായാൽ അട്ടക്കുണ്ട് കടവ് വേളം, കുറ്റ്യാടി ഭാഗങ്ങളിലേക്ക് ഏറ്റവും കുറഞ്ഞ മാർഗ്ഗം ഇതായിരിക്കും. മഞ്ചയിൽകടവിൽ നേരത്തെയുണ്ടായിരുന്ന പാലം തകർന്നിട്ട് വർഷങ്ങളായി. ഈ പാലത്തിന്റെ പുനർനിർമ്മാണം നടത്തേണ്ടതുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങളിൽ നിന്നും രൂപപ്പെടുത്തിയ റോഡ്. ഫുട്ട്പാത്ത് - സ്ലാബ് സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു. ഇവയിൽ മുൻഗണനാ പട്ടിക നിശ്ചയിച്ച് ജനകീയപങ്കാളിത്തത്തോടെ 9ാം പദ്ധതി കാലത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

വിവിധ ഗ്രാമസഭകളിൽ നിന്നും ലഭിച്ച റോഡുകൾ, ഫുട്പാത്തുകൾ, സ്ലാബുകൾ എന്നിവയുടെ നിർദ്ദേശങ്ങൾ

വാർഡ് ഒന്ന്

**വീതികൂട്ടി ടാർചെയ്യാനുള്ളവ**

1. വായേരിമീത്തൽ-കീഴൽമുക്ക് റോഡ്.
2. എലിപ്പറമ്പത്ത്മുക്ക്-പതിയാരക്കരമുക്ക്റോഡ്
3. മാണിക്കോത്ത്പൊയിൽ-മന്തരത്തൂർറോഡ്,
4. നവീകരിക്കാനുള്ളവ

1. കാരംവെള്ളിച്ചാലിൽ-കുഴിച്ചാലിൽമുക്ക്റോഡ്
2. പാലോള്ളതിൽമുക്ക്-തിരുവങ്ങോത്ത്മീത്തൽറോഡ്
3. കണ്ടിപറമ്പത്ത്മുക്ക്-കുറ്റിപുറത്ത്മീത്തൽറോഡ്
4. പാലോള്ളതിൽമുക്ക്-തൂണൂറക്ഷേത്രംറോഡ്
5. പുതിയേടത്തിടക്ഷേത്രം-മലയാവെള്ളികുന്ന്റോഡ്.
6. എടക്കണ്ടിമുക്ക്-മാണിക്കോത്ത്റോഡ്

**പുതുതായിനിർമ്മിക്കാനുള്ളവ**

1. പാലോള്ളതിൻമുക്ക്-തൂണൂറക്ഷേത്രംകനാൽവരെ
2. മത്തത്ത്മുക്ക്-വെട്ടിൽപീടികവരെ റോഡ്
3.മൂലത്ത്മുക്ക്-വെട്ടിൽ പീടികവരെ റോഡ്
3. മൂലത്ത്നട-വട്ടക്കണ്ടിതാഴെവഴിതെക്കേതാഴവരെ
4. തെക്കേതാഴമുതൽ-കയ്യണ്ടത്തിൽമുക്കരെ
5. തിരൂർമീത്തൽമുതൽ പാറവരെറോഡ്

**നടപ്പാതവേണ്ടസ്ഥലങ്ങൾ**

1. കൂത്തപ്പള്ളിതാഴെ മുതൽ പൊയിൽ താഴേക്കുനി വരെ
2. വട്ടക്കണ്ടിതാഴമുതൽ വണ്ണാത്തിക്കണ്ടിതാഴെവരെ.
3. മുടപ്പിലാവിൽ ചിറമുതൽ വാര്യം വീട്ടിൽ മുക്ക്വരെ
4. പാറക്കച്ചാലിൽ മുക്ക് മുതൽ വാഴേരിതാഴവരെ.
5. മുടപ്പിലാവിൽ സെന്റർമുതൽ മുടപ്പിലാവിൽ ചിറ വരെ

**സ്ലാബുകൾ വേണ്ടസ്ഥലങ്ങൾ**

1. കുനിച്ചികണ്ടിതാഴെ 2 ചെറിയവളപ്പിൽതാഴം

3വാഴവളപ്പിൽ താഴ 4 മാണിക്കാങ്കണ്ടിതാഴെ 5 രാമത്ത്താഴെ 6 നടമ്മൽതാഴെ

വാർഡ്II

**വീതികൂട്ടിടാർചെയ്യാനുള്ളവ**

1. വായനശാലമുക്ക്-കുറുന്തോടിവെട്ടിൽ പീടിക റോഡ്
2. പയനൂമ്മൽ-കാരംവെള്ളിച്ചാലിൽ റോഡ്
3. വായനശാലമുതൽ ഭജനമഠംവരെറോഡ്
4. പയനൂമുതൽ എടത്തുംകരവരെറോഡ്

**നവീകരിക്കാനുള്ളവ**

1ചാലിൽമുക്ക് മന്തരതൂർ ഡിസ്പെൻസറിറോഡ് 2. ഇന്ദിരാജിറോഡ്

3. പയനുമുതൽ-കുറുളിപ്പാലംവരെറോഡ്
4. കുഞ്ഞത്താങ്കണ്ടിറോഡ്
5. കുഞ്ഞിക്കണ്ടിമുക്ക് ഇന്ദിരാജിറോഡ് വിദ്യാപ്രകാശ്റോഡുമായിബന്ധിപ്പിക്കുക
6. കുഞ്ഞിക്കണ്ടിമുക്ക്മുതൽ-കവുങ്ങമ്മൽറോഡ്
7. എടത്തും മീത്തൽ മുതൽ എടത്തുംകരസ്കൂൾറോഡ്
8. കുറ്റ്യാടികനാൽറോഡ് പറമ്പത്ത്മുക്ക്റോഡുമായി ബന്ധപ്പിക്കുക
9. കുഞ്ഞിക്കണ്ടിമുക്ക്ശിവക്ഷേത്രംറോഡ്
10. വായനശാലമുക്ക് മുതൽ കാക്കോറമലവരെ റോഡ്

**പുതുതായിനിർമ്മിക്കാനുള്ളവ**

1. എടവലത്ത് മീത്തൽ-എടവലത്ത്കടവ്റോഡ്
2. കേയക്കണ്ടികടവ് കവുന്തൻനടറോഡ്
3. എടത്തുംകരസ്കൂൾ തുരുത്തിപ്പാലം റോഡ്
4. തോട്ടത്തിൽ മുക്ക് കനാൽ മുക്ക്
5. തോടന്നൂർ പള്ളി മുതൽ ലക്ഷംവീട് കമ്പിളിക്കുന്നമലവരെ
6. ഇല്ലത്ത്മീത്തൽ പുറ്റംമാക്കൂൽ
7. കണ്ടീത്താഴമുക്ക് പുന്നോളി മുക്ക് റോഡ്
8.ഡിസ്പൻസറി റോഡ് പുതിയോട്ടിൽ മീത്തൽ കനാൽ റോഡ്
9. പറമ്പത്ത്മുക്ക് പുറ്റമ്മാക്കൂൽറോഡ്

**നടപ്പാതവേണ്ടസ്ഥലങ്ങൾ**

1.കുഴിച്ചാലിൽമുക്ക് ഫുട്പാത്ത് തോടന്നൂർപള്ളിവരെ ബന്ധിപ്പിക്കുക
2. മന്തരത്തൂർ പള്ളിമുതൽ മെയിൻ റോഡുവരെ.
3. മന്തരത്തൂർ യു.പി.സ്കൂൾ മുതൽ പുതുക്കുടിമീത്തൽവരെ
4. ആയാടത്തിൽമുക്ക് മുതൽ കനാൽവരെ
5. കല്ലായിത്താഴമുതൽ കിഴക്കയിൽതാഴവരെ
6. കീഴനത്താഴ പുന്നോളിതാഴ
7. അമ്പലമുക്ക് ചരളും പുറംവരെ
8.മന്തരത്തൂർ ഡിസ്പ്പെൻസറിമുതൽ പാറമ്മേൽ സ്രാമ്പിവരെ.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. പുത്തലത്ത് താഴക്കുനി
2. കവുന്തമ്മൽ നടപ്പാലം
3. എടത്തുംകരതുരുത്തിപ്പാലം
4. മന്തരത്തൂർ പാറവട്ടത്ത് ഭഗവതിക്ഷേത്രത്തിൽ നിന്നും വയലിലേക്ക് പോകാൻ രണ്ട് സ്ലാബ്.

വാർഡ് മൂന്ന് Ward III

**വീതി കൂട്ടി ടാർ ചെയ്യാനുള്ളവ**

1. വെട്ടിൽപീടിക മുതൽ കുറുന്തോടി യു.പി. സ്കൂൾ വരെ.

**നവീകരിക്കാനുള്ളവ**

1. പാലോറമുക്ക് – പാറപ്പുറം റോഡ്

2. പാലോറമുക്ക് – കുഴിച്ചാലിൽ റോഡ്

3. ഗുഹമുക്ക് – ഇരുമ്പനാണ്ടിമുക്ക് റോഡ്

4. ചാത്തോത്ത് താഴെ – മൊയിലോപ്പറമ്പ് റോഡ്

5. തെക്കേടത്ത് മുക്ക് – പുതിയോട്ടിൽ മുക്ക് റോഡ്

6. പുതിയപള്ളി – പാറോള്ളതിൽമുക്ക് റോഡ്

**പുതുതായി നിർമ്മിക്കാനുള്ളവ**

1. കുഴിപ്പറമ്പത്ത് മുക്ക് പള്ളിച്ചാങ്കണ്ടി മീത്തൽ വഴി കുറുന്തോടിപ്പറമ്പത്ത് കനാൽ പാലം വരെ.

2. ചാത്തോത്ത് താഴെക്കുനി മൊയിലോപ്പറമ്പ്

3. ചാത്തോത്ത് മീത്തൽ ഭജനമഠം

4. കുഴിച്ചാലിൽ മുക്ക് ചരളുംപുറം വരെ

5. കമ്മളിമുക്ക് – കരുവഞ്ചേരി മല റോഡ്

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. കുഞ്ഞിക്കണ്ടി മുക്ക് – രാമത്ത് മീത്തൽ

2. കൊക്കായിൽ പീടിക – കോളിയോട്ട് താഴ

3. കിഴക്കേടത്ത് താഴ – കുറുന്തോടി മാപ്പിള സ്കൂൾ

4. പെരിക്കിനട – കൊട്ടേന്റെ താഴ റോഡ്

5. നെല്ലാണ്ടി മുക്ക് – രാമത്ത് മീത്തൽ

6. കൊളായി മീത്തൽ – മഠത്തിൽ താഴ

7. വെട്ടിൽപ്പീടിക – പടിഞ്ഞാറെ താഴ

8. നാമ്പത്ത് മുക്ക് – വലിയതോട്

9. രയരോത്ത്മുക്ക് – മണങ്ങാത്ത് മീത്തൽ

10. പെരിക്കനായി – താഴെപ്പറമ്പത്ത് കനാൽ

11. എടപ്പറമ്പിൽ താഴെ – സബ്ബ്സെന്റർ

12. കുറിക്ക് താഴെ പീടിക – കളരിമല

13. പ്രാമ്പള്ളി മീത്തൽ മുക്ക് കനാൽ

14. കുറുന്തോടി യു.പി. സ്കൂൾ ബലവാടി.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. എടപ്പറമ്പിൽ താഴെ 2. പുതിയോട്ടിൽ താഴെ

## വാർഡ് നാല് Ward IV

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ.**

1. മണിയൂർ എലിപ്പറമ്പത്ത് മുക്ക് പുത്തോളിമീത്തൽ റോഡ്

2. കായലാണ്ടി കുന്നോത്തമ്പലം മുക്ക് റോഡ്

3. പുതിയോടും ചാലിൽ മുക്ക് ചെറുവണ്ടി മുക്ക്

4. വമ്മൂർ മുക്ക് തായാട്ട് മുക്ക് (ഹരിജൻ കോളനി)

5. മുള്ളൻമരത്തുമ്മൽ മുക്ക് ചങ്ങരോത്ത്താഴെ റോഡ്

6. എലിപ്പറമ്പത്ത് ചങ്ങരോത്ത് താഴെ റോഡ്.

**നവീകരിക്കാനുള്ളവ**

1. എളമ്പിലാട് L.P. സ്കൂൾ മങ്കര ഹരിജൻ കോളനി

2. എടക്കല്ലൂർ മുക്ക് എളമ്പിലാട് മാപ്പിള L.P. സ്കൂൾ

3. മണിയൂർ കാനത്തായി മുക്ക് തെറ്റത്ത് റോഡ്

4. തടത്തിൽ മുക്ക് കിഴക്കെതാഴ റോഡ് ചെരണ്ടത്തൂരുമായി ബന്ധിപ്പിക്കുക.

5. പുത്തൂർ മീത്തൽ മുതുവന യു.പി. സ്കൂൾ

6. ചെലട്ടാണ്ടി മുക്ക് തുരുത്തി റോഡ്

7. എടക്കല്ലൂർ മുക്ക് എളമ്പിലാട് റേഷൻ ഷോപ്പ്

8. തോട്ടത്തിൽ മുക്ക് എളമ്പിലാട് വഴി കുറുന്തോടി ചാത്തോത്ത് താഴ

9. കുന്നോത്ത് മുക്ക് മേച്ചങ്ങാട് താഴെ.

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. മീത്തലെ വയലിൽ ആര്യമ്പത്ത് അമ്പലം

2. ഉരിക്കോത്ത് താഴ ഇല്ലിക്കൽ മുക്ക്

3. എളമ്പിലാട് വയൽ – മൊയിലോത്ത് മുക്ക്

4. മീത്തലെ വയൽ കൊല്ലങ്കണ്ടി താഴ

5. മുതുവന പോസ്റ്റോഫീസ് – വലിയ പുരക്കണ്ടി മുക്ക്.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. കളരിക്കണ്ടി

2. തൈക്കണ്ടികനാൽ

3. ചേണിയങ്കണ്ടി താഴെ

4. എളവനതാഴെ

5.കൊളാണ്ടിതാഴെ

6. പള്ളിച്ചാണ്ടിതാഴെ

7. എടത്തിക്കുനിതാഴെ

8. ചെട്ട്യാംകണ്ടിതാഴെ

9. തുമ്പോളിത്താഴ

10. കടയക്കൊടിതാഴ

## വാർഡ് അഞ്ച് Ward V

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ**

1. ചെരണ്ടത്തൂർ പോസ്റ്റോഫീസ് മാങ്ങുംമൂഴി റോഡ്

2. പിലാത്തോട്ടം കൂമുള്ളിപാലം

3. പറമ്പത്ത് മീത്തൽമുക്ക് കൂമുള്ളിപ്പാലം റോഡ്

**നവീകരിക്കാനുള്ളവ**

1. തറമ്മൽപീടിക മൂഴിക്കൽമീത്തൽ റോഡ്

**പുതുതായി നിർമ്മിക്കാനുള്ളവ**

1. പറമ്പത്ത് മീത്തൽ തയ്യുള്ളതിൽ മുക്ക് റോഡ് പിലാത്തോട്ടം കൂമുള്ളിപ്പാലം റോഡുമായി ബന്ധിപ്പിക്കുക.

2. എടക്കുടി മുക്ക് മൂഴിക്കൽ ചീർപ്പ്

3. അമ്മിണിക്കണ്ടി മീത്തൽ ആയുർവേദ ഡിസ്പെൻസറി

4. വടകര മാഹി കനാൽ തീര റോഡ്

**നടപ്പാതവേണ്ട സ്ഥലങ്ങൾ**

1. വട്ടപ്പാറ കൂമുള്ളിപ്പാലം വരെ

2. മാങ്ങിച്ചാലിൽ മുക്ക് – എടക്കുടി മീത്തൽ നടപ്പാത.

3. ചെരണ്ടത്തൂർ പോസ്റ്റോഫീസ് 11KV Line – കല്ലാര

ങണ്ടി മീത്തൽ SC കോളനി

## വാർഡ് ആറ് Ward VI

**വീതി കൂട്ടി ടാർ ചെയ്യാനുള്ളവ.**

1. കണാരങ്കണ്ടി താഴെ - ചെരണ്ടത്തൂർ M.L.P. School road
2. ചെരണ്ടത്തൂർ L.P. സ്കൂൾ പുത്തൂർക്കടവ് റോഡ്

**പുതുതായി നിർമ്മിക്കാനുള്ളവ.**

1. ചെരണ്ടത്തൂർ M.L.P. School Bus Stop വഴി പൂച്ചക്കുന്ന്.
2. ചെറുകുണ്ട്. എടവത്ത്താഴെ

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. ചെറുകുണ്ട് മുതൽ ചാലിൽ പറോൽമുക്ക്
2. ചെരണ്ടത്തൂർ ബസ് സ്റ്റോപ്പ് പൂച്ചക്കുന്ന് മല
3. കോറോത്ത്കണ്ടിമുക്ക് കനാൽപ്പാലം - ഇടവത്തിട - SC റോഡ്
4. കുഴൽക്കിണർ - മലനിരക് - പുത്തമ്പുരമുക്ക്

## വാർഡ് ഏഴ് Ward VII

**വീതികൂട്ടി ടാർ ചെയ്യാനുള്ളത്**

1. എലിപ്പറമ്പത്ത് മുക്ക് മങ്കര ഹരിജൻ കോളനി
2. അട്ടക്കുണ്ട് കടവ് പാലം ലിങ്ക് റോഡ്.

**നവീകരിക്കാനുള്ളവ**

1. എടംകുൾ മുക്ക് - മുള്ളമ്മരത്തിമ്മൽ റോഡ്
2. മണിയൂർതെരു പാറേമ്മൽ കടവ് വഴി അണിയങ്ങലത്ത് താഴ
3. പാട്ടത്തിൽ മുക്ക് ഹെൽത്ത് സെന്റർ വഴി മുള്ളൻ മരത്തിമ്മൽ റോഡ്
4. അപ്രോച്ച് റോഡ് മുതൽ അട്ടക്കണ്ട് കടവ് റോഡ് വരെ
5. ഈർപ്പോടി മുക്ക് മുതൽ കാളിയത്ത് ക്ഷേത്രം വരെ

**പുതുതായി നിർമ്മിക്കാനുള്ളവ**

1. അട്ടക്കണ്ട് കടവ് മുതൽ കരയത്തെടി മുഴി വരെ
2. ചങ്ങരോത്ത് താഴെ മുതൽ കുന്നോത്ത് വരെ.
3. ഇടിഞ്ഞകടവ് മുതൽ പാറേമ്മൽ കടവ് വരെ
4. പനാട്ട് മുക്ക് മുതൽ കീഴ്ക്കുനി താഴെ വരെ
5. ലിങ്ക് റോഡ് മുതൽ മണിയൂർ ശ്രീകൃഷ്ണ ക്ഷേത്രം വരെ.
6. കൊയാളിൽതാഴെ മുതൽ ലിങ്ക് റോഡ് വരെ
7. കാളിയത്ത് ക്ഷേത്രം പുലയൻ കണ്ടി മുക്ക്
8. എടംകുളിൽമുക്ക് പനാട്ട്മുക്ക് വഴി തോരത്തിൽ മീത്തൽ
9. ഈർപ്പോടി സ്കൂൾ പൂളിങ്ങോളി താഴെ

**നടപ്പാത നിർമ്മിക്കേണ്ട സ്ഥലങ്ങൾ**

1. പാറേമ്മൽക്കടവ് അട്ടക്കണ്ട് കടവ് റോഡ്
2. പുതിയപറമ്പത്ത് കൊയപ്രമീത്തൽ
3. മട്ടോത്തോട് കോവപ്പുറം
4. നെല്ല്യാണത്ത് താഴെ കുന്നത്ത് മീത്തൽ
5. കൊയപ്രതാഴെ കൊയപ്രമീത്തൽ
6. കുനിയിൽ താഴെ മേക്കുനി മീത്തൽ
7. കുരിയാടിതാഴെ കോവുപ്പുറം
8. ആലിൻ കീഴിൽ - പൊടിയിൽ
9. ചങ്ങരോത്ത് - തുരുത്തിക്കടവ്
10. കടവപ്പൊയിൽ നിരുത്തമ്പത്ത് താഴെ
11. എളവനക്കണ്ടി ലിങ്ക് റോഡ്
12. കള്ളൂർ കോവുമ്മൽ - വണ്ണാത്തിക്കടവ്
13. ചാത്തോത്ത് താഴെ ലിങ്ക് റോഡ്
14. അണിയങ്ങലത്ത് പാലോറതാഴെ
15. ചെമ്പ്രത്താഴ ലിങ്ക് റോഡ്
16. വലിയകുനി വാഴയിൽ
17. പുലയൻകണ്ടി പനാട്ടു മീത്തൽ.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. കണ്ണിപ്പൊയിൽ
2. എടത്തിൽ
3. തോട്ടത്തിൽ
4. കരയത്തൊടി
5. തെക്കേകരയത്തൊടി
6. ചെറുവളത്ത്
7. തുരുത്തിക്കുനിതാഴെ
8. ഓത്തിയോടുവളപ്പിൽ താഴെ
9. ഒടിയിൽ 10. കുരിയാടിതാഴ.
11. കുന്നത്ത്
12. ചങ്ങരോത്ത് താഴ മുതൽ തുരുത്തിക്കടവ് വരെയുള്ള തോടിന് നാല് (4) സ്ലാബുകൾ.

## വാർഡ് എട്ട് Ward VIII

**വീതി കൂട്ടി ടാർ ചെയ്യാനുള്ളവ**

1. എലിപ്പറമ്പത്ത് മുക്കു മങ്കര ഹരിജൻ കോളനി റോഡ് - റീടാറിംഗ്
2. എലിപ്പറമ്പത്ത് - ഡിസ്പെൻസറി റോഡ് ഒന്നം കുറച്ച് ടാർ ചെയ്യൽ.
3. കരുവാണ്ടി മുക്ക് രാമത്ത് മുക്ക് ഹരിജൻ കോളനി റോഡ്

**നവീകരിക്കാനുള്ളവ**

1. മലയിൽ മുക്ക് - പുളിങ്ങോളി താഴെ റോഡ്
2. കുറ്റിയിൽ മുക്ക് കരുവാണ്ടി മുക്ക്
3. മണിയൂർ ശ്രീ ഗണപതി ക്ഷേത്രം - പൊന്നോത്തകുഴി മുക്ക് റോഡ്.
4. മദ്രസ്സ മുതൽ മട്ടാത്തോട് വരെ

**പുതുതായി നിർമ്മിക്കാനുള്ളവ**

1. മുള്ളൻ മരത്തുമ്മൽ കോഴിപ്പുറത്ത് റോഡ് മണിയൂർ തെരുവിലേക്ക് നീട്ടുക.

2. തെറ്റത്ത്പറമ്പത്ത് മുക്ക് റോഡ് തട്ടാന്റെ പറമ്പത്ത് മുക്ക് റോഡ് അമ്പലമുക്ക് പൊന്നോത്ത് കുഴി മുക്ക് റോഡുമായി ബന്ധിപ്പിക്കുക.

3. മാക്കൂൽപ്പീടിക - മണിയൂർ ഹരിജൻ കോളനി.

4. വല്ലത്ത് താഴെ - ശ്രീകൃഷ്ണ മഠം റോഡ്.

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. പാലോറ മീത്തൽ അണിയങ്ങലത്ത് താഴെ

2. പഞ്ചായത്ത് മുക്ക് തലക്കൽ മുക്ക്

3. പഞ്ചായത്ത് മുക്ക് അന്നം പൊയിൽ മുക്ക്

4. കൂത്തമ്പലം - പരവർകണ്ടി താഴെ വരെ

5. കുഴിച്ചാലിൽ മുക്ക് - തുണുറക്കുന്ന്.

6. നിടുന്തോടി മീത്തൽ കോവിൽ വയൽ.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. കോഴിപ്പുറത്ത് മുക്ക്

2. മാടത്തിൽ മുക്ക്

3. കരിങ്കവയൽ

4. നടവളപ്പിൽ

5. നമ്പ്യേരിതാഴക്കുനി

## വാർഡ് ഒമ്പത് Ward IX

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ**

1. ഡിസ്പെൻസറി സൈറ്റ് - തുറശ്ശേരിക്കടവ്

2. ജവഹർഗിരി മുതൽ പമ്പ് ഹൗസ് വഴി ട്രാൻസ്ഫോർമർ വരെ.

3. ഡിസ്പെൻസറി - എലിപ്പറമ്പത്ത് മുക്ക്.

ഹൈസ്കൂൾ - അഴിക്കൽക്കടവ്

5. ചൊക്ലിയത്ത് മുക്ക് - കുമുള്ളാക്കണ്ടി മുക്ക്.

**നവീകരിക്കാനുള്ളവ**

1. പമ്പ് ഹൗസ് മുതൽ തുറശ്ശേരി മുക്ക് വരെ.

**പുതുതായി നിർമ്മിക്കാനുള്ളവ**

1. പമ്പ് ഹൗസ് അയ്യൻ കുഴി വഴി ചാളപ്പൊയിൽ പീടിക

2. മീനത്ത്കര ഭജനമഠം - നാഗാളി ക്ഷേത്രം

3. കുന്നത്തുകര പള്ളി - പടിഞ്ഞാറയിൽ മീത്തൽ മുക്ക്

4. മാണിക്കോത്ത് മുക്ക് - കിഴക്കേപ്പറമ്പിൽ മുക്ക്

5. ഉല്ലാസ് നഗർ - ചെറിയ പട്ടേരി

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. കുന്നത്ത്കര മുഴിക്കൽ ചീർപ്പ് മുതൽ നെല്ലിക്കുന്ന്മല റോഡ് വരെ.

2. കല്ലറക്കണ്ടി റോഡ് കല്ലറക്കണ്ടി താഴെക്കുനി വയൽ.

3. വളാഞ്ചേരി മീത്തൽ കൊയിലോത്ത് താഴെ മുക്ക്.

4. ഹരിജൻ കോളനി ആനപ്പൊയിൽ താഴെ

5. കുഞ്ഞിക്കണ്ടി താഴ മുക്ക് വടക്കേപറമ്പിൽ മുക്ക്.

6. ഫീനിക്സ് മുക്ക് - ഊട്ടുകണ്ടി പീടിക

7. ചെല്ലട്ടുപൊയിൽ സ്രാമ്പി - ചെല്ലട്ടുപൊയിൽ മദ്രസ്സ

8. പടിഞ്ഞാറയിൽ മീത്തൽ മുക്ക് - മാണിക്കോത്ത് മുക്ക്

9. നെല്ലാച്ചേരി മുക്ക് - തയ്യുള്ളതിൽ മുക്ക്

10. മൃഗാശുപത്രി മുതൽ കുഞ്ഞിപ്പറമ്പത്ത് മുക്കു വരെ.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. തോട്ടത്തിൽ താഴെ

2. ചെറിയ പട്ടേരി

3. മീനത്തുകര പുതിയോട്ടിൽ താഴെ രണ്ടു സ്ലാബ്

4. കോയിലോത്ത് താഴെ

5. മീനത്തു താഴെ

6. ചെല്ലട്ടുപൊയിൽ താഴെ

7. പുതുക്കുടി താഴെ

8. കണാരൻകണ്ടി താഴെ

9. പുതുക്കുടി മീത്തൽ

10. ആഞ്ഞാടുതാഴെ തോടിന്

11. ഇട്ടംപറമ്പത്ത് മുക്ക്

## വാർഡ് പത്ത് Ward X

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ**

1. വയരംവള്ളി മീത്തൽ പാലയാട് L.P. സ്കൂൾ

2. ഗുഹമുക്ക് മുതൽ നവോദയ സ്കൂൾ വരെ

**നവീകരിക്കാനുള്ളത്**

1. തുറശ്ശേരിമുക്ക് മുതൽ കരുവഞ്ചേരി അമ്പലം വരെ

2. കരുവഞ്ചേരി അമ്പലം മുതൽ ഫീനിക്സ് വരെ.

3. ഹൈസ്കൂൾ മുതൽ കരുവഞ്ചേരി അമ്പലം വരെ

**പുതുതായി നിർമ്മിക്കാനുള്ളവ**

1. വയരം വെള്ളിതാഴെ - വിലങ്ങിൽ താഴെ

2. പുളിയുള്ളതിൽ താഴെ - പാലയാട്ടു നട

3. കരുവഞ്ചേരി ഹരിജൻ കോളനി - മെയിൻ റോഡ്

4. കൈപ്രത്ത് മുക്ക് മുണ്ടോടത്തിൽ താഴെ.

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. മൃഗാശുപത്രി - തൈയ്യുള്ളതിൽ മുക്ക്

2. പറയർകണ്ടി പുനത്തിൽ മുക്ക്

3. പാലോറപറമ്പത്ത് മീത്തൽ മലപറമ്പത്ത് മുക്ക്

4. കോറോത്ത് താഴെ - നവോദയ റോഡ്

5. കയനോടി മുക്ക് നമ്പോയിൽ മുക്ക്

6. തണ്ടാമൃത് മുക്ക് പാലോറക്കുഴി മുക്ക്

7. പന്മേരി വീട്ടിൽ താഴെ - പുളിയുള്ളതിൽ മീത്തൽ.

**സ്ലാബുകൾവേണ്ട സ്ഥലങ്ങൾ**

1. ചെറിയവയരം വെള്ളിത്താഴെ

2. വിലങ്ങിൽതാഴെ

247

## വാർഡ് പതിനൊന്ന് Ward XI

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ**

1. ഹൈസ്കൂൾ അഴിക്കൽക്കടവ് റോഡ്

2. പാലയാട്ട് ഗണപതിയമ്പലം ഹരിജൻ കോളനി റോഡ് വഴി തെയ്യുള്ളതിൽ ക്ഷേത്രം

3. മദ്രസ്സ - മൂലത്തുനട.

**പുതുതായി നിർമ്മിക്കാനുള്ളവ**

1. നിലിയെടുത്ത് കടവ് മഞ്ചയിൽക്കടവ്

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. മൃഗാസ്പത്രി - വലിയപറമ്പ്

2. വലിയങ്ങാടിമുക്ക് - പുതിയോട്ടുതാഴെ

3. കിടയക്കോട്ടു മുക്ക് - ചങ്ങാരത്ത് ചിറ.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. കണ്ണമ്പത്ത് താഴെ

2. പുതിയോട്ടുതാഴെ

3. നമ്പോടക്കൽതാഴെ

4. കറ്റോടിതാഴെ

5. ഒതയോത്ത് താഴെ

6. ചിറക്കരതാഴെ

7. പടിഞ്ഞാംകണ്ടി താഴെ

8. ചങ്ങാരത്തുതാഴെ

9. തുരുത്തിപ്പാലം നിർമ്മിച്ച് ഒറ്റപ്പെട്ടു കിടക്കുന്ന 'തുരുത്തി' പ്രദേശം പാലയാടുമായി ബന്ധിപ്പിക്കണം.

## വാർഡ് പന്ത്രണ്ട് Ward XII

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ.**

1. മഞ്ചയിൽക്കടവ് - മാങ്ങിൻകൈ

2. രാമത്ത് മുക്ക് മാങ്ങിൻ കൈ

3. മരുത്കാവ് അമ്പലം ഉപ്പൻതൊട്കൈ റോഡ്

4. മദ്രസ - മൂലത്ത് കടവ് റോഡ്

**നവീകരിക്കാനുള്ളത്**

1. വടക്കയിൽ മുക്ക താഴ കോലാച്ചേരി

2. മാങ്ങിൻകൈ - മഞ്ചയിൽ കടവ് റോഡ് നീർക്കെട്ട് ഒഴിവാക്കുക.

**പുതുതായി നിർമ്മിക്കാനുള്ളവ**

1. ഓക്കാട്ട്- മണിമംഗലത്ത് താഴെ

2. പാലയാട് നമ്പർ വൺ സ്കൂൾ നെയ്ത് വീട്ടിൽ ഭാഗം

3. എരോത്ത് മുക്ക് - മടവത്ത് പാലം

4. നടുവയൽ നിന്ന് ചെറുവലത്ത് താഴെ വഴി മണിമംഗലത്ത് താഴെ വരെ

**നടപ്പാത വേണ്ട സ്ഥലങ്ങൾ**

1. മഞ്ചയിൽക്കടവ് പാലം

2. തിരുവങ്ങോത്ത് കോമത്ത് ഭാഘത്തേക്കുള്ള വഴി.

3. കണ്ണങ്കോട്ട് ഭാഗം - കുന്നുമ്മൽ താഴെ ഭാഗം

4. മാങ്ങിൻ കൈ - നടവയൽ രണ്ടെണ്ണം. (2).

5. മുതലോളി മുക്ക് - മുതിലോളി താഴെ.

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. കോലാച്ചേരി താഴെ 1 എണ്ണം.

2. വരക്കൂൽ താഴെ 2 എണ്ണം

3. കോയമ്പ്രത്ത് താഴെ 2 എണ്ണം

4. ചെറുവലത്ത് താഴെ 1 എണ്ണം

5. രയരോത്ത് താഴെ 1 എണ്ണം.

6. കോമത്ത് പറമ്പത്ത് താഴെ 1 എണ്ണം.

7. കോട്ടയിൽ താഴെ 1 എണ്ണം.

8. നെയ്ത്ത് വീട്ടിൽ താഴെ 1 എണ്ണം

## വാർഡ് പതിമൂന്ന് Ward XIII

**വീതികൂട്ടി ടാർ ചെയ്യാനുള്ളവ**

1. ബാങ്ക് റോഡ് മുടപ്പിലാവിൽ

2. കൊറ്റിട്ടയിൽ - ചാത്തോത്ത് മുക്ക്

**നവീകരിക്കാനുള്ളവ**

1. കണ്ടിപ്പറമ്പത്ത് - മുളിയേരിമുക്ക്

2. മദ്രസ മുക്ക് - തെക്കിനക്കണ്ടി മുക്ക്

3. ചോയ്യനാണ്ടിമീത്തൽ - കൊളമുള്ളതിൽ മീത്തൽ

4. തക്കാളിമുക്ക് - J.P. റോഡ്

5. ചാത്തോത്ത് മുക്ക് - വിദ്യാനഴ്സറി റോഡ്

6. ചാത്തോത്ത് മുക്ക് - വെന്തോറമല

7. അരക്കണ്ടിമുക്ക് - ചീറ്റിന്തൽമുക്ക്

8. നെടിയപറമ്പത്ത് മുക്ക് - അമ്പലപ്പാറ

9. D.S.S. L.P. സ്കൂൾ - പാലോളിപറമ്പത്ത് ഇടവഴി അമ്പലപ്പാറ

**പുതുതായി നിർമ്മിക്കാനുള്ളവ**

1. നടുവയൽ നിന്ന് മൂലത്ത്നടപ്പാലവുമായി ബന്ധിക്കുക.

**നടപ്പാതവേണ്ട സ്ഥലങ്ങൾ**

1. പൊയിൽമുക്ക് മുതൽ ചമ്പോച്ചേരിതാഴെ

2. ആലോള്ളകണ്ടി മുക്ക് ചാത്തോത്ത് മുക്ക്

3. ചോയിനാണ്ടിതാഴെ - പാറക്കെട്ട്പറമ്പത്ത്

4. ചമ്പോച്ചേരിമുക്ക് - മീത്തലെപുതിയോട്ടിൽ മുക്ക്

5. മണിമംഗലത്ത്താഴെ - വണ്ണാത്തിതാഴ

6. ചോയിനാണ്ടിതാഴ - പണിക്കോട്ടി

**സ്ലാബുകൾ വേണ്ട സ്ഥലങ്ങൾ**

1. ചെറുവലത്ത് താഴെ പീടികക്ക് സമീപം

2. കയ്യുണ്ടത്തുംതാഴെക്കുനിയിൽ

3. കരിങ്ങാറ്റിൽതാഴെ

4. പുത്തലത്ത് കണ്ടിതാഴെ

**സിഗ്നൽ ബോർഡ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ**

1. പാലയാട് D.S.S. L.P. സ്കൂൾ സമീപം.

2. ആറങ്ങോട്ട് മാപ്പിള L.P. സ്കൂൾ, ബാങ്ക് റോഡ്.

# ഊർജ്ജം

എടുത്തു പറയത്തക്ക വ്യവസായ യൂനിറ്റുകളൊന്നും മണിയൂർ പഞ്ചായത്തിൽ ഇല്ലെങ്കിലും നാം കടുത്ത ഊർജ്ജ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കയാണ്. പഞ്ചായത്തിൽ മൊത്തം 37% വീടുകൾക്ക് വൈദ്യുതി കണക്ഷൻ കിട്ടിയിട്ടുണ്ട്. പുതുതായി കണക്ഷനു വേണ്ടി സി.സി. അടച്ചു കാത്തിരിക്കുന്ന അപേക്ഷകർ ധാരാളമുണ്ട്. OYEC പ്രകാരം മുഴുവൻ തുകയും അടച്ച 37 പേർക്ക് ഇനിയും കണക്ഷൻ ലഭിച്ചിട്ടില്ല. കണക്ഷൻ ലഭിച്ച ഉപഭോക്താക്കൾ നേരിടുന്നത് വോൾട്ടത കുറവാണ്. 24 വാൾട്ട് ബൾബുകളും ഉപയോഗിക്കേണ്ടി വരുന്ന പ്രദേശങ്ങളുണ്ട്. പ്രേക്ഷണവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമത ഇല്ലായ്മ കാരണം വളരെയേറെ വൈദ്യുതി നഷ്ടപ്പെടുന്നുണ്ട്.

മേലടി, വടകര സൗത്ത് എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലാണ് മണിയൂർ പഞ്ചായത്തിലെ ഉപഭോക്താക്കൾ. ഈ രണ്ടു സെക്ഷനുകളിലായി ആകെ 89 കാർഷിക കണക്ഷനുകളും ഉണ്ട്. വ്യാപാരമേഖലയിൽ 162 കണക്ഷനാണുള്ളത്. വളരെ വിസ്തൃതമായ ഭൂപ്രദേശങ്ങളുണ്ടായിട്ടും കാർഷികമേഖലയിൽ വൈദ്യുതി സാർവ്വത്രികമാക്കാൻ കഴിഞ്ഞിട്ടില്ല. നാമമാത്ര കർഷകന്നും വിവിധ കാർഷിക ഉൽപാദനത്തിനായി ജലസേചനാവശ്യാർത്ഥം വൈദ്യുതി നൽകാൻ നാം മുൻഗണന നൽകേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് മൊത്തം 77.624KM 11KV ലൈനും 140.067 KM III ഫേസ് ലൈനും 215.576 KM സിൻഗിൾ ഫേസ് ലൈനുമുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ആകെ 15 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. നിലവിലുള്ള വോൾട്ടത പ്രശ്നം പരിഹരിക്കണമെങ്കിൽ ശക്തി കുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാററുവാനും കൂടുതലായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. വൈദ്യുതി രംഗത്ത് സംസ്ഥാനം മൊത്തമായി നേരിടുന്ന പ്രതിസന്ധിയും ഉപഭോക്താക്കളുടെ വർദ്ധിച്ചു വരുന്ന എണ്ണവും പരിഗണിക്കുമ്പോൾ മേൽപറഞ്ഞ നടപടികളിലൂടെ മാത്രം എത്രത്തോളം വിജയിക്കുമെന്നുള്ളതും ആലോചിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി ആകെ 145 ബൾബുകൾ സ്ട്രീറ്റ് ലൈറ്റുകളായി ഉണ്ട്. ഈ ഇനത്തിലുള്ള വൈദ്യുതി ചാർജ്ജായി പ്രതിവർഷം 26940 രൂപ ഗ്രാമപഞ്ചായത്ത് KSEB യിൽ അടക്കുന്നുണ്ട്. എന്നാൽ ഇവയിൽ പലതും കാര്യക്ഷമതയുള്ളതല്ല. സമയാസമയത്ത് കേടുവന്ന ബൾബുകൾ മാറ്റി സ്ഥാപിക്കുവാൻ പോലും ബന്ധപ്പെട്ടവർ വേണ്ടത്ര ശ്രദ്ധിക്കാറില്ല. ഇതിന്ന് ഒരു പരിഹാരമായി എനർജ്ജിചാർജ്ജ് മാത്രം KSEB യിൽ അടക്കുകയും മറ്റു മെയിന്റനൻസുകൾ പഞ്ചായത്ത് നേരിട്ട് നടത്തുകയും ചെയ്യുക എന്ന സംസ്ഥാന സർക്കാർ നിർദ്ദേശം സ്വാഗതാർഹമാണ്. വൈദ്യുതലൈനുകളിലെ വിതരണ തടസ്സം ഒരു നിത്യസംഭവമാണ്. ബന്ധപ്പെട്ട ലൈൻമാൻമാരുടെ ആത്മാർത്ഥമായ സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. സോഡിയം ബാഷ്പ വിളക്കുകൾ ഒരു പ്രദേശത്തും ഇല്ല. കൂടുതൽ തെരുവു വിളക്കുകൾ സ്ഥാപിക്കാനും സോഡിയം ബാഷ്പ വിളക്കുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുവാനും പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ വക കാര്യങ്ങളിൽ വിദ്യുച്ഛക്തി ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തിൽ വരുന്ന താമസം മാറ്റിയെടുക്കണം.

ഗാർഹിക ആവശ്യങ്ങളിൽ പാചകത്തിന് പ്രധാനമായും വൈദ്യുതിയെ ആശ്രയിക്കുന്ന കുടുംബങ്ങൾ ഇല്ല എന്നു തന്നെ പറയാം. ഇതിനു വേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് വിറകിനെയാണ്. അതിൽത്തന്നെ 70% വീട്ടുകാരും കേരവസ്തുക്കളെയാണ് ആശ്രയിക്കുന്നത്. പാചക ഇന്ധനത്തിന്റെ ദൗർലഭ്യം നമ്മുടെ പഞ്ചായത്തിൽ ഒരു വലിയ പ്രശ്നം തന്നെയാണ്. 90% വീടുകളിലും സാധാരണ അടുപ്പുകളായതും വിറകിന്റെ ഉപഭോഗം യഥാർത്ഥത്തിൽ വേണ്ടതിനേക്കാൾ കൂടുതലായി വരുന്നു. പാചക ഇന്ധനപ്രതിസന്ധി പരിഹരിക്കാനും ഒപ്പം വീട്ടമ്മമാരുടെ രോഗാതുരത മാറ്റിയെടുക്കാനും നാം വളരെയേറെ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ആകെ 307 പെർമിറ്റുകളിലായി ഒരു വർഷം 37000 ലിറ്റർ മണ്ണെണ്ണ ലഭിക്കുന്നുണ്ട്. ഇതിനു പുറമെ വെളിച്ചത്തിനു വേണ്ടി 313170 ലിറ്റർ മണ്ണെണ്ണയും പൊതു വിതരണ കേന്ദ്രങ്ങളിലൂടെ കൊടുക്കുന്നുണ്ട്. നിലവിലുള്ള അവസ്ഥ വെച്ചു നോക്കുമ്പോൾ ഒരു ശതമാനത്തിൽ താഴെ വീടുകളിൽ മാത്രമേ ഗ്യാസ് സിലിണ്ടർ ഉപയോഗിക്കുന്നുള്ളു. പഞ്ചാ

യത്തിൽ ആകെ മൂന്ന് കുടുംബങ്ങളിൽ മാത്രമേ ഗോബർഗ്യാസ് പ്ലാന്റുകൾ ഉള്ളൂ. ഇന്ധന പ്രതിസന്ധി പരിഹരിക്കാൻ വളരെയേറെ സാധ്യതകൾ തെളിയുന്ന പദ്ധതിയായി നാം ഗോബർ ഗ്യാസ് പ്ലാന്റുകൾ സാർവ്വത്രികമാക്കേണ്ടതുണ്ട്. ജനങ്ങളുടെ ബോധവൽക്കരണമാണ് ഇക്കാര്യത്തിൽ ആദ്യം വേണ്ടത്. വിവിധ ഏജൻസികളെ കൊണ്ട് സാമ്പത്തിക സഹായം ഉറപ്പു വരുത്താനും ശ്രമിക്കേണ്ടതുണ്ട്.

ഏറ്റവും വലിയ ഊർജ്ജ ശ്രോതസ്സായ സൗരോർജ്ജം ഗാർഹികവും വ്യാവസായികവുമായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഊർജ്ജപ്രതിസന്ധി പരിഹരിക്കാൻ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ പറ്റിയ അനുകൂല ഘടനയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. 'അനർട്ട്' നൽകിവരുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തിയും ആവശ്യമായ പ്രോത്സാഹനം കൊടുത്തുകൊണ്ടും ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടും സൗരോർജ്ജ ഉപഭോഗം സാർവ്വത്രികമാക്കാൻ നാം മുൻഗണന കൊടുക്കണം. വൈദ്യുതി ഉപയോഗിച്ചുകൊണ്ടുള്ള സോഡിയം വേപ്പർ വിളക്കുകൾക്കു പകരം പ്രധാന കവലകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് മുൻഗണന കൊടുക്കേണ്ടതുണ്ട്. ഒരു വിളക്കിന് ചെലവു വരുന്ന മൊത്തം തുകയായ 18,000/- ഉറുപ്പികയിൽ 10,000/- ഉറുപ്പിക അനർട്ട് സബ്സിഡി നൽകുന്നു. ബാക്കി സംഖ്യ പ്രാദേശികമായി സമാഹരിച്ചുകൊണ്ട് ഒരു മാതൃക എന്ന നിലയിൽ പാലയാട്ടുനട മണിയൂർ തെരു എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ തുടക്കമിടണം. പിന്നീട് ഇത് സാർവ്വത്രികമാക്കാൻ നമുക്കു കഴിയും. വോൾട്ടത കുറവിന്റെ പ്രശ്നം ഒഴിവാക്കപ്പെടും എന്നതിനു പുറമെ പിന്നീടുള്ള ആവർത്തന ചിലവുകൾ വരുന്നില്ല എന്നതും ഇതിന്റെ ഗുണമേന്മയായി കാണാം.

വിവിധ ഗ്രാമസഭകളിൽ ഊർജ്ജത്തെപ്പറ്റി നടന്ന ഗ്രൂപ്പു ചർച്ചകളിൽ ധാരാളം ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. വൈദ്യുതി നാമമാത്രമായിട്ടെങ്കിലും എത്തിച്ചേർന്നിട്ടില്ലാത്ത ഒറ്റ വാർഡും നമ്മുടെ പഞ്ചായത്തിലില്ല. മിനിമം ഗ്യാരന്റി വെച്ചതുൾപ്പടെ ധാരാളം അപേക്ഷകർ വൈദ്യുതിക്കായി കാത്തിരിക്കുകാണ്. കാർഷികവും ഗാർഹികവുമായ ആവശ്യത്തിനുവേണ്ടി വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനാവശ്യമായ ഊർജ്ജിത പ്രവർത്തനങ്ങൾ നാം നടത്തേണ്ടിയിരിക്കുന്നു.

## മാർക്കറ്റ്

പതിറ്റാണ്ടുകൾക്ക് മുമ്പ് മുതൽ തന്നെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ വിപണന സൗകര്യത്തിനായി ആശ്രയിച്ചു വരുന്നത് വടകര ചന്തയെയാണ്. പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ കൊപ്ര, കശുവണ്ടി, കുരുമുളക്, വാഴക്കുല, വെറ്റില എന്നിവയും മറ്റ് പ്രധാന ഉൽപ്പന്നങ്ങളായ ചൂടി, ചുണ്ണാമ്പ്, തഴപ്പായ എന്നിവയും തലച്ചുമടായും കാവുകെട്ടിയുമാണ് മാർക്കറ്റിൽ എത്തിച്ചു വന്നത്. മൂന്നു ഭാഗവും പുഴയാൽ ചുറ്റപ്പെട്ട പ്രദേശമായതുകൊണ്ട് തന്നെ തോണിയിൽ ചരക്കുകൾ കടത്തുന്നത് ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ ആശ്വാസമായിരുന്നു. ചരക്കുകൊണ്ടു പോകുവാൻ പ്രത്യേകം കെട്ടിയുണ്ടാക്കിയ പുരത്തോണികൾ ഇന്നത്തെ തലമുറക്ക് പരിചയമില്ല. ഞായറാഴ്ചകളിലെ പേരാമ്പ്ര ചന്തയും തിങ്കളാഴ്ചകളിലെ പയ്യോളി ചന്തയും ചൊവ്വാഴ്ചകളിലെ വടകര ചന്തയും ഇന്നും ഈ പ്രദേശങ്ങളിലെ ജനങ്ങൾ ആശ്രയിക്കുന്നുണ്ട്.

നാളികേരം, വാഴക്കുല, കശുവണ്ടി, വെറ്റില, കുരുമുളക് എന്നിവയാണ് നമ്മുടെ പ്രധാന കാർഷിക വിള. ഇവയിൽ പ്രധാന ഉൽപ്പന്നമായ നാളികേരത്തിന് തന്നെ ഒരു പൊതു വിപണിയോ സഹകരണ വിപണിയോ വിശ്വസിക്കാവുന്ന ഒരു സ്വകാര്യ വിപണിയോ പഞ്ചായത്തിൽ ഇല്ല എന്നതാണ് നമ്മുടെ പ്രധാന പ്രശ്നം.

നമ്മുടെ പഞ്ചായത്തിലെ വിവിധ തുറകളിലെ ഉൽപ്പന്നങ്ങൾ പരസ്പരം കൈമാറ്റ വിൽപ്പന നടത്തുവാനും ഉപഭോഗ മേഖലയിൽ സഹകരണ മനോഭാവം വളർത്തി ഗ്രാമീണ ജനതയെ സ്വാശ്രയ ശീലരാക്കാനും നമുക്ക് ഒരു ഗ്രാമീണചന്ത സംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. ആ നിലയിൽ പഞ്ചായത്തിന്റെ ആഴ്ചചന്തയും അന്തിച്ചന്തയും നടത്തുന്നതിന് നാം ശ്രമിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പംതന്നെ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റും ഉണ്ടാക്കേണ്ടതുണ്ട്.

# പാർപ്പിടം

നമ്മുടെ നാടിന്റെ സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പ്രകടമായി കാണുവാൻ കഴിയുന്നത് മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന പാർപ്പിട സംസ്കാരത്തിലാണ്. നമ്മുടെ തനതായ വാസ്തുവിദ്യയിൽ നിന്നും ഉടലെടുത്ത നാലുകെട്ടും നടുമുറ്റവും പടിഞ്ഞാറ്റയും അടുക്കളയും വരാന്തയും അടങ്ങിയ പഴയ വീടുകളിൽ നിന്ന് ആധുനിക കോൺഗ്രീറ്റ് സംസ്കാരത്തിലേക്കുള്ള കുടിമാറ്റം ഏറ്റവും പ്രകടമായി വന്നിട്ടുള്ളത് കഴിഞ്ഞ ഒരുപതിറ്റാണ്ടിനിടയിലാണ്.

മണിയൂർ, പാലയാട് എന്നീ റവന്യൂ വില്ലേജിലായി 31.03 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള മണിയൂർ പഞ്ചായത്തിൽ 40000ൽ കൂടുതലാണ് ജനസംഖ്യ. കർഷക തൊഴിലാളികളും ദരിദ്ര കർഷകരും നാമമാത്രമായ ഇടത്തരം കർഷകരും കെട്ടിടനിർമ്മാണ രംഗത്ത് പണിയെടുക്കുന്ന വിവിധ വിഭാഗത്തിൽ പെട്ട തൊഴിലാളികളും പരമ്പരാഗത കയർകൈത്തറി മേഖലയിലെ തൊഴിലാളികളുമാണ് ഇവിടുത്തെ ഭൂരിഭാഗംജനങ്ങളും. വ്യാവസായിക രംഗത്ത് ശൂന്യതയിൽ സ്ഥാനമുറപ്പിച്ചിട്ടുള്ള നമ്മുടെ പഞ്ചായത്ത് കാർഷിക മേഖലയെയും ഗൾഫ് പണത്തെയുംമാശ്രയിച്ചാണ് നിലനിൽക്കുന്നത്. കാർഷികരംഗത്തെ തകർച്ചയും മുരടിപ്പും നമ്മുടെ സാമ്പത്തിക സാംസ്കാരിക രംഗത്ത് ഉണ്ടാക്കിയ പ്രശ്നങ്ങൾ നിരവധിയാണ്. ഗൾഫ് രാജ്യങ്ങളിൽ നിന്നും അനുദിനം വന്നുകൊണ്ടിരിക്കുന്നവാർത്തകൾ ഉൽക്കണ്ഠാജനകമാണ്.

നമ്മുടെ പഞ്ചായത്തിലെ 13 വാർഡുകളിലായി 8500ഓളം വരുന്ന കുടുംബങ്ങൾ ഉണ്ടെന്നാണ് ഏകദേശം കണക്ക്. എന്നാൽ 1996 ഒക്ടോബർ മാസം വരെ രജിസ്റ്റർചെയ്യപ്പെട്ട വീടുകളുടെ 'എണ്ണം 7280 ആണ്. പഴയ 12 വാർഡുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ട വീടുകളുടെ സ്ഥിതിവിവരകണക്കുകൾ പട്ടിക Ill-കൊടുത്തിരിക്കുന്നു.

ഈ കണക്കുകൾ പരിശോധിക്കുമ്പോൾ 1220 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം കണ്ടെത്താനുള്ള ശ്രമകരമായകടമ നമ്മളിൽ അർപ്പിതമാവുകയാണ്. ഇതിനു പുറമെ 9ാം പദ്ധതി കാലയളവിൽ 750 ഓളം കുടുംബങ്ങൾ കൂടി പാർപ്പിടങ്ങൾ അന്വേഷിക്കുന്നവരുടെ പട്ടികയിലേക്ക് പുതുതായി കടന്നുവരാൻ സാധ്യതയുണ്ട്. ഇന്നത്തെ നമ്മുടെ ശരാശരി വാർഷിക രജിസ്ട്രേഷൻ 133 മാത്രമാണ്.

പട്ടിക IL

| വാർഡ് നമ്പർ | രജിസ്റ്റർ ചെയ്ത വീടുകളുടെ എണ്ണം 1993-94 | 94-95 | 95-96 |
|---|---|---|---|
| 1 | 9 | 8 | 8 |
| 2 | 7 | 10 | 17 |
| 3 | 4 | 17 | 18 |
| 4 | 9 | 11 | 11 |
| 5 | 6 | 9 | 13 |
| 6 | 8 | 9 | 12 |
| 7 | 6 | 11 | 15 |
| 8 | 23 | 10 | 3 |
| 9 | 14 | 14 | 21 |
| 10 | 7 | 9 | 12 |
| 11 | 10 | 10 | 9 |
| 12 | 10 | 2 | 16 |
| Total | 113 | 120 | 153 |

ജനകീയ ആവശ്യങ്ങളിൽ വമ്പിച്ച സ്വാധീനം ചെലുത്തുന്നതും വളരെ പ്രധാനപ്പെട്ടതുമായ പാർപ്പിട പ്രശ്നം അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ നാടിന്റെ പ്രത്യല്പാദന പ്രക്രിയയിൽ സമസ്ത് ജനവിഭാഗങ്ങളെയും സജീവമായി അണിനിരത്തുവാൻ കഴിയൂ എന്നുള്ളതിനാൽ ഇവിടെ സമൂഹത്തിന്റെ സജീവശ്രദ്ധയും പതിയേണ്ടത് അത്യന്താപേക്ഷിതമാണ്.

നമ്മുടെ പഞ്ചായത്തിലെ വീടുകളിലെ പൊതുസ്ഥിതി പരിശോധിച്ചാൽ 13 വാർഡുകളിലെയും വീടുകൾ ഏറെ അവയുടെ ഗുണനിലവാരത്തിൽ ഏറെകുറെ സമാനത പുലർത്തുന്നതായികാണാം. എന്നാൽ ഏറ്റവും കൂടുതൽ ചെറ്റപുരകളും കോൺഗ്രീറ്റ് വീടുകളുമുള്ളത് പഴയ 9ാം വാർഡ് ഉൾപ്പെടുന്ന പ്രദേശത്താണ് നമ്മുടെ പഞ്ചായത്തിലെ മൊത്തം വീടുകളിൽ 60% നികുതി കെട്ടിയവയും ശേഷിച്ച് 40% നികിതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കുടിലുകളുമാണ്. ഈ കുടിലുകളിൽ 3% മനുഷ്യവാസയോഗ്യമല്ലാത്ത ചെറുകൂരകളാണ് എന്നത് പ്രത്യേകം പരിഗണിക്കേണ്ടിയിരിക്കുന്നു. 9% ഓലമേഞ്ഞ

വീടുകൾ 35% ഓടിട്ട വീടുകൾ 3% മാളികവീടുകൾ 11% കോൺക്രീറ്റ് വീടുകൾ എന്നതാണ് നമ്മുടെ പഞ്ചായത്തിലെമൊത്തം പാർപ്പിടങ്ങളുടെ ചേരുവ.

ഭവനനിർമ്മാണ രംഗത്ത് ധനസഹായംചെയ്യുന്ന യാതൊരു സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലല്ലാത്തതിനാൽ ആവശ്യക്കാർക്ക് യഥാസമയം വായ്പയും മറ്റ് ധന സഹായങ്ങളും ലഭിക്കുന്നില്ല. വടകര ഹൗസിങ്ങ് സൊസൈറ്റി വടകരതാലൂക്ക് കാർഷിക വികസനബേങ്ക്, ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സർക്കാർ ജീവനക്കാർക്ക് വേണ്ടി കനറാ ബേങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാൽഫിൽ ഹൗസിംങ് പ്രോഗ്രാം അർധ സർക്കാർസ്ഥാപനമായിട്ടുള്ള ഹൗസിങ്ങ് ഫിനാൻസ് കോർപ്പറേഷൻ (HDFC) തുടങ്ങിയസ്ഥാപനങ്ങൾ വഴിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിലായി പ്രഖ്യാപിക്കാറുള്ള വിവിധ തരം ഭവനനിർമ്മാണ പദ്ധതികളിലൂടെയാണ് നാമമാത്രമായ ചില സാമ്പത്തികസഹായങ്ങളും വായ്പയും ഇന്ന് ലഭിച്ചുവരുന്നത്.

നമ്മുടെ തനതായ പാർപ്പിടസംസ്കാരത്തെ ആകെ മാറ്റി മറിക്കുന്ന വിധം ഗൾഫ്പണം ഭവനനിർമ്മാണരംഗത്തേക്ക് കുത്തി ഒഴുകികൊണ്ടിരിക്കുകയാണ്. നാടിന്റെ ഉല്പാദന പ്രക്രിയയിലേക്ക് തിരിച്ചുവിടേണ്ടുന്ന ഗൾഫ്പണം നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും ഭവനനിർമ്മാണരംഗത്ത് മരവിച്ചുകിടക്കുകയാണ്. ജനങ്ങളുടെ ആഡംബരഭ്രമവും തെറ്റായ അനുകരണശൈലിയും പുത്തൻ ഉപഭോഗസംസ്കാരവും കാരണം എങ്ങിനെയെങ്കിലും അയലത്തെ വീടിനെവെല്ലുന്ന ഒന്ന് സ്വന്തമാക്കാനുള്ള ഉൽക്കടമായ ആഗ്രഹത്തിലുമാണ് നമ്മുടെ ജനങ്ങളിലധികവും ഒരു കാലത്ത് ഹരിതാഭമായിക്കിടന്നിരുന്ന അതി വിശാലമായ നമ്മുടെ നെൽപ്പാടങ്ങളും വയലേലകളും നികത്തി അവിടങ്ങളിലാകമാനം കോൺക്രീററ് വീടുകളായിമാറികൊണ്ടിരിക്കുന്ന അത്യന്തം ഗുരതരമായ ഒരവസ്ഥയാണ് നാമിന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതുയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങളെ പറ്റിയും കാർഷികമേഖലയെ തകർക്കുന്ന പ്രശ്നങ്ങളെ പറ്റിയും ഇനിയെങ്കിലും സഗൗരവും ചിന്തിക്കേണ്ടിയിരിക്കുന്നു. ചെലവ്കുറഞ്ഞ ആധുനിക രീതിയിലുള്ള പാർപ്പിട സാങ്കേതത്തെപ്പറ്റി ജനങ്ങൾക്കിടയിൽ വ്യാപകമായപ്രചരണം നടത്തിയെങ്കിൽ മാത്രമേ ഈ രംഗത്തെ ധൂർത്തിൽനിന്നും അനാവശ്യചെലവിൽനിന്നും ജനങ്ങളെ മോചിപ്പിച്ചെടുക്കുവാൻ കഴിയുകയുള്ളൂ.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളുടെ അഭൂതപൂർവ്വമായ വിലകയറ്റവും ഭൂമിയുടെ ദൗർലഭ്യവും വിലകയറ്റവുമൊക്കെ ഇടത്തരക്കാർക്കും മറ്റ് നിശ്ചിത വരുമാനക്കാർക്കും സ്വന്തമായി ഒരു വീടുണ്ടാക്കുകഎന്നത് സാക്ഷാൽക്കരിക്കപ്പെടാനാവാത്ത സ്വപ്നമായി മാറിക്കൊണ്ടിരിക്കയാണ്. 87-88ൽ 70 രൂപ വിലയുണ്ടായിരുന്ന സിമന്റിന്റെ ഇന്നത്തെ വില 195 രൂപയാണ് ഇതേകാലയളവിൽ 1200 രൂപക്ക് കിട്ടുമായിരുന്ന ചെങ്കല്ലിന്റെ ഇന്നത്തെ വില 8500നും 9000നും ഇടയിലാണ് 87-88ൽ കിന്റലിന് 1300രൂപ വിലയുണ്ടായിരുന്ന ഇരുമ്പ്കമ്പിയുടെ ഇന്നത്തെ വില 1700രൂപയിൽ കൂടുതലാണ്. ഭൂമിയുടെ വമ്പിച്ചതോതിലുള്ള വിലക്കയറ്റവും പഞ്ചായത്തിന്റെ വിവധ പ്രദേശങ്ങളിൽ നിലനിൽക്കുകയാണ്. തൊഴിലാളികളുടെ കൂലിയുടെ കാര്യത്തിലും ഈ വർദ്ധനവ് പ്രകടമാണ്. വിദഗ്ദരായ തൊഴിലാളികളുടെ ദൗർലഭ്യവും സാധനസാമഗ്രികളുടെയും ഭൂമിയുടെയും വിലകയറ്റം കൂലി കൂടുതൽ എന്നിവ കാരണം വിവിധ പദ്ധതികളിലൂടെ സർക്കാരും മറ്റ് ഏജൻസികളും നല്കി വരുന്ന സാമ്പത്തികസഹായങ്ങളും വായ്പയും കൊണ്ട് തുടങ്ങിവെച്ച നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ അത്തരത്തിലുള്ളവർ നട്ടം തിരിയുന്ന അനുഭവമാണുള്ളത്.

ചെങ്കല്ലും പൂഴിയുമൊഴിച്ച് കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രകളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. ഇവയ്ക്ക്തന്നെ നിർമ്മാണസീസണിൽ വമ്പിച്ച തോതിലുള്ള ക്ഷാമവുമാണ അനുഭവപ്പെടാറുള്ളത്. ചെലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിച്ചു വിതരണം ചെയ്യുന്ന സ്ഥാപനങ്ങളോ മറ്റ് വിദ്ഗദരോ നമ്മുടെ പഞ്ചായത്തിലില്ലാത്തതിനാൽ ഭവനനിർമ്മാണരംഗത്ത് പുതിയ സങ്കേതങ്ങൾ സ്വീകരിക്കുവാൻ ജനങ്ങൾക്ക് കഴിയുന്നില്ല.

275ൽ കൂടുതലും കുടുംബങ്ങൾ താമസിക്കുന്നതും 35 ഏക്കർ വിസ്തൃതി ഉള്ളതുമായ 9 പട്ടികജാതി കോളനികളും 23 കുടുംബങ്ങൾ താമസിക്കുന്ന ഒരു ലക്ഷം വീട് കോളനിയും ഏതാനും കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഒരു നാല്സെന്റ് കോളനിയും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നുണ്ട്. ഈ കോളനികളിലെ മിക്കവിടുകൾ സർക്കാറിന്റേയോ മറ്റ് ഏജൻസികളുടെയോ സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടെങ്കിലും കൃത്യമായ മോണിറ്ററിംഗ് നടത്താത്തുകൊണ്ടും വായാപാ തുകയുടെയും മറ്റ് ധനസഹായങ്ങളുടെയും അപര്യാപ്തകാരണവും ഈ കോളിനി വിടുകൾ ഇന്നും പണിതീരാത്ത വീടുകളായി അവശേഷിക്കുകയാണ്. ഡിപ്പാർട്ടുമെൻറലിസത്തിന്റെ ദൂഷ്യവശങ്ങൾ ഇവിടെ പ്രകടമാണ്. ഈ മേൽപറഞ്ഞ 11കോളനികളിൽ വൈദ്യുതീകരിച്ച 2 കോളനികൾ മങ്കര പട്ടികജാതി കോളനിയും കുന്നത്തുകര പട്ടികജാതി കോളനിയുമാണ്. യാതൊരു വിധപശ്ചാത്തലസൗകര്യങ്ങളും നമ്മുടെ കോളനികളിലൊന്നിലും തന്നെ എത്തിയിട്ടില്ലെന്നതാണ് വസ്തുത.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ മൊത്തം വീടുകളിൽ 3% ത്തോളം വരുന്ന ചെറുകൂരകളും നികുതിചുമത്തിയിട്ടില്ലാത്ത മറ്റുകുടിലുകളിൽ നിരവധിയും മനുഷ്യവാസയോഗ്യമല്ലാത്തവയാണ്. പഞ്ചായത്തിലെ വിവിധ കോളനികളിൽപ്പെട്ട മിക്ക വീടുകളുടെ പണി പൂർത്തീകരിക്കപ്പെടാതെ കിടക്കുകയയാണ്. വൈദ്യുതി ഉൾപ്പടെ ആവശ്യം വേണ്ട പശ്ചാത്തല സൗകര്യങ്ങളൊന്നും ഈ കോളനിയിൽ ഇതിവരെ എത്തിയിട്ടില്ല.

2. ലക്ഷംവീട് കോളനിയിലെ ഓരോ വീട്ടിലും രണ്ട് കുടുംബങ്ങൾ വീതമാണ് താമസിച്ചു വരുന്നത്. ഈ കോളനിയിലെ വീടുകളത്രയും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്.

കോളനിക്ക് പുറത്ത് താമസിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ട പിന്നോക്ക ജാതിക്കാരുടെ പ്രശ്നങ്ങൾ.

സർക്കാരും വിവധ ഏജൻസികളും നൽകി വരുന്ന വായ്പാ തുകയുടെയും മറ്റു ധനസഹായങ്ങളുടെയും അപര്യാപ്തതയും വായ്പകൾ ലഭ്യമാകുന്നതിനുള്ള സൗകര്യമില്ലായ്മയും കാലതാമസവും ഭാരിച്ച ചിലവും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.

✠ ഭൂമിയുടെയും കെട്ടിടനിർമ്മാണ സാമഗ്രികളുടെയും അമിതമായ വിലക്കയറ്റം.

✠ ഭൂരഹിതരായവരുടെ പാർപ്പിട പ്രശ്നങ്ങൾ

✠ ഭവനനിർമ്മാണരംഗത്ത് വർദ്ധിച്ചു വരുന്ന പാഴ്ച്ചെലവുകളും ധൂർത്തും.

✠ കെട്ടിടനിർമ്മാണ സാമഗ്രികളുടെയും സാങ്കേതിക വൈദഗ്ദ്യം ലഭിച്ചവരുടെയും ദൗർലഭ്യം.

✠ നിർമ്മിതി വീടുകൾ പോലുള്ള ചെലവ് കുറഞ്ഞ വീടുകളോട് ജനങ്ങൾ കാണിക്കുകന്ന വൈമുഖ്യം.

## സാധ്യതകൾ

പഞ്ചായത്തിലെ മനുഷ്യവാസയോഗ്യമല്ലാത്ത ചെറ്റപ്പുരകളും മറ്റ് കൂരകളും പുതുക്കി പണിയുക എന്നത് നമ്മുടെ അടിയന്തിര കടമയാണ്. ഇതിനായി ഇത്തരത്തിൽപ്പെട്ട ഗുണഭോക്താക്കളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും മറ്റും യോഗം` പഞ്ചായത്ത് ബോർഡിന്റെ മുൻകയ്യോടെ വിളിച്ചു ചേർത്ത് അടിയന്തിരപ്രാധാന്യമുള്ള ഈ കടമയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കണം. ഗവൺമെന്റിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമായി കിട്ടാൻ സാധ്യതയുള്ള മുഴുവൻ ധനസഹായങ്ങളും ഉപയോഗപ്പെടുത്തിയും ജനങ്ങളുടെ കൂട്ടായ്മയിലൂടെ സംഭരിക്കാൻ കഴിയുന്ന പരമാവധി വിഭവങ്ങൾ സംഭരിച്ചുകൊണ്ടും അത്യധികം പ്രാധാന്യമർഹിക്കുന്ന ഈ കടമ നമുക്ക് ഏറ്റെടുത്ത് നിർവഹിക്കാൻ കഴിയുന്നതാണ്. ഇതിലേക്കായി മനുഷ്യധ്വാനം സംഭാവന ചെയ്യാനുള്ള സന്നദ്ധതയും തയ്യാറെടുപ്പുകളും നമ്മുടെ പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

വിവിധ കോളനികളിലുൾപ്പെടുന്ന മിക്ക വീടുകൾക്കും സർക്കാറിൽ നിന്നുള്ള ധനസഹായങ്ങൾ ലഭിച്ചതാണെങ്കിലും അവയൊന്നും പണി പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്. ഈ വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ട ധനസഹായങ്ങളോ വായ്പകളോ ലഭ്യമാക്കണം.

ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി NREP, JRY പദ്ധതികളിലൂടെയും മറ്റും അനുവദിക്കുന്ന സാമ്പത്തിക സഹായം ചുരുങ്ങിയത് 30,000/- രൂപയെങ്കിലും ആക്കി ഉയർത്തണം. ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന വിവിധ ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ നൽകിവരുന്ന സബ്സിഡിതുക വർദ്ധിപ്പിക്കുകയും വായ്പകൾ തിരിച്ചടക്കാനുമുള്ള വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യണം.

ഭവനനിർമ്മാണ രംഗത്ത് ആവശ്യക്കാർക്ക് വായ്പകൾ ലഭ്യമാക്കുന്നതിലുള്ള സഹകരണസ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തുകളിൽ പ്രവർത്തിക്കാത്തതു കാരണം നമ്മുടെ ജനങ്ങൾ അനുഭവിച്ചുവരുന്ന പ്രയാസങ്ങൾ നിരവധിയാണ്. ഇത് പരിഹരിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സഹകരണ സ്ഥാപനം രൂപീകരിച്ച് വിദേശമലയാളികളിൽ നിന്നും മറ്റും മൂലധനം സ്വരൂപിച്ചുകൊണ്ട് ദുർബലവിഭാഗങ്ങൾക്കും മറ്റ് ഇടത്തരക്കാർക്കും ചുരുങ്ങിയ പലിശക്ക് വായ്പകൾ ലഭ്യമാക്കാൻ ശ്രമിക്കാവുന്നതാണ്.

ഒരു മേൽക്കൂരക്കു കീഴിൽ ഒരു കുടുംബം എന്ന തത്വം പാലിച്ചുകൊണ്ട് കുന്നത്തുകര ലക്ഷം വീട് കോളനി സമഗ്രമായി പുതുക്കിപ്പണിയുന്നതിനും വൈദ്യുതി ഉൾപ്പടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നതിനായി ഇത്തരം സാധനസാമഗ്രികൾ അർഹരായവർക്ക് സിവിൽ സപ്ലൈസ് കോർപറേഷൻ വഴി ന്യായമായ വിലക്ക് വിതരണം ചെയ്യുവാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനുപുറമെ സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ച് നിർമ്മിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് ന്യായമായ വിലക്ക് വിതരണം ചെയ്യാനും കഴിയുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ ഭൂമിയുടെ അമിതമായ വിലക്കയറ്റം കാരണം സ്വന്തമായി ഭൂമിയില്ലാത്ത ദരിദ്രജന വിഭാഗങ്ങളും നിശ്ചിതവരുമാനക്കാരായവരും മറ്റും പാർപ്പിടം നിർമ്മിക്കാൻ കഴിയാതെ പാടുപെടുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനായി ഹൗസിങ്ങ് കോളനി സമ്പ്രദായം നമുക്കും നടപ്പിലാക്കാവുന്നതാണ്. ഹൗസിങ്ങ് കോളനികൾ സ്ഥാപിക്കുന്നതിനുയോജ്യമായ നിരവധി സ്ഥലങ്ങൾ വിവിധ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. ദുർബല ജനവിഭാഗങ്ങൾക്കും നിർധനരായ മറ്റ് ആളുകൾക്കും പാർപ്പിടം നിർമ്മിക്കുന്നതിനായി ചുരുങ്ങിയത് 5 സെന്റ് ഭൂമി വീതം സൗജന്യമായി വിതരണം ചെയ്യാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയും പഞ്ചായത്തിലെ ഏറ്റെടുത്ത് വിതരണം ചെയ്യാത്ത മിച്ചഭൂമിയും അക്വയർ ചെയ്ത് ഏറ്റെടുക്കാൻ കഴിയുന്ന മറ്റ് സ്വകാര്യ വ്യക്തികളുടെ ഭൂമിയും ഉപയോഗപ്പെടുത്താവുന്നതാണ്.

വിവിധ കോളനികളിൽ താമസിക്കുന്ന ദുർബല വിഭാഗങ്ങൾക്ക് മറ്റ് ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി സർക്കാരിന്റെ വിവിധതരം ക്ഷേമപദ്ധതികൾ നടപ്പിലുണ്ടെങ്കിലും കോളനികൾക്ക് പുറത്ത് താമസിക്കുന്ന ദുർബലവിഭാഗങ്ങൾക്ക് പലപ്പോഴും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കാറില്ല. അർഹരായ ഇത്തരം ആളുകൾക്കുകൂടി കോളനി നിവാസികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭവനനിർമ്മാണ രംഗത്ത് വർദ്ധിച്ചുവരുന്ന പാഴ്ചെലവും ധൂർത്തും അവസാനിപ്പിക്കുന്നതിനും നിർമ്മിതി വീടുകൾ പോലുള്ള ചിലവ് കുറഞ്ഞ വീടകളെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുമായി വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകളെയും രാഷ്ട്രീയ പാർട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു മാസ് കാമ്പയിൻ പരിപാടിക്ക് പഞ്ചായത്ത് നേതൃത്വം നൽകുന്നത് ഉചിതമായിരിക്കും.

**പട്ടിക 1**

**പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വീടുകളുടെ സ്ഥിതിവിവരകണക്ക്**

| വാർഡ് നമ്പർ | ആകെ വീടുകൾ | നികുതി കെട്ടിയത് | | നികുതി കെട്ടാത്തവ | | ചെറ്റപ്പുര | | ഓല | | ഓട്-ഓല | | ഓട്ടിട്ടത് | | മാളിക | | ടെറസ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % |
| 1 | 610 | 408 | 74 | 202 | 26 | 11 | 2 | 67 | 11 | 28 | 4 1/2 | 206 | 41 | 48 | 8 | 67 | 11 |
| 2 | 650 | 439 | 69 | 211 | 31 | 9 | 1 1/2 | 77 | 11 | 31 | 6 | 219 | 42 | 31 | 8 | 61 | 10 |
| 3 | 598 | 401 | 69 | 197 | 31 | 12 | 2 | 133 | 22 | 72 | 12 | 136 | 21 | 17 | 3 | 43 | 7 |
| 4 | 727 | 442 | 61 | 285 | 39 | 13 | - | 79 | 10 | 35 | 5 | 267 | 37 | 1 | - | 60 | 8 1/2 |
| 5 | 647 | 238 | 50 | 319 | 50 | 8 | - | 12 | 2 | - | - | 236 | 37 | 5 | - | 75 | 12 |
| 6 | 692 | 407 | 58 | 285 | 42 | 12 | - | 79 | 11 | - | - | 230 | 35 | 39 | 6 | 60 | 8 |
| 7 | 592 | 333 | 55 | 258 | 45 | 6 | - | 45 | 7 1/2 | 45 | 7 1/2 | 139 | 26 | 62 | 10 | 67 | 11 |
| 8 | 526 | 269 | 50 | 257 | 50 | 9 | 2 | 19 | 4 | 1 | - | 181 | 34 | 19 | 4 | 49 | 9 |
| 9 | 676 | 279 | 31 | 297 | 49 | 30 | 41/2 | 42 | 6 | 8 | 1 | 211 | 31 | 29 | 10 | 29 | 13 |
| 10 | 478 | 267 | 51 | 211 | 49 | 19 | 4 | 33 | 6 1/2 | 1 | - | 136 | 27 | 16 | 3 | 81 | 16 |
| 11 | 546 | 346 | 63 | 200 | 37 | 21 | 4 | 22 | 4 | 13 | 2 | 211 | 40 | 21 | 4 | 79 | 14 |
| 12 | 539 | 336 | 62 | 203 | 38 | 1 | - | 9 | 2 | 5 | 1 | 253 | 47 | - | - | 69 | 13 |
| | 7280 | 4355 | 60 | 2925 | 40 | 151 | 2 | 617 | 8 | 239 | 3 | 2445 | 33 | 308 | 4 | 800 | 11% |

253

# സാമൂഹ്യക്ഷേമം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്യനിർമാർജ്ജന പദ്ധതികളും തൊഴിലാളികളുടെയും സംസ്ഥാനസർക്കാരിന്റെയും സഹകരണത്തോടെ നടത്തുന്ന ക്ഷേമപദ്ധതികളും പുറമെ പട്ടികജാതി വർഗ്ഗത്തിൽ ഉൾപ്പെടുന്നവരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പട്ടികജാതി വികസന കോർപറേഷൻ വഴിയുള്ള പദ്ധതികളും വനിതകളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന വനിതാ വികസന കോർപറേഷൻ വഴിയുള്ള പദ്ധതികളുമാണ് സാമൂഹ്യക്ഷേമ രംഗത്ത് മുഖ്യമായും നിലവിലുള്ളത്.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ കാര്യമായി ലഭിക്കുന്നത്. നിലവിലുള്ള എല്ലാ പദ്ധതികളുടെയും അപര്യാപ്തത ഏറെ പ്രകടമാണ്. വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് ധനസഹായം കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ എടുത്തു പറയേണ്ടതാണ്.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് തോടത്തൂർ ബ്ലോക്ക് ഡവലെപ്മെന്റ് ഓഫീസ് വഴിയാണ്.

പാലയാട് മണിയൂർ എന്നീ രണ്ട് വി.ഇ.ഒ. സർക്കിളുകൾ വഴി ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക SW 1 ൽ കൊടുത്തിട്ടുണ്ട്.

### ഡി.ഡബ്ല്യൂ.സി.ആർ.എ. സഹായ ലഭ്യത :-

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. നമ്മുടെ പഞ്ചായത്തിൽ നാല് യൂനിറ്റുകൾക്ക് ഈ സഹായം ലഭ്യമായിട്ടുണ്ട്. ഇവയിൽ ഒരു യൂനിറ്റൊഴികെ മറ്റൊന്നും തന്നെ കൃത്യമായി പ്രവർത്തിക്കുന്നവയല്ല. ഈ പദ്ധതിയെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മയും സ്വയം തൊഴിൽ കണ്ടെത്താനുള്ള താൽപര്യക്കുറവുമാണ് ഈ

### പട്ടിക SW1

1991ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും.

| വാർഡ് | സർവ്വെപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള എണ്ണം | SC,ST | നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | SC,ST | ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1. | 238 | – | | | | |
| 2. | 257 | – | | | | |
| 3. | 232 | 1 | | | | |
| 4. | 204 | 1 | | | | |
| 5. | 231 | 7 | | | | |
| 6. | 175 | 3 | | | | |
| 7. | 180 | – | | | | |
| 8. | 204 | 5 | | | | |
| 9. | 258 | 6 | | | | |
| 10. | 184 | 2 | | | | |
| 11. | 177 | 2 | | | | |
| 12. | 187 | 1 | | | | |
| 13. | 62 | – | | | | |
| Total | 2589 | 28 | 320 | 37 | 256 | 2332 |

പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ കഴിയാത്തത്. ഈ പദ്ധതിയെ സംബന്ധിച്ച് സ്ത്രീകൾക്കിടയിൽ വ്യാപകമായ പ്രചരണപ്രവർത്തനങ്ങൾ സൗകര്യപ്പെടുത്തുകയും ഓരോ വാർഡിലും പരമാവധി ഇത്തരം യൂനിറ്റുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. നിലവിലുള്ള DWCRA യൂനിറ്റുകളുടെ പട്ടിക SW2 ൽ പ്രതിപാദിക്കുന്നു.

### ട്രൈസം: –

18 വയസ്സു മുതൽ 35 വയസ്സു വരെ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തിക സഹായവും നൽകുന്നതാണ് ട്രൈസം പരിപാടി. നമ്മുടെ പഞ്ചായത്തിലെ നാമമാത്രമായ യുവതീയുവാക്കൾക്ക് മാത്രമേ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളൂ. അതായത് കൊല്ലം IRDP വായ്പ ലഭിക്കുന്ന കുടുംബങ്ങളിലെ യുവാക്കൾക്ക് മാത്രമേ ഇപ്പോൾ ഈ സഹായം ലഭിക്കുന്നുള്ളൂ. ഈ സമ്പ്രദായം മാറ്റി തൽപ്പരരായ എല്ലാ യുവാക്കൾക്കും ഈ സഹായം ലഭ്യമാക്കണം.

### ടൂൾകിറ്റ് പ്രോഗ്രാം :–

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 127 പേർക്ക് ഇതിനകം നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ വിതരണത്തിലുള്ള അശാസ്ത്രീയത പരിഹരിച്ച് അർഹരായ മുഴുവൻ തൊഴിലാളികൾക്കും ഈ പദ്ധതി പ്രകാരം തൊഴിലുപകരണങ്ങൾ ലഭ്യമാക്കണം. വിശദവിവരം SW4 ൽ പ്രതിപാദിക്കുന്നു.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതി (CRSP) പ്രകാരം സഹായധനം ലഭിച്ചവരുടെ പട്ടിക വാർഡടിസ്ഥാനത്തിൽ SW 5ൽ കൊടുത്തിരിക്കുന്നു.

ഈ പദ്ധതിപ്രകാരം 2000 രൂപയാണ് ഒരു കക്കൂസിന് ധനസഹായം ലഭിക്കുന്നത് UNICEF ന്റെ നിർദ്ദിഷ്ട മാതൃകയായ ഇരട്ടക്കുഴി കക്കൂസ് ഇവിടെ പ്രായോഗികമല്ല. അതിനാൽ ഇത് ഒറ്റക്കുഴിയാക്കി (One pit) സഹായധനം 3000 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് വിവിധതരം പെൻഷനുകളും വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ പാലയാട്, മണിയൂർ വില്ലേജ് വഴി വിതരണം ചെയ്തു വരുന്ന പെൻഷനുകളുടെ കണക്ക് SW6 ൽ കൊടുത്തിരിക്കുന്നു.

അർഹരായവർക്ക് മുഴുവൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നും ഗുണഭോക്താക്കൾക്ക് യഥാസമയം ഈ പെൻഷനുകൾ ലഭിക്കുന്നില്ലെന്നും പരാതികൾ ഉയർന്നു വന്നിട്ടുണ്ട് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. മൂന്നു മാസത്തിലൊരിക്കലെങ്കിലും ഇത്തരം പെൻഷനുകൾ ഗുണഭോക്താക്കൾക്ക് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ വിധവാ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിത്താവുന്നതാണ്.

വികലാംഗ പെൻഷൻ ലഭിക്കുന്നതിനായി വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടും കാലതാമസവും വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഒരു കമ്മറ്റി വഴി ഇതിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ ആയിരത്തിൽ കൂടു

**പട്ടിക SW 4**

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന
തൊഴിലുപകരണങ്ങൾ നൽകിയ വിവരം (ടൂൾകിറ്റ്)

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തൊഴിലുപകരണങ്ങൾ ലഭിച്ചവർ | – | 18 | 5 | 6 | 5 | 5 | 5 | 56 | 1 | 6 | 9 | 7 | 4 | 127 |

**പട്ടിക SW 5**

**കക്കൂസുകളെ സംബന്ധിക്കുന്ന വിവരം**

| വർഷം | 1993- 94 | 1994- 95 | 1995- 96 |
|---|---|---|---|
| അനുവദിച്ച കക്കൂസുകളുടെ എണ്ണം | 22 | 16 | 13 |
| പണിപൂർത്തിയാക്കിയവയുടെ എണ്ണം | 22 | 16 | 13 |

### പട്ടിക SW6

### വിവിധ പെൻഷനുകൾ ലഭിച്ചവരുടെ എണ്ണം - മണിയൂർ വില്ലേജ്

| വികലാംഗ പെൻഷൻ | കാൻസർരോഗികൾക്കുള്ള പെൻഷൻ | ക്ഷയരോഗികൾക്കുള്ള പെൻഷൻ | വിധവാ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ | Total |
|---|---|---|---|---|---|---|
| 117 | 6 | - | 274 | 65 | 3 | 409 |

### പാലയാട് വില്ലേജ്

| വികലാംഗ പെൻഷൻ | കാൻസർരോഗികൾക്കുള്ള പെൻഷൻ | ക്ഷയരോഗികൾക്കുള്ള പെൻഷൻ | വിധവാ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ | Total |
|---|---|---|---|---|---|---|
| 50 | 5 | 6 | 205 | 60 | 7 | 333 |

തൽ ആളുകൾക്ക് ഇപ്പോൾ ലഭിച്ചു വരുന്നുണ്ട്. അർഹരായ ഒട്ടനവധിപേർക്ക് ഈ പെൻഷൻ ലഭിക്കാനുണ്ട്. നിലവിൽ പെൻഷൻ ലഭിച്ചുവരുന്നവർക്ക് കൃത്യമായി പെൻഷൻ ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. നിരവധി മാസത്തെ പെൻഷൻ കുടിശ്ശികയായി നില നിൽക്കുകയാണ്. അനുവദിക്കപ്പെട്ട പെൻഷൻ മുഴുവൻ പേർക്കും കുടിശ്ശിക സഹിതം ഉടനെ വിതരണം ചെയ്യേണ്ടതാണ്. മൂന്ന് മാസത്തിൽ ഒരിക്കൽ കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർഷകത്തൊഴിലാളി പെൻഷൻ പദ്ധതിക്ക് പുറമെ കർഷകത്തൊഴിലാളി ക്ഷേമനിധിയും നിലവിലുണ്ട്. ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് ജില്ലാ കേന്ദ്രങ്ങളിലാണ്. ഈ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ക്ഷേമനിധിയുമായി ബന്ധപ്പെട്ട ഓഫീസ് പ്രവർത്തനങ്ങൾ നിർവഹിക്കുന്നത് വല്ലപ്പോഴും വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളാണ്. ഇവരുടെ മുൻകൈയ്യോടെ തന്നെയാണ് ഈ പദ്ധതിയിൽ അവരുടെ അംശാദായം അടച്ചു വരുന്നത്. നിരവധി കർഷകത്തൊഴിലാളികൾ ഇനിയും ഈ പദ്ധതിയിൽ അംഗങ്ങളാകേണ്ടതുണ്ട്. ക്ഷേമനിധി ആഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ക്ഷേമനിധി ഓഫീസുകൾ താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്താൽ ഇന്നനുഭവിക്കുന്ന പ്രയാസങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുന്നതുമാണ്.

#### കൈത്തറി തൊഴിലാളി ക്ഷേമനിധി:-

മണിയൂർ, പാലയാട് എന്നീ രണ്ട് കൈത്തറി മേഖലകളിലായി ഏകദേശം 750 ൽ കൂടുതൽ തൊഴിലാളികൾ കൈത്തറി മേഖലയിൽ ജോലിചെയ്തു വരുന്നുണ്ട്. തൊഴിലുടമകളുടേയോ കൈത്തറി സഹകരണ സംഘങ്ങളുടേയോ കീഴിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികൾക്ക് മാത്രമാണ് പെൻഷൻ പദ്ധതി നിലവിലുള്ളത്. സ്വന്തമായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ബാധകമാണെങ്കിലും പെൻഷൻ പദ്ധതി നിലവിലില്ല. പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, ഭവന നിർമ്മാണ പദ്ധതി (പ്രസവാനുകൂല്യങ്ങൾ, മരണാനന്തര ചിലവുകൾക്കുള്ള സാമ്പത്തിക സഹായങ്ങൾ തുടങ്ങിയതൊക്കെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ ആനുകൂല്യങ്ങളൊന്നും തന്നെ ഇന്ന് ലഭിച്ചു വരുന്നില്ല. മേൽപറഞ്ഞ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുകയും കൈത്തറി മേഖലയിൽ എല്ലാ തൊഴിലാളികൾക്കും പ്രായം വരുമാനം എന്നിവ മാത്രം മാനദണ്ഡമാക്കി പെൻഷൻ പദ്ധതി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

#### തൊഴിലില്ലായ്മാ വേതനം :-

നമ്മുടെ പഞ്ചായത്തിലെ നിരവധി യുവാക്കൾക്ക് തൊഴിലില്ലായ്മാ വേതനം ലഭിച്ചുവരുന്നുണ്ട്. SSLC പാസായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകർക്ക് മാത്രമാണ് തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നത്. കുടുംബ വരുമാനം മാനദണ്ഡമാക്കിക്കൊണ്ട് ആണ് ഈ ആനുകൂല്യം നൽകി വരുന്നത്. കുടുംബവരുമാനം പരിഗണിക്കാതെ SSLC പരീക്ഷ പാസ്സായിട്ടില്ലാത്തവർ ഉൾപ്പടെ മുഴുവൻ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ അന്വേഷകർക്കും തൊഴിലില്ലായ്മാ വേതനം ലഭ്യമാക്കേണ്ടതാണ്.

#### നിർമ്മാണ തൊഴിലാളി ക്ഷേമനിധി:-

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽമേഖലയാണ് നിർമ്മാണ മേഖല. 2500ൽ കൂടുതൽ തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്

എന്നാണ് ഏകദേശ കണക്ക്. ഗൾഫ് പണത്തിനെ ആശ്രയിച്ചാണ് ഈ മേഖല ഇന്ന് പ്രധാനമായും നിലനിൽക്കുന്നത്. എന്നാൽ ഗൾഫ് നാടുകളിൽ നിന്നും അനുദിനം വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഈ തൊഴിൽ മേഖലയെ ആകെ കുഴപ്പത്തിലാക്കുന്ന വിധമാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന ക്ഷേമനിധിയും പെൻഷൻ പദ്ധതിയുമാണ് നിലവിലുള്ളത്.

നമ്മുടെ പഞ്ചായത്തിൽ 750ൽ താഴെ വരുന്ന തൊഴിലാളികൾ മാത്രമാണ് ഇതിനകം ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇതിൽ തന്നെ നല്ലൊരു വിഭാഗം സ്ത്രീ തൊഴിലാളികളാണ്. വിവിധ കാരണങ്ങളാൽ ഒരു നല്ല വിഭാഗം തൊഴിലാളികളും ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാതെ മാറി നിൽക്കുകയാണ്. ചുരുങ്ങിയത് 3 വർഷം അംശാദായം അടക്കുന്ന ഒരു തൊഴിലാളിക്ക് 60 വയസ്സു പൂർത്തിയാകുമ്പോൾ പെൻഷനും പെൺമക്കളുടെ കല്യാണത്തിനുള്ള സാമ്പത്തിക സഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്, ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ അപകടം സംഭവിച്ചാൽ ചികിത്സാ സഹായം, പ്രസവാനുകൂല്യങ്ങൾ തുടങ്ങിയ ആനുകൂല്യങ്ങൾ ഒക്കെയാണ് നിലവിലുള്ളത്. ജില്ലാതലത്തിലാണ് ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്.

ഗ്രാറ്റിവിറ്റി, തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി എന്നിവയൊക്കെ പദ്ധതിയിൽ ഉണ്ടെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പെൻഷൻ ലഭിക്കുന്നതിന് ചുരുങ്ങിയത് 3 കൊല്ലം തുടർച്ചയായി അംശാദായം അടക്കണമെന്നത് ഇപ്പോൾ 5 വർഷം എന്നാക്കി ഉയർത്തിയിട്ടുണ്ട്. ഇത് 3 വർഷമാക്കി ചുരുക്കുകയും പെൻഷൻ തുക 100 രൂപയിൽ നിന്ന് 300 രൂപയാക്കി വർദ്ധിപ്പിക്കുകയും വേണം.

ഭവനനിർമ്മാണ പദ്ധതി ഗ്രാറ്റിവിറ്റി എന്നിവയോടുകൂടി ഈ പദ്ധതി വിപുലപ്പെടുത്തേണ്ടതാണ്. താലൂക്ക് തലത്തിൽ ഇതിന്റെ ഓഫീസുകൾ പ്രവർത്തിക്കണം. ഈ പദ്ധതിയെപ്പറ്റി തൊഴിലാളികളെ ബോധവാന്മാരാക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ജോലി എടുക്കാൻ നിർവാഹമില്ലാതെ അവശരായ വൃദ്ധജനങ്ങൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ പ്രയാസങ്ങൾക്ക് ആശ്വാസം കണ്ടെത്തുന്നതിനായി പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതാണ്. ഇതിന്ന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കാൻ കഴിയുമെന്ന് മൂന്നാം വാർഡിലെ ഗ്രാമസഭയിൽ നിന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**ബാലവാടികൾ:-**

രണ്ട് ഹരിജൻ ബാലവാടികൾ ഉൾപ്പടെ ഏഴ് ബാലവാടികളും ഒരു നഴ്സറി സ്കൂളും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. 31 ച.കി.മീ. കൂടുതൽ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ ഈ ബാലവാടികൾ തികച്ചും അപര്യാപ്തമാണെന്നത് തർക്കമറ്റതാണ്. കിന്റർഗാർട്ടൻ സംസ്കാരവും ഇംഗ്ലീഷ് മീഡിയത്തോടുള്ള അഭിനിവേശവും ശിശു വിദ്യഭ്യാസ രംഗത്തും നമ്മുടെ പഞ്ചായത്തിൽ കൂടി വരികയാണ്. സൗകര്യപ്രദമായ ശിശുക്ഷേമ കേന്ദ്രങ്ങളുടെ അഭാവം കാരണം മിക്ക രക്ഷിതാക്കൾക്കും അവരുടെ കുട്ടികളെ ശിശുക്ഷേമകേന്ദ്രങ്ങളിലേക്ക് അയക്കാൻ കഴിയുന്നില്ല. നമ്മുടെ ബ്ലോക്കിനെ ICDS പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും ഓരോ അംഗൻവാടികൾ സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്.

**പൊതു വിതരണം:-**

പതിനാല് പൊതുവിതരണ കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മിക്ക ഷാപ്പുകൾക്കും വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നത് സ്വകാര്യ മൊത്തവിതരണ കേന്ദ്രങ്ങൾ വഴിയാണ്. അളവിലും തൂക്കത്തിലും കൃത്യത പുലർത്താതെയാണ് ഇവിടെ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നത്. ഇതൊരു നിമിത്തമായി മാറ്റിക്കൊണ്ട് പല പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെയും മറ്റും അളവിലും തൂക്കത്തിലും കുറവ് വരുത്തുന്നുണ്ട്. ഇത് കർശനമായി തടയുന്നതിനായി ഇടത്തട്ടുകാരെ ഒഴിവാക്കി പൊതുവിതരണ കേന്ദ്രങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സർക്കാർ ഡിപ്പോവിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതുതായി റേഷൻ കാർഡുകൾ ലഭിക്കുന്നതിന് ഇന്നുള്ള ബുദ്ധിമുട്ടും കാലതാമസവും ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് റേഷൻ കാർഡുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കുവാനും കുറ്റമറ്റതാക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനായി പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഇപ്പോൾ നിലവിലുള്ള സാധനങ്ങൾക്ക് പുറമെ മറ്റ് നിത്യോപയോഗ സാധനങ്ങൾ കൂടി എല്ലാ ഷാപ്പുകൾ വഴിയും സഹായ വിലക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കേണ്ടതുമാണ്.

# സംസ്കാരം

ഉത്കൃഷ്ടമായ ഒരു സാംസ്കാരിക പാരമ്പര്യം പുലർത്തിപ്പോന്ന ഒരു പഞ്ചായത്താണ് മണിയൂർ. നൂറ്റാണ്ടുകളുടെ സാംസ്കാരിക ചരിത്രം ഉൾക്കൊള്ളുന്ന മണിയൂരിനെ കുളിരണിയിച്ചുകൊണ്ട് കുറ്റ്യാടിപ്പുഴ മൂന്ന് അതിർത്തികളിലൂടെയും കടന്നുപോകുന്നു. കുറുമ്പ്രനാട് താലൂക്കിലെ കടത്തനാടിന്റെ തെക്കെ അറ്റത്ത് സ്ഥിതിചെയ്യുന്ന മണിയൂർ, കുറ്റിപ്പുറം കോവിലകത്തിന്റെ അധീനതയിലായിരുന്നു. 104 അംശങ്ങളുണ്ടായിരുന്ന കുറുമ്പ്രനാട് താലൂക്കിലെ മണിയൂർ, മന്തരത്തൂർ, കരുവഞ്ചേരി, പാലയാട് എന്നീ നാല് അംശങ്ങൾ ചേർന്നതാണ് ഇന്നത്തെ മണിയൂർ പഞ്ചായത്ത്.

രാജഭരണത്തിന്റെയും ഫ്യൂഡൽ ഭൂപ്രഭുവർഗ്ഗത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും തിക്തഫലങ്ങൾ ഏറെ അനുഭവിച്ചവരാണ് ഇവിടുത്തെ സാധാരണ ജനങ്ങൾ.

ഉറുമിത്തലപ്പുകൊണ്ട് വീരേതിഹാസങ്ങൾ രചിച്ച കടത്തനാട്ടിലെ യോദ്ധാക്കളുടെ പാരമ്പര്യം വെച്ചുപുലർത്തിയവർ ഈ പഞ്ചായത്തിലും ഉണ്ടായിരുന്നു. കരുവഞ്ചേരിയിലെ എം. എൻ. പുലിക്കിടാവ് ഇവരിൽ ശ്രദ്ധേയനാണ്.

എളമ്പിലാട് ഇന്നും നിലനിൽക്കുന്ന കണ്ണമ്പത്ത് തറവാട്ടിൽ തച്ചോളി ഒതേനൻ വന്നിരുന്നുവെന്ന് വടക്കൻപാട്ടിൽ പരാമർശിക്കുന്നു.

"ആളു വലിയതും കണ്ണമ്പത്ത്
മുതലു വലിയതും കണ്ണമ്പത്ത്"

എന്ന് തച്ചോളി ഒതേനൻ ഈ തറവാടിനെക്കുറിച്ച് പറഞ്ഞതായി വടക്കൻ പാട്ടുകളിൽ കാണുന്നു.

ടിപ്പുവിന്റെ പടയോട്ടകാലത്ത് ഈ പഞ്ചായത്തിലെ എളമ്പിലാട് പ്രദേശത്ത് ഒരു ക്ഷേത്രം തകർക്കുവാൻ ടിപ്പുവിന്റെ പട വന്നപ്പോൾ ഇവിടുത്തെ മുസ്ലീങ്ങൾ ക്ഷേത്രം സംരക്ഷിക്കുവാൻ വേണ്ടി ക്ഷേത്രത്തിനകത്ത് കയറി ബാങ്ക് വിളിക്കുകയും ചെയ്തതിന്റെ ഫലമായി അക്രമത്തിന് വന്ന പടയാളികൾ ക്ഷേത്രം പള്ളിയാണെന്ന് തെറ്റിദ്ധരിച്ച് അക്രമിക്കാതെ തിരിച്ചുപോകുകയും ചെയ്തു എന്ന ഐതിഹ്യം നിലവിൽ ഉണ്ട്. ഈ സംഭവം ഈ പഞ്ചായത്തിലെ മതസൗഹാർദത്തിന്റെ മൂർത്തിമത്ഭാവമായി ഇന്നും നിലനിൽക്കുകയാണ്.

നാടുവാഴിത്ത വ്യവസ്ഥയെ എതിർത്തുകൊണ്ട് ദേശീയപ്രസ്ഥാനം മണിയൂരും ശക്തിപ്പെട്ടു. ഹിന്ദിപ്രചരണം, കള്ളുഷാപ്പ് പിക്കറ്റിംഗ്, സാമൂഹ്യ അനാചാരങ്ങൾക്കെതിരെയുള്ള സമരം മുതലായവയിലൂടെയാണ് പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചത്. കേരളഗാന്ധിയെന്നറിയപ്പെടുന്ന കെ. കേളപ്പന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് നെല്ലാച്ചേരി രാമർകുറുപ്പ്, വാകയാട്ട് നാരായണൻ നമ്പ്യാർ, മീത്തലെ കോമത്ത് നാരായണൻ നമ്പ്യാർ എന്നിവർ പഞ്ചായത്തിൽ ദേശീയപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തു. 1930ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പു സത്യാഗ്രഹത്തിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് പാലയാട് നടയിലും ഉപ്പു കുറുക്കൽ സമരം നടത്തുകയുണ്ടായി.

മുപ്പതുകളിൽ തന്നെ മണിയൂർ ദേവീക്ഷേത്രത്തിൽ കോഴിവെട്ടലിനെതിരെ നടന്ന പ്രക്ഷോഭം ഏറെ ജനശ്രദ്ധ ആകർഷിച്ചു. ഗുരുവായൂർ സത്യാഗ്രഹം ഇതിന്ന് പ്രചോദനമായിരുന്നു.

വടകര സിദ്ധാശ്രമത്തിലെ ശിവാനന്ദ പരമഹംസരുടെ നേതൃത്വത്തിൽ ലോകനാർകാവ് ക്ഷേത്രത്തിലെ വലിയചിറയിൽ നിന്നും ഹരിജനങ്ങളെ കുളിപ്പിക്കുവാൻ വേണ്ടി നടത്തിയ പ്രക്ഷോഭത്തിൽ പഞ്ചായത്തിലെ കുറുന്തോടിയിൽ നിന്ന് ഒട്ടേറെപ്പേർ പങ്കെടുക്കുകയുണ്ടായി. ഈ സമരം മൂലം വളരെപ്പേർക്ക് മർദ്ദനമേൽക്കേണ്ടിവന്നെങ്കിലും ഏറെ ജനശ്രദ്ധ പിടിച്ചു പറ്റിയതായിരുന്നു.

വടക്കെ മലബാറിൽ പൊട്ടിപ്പുറപ്പെട്ട കർഷക കലാപത്തിന് ഈ പഞ്ചായത്തിന്റെ സംഭാവന നിസ്തുലമാണ്. "ചത്താലും ചെത്തും കൂത്താളി" എന്ന മുദ്രാവാക്യവുമായി പി. രാമക്കുറുപ്പിന്റെ നേതൃത്വത്തിൽ ഒരു ജാഥ മന്തരത്തൂർ വഴി കൂത്താളി ലക്ഷ്യമാക്കി നീങ്ങുകയുണ്ടായി. അതുപോലെ 1948ൽ വടകര താലൂക്ക് ഓഫീസിലേക്ക് നടന്ന പട്ടിണിമാർച്ചും ശ്രദ്ധയാകർഷിച്ച ഒരു സമരമായിരുന്നു. തലക്കുടയും പിരിയോലയും ചൂടിയായിരുന്നു ഇവിടെ നിന്നും ആളുകൾ വടകരയിലേക്ക് നീങ്ങിയത്.

1952ൽ സ്ഥാപിച്ച പതിയാരക്കരയിലെ ജ്ഞാനോദയ കലാസമിതിയാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സാംസ്കാരിക കേന്ദ്രം. ഈ സ്ഥാപനം ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

1953ൽ കുറുന്തോടിയിൽ വളരെ വിപുലമായ തോതിൽ ഹൈന്ദവ സാംസ്കാരിക സമ്മേളനം നടക്കുകയുണ്ടായി. സ്വാമി ബോധാനന്ദൻ, കൃഷ്ണപ്രകാശാനന്ദൻ, കാവിൽ. പി. രാമപ്പണിക്കർ, വി. പനോളി എന്നിവർ പ്രസംഗിക്കുകയുണ്ടായി.

ഈ കാലയളവിൽ പഞ്ചായത്തിൽ ഒരു സാംസ്കാരിക

മുന്നേറ്റംതന്നെ നടക്കുകയുണ്ടായി. നാടകങ്ങൾ ഉൾപ്പെടെയുള്ള കലാരൂപങ്ങളിലൂടെ ഇതിന്ന് പ്രേരണകൾ നൽകി. സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ കുറുന്തോടിയിലെ ചാത്തുപ്പണിക്കർ എഴുതിയ 'മലയസമുദായത്തോട്' എന്ന കവിത അക്കാലത്ത് ഒരു പടവാളായി മാറുകയുണ്ടായി.

ഇന്ന് എത്തി നിൽക്കുന്ന തലത്തിൽ നിന്നും തിരിഞ്ഞു നോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമ സംസ്കൃതിയുടെ പോഷകങ്ങളായി വർത്തിച്ചതു കാണാം. ഇതിൽ പ്രധാനപ്പെട്ടത് വിദ്യാലയങ്ങളാണ്. പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം മന്തരത്തൂർ യു.പി. സ്കൂളാണ്. മറ്റു പ്രൈമറി വിദ്യാലയങ്ങളെല്ലാം തന്നെ 40 വർഷം മുമ്പുള്ളതാണ്. മണിയൂർ പഞ്ചായത്ത് സെക്കണ്ടറി സ്കൂൾ സ്ഥാപിതമായത് 1967ൽ ആണ്.

ഡൽഹി ഏഷ്യാഡിൽ തെയ്യം അവതരിപ്പിച്ച് ശ്രദ്ധ പിടിച്ചുപറ്റിയ ചെറിയേക്കൻ മുടപ്പിലാവിൽ സ്വദേശിയാണ്. പ്രശസ്ത സാഹിത്യകാരന്മാരായ പി.ബി. മണിയൂർ, മണിയൂർ ഇ. ബാലൻ, കവിതാ പ്രസംഗത്തിലൂടെ ശ്രദ്ധ പിടിച്ചുപറ്റിയ ടി.കെ.ജി. മണിയൂർ എന്നിവർ ഇപ്പോഴും സാംസ്കാരിക ജീവിതത്തിൽ സജീവത നിലനിർത്തിപ്പോരുന്നു. യശഃശരീരനായ വി.പി.കെ. കുറുന്തോടി കവിതകളിലൂടെയും കുഞ്ഞിക്കേളു പണിക്കർ, കെ. ഗംഗാധരൻ നമ്പ്യാർ എന്നിവർ നാടകപ്രസ്ഥാനത്തിലൂടെയും മികച്ച സംഭാവനകൾ നൽകിയവരായിരുന്നു.

സ്വാതന്ത്ര്യത്തിന് മുമ്പ് ഈ ഗ്രാമത്തിലെ പ്രബലകക്ഷി ഇന്ത്യൻ നാഷനൽ കേൺഗ്രസ്സായിരുന്നു. ഇന്ന് ഈ പാർട്ടികൂടാതെ സി.പി.ഐ.(എം,) സി.പി.ഐ, ജനതാദൾ, മുസ്ലീംലീഗ്, നാഷനൽ ലീഗ്, സി.പി.ഐ.(എം.എൽ) ബി.ജെ.പി. കോൺഗ്രസ്സ് (എസ്), സി.എം.പി, ജെ.എസ്.എസ്. എന്നീ പാർട്ടികളുമുണ്ട്. ഇവയിൽ മിക്കതിന്റെയും യുവജനസംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

കായിക രംഗത്തിന് ഒട്ടേറെ സംഭാവനകൾ നല്കാൻ മണിയൂരിന് കഴിഞ്ഞിട്ടുണ്ട്. വോളിബോൾ രംഗത്തെ പഴയകാലത്തെ 'മലബാർ ചാമ്പ്യൻ' ശ്രീ. പോത്രഞ്ചേരി ഗോപാലൻ നമ്പ്യാർ ഉൾപ്പെടെ ധാരാളം കായിക താരങ്ങളെ സംഭാവന ചെയ്യുവാൻ ഈ പഞ്ചായത്തിന്ന് കഴിഞ്ഞിട്ടുണ്ട്. കായിക രംഗത്ത് ഇന്ത്യയുടെ അഭിമാനമായിരുന്ന പി.ടി.ഉഷയുടെ കോച്ച് എന്ന നിലക്ക് ലോക പ്രസിദ്ധനായ ഇന്ത്യയിലെ പ്രഥമദ്രോണാചാര്യ അവാർഡ് ജേതാവ് ഒ.എം.നമ്പ്യാർ മണിയൂർ പഞ്ചായത്തിലെ മീനത്തുകര സ്വദേശിയാണ്.

തെയ്യങ്ങളുടെയും, തിറകളുടെയും, വോളിബോളിന്റെയും നാടായ മണിയൂരിൽ മത സൗഹാർദ്ദവും, സാഹോദര്യവും എക്കാലവും നിലനിന്നിരുന്നു എന്നത് അഭിമാനകരമാണ്.

ഈ പഞ്ചായത്തിലെ പ്രധാന രണ്ട് മത വിഭാഗങ്ങൾ ഹിന്ദുക്കളും മസ്ലിംകളുമാണ്. 33 അമ്പലങ്ങളും 33 പള്ളികളും ആരാധന നടക്കുന്ന 6 കാവുകളും ഈ പഞ്ചായത്തിലുണ്ട് രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ധാരാളം പ്രസ്ഥാനങ്ങൾ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തനം നടത്തി വരുന്നു.

മുൻ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ അയിത്താചാരങ്ങൾ പോലുള്ള അനാചാരങ്ങൾ ഇല്ലാതാവുകയും വിവിധ ജാതികൾ തമ്മിൽ നല്ല ബന്ധം നിലനില്ക്കുകയും ചെയ്യുന്നുണ്ട് മാതൃഭൂമി ദിനപത്രമാണ് ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള പത്രം മലയാള മനോരമ തൊട്ടടുത്ത് നില്ക്കുന്നു. മാധ്യമം കേരളാകൗമുദി, ദേശാഭിമാനി ചന്ദ്രിക, ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നീ പത്രങ്ങളും ഈ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

ആധുനീക ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ തള്ളിക്കയറ്റം ഈ പഞ്ചായത്തിൽ വായനാ ശീലത്തിന് തടയിടുകയും പരമ്പരാഗതമായി ഇവിടെ നില നിന്നിരുന്ന കായിക വിനോദങ്ങളിൽ വലിയ മാറ്റം വരുത്താനും സർവ്വോപരി വിദ്യാഭ്യാസ നിലവാരത്തിൽ ഒരു ഇടിച്ചൽ തന്നെ സൃഷ്ടിക്കുവാനും കാരണമായിട്ടുണ്ട്.

വായനശാലകളും ലൈബ്രറികളും വളരെ കുറവുള്ള ഈ പഞ്ചായത്തിൽ ഉള്ള ലൈബ്രറികൾതന്നെ സുഗമമായ പ്രവർത്തനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരുന്നു. കെട്ടിടം, ഫർണിച്ചർ എന്നിവക്ക് പുറമെ നിലവാരമുള്ള പുസ്തകങ്ങളുടെ എണ്ണവും വളരെ കുറവാണ് വായനാ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഈ പഞ്ചായത്തിൽ നാമമാത്രമാണ് എന്നത് ശ്രദ്ധേയമാണ്.

വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ ഗ്രാമീണ പുസ്തക വിതരണ പരിപാടികൾ പോലുള്ള ചില പരിപാടികൾ നടപ്പിലാക്കി വരുന്നത് മണിയൂർ ജനതാ ലൈബ്രറി മാത്രമാണ്.

നിലവാരം കുറഞ്ഞതും വൈകാരികത ചൂഷണം ചെയ്യുന്നതുമായ ആനുകാലികങ്ങളും പുസ്തകങ്ങളും വായിക്കുക എന്നതും, അതുപോലുള്ള സിനിമകൾ കാണുക എന്നതും അടുത്തകാലത്ത് നമ്മുടെ സമൂഹത്തിലുണ്ടായ അനഭിലഷണീയമായ മാറ്റങ്ങളാണ്.

ജനങ്ങൾക്കിടയിൽ സാമ്പത്തികമായ ഉന്നമനം ഉണ്ടായതോടെ ധാരാളം അനാചാരങ്ങൾ ഇല്ലാതായിട്ടുണ്ടെങ്കിലും പുതിയ ചില ദുഷ്പ്രവണതകൾ ഉയർന്നു വരുകയും ചെയ്തിട്ടുണ്ട്. വിവാഹം എന്നത് ഇന്ന് ഉയർന്ന പണച്ചെലവുള്ളതും ഇടത്തരക്കാരായ ആളുകളെ കുത്തുപാളയെടുപ്പിക്കുന്നതുമായ ഒരു സംഭവമായി മാറിയിരിക്കുന്നു. ധൂർത്തിന്റെയും അനാവശ്യചെലവുകളുടെയും പൊടിപൂരമായി ഈ രംഗം ഇന്ന് മാറിയിരിക്കുകയാണ് പ്രൊഫഷനൽ കലാസംഘങ്ങൾ നടത്തുന്ന പരിപാടികളുടെ എണ്ണം കൂടിവരികയും നൂറ്റാണ്ടുകളായി നിലനിന്നുപോന്നിരുന്ന നാടൻ കലാരൂപങ്ങൾ പലതും ഈ പഞ്ചായത്തിൽ നിന്ന് അന്യം നിന്നു പോയതായും മനസ്സിലാക്കുന്നു.

### നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലെ എല്ലാ പ്രത്യേക ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളിലൊന്ന് വാർഡുകൾ തോറും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക എന്നുള്ളതാണ് ഒറ്റ പൊതു കേന്ദ്രങ്ങളും ഇല്ലാത്ത വാർഡുകൾക്ക് ഇക്കാര്യത്തിൽ മുൻഗണന നല്കാവുന്നതാണ്.

ഇത്തരം കേന്ദ്രങ്ങൾക്കൊപ്പം പൊതുജനങ്ങളുടെയും മറ്റും സഹരണത്തോടെ ലൈബ്രറികളും വായനശാല

കളും ആരംഭിക്കുക.

ബോധവൽക്കരണത്തിനായി പൊതു ടെലിവിഷൻ സെറ്റുകൾ ഇല്ലാത്ത വാർഡുകളിൽ ഒരു ടി.വി സെറ്റു സ്ഥാപിക്കുക.

സ്കൂൾ വിദ്യാർത്ഥികളിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്കൂൾ തലത്തിൽ മികച്ച പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകിവരുന്ന രീതി ഇന്നുണ്ട് അത് കൂടുതൽ ഫലപ്രദമാക്കുവാൻ മത്സരങ്ങൾ പഞ്ചായത്ത് ബ്ലോക്ക് ജില്ലാ തലത്തിലാക്കുക.

എല്ലാ വായനശാലകളിലും ഗ്രാമീണ പുസ്ത വിതരണ പരിപാടി നടപ്പിലാക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുക. പൊതുജനങ്ങളിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ വായനശാലകളിൽ കാർഷിക കോർണർ, വ്യവസായ കോർണർ, ചെറുകിട തൊഴിൽ കോർണർ എന്നിവ ഏർപ്പെടുത്തി തൊഴിൽ സംരംഭകരെയും കർഷകരെയും ആകർഷിക്കുകയും അവർക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ വായനശാലകളുടെ ആഭിമുഖ്യത്തിൽ നല്കുകയും ചെയ്യുക.

പ്രാദേശിക ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും അർഹമായ പ്രോത്സാഹനങ്ങൾ നല്കുകയും നാടൻ കലകളുടെ പ്രോത്സാഹനത്തിന് പഞ്ചായത്ത് ബ്ലോക്ക് ജില്ലാതലത്തിൽ മത്സരങ്ങൾ നടത്തുകയും ചെയ്യുക.

മദ്യത്തിനും മയക്കുമരുന്നിനും മറ്റു സാമൂഹിക അനാചാരങ്ങൾക്കുമെതിരെ ബോധവൽകരണ പരിപാടികൾ സ്കൂളുകൾ വായനശാലകൾ കലാസമിതികൾ സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ സമയബന്ധിതമായി സംഘടിപ്പിക്കുക.

നല്ല സിനിമകൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ വീഡിയോ ക്ലബ്ബുകൾ ഫിലിം സൊസൈറ്റികൾ എന്നിവ സ്ഥാപിക്കുകയും സ്കൂളുകളിൽ സിനിമകൾ പ്രദർശിപ്പിക്കുകയും ചെയ്യുക.

പഞ്ചായത്തിലെ കലാ–സാംസ്കാരിക പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഗ്രാമ–ബ്ലോക്ക് ജില്ലാ തലത്തിലുള്ള ത്രിതല സംവിധാനം നടപ്പിലാക്കുക

പഞ്ചായത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു കലണ്ടർ ഉണ്ടാക്കുക

## കായികം

### അവലോകനം

കായിക പരിശീലനത്തിനുള്ള സൗകര്യവും ബഹുജന പങ്കാളിത്തവും വളരെ പരിമിതമായ പഞ്ചായത്താണിത്. കായിക വിനോദങ്ങൾ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് കൂടി ഉപകരിക്കുന്നുവെന്ന് നമ്മൾ ശ്രദ്ധിക്കാതെ പോകുന്നു. ജനങ്ങളിൽ മുൻകാലങ്ങളിലുണ്ടായിരുന്ന കായിക താല്പര്യം സമീപ കാലങ്ങളിൽ കുറഞ്ഞുവന്നിരിക്കുകയാണ് ഇത് അഭിലഷണീയമല്ല.

വിദ്യാഭ്യാസ നിലവാരം ഉയർന്നു വരുന്നതിന് ആരോഗ്യമുള്ള വിദ്യാർത്ഥികൾ ആവശ്യമാണല്ലോ? ഇതിന്നായി കായിക രംഗത്തിന്റെ സംഭാവന വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ഉല്പാദന പ്രക്രിയയിലും സ്ഥിതി വിഭിന്നമല്ല എന്ന് നമുക്ക് കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

ഗ്രാമീണ തലങ്ങളിൽ കായിക വിനോദത്തിന് പ്രോത്സാഹനം നല്കുവാൻ നമ്മുടെ മാധ്യമങ്ങളൊന്നും തന്നെ താല്പര്യം കാണിക്കാറില്ല എന്നതും വിളപരിവർത്തനം മൂലം കളിസ്ഥലങ്ങളുടെ അഥവാ കളിസ്ഥലങ്ങളായി ഉപയോഗിച്ചിരുന്ന വയലുകളുടെ ഇല്ലായ്മയും സ്കൂളുകളിൽ ഗ്രൗണ്ടിന്റെ പരിമിതിയും ശാസ്ത്രീയ പരിശീലനം ലഭിക്കാനുള്ള അവസരമില്ലായ്മയും ഈ രംഗത്ത് തളർച്ചയുണ്ടാക്കുവാൻ കാരണങ്ങളായി.

### നിർദ്ദേശങ്ങൾ

കായിക രംഗത്ത് ഈ പഞ്ചായത്തിൽ ഒരു കുതിച്ചുചാട്ടംതന്നെ നടത്തുവാൻ ഇന്നത്തെ സാഹചര്യത്തിലും നമുക്ക് സാധിക്കുന്നതാണ് അതിനായി ചില നിർദ്ദേശങ്ങൾ ഇതിനോടൊപ്പം ചേർക്കുന്നു.

ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം പ്രൈമറിക്ലാസുകളിലും കായിക വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാമുഖ്യം നല്കുകയും അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായതും നമ്മുടെ നാട്ടിൽനിന്ന് അന്യം നിന്നുപോയതുമായ നീന്തൽ. നാടൻ കായിക വിനോദങ്ങൾ തുടങ്ങിയവയിൽ മത്സരം സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും നടത്തുകയും മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ പരിശീലനത്തിന് സാഹചര്യം ഉണ്ടാക്കുകയും ചെയ്യുക.

ചെറുപ്രായത്തിൽ തന്നെ കായികതാരങ്ങളെ കണ്ടുപിടിക്കുവാനുള്ള ഒരു തീവ്രപരിപാടിയുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വിദഗ്ദസമിതി രൂപീകരിച്ച് പരിശീലനം കൊടുക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക. ഇതിന് ബ്ലോക്ക്. ജില്ലാതലത്തിലുള്ള മേൽഘടകങ്ങളും ആവശ്യമായ ഫണ്ടും നലികുക.

പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്പോർട്സ് വികസനത്തിന് ജനകീയ സമിതികളുണ്ടാക്കുകയും നലവിലുള്ള കളിക്കാർക്ക് വേണ്ട പ്രോത്സാഹനവും ശാസ്ത്രീയ പരിശീലനവും ലഭ്യമാക്കുക.

പൊതുജനങ്ങളുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും കൂട്ടായ്മയോടെ പ്രധാനകേന്ദ്രങ്ങളിൽ ഓപ്പൺ എയർ തീയേറ്ററോടുകൂടിയ മിനിസ്റ്റേഡിയം നിർമ്മിക്കുക.

പ്രൈമറി സ്കൂളിലെ ഒരദ്ധ്യാപകന് കായിക പരിശീലനം നല്കി സ്കൂളുകളിൽ അത്തരക്കാരുടെ സേവനം ഉപയോഗപ്പെടുത്തുക

ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന കലാസമിതികൾ പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്ത് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുക.

പഞ്ചായത്ത് തലത്തിൽ വാർഷിക കായികമേളകൾ ഫലപ്രദമായി സംഘടിപ്പിക്കുക. തൊഴിലധിഷ്ഠിത കായിക മേളകളും ഇതോടൊപ്പം നടത്തുക.

## കലാ-സാസ്കാരിക സംഘടനകളുടെ പട്ടിക

| ക്രമ നമ്പർ | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ നില | ഏത് സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1 | ഐക്യ കേരളകാസമിതി & സ്പോർട്സ് ക്ലബ്ബ് മുടപ്പിലാവിൽ | 1953 | 112 | സ്വന്തം | സ്പോർട്സ് കൗൺസിൽ | കലാമത്സരങ്ങൾ വോളിബോൾ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക സാമൂഹ്യ സാംസ്കാരിക പ്രവർത്തനം. |
| 2. | ദേശീയ കലാസമിതി മത്തരത്തൂർ | 1969 | 115 | വാടക | – | കലാസാംസ്കാരിക പ്രവർത്തനങ്ങൾ |
| 3 | വിജ്ഞാൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ കുറുന്തോടി | 1985 | 55 | വാടക | സംഗീതനാടക അക്കാദമി | കലാ, കായിക സാംസ്കാരികപ്രവർത്തനങ്ങൾ |
| 4 | ഫ്രിമെൻസ് ഇന്റർനേഷനൽ | 1992 | 35 | വാടക | നെഹറു യുവകേന്ദ്ര കേരള ബ്ലേഡ്സ്റ്റോണേഴ്സ് ഫോറം | ബോധവൽകരണം, രക്തദാനം |
| 5 | റോയൽ മുതുവന | 1980 | 23 | വാടക | – | വിദ്യാഭ്യാസ, സാസംക്കാരിക പ്രവർത്തനങ്ങൾ |
| 6 | ഉദയ കലാസമിതി മുതുവന | 1985 | 22 | വാടക | – | സാസ്കാരിക പ്രവർത്തനം |
| 7 | ആക്ട് കുറുന്തോടി | 1988 | 41 | വാടക | നെഹറുയുവകേന്ദ്ര ബ്ലഡ് ഡോണേഴ്സ് ഫോറം | ബ്ലഡ് ഡോണേഴ്സ് ഫോറം |
| 8 | സൃഷ്ടി ആർട്സ് & സ്പോർട്സ് ക്ലബ്ബ് എളമ്പിലാട് | 1987 | 50 | – | – | ഗ്രാമസവേനം |
| 9 | സൂര്യ ശ്രീ കലാസമിതി | 1996 | 50 | – | – | കലാസാംസ്കാരിക പ്രവർത്തനം. |
| 10 | സുരഭി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 1978 | 100 | വാടക | – | കലാസാംസ്കാരിക പ്രവർത്തനം |
| 11 | പുഷ്പകലാനിലയം എളമ്പിലാട് | 1970 | 200 | വാടക | – | കലാ– സാംസ്കാരിക സാമൂഹ്യ പ്രവർത്തനങ്ങൾ |
| 12 | മഹാത്മാ കലാവേദി | 1989 | 11 | – | - | കലാസാമൂഹ്യ പ്രവർത്തനം |
| 13 | നവതാര ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 1985 | 75 | വാടക | – | കലാ കായിക പരിപാടികൾ |



261

## കലാ-സാസ്കാരിക സംഘടനകളുടെ പട്ടിക

| ക്രമ നമ്പർ | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ നില | ഏത് സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 14 | ജ്വാല ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 1991 | 100 | - | - | കലാകായിക പ്രവർത്തനം |
| 15 | ഫീനിക്സ് കലാസമിതി ചെരണ്ടത്തൂർ | 1981 | 108 | വാടക | നെഹറു യുവ കേന്ദ്ര സംഗീതനാടക അക്കാദമി | 1. ഇൻഫോർമേഷൻ & ഗൈഡൻസ് സെന്റർ<br>2. വനിതാ ചെറുകിട വ്യവസായ യൂനിറ്റ്<br>3. സ്ക്രീൻ പ്രിന്റിംഗ് യൂനിറ്റ്<br>4. തുടർവിദ്യാഭ്യാസക്ലാസ്<br>5. സാമൂഹ്യസാംസ്കാരിക പ്രവർത്തനം |
| 16 | അനശ്വര കലാസമിതി പിലാത്തോട്ടം | 1990 | 21 | വാടക | - | സാമൂഹ്യ സാംസ്കാരിക പ്രവർത്തനം |
| 17 | ഉദയ കലാസമിതി പുത്തൂർക്കടവ് | 1995 | 25 | വാടക | - | സാമൂഹ്യ സാംസ്കാരിക പ്രവർത്തനം |
| 18 | നവശക്തി കലാവേദി ചെരണ്ടത്തൂർ | 1994 | 25 | വാടക | - | സാമൂഹ്യ സാംസ്കാരിക പ്രവർത്തനം |
| 19 | സാരംഗ കലാവേദി ചെരണ്ടത്തൂർ | 1991 | 51 | വാടക | - | സാമൂഹ്യ സാംസ്കാരിക പ്രവർത്തനം |
| 20 | നവഭാരത് കലാവേദി | 1983 | - | താല്കാലികം | - | റീഡിംഗ് സെന്റർ |
| 21 | കൈരളി കലാസമിതി | 1994 | 153 | വാടക | - | വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനം. |
| 22 | ജൂപ്പിറ്റർ സ്പോർട്സ് ക്ലബ്ബ് മണിയൂർ | 1965 | 125 | സ്വന്തം | സ്പോർട്സ് കൗൺസിൽ | വോളിബോൾ കോച്ചിംഗ് ക്യാമ്പ് ടൂർണമെന്റ് സംഘടിപ്പിക്കുക. |
| 23 | ഗ്രാമീണകലാവേദി മണിയൂർ | 1955 | 160 | വാടക | സംഗീതനാടക അക്കാദമി | നാടകാവതരണം സാംസ്കാരിക പ്രവർത്തനം |
| 24 | ഡയമണ്ട് മണിയൂർ | 1978 | 100 | സ്വന്തം | - | സാംസ്കാരിക പ്രവർത്തനം |
| 26 | ജനകീയ കലാസമിതി | 1977 | 78 | വാടക | നെഹ്റുയുവ കേന്ദ്ര | സാംസ്കാരിക പ്രവർത്തനം |

## കലാ-സാസ്കാരിക സംഘടനകളുടെ പട്ടിക

| ക്രമ നമ്പർ | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ നില | ഏത് സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 27 | പാലയാട് ഭാവന | 1982 | 155 | സ്വന്തം | നെഹ്രുയുവ കേന്ദ്ര<br>സംഗീത നാടക അക്കാദമി | നാടകാവതരണം<br>സാമൂഹ്യ പ്രവർത്തനം |
| 28 | യുവജന മീനത്തുകര | 1989 | 50 | വാടക | നെഹ്രുയുവകേന്ദ്ര | സാമൂഹ്യ പ്രവർത്തനം |
| 29 | ബ്രദേഴ്സ് സ്പോർട്സ് ക്ലബ്ബ് 1 | 993 | 29 | വാടക | - | കലാ കായിക പ്രവർത്തനങ്ങൾ |
| 30 | ഉദയം കലാവേദി | 1992 | 30 | വാടക | - | കലാസാസ്കാരിക പ്രവർത്തനം |
| 31 | പ്രിയദർശിനി യൂത്ത് സെന്റർ<br>പതിയാരക്കര | 1985 | 37 | വാടക | - കലാസാംസ്കാരിക പ്രവർത്തനം | |
| 32 | സേവന മാങ്ങിൽകൈ | 1994 | 32 | വാടക | - | കലാ- സാംസ്കാരിക പ്രവർത്തനം |
| 33 | ജ്ഞാനോദയ കലാസമിതി<br>പതിയാരക്കര | 1952 | 75 | വാടക | സംഗീത നാടക അക്കാദമി | കലാ-സാംസ്കാരിക പ്രവർത്തനം |
| 34 | പ്രണവം പാലയാട് | 1990 | 56 | വാടക | - | കലാ-സാംസ്കാരിക പ്രവർത്തനം |
| 35 | റെഡ് ആർട്സ് ക്ലബ്ബ് പാലയാട് | 1983 | 50 | വാടക | സംഗീതനാടക അക്കാദമി | കലാ-സാംസ്കാരിക പ്രവർത്തനം. |

## വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പട്ടിക.

| ക്രമ നമ്പർ | പേര് | സ്ഥാപിത വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റു അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ഐക്യകേരള മുടപ്പിലാവിൽ | 1953 | D | 2332 | 270 | 16 | ചരിത്ര ബോധവൽകരണം<br>വിദ്യാഭ്യാസ പ്രവർത്തനം |
| 2 | ദേശീയ വായനശാ മന്തരത്തൂർ | 1996 | D | 2345 | 450 | 8 | - |
| 3 | വിജ്ഞാൻ റീഡിംഗ് സെന്റർ | 1985 | - | 45 | - | 7 | - |
| 4 | തുഞ്ചൻ സ്മാരക വായനശാല | 1960 | E | 2630 | 570 | 8 | ചർച്ചാക്ലാസ്സുകൾ– പ്രഭാഷണങ്ങൾ |
| 5 | അനശ്വര ഗ്രന്ഥാലയം | 1985 | F | 1285 | 220 | 7 | ക്ലാസുകൾ, പ്രഭാഷണങ്ങൾ |
| 6 | ഗാന്ധിസ്മാരക ഗ്രന്ഥാലയം ചെരണ്ടത്തൂർ | 1980 | - | 300 | - | - | സെമിനാറുകൾ, ബോധവൽക്കരണം |
| 7 | ജനവിദ്യാകേന്ദ്രം ചെരണ്ടത്തൂർ | 1993 | - | - | - | 6 | അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം |
| 8 | ജനതാലൈബ്രറി മണിയൂർ | 1959 | B | 7000 | 325 | 12 | 1. റൂറൽ ഇൻഫോർമേഷൻ സെന്റർ<br>2. കൃഷിപുസ്തക കോർണർ<br>3. അക്കാദമിക്ക് സെന്റർ<br>4 ഗ്രാമീണ പുസ്തക വിതരണപരിപാടി<br>5. വനപുസ്തക കോർണർ<br>6. യുനസ്കോ – പുസ്തപദ്ധതി |
| 9 | കൈരളി ഗ്രന്ഥാലയം കരുവഞ്ചേരി | 1970 | D | 2400 | 425 | 5 | - |
| 10 | ദേശീയ വായനാശല പാലയാട് | 1982 | D | 2376 | 365 | 7 | സാക്ഷരതാ പ്രവർത്തനം<br>ബോധവൽകരണം<br>ഗ്രാമീണ പുസ്തക വിതരണം |
| 11 | ഏ. കെ. ജി വായനശാല പതിയാരക്കര | 1989 | - | - | - | 1 | - |
| 12 | യുവജന ഗ്രന്ഥാലയം പതിയാരക്കര | 1987 | F | 2387 | 250 | 8 | - |

# വനിതാക്ഷേമം

മണിയൂർ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസഖ്യ 1991 ലെ കാനേഷുമാരി കണക്കുപ്രകാരം 34600 ആണ്. ഇതിൽ 16878 പുരുഷന്മാരും 17722 സ്ത്രീകളുമാണ്. അതായത് മൊത്തം ജനസംഖ്യയുടെ 49.04% പുരുഷന്മാരും 50.96% സ്ത്രീകളുമാണ്. ഇന്നു നമ്മളുടെ പഞ്ചായത്തിലെ ജനസംഖ്യഎതാണ്ട് 40,000ത്തോളം വരുമെന്നാണ് കണക്ക്.

സ്ത്രീകൾ ഏറ്റവും കൂടുതൽ ജോലിചെയ്തിരുന്ന കാർഷിക മേഖലയിൽ നെല്പ്പാടങ്ങൽ ദിർഘകാലവിളയായ നാളികേരത്തിന്ന് വഴിമാറിയപ്പോൾ ഈ രംഗത്തുണ്ടായിരുന്ന സ്ത്രീ തൊഴിലാളികളുടെ എണ്ണം വളരെ കുറഞ്ഞുപോയി.

പരമ്പരാഗത മേഖലയിൽ കയർ, കൈത്തറി രംഗത്തു പരമ്പരാഗത കൈത്തൊഴിൽ മേഖലയിലുമാണ് പഴയപോലെ അല്ലെങ്കിലും കുറച്ചെങ്കിലും തൊഴിലവസരം നിലനില്ക്കുന്നത്. കയർ കൈത്തറി മേഖലകളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്ന തോടുകൂടി കൂടുതൽ തൊഴിൽ കിട്ടാനുള്ള സാധ്യതകളുണ്ട്. പാലയാട് കയർ വ്യവസായ സഹകരണസംഘത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതോടുകൂടി 100 സ്ത്രീ തൊഴിലാളികളക്ക് കൂടി തൊഴിൽ ലഭിക്കും.

സർക്കാർ തലത്തിലും പൊതുമേഖലാ തലത്തിലും സ്ത്രീക്കും പുരുഷന്നും തുല്യജോലിക്ക് തുല്യവേതനം നില നിൽക്കുന്നു. എന്നാൽ നിർമ്മാണ തൊഴിൽ രംഗത്തും കാർഷികരംഗത്തും, ചുമട്ട്തൊഴിൽ, മറ്റ് അധ്വാനിക്കുന്ന മേഖലകളിലും തുല്യ ജോലിക്ക് തുല്യവേതനം സ്ത്രീകളെ സംബന്ധിച്ച് പാലിക്കപ്പെടുന്നില്ല.

താഴെകൊടുത്തിരുക്കുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു

| ക്രമ നമ്പർ | തൊഴിലിന്റെ പേര് | തൊഴിൽ ചെയ്യുന്ന സമയം | പുരുഷൻ | സ്ത്രീ | വ്യവസായം |
|---|---|---|---|---|---|
| 1 | നെൽപാടങ്ങളിലെ കൃഷിപണി | ഉച്ചവരെ | 60 | 40 | 20 |
| 2 | മറ്റ് കാർഷികപ്രവർത്തിയെടുക്കുന്നവർ | ഉച്ചവരെ | 65 | 45 | 20 |
| 3 | കെട്ടിടനിർമ്മാണതൊഴിലാളികൾ | 5 മണിവരെ | 100 | 70 | 30 |
| 4. | കയർ | 5 മണിവരെ | 55 | 40 | 15 |

വിവധമേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | തൊഴിൽ മേഖല | എണ്ണം | ദിവസകൂലി | റിമാർക്സ് |
|---|---|---|---|---|
| 1. | കാർഷികതൊഴിലാളികൾ | 425 | 40 | - |
| 2. | നിർമ്മാണതൊഴിലാളികൾ | 920 | 70 | കോൺക്രീറ്റ് പണി |
| 3. | കൈത്തറി തൊഴിലാളികൾ | 600 | 21 | ശരാശരി |
| 4. | കയർതൊഴിലാളികൾ | 425 | 40 | ശരാശരി |
| 5 | ക്വാറി തൊഴിലാളികൾ | 25 | 60 | |
| 6 | മഹിളാസമാജം ബാലവാടികൾ | 8 | 500/550 | മാസശമ്പളം |
| 7. | ചുമട്ട് തൊഴിലാളികൾ | 500 | 45 | |

പഞ്ചായത്ത് പ്രദേശത്ത് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നു.

| ആകെ | പുരുഷന്മാർ | സ്ത്രീകൾ | വ്യത്യാസം | സ്ത്രീ പുരുഷ അനുപാതം | ശതമാനം |
|---|---|---|---|---|---|
| 429 | 264 | 165 | 99 | 1:1.5 | 39 % |

വിവധമേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പട്ടികയും അവർക്ക് കിട്ടുന്ന വേതനവും പരിശോധിച്ചാൽ സ്ത്രീകൾ മണിയൂർ പഞ്ചായത്തിൽ സാമൂഹ്യമായി വളരെ പിന്നോക്കം നില്ക്കുന്നു എന്ന് കാണാം. നിർമ്മാണ തൊഴിൽ രംഗത്ത് സ്ത്രീകൾ വർദ്ധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നു. നിർമ്മാണതൊഴിൽ രംഗത്തും കാർഷികരംഗത്തും സ്ത്രീതൊഴിലാളികൾക്ക് വർഷത്തിൽ ശരാശരി 200 ദിവസങ്ങളേ ജോലി ലഭിക്കുന്നുള്ളു ജോലി സ്ഥിരത ഈ രംഗങ്ങളിൽ തീരെയില്ല. അപകട സാധ്യതയുള്ള നിർമ്മാണ തൊഴിലാളികളിൽ നല്ലൊരു ശതമാനം സ്ത്രകളും ക്ഷേമനിധിയിൽ ചേർന്നിട്ടില്ല.

സ്ത്രീപുരുഷ വിവേചനം എല്ലരംഗങ്ങളിലും നിലനില്ക്കുന്നു. ഒരേ ജോലിക്ക് രണ്ടു തരം കൂലി, തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് വീട്ടിൽ കുട്ടികളെ സാരക്ഷിക്കേണ്ട ചുമതലയും വീട്ടുജോലി ചെയ്യേണ്ടഭാരവും നിനില്ക്കുന്നു. എന്നാൽ പുരുഷന്മാർക്ക് ജോലിക്ക് ശേഷം വിശ്രമം ലഭിക്കുന്നു.

കാനേഷുമാരി കണക്ക് പ്രകാരം തൊഴിലില്ലാത്ത സ്ത്രീകൾക്ക് (പാചകം, കുട്ടികളെ നോക്കൽ എന്നിവക്ക് പുറമെ) വളർത്തു മൃഗങ്ങൾക്ക് ആഹാരം ശേഖരിക്കുക, വിറക്ശേഖരിക്കുക, അടുക്കളത്തോട്ടം പരിപാലിക്കുക. റേഷൻ കടകളിലും മാർക്കറ്റിലും പോയി സാധനങ്ങൾ വാങ്ങുക എന്നീ ജോലികൾ ചെയ്യേണ്ടതുണ്ട്.

സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള 827 ഓളം വീടുകൾ മണിയൂർ പഞ്ചായത്തിലുണ്ട്. ഇതിൽ വിധവകളാണ് കൂടുതൽ. സ്വന്തമായി തൊഴിൽ കണ്ടെത്താനുള്ള സാധ്യത ഇവരിൽ തുലോം കുറവാണ്.

വിധവാ പെൻഷൻ കിട്ടുന്ന 479 സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. ഇനിയും കുറച്ചുപേർക്ക് വിധവാ പെൻഷൻ കിട്ടാൻ അർഹതയുണ്ട്.

ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ ജനതാദൾ, മഹിളാ കോൺഗ്രസ്സ് എന്നീ സംഘടനകൾ മാത്രമാണ് ഇവർക്ക് രാഷ്ട്രീയ നേതൃത്വം കൊടുത്തു വരുന്നത്.

തൊഴിലില്ലായ്മയാണ് സ്ത്രീകൾ പൊതുരംഗത്ത് വരാതിരിക്കാനുള്ള പ്രധാന കാരണം. പുരുഷന്മാർ ഈ രംഗത്തു ആവശ്യമായ പ്രോത്സാഹനം കൊടുക്കുന്നില്ല. വീടിന്റെ ഭാരിച്ച ഉത്തരവാദിത്വം, മുതിർന്ന സ്ത്രീകളുടെ നിരുത്സാഹപ്പെടുത്തൽ, മറ്റുസാമൂഹ്യ പിന്നോക്കാവസ്ഥ, പുരുഷമേധാവിത്വം എന്നിവ മറ്റുകാരണങ്ങളാണ്.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. 6 മഹിളാസമാജങ്ങളും 7 ബാലവാടുകളും പഞ്ചായത്തിലുണ്ട്. ഇവയിൽ രണ്ടെണ്ണം പട്ടികജാതിക്കാർക്ക് മാത്രമായുള്ളതാണ്. ആവശ്യമായ കുട്ടികൾ ഇല്ലാത്തതുകൊണ്ട് ഇതിന്റെ പ്രവർത്തനം സജീവമല്ല. മഹിളാ സമാജങ്ങളും ബാലവാടികളും നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാനാവശ്യമായ പരിശീലനത്തിന് കഴിവുള്ള സ്ത്രീകളെ നേതൃത്വനിരയിലേക്ക് കൊണ്ടുവരികയും അവരെ ഉപയോഗപ്പെടുത്തി സമാജങ്ങളുടെ പ്രവർത്തനം നടത്തികൊണ്ടുപോവുകയും വേണം. പ്രവർത്തനങ്ങളിലെ പോരായ്മകൾ അതാതുസമയം പരിശോധിച്ചു നിയന്ത്രിക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

DWCRA പദ്ധതിയിൽ നാല് യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എളമ്പിലാട് പ്രവർത്തിക്കുന്ന ചെരിപ്പ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു. 11 സ്ത്രീകൾ ഇതിൽ തൊഴിലെടുത്തിരിക്കുന്നു. ഗ്രാമീണ വനിത ശിശുവികസന സമിതിയാണ് നടത്തി വന്നത്.

**ഡി. ഡബ്ല്യു. സി. ആർ. എ. - മണിയൂർ പഞ്ചായത്ത്**

| ക്രമ നമ്പർ | വാർഡ് നമ്പർ | യൂനിറ്റിന്റെപേര് | പ്രവർത്തന മേഖല | സ്ഥാപിതം വർഷ | അംഗങ്ങളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 4 | ഗ്രാമീണ വനിതാ ശിശുവികസനസമിതി (എളമ്പിലാട്) | ചെരുപ്പ് നിർമ്മാണം | 1991 | 11 | പ്രവർത്തിക്കുന്നില്ല. |
| 2 | 2 | ഗ്രാമീണ വനിതാ ശിശുവികസനസമിതി (മുടപ്പിലാവിൽ) | കരിങ്കല്ല് ഉടക്കൽ | 1992 | 11 | പ്രവർത്തിക്കുന്നില്ല. |
| 3 | 7 | പായ, കുട്ട നിർമ്മാണ യൂനിറ്റ് | പായ, കുട്ട നിർമ്മാണം | 1992 | 15(SC) | തൃപ്തികരമായ പ്രവർത്തനം |
| 4 | 9 | കിരണം ടൈലറിംഗ് | ടൈലറിംഗ് | 1996 | 10 | നല്ല നിലയിൽ പ്രവർത്തിക്കുന്നു. |

മുടപ്പിലാവിൽ ഗ്രാമീണ വനിതാ ശിശുവികസന സമിതിയുടെ കീഴിൽ മെറ്റൽ ക്രഷിംഗ് ജോലിചെയ്യുന്ന 11 സ്ത്രീകളുണ്ട്. ഇതിന്റെ പ്രവർത്തനവും നിലച്ചു പോയി.

മങ്കരയിൽ പ്രവർത്തിക്കുന്ന പായ, കൂട്ട നിർമ്മാണ യൂനിറ്റ് പ്രവർത്തനം നടത്തുന്നുണ്ട് പട്ടികജാതിക്കാരായ 15 പേർക്ക് ഇതിലൂടെ തൊഴിൽ ലഭിക്കുന്നു.

ചെല്ലട്ടുപൊയിൽ പ്രവർത്തിക്കുന്ന കിരണം ടൈലറിംഗ് യൂണിറ്റാണ് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനം 10 വനിതകൾ ഇവിടെ ജോലിചെയ്യുന്നു.

പതിയാരക്കര നാല്സ്ത്രീകൾ ജോലിചെയ്യുന്ന ഒരു ഗാർമെന്റ്സ് നിർമ്മാണ യൂനിറ്റ് ഒരു സ്വകാര്യ വ്യക്തി നടത്തുന്നു.

സ്ത്രീധനത്തിന്റെ പേരിൽ പീഡനമനുഭവിക്കുന്ന ഒട്ടനവധി സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. സ്ത്രീധനം കൊടുക്കുവാൻ സാധിക്കാത്തതുകൊണ്ട് ഒട്ടേറെ യുവതികൾ അവിവാഹിതകളായി കഴിയുന്നു. സ്ത്രീധന സമ്പ്രദായമവസാനിപ്പിക്കുവാൻ ഇന്നത്തെ നിയമത്തിലുള്ള പഴുതുകൾ അവസാനിപ്പിച്ചു നിയമനം കർശനമാക്കേണ്ടതും ബോധവൽകരണം സംഘടിപ്പിക്കേണ്ടതുമാണ്. സ്ത്രീകളുടെ തൊഴിലില്ലായ്മ ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ വ്യാപകമായുണ്ട്. കുടുംബകോടതികൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കണം. വിവാഹമോചനം നടത്തുമ്പോൾ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നത് സ്ത്രീകളാണ്. മദ്യപാന്മാരായ ഭർത്താവിൽ നിന്നുണ്ടാവുന്ന ശാരീരിക പീഢനങ്ങൾവരെ നിത്യസംഭവങ്ങളാണ്. എന്നാൽ പലപ്പോഴും ഇത്തരം ഭർത്താക്കൻമാർക്കെതിരെ നിയമ നടപടികൾ കൈകൊള്ളാൻ കഴിയാറില്ല. സ്ത്രീകൾക്ക് സ്വന്തമായി വരുമാനമില്ലാത്തതുകൊണ്ട് എല്ലാം സഹിക്കുകയെ നിവൃത്തിയുള്ളൂ. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുകയും, സാമൂഹ്യസംഘടനകളും മഹിളാ സംഘടനകളും ഇടപെടുകയും കേസ് കോടതികളിലെത്തിക്കുവാൻ സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

### പ്രശ്നങ്ങൾ

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ കർഷക തൊഴിലാളികൾക്ക് ഭാഗികമായി മാത്രം ലഭിക്കുന്ന തൊഴിൽ സാധ്യത.

വീട്ടമ്മമാർക്ക് ഒഴിവുസമയങ്ങളിൽ കുടിൽ വ്യവസായങ്ങൾ ചെയ്യാനുള്ള സാഹചര്യമുണ്ടാകുന്നില്ല.

അടുക്കളത്തോട്ടം നടത്തുവാൻ ആവശ്യമായ പച്ചക്കറി വിത്തും, പരിശീലനവും ലഭ്യമല്ല.

ജലദൗർലഭ്യം സ്ത്രീകളെ കൂടുതൽ ബാധിക്കുന്നു.

നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ജോലിസ്ഥിരതയില്ല.

ആവശ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ അപര്യാപ്തത.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിത്യം ലഭിക്കുന്നില്ല.

കയർ കൈത്തറി മേഖലകളിലും മറ്റുമേഖലകളിലും അമ്മമാരായ സ്ത്രീതൊഴിലാളികൾക്ക് ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു.

വനിതകൾക്ക് സ്വയം പര്യാപ്തത നേടാനുള്ള സ്ധ്യതകളില്ല.

ടൈലറിംഗ് അറിയാവുന്ന സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ നിലനില്ക്കുന്നു.

ഭൂരിപക്ഷം സ്ത്രീകൾളും വീടുകളിൽ ഒതുങ്ങികഴിയുന്നു.

പൊതുരംഗങ്ങളിൽ സ്ത്രീകൾക്ക് പ്രത്യക്ഷപ്പെടാൻ സാധിക്കുന്നില്ല.

കയർ, കൈത്തറി മേഖലകളിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണെങ്കിലും സ്ഥാപനത്തിന്റെ നടത്തിപ്പിൽ അർഹമായ പങ്കാളിത്തം സ്ത്രീകൾക്കില്ല.

സ്ത്രീകളുടെ സാമൂഹ്യവളർച്ച ഉയർത്താനുള്ള മഹിളാ സമാജങ്ങൾ മറ്റു മഹിളാ സംഘടനകൾ എന്നിവയുടെ പ്രവർത്തനം വേണ്ടത്രയില്ല.

വ്യാജമദ്യവില്പനയും, നിർമ്മാണവും സ്ത്രീകളെ ദോഷകരമായിബാധിക്കുന്നു.

### സാധ്യതകൾ

ദാരിദ്രനിർമ്മാർജ്ജന പരിപാടിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ 50% സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തണം. ഇവരിൽതന്നെ പട്ടികജാതിക്കാരായ സ്ത്രീകൾക്ക് 25% സംവരണം ഏർപ്പെടുത്തേണ്ടതാണ്.

ടൈലറിംഗ് അറിയുന്ന സ്ത്രീകളെ സംഘടിപ്പിച്ച് വാർഡ് അടിസ്ഥാനത്തിൽ മദർയൂനിറ്റോടുകൂടിയ ടൈലറിംഗ് യൂനിറ്റുകൾ തുടങ്ങാനുള്ള സാധ്യതകളുണ്ട്.

വീടുകളിൽ ഒതുങ്ങിക്കഴിയുന്ന സ്ത്രീകളെ പൊതുരംഗത്തുകൊണ്ടുവരാൻ സംഘടിത ശ്രമം നടത്തേണ്ടതാണ്.

മഹിളാസമാജം, അംഗൻവാടി, മഹിളാസംഘടനകൾ എന്നിവ ഇവിടെ ശ്തിപ്പെടുത്തേണ്ടതാണ്.

കയർ, കൈത്തറി മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രതിനിധികൾക്ക് സ്ഥാപനങ്ങളുടെ മാനേജ്മെന്റിൽ 50% സംവരണം ഏർപ്പെടുത്തണം.

റേഷൻകടകളിലും, മാർക്കറ്റുകളിലും നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ പോകുന്നുണ്ട്. 75% സ്ത്രീകൾ ആയതുകൊണ്ടു തന്നെ റേഷൻഷാപ്പുകൾ ഓരോവാർഡിലും സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കണം.

തോടന്നൂർബ്ലോക്ക് ഐ.സി.ഡി.എസ് ബ്ലോക്ക് ആയി പ്രഖ്യാപിക്കുകയും എല്ലാവാർഡുകളിലും അംഗൻവാഡികൾ സ്ഥാപിക്കുകയും വേണം.

സ്ത്രീധനത്തിന്റെ പേരിൽ യുവതികൾ അവിവാഹിതകളായി നിലനില്കുന്നു. അവർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാഹചര്യം ഒരുക്കുക. സ്ത്രീ നിരോധന നിയമം കർശനമാക്കുക. സമൂഹവിവാഹം ഏർപ്പെടുത്തുവാൻ സന്നദ്ധസംഘടനകൾ മുന്നോട്ടുവരിക. മഹിളാ

സമാജങ്ങൾ, മഹിളാ ക്ലബ്ബുകൾ എന്നിവ ഉണ്ടാക്കുക, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം സംഘടിപ്പിക്കുക.

ബാലികാ വിവാഹം ചിലപ്രത്യേക വിഭാഗങ്ങളിൽ ഇന്നും നിലനിൽക്കുന്നു. ഇതിനെതിരെ സ്വയം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ക്രിമിനൽ കേസെടുക്കുവാൻ കോടതികൾ തയ്യാറാവുക.

പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ കക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക.

വ്യാജമദ്യം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമാവുന്നുണ്ടു ഇതിനെതിരെ വാർഡ് അടിസ്ഥാനത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക. മഹിളാ സംഘടനകളുടെയും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തുക.

ഗർഭിണികളായ സ്ത്രീകൾക്ക് പ്രാഥമിക പരിശോധന ലഭ്യമാക്കുവാൻ എല്ലാ സബ്സെന്ററുകളിലും ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും സന്ദർശിച്ച് പരിശോധന നടത്തുകയും കുത്തിവെപ്പും മറ്റും നടത്തുക. നിലവിലുള്ള ഡിസ്പെൻസറി 50 കിടക്കകളുള്ള ആശുപത്രി ആക്കി മാറ്റുക.

പൊതുരംഗത്തു കടന്നുവരുന്ന സ്ത്രീകളെ മുതിർന്ന സ്ത്രീകൾ നിരുത്സാഹപ്പെടുത്തുന്ന പ്രവണതയുണ്ടു. ഭാരിച്ച വീട്ടുജോലിയും ഇതിന്നു തടസ്സമാണ്. എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുകയും വീട്ടുജോലികളിൽ ഭർത്താക്കൻമാർ സഹായിക്കുകയും പൊതുരംഗത്തുവരുവാൻ താല്പര്യമുള്ള സ്ത്രീകളെ പ്രോത്സാഹിപ്പിക്കുവാൻ ഭർത്താക്കൻമാർ തയ്യാറാവുകയും ചെയ്യുക.

എല്ലാവാർഡുകളിലും വനിതാകോർണറോടുകൂടിയ വായനശാലകളും ലൈബ്രറികളും സ്ഥാപിക്കുക. അത്തരം സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ പുസ്തകങ്ങളും പത്രമാസികകളും വീട്ടിലെത്തിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

സ്ത്രീകളുടെ സാക്ഷരതാ നിരക്ക് കുറവ് പിന്നോക്ക വിഭാഗക്കാരിലും ചില പ്രത്യേക പ്രദേശങ്ങളിലുമാണ് കാണപ്പെടുന്നത്. ഇത് പരിഹരിക്കുവാൻ തുടർസാക്ഷരതാപരിപാടികൾ ആരംഭിക്കുക.

ഇപ്പോൾ വനിതകൾക്ക് മാത്രമായി ഈ പഞ്ചായത്തിൽ ഒരു സാക്ഷരതാ ക്ലാസ് നടത്തുന്നത് ചെരണ്ടത്തൂർ ഫീനിക്സ് കലാസമിതിയുടെ നേതൃത്വത്തിൽ മാത്രമാണ്.

വിവാഹധൂർത്ത് സമൂഹത്തിന്റെ ശാപമായിമാറിക്കൊണ്ടിരിക്കുന്നു. ഇതിനെതിരെ സമൂഹമനസാക്ഷി ഉണർത്തുന്ന വിധത്തിൽ ബോധവൽകരണം സംഘടിപ്പിക്കുക.

സ്ത്രീകളിൽ താരതമ്യേന കുറവായിട്ടുള്ള സാമൂഹ്യബോധം വളർത്തുന്നതിന് ചർച്ചാക്ലാസുകൾ, നേതൃത്വപരിശീലന ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും അനാചാരങ്ങൾക്കെതിരെ ബോധവർകരണം നടത്തുകയും ചെയ്യുക.

സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക. മഹിളാസമാജങ്ങൾ വഴിയും അംഗനവാടികൾ, ബാലവാടികൾ വഴിയും കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുക.

സ്ത്രീപുരുഷ സമത്വം വളർത്തണമെങ്കിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും, തൊഴിൽ വരുമാനവും സാമാന്യവിദ്യഭ്യാസവും ലഭിക്കേണ്ടതാണ്.

ബുക്ക് ബൈന്റിംഗ്, ഔഷധച്ചെടികൾ കൃഷിചെയ്യൽ എന്നിവയും ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട പ്രകാരം പരിഗണിക്കേണ്ടതാണ്.

എളമ്പലാട് പ്രവർത്തിക്കുന്ന ചെരിപ്പ് നിർമ്മാണ യൂനിറ്റ് ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് പുനരുദ്ധരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്താൽ കൂടുതൽ സ്ത്രീകൾക്ക് ജോലിലഭിക്കുകയും അതോടൊപ്പം ഒരു ഗാർമെന്റ്സ് നിർമ്മാണയൂണിറ്റ് ആരംഭിക്കുകയുംചെയ്യാനുള്ള സാധ്യതയുണ്ട്. കൂടാതെ വാഴനാരിൽനിന്ന് ഫൈബർ ഉല്പാദിപ്പിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുവാനുള്ള സാധ്യതകളും നിലനിൽനിൽക്കുന്നു. 5-ാംവാർഡിൽ 50 പേർക്ക് തൊഴിൽ കൊടുക്കത്തക്ക രീതിയിൽ എംബ്രോയ്ഡറി, ടൈലറിംഗ് യൂനിറ്റ് എന്നിവക്ക് സാധ്യതയുണ്ട്. തീപ്പെട്ടി, മെഴുക്തിരി, കുട്ട, പായ, ഫർണിച്ചർ എന്നിവക്ക് കൂടി വനിതാ വ്യവസായസഹകരണ സംഘം രൂപീകരിക്കവഴി സാധ്യമാകും

ഒരു ഖാദി നൂൽനൂല്പുകേന്ദ്രം ചെല്ലട്ടുപോയിലുലുണ്ട്. ഇതിനനുയോജ്യമായ വികസന പരിപാടി നടപ്പിലാക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം.

ചെരണ്ടത്തൂർഫിനിക്സ് കലാസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന വനിതാ ക്ഷീരോല്പന്ന നിർമ്മാണ യൂനിറ്റ് ഇപ്പോൾ നേരിടുന്ന പ്രധാനം പ്രശ്നം വിപണന സൗകര്യത്തിന്റെ അപര്യാപ്തയാണ്. ഇതിന്ന് വേണ്ട സഹായങ്ങൾ ലഭ്യമാക്കുക.

നിലവിലുള്ള ഇന്ദിരാജിയന്ത്രവൽകൃത സഹകരണ സംഘം ഉല്പാദനം ആരംഭിച്ചാൽ കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാകും.

ഗാർമെന്റ്സ് നിർമ്മാണം, മെഴുകുതിരിനിർമ്മാണം, മറ്റുവ്യവസായങ്ങൾ യന്ത്രറാട്ട് ഉപയോഗിച്ച് കയർ പിരിക്കുവാനുള്ള പരിശീലനം എന്നിവക്ക് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

അടുക്കളത്തോട്ടത്തിനാവശ്യമായ രണ്ട് സെന്റ് സ്ഥലമെങ്കിലും കൃഷിചെയ്യുവാനുള്ള വിത്തും വളവും., നൽകുകയും അതിന്ന് ഒരു മോണിറ്ററിംഗ് ഏർപ്പെടുത്തകുയും വേണം. ഇതിന്നാവശ്യമായ പരിശീലനവും ബോധവൽകരണവും ലഭ്യമാക്കണം.

പത്തിലധികം സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ, ഫാക്ടറികൾ എന്നിവയോടനുബന്ധിച്ച് അംഗനവാടികൾ അല്ലെങ്കിൽ ഡേകെയർ സ്ഥാപിക്കുക.

കുടിവെള്ളക്ഷാമം മൂലം ഏറെ ബുദ്ധിമുട്ട് സ്ത്രീകൾക്കാണ് ദൂരസ്ഥലങ്ങളിൽ നിന്ന് വെള്ളം തലചുമടായി വീട്ടിൽ എത്തിക്കുവാനുള്ള ബുദ്ധിമുട്ടുണ്ട്. ഇത് പരിഹരിക്കുവാൻ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കേണ്ടതാണ്.

# സഹകരണമേഖല

**ആമുഖം**

രണ്ടാം ലോകമഹായുദ്ധകാലത്തിന്റെ അവസാന കാലഘട്ടത്തിൽ ഭക്ഷ്യക്ഷാമം രൂക്ഷമായ അവസരത്തിൽ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പലപ്രദേശങ്ങളിലും കൃഷിക്കാർ സംഘടിച്ചുകൊണ്ട് മരച്ചീനി വായ്പകമായി കൃഷിചെയ്തു പോന്ന കാലത്താണ് മണിയൂർ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ഈതേ കാലഘട്ടത്തിൽ തന്നെ കൃഷിക്കാരിൽ നിന്ന് നെല്ല് സംഭരിച്ചുകൊണ്ട് ജനങ്ങൾക്ക് വിതരണം ചെയ്യുകയും സർക്കാരിൽ നിന്ന് 4 ആൾക്ക് നാഴി അരി എന്ന തോതിൽ അരിവിതരണം ചെയ്തുകൊണ്ടുമാണ് പഞ്ചായത്തിൽ പി.സി.സി.സൊസൈറ്റി മുടപ്പിലാവിൽ ആദ്യമായി ജന്മം കൊണ്ടത്. സ്വാതന്ത്ര്യപൂർവ്വകാലഘട്ടങ്ങളിലെ ജനകീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് പി.സി.സി. സൊസൈറ്റിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. മണിയൂർ പഞ്ചായത്തിലെ പി.സി.സി.സൊസൈറ്റി 1942 ൽ രൂപം കൊണ്ട് പ്രവർത്തനം ആരംഭിച്ച് ഇന്നത്തെ മന്തരത്തൂർ സഹകരണ റൂറൽ ബേങ്ക് ആയി മാറി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കയാണ്.

1946 കാലഘട്ടങ്ങളിൽ ഉണ്ടർതി, പ്രോനോട്ട് എന്നിവ മുഖേന വ്യക്തികൾക്കും, കൃഷിക്കാർക്കും കടംകൊടുത്ത് കൃഷിക്കാരുടെ ഭൂമി നഷ്ടപ്പെട്ടുപോകുന്ന സാഹചര്യത്തിലാണല്ലോ കേരളത്തിൽ ആകമാനം പി.സി.സി.സൊസൈറ്റി രൂപംകൊണ്ടത്. കൃഷിക്കാരെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുവാൻ പി.സി.സി. സൊസൈറ്റികൾ വിലപ്പെട്ട സംഭാവനകൾ നൽകിയ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ.

മന്തരത്തൂർ ആസ്ഥാനമാക്കി മുടപ്പിലാവിൽ പ്രദേശത്തെ എടവലത്ത് എന്നഭവനത്തിലാണ് ഈ സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തനം സമാരംഭിച്ചത്.

പിന്നീട് ചില സാങ്കേതിക കാരണങ്ങളാൽ 1956 ൽ പതിയാരക്കരയിലുള്ള ചോയിനാണ്ടി എന്ന വീട്ടിൽ പ്രവർത്തനം മാറ്റുകയും 1965 ൽ പതിയാരക്കരദേശത്ത് സ്വന്തമായി കെട്ടിടം സ്ഥാപിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുന്നു.

പി.സി.സി. സൊസൈറ്റിയായി പ്രവർത്തിക്കുമ്പോൾ, വായ്പാ വിതരണത്തോടൊപ്പം റേഷൻഷാപ്പ് നടത്തിപ്പ്, കൺട്രോൾതുണി വിതരണം എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

മൺമറഞ്ഞുപോയവരും, ഇന്ന് ജീവിക്കുന്നവരുമായി ഒട്ടനവധി മനിഷ്യസ്നേഹികളുടെ കൂട്ടയ്മയുടെയും ദേശസ്നേഹത്തിന്റെയും ഗുണഫലമാണ് ഈ സഹകരണ സ്ഥാപനം ഇന്നും ഉന്നതിയിലേക്ക് ഉയർന്നു വരുന്നത്. ഈസ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽനിന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ പി.സി.സി. സൊസൈറ്റിയുടെ സ്ഥാപക പ്രസിഡന്റ് ശ്രീ.പി.ചാത്തുക്കുറുപ്പായിരുന്നു. മയംകള്ളിൽ അബ്ദുള്ളഹാജിതുടങ്ങി 7 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഭരണസമിതിയായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. പിന്നീട് ചിറ്റീന്തിൽ കുഞ്ഞിരാമൻ നമ്പ്യാർ പി.സി.സി. സൊസൈറ്റിയുടെ പ്രസിഡന്റായി സേവനം അനുഷ്ടിച്ചിരുന്നു.

1938 ൽ മണിയൂർ ആസ്ഥാനമാക്കി സഹകരണമേഖലയിൽ കൈത്തറി സഹകരണസംഘം രൂപം കൊള്ളുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തു. അതേസമയത്ത് തന്നെ കൈത്തറിതൊഴിലാളികളെ ചൂഷണത്തിൽ നിന്ന് വിമുക്തമാക്കുന്നതിന്ന് ത്യാഗോജ്വലമായ പ്രവർത്തനം ജനകീയ പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. ഇന്നും മണിയൂർ ആസ്ഥാനമാക്കി ഈ സ്ഥാപനം പം പ്രവർത്തനം നടത്തിവരുന്നുണ്ട്. മൊത്തത്തിൽ മണിയൂർ പഞ്ചായത്തിൽ സഹകരണപ്രസ്ഥാത്തിന്റെ പ്രവർത്തനം പരിമിതമാണ്.

കാർഷിക, വ്യാവസായിക സേവനരംഗത്ത് പുരോഗതി വരുത്തുവാൻ സഹകരണപ്രസ്ഥാനത്തിന്റെ ആവശ്യകതയെകുറിച്ചു ജനങ്ങളിൽ ബോധവൽക്കരണം നടത്തി നമ്മുടെ പഞ്ചായത്തിലെ സഹകരണമേഖലക്ക് ഉയർച്ച കൈവരിക്കുവാൻ നാം ഒരു മനസ്സോടുകൂടി ശ്രമം തുടർന്നുപോകേണ്ടതാണ്.

**സഹകരണസ്ഥാപനങ്ങളുടെ പേര്:**

ക്രഡിറ്റ് മേഖല:

- മന്തരത്തൂർ സഹകരണ റൂറൽബേങ്ക്.

കയർമേഖല

- പാലയാട് കയർ വ്യവസായ സഹകരണസംഘം
- കരുവഞ്ചേരി കയർ വ്യവസായ സഹകരണസംഘം
- ഇന്ദിരാജിയന്ത്രവൽകൃത സഹകരണസംഘം. കരുവഞ്ചേരി
- മങ്കര കയർ വ്യവസായ സഹകരണസംഘം

കൈത്തറിമേഖല

- മണിയൂർ വീവേഴ്സ് സഹകരണസംഘം

സ്റ്റോർ:

- മണിയൂർഎംപ്ലോയിസ് സഹകരണ കൺസ്യൂമർസ്റ്റോർ
- മണിയൂർ പഞ്ചായത്ത് ഹൈസ്ക്കൂൾ സ്റ്റോർ
- മന്ദത്ത്കാവ് യു.പി.സ്ക്കൂൾ സ്റ്റോർ
- കരുവഞ്ചേരി യു.പി.സ്ക്കൂൾ സ്റ്റോർ.
- കുറുന്തോടി യു.പി. സ്ക്കൂൾ സ്റ്റോർ
- മുതുവന യു.പി.സ്ക്കൂൾ സ്റ്റോർ
- മണിയൂർ യു.പി.സ്ക്കൂൾ സ്റ്റോർ
- പട്ടിക ജാതിസഹകരണസംഘം മണിയൂർ

● ലേബർ കോൺട്രാക്ട് സഹകരണസംഘം.

**അവലോകനം:**

## ക്രഡിറ്റ് മേഖല

വായ്പാ രംഗത്ത് പ്രവർത്തിക്കുന്നതും മണിയൂർ പഞ്ചായത്തും തിരുവള്ളൂർ പഞ്ചായത്തിന്റെ തരുവള്ളൂർ വില്ലേജും ഉൾക്കൊള്ളുന്ന പ്രദേശമാണ് മന്തരത്തൂർ റൂറൽ ബേങ്കിന്റെ പ്രവർത്തനമ പരിധി. 1965 ൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഈ സഹ കരസ്ഥാപനത്തിലെ അംഗസംഖ്യ 165 ആയിരുന്നു. അന്നത്തെ പ്രവർത്തന മൂലധനം 20 ലക്ഷം രൂപയായി രുന്നു. കൃഷി ആവശ്യത്തിനായിരുന്നു ആകാലഘട്ട ത്തിൽ പ്രാധാന്യം നൽകിയിരുന്നത് എന്നാൽ ഇന്നത്തെ കണക്ക് പരിശോധിക്കുമ്പോൾ (1996 സ്പതമ്പർ മാസം) അംഗസംഖ്യ 12246 ഉം, ഓഹരിമൂലധനം 5.5 ലക്ഷം രൂപയുമാണ്. ഓഹരിക്ക് ആൾ ഒന്നിന് 5 രൂപയാണ് ഈടാക്കുന്നത്. ഈ സ്ഥാപനത്തിൽ നിക്ഷേപങ്ങളായി 1.35 കോടി രൂപയും വായാപാഇനത്തിൽ 1.33 കോടിരൂ പയുമാണ് നിലവിലുള്ളത്. വിവിധ ആവശ്യങ്ങൾക്കായി വായ്പ നൽകിവരുന്നുണ്ട്. കൃഷി ഇനത്തിൽ 82 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. ഹൈസ്കോ ലോൺ മുഖേന (കക്കൂസ്, വീട് നിർമ്മാണം) ദുർബല വിഭാഗങ്ങൾക്ക് 25768 രൂപ ഈ വർഷം വിതരണം ചെയ്തിട്ടിണ്ട്.

മണിയൂരിലുള്ള പട്ടിക ജാതി സഹകരണസംഘം കൂടുതൽ വിപലീകരിച്ച് ഈ വിഭാഗങ്ങൾക്ക് കൂടുതൽ ഗുണം ചെയ്യുന്നു തരത്തിൽ പുനസംഘടിപ്പിക്കേണ്ട താണ്.

## നോൺ ക്രഡിറ്റ്:

പാലയാട് കയർ വ്യവസായ സഹകരണ സംഘവും, കറുവഞ്ചേരികയർ വ്യവസായ സഹകരണസംഘവും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന രീതിയി ലുള്ള നവീകരണപ്രവർത്തി നടത്തിവരുന്നുണ്ട്. കാർപ്പറ്റ് മറ്റ് കയർ ഉൽപ്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന തര ത്തിൽ ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഉയർത്തേ ണ്ടതുണ്ട്. എന്നാൽ മാത്രമേ കൂടുതൽ മാർക്കറ്റ് പിടി ക്കാനും സ്ഥാപനങ്ങളെ നല്ലരീതിയിൽ ഉയർത്തിക്കൊ ണ്ടുവരാനും സാധിക്കുകയുള്ളൂ.

ഇന്ദിരാജി യന്ത്രവൽകൃത കയർ വ്യവസായ സൊസൈറ്റിയുടെ പ്രവർത്തനത്തിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഉപഭോകൃത സഹകരണസംഘങ്ങളുടെ പ്രവർത്തനം മണിയൂർ പഞ്ചായിത്തിൽ കാര്യക്ഷമമല്ല. മണിയൂരിൽ പ്രവർത്തിക്കുന്ന എംപ്ലോയിസ്കൺസ്യൂ മർ സഹകരസ്ഥാപനം മാത്രമേ ക്ഷമതയോടുകൂടി മുന്നോട്ടുപോകുന്നുള്ളു.

### സഹകര മേഖലയിലെ പ്രശ്നങ്ങൾ

● 1 സഹകരണ പ്രസ്ഥാനങ്ങളെക്കുറിച്ച് ബോധവൽക്ക രണം നടക്കുന്നില്ല.

● സ്കൂൾ സഹകരണസ്റ്റോർ മുഖേന പാഠപുസ്തകമ ല്ലാതെ മറ്റു പഠനോപകരണങ്ങൾ വിതരണം ചെയ്യു ന്നില്ല.

● ക്ഷീരവ്യവസായ രംഗത്ത് പാൽ വിതരണവും സംഭ രണവും നടക്കുന്നില്ല.

● ലേബർ സഹകരണ സംഘം കാര്യക്ഷമമല്ല.

● സഹകരണ സ്ഥാപനങ്ങളിൽനിന്ന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

● സഹകരണ സ്ഥാപനങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ട്.

● സഹകരണ സംഘങ്ങൾ സ്കീമുകൾ തയ്യാറാക്കു ന്നതിൽ താല്പര്യം കാണിക്കുന്നില്ല.

● പാഠശേഖര കമ്മിറ്റി ഒന്നൊഴികെ മറ്റൊന്നും കാര്യ ക്ഷമമല്ല. പ്രവർത്തനശേഷിയില്ല.

● ചുരുങ്ങിയ വിലക്ക് നിത്യാപയോ സാധനങ്ങൾ ലഭി ക്കുന്നില്ല

● പട്ടിജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

● ഉത്പ്പാദന ചെലവുമായി ബന്ധപ്പെടുത്തിയ പാലിന് വിലലഭിക്കാത്തതിന്റെ അഭാവം.

● മൽസ്യസംസ്കരണ സൗകര്യമില്ല.

● കയർസൊസൈറ്റിയിൽ വൈദ്യുതിയില്ലാത്ത പ്രശ്നം

● സഹകരണ നിയമത്തിലെ പ്രശ്നങ്ങൾ

● നിർമ്മാണ രംഗത്ത് മാർക്കറ്റിംഗിന്റെ അഭാവം.

## സാധ്യതകൾ

സഹകരണ സ്ഥാപനങ്ങൾ സ്ഥാപിച്ചാലുണ്ടാകുന്ന ഗുണങ്ങളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കേണ്ട ശ്രമം സംഘടിതമായി നടത്തേണ്ടതാണ്. മണിയൂർ പഞ്ചായത്തിലെ ജനങ്ങളെ സഹകരണ പ്രസ്ഥാന ത്തിന്റെ കീഴിൽ അണിനിരത്തി വിവിധ മേഖലകളിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതുവഴി വിഭവസ മാഹരണം നടത്തുവാനും കൂടുതൽ ലൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും.

സ്ക്കൂൾ സഹകരണ സ്റ്റോറുകൾ മുഖേന സർക്കാർ പാഠനോപകരണങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യ ത്തിൽ ഒതുങ്ങി നില്കാതെ വിദ്യാർത്ഥികൾക്ക് ആവ ശ്യമായ നോട്ടുപുസ്തകം മറ്റ്പഠനോപകഹണങ്ങൾ, യൂനിഫോമുകൾ എന്നിവ വിതരണം ചെയ്യത്തക്കരീതി യിൽ സ്ക്കൂൾ സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരി ച്ചാൽ കുട്ടികൾക്ക് ഉപകാരപ്രദമാവുകയും സ്റ്റോറിന്റെ ആസ്തികൂടുവാനുള്ള സാധ്യതയും ഉണ്ടാകും.

ക്ഷീരവ്യവസായ രംഗത്ത് മണിയൂർ പഞ്ചായത്തിൽ ആരംഭിച്ച രണ്ട് സംരംഭങ്ങൾ നിലച്ചുപോയിട്ടുണ്ട്. ഉൽപ്പാ ദനവുമായി ബന്ധപ്പെട്ട് സംഭരിക്കുന്ന ഏജൻസിക്ക് കൃഷി ക്കാരന് ന്യായമായ വില ലഭ്യമാക്കാൻ സാധിക്കാത്ത ത്കൊണ്ടാണ് നിലച്ചുപോകാൻ കാരണം ഈ പ്രശ്നം പരിഹരിക്കാൻ 50 കൃഷിക്കാരെ സംഘടിപ്പിച്ചുകൊണ്ട് മേഖല അടിസ്ഥാത്തിൽ മുടപ്പിലാമിൽ, പതിയാരക്കര കേന്ദ്രീകരിച്ചും, പാലയാട്, കുരവഞ്ചേരി, മീനത്തുകര കേന്ദ്രീകരിച്ചും, കുറുന്തോടി, മന്തരത്തൂർ, മണിയൂർ എലമ്പിലാട്, ചെരണ്ടത്തൂർ കേന്ദ്രീകരിച്ചും ഓരോക്ഷീ രോല്പാദന സഹകരണ സംഘം രൂപീകരിക്കനുള്ള

സാധ്യ നിലനിൽക്കുന്നുണ്ട്.

ഇന്ന് നിലവിലുള്ള ചെരണ്ടത്തൂർ ലേബർ കോൺട്രക്ട് സഹകരണസംഘം പ്രവർത്തനക്ഷമമല്ല. നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ കോൺട്രേക്ട് സഹകരണസംഘം രൂപീകരിക്കാനുള്ള സാധ്യത ഉണ്ട്.

നിലവിലുള്ള വായ്പാ സഹകരണ സംഘം പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ വടക്കേ അറ്റമായ പതിയാരക്കരയിലാണ്. ഗതാഗതയോഗ്യമല്ലാത്ത സ്ഥലത്ത് സ്ഥിതിചെയ്യുന്നത്കൊണ്ടുതന്നെ ജനങ്ങൾക്ക് ബേങ്മായി ബന്ധപ്പെടാൻ വളരെ അധികം പ്രയാസമുണ്ട്. ആയതിനാൽ സഹകരണ റൂറൽ ബേങ്കിന്റെ ഒരു ശാഖ പഞ്ചായത്തിന്റെ ഇതര കേന്ദ്രത്തിൽ സ്ഥാപിച്ചാൽ ജനങ്ങൾക്ക് ഇടപാട് നടത്തുവാനും, ബേങ്കിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മറ്റ്ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുവാനുള്ള സ്ധ്യതക്ക് തർക്കമില്ല.

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാം ശേഖരക്കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ലാത്തവ മുഴുവൻ കൃഷിക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ജനപങ്കാളിത്തത്തോടെ വിപുലീകരിച്ചാൽ കൃഷിക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരം കാണാനുമുള്ള സാദ്യതകൾ വലുതാണ്.

പൊതുമാർക്കറ്റിൽ നിന്ന് വ്യത്യസ്ഥമായി ഗുണമേന്മയുള്ളതും ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസരിച്ചും മിതമായവിലക്കും നിത്യോപകയോഗ സാധനങ്ങൾ ലഭ്യമാകാത്തത് കൊണ്ടാണ് രൂപീകരിച്ച പല കൺസ്യൂമർ സ്റ്റോറുകളും തകർന്നു പോയത്. സിവിൽ സപ്ലൈയിസ് വഴി മേൽപ്പറഞ്ഞ രീതിയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിയാൽ താഴെപറയുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കുവാനുള്ള സാധ്യതകളുണ്ട്.

9,10,11 വാർഡുകൾ കേന്ദ്രീകരിച്ച് പാലയാട് നടയിലും, 12,13 വാർഡുകൾ കേന്ദ്രീകരിച്ച് നടവയലിലും, 1,2,3,4 വാർഡുകൾ കേന്ദ്രീകരിച്ച വെട്ടിൽ പീടികയിലും 5,6,7 വാർഡുകൾ കേന്ദ്രീകരിച്ച് ചെരണ്ടത്തൂരിലും സ്ഥാപിച്ചുകൊണ്ടും മണിയൂരിൽ നിലവിലുള്ളവ മറ്റ് വാർഡുകളെ ബന്ധിപ്പിച്ച് അതിന്റെ പ്രവർത്തനം ശക്തമാക്കുകയും ചെയ്യുക.

മണിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പട്ടിക ജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കാര്യക്ഷമമല്ലാത്ത മാനേജ്മന്റും ജനപങ്കാളിത്തത്തിന്റെ അഭാവവുമാണ് പ്രവർത്തന രഹിതമാകാൻ പ്രധാന കാരണം. പൊതുജനങ്ങളിൽ നിന്ന് കൂടുതൽ മൂലധനം സ്വീകരിച്ചുകൊണ്ടും സർക്കാരിൽ നിന്ന് ഈ മേഖലക്ക് അനുവദിക്കുന്ന സാംഖ്യയും ഉപയോഗപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ ഈ സഹകരണസംഘം നടത്തിക്കൊണ്ടുപോകാനുള്ള എല്ലാവിധ സാധ്യതകളും ഈ മേഖലയിലുണ്ട്.

മണിയൂർ പഞ്ചായത്തിലെ പ്രധാന മൽസ്യഉൽപ്പാദന കേന്ദ്രമായ ചൊവ്വാപ്പുഴ കേന്ദ്രീകരിച്ച് ധാരാളം മൽസ്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുഴുവൻ മൽസ്യങ്ങളും വിറ്റഴിക്കപ്പെടാതെ ബാക്കിവരുന്നവ സംസ്ക്കരിക്കാനുള്ള ഒരു കേന്ദ്രം സ്ഥാപിക്കാനുള്ള സാധ്യതകൂടുതലാണ്. പാലയാട് കേന്ദ്രീകരിച്ച് മത്സ്യതൊഴിലാളി സഹകരണസംഘം നിലവിൽ വരണം.

എളമ്പിലാട് നിലവിലുള്ള ചെരിപ്പ് നിർമ്മാണയൂനിറ്റ് മാർക്കറ്റിംഗിന്റെ അഭാവം കാരണ നിലച്ചുപോയിട്ടുണ്ട്. മാർക്കറ്റിംഗ് സൗകര്യം നമ്മുടെ പഞ്ചായത്തിൽതന്നെ ഏർപ്പെടുത്തിയാൽ 1,2,3,4 വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് 100 പേർക്ക് തൊഴിൽകൊടുക്കാനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിച്ചുകൊണ്ട് ജനങ്ങളുടെ ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

40 ഓളം തൊഴിലാളികൾ വീടുകൾ കേന്ദ്രീകരിച്ച് കൈത്തറി രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. ഈ രംഗത്ത് തൊഴിൽ അറിയുന്ന 50 ഓളം കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പാലയാട് കേന്ദ്രീകരിച്ച് ഒരു കൈത്തറി സഹകരണസംഘം രൂപീകരിക്കുവാനുള്ള സാധ്യതയുണ്ട്.

തയ്യൽ പരിശീലന രംഗത്തും കുടിൽ വ്യവ്യസായരംഗത്തും പരിശീലനം ലഭിച്ച ആളുകളെ ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ മേഖല അടിസ്ഥാനത്തിൽ തയ്യിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുവാൻ സാധിക്കും.

കരുവഞ്ചേരി, മീനത്തുകര, മുതുവന, മന്തരത്തൂർ എന്നീ പ്രദേശങ്ങളിൽ വിശാലമായികിടക്കുന്ന മേച്ചിൽ സ്ഥലങ്ങളെ ഉപയോഗിച്ചുകൊണ്ട് ആട്, കോഴി, മുയൽ വളർത്തുകേന്ദ്രം സഹകണ അടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള സാധ്യതകൂടുതലാണ്.

മണിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് എണ്ണയാട്ട് കേന്ദ്രവും കൊപ്രസാരണകേന്ദ്രവും സഹകരണ അടിസ്ഥാനത്തിൽ രൂപീകരിക്കാനുള്ള സാധ്യതയുണ്ട്.

തയ്യൽ പരിശീലനം നേടിയ ഒട്ടനവധി യുവതിയുവാക്കൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമാണ് ഇത്തരം ആളുകളെ സംഘടിപ്പിച്ചുകൊണ്ട് രൂക്ഷമായ്ക്കൊണ്ടിരിക്കുന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ അടുസ്ഥാനത്തിൽ തീപ്പെട്ടി, മെഴുക്തിരി, ഗാർമെൻസ് എന്നിവ നിർമ്മിക്കുന്ന ഒരു യൂനിറ്റ് ആരംഭിക്കുവാനുള്ള എല്ലാസാധ്യതകളും നിലവിലുണ്ട്.

## നിർദ്ദേശങ്ങൾ

കാലോചിതമായി മുഴുവൻ ജനങ്ങൾക്കും ഉപയോഗപ്രദമാകുംവിധം സഹകരണനിയമത്തിൽ മാറ്റം വരുത്തണമെന്ന് നിർദ്ദേശിക്കുന്നു.

ഈ പഞ്ചായത്തിൽ പരമ്പരാഗതമായി സമാകരണ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂനിറ്റകൾക്ക് വൈദ്യുതിയുടെ അഭാവം മൂലം അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് ഇത്തരം കേന്ദ്രങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കാനും നിർദ്ദേശിക്കുന്നു.

# പട്ടികജാതിവർഗ്ഗ ക്ഷേമം

മണിയൂർ പഞ്ചായത്തിൽ 590 ഓളം കുടംബങ്ങളിലായി 1991-ലെ കാനേഷുമാരി കണക്ക് പ്രകാരം 2084 പട്ടികജാതിക്കാർ താമസിക്കുന്നു. ഇവരിൽ 1041 പുരുഷന്മാരും 1043 സ്ത്രീകളുമുണ്ട്. പഞ്ചായത്തിൽ അംഗീകരിച്ച 8 ഓളം കോളനികളുണ്ട്. വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടവരാണ് ബഹുഭൂരിഭാഗം പട്ടികജാതിക്കാരും, പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗക്കാരിൽ 90%വും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരാണ്. ഈ പിന്നോക്കാവസ്ഥ പരിഹരിച്ചാലേ ഈ വിഭാഗത്തിന് ആവശ്യമായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ.

നിലവിലുള്ളതും കാലാകാലങ്ങളായി നടന്നു വരുന്നതുമായ പദ്ധതികൾ ഈ വിഭാഗത്തിന് കൃത്യമായി ലഭിക്കുന്നവെങ്കിലും അവയുടെ അശാസ്ത്രീയമായ സമീപനം കാരണം ഈ പദ്ധതികൾ വഴി ഉന്നം വെച്ചഗുണം ഇവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ അത്തരം സമീപനങ്ങളിൽ കാര്യമായ മാറ്റം ആവശ്യമാണ്. നടപ്പിലാക്കുന്ന പരിപാടികൾ വഴി എന്താണ് ലക്ഷ്യം വെക്കുന്നത് എന്നത് ഇതിന്റെ ഗുണഭോക്താക്കളിൽ ഭൂരിഭാഗത്തേയും ബോധ്യപ്പെടുത്തുവാൻ കഴിയാതെ പോകുന്നതും ഇതിനൊരു പരിധിവരെ കാരണമാണ് എന്നത് മനസ്സിലാക്കുന്നു.

ഈ പഞ്ചായത്തിൽ തൊട്ടുകൂടായ്മ പോലുള്ള അനാചാരങ്ങൾ ഇപ്പോൾ നിലവിലില്ല രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ ഭാരവാഹികളായും മറ്റ് സാമൂഹ്യ പ്രവർത്തകരുമായി ധാരാളം പട്ടിക ജാതിക്കാർ ഈ പഞ്ചായത്തിലുണ്ട്.

### നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലെ 13 വാർഡുകളിലായുള്ള ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്നനിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നു.

എല്ലാ കോളനികളിലും വാർഡ് തലത്തിൽ നേഴ്സറി സ്കൂളുകൾ ആരംഭിക്കുക.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൊതു കിണറുകൾ കുഴിക്കുക, ഗുളികപ്പുഴപദ്ധതിയിൻ കീഴിൽ ശുദ്ധജലവിതരണം ലഭ്യമാക്കുക.

എല്ലാവീടുകൾക്കും കക്കൂസുകൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുക.

എല്ലാവാർഡുകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും മരുന്നുകളും ലഭ്യമാക്കുക.

ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വീടുകളിലും ലക്ഷം വീട് കോളനിയിലും വൈദ്യുതി എത്തിക്കുക.

70-80 കാലഘട്ടങ്ങളിൽ അനുവദിച്ച വീടുകൾ മിക്കതും ഭാഗികമായി നശിച്ചുപോയിരിക്കുകയാണ് അതുകൊണ്ട് ഈ കുടുംബങ്ങൾക്ക് പുതുതായി വീട് അനുവദിക്കുക.

കൂട്ടുകുടുംബങ്ങളായി താമസിക്കുന്നവർക്ക് പുതുതായി പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർ പരമ്പരാഗതമായി പായനെയ്ത്ത്, ചുണ്ണാമ്പ് നിർമ്മാണം എന്നവയിൽ ഏർപ്പെട്ടവരാണെങ്കിലും ഭൂരിഭാഗവും കർഷക തൊഴിലാളികളാണ്. പായനെയ്ത്തിനുള്ള കൈതയോല കിട്ടാനായി പഞ്ചായത്ത് പുറമ്പോക്കിൽ കൈതവച്ചു പിടിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ഈറ്റനിർമ്മിക്കുവാൻ ബാംബു കോർപ്പറേഷൻ രണ്ട് സബ്ഡിപ്പോകൾ പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

പശു, ആട്, കോഴിമുതലായവ വളർത്തുന്നതിന് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

കാർഷിക മേഖലയിൽ ഗ്രൂപ്പ്ഫാമിങ്ങ് സമിതികൾ ഉണ്ടാക്കുമ്പോൾ പട്ടികജാതിക്കാർക്ക് മതിയായ പ്രാതിനിധ്യം നൽകുക.

എല്ലാകോളനികളിലും ബോധവൽക്കരണത്തിന്റെ ഭാഗമായി ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.

എൽ. പി.യു.പി. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകവും യൂനിഫോറവും നല്കുക.

മത്സര പരീക്ഷകൾക്കും ഇന്റർവ്യൂവിനും പോകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത മുൻകൂറായി നൽകുക.

IRDP വായ്പ ലഭിക്കാത്ത മുഴുവൻ കുടുംബങ്ങൾക്കും വായ്പ അനുവദിക്കുക

ഹരിജനങ്ങളുടെ വീടും പറമ്പും സംരക്ഷിക്കുവാൻ കയ്യാല കെട്ടുന്നതിന് സാമ്പത്തിക സഹായം നല്കുക.

പട്ടികജാതി വിഭാഗക്കാർക്ക് പ്രകൃതിക്ഷോഭങ്ങളും മറ്റ് ദുരന്തങ്ങളും അനുഭവിക്കുമ്പോൾ 500രൂപയിൽ കൂടാത്ത വിവേചനപരമായ ധനസഹായം അനുവദിക്കുക.

ഈ പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളെയും വാസസ്ഥല വികസനപരിപാടി(IHRD)യുടെ കീഴിൽ കൊണ്ടുവരിക.

എല്ലാ കോളനികളിലും Day care centre സ്ഥാപിക്കുക.

പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുക-ഇങ്ങനെ അനുവദിക്കുമ്പോൾ സാമ്പത്തിക മാനദണ്ഡം പാലിക്കുക.

പായ, കുട്ട എന്നിവയുടെ നിർമ്മാണത്തിനും വിപണനത്തിനും വേണ്ടി എല്ലാ കോളനികളും പൊതു പണിശാലകൾ നിർമ്മിക്കുക.

മങ്കര പ്രദേശത്ത് ഇപ്പോഴുള്ള സ്മശാനത്തിന്ന് മതിൽ കെട്ടി സംരക്ഷിക്കുകയും അതിർത്തി തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്

| നമ്പ്ര് | വാർഡ് | കോളനിയുടെ പേര് |
|---|---|---|
| 1 | 2 | മന്തരത്തൂർ S.C കോളനി |
| 2 | 3 | കുറുന്തോടി S.C കോളനി |
| 3 | 5,6 | ചെരണ്ടത്തൂർ കോളനി. (IHDP) |
| 4 | 7 | മങ്കര S.C കോളനി |
| 5 | 8 | അട്ടക്കുണ്ട് S.C കോളനി |
| 6 | 9 | മീനത്തുകര S.C കോളനി |
| 7 | 9 | കുന്നത്ത്കര S.C കോളനി |
| 8 | 11 | പാലയാട് S.C കോളനി |
| | 5 | എടത്തുംകര S.C കോളനി |

# വ്യവസായം

വ്യവസായത്തിന്റെ കാര്യത്തിൽ മണിയൂർ ഗ്രാമ പഞ്ചായത്ത് വളരെ പരിതാപകരമായ ഒരു അവസ്ഥയിലാണെന്നു കാണാൻ കഴിന്നതാണ്. ഈ പഞ്ചായത്തിൽ വൻകിടവ്യവസായങ്ങൾ ഒന്നും തന്നെയില്ല. വിരലിലെണ്ണാവുന്ന ചെറുകിട വ്യവസായങ്ങൾ തന്നെ ഭൂരിപക്ഷവും ഒരു ദശകത്തിനിടയിൽ ആരംഭിച്ചവമാത്രമാണ്.

ആകെയുള്ള തൊഴിലാളികളിൽ 75% വും നിർമ്മാണത്തൊഴിലിലാണ് ഏർപ്പെട്ടിട്ടുള്ളത്. ഉൽല്പാദക മേഖലയുമായി ബന്ധപ്പെട്ടിരുന്ന കർഷകത്തൊഴിലാളികളിൽ ഏറിയഭാഗവും ഈ രംഗത്തേക്കു മാറിപ്പോയിരിക്കുന്ന ദുഃസ്ഥിതിയാണു കാണുന്നത്. പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, മറ്റുകുടിൽ വ്യവസായങ്ങൾ എന്നിവയിലും ഇതേ തോതിലുള്ള മാറ്റം നടന്നുകൊണ്ടിരിക്കയാണ്.

25 വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിലെ ഏതാനും പ്രദേശങ്ങളിൽ വൈദ്യുതി കടന്നു വന്നെങ്കിലും, അതുപയോഗിച്ചുകൊണ്ടുള്ള ആധുനിക വ്യവസായങ്ങളെപ്പറ്റി ഇതേവരെ ഗൗരവമായി ചിന്തിച്ചിട്ടില്ല. 31.03 ച.കി.മി വിസ്തൃതിയും ഇന്ന് സുമാർ 40,000 ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ 7000 ത്തോളം വീടുകൾ സ്ഥിതിചെയ്യുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ഏറ്റവും അധികം വിദ്യാലയങ്ങളുള്ള ഈ പഞ്ചായത്തിൽ വിദ്യാസമ്പന്നരും, സാങ്കേതിക വൈദഗ്ദ്യം ലഭിച്ചവരുമായ യുവതിയുവാക്കൾ ഏറെയുണ്ട്. ഉയർന്ന സാക്ഷരതയും, മെച്ചപ്പെട്ട ജീവിത നിലവാരവും, ഗണ്യമായ ഉപഭോഗ സംസ്ക്കാരവും ഉണ്ടെങ്കിലും അഭ്യന്തര ഉപഭോഗത്തിനാവശ്യമായ യാതൊരു ഉല്പന്നങ്ങളും ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നില്ല എന്നത് ഈ കാര്യത്തിൽ ശരിയായ ബോധവൽക്കരണം നടന്നില്ല എന്നാണ് കാണുന്നത്. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെയും, കൈത്തറികയർ, മറ്റ് പരമ്പരാഗത കുടിൽ വ്യവസായങ്ങൾ എന്നിവയിലും ജോലിചെയ്യുന്നവരുടെ വിവരം പട്ടിക-1ൽ കൊടുത്തിട്ടുണ്ട്.

സാമ്പത്തിക ശേഷിയുള്ളവർ കുറെ പേരെങ്കിലും ഈ പഞ്ചായത്തിലുണ്ടെങ്കിലും ഈ രംഗത്തേക്ക് മുതൽ മുടക്കാൻ വേണ്ടി അവരെ ആകർഷിക്കാൻ വേണ്ടുന്ന ബോധപൂർവ്വമായ ഒരു ശ്രമവും നടന്നിട്ടില്ല എന്നത് ഇന്നത്തെ ദുഃസ്ഥിതിക്ക് കാരണമായിരിക്കാം.

## കൈത്തറി മേഖല

പരമ്പരാഗത വ്യവസായ രംഗത്ത. ..ണിയൂരിലുള്ള കൈത്തറിക്ക് അതിപുരാതന കാലം മുതലുള്ള ഒരു ചരിത്രമുണ്ട്. എന്നാൽ ഇന്ന് സ്ഥിതി ഏറെ ശോചനീയമാണെന്നു പറയാം. 1938ൽ സ്ഥാപിതമായ മണിയൂർ വിവേഴ്സ് സൊസൈറ്റിയും (പി ആന്റ് എസ്സ്) അതിനു

പട്ടിക - 1

| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പു | സ്ത്രീ | |
| 1. | കൈത്തറി (സഹകരണ മേഖല) | 95 | 65 | 160 |
| 2. | കൈത്തറി (സ്വകാര്യ മേഖല) | 300 | 240 | 540 |
| 3. | കയർ (സഹകരണ മേഖല) | 20 | 200 | 220 |
| 4. | കയർ (സ്വകാര്യ മേഖല) | 7 | 30 | 37 |
| 5. | പരമ്പരാഗത കുടിൽ വ്യവസായം (പായ, കുട്ട നിർമ്മാണം) | 250 | 222 | 472 |
| 6. | കൊല്ലപ്പണി | 15 | - | 15 |
| 7. | ചെറുകിട വ്യവസായങ്ങൾ | 47 | 22 | 69 |
| 8. | ഖാദി യൂണിറ്റ് | 1 | 12 | 13 |
| 9. | അച്ചടി | 7 | 5 | 12 |
| | ആകെ | 742 | 796 | 1538 |

ശേഷം സ്ഥാപിതമായ പുതപ്പണം സൊസൈറ്റിയുമാണ് സഹകരണ മേഖലയിൽ ഈ രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിലുള്ള മണിയൂർ, പാലയാട് പ്രദേശങ്ങളിലെ മുഴുവൻ കൈത്തറി കുടുംബങ്ങൾക്കും ആവശ്യമായ തൊഴിൽ നൽകാൻ ഇവയ്ക്കാവുന്നില്ല. സ്വകാര്യ വ്യക്തികളുടെ കീഴിലാണ് ഗണ്യമായ വിഭാഗം തൊഴിലാളികളും ജോലിചെയ്യുന്നത്. ഹാന്റ് വീവും ഈ രംഗത്ത് കുറച്ച് പേർക്കു തൊഴിലവസരം നൽകുന്നുണ്ട് ഈ മേഖലയെ ആശ്രയിച്ച് മൊത്തം 700 ഓളം തൊഴിലാളികൾ ഇന്നും പിടിച്ചു നിൽക്കുകയാണ്.

കൈത്തറി സംഘങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം നൂലിന്റെയും, ചായത്തിന്റെയും രാസവസ്തുക്കളുടെയും അപ്രതിക്ഷിതമായ വിലക്കയറ്റവും, ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിനുതകുന്നതറികളുടെയും യന്ത്രങ്ങളുടെയും, ഡൈയിങ്ങ് യൂനിറ്റുകളുടെയും ഫാക്ടറി കെട്ടിടങ്ങളുടെയും അഭാവവുമാണെന്ന് പറയാം. കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള ടെക്സ്റ്റയിൽ ടെക്നോളജികോഴ്സിലേക്കു ഓരോ വർഷവും കേരളത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 7 പേരിൽ ഒരാൾ ഈ പഞ്ചായത്തിൽ നിന്നാണ്. ഇത്തരം സാങ്കേതിക വൈദഗ്ദ്യം ലഭിച്ച 15ൽ അധികം പേർ ഈ പഞ്ചായത്തിലുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി മാറി വരുന്ന അഭിരുചിക്കനുസരിച്ച് വൈവിധ്യമാർന്ന തുണിത്തരങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ ഡൈയിങ്ങ് യൂനിറ്റും കെട്ടിടസൗകര്യവും, പ്രവർത്തന മൂലധനവും സംഘങ്ങൾക്കില്ല. തരതമ്യേന കുറഞ്ഞ കൂലിനിരക്കും ഈ മേഖലയെ കൂടുതൽ ദരിദ്രമാക്കുന്നു.

### കയർമേഖല

250 ഓളം പേർ പ്രത്യക്ഷമായും, 100 ഓളം പേർ പരോക്ഷമായും ജോലി ചെയ്യുന്ന മറ്റൊരു പ്രധാന തൊഴിൽ മേഖലയാണ് കയർ വ്യവസായം. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഒരു വലിയഭാഗം സ്ത്രീകൾ ജോലി ചെയ്തിരുന്ന ഈ മേഖല തകർച്ചയെ നേരിടുകയും ഇപ്പോൾ വീണ്ടും പച്ചപിടിച്ചുവരികയുമാണ്. പരിഷ്ക്കാരം വന്നതോടെ പഴയ രീതിയിലുള്ള അഴുക്കത്തൊണ്ട് തല്ലി ചകിരിനാര് നിർമ്മിക്കുന്ന ജോലിക്ക് സ്ത്രീകളെ കിട്ടാതായിരിക്കയാണ്.

കയർ ഉല്പാദിപ്പിക്കുന്ന രണ്ട് യന്ത്രവൽകൃത വ്യവസായ സഹകരണ സംഘങ്ങളാണ് ഈ രംഗത്ത് കാര്യമായി പ്രവർത്തിക്കുന്നത്. ഇതിനുപുറമെ മണിയൂർ മങ്കരയിലുള്ള ഏറെ കുറെ പ്രവർത്തനം മന്ദീഭവിച്ച ഒരു സഹകരണസംഘവും ഉൾപ്പെടെ ആകെ 3 സഹകരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഇവയിൽ ആകെ 250 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ പുതുതായി കരുവഞ്ചേരിയിൽ ഇന്ദിരാജിയന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘം എന്ന പേരിൽ ഒരു ഡിഫൈബറിങ്ങ് യൂനിറ്റ് റജിസ്റ്റർ ചെയ്തു (N0.D.908) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രത്യക്ഷത്തിൽ 50 പേർക്കും, പരോക്ഷമായി 25 പേർക്കും ജോലി ലഭിക്കുന്നതാണ്. ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ പേർക്കു ജോലിചെയ്യാൻ കഴിയുന്ന ഈ മേഖലയെ അലട്ടുന്ന മറ്റൊരുപ്രശ്നം പച്ചത്തൊണ്ട് ആവശ്യത്തിനു കിട്ടുന്നില്ല എന്നതാണ്. ഭക്ഷണം പാചകം ചെയ്യാനുള്ള ഇന്ധനമായും, കൃഷി സ്ഥലം തൂർക്കാനും ചകിരി അനിയന്ത്രിതമായി ഉപയോഗിക്കുന്നതുമൂലം കയർ ഉല്പാദനത്തിനാവശ്യമായ പച്ചത്തൊണ്ട് ലഭിക്കുന്നില്ല. തരതമ്യേന മെച്ചപ്പെട്ട കൂലി നൽകാൻ കഴിയുന്നില്ല എന്നതും പ്രതിസന്ധിക്കു കാരണമാണ്.

വ്യവസായ സഹകരണ സംഘങ്ങളുടെ പട്ടിക – 2 ചുവടെ കൊടുക്കുന്നു

### ഖാദിമേഖല

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ ഒരു ഖാദി നൂൽ നൂല്പ് കേന്ദ്രം ഈ പഞ്ചായത്തിലെ 9ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 13 വനിതകൾ ജോലിചെയ്യുന്നുണ്ട്. കൂടാതെ സ്വകാര്യമേഖലയിൽ 50 ഓളം പേർ ഖാദിനെയ്ത്തും നടത്തുന്നുണ്ട്. കുറഞ്ഞ കൂലി നിരക്ക് ഈ രംഗത്തെ തൊഴിലാളികളെ അസംതൃപ്തരാക്കിയിരിക്കയാണ്.

### തടിവ്യവസായം

തടിവ്യവസായവുമായി ബന്ധപ്പെട്ട് ഫർണിച്ചർ, ഗൃഹനിർമ്മാണത്തിനാവശ്യമായ കട്ടില, ജാലകം എന്നിവനിർമ്മിച്ചുകൊടുക്കുന്ന ചെറുകിട യൂനിറ്റുകൾ

പട്ടിക 2

| ക്രമ നമ്പർ | ഇനം | മെമ്പർമാർ | തൊഴിലാളികളുടെ എണ്ണം | | ലാഭം | നഷ്ടം |
|---|---|---|---|---|---|---|
| | | | പു | സ്ത്രീ | | |
| 1. | പാലയാട് കയർ വ്യവസായ സഹകരണ സംഘം | 1426 | 10 | 100 | | 150000 |
| 2. | കരുവഞ്ചേരി കയർ വ്യവസായ സഹകരണ സംഘം | 500 | 10 | 100 | | 108000 |
| 3. | മണിയൂർ മങ്കര കയർ സഹകരണ സംഘം | | | | | |
| 4. | മണിയൂർ നെയ്ത്തു സഹകരണ സംഘം | 576 | 45 | 30 | 30000 | |
| 5. | പുതുപ്പണം നെയ്ത്തു സഹകരണ സംഘം | 410 | 50 | 30 | | |

ആരംഭിച്ചുവെങ്കിലും പ്രവർത്തനം നിലച്ചുകൊണ്ടിരിക്കയാണ്. ആവശ്യമായ തടിയുടെ ലഭ്യതയും, പണം മുടക്കാനുള്ള ശേഷിയും ഇല്ലാത്തതാണ് ഈ രംഗത്തെ പ്രധാന പ്രതിസന്ധിക്കു കാരണം

ഈ അടുത്ത കാലത്തായി കെട്ടിടനിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലും സാർവ്വത്രികമായും വന്നതോടെ ഉല്പാദനമേഖലയായ കൃഷി, കൈത്തൊഴിൽ, കൈത്തറി, കയർ മേഖലയിൽ ജോലി ചെയ്തിരുന്ന കുറെ തൊഴിലാളികൾ മേല്പറഞ്ഞ രംഗത്തേക്കുമെച്ചപ്പെട്ട കൂലിയും തൊഴിൽ ദിനങ്ങളും തേടി പോയിക്കൊണ്ടിരിക്കയാണ്. ഉയർന്ന കൂലി നിരക്കാണ് താരതമ്യേന അപകട സാധ്യതയുള്ള ഈരംഗത്തേക്കു സ്ത്രീ തൊഴിലാളികളെ കൂടി ആകർഷിച്ചിട്ടുള്ളത്. ചെങ്കല്ല് വെട്ട്, ചെങ്കല്ല് കെട്ടൽ, പൂഴിവാരൽ, പാറപൊട്ടിക്കൽ, കോൺഗ്രീറ്റ് പണി, കരിങ്കല്ല്കെട്ട് പണി തുടങ്ങിയ വിവിധതരം തൊഴിലിൽ കഴിഞ്ഞ 10 വർഷമായി തൊഴിലാളികളുടെ ക്രമാതീതമായ വർദ്ധനവാണ് കാണുന്നത്. വിദേശപണത്തിന്റെ വരവ് കുറയുന്നതോടെ ഈ രംഗത്ത് ഭീഷണമായ തിരിച്ചടി ഉണ്ടാകുമെന്ന് കരുതേണ്ടിയിരിക്കുന്നു.

### പരമ്പരാഗതകുടിൽ വ്യവസായങ്ങൾ

ചിരപുരാതനമായ കാലം മുതൽ നിലനിന്നിരുന്ന കൈതോലപായനെയ്ത്തും, ഈറ്റകൊണ്ടുള്ള കുട്ട, മുറം നിർമ്മാണവും, ഇന്ന് പ്രതിസന്ധിയിലാണ്. ഇവർക്കാവശ്യമായ കൈതോലയും ഈറ്റയും ആവശ്യാനുസരണം ലഭിക്കാത്തതും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനാവശ്യമായ ആധുനിക സങ്കേതങ്ങൾ പരിശീലിക്കാത്തതും ഈ രംഗത്തുള്ള വലിയ പ്രശ്നങ്ങളാണ്. അധ്വാനത്തിനനുസരിച്ചുള്ള കൂലിലഭിക്കാത്തതും ഈ മേഖലയിലെ മുരടിപ്പിന് ഒരു കാരണമാണ്.

അതുപോലെ കക്കശേഖരിച്ച് കുമ്മായ മുണ്ടാക്കി നാട്ടിലുള്ള കാർഷികാവശ്യങ്ങൾക്കും, നിർമ്മാണ പ്രവർത്തനങ്ങൾക്കും നൽകിവന്നിരുന്ന തൊഴിലും തകർച്ചയിലാണ്. മാവൂർ ഗ്വോളിയോർ റയോൺസിന്റെ ആവിർ ഭാവത്തോടെ കക്കയുടെ ഉപയോഗം വർദ്ധിച്ചതുകാരണം ഇന്ന് സുലഭമായി കക്കലഭിക്കുന്നില്ല.

ആവശ്യത്തിന് ചകിരിനാര് കിട്ടാത്തത് ചൂടിനിർമ്മിച്ചിരുന്ന ഗ്രാമീണസ്ത്രീകളുടെ കൈത്തൊഴിൽ നാമാവശേഷമാക്കിയിരിക്കുകയാണ്. കാർഷികരംഗത്തു ആധുനിക ഉപകരണങ്ങളുടെ കടന്നു കയറ്റവും കമ്പനി ഉൽല്പാദിപ്പിക്കുന്ന ഉപകരണങ്ങളുടെ ലഭ്യതയും ഗ്രാമീണ കൊല്ലപ്പണിചെയ്തിരുന്ന കുടുംബങ്ങളെ പ്രതിസന്ധിയിലാക്കി. സ്വർണ്ണപ്പണിചെയ്തിരുന്ന കുടുംബങ്ങളുടെ സ്ഥിതിയും ഭിന്നമല്ല. മാറിവരുന്ന ഫാഷനുകളുടെ തിളക്കത്തിൽ കമ്പനി ഉൽപ്പന്നങ്ങൾക്കുപ്രിയം കൂടിയത് ഈ വിഭാഗം തൊഴിലാളികളെയും പ്രതികൂല

**പട്ടിക – 3**

**വിവിധ മേഖലകളിലെ കൂലി നിരക്ക്**

| ക്രമ നമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പു | സ്ത്രീ |
| 1. | കയർ | 55 | 40 |
| 2. | കൈത്തറി | 35 | 25 |
| 3. | തടിവ്യവസായം | 100 | .. |
| 4. | അച്ചടി പ്രിന്റർ | 75 | 75 |
| 5. | അച്ചടി കമ്പോസിറ്റർ | 35 | 35 |
| 6. | ഓയിൽ മില്ല് | 50 | .. |
| 7. | ഭക്ഷ്യസംസ്ക്കരണം | 50 | .. |
| 8. | പായനെയ്ത്ത് (കുടുംബ തൊഴിൽ) | 40 | 40 |
| 9. | കാർഷികപ്രവൃത്തി | 65 | 50 |
| 10. | എഞ്ചിനിയറിംങ്ങ് | 75 | .. |
| 11 | കല്ല്വെട്ട് | 75 | .. |
| 12 | ഖാദി | 45 | 30 |
| 13 | പൂഴിവാരൽ | 100 | 50 |
| 14 | ചെങ്കല്ല് കെട്ട് | 100 | 70 |
| 15 | കരിങ്കല്ല്കെട്ട് | 110 | 70 |
| 16 | കോൺഗ്രീറ്റ്പണി | 100 | 70 |
| 17. | പ്ലാസ്റ്ററിങ്ങ് | 90 | 70 |

മായി ബാധിച്ചിരിക്കുകയാണ്.

**വ്യവസായ് മേഖലകളിൽ അനുഭവപ്പെടുന്ന പ്രധാനപ്രശ്നങ്ങൾ**

1. മുഖ്യകാർഷികോൽല്പന്നമായ നാളീകേരം വ്യവസായ രംഗത്തു പ്രയോജനപ്പെടുത്തുന്നില്ല.

2. സഹകരണ മേഖലയിലെ കയർ വ്യവസായ നഷ്ടം

3. കയർ, കൈത്തറി, ഖാദി, അച്ചടി, വ്യവസായങ്ങളിലെ കുറഞ്ഞ കൂലിനിരക്ക്. പട്ടിക-3 അന്യത്ര ചേർത്തിട്ടുണ്ട്.

4. സ്ത്രീകൾക്കു തൊഴിലവസരം കുറവ്

5. നൂലിന്റെയും, ചായത്തിന്റെയും, രാസവസ്തുക്കളുടെയും അപ്രതീക്ഷിതമായ വിലക്കയറ്റം.

6. സാങ്കേതിക വൈദഗ്ദ്യമില്ലായ്മ.

7. സാമ്പത്തിക സഹായം ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.

8. വിപണന സൗകര്യമില്ലായ്മ

9. വ്യവസായ ലൈസൻസ് ലഭിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കാലതാമസം വരുത്തുന്നു.

10. തടി വ്യവസായത്തിനാവശ്യമായ മരം ലഭിക്കുന്നില്ല.

11. പച്ചത്തൊണ്ട്, കൈതോല, ഈറ്റ, കക്ക എന്നിവയുടെ ദൗർലഭ്യം

12. വൈദ്യുതിയുടെ അഭാവം പുതിയ സംരംഭകരെ നിരാശരാക്കുന്നു

13. വ്യവസായ സംരംഭകർക്കു വേണ്ടുന്ന തെയ്യാറെടുപ്പിനുള്ള പ്രേരണയുടെ അഭാവം

14. നാളീകേരം ഉണ്ടകൊപ്രക്കു വേണ്ടി സൂക്ഷിച്ചു വെക്കുന്നതുകാരണം പച്ചത്തൊണ്ട് കയർ വ്യവസായ

**പട്ടിക - 4**

**ചെറുകിട വ്യവസായ യൂനിറ്റുകൾ നിലനിലുള്ളത്**

| ക്രമ നമ്പർ | ഇനം | യൂനിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പു | സ്ത്രീ | |
| 1. | തടിവ്യവസായം | 6 | 15 | | 15 |
| 2. | എഞ്ചിനിയറിങ്ങ് | 2 | 6 | | 6 |
| 3. | ആയുർവേദ മരുന്ന് | 1 | 3 | 3 | 6 |
| 4. | അച്ചടി | 3 | 7 | 5 | 12 |
| 5. | ഖാദി | 1 | 1 | 13 | 14 |
| 6. | ഭക്ഷ്യസംസ്ക്കരണം | 13 | 13 | | 13 |
| 7 | ഹാച്ചറി | 1 | 5 | 1 | 6 |
| 8 | റെഡിമെയിഡ് നിർമ്മാണം (വനിത) DWCRA | 1 | | 10 | 10 |
| 9 | പായ കൂട്ട നിർമ്മാമം DWCRA (SC) | 1 | | 15 | 15 |

**പട്ടിക 5**

**പരമ്പരാഗത കുടിൽ വ്യവസായങ്ങൾ**

| ക്രമനമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പു | സ്ത്രീ | |
| 1. | കൈതോലപ്പായ, കൂട്ടനിർമ്മാണം | 250 | 222 | 472 |
| 2. | കുമ്മായനിർമ്മാണം | 6 | 4 | 10 |

ത്തിനു ലഭിക്കുന്നില്ല.

## സാധ്യതകൾ

ഈ പഞ്ചായത്തിലെ ജോലി എടുക്കുന്നവരിൽ ഒരു ഗണ്യമായ ശതമാനം ആളുകളും മറ്റു പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും നഗരങ്ങളിലുമായി ജോലി ചെയ്യുന്നവരാണ്. കൂടാതെ വലിയ ഒരു വിഭാഗം കേരളത്തിനുപുറത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും, വിദേശങ്ങളിലുമാണ് ജോലിചെയ്തുവരുന്നത്. വിദേശത്തു ജോലി ചെയ്യുന്നവരിൽ നിന്ന് ഗണ്യമായ ഒരു തുക വ്യവസായ സംരംഭങ്ങൾക്കുവേണ്ടി സമാഹരിക്കാൻ കഴിയുന്നതാണ്. മൂന്നു ഭാഗവും കുറ്റ്യാടി പുഴയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ പ്രദേശം വളരെ ഏറെ വ്യവസായ സാധ്യതകളുള്ള ഒരു പഞ്ചായത്താണ്. വിപുലമായ ഒരു റോഡു ശൃംഖലയും, വൈദ്യുതിലൈനും, ഭൂമിയുടെ ലഭ്യതയും ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നുണ്ട്.

## വൻകിട വ്യവസായങ്ങൾ

മണിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക. കൊപ്ര, ചിരട്ട ചകിരി, ചകിരിച്ചോറ്, വെളിച്ചെണ്ണ എന്നിവഉപയോഗിച്ചുള്ള വ്യവസായങ്ങൾ. ഇതിനാവശ്യമായ ഒര് ഏക്രസ്ഥലം 3ാം വാർഡിൽ നിന്നു ലഭിക്കുന്നതാണെന്ന് ഗ്രാമസഭയിൽ നിന്നു നിർദ്ദേശം വന്നിട്ടുണ്ട്.

## ചെറുകിട വ്യവസായങ്ങൾ
## മിനിവ്യവസായ എസ്റ്റേറ്റ്

കാലക്രമേണ ഭൂമിയുടെ ലഭ്യത കുറയുന്നതുകൊണ്ട് കരുവഞ്ചേരി മലയിൽ മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എല്ലാമുള്ള അനുയോജ്യമായ 5ഏക്രസ്ഥലം പഞ്ചായത്ത് ഏറ്റടുത്ത് ഒരു വ്യവസായ ശൃംഖല സ്ഥാപിക്കുന്നതിനുള്ള കെട്ടിട സമുച്ചയം നിർമ്മിച്ച് വ്യവസായ സംരംഭകർക്ക് വാടകക്കു കൊടുക്കുക.

## കൈത്തറി

പരമ്പരാഗത വ്യവസായമേഖലയിൽ കൈത്തറി ഈനൂറ്റാണ്ടിന്റെ ആരംഭകാലത്ത് മണിയൂർ, പാലയാട് തെരുവുകളിൽ കുടുംബത്തൊഴിലായി നിലനിന്നിരുന്ന. 1970കളിൽ വിദേശത്ത് ക്രൈപ്പ് തുണികൾക്കുണ്ടായ പ്രിയം ഒട്ടേറെ പേരെ ഈ രംഗത്തേക്കാകർഷിക്കുകയും നല്ലൊരു വിഭാഗം തൊഴിൽ വൈദഗ്ദ്യം നേടുകയും ചെയ്യുകയുണ്ടായി തുർന്നുള്ള കാലങ്ങളിൽ വിപണി പിറകോട്ടടിച്ചപ്പോൾ നേരത്തെ ഉണ്ടായിരുന്ന കൈത്തറിത്തൊഴിലാളികൾപോലും ഈ രംഗം ഉപേക്ഷിക്കേണ്ടിവന്നു. ഇപ്പോൾ രണ്ട് സഹകരണ സംഘങ്ങളിലും സ്വകാര്യമേഖലകളിലുമായി 700 ഓളം പേർ ഈ മേഖലയെ ആശ്രയിച്ചുകഴിയുന്നു ആധുനിക രീതികളിലുള്ള തറികളും മാറിവരുന്ന ഫാഷനനുസരിച്ച് തുണിത്തരങ്ങൾ നിർമ്മിക്കാനുതകുന്ന സാങ്കേതിക സൗകര്യങ്ങളും, വിപുലമായ ഡൈയിങ്ങ് യൂനിറ്റോടുകൂടിയ തൊഴിൽശാലയും മിതമായ വിലക്കു നൂൽ, ചായങ്ങൾ രാസവസ്തുക്കൾ എന്നിവ ലഭ്യമാക്കുകയും ചെയ്താൽ ഇവിടത്തന്നെയുള്ള വിദഗ്ദരെ ഉപയോഗപ്പെടുത്തു ഈ രംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ നടത്താൻ കഴിയുന്നതാണ്. കൂടാതെ തുണികൾ ചായം മുക്കൽ ഡിസൈൻ പ്രിന്റിംഗ്, ചെണ്ട നിർമ്മാണം, ഗാർമെന്റ്സ് നിർമ്മാണം തുടങ്ങിയ ഉപതൊഴിലുകളും ഈ രംഗത്ത് പ്രവൃത്തിക്കുന്ന സ്ത്രീത്തൊഴിലാളികൾക്കു തൊഴിൽ ഉറപ്പ്വരുത്താൻ സഹായകരമാണ്.

## കയർ

കയർമേഖലയിൽ യന്ത്രവൽകൃത ജോലി പൂർത്തിയാവുകയും കരുവഞ്ചേരിയിൽ നിർമ്മാണത്തിലിരിക്കുന്ന ഡിഫൈബറിംങ്ങ് യൂനിറ്റ് പ്രവർത്തനം തുടങ്ങുകയും ചെയ്യുന്നതോടെ കുറെ ഏറെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. ഈ വ്യവസായത്തിനാവശ്യമായ പച്ചത്തൊണ്ട് ലഭ്യമാക്കാൻ വേണ്ടുന്ന പ്രവർത്തനങ്ങളും നടത്തണം. കയർ ഉപയോഗിച്ചുകൊണ്ടുള്ള മറ്റുല്പന്നങ്ങൾ നിർമ്മിക്കാനുള്ള ഉപഘടകങ്ങളും ആരംഭിക്കണം.

## വനിതാ വ്യവസായങ്ങൾ

വനിതാവ്യവസായങ്ങൾ ആരംഭിക്കുന്നതിന് 17 ഇനങ്ങൾ ഗ്രാമസഭയിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇവ പട്ടിക– 6ൽകൊടുത്തിട്ടുണ്ട്. വിവിധോദ്ദ്യേശസഹകരണസംഘം ഇതിൽ പ്രത്യേകം ശ്രദ്ധഅർഹിക്കുന്നു. ഇതിനാവശ്യമായ വിഭവസമാഹരണം നടത്താനുള്ളസാധ്യത ഏറെയുണ്ട് DWCRA പദ്ധതിയിൻ കീഴിൽ ആരംഭിച്ച ഒരു ചെരിപ്പ് നിർമ്മാണയൂനിറ്റും കരിങ്കല്ലുടയ്ക്കൽ യൂനിറ്റും വീണ്ടും പ്രവൃത്തിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

### പട്ടിക 6

**നിർദ്ദേശിക്കപ്പെട്ട വനിതാ വ്യവസായങ്ങൾ**

1. വിവിധോദ്ദ്യേശ വനിതാ വ്യവസായ സഹകരണ സംഘം
2. തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിനി സൂപ്പർവൈറ്റ്.
3. ഗാർമെന്റ്സ്, റെഡിമെയ്ഡ് യൂനിറ്റ്
4. വാഴനാര്, കൈതനാര്, ചിരട്ട, പാള ഇവ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിമ്മാണം.
5. തുണിക്കു ചായം മുക്കുന്നതിനുള്ള ഡൈയിങ്ങ് യൂനിറ്റ്
6. ചെണ്ട് നിർമ്മാണം
7. സോപ്പ് നിർമ്മാണയൂനിറ്റ് കേരള സോപ്സിന്റെ ഘടകം
8. ചിരട്ട ഉപയോഗിച്ച് കയ്യിൽ, സ്പൂൺ, കപ്പുകൾ കൗതുക വസ്തുക്കൾ നിർമ്മാണം
9. തുന്നൽ പരിശീലന കേന്ദ്രം

10 പേപ്പർ ബാഗുകൾ, പ്ലാസ്റ്റിക് ബാഗുകൾ എന്നിവ

യുടെ നിർമ്മാണം

11 പപ്പട നിർമ്മാണം, അപ്പങ്ങൾ, കൊണ്ടാട്ടം, അച്ചാർ നിർമ്മാണം

12. അച്ചടി, ബുക്ക് ബൈന്റിംഗ്, നോട്ട് ബുക്ക് നിർമ്മാണം പോസ്റ്റർ നിർമ്മാണം

13. അവിൽ നിർമ്മാണം, കൈക്കുത്തരി, ഉമിക്കരി പൽപ്പൊടി

14. മഞ്ഞൾ, മുളക്, മല്ലിപൊടിച്ച് പാക്കുചെയ്യൽ

15. അടക്ക ഉപയോഗിച്ചുള്ള സുഗന്ധ പാക്കുനിർമ്മാണം

16. കസേരമടയൽ, ബാഗുകൾ നിർമ്മിക്കൽ, ചോക്ക് നിർമ്മാണം

17. പഴസംസ്ക്കരണ യൂനിറ്റ്, കൈതച്ചക്ക, പപ്പായ, ചക്ക, മാങ്ങ, കശുമാങ്ങ, വാഴപ്പഴം, ജാം, സ്ക്വാഷ്, വിനാഗിർ

18 കുടിൽ വ്യവസായമായി ബേക്കറി സാധനങ്ങൾ നിർമ്മിക്കൽ

19 ക്ഷീരോല്പന്ന നിർമ്മാണ യൂനിറ്റ്

20 ഔഷധ സസ്യകൃഷിയും പുഷ്പകൃഷിയും നടത്തൽ

ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന ചെറുകിട വ്യവസായയൂനിറ്റുകളുടെ വിവരണം പട്ടിക-7ൽ കൊടുക്കുന്നു. പ്രാദേശികമായി ലഭ്യമായ അസംസ്കൃത

## പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു നടത്താൻ കഴിയുന്ന ചെറുകിട വ്യവസായങ്ങൾ

പട്ടിക 7

| വിഭാഗം | No | ഇനം |
|---|---|---|
| ജനറൽ: | 1. | നവീനരീതിയിൽ തൊണ്ടഴുക്കി ചകിരിനാരുല്പാദനം |
| | 2. | യന്ത്രം ഉപയോഗിച്ച് പച്ചച്ചകിരി നാര് നിർമ്മാണം |
| | 3. | ചവിട്ടി, ചൂടിപ്പടം ചകിരിനാരിന്റെ കിടക്ക, തലയണ തുടങ്ങിയവ നിർമ്മാണം |
| | 4. | ചകിരി ചവരുപയോഗിച്ചുള്ള ജൈവവളം നിർമിക്കൽ, പൂച്ചട്ടി, ഇഷ്ടിക നിർമ്മിക്കൽ |
| | 5. | തെങ്ങിൽ തടികൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും നിർമ്മാണം |
| | 6. | ചിരട്ടപൊടി നിർമ്മാണം |
| | 7. | തേങ്ങ പൗഡറും ക്രീമും (തേങ്ങപാൽ പേസ്റ്റ് രൂപത്തിൽ) |
| | 8. | കൊപ്രകൊണ്ട് മിഠായി |
| | 9. | വെളിച്ചെണ്ണ. വിവിധ അളവിൽ പായ്ക്ക് ചെയ്യുന്നതുൾപ്പെടെ |
| | 10. | കന്നുകാലിത്തീറ്റ നിർമ്മാണം (പിണ്ണാക്ക്, മരച്ചീനി) |
| | 11 | തേങ്ങ വെള്ളം ഉപയോഗിച്ച് ശീതളപാനീയം, സുർക്ക എന്നിവ നിർമ്മിക്കൽ |
| | 12. | ചാർക്കോൽ (ആക്ടിവേറ്റഡ് കാർബൺ) ചിരട്ട എണ്ണ നിർമ്മാണം |
| | 13. | കപ്പ, നേന്ത്രക്കായ ഉപയോഗിച്ച് ചിപ്സ് നിർമ്മാണം |
| | 14. | തെങ്ങിൻ ചക്കര നിർമ്മാണം |
| | 15 | കൊപ്രഡ്രയർ, ഡ്രയിംങ്യാഡ്, ഗോഡൗൺ |
| | 16 | ഇളനീർ വെള്ളമുപയോഗിച്ചു കൊണ്ടുള്ള ശീതളപാനീയ നിർമ്മാണം |
| | 17 | ഈർച്ച മില്ല്, ഫർണിച്ചർ, ഗൃഹനിർമ്മാണ ഉപകരണങ്ങൾ, കളിക്കോപ്പുകൾ |
| | 18. | ചായപ്പുല്ലിൽ നിന്ന് തൈലം വാറ്റൽ |
| | 19. | കശുവണ്ടി സംസ്ക്കരണം |
| | 20 | പാറക്കല്ല് ഉടച്ച് മെറ്റൽ നിർമ്മാണം |
| | 21 | ജൈവവള നിർമ്മാണയൂനിറ്റ്. |

അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി നിർമ്മിക്കാവുന്ന വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് പട്ടിക - 8 കൊടുത്തിരിക്കുന്നു.

പട്ടിക 8.

| വിഭാഗം | No | ഇനം |
|---|---|---|
| ജനറൽ: | 1. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| | 2. | ഹവായ് ചെരിപ്പ്, മറ്റു ചെരിപ്പുകൾ നിർമ്മാണം |
| | 3. | ആടുവളർത്തൽ ഫാം. (ഗോട്ട് ഫാം) |
| | 4. | സ്മിത്ത് വർക്കേഴ്സ് കോ– ഓപ്പററ്റീവ് സൊസൈറ്റി, ഗ്രിൽസ്, കാർഷികോപകരണങ്ങൾ നിർമ്മിക്കുന്ന എഞ്ചിനിയറിങ്ങ് വർക്ക് ഷോപ്പ് ഉൾപ്പെടെ |
| | 5. | റമ്പർ ഉപയോഗിച്ച് റമ്പർ ബാന്റ്, ബലൂൺ എന്നിവനിർമ്മിക്കൽ യൂനിറ്റ് |
| | 6. | നിർമ്മിതി കേന്ദ്രം സ്ഥാപിച്ചു സിമിന്റ്, കട്ടില, ജാലകം, സിമിന്റ്കട്ട, ഹോളോ ബ്രിക്സ്, ജാളിവർക്സ്, സിമെന്റ് പാത്രങ്ങൾ, ചട്ടികൾ എന്നിവയുടെ നിർമ്മാണം |
| | 7. | ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് |
| | 8. | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ അസംബ്ലിംഗ് സർവ്വീസിങ്ങ് ഉൾപ്പെടെ |
| | 9. | സ്റ്റീൽ ഫർണിച്ചർ നിർമ്മാണയൂനിറ്റ് |

**താഴെപറയുന്ന വ്യവസായങ്ങൾ കൂടെ ഗ്രമസഭയിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്**

1. ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ്
2. അലോപ്പതി ഔഷധ നിർമ്മാണ യൂനിറ്റ്
3. അലുമിനിയ പാത്രനിർമ്മാണ യൂനിറ്റ്
4. കുട നിർമ്മാണം

പദാർത്ഥങ്ങളുപയോഗിച്ച് ചെയ്യാവുന്ന വ്യവസായങ്ങൾ

**നിർദ്ദേശങ്ങൾ**

1. നാളീകേര കോംപ്ലക്സിന്റെ ഭാഗമായി കൊപ്രഡ്രയറും ഡ്രയിംഗ്യാർഡും ഏർപ്പെടുത്തി പച്ചതേങ്ങ സംസ്ക്കരണം നടത്തുകയും അതുവഴി പച്ചത്തൊണ്ട് കയർ വ്യവസായത്തിന്ന് ഉപയോഗപ്പെടുത്തുകയും ചെയ്യുക.

2. കയറുല്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനവും തൊഴിൽശാലയും ഏർപ്പെടുത്തുക.

3. വ്യവസായ സംരംഭകരുടെ റജിസ്ട്രേഷൻ പഞ്ചായത്ത് പരസ്യം നൽകിക്കൊണ്ട് നടത്തുക അവർക്ക് വിദഗ്ദരുടെ ഉപദേശ നിർദ്ദേശങ്ങൾ ലഭ്യമാക്കുക. ശില്പശാല നടത്തുക

4. റെഡിമെയിഡ് വസ്ത്ര വ്യവസായത്തിന്നാവശ്യമായ മദർ യൂനിറ്റ് സ്ഥാപിക്കുകയും വിദഗ്ദപരിശീലനം നൽകുകയും വിപണനത്തിനുള്ള സാധ്യതകൾ ഉറപ്പ് വരുത്തുകയും ചെയ്യുക

5. പരമ്പരാഗത കുടിൽ വ്യവസായം, കൈത്തൊഴിൽ എന്നിവയുടെ വൈവിധ്യവൽക്കരണത്തിന്നാവശ്യമായ വിദഗ്ദ പരിശീലനം നൽകാനുള്ള കേന്ദ്രം സ്ഥാപിക്കുക. കോമൺവർക്ക് ഷെഡും ഗോഡൗണും സ്ഥാപിക്കുക, ബോയിലർ, ഡയിംഗ് ഹൗസ് സ്ഥാപിക്കുക.

6. ഈറ്റ ലഭ്യമാക്കുന്നതിന്ന് ബാംബൂകോർപറേഷന്റെ ഒരു ഡിപ്പോ പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുക.

7. കൈത്തറി, കയർ മേഖലയിലെ തൊഴിലാളികളെ ഫാക്ടറി നിയമത്തിൻ കീഴിൽ കൊണ്ടുവരികയും അവർക്ക് E.S.O P.F മറ്റു ക്ഷേമ പദ്ധതികൾ ഇവ ഉറപ്പുവരുത്തുക.

8. കൈതോലലഭ്യമാക്കാൻ അനുയോജ്യമായ പുറമ്പോക്ക് സ്ഥലങ്ങളിൽ കൈതവെച്ചുപിടിപ്പിക്കാനുള്ള പരിപാടി ആവിഷ്ക്കരിക്കുക.

9. വ്യവസായം ആരംഭിക്കാവാവശ്യമായ വൈദ്യുതി ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 Phase ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കണം.

10. നാളീകേരം അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേര വികസന ബോർഡ്, കേരഫെഡ്, കയർ വികസന ഡയരക്ടറേറ്റ്, റീജ്യണൽ റിസർച്ച് ലേബററ്ററി തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

11. വ്യവസായ സംരംഭകരെ പ്രോത്സാഹിച്ചിരുന്നതിന്നും നിർദ്ദിഷ്ട വ്യവസായ സംരംഭം പ്രാവർത്തികമാക്കുന്നതിനും ഒരു സ്ഥിരം മോണിട്ടറിംഗ് സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു മുൻഗണന നിശ്ചയിച്ചു അഭ്യന്തര ഉപഭോഗത്തിന്നാവശ്യമായ നിത്യോപയോഗവസ്തുക്കൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുകയും, ഏതിനും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഇന്നത്തെ രീതി ഒഴിവാക്കുന്നവിധം ചെറുകിട വ്യവസായ ശൃംഖല പരിപോഷിപ്പിക്കുവാനും, നല്ലൊരു ശതമാനം തൊഴിലന്വേഷകർക്ക് അഭയം നലകാനും കഴിയണം. അങ്ങിനെ പഞ്ചായത്തിന്റെ മൊത്തം ആളോഹരി വരുമാനം വിർദ്ധിപ്പിക്കുവാനും, കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുവാനും സർവ്വോപരി ഒരു വികസന സംസ്കാരം വളർത്തിയെടുക്കുന്നതിന്നും നമുക്ക് കഴിയുമാറാകട്ടെ.

# വിഭവസമാഹരണം

'ഗ്രാമസ്വരാജ്' എന്ന ഗാന്ധിജിയുടെ സ്വപ്നസാക്ഷാത്കാരത്തിന്റെ ഭാഗമായി നമ്മുടെസംസ്ഥാനത്ത് ത്രിതലഭരണസംവിധാനം രൂപപ്പെട്ട് വരികയാണ്. ഇതിന്റെ ഏറ്റവും ചെറിയതും അടിസ്ഥാനപരവുമായ ഘടകമാണ് ഗ്രാമപഞ്ചായത്ത്. മനുഷ്യസമ്പത്തിന്റെ കാര്യത്തിലും വിസ്തൃതിയിലും വളരെ മുന്നിൽ നിൽക്കുന്ന മണിയൂർ ഗ്രാമപഞ്ചായത്തിന്ന് വികസനപ്രവർത്തനത്തിന്റെ കാര്യത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഒരു ദുഃഖസത്യമാണ്.

ഏകദേശം നാല്പതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്നതും 30.03 ച.കി.മീ. വിസ്തീർണ്ണവും പതിമൂന്ന് വാർഡുകളുമുള്ള ഒരു വിശാലമായ പഞ്ചായത്താണ് മണിയൂർ പഞ്ചായത്ത്. കാർഷിക വ്യാവസായിക ആരോഗ്യ സാംസ്കാരിക രംഗങ്ങളുൾപ്പെടെയുള്ള കാര്യങ്ങളിൽ ധാരാളം വികസനപ്രവർത്തനങ്ങൾ ഇനിയും നമ്മുടെ പഞ്ചായത്തിന്ന് നടത്തേണ്ടതുണ്ട്. ഇതിന്ന് അനിവാര്യമായ ഒരുഘടകമാണ് 'വിഭവസമാഹരണം.'

കോടിക്കണക്കിന് രൂപ വിവിധ മാർഗ്ഗങ്ങളിലൂടെ നമ്മുടെ പഞ്ചായത്തിൽ വന്നിചേരുന്നു. ഇതിൽ ഏറിയപങ്കും വിദേശങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽനിന്നുമാണ്. അത്പോലെ നാളീകേരം, കശുവണ്ടി, കുരുമുളക് തുടങ്ങിയ നാണ്യവിളകളിലൂടേയും നെല്ല്, പച്ചക്കറി, മത്സ്യസമ്പത്ത് എന്നിവയിലൂടേയും സമൃദ്ധമായ വരുമാനം ലഭ്യമാണ്. എന്നാൽ ഇവയുടെ പ്രയോഗത്തിൽ ആസൂത്രിതമായരീതി അവലമ്പിക്കാത്തതിനാലാണ് വികസനരംഗങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാതെവന്നത്. നമ്മുടെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവസമാഹരണം നടത്തുന്നതിന്നും അവ കാര്യക്ഷമമായ രീതിയിലും പ്രത്യുല്പാദനപരമായി വിനിയോഗിക്കുന്നതിന്നും സത്വരശ്രദ്ധ പതിപ്പിച്ചെങ്കിലേ നമ്മുടെ പഞ്ചായത്തിന്ന് നാം പ്രതീക്ഷിക്കുന്ന പുരോഗതിയും സാമ്പത്തികഭദ്രതയും ഉണ്ടാവുകയുള്ളൂ.

ഒമ്പതാം പദ്ധതിജനകീയ പദ്ധതി എന്ന നിലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടന്ന പതിമൂന്ന് ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ട വിഭവസമാഹരണ ശ്രോതസ്സുകളെക്കുറിച്ചുള്ള ഒരു അവലോകനമാണ് ഈറിപ്പോർട്ടിലൂടെ നടത്തുന്നത്.

കോടിക്കണക്കിന്ന് രൂപ പ്രതിമാസം ഈപഞ്ചായത്തിൽ വിവിധമാർഗ്ഗങ്ങളിലൂടെ എത്തിച്ചേരുന്നതിൽ ഏറിയപങ്കും ഗൾഫ് മേഖലയിൽ നിന്നാണ്. പ്രസ്തുതവരുമാനത്തിന്റെ സിംഹഭാഗവുംതികച്ചും പ്രത്യുൽപാദനപരമല്ലാത്ത കൊട്ടാരതുല്ല്യമായ കെട്ടിട നിർമ്മാണത്തിന്നു മറ്റുമായിട്ടാണ് വിനിയോഗിക്കുന്നത്.

ഇത്രയും ആളുകളിൽ നിന്നും എത്തിച്ചേരുന്ന വർസംഖ്യ തികച്ചും പ്രത്യുല്പാദനരീതിയിൽ വിനിയോഗിക്കാനുള്ള സംവിധാന മുണ്ടാവുകയാണെങ്കിൽ അത് നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനത്തിന്നും സാമ്പത്തിക മുന്നേറ്റത്തിന്നും ഭദ്രതക്കും വഴിതെളിയിക്കും. 'പഞ്ചായത്ത് വികസനഫണ്ട്' എന്ന ഒരു സംവിധാനത്തിന്ന് രൂപം കൊടുക്കുകയും ഗഴ്ഫ് മേഖലയിൽ ഉള്ളവരിൽനിന്നും അന്യസംസ്ഥാനങ്ങളിലുള്ള നമ്മുടെ നാട്ടുകാരിൽനിന്നും 'ഷെയർ' എന്ന രൂപത്തിൽ ഈ ഫണ്ടിലെക്ക് മൂലധനം സ്വരൂപിക്കാവുന്നതാണ്. ഇതിന്ന് ആകർശകമായ ലാഭവിഹിതവും സുരക്ഷിതത്വവും ഉറപ്പുവരിത്തുന്ന രീതിയിൽ വേണം സംഘടിപ്പിക്കുവാൻ. ഇങ്ങനെ സംഘടിപ്പിക്കുന്ന മൂലധനം ഉൽപാദന മേഖലകളിലെ പ്രവർത്തനത്തിന്ന് വേണ്ടിമാത്രമേ ഉപയോഗിക്കാവൂ. അതേപോലെ ഗൾഫ് മലയാളികളിൽ നിന്ന് പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട കോ.ഓപ്പററ്റീവ് ബങ്കുകളിലേക്ക് നിക്ഷേപങ്ങൾ സമാഹരിച്ച് ചെറിയ പലിശ നിരക്കിൽ പാവപ്പെട്ടവർക്ക് കൂട്ട കൃഷിയും ചെറുകിട വ്യവസായങ്ങളും തുടങ്ങാൻ വേണ്ടികൊടുക്കുകയാണെങ്കിൽ ഉല്പാദന മേഖലസമ്പന്നമാവുകയും കൂടു

(ഗൾഫിൽ ജോലിചെയ്യുന്നവരുടെ വർഡ് തിരിച്ചുള്ള കണക്ക്)

| Ward | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 40 | 60 | 42 | 98 | 27 | 148 | 101 | 176 | 94 | 76 | 160 | 30 | 67 |

(അവലമ്പം സാമൂഹ്യസാമ്പത്തിക സർവ്വെ 1996)

തൽതൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് പച്ചക്കറിയുടെ കാര്യത്തിലും മറ്റും നമ്മുടെ പഞ്ചായത്ത സ്വയം പര്യാപ്തമാവുകയും ചെയ്യും. ഇത്തരം സംരംഭങ്ങളെ ലളിതവും സുതാര്യവുമാക്കാൻ ഗവൺമെണ്ടിന്റെ പദ്ധതികളും പരിപാടികളും കൃത്യമായിമനസ്സിലാക്കി കാലോചിതവും കാര്യക്ഷമവുമായി നടപ്പിലാക്കിയാൽ ഒട്ടേറെ സാമ്പത്തിക നേട്ടം കൈവരിക്കാൻ കൂടി കഴിയും

നമ്മുടെ പഞ്ചായത്തിൽ വിവിധവാർഡുകളിലായി ധാരാളം ജലസ്രോതസ്സുകളും പുഴയോരങ്ങളുമുണ്ട്. ഈ പ്രദേശങ്ങളിൽ 'കൈതോല' കൃഷിചെയ്യുകവഴി പരമ്പരാഗതകുടിൽ വ്യവസായമേഖലകളായ പായനെയ്ത്തും അതേപോലുള്ള അനുബന്ധവ്യവസായങ്ങളും പുനരുജ്ജീവിപ്പിക്കാനും, അതുവഴി ആമേഖലകളിൽ ജോലി ചെയ്തു ഉപജീവനം കഴിക്കുന്ന ദുർബലവിഭാഗങ്ങൾക്ക് ഒരു അത്താണിയും ആശ്രയവുമാണെന്നത് പോലെ തന്നെ പ്രധാനം ഏറെ മുതൽ മുടക്കില്ലാതെ പഞ്ചായത്തിന്ന് ചെയ്യാൻ കഴിയുന്ന ഒരു പ്രധാനകാര്യവുമാണ്. ഈ കാര്യത്തിലും സജീവശ്രദ്ധപതിയേണ്ടതാണ്.

ഈ പഞ്ചായത്തിനുള്ള പ്രധാന ധനാഗമന മാർഗ്ഗങ്ങളിൽ ഒന്നാണ് 'നികുതി' ഈ ഇനത്തിലുള്ള നമ്മുടെ പഞ്ചായത്തിന്റെ വരുമാനപ്പട്ടിക താഴെ ചേർക്കുന്നു.

ഈ പട്ടിക സൂചിപ്പിക്കുന്നത് മൊത്തത്തിൽ നികുതിയിനത്തിൽ 2288406.40 രൂപ നമ്മുടെ പഞ്ചായിത്തിൽ കഴിഞ്ഞവർഷത്തിൽ ലഭിക്കേണ്ടതായിട്ടുണ്ട് എന്നാണ്. എന്നാൽ പിരിഞ്ഞ് കിട്ടിയത് 2284908.90 രൂപ മാത്രമാണ്. ഈ കണക്ക് കാണിക്കുന്നത്. നികുതി പിരിവിലെ കാര്യക്ഷമതയില്ലായമയും അലംഭാവവുമാണ്. ഇത്തരം ന്യനതകൾ പരിഹരിക്കുകയും സമയബന്ധിതമായി നികുതി പിരിവ് നടത്തുകയും അതോടൊപ്പം വ്യാപകമായ രീതിയിൽ നടന്നുവരുന്ന നികുതിവെട്ടിപ്പ് തടയുകയും ചെയ്താൽ വർദ്ദിച്ചുതോതിലുള്ള വരുമാനം ഈ ഇനത്തിൽ നേടിയെടുക്കാൻ കഴിയും അതേപോലെ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിലൂടെ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

നമമുടെ പഞ്ചായത്തിൽ ഏകദേശം നൂറോളം വാഹ

## വരവ് സംബന്ധിച്ച വിവരങ്ങൾ 1995-1996 Ref : B

| | ഇനം | ധനാഭ്യർത്ഥന | പിരിവ് | ബാക്കി. |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | കെട്ടിട നികുതി | 200338.15 | 133051.35 | 67286.80 |
| 2. | സർവ്വീസ് ചാർജ്ജ് L.loss | 9172.60 | 5706.00 | 3466.60 |
| 3. | തൊഴിൽനികുതി | 80020.00 | 50710.00 | 29310.00 |
| 4. | വിനോദനികുതി | 24770.91 | 24770.91 | -- |
| 5. | അഡി: വിനോദനികുതി | 14996.34 | 14996.34 | -- |
| 6. | പ്രദർശന നികുതി | 1786.00 | 1786.00 | -- |
| 7. | പ്രദർശന നികുതിയിലുള്ള സർചാർജ്ജ്. | 422.50 | 422.50 | -- |
| 8. | ലീസ് | 7688.50 | 7688.50 | -- |
| 9. | ലൈസൻസ് ഫീസ് | 7385.00 | 7385.00 | -- |
| 10 | കെട്ടിടനികുതി സർചാർജ്ജ് | 9979.55 | 6545.45 | 3434.10 |
| 11. | വസ്തുകൈമാറ്റ നികുതി 75% | 286160.00 | 286160.00 | -- |
| 12. | വസ്തുകൈമാറ്റ നികുതി 25% | 125000.00 | 125000.00 | -- |
| 13 | സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെ മറ്റുവകയിൽ | 873565.85 | 873565.85 | -- |
| 14. | ഡെപ്പോസിറ്റ് | 350107.00 | 350107.00 | -- |
| 15 | മറ്റുള്ളവ | 297014.00 | 297014.00 | |
| | ആകെ | 2288406.40 | 2184908.90 | 103497.50 |

നങ്ങൾ ടാക്സിയായി ഓടുന്നുണ്ടെങ്കിലും ഈ വാഹന ഉടമകളിൽ നിന്നോ അതുമായി ബന്ധപ്പെടുന്ന മറ്റു ജീവ നക്കാരിൽ നിന്നോ പഞ്ചായത്തിന് യാതൊരു വിധ സാമ്പത്തികനേട്ടവും ലഭിക്കുന്നില്ല. പ്രസ്തുത വാഹന ങ്ങൾക്ക് വർഷ തോറും നിശ്ചിത സംഖ്യ നികുതിയായി ഈടാക്കിയാൽ നല്ലൊരു തുക ഈ ഇനത്തിലും സ്വരൂ പിക്കാം. കൂടാതെ പഞ്ചായത്തിലെ മർമ്മ പ്രധാന കേന്ദ്ര ങ്ങളിൽ അനുയോജ്യമായ ടാക്സി സ്റ്റാന്റുകൾ നിർമ്മിച്ച് വിഭവസമാഹരണം നടത്തുന്നതിനെക്കുറിച്ച് ആലോ ചിക്കേണ്ടതാണ്.

ഏകദേശം 7000 (ഏഴായിരം)ൽ അധികം കുടുംബ ങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും ദേശീയസമ്പാദ്യപദ്ധതിയിൻ കീഴിൽ കൊണ്ടുവന്നാൽ ഏകദേശം രണ്ടു ലക്ഷത്തോളം (2,00000) രൂപ പ്രതിവർഷം നമ്മുടെ പഞ്ചായത്തിന് അധികവരുമാനംമുണ്ടാക്കാൻ കഴിയുമെന്നതാണ് പഠ നങ്ങളിലൂടെ മനസ്സിലാകുന്നത്. അതിനാൽ ഈ വിഷയ ത്തിലും നമ്മുടെ തികഞ്ഞ ശ്രദ്ധ പതിഞ്ഞേ തീരു.

നമ്മുടെ പഞ്ചായത്തിന്റെ മറ്റിനങ്ങളിലുള്ള വരുമാന ത്തിന്റെ പട്ടിക താഴെ കൊടുക്കുന്നു.

ഈ രണ്ടുപട്ടികകളും പരിശോധിക്കുമ്പോൾ നമുക്ക് ബോധ്യമാവുന്നത് കഴിഞ്ഞ വർഷത്തെ വരവും ചിലവും തമ്മിലുള്ള അന്തരം ഏറെ വലുതാണെന്നതാണ്. കാലോ ചിതവും ദീർഘവിക്ഷണത്തോടും കൂടിയ ആസൂത്രണ പ്രക്രിയകളിലൂടെ നീങ്ങിയാൽ മാത്രമേ വികസസാദ്ധ്യ തകൾ വളരെ ലളിതമായി സാധൂകിരക്കപ്പെടുമെന്ന താണ്.

ഗ്രാമസഭകളിൽ നിന്നുവന്ന മറ്റൊരു നിർദ്ദേശം നമ്മുടെ പഞ്ചായത്തിലെ റോഡിന്റേയും പുറമ്പോക്ക് സ്ഥലങ്ങളുടേയും സൗകര്യപ്രദമായ സ്ഥലങ്ങളിൽ പാഴ്മ രങ്ങൾ വെച്ചു പിടിപ്പിച്ച് വർദ്ധിച്ചുവരുന്ന ഇന്ധനക്ഷാമം

**പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ.**

| 1 | 2 | | 3 |
|---|---|---|---|
| വകുപ്പ് | തുക | | ആകെ |
| | പദ്ധതിവിഹിതം | പദ്ധതിയേതരവിഹിതം | |
| 1. മൃഗസംരക്ഷണം | 1500.00 | -- | 1500.00 |
| 2. ആരോഗ്യം | 8768.00 | -- | 8768.00 |
| 3. കൃഷി | 1060480.00 | -- | 106048.00 |
| 4. P W D. | 11,200.00 | -- | 11.200.00 |
| 5. ഹരിജൻക്ഷേമം | 47000.00 | -- | 47000.00 |
| 6. മറ്റുള്ളവ | 16380.00 | -- | 16380.00 |

1995-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിന്ന് മൊത്തത്തിൽ ചിലവായസംഖ്യയെ പറ്റിയുള്ള വിവരം താഴെ കൊടുക്കുന്നു.

**1.24 ചിലവ് സംബന്ധിച്ച വിവരങ്ങൾ . Ref. CB. (95-96)**

| ഇനം | തുക |
|---|---|
| 1. പൊതുഭരണം | 344526.00 |
| 2. പൊതുമരാമത്ത് | 168480.00 |
| 3. വിദ്യാഭ്യാസം | 30921.00 |
| 4. ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 18381.00 |
| 5. തെരുവ് വിളക്കുകൾകത്തിക്കുന്നത് | 25650.00 |
| 6 മറ്റുള്ളവ | 127482.00 |
| ആകെ | 715440.00 |

പരിഹരിക്കുകയും അതിലൂടെ പഞ്ചായത്തിന് ചെറിയ തോതിൽ വിഭവസമാഹരിക്കാൻ കഴിയുമെന്നതുമാണ്. കൂടാതെ പഞ്ചായത്ത് ഉടമയിലുള്ള ഹൈസ്കൂൾ കൊമ്പൗണ്ടിൽ തരിശായിട്ടിരിക്കുന്ന സ്ഥലങ്ങളിൽ തെങ്ങ് മുതലായ ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിച്ച് നല്ല തോതിൽ വിഭവങ്ങൾ സമാഹരിക്കാൻ കഴിയുന്നതുമാണ്.

വിഭവസമാഹരണത്തിന്റെ സാദ്ധ്യതകളാരായുന്ന നമുക്ക് തീരെ അവഗണിച്ചുകൂടാത്തതും പ്രഥമവും പ്രധാനവുമായ മേഖലയാണ് വ്യവസായിക മേഖല. ഈ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതോ മറ്റ് അനുയോജ്യമായ പ്രദേശങ്ങളിലോ ഒരു വ്യവസായ, എസ്റ്റേറ്റ് സ്ഥാപിച്ച് ചെറുകിട വ്യവസായ സംരംഭകർക്ക് വാടകക്ക് നൽകി അതിലൂടെ പ്രതിവർഷം ലക്ഷക്കണക്കിന് രൂപ സ്വരൂപിക്കാവുന്നതും അതിലുപരി, തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നാടിന്റെ മുഖച്ഛായതന്നെ മാറ്റാൻ കഴിയുന്നതുമാണ്. ഈ വിഷയത്തിലും സത്വര ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്നത് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ നന്നേചെറിയ ഭാഗം മാത്രമാണ്. [illegible]നുള്ള കാരണം പ്രമാണത്തിൽ കാണിക്കുന്ന കൃത്രിമമാണ്. കണക്കുകളിലൂടെ മനസ്സിലാവുന്നത് "ക്രയ" വിലയുടെ പത്ത് ശതമാനമേ പ്രമാണത്തിൽ രേഖപ്പെടുത്തുന്നുള്ളൂവെന്നതാണ്."

"ക്രയ വില സാക്ഷ്യപ്പെടുത്താനുള്ള അധികാരം പഞ്ചായത്തിനുലഭ്യമാക്കിയാൽ ഇന്നത്തെ ഈയിനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും കഴിയും. ഈ വിഷയത്തിലും തികഞ്ഞ ശ്രദ്ധ പതിയേണ്ടതാണ്

ഖനന മേഖല പരിശോധിച്ചാൽ പൂഴിവാരൽ ഇനത്തിൽ ഇപ്പോൾ ലഭിക്കുന്നത് പരിമിതമായ മുപ്പത്തിആറായിരം (36,000) രൂപ മാത്രമാണ്. ഇത് സുതാര്യമായ പൊതുലേലവ്യവസ്ഥയിലൂടെ പതിൻമടങ്ങ് വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ നമ്മുടെ പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും ചെങ്കൽ ഖനനം വർദ്ധിച്ച തോതിൽ നടന്നുവരുന്നുണ്ട്. ഈ ഇനത്തിൽ മൈനർ മിനറൽസ് ആക്ട് പ്രകാരം ജിയോളജിക്കൽ വകുപ്പുമായി ആലോചിച്ച് പഞ്ചായത്തിന്ന് നികുതിചുമത്തുവാനും വൻതോതിൽ വിഭവസമാഹരണം നേടിയെടുക്കാൻ കഴിയുമെന്നതാണ് വസ്തുത.

പഞ്ചായത്തിലെ ആകമാനം സ്ഥലങ്ങളിൽ നിന്നുല്പാദിപ്പിക്കുന്ന കാർഷികഉത്പന്നങ്ങൾ, ചെറുകിടവ്യവസായ ഉത്പന്നങ്ങൾ, പരമ്പരാഗതവ്യവസായഉത്പന്നങ്ങൾ, കുടിൽ വ്യവസായഉത്പന്നങ്ങൾ എന്നിവക്ക് വിപണികണ്ടെത്താനായി ആഴ്ച ചന്തകൾ സംഘടിപ്പിച്ചാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമാവുകയും പഞ്ചായത്തിന്ന് ഗണ്യമായ രീതിയിൽ വരുമാനം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്. പഞ്ചായത്ത് ബിൽഡിംഗ് പണിയാൻ വേണ്ടി 10ാംം വാർഡിൽ ഗുഹമുക്കിനടുത്തായി വാങ്ങിയ 63 സെന്റ് സ്ഥലത്ത് ഒരു കമ്മ്യൂണിറ്റിഹാൾ കം കല്ല്യാണമണ്ഡപം നിർമ്മിച്ച് വാടകയിനത്തിൽ നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. ഇതുവഴിനാട്ടിൻ പുറങ്ങളിലെ ജനങ്ങളുടെ ഇടയിൽ കണ്ടുവരുന്ന വിവാഹധൂർത്ത് പോലുള്ള വാഴ്ചിലവുകൾ ഒഴിവാക്കാനും കഴിയും.

ദേശീയ വരുമാനത്തെ ഒരളവോളം വർദ്ധിപ്പിക്കുന്നതിന് ടൂറിസ വികസനം ഒരു ഘടകമാണ്. ഈ ഗ്രാമപഞ്ചായത്തിന്നും അത്തരത്തിൽ ചിന്തിക്കാൻ ന്യായവും യുക്തി സഹവുമായ ഒട്ടേറെ കാരണങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രകൃതിസുന്ദരവും ചരിത്രപ്രാധാന്യവുമുള്ള ഒട്ടനവധിസ്ഥലങ്ങളുണ്ട്. അത്തരം സ്ഥലങ്ങളെ കണ്ടെത്തി ടൂറിസ്റ്റ് വികസനമേഖലയാക്കുകയാണെങ്കിൽ വൻതോതിൽ വിഭവസമാഹരണനടത്താൻ കഴിയുമെന്ന കാര്യത്തെപ്പറ്റിയും ഗൗരവമായി ചിന്തിക്കാവുന്നതാണ്.

മറ്റൊരുനിർദ്ദേശം നമ്മുടെ നാട്ടിലെ ധനകാര്യസ്ഥാപനങ്ങളെ സമ്പന്ധിച്ചുള്ളതാണ്. മന്തരത്തൂർ സർവ്വീസ് കോ-ഓപ്പററ്റീവ് ബാങ്ക്, ഗ്രാമീണബാങ്ക് പാലയാട്, എസ്.ബി.ഐ ചെരണ്ടത്തൂർ ബ്രാഞ്ച് മുതലായവയാണ് നമ്മൾ ആശ്രയിക്കുന്ന പ്രധാന ധനകാര്യസ്ഥാപനങ്ങൾ. ഇവ[illegible]യിൽ നിന്നു[illegible]ഹായങ്ങൾ ഭാഗികമായരീതിയിലേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. ഇവയുടെ സഹായരീതികുറച്ചുകൂടി ഉദാരവൽക്കരിക്കുയാണെങ്കിൽ കയർ വ്യവസായം, കശുവണ്ടിവ്യവസായം, ക്ഷീരവ്യവസായം, ചെമ്മീൻ വ്യവസായം പോലുള്ള ചെറുകിടവ്യവസായങ്ങൾക്ക് രൂപം കൊടുക്കുവാനും അത് വഴി ധാരാളം തോഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

ഇതിനെല്ലാഉപരിയായി നമ്മുടെ നാട്ടുകാർക്ക് സമാഹരിച്ചെടുക്കുവാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട വിഭവമാണ് മനുഷ്യക്രയശേഷി. ഒട്ടനവധി വിദ്യാസമ്പന്നരും ആരോഗ്യദൃഢഗാത്രരുമായ യുവജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവിടെ പ്രവർത്തിച്ചുവരുന്ന സന്നദ്ധസംഘടനകൾക്കും മറ്റ് സാമൂഹ്യസാംസ്കാരിക പ്രവർത്തകർക്കും ഇത്തരം ആളുകളുടെ ക്രയശേഷി വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും. ഉദാഹരണമായി റോഡ് റിപ്പേർ നടത്തുക, തോട്, കുളം എന്നിവ നിർമ്മിക്കുക, നടപ്പാതകൾ നിർമ്മിക്കുക, മറ്റ് സാസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിന്ന് നേതൃത്വം കൊടുക്കുകയും ചെയ്യുക. ഇത് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഏറ്റവും വലയൊരു മുതൽക്കൂട്ടായിരിക്കും.

ഒട്ടേറെ വിജയസാദ്ധ്യതകളുള്ളതും പ്രായോഗികതലത്തിൽ ലളിതവും സുതാര്യവുമായ വിഷയങ്ങളെക്കുറിച്ചാണ് ഈ അവലോകനത്തിലൂടെ മുന്നോട്ട് വെക്കുന്നത്. മേൽ സൂചിപ്പിച്ച വസ്തുതകളെപ്രായോഗികപഥത്തിലെത്തിച്ചാൽ നമ്മുടെ രാഷ്ട്രപിതാവിന്റെ 'ഗ്രാമസ്വരാജ്' എന്നസങ്കല്പം സാക്ഷാത്കരിക്കപ്പെടുമെന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

## മണിയൂർ ഗ്രാമപഞ്ചായത്ത്

# പ്രവർത്തനരേഖ

മണിയൂർ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഭരണസമിതി 30.9.1995 ന് അധികാരമേറ്റു. എല്ലാരാഷ്ട്രീയ പാർട്ടി പ്രവർകരെയും ക്ഷണിച്ചുകൊണ്ട് പഞ്ചായത്ത് ഓഫീസ്സിന്റെ മുറ്റത്ത് പ്രത്യേകം കെട്ടിയുണ്ടാക്കിയ പന്തലിൽ വച്ച് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ വമ്പിച്ച ബഹുജനപങ്കാളിത്തമുണ്ടായി. കക്ഷിരാഷ്ട്രീയത്തിന്നതീതമായി അഴിമതിരഹിത ഭരണം ജനങ്ങൾക്ക് പ്രദാനം ചെയ്യുമെന്ന് ചടങ്ങിൽ പഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി പ്രസിഡണ്ട് കെ.ടി. കുഞ്ഞിരാമൻ മാസ്റ്റർ പ്രഖ്യാപിക്കുകയുണ്ടായി. പഞ്ചായത്ത്തല കേരകർശക സമിതി, പഞ്ചായത്ത്തല കാർശിക വികസന സമിതി, പഞ്ചായത്ത്തല വിദ്യാഭ്യാസസമിതി, പ്രൈമറിഹെൽത്ത് സെന്റർ വെൽഫയർകമ്മിറ്റി, സബ്സെന്ററുകൾക്ക് ജനകീജ കമ്മറ്റികൾ, എന്നിവ രൂപീകരിച്ചു. പഞ്ചായത്ത്തല വിദ്യാഭ്യാസസമിതി മുഖേന ഒരു സമഗ്രവിദ്യാഭ്യാസപദ്ധതിക്ക് രൂപം നൽകി. എല്ലവാർഡുകളിലും വാർഡ് വിദ്യാഭ്യാസസമിതികളും സ്ക്കൂൾതല വിദ്യാഭ്യാസ സമിതികളും രൂപീകരിച്ചു. വിപുലമായ ഏകദിന അധ്യാപക കൺവൻഷൻ നടത്തി. പഠനനിലവാരം ഉയർത്താനുള്ള പരിപാടി സ്ക്കൂളുകളിൽ നടന്നുവരുന്നു. വിപുലമായ കാർഷിക സെമിനാറും പഞ്ചായത്ത്തലത്തിൽ നടത്തിയുട്ടുണ്ട്.

ഭരണസമിതി അധികാരമേറ്റശേഷം നിരവധി വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ തുടക്കമിടാൻ സാധിച്ചിട്ടുണ്ട്. അൺടൈഡ്ഫണ്ട് 4,67,825 രൂപ വിനിയോഗിച്ച് പഞ്ചായത്ത് ഓഫീസ്സ് കെട്ടിട നിർമ്മാണം തുടങ്ങിയതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. പഞ്ചായത്തിലെ ജനങ്ങളുടെ ചിരകാല സ്വപ്നമാണ് പഞ്ചായ

**മണിയൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്വന്തമായ ഭൂമി സംബന്ധിച്ച വിവരം**

| | | |
|---|---|---|
| 1 | പഞ്ചായത്ത് ഓഫിസ്സ് R.S 2/2 മണിയൂർ Ward 8 | 12 സെന്റ് |
| 2 | പഞ്ചായത്ത് ഓഫീസ്സ് സൈറ്റ് R.S 19/1 കരുവഞ്ചേരി Ward 10 | 10 സെന്റ് |
| 3 | മണിയൂർ പഞ്ചായത്ത് സെക്കന്ററി സ്ക്കൂൾ R.S 19/1 കരുവഞ്ചേരി Ward 9 | 4ഏക്ര 93 സെന്റ് |
| 4 | പഞ്ചായത്ത് ഓഫീസ്സ് സൈറ്റ് R.S 55/1 കരുവഞ്ചേരി | 63 സെന്റ് |
| 5 | പൊതുശ്മശാനം R.S 4/1 കരുവഞ്ചേരി വാർഡ് | 10 50 സെന്റ് |
| 6 | സാംസ്ക്കാരിക നിലയം ഒടപ്പിലാവിൽ വാർഡ് | 1 2 സെന്റ് |
| | NB: ഹൈസ്ക്കൂൾ സ്ഥലം 4 ഏക്ര | 93 സെ. |

**പുറമ്പോക്ക് സ്ഥലം**

| | |
|---|---|
| മണിയൂർ വില്ലേജ് | 145.68 ഏക്ര |
| പാലയാട് വില്ലേജ് | 249.33 ഏക്ര |

അതിന് സ്വന്തമായി ഒരു ഓഫീസ്സ് ഉണ്ടാവുക എന്നുള്ളത്. പഞ്ചായത്ത് സ്വന്തം ഫണ്ടിൽനിന്ന് 2,42,110 രൂപ വിനിയോഗിച്ച് ഏതാനും വികസന പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ജവഹർതൊഴിൽ ദാനപദ്ധതിയിൽ ഉൾപ്പെടുത്തി പുന്നോളിമുക്ക് – എളമ്പിലാട് റോഡിൽ ഏകദേശം അര കി.മീ. ദൂരം ടാറിങ്ങ് നടത്തിയിട്ടുണ്ട്. കൂടാതെ വിവിധ വാർഡുകളിൽ ഏതാനും "ഫുട്പാത്തുകൾ" നിർമ്മിച്ചിട്ടുണ്ട്. ആകെ ആയിനത്തിൽ ചെലവായതുക 5,90,402 ക. യാണ്. ഗവർമ്മന്റിൽനിന്നും കിട്ടിയ രണ്ടു ലക്ഷം രൂപ സ്പെഷ്യൽഗ്രന്റ് ഉപയോഗിച്ചു കരുവഞ്ചേരി മന്തരത്തൂർ എന്നിവിടങ്ങളിൽ രണ്ടു റോഡുകളുടെ പ്രവൃത്തി ടെണ്ടർചെയ്തിട്ടുണ്ട്. ബാങ്ക്റോഡ്- മുടപ്പിലാവിൽ-കുറുന്തോടി റോഡ് ടാറിങ്ങ് നടത്താൻ ഏഴു ലക്ഷം രൂപയുടെ പ്രവൃത്തി ടണ്ടർചെയ്തിട്ടുണ്ട്. അൺടൈഡ്ഫണ്ടിൽ നിന്നും 2,00,223 രൂപ ചെലവഴിച്ചു വിവിധ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ നിരവധി വികസനപ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് ചെരണ്ടത്തൂർ I.H.D.P കോളനിയിൽ ഒന്നേമുക്കാൽ ലക്ഷം രൂപയുടെ കുടിവെള്ളപദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർശിക വകുപ്പ് മുഖേന 2,10,000 കയുടെ തൊഴിൽ ഉപകരണങ്ങൾ വിതരണം നടത്തി. കോളനിക്ക് പ്രത്യേകമായി വൈദ്യുതലൈൻ വലിക്കാൻ അനുമതിയായിട്ടുണ്ട്. ജീവിതനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി I.H.D.P പശുക്കുട്ടികൾ, ആടുകൾ, കറവപ്പശുക്കൾ എന്നിവ നൽകി. ഒരാൾക്ക് ഉഴവ് കാളയെയും നൽകി. താമസസ്ഥലം കല്ലുകൊണ്ട് കെട്ടി സംരക്ഷിച്ചു. പഞ്ചായത്തിൽ ഒരു വാർഡിൽ പത്തുപേർക്ക്വീതം വയറിങ്ങിന്നും മൂന്നുപേർക്ക്വീതം കക്കൂസ് നിർമ്മിക്കാനും ധനസഹായം നൽകാൻ തീരുമാനിച്ചു.

നിരവധി വികസന കാര്യങ്ങൾ ഇനിയും നടത്തേണ്ടതായിട്ടുണ്ട്. അരട്ടക്കുണ്ട്പാലം പണിപൂർത്തിയാവുക എന്നതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. നിർമ്മാണ പ്രവൃത്തി ഇഴഞ്ഞു നീങ്ങുകയാണ്. അതോടൊപ്പം അപ്രോച്ച്റോഡിന്റെ പണി തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുകയും വേണം റോഡിലേക്കുള്ള ലിങ്ക് റോഡ് – ചെരണ്ടത്തൂർ PWD റോഡിൽ നിന്നും – പണി പൂർത്തിയാവാൻ ടാറിങ്ങ്കൂടി നടക്കണം മണിയൂർ പ്രൈമറി ഹെൽത്ത് സെന്റർ പത്ത്കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക, മന്തരത്തൂർ ആയുർവേദ ആശുപ്രതിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, ടെലിഫോൺ വികസനം, പാലയാട് തുരുത്തിക്ക് പാലം നിർമ്മിക്കുക, പഞ്ചായത്ത് ഹൈസ്ക്കൂളിൽ ഹയർസെക്കന്ററി കോഴ്സ് തുടങ്ങുക ഗുളികപ്പുഴ ശുദ്ധജല വിതരണപദ്ധതി പൂർത്തിയാക്കുക പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾകൂടി അനുവദിക്കുക തുടങ്ങിയവ എത്രയുംപെട്ടന്ന് സഫലമാവുക എന്നത് പഞ്ചായത്തിന്റെ വികസന പാതയിലെ നാഴികക്കല്ലുകളാണ്.

എല്ലാകാര്യങ്ങളും മേലെനിന്ന് നടത്തുകയും മറ്റുള്ളവർ കാണികളായി നോക്കിനിൽക്കുകയും ചെയ്യുന്ന അവസ്ഥമാറി വികസനകാര്യങ്ങളിൽ ജനപങ്കാളിത്തത്തോടെ മുന്നേറുന്ന സമീപനം ഉണ്ടാവണം സന്നദ്ധസേവകരുടെ ത്യാഗപൂർണമായ പ്രവർത്തനത്തിലൂടെ, ഗ്രാമവികസനത്തിൽ ഒരു പുതിയ അധ്യായം നമുക്ക് ആരംഭിക്കാം.

കെ.ടി. കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡണ്ട്

## വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

കൺവീനർ : സി.പി. വിശ്വനാഥൻ

ആസൂത്രണസമിതി

1 **കൃഷി - ജലസേചനം**
ബാലൻ തെക്കേടത്ത്
വി.വി. കേളപ്പൻ മാസ്റ്റർ
ഇ. ബാലകൃഷ്ണൻ മാസ്റ്റർ
ടി.എം മൊയ്തീൻ

2 **മൃഗസംരക്ഷണം - മത്സ്യബന്ധനം**
ടി.പി. ഭാർഗവൻ
കെ.കെ. ബാലകൃഷ്ണൻ
കെ.പി. ദിനേശൻ
എം.പി. നാരായണൻ

3 **വിദ്യാഭ്യാസം**
സി.പി. കുഞ്ഞബ്ദുള്ള
പി.കെ. അഷറഫ്
സി.എം. രമേശൻ
എം.പി. ശശികുമാർ

4 **കുടിവെള്ളം പൊതുജനാരോഗ്യം**
പി.കെ. ദിവാകരൻ
സി.വി. അജിത്ത്
എം. അമ്മത്

5 **വ്യവസായം**
ഇ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ
എം.കെ. ഹമീദ്

6 **ഗതാഗതം-ഊർജ്ജം-മാർക്കറ്റ്**
സി.വി. വിശ്വനാഥൻ
ടി.പി. രതി
പുതുക്കുടി മാധവൻ
പി.കെ. അബ്ദുൾറസാക്ക്

7 **പാർപ്പിടം സാമൂഹ്യക്ഷേമം**
ടി.പി. ഗോപാലൻ
പി. കുഞ്ഞികൃഷ്ണൻ
മണപ്പുറത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ്

8 **സംസ്ക്കാരം**
വി. അബ്ദുൽ കരീം
പി.എം. കാരൻമാസ്റ്റർ
സി.വി. സുരേഷ്കുമാർ

9 **വനിത**
ഇ.പി. ശങ്കരൻ
കെ. ചിന്നൻ
കെ. ശൈലജ
ഒ.പി. സുശീല

10 **സഹകരണം**
ഒ.പി. ചന്ദ്രൻ
പി.കെ. അഹമ്മദ്

11 **പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം**
കെ.ടി. കുഞ്ഞിരാമൻ മാസ്റ്റർ
ഇ. നാരായണൻ മാസ്റ്റർ
കെ.യു. കുഞ്ഞിക്കണ്ണൻ

12 **വിഭവസമാഹരണം**
എൻ. ചന്ദ്രൻ
എം. ബേബിക്കുറുപ്പ്
കെ. അബ്ദുൾസലാം
വി.പി. ഹരിദാസ്

## ജനന രജിസ്ട്രേഷൻ-എന്തിന്?

*സ്കൂൾ പ്രവേശനത്തിന് *ഉദ്യോഗത്തിന്
*വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്
*പൗരത്വം സ്ഥാപിക്കുന്നതിന്* പാസ്പോർട്ടിന്
*വോട്ടവകാശം സ്ഥാപിക്കുന്നതിന്
*റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്
*വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖവേണം

**ജനനം രജിസ്ട്രർ ചെയ്തുവെന്ന് ഉറപ്പുവരുത്തക**
**മരണരജിസ്ട്രേഷൻ-എന്തിന്?**

*അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്
*ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്
*മരണാനന്തര ആനുകൂല്യങ്ങൾ വാങ്ങുന്നതിന്
മരണം തെളിയിക്കുന്ന കൃത്യമായ രേഖവേണം
മരണം യഥാസമയം രജിസ്ട്രര ചെയ്തുവെന്ന് ഉറപ്പുവരുത്തുക
**ഹിന്ദു വിവാഹങ്ങൾ യഥാസമയം രജിസ്ട്രർ ചെയ്യുക**
"ഗ്രാമ വികസനത്തിന്റെ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്"
*പഞ്ചായത്തുകൾക്ക് നൽകേണ്ട കെട്ടിട നികുതി
എല്ലാവർഷവും ഒക്ടോബർ 31ന് മുമ്പായി അടച്ചുതീർക്കുക.

*വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസുകൾ
എല്ലാ വർഷവും ഫെബ്രവരി മാസത്തിൽ
പുതുക്കുവാൻ ശ്രദ്ധിക്കുക.
*കെട്ടിടങ്ങൾ പണിയുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക
അവ റോഡതിർത്തിയിൽ നിന്ന് 3 മീറ്റർ അകലത്തായിരിക്കണം

*റോഡരികിൽ കല്ലുവെട്ടുകുഴി പാടില്ല
വിവിധയിനം നികുതികൾ, ഫീസുകൾ തുടങ്ങിയവ യഥാസമയം
നൽകി ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ ഒഴിവാക്കാൻ
പഞ്ചായത്തുകളുമായി സഹകരിക്കുക.

# ജനനമരണ രജിസ്ട്രേഷൻ

സ്ക്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

**വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം -**
**- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക**

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

**മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം**
**മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.**

**ജനനവും മരണവും 21 ദിവസത്തിനകം**
**രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക**
**ഇത് നിർബന്ധമാണ്.**

290



അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരുപങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗ്ഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

*- മഹാത്മാഗാന്ധി*

അധികാരം ജനങ്ങളിലേക്ക്
ഒമ്പതാം പദ്ധതി ജനകീയപദ്ധതി

✱

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക
പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്

✱

ആസൂത്രണം താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്

✱

ആസൂത്രണത്തിലും നിർവ്വഹണത്തിലും
വിപുലമായ ജനപങ്കാളിത്തം

✱

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

✱


ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.


Printech Printers, Vadakara

## തിരുവല്ലൂർ ഗ്രാമപഞ്ചായത്ത്

# വികസനരേഖ









അധികാരം ജനങ്ങളിലേക്ക്

**ഒമ്പതാം പദ്ധതി**
**ജനകീയ പദ്ധതി**

# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ

**1996 നവമ്പർ 12**

**കമ്മ്യൂണിറ്റി ഹാൾ**


**തിരുവള്ളൂർ**

293

# താളുകളിലൂടെ...


| | |
|---|---|
| വിനയപൂർവ്വം | 9 |
| സാമൂഹ്യ സാംസ്കാരിക ചരിത്രം | 12 |
| ഭൂപ്രകൃതിയും വിഭവങ്ങളും | 16 |
| കൃഷിയും ജലസേചനവും | 20 |
| മൃഗസംരക്ഷണം | 27 |
| മത്സ്യബന്ധനം | 30 |
| വ്യവസായം | 32 |
| ഊർജ്ജം | 34 |
| ഗതാഗതം | 37 |
| മാർക്കറ്റ് | 45 |
| പൊതുജനാരോഗ്യവും കുടിവെള്ളവും | 46 |
| വിദ്യാഭ്യാസം | 52 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 59 |
| പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 62 |
| വനിതാക്ഷേമം | 64 |
| സംസ്ക്കാരം | 66 |
| സഹകരണമേഖല | 71 |
| വിനോദസഞ്ചാരം | 73 |
| വിഭവസമാഹരണം | 74 |
| വികസന പാതയിൽ | 76 |


# തിരുവള്ളൂർ പഞ്ചായത്ത്
## ഭൂപടം



295

ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ
അതിപ്രാചീനമായ സംസ്കാരം
അസംസ്കൃതിയാൽ മൂടപ്പെട്ടു
ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ
മാറ്റി അവന്റെ ദാരിദ്ര്യവും
നിരക്ഷരത്വവും ഇല്ലാതാക്കിയാൽ
ഒരു സ്വതന്ത്ര പൗരന്റെ ഏറ്റവും
നല്ല മാതൃക നിങ്ങൾക്ക്
കാണാൻ കഴിയും.

മഹാത്മജി.



*"കേന്ദ്രത്തിലിരിക്കുന്ന പത്തിരുപതുപേർക്ക് യഥാർത്ഥ ജനാധിപത്യം പ്രവർത്തിപ്പിക്കുവാൻ കഴിയില്ല. അത് ഓരോ ഗ്രാമത്തിലെയും ജന ങ്ങൾ അടിത്തട്ടിൽ നിന്ന് മുകളിലേക്ക് പ്രവർത്തിപ്പിക്കേണ്ടതാണ്."*

**മഹാത്മജി.**

# വിനയപൂർവ്വം

സ്വാതന്ത്ര്യലബ്ധിയുടെ ആദ്യനാളുകളിൽ ആസൂത്രിതമായി സമ്പദ്വ്യവസ്ഥയെ വളർത്തുന്നതിനാണ് ഇന്ത്യയിലെ ഭരണാധികാരികൾ ശ്രമിച്ചുവന്നത്. എന്നാൽ അടിസ്ഥാനപരമായ സാമൂഹ്യമാറ്റങ്ങൾ വരുത്തുവാൻ പര്യാപ്തമല്ലാത്ത ഒരു ആസൂത്രണസംരംഭമാണ് ഇന്ത്യയിൽ നടന്നത്. എന്നിരുന്നാലും ഒട്ടേറെ നേട്ടങ്ങളും പുരോഗതിയും നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. പഞ്ചവത്സരപദ്ധതികളിലൂടെ വിഭാവനം ചെയ്ത ഗുണഫലങ്ങൾ ഇന്ത്യയിലെ സാധാരണജനങ്ങൾക്ക് അനുഭവഭേദ്യമാക്കുന്നതിന് കേന്ദ്രീകൃത ആസൂത്രണരീതിയും ഉദ്യോഗസ്ഥ മേധാവിത്വവും, ഡിപ്പാർട്ട്മെന്റൽ കംപാർട്ട്മെന്റലിസവും വളരെയധികം വിഘാതങ്ങൾ സൃഷ്ടിച്ചു. ഇവിടെയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രസക്തി.

വികസനമെന്നാൽ സ്ഥായിയും നീതിപൂർവ്വവുമായ ധ്രുതഗതിയിലുള്ള വളർച്ചയാണെന്ന കാഴ്ച്ചപ്പാടിലൂടെ വികസനാനുഭവങ്ങളെ വിലയിരുത്തുമ്പോൾ കേരളത്തിന്റെ വികസനരംഗം വഴിമുട്ടിനിൽക്കുന്നതായി നമുക്ക് ബോധ്യമാകും. വിവിധ സാമൂഹ്യക്ഷേമരംഗങ്ങളിൽ നാം കൈവരിച്ച അസൂയാർഹമായ നേട്ടങ്ങൾ പരിഗണിക്കുമ്പോൾ താഴ്ന്ന സാമ്പത്തിക നിലവാരത്തിലും ബോധപൂർവ്വമായ ജനകീയ ഇടപെടലുകളിലൂടെ ജനസാമാന്യത്തിന്റെ ജീവിതനിലവാരം ഉയർത്തുവാൻ കഴിയുമെന്ന് കേരളം തെളിയിക്കുന്നു. തുടർന്ന് കൂലിയുടെയും ഉത്പ്പാദന ചെലവിന്റെയും വർധനവിന് അനുസൃതമായി കാർഷിക മേഖലയിലെ ഉത്പാദനക്ഷമതയില്ലായ്മ, പരമ്പരാഗത വ്യവസായ രംഗത്തെ തകർച്ച, ചെറുകിട വൻകിട വ്യവസായ മേഖലയിലെ പ്രതിസന്ധി, പൊതുമേഖലയിലെ താരതമ്യേനയുള്ള നിക്ഷേപക്കുറവ്, ഉല്പാദനമുരടിപ്പ് മൂലമുള്ള ഭയാനകമായ തൊഴിലില്ലായ്മ, സർക്കാറിന്റെ ധനകാര്യക്കുഴപ്പം, സ്ഥായിയല്ലാത്തതും പിന്നോക്കാവസ്ഥയിലുള്ളതുമായ സാമ്പത്തിക വളർച്ച, ഭ്രാന്തമായ ഉപഭോഗസംസ്ക്കാരം, ലിംഗപരമായ വിവേചനങ്ങൾ, പ്രകൃതിസമ്പത്തിന്റെ ശോഷണം എന്നിങ്ങനെയുള്ള നിരവധി പ്രതിസന്ധികൾ ഒരു രാഷ്ട്രീയ-സാമൂഹ്യ വെല്ലുവിളിയായി ഉയരുകയാണ്. ഇത് തുടർന്നാൽ ശിഥിലീകരണ ജനാധിപത്യ വിരുദ്ധ പ്രവണതകൾ നമ്മുടെ സംസ്ഥാനത്തെ കീഴ്പ്പെടുത്തുക തന്നെ ചെയ്യും. എന്നാൽ പ്രശ്നങ്ങളെല്ലാം നമുക്ക് ഉടനടി പരിഹരിക്കാൻ ആവില്ല. നമ്മുടെ സംസ്ഥാനം സാമൂഹ്യ രാഷ്ട്രീയ ക്ഷേമരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും സ്ഥായിയായ സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടാനുള്ള ബോധപൂർവ്വമായ പ്രവർത്തനവും ശക്തമായ ജനകീയ ഇടപെടലുകളുമാണ് ഇന്ന് അത്യാവശ്യം.

ഇത് സാക്ഷാത്കരിക്കുന്നതിനായി ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ചട്ടക്കൂടിനുള്ളിൽ രൂപീകരിക്കപ്പെട്ട ത്രിതല പഞ്ചായത്ത്, മുൻസിപ്പൽ, കോർപ്പറേഷൻ സമിതികൾ കേരളത്തിൽ നിലവിൽവന്നു കഴിഞ്ഞിരിക്കുകയാണ്. ഈ സമിതികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും വിദഗ്ധരെയും ഉദ്യോഗസ്ഥരെയും പ്രാദേശിക തലത്തിൽ കോർത്തിണക്കുന്ന ഒരു പ്രവർത്തനശൈലിയിലൂടെ പുത്തൻവികസന സംസ്കാരത്തിന് വഴിയൊരുക്കേണ്ടിയിരിക്കുന്നു.

ഈ ചരിത്ര പശ്ചാത്തലത്തിൽ ഒമ്പതാം പദ്ധതിയുടെ 35-40% തുക വിവിധ തട്ടുകളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെലവിടാൻ തീരുമാനിച്ചിരിക്കുകയാണ്. ഗ്രാമസഭകളിൽ നിന്നു

യർന്നുവന്ന നിർദേശങ്ങൾ ജനകീയ ചർച്ചയിലൂടെ മുൻഗണന നിശ്ചയിച്ച് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനമാരംഭിച്ചത്. ജനകീയാസൂത്രണ പരിപാടിയുടെ അടിസ്ഥാനശില ഗ്രാമസഭകളുടെ പ്രവർത്തനം തന്നെയാണ്. തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭകളുടെ വിജയത്തിനായി വമ്പിച്ച പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ രണ്ടു ഭാഗങ്ങളിലായി പഞ്ചായത്ത് അംഗങ്ങളും ബഹുജനസംഘടനാ പ്രതിനിധികളും ഉൾപ്പെടുന്ന വിളംബര ജാഥകൾ നടന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനകീയാസൂത്രണ പരിപാടിയെപ്പറ്റി വിശദീകരിക്കുന്ന പൊതുയോഗങ്ങൾ നടത്തപ്പെട്ടു. ജനാധികാര കലാജാഥ പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. സപ്തംബർ 14 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ പഞ്ചായത്തിലെ 12 വാർഡുകളിലേയും ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളിൽ മൊത്തം രേഖപ്പെടുത്തിയവരുടെ എണ്ണം 3078. ഇതിൽ 856 പേർ വനിതകളും 2222 പേർ പുരുഷന്മാരുമാണ്. ഇത് പഞ്ചായത്തിലെ മൊത്തം വോട്ടർമാരുടെ 14% ആണ്.

പൈതൃകങ്ങളിൽ നിന്നും പാരമ്പര്യങ്ങളിൽനിന്നും ആവേശമുൾക്കൊള്ളുന്ന ഒരു ജനതയാണ് നാം. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വിജയം ജനശക്തിയിലധിഷ്ഠിതമാണ്. ഈ ജനശക്തിയെ ചൈതന്യവത്താക്കുകയെന്നതാണ് നമ്മുടെ കർമ്മം. ചരിത്രത്തിന്റെ താളുകളിൽ കർമ്മശേഷിയുടെ കൂട്ടായ്മ തങ്കലിപികളിൽ എഴുതിച്ചേർക്കുവാൻ നമുക്ക് കഴിയണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ബഹുജനപങ്കാളിത്തത്തോടെ ഗ്രാമസിരകൾ വികസനത്തിന്റെ ഉൾത്തുടിപ്പുകൾ ഏറ്റുവാങ്ങണം.

ഈ മഹായജ്ഞത്തെ ഒരു ചരിത്രയാഥാർത്ഥ്യമാക്കുവാൻ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 'വികസനരേഖ', വികസന സെമിനാറിനു മുമ്പാകെ വിനയപൂർവ്വം സമർപ്പിക്കുന്നു.

## ഗ്രാമസഭകളിലെ ഹാജർനില (രേഖപ്പെടുത്തിയത്)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 172 | 16 | 188 |
| 2 | 219 | 101 | 320 |
| 3 | 190 | 70 | 260 |
| 4 | 85 | 16 | 101 |
| 5 | 197 | 100 | 297 |
| 6 | 172 | 37 | 209 |
| 7 | 114 | 9 | 123 |
| 8 | 233 | 83 | 316 |
| 9 | 147 | 19 | 166 |
| 10 | 202 | 141 | 343 |
| 11 | 327 | 189 | 516 |
| 12 | 174 | 65 | 239 |
| **ആകെ** | **2222** | **856** | **3078** |

# പഞ്ചായത്തിനെപ്പറ്റിയുള്ള പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജ് | : | കോട്ടപ്പള്ളി, തിരുവള്ളൂർ |
| ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ | : | 1. തിരുവള്ളൂർ |
| | | 2. ചെമ്മരത്തൂർ |
| | | 3. കീഴൽ (ഭാഗികം) |
| | | 4. മയ്യന്നൂർ (ഭാഗികം) |
| ജില്ലാ പഞ്ചായത്ത് മണ്ഡലങ്ങൾ | | |
| | | 1. ആയഞ്ചേരി (ഭാഗികം) |
| | | 2. വില്ല്യാപ്പള്ളി ( ,, ) |
| | | 3. മണിയൂർ ( ,, ) |
| താലൂക്ക് | : | വടകര |
| അസംബ്ലി മണ്ഡലം | : | മേപ്പയൂർ |
| പാർലമെന്റ് മണ്ഡലം (ലോക്സഭ) | : | വടകര |
| ജില്ല | : | കോഴിക്കോട് |
| വിസ്തീർണ്ണം | : | 27.58 |
| അതിരുകൾ | | |
| കിഴക്ക് | : | കുറ്റ്യാടിപ്പുഴ |
| തെക്ക് | : | കുറ്റ്യാടിപ്പുഴ |
| വടക്ക് | : | ആയഞ്ചേരി, വേളം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വില്ല്യാപ്പള്ളി പഞ്ചായത്ത് |
| ജനസംഖ്യ | : | 30562 (1991 സെൻസസ്) |
| വാർഡുകൾ | : | 12 |
| സ്ഥാപിതം | : | 1962 |



# സാമൂഹ്യ സാംസ്കാരിക ചരിത്രം

തിരുവള്ളൂർ എന്ന പേരിലറിയപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിനും അതിലെ അംഗ- അംശ ദേശങ്ങൾക്കും ഏറെ സ്മരണകളയവിറക്കാനുണ്ട്. സ്ഥല നാമ ചരിത്രത്തിനു രേഖകളുടെ പിൻബലം സാക്ഷിയായി നൽകാനില്ലായെങ്കിലും ഐതിഹ്യങ്ങളും കഥയില്ലാക്കഥകളും വാമൊഴിയായി നമ്മുടെ ഈ തലമുറയിൽ എത്തിനിൽക്കുന്നു.

ഓർമ്മയുടെ ഊടുവഴികളിൽകൂടി നമ്മുടെ പൂർവ്വികർ എത്തിനിൽക്കുന്നതും അവർ വാമൊഴിയായി തന്നതും നാമറിയുന്നതുമായ നാട്ടറിവിൽ ദ്രാവിഡ സംസ്കാരത്തിന്റെ തനിമയുടെ അംശങ്ങളുണ്ട്. മുറിഞ്ഞ വാളും പരിചയുമായി തന്റെ കളരി ആയോധനാപാടവം കൊണ്ട് എല്ലാം തികഞ്ഞ തച്ചോളി ഒതേനനുമായി ഏറ്റുമുട്ടുകയും പരാജയം മനസ്സിലാക്കിയ ഒതേനൻ സന്ധിയാവുകയും ചെയ്ത. വെള്ളൻ എന്ന ധീര യോദ്ധാവിന്റെ കഥ പഞ്ചായത്തിന്റെ പേരുമായി ബന്ധപ്പെട്ടുകിടക്കുന്നു. വീരനായ വെള്ളനെ നമ്മുടെ പൂർവികന്മാർ `തിരു' എന്ന ദ്രാവിഡപദം ചേർത്തുവിളിച്ചുവത്രെ. തിരുവള്ളൻ അങ്കം ജയിച്ച നാടിനെ `ഊരെന്ന' മറ്റൊരു ദ്രാവിഡ പദം കൂടി ചേർത്ത് തിരു-വള്ളൻ- ഊരു എന്നു വിളിക്കുകയും ക്രമേണ ഇത് ലോപിച്ച് തിരുവള്ളൂരായി മാറുകയും ചെയ്തു.

നമ്മുടെ പൂർവ്വികർ കൈമാറിയ മറ്റൊരു കഥ കൂടിയുണ്ട്. കിഴക്ക്, തെക്ക്, കിഴക്ക് - പടിഞ്ഞാറായി ഒഴുകുന്ന കുറ്റ്യാടി പുഴയുടെ പടിഞ്ഞാറ് ഭാഗത്ത് പണ്ട് പണ്ട് സമതലങ്ങളും സസ്യലതാദികളും ചൂരൽക്കാടുകളും തിങ്ങിനിങ്ങഞ്ഞ വനപ്രദേശമായിരുന്നു. ഈ ഭൂവിഭാഗത്തിലെ ചൂരൽക്കാടുകൾ വെട്ടിത്തെളിച്ച് `പുനം കൃഷി ചെയ്യാൻ വയനാടൻ മലയിറിങ്ങി വന്ന ഗൗഡ സമൂഹം മാങ്ങാം മൂഴിയിൽ നിന്നും വടക്കോട്ടു പോകുന്ന ഇന്നത്തെ മാഹി കനാലെന്ന പഴയ പുഴയിലൂടെ തോടന്നൂർ ഭാഗത്തെത്തുന്നു. ഈ ആദി ഗൗഡ സംഘം തമ്പടിച്ച ഊര് ``ഗൗഡന്നൂരായും' പിന്നീട് തോടന്നൂരായും അറിയപ്പെട്ടു. ഈ ഭൂപ്രദേശങ്ങൾ തന്റെ അധികാര പരിധിയിലൊതുക്കുവാൻ അവർ കടന്നുവന്ന പുഴക്ക് ഒരു നടകെട്ടി. അതത്രെ മണ്ഡലങ്ങൾ "ഗൗണ്ടർ നട"യെന്ന ഇന്നത്തെ കവുന്തൻ നട. ഈ നട കടന്ന് വെളുത്ത കരയും (വെള്ളൂക്കര) തുരുത്തും (തുരുത്തി) അവർ കൈവശപ്പെടുത്തി. ഈ വംശപരമ്പരയിലെ പ്രമുഖൻ തിരുവള്ളുവർ ആയിരുന്നത്രെ. ഗൗഡർ നടയിലൂടെ കടന്ന് പിന്നീട് കിഴക്ക് സ്ഥിരതാമസം തുടങ്ങിയ 'തിരുവള്ളവരുടെ ഊരെ'ന്ന പേരു ലഭിച്ച ഈ പ്രദേശമാണ് ഇന്ന് 'തിരുവള്ളൂർ' ആയി അറിയപ്പെടുന്നതത്രെ. തിരുവള്ളുവരുടെ കന്നിക്കും തോഴിമാർക്കും യാത്രയ്ക്ക് ഒരുക്കിയ വഴിയാണ് ഇന്നത്തെ കന്നിനട എന്നാണ് ഐതിഹ്യം.

കുറേയേറെ കോവിലകങ്ങളും നാടുവാഴിത്തറവാടുകളും ഇല്ലങ്ങളും ഈ പ്രദേശത്തുണ്ടായിരുന്നു. കൊളത്തായി, ചിറ്റയിൽ, വണ്ണത്താംകണ്ടി, തേവർമഠം എന്നിവ അവയിൽ ചിലതാണ്. കളരിമുറകൾ അഭ്യസിച്ചിരുന്ന ഒരു കാലഘട്ടമായിരുന്ന അത്. പഞ്ചായത്തിലെ ആദ്യത്തെ ഹിന്ദുക്ഷേത്രം തിരുവള്ളൂർ ശിവക്ഷേത്രവും മുസ്ലിം പള്ളി കണ്ണമ്പത്തുകര പള്ളിയുമാണെന്ന് വിശ്വസിക്കപ്പെടുന്നു. ബാവു പാറ ശിവക്ഷേത്രത്തിലെ മേപ്പാറമേലുള്ള വറ്റാത്ത കിണറും കുളവും ഒരു അത്ഭുതമായി ഇന്നും നിലനിൽക്കുന്നു.

വടക്കൻപാട്ടിലൂടെ ഇന്നും ജനമനസ്സിൽ ജീവിക്കുന്ന കപ്പള്ളി പാലാട്ട് കോമൻ ജനിച്ചത് ചെമ്മരത്തൂ

രിലാണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. കപ്പള്ളി ക്ഷേത്രവും പാലാട്ട് വീടും ഇന്നും പഴയ ഓർമ്മത്തുടിപ്പുകളുമായി നിലനിൽക്കുന്നു. ഫ്യൂഡൽ സംസ്കാരവും ജന്മി യാഥാസ്ഥിതികത്വവും അതിന്റെ എല്ലാ പ്രൗഢിയോടും കൂടി നിലനിന്നിരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലികൾ ഈ പ്രദേശങ്ങളിൽ കടന്നെത്തിയതോടുകൂടി അനീതിയെയും അനാചാരങ്ങളെയും എതിർക്കാനും സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാകാനും ജനങ്ങൾ തയ്യാറായി. കേളപ്പജി, കേളുഏട്ടൻ, പി.ആർ. നമ്പ്യാർ, ഡോ: കെ.ബി. മേനോൻ, പി.പി. ശങ്കരൻ, കോൺഗ്രസ് രാമക്കുറുപ്പ് തുടങ്ങിയ നേതാക്കന്മാരുടെ പ്രചോദനത്തിൽ ആകൃഷ്ടരായി കള്ളുഷാപ്പ് പിക്കറ്റിംഗ്, തിരുവള്ളൂർ സബ്ബ് റജിസ്ട്രാർ ആപ്പീസ് പിക്കറ്റിംഗ്, ക്ഷേത്രപ്രവേശന സമരം, ഉപ്പു കുറുക്കൽ, അയിത്തോച്ചാടനം എന്നീ പ്രക്ഷോഭങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ഉപ്പുകുറുക്കൽ സമര വളണ്ടിയർമാരെ നേരിടാൻ ഒരു പോലീസ് എയ്ഡ് പോസ്റ്റ് തിരുവള്ളൂരിൽ സ്ഥാപിച്ചിരുന്നു. അയിത്തത്തിനെതിരായ സമരത്തിന്റെ ഭാഗമായി സി.എച്ച്. കുഞ്ഞിരാമക്കുറുപ്പ്, എ. രാമക്കുറുപ്പ്, ചാപ്പൊയിൽ കണ്ണക്കുറുപ്പ്, പാലാട്ട് കൃഷ്ണക്കുറുപ്പ് എന്നിവരുടെ നേതൃത്വത്തിൽ ഇരട്ടക്കുളങ്ങര ക്ഷേത്രത്തിൽ താഴ്ന്ന ജാതിക്കാരെ കുളിപ്പിച്ചുകൊണ്ട് സാമൂഹ്യ അനീതിക്കും അനാചാരത്തിനുമെതിരെ ശക്തമായ പ്രതികരണമഴിച്ചുവിട്ടിരുന്നു.

കോൺഗ്രസ് രാമക്കുറുപ്പിന്റെ നേതൃത്വത്തിൽ തിരുവള്ളൂർ സ്കൂൾ പിക്കറ്റ് ചെയ്ത വളണ്ടിയർമാരായ പി.കെ. കൃഷ്ണൻ, കെ. നാരായണമാരാർ എന്നിവരെ പോലീസ് അറസ്റ്റ് ചെയതത് അന്ന് വലിയ സംഭവമായിത്തീർന്നു. പി.പി.ശങ്കരന്റെ നേതൃത്വത്തിൽ തിരുവള്ളൂരിലൂടെ കടന്നുപോയ കൂത്താളി സമരജാഥയും ജനങ്ങളിൽ സമരാവേശമുണർത്തുന്നതായിരുന്നു. തിരുവള്ളൂരിലെ വാകയാട്ടു നാരായണൻ നമ്പ്യാരും ശനിയൻ സഭ ബഹിഷ്കരണത്തിൽ പങ്കെടുത്ത് അഞ്ച് പ്രാവശ്യം ജയിൽവാസം അനുഭവിച്ച സി.എച്ച്. കുഞ്ഞിരാമക്കുറുപ്പും സ്വാതന്ത്ര്യസമരത്തിന്റെ ജീവിക്കുന്ന പോരാളികളാണ്. സ്വാതന്ത്ര്യസമരത്തിന്റെ പ്രാദേശിക നേതൃനിരയിൽ ശ്രീ. പി.കെ. കൃഷ്ണൻ, കോമട്ട് കണ്ണക്കുറുപ്പ്, ചാലിൽ അന്ത്രുഹാജി എന്നിവരുടെ പങ്ക് സ്മരണീയമാണ്.

മദ്രാസ് നിയമസഭയിലെ ഉപരിസഭാംഗമായിരുന്നു തോടന്നൂരിലെ പുതിയടത്ത് വി.പി. നാരായണൻ നമ്പ്യാർ. ഇദ്ദേഹത്തിന്റെ കുതിരവണ്ടിക്ക് വരാൻവേണ്ടിയാണ് അന്ന് എം.എൽ.സി റോഡ് എന്നറിയപ്പെടുന്ന ഇന്നത്തെ വടകര- എടോടി- തോടന്നൂർ റോഡ് നിർമിച്ചത്. ആദ്യത്തെ ഡിസ്ട്രിക്ട് ബോർഡ് മെമ്പർ ഈ പഞ്ചായത്തിലുള്ള തോടന്നൂർ കൊയിലോത്ത് ശ്രീ. വി.കെ. കൃഷ്ണൻ നമ്പ്യാർ ആയിരുന്നു. യശഃശരീരനായ ശ്രീ. ചെമ്പൈ വൈദ്യനാഥ ഭാഗവതർ ആദ്യകാലത്ത് സംഗീതാരാധന നടത്തിയ വീടുകളിലൊന്ന് വള്ള്യാട് വണ്ണത്താങ്കണ്ടി തറവാടാണത്രെ.

സ്വാതന്ത്ര്യാനന്തരം ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചുവട് പറ്റി ബഹുജനസംഘടനകളും, രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ പഞ്ചായത്തിൽ ശക്തമായി വേരുറപ്പിച്ചു. കേരള സംസ്ഥാന രൂപീകരണനാന്തരം അധികാരമേറ്റെടുത്ത ഭരണകൂടങ്ങൾ നടത്തിയ ഭൂപരിഷ്കരണനടപടികളും സാമൂഹ്യ- രാഷ്ട്രീയ വിദ്യാഭ്യാസ പരിഷ്കാരങ്ങളും ഈ പഞ്ചായത്തിൽ കാർഷിക- സാമൂഹ്യ മേഖലകളിൽ മാറ്റങ്ങൾക്ക് വഴിയൊരുക്കി. കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ശ്രീ. വി.പി. ഗോപാലൻനമ്പ്യാരും മദ്രാസ് പച്ചയ്യപ്പാസ് കോളേജ് മുൻ പ്രിൻസിപ്പലും ഇപ്പോൾ കനഡാ യൂണിവേഴ്സിറ്റി മേധാവിയും പ്രശസ്ത ശാസ്ത്രജ്ഞനുമായ ശ്രീ. വി.പി. നാരായണൻ നമ്പ്യാരും (ജൂനിയർ) ഈ പഞ്ചായത്തുകാരാണ്.

വിദ്യാഭ്യാസരംഗത്ത് 1958-ൽ സ്ഥാപിച്ച തിരുവള്ളൂർ ശാന്തിനികേതൻ ഹൈസ്കൂളും ഗതാഗത രംഗത്ത് തിരുവള്ളൂരിനെ വടകരയുമായി ബന്ധപ്പെടുത്തുന്ന 1960-ൽ പണി ആരംഭിച്ച കന്നിനട പാലവും, ആരോഗ്യരംഗത്ത് തിരുവള്ളൂർ ആശുപത്രിയും കാർഷിക സാമൂഹ്യരംഗത്ത് 1962-ൽ തോടന്നൂരിൽ പ്രവർത്തനമാരംഭിച്ച N.E.S ബ്ലോക്കും ഈ നാടിന്റെ വികസനരംഗത്തെ നാഴികക്കല്ലുകളാണ്.


1962-ലെ വില്ലേജ് പുനഃസംയോജനത്തിനു ശേഷം പഴയ വില്ല്യാപ്പള്ളി പഞ്ചായത്ത് ബോർഡിന്റെ കീഴിൽ വരുന്ന കോട്ടപ്പള്ളി വില്ലേജിനെ തിരുവള്ളൂർ വില്ലേജുമായി ചേർത്ത് തിരുവള്ളൂർ പഞ്ചായത്ത് ബോർഡ് രൂപീകരിച്ചു.

കേരളപ്പിറവിക്കു ശേഷമുണ്ടായ സാമൂഹ്യമാറ്റങ്ങ

ളുടെ ഫലമായും, ഭൂപരിഷ്കരണ നിയമങ്ങൾ തുടങ്ങി ഒട്ടനവധി നിയമനിർമ്മാണ നടപടികളുടെ ഫലമായും നമ്മുടെ പഞ്ചായത്ത് അഭിമാനാർഹമായ നിരവധി നേട്ടങ്ങൾ കൊയ്തെടുത്തിട്ടുണ്ട്. വികസനരംഗത്ത് ഇനിയും ഒട്ടേറെ ദൂരം പോകേണ്ടതായിട്ടുണ്ട്. നേട്ടങ്ങളും പ്രതിസന്ധികളും വിലയിരുത്തി ഒറ്റക്കെട്ടായി പുതിയ വികസന സംസ്കാരത്തിന്റെ വെളിച്ചവുമായി നമുക്ക് ഇനി യാത്ര തുടരാം.

## ഇവർ മുൻകാല ഭരണസാരഥികൾ

| | |
|---|---|
| 1964 - 1979 | ശ്രീ. കെ.സി. അച്ചുതൻ വൈദ്യർ (പ്രസിഡണ്ട്) |
| | ജ: നന്തോത്ത് മൂസ്സഹാജി (വൈസ് പ്രസിഡണ്ട്) |
| | ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു. |
| 1979 - 1984 | ജ: കണ്ടിയിൽ അബ്ദുള്ള (പ്രസിഡണ്ട്) |
| | ശ്രീ. അമ്മാരപ്പള്ളി കുഞ്ഞിശങ്കരൻ (വൈസ് പ്രസി.) |
| 1988 - 1995 | ശ്രീ. മരുതിയാട്ട് കുഞ്ഞിക്കണ്ണൻ വൈദ്യർ (പ്രസിഡണ്ട്) |
| | ശ്രീ. എം.പി. ബാലൻ (വൈസ് പ്രസി.) |



# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | |
|---|---|
| ശ്രീ. ഇ. കൃഷ്ണൻ | (പ്രസിഡന്റ്) |
| ശ്രീ. എം. ഗോപാലക്കുറുപ്പ് | (വൈസ് പ്രസിഡന്റ്) |
| ശ്രീ എം. ചാത്തൻ | (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| ശ്രീ. ഒ. അമ്മത് | ( മെമ്പർ ) |
| ശ്രീ. വി.കെ. രാധാകൃഷ്ണൻ നമ്പ്യാർ | ( ,, ) |
| ശ്രീമതി. ടി.കെ. ശാന്ത | ( ,, ) |
| ശ്രീമതി. കെ. പ്രസന്ന | ( ,, ) |
| ശ്രീ. ടി.കെ. കുഞ്ഞമ്മത് | ( ,, ) |
| ശ്രീ. പാലൂന്നി മൊയ്തു | ( ,, ) |
| ശ്രീ. കെ.വി. കുഞ്ഞിക്കണ്ണൻ | ( ,, ) |
| ശ്രീമതി. ടി.വി. ദേവി | ( ,, ) |
| ശ്രീമതി. സുലേഖ രാമചന്ദ്രൻ | ( ,, ) |

# ഭൂപ്രകൃതിയും വിഭവങ്ങളും



തിരുവള്ളൂർ പഞ്ചായത്തിന്റെ ഭൂഘടന കുന്നുകളും, ചരിവുകളും, താഴ്‌വരകളും സമതലങ്ങളും ചതുപ്പുനിലങ്ങളും നിറഞ്ഞതാണ്. അതുകൊണ്ടുതന്നെ ഭൂമിശാസ്ത്രപരമായി നിരവധി പ്രശ്നങ്ങളെ നമ്മൾ അഭിമുഖീകരിക്കുന്നുണ്ട്. തെക്കു വെള്ളൂക്കര മുതൽ വടക്ക് വള്ള്യാട് വരെയും കിഴക്ക് മീൻപാലം മുതൽ പടിഞ്ഞാറ് ഉപ്പിലാറക്കുന്നു വരെയും വ്യാപിച്ചുകിടക്കുന്ന ഭൂപ്രദേശങ്ങൾ അടങ്ങിയതാണ് തിരുവള്ളൂർ പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിന്റെ കാർഷിക കാലാവസ്ഥ ``വടക്കൻ മധ്യമേഖല'യിൽ ഉൾപ്പെടുന്നു. കുന്നിൻപ്രദേശങ്ങൾ, ചെരിവുകൾ,താഴ്‌വരകൾ, ചതുപ്പുനിലങ്ങൾ എന്നിങ്ങനെ ഭൂമിശാസ്ത്രപരമായി നാലുഭാഗങ്ങളായി നമുക്ക് വിഭജിക്കാം.

## കുന്നിൻപ്രദേശങ്ങൾ:

വിസ്തൃതിയുടെ 28% വരുന്ന കുന്നിൻപ്രദേശങ്ങൾ കോട്ടപ്പാറ, വില്ലൂന്നിപ്പാറ, ബാവുപ്പാറ, കുന്നോത്ത് പാറ, പാറക്കെട്ടിൽ പാറ, നരിക്കുന്നു പാറ, ഒന്തത്ത് ഭ്രാന്തൻകണ്ടി പാറ, മണ്ടോളാണ്ടി പാറ, പാറക്കെട്ടിൽ പാറ, ചെമ്മരത്തൂർ എന്നിവ പ്രധാനപ്പെട്ട കരിങ്കൽ പാറകളാണ്. ഇത് മൊത്തം വിസ്തൃതിയുടെ 5% വരും. കുന്നിൻ പ്രദേശങ്ങളിൽ തറവട്ടത്ത്, പാത്തായക്കൂട്ടിൽ, കക്കാട്ടുതറമ്മൽ, മണോളിക്കണ്ടി, കപ്പള്ളിപ്പറമ്പ്, മലയന്റെ മീത്തൽ, ഒന്തത്ത് മീത്തൽ, കുറ്റിയിൽ, അരീക്കര മീത്തൽ, പാലോറ, പൊന്നാരംകുന്ന്, കോട്ടോൽ, തിരുമംഗലത്ത് മീത്തൽ, പൂക്കോട്, വംഗമല, പാറഭാഗം, വെള്ളറാട്, പള്ളിക്കുന്ന്, തറവട്ടത്ത്, കാര്യപ്പറമ്പ്, മലയിൽഭാഗം, കാക്ക്യേരിമ്മൽ, മലപ്പറമ്പ്, വടക്കേക്കണ്ടി, പനയുള്ളതിൽ, പാലോറമ്മൽ, ആലങ്കോട്ട്, വാടിയിൽ എന്നീ ഭാഗങ്ങൾ ചെങ്കൽ നിറഞ്ഞ ഉയർന്ന പ്രദേശങ്ങളും കരുവാണ്ടി, വേടിയോർമല, കണ്ടോത്ത്, മെമ്മേനി മീത്തൽ, തിരുമന, തറവട്ടത്ത്, കുയ്യന, പൂവ്വോട്, പെരേലാടു തച്ചൻകുന്ന്, പുലക്കുന്ന്, കൂട്ടമാക്കൂൽ, തൗവ്വാറ, മൊട്ടം തറമൽ, വലിയ വളപ്പിൽ, ചക്കേരി, പാലയാട്ടുമീത്തൽ, അരീക്കുഴി, ആശാരിപ്പറമ്പ്, മീത്തലെ കുന്നോത്ത്, ഉപ്പിലാറ, കോഴിപ്പറമ്പത്ത്, കുന്നത്ത്കുന്ന് എന്നീ ഭാഗങ്ങൾ ചെരിവ് നിറഞ്ഞ ചെമ്മണ്ണു പ്രദേശങ്ങളാണ്.

## ചെരിവുകൾ:

ഭൂവിസ്തൃതിയുടെ 20%- ഓളം വരുന്നതാണ് ഈ ഭൂവിഭാഗം.ഈ പ്രദേശങ്ങൾ ജലദൗർലഭ്യം അനുഭവപ്പെടുന്ന വരണ്ട ഭൂമിയാണ്. തെങ്ങും ചിലയിടങ്ങളിൽ കശുമാവും നാമമാത്രമായി കുരുമുളകും കൃഷി ചെയ്തുവരുന്നു. ചെരിവുകളിലെ മണ്ണൊലിപ്പ് കൃഷിയെ കാര്യമായി ബാധിക്കുന്നുണ്ട്.


## താഴ്‌വരകൾ:

കുന്നിൻ ചരിവിനും സമതലത്തിനും ഇടയിലായി സ്ഥിതിചെയ്യുന്നു. മൊത്തം വിസ്തൃതിയുടെ 20% -ഓളം വരും. ഫലഭൂയിഷ്ഠമായ പ്രദേശമാണ്. ജലസംഭരണശേഷി താരതമ്യേന കൂടുതലുള്ള ഈ പ്രദേശത്ത് പൂഴികയും ചെമ്മണ്ണും കലർന്ന പ്രദേശങ്ങളാണ്. പ്രധാനകൃഷി നാളീകേരം ആണ്. ഫലവൃക്ഷങ്ങളും കുരുമുളകു വള്ളികളും ധാരാളമായി കണ്ടുവരുന്നു.

## സമതലം:

ഭൂവിസ്തൃതിയിൽ 18% -ഓളം വരുന്ന ഈ പ്രദേശത്തിനെ രണ്ടായി വിഭജിച്ച് കൊണ്ട് വടകര മാഹി കനാൽ കടന്നുപോകുന്നു. അരീക്കൽ താഴ, മഠത്തിൽ താഴ വടക്കയിൽ താഴ, എന്നീ തോടുകൾ

# ട്രാൻസെക്റ്റ്-1


ഭൂപ്രകൃതി
മണ്ണ്
സസ്യങ്ങൾ
പരിസ്ഥിതി പ്രശ്നങ്ങൾ
കുന്നിൻ മണ്ട
ചരിവ്
താഴ്വര
സമതലം
ചതുപ്പ്
പാറ
ചരൽ നിറഞ്ഞ മണ്ണ്
ചെമ്മണ്ണ്
ചെളിമണ്ണ്
പൂഴി കലർന്ന മണ്ണ്
കരിങ്കൽ പാറ

ട്രാൻസെക്ട്- 2



പടിഞ്ഞാറോട്ടും വായാട്ട്പൊയിൽ, കുമ്പളോട്ട്, വയരോളിത്താഴ, വലിയ പറമ്പൂൽ, നിടുക്കണ്ടി, മാതോത്ത് താഴ എന്നീ തോടുകൾ കിഴക്കോട്ടും മേക്കോത്ത് കനവത്ത് എന്നീതോടുതൾ തെക്കോട്ടും, ചേനാം കുഴിതോട് വടക്കോട്ടും ഒഴുകുന്നു. പ്രധാനകൃഷി നാളീകേരം തന്നെയാണ്. നെല്ല്, വാഴ, പച്ചക്കറ,മരച്ചീനി എന്നിവ കുറഞ്ഞ പ്രദേശങ്ങളിലേ കൃഷി ചെയ്യുന്നുള്ളൂ. നെൽകൃഷിപ്പാടങ്ങൾ നികത്തി പുരയിടങ്ങളാക്കുന്ന പ്രവണത കൂടിവരുന്നു. കവുങ്ങ് കൃഷി ഭാഗികമാണ്.

## ചതുപ്പുനിലം

വിസ്തൃതിയുടെ 4% വരുന്നു. ഒരുപ്പൂ കൃഷി മാത്രമേ ഈ മേഖലയിൽ ഭാഗികമായി നടത്തുന്നുള്ളൂ. പായ നെയ്ത്തിനുള്ള കൈതോല മുഖ്യമായി വളരുന്നത് ഈ പ്രദേശങ്ങളിലാണ്. തച്ചർപുഴ, എരഞ്ഞിപ്പുഴ, തച്ചറാണ്ടിച്ചിറ, പൂത്തൻചിറ എന്നിവ ചെമ്മീൻകൃഷിക്ക് അനുയോജ്യമാണ്.

## കാലാവസ്ഥ:

സമ്മിശ്ര കാലാവസ്ഥ അനുഭവപ്പെടുന്നു. ഇവിടെ ലഭിക്കുന്ന മഴയുടെ അളവ് ശരാശരി 300 സെ.മീ. ആണ്. കൂടിയ താപനില ശരാശരി 31.90C ആണ്. കുറഞ്ഞ താപനില 20.5 0 C ആണ്.

## മഴക്കാലം:

ജൂൺ 15 മുതൽ ആഗസ്ത് 15 വരെയും ഒക്ടോബർ 15 മുതൽ നവംബർ അവസാനം വരെയും മഴക്കാലമാണ്. ജൂൺ ജൂലായ് മാസങ്ങളിൽ ശക്തമായ മഴ ലഭിക്കുന്നു.

## തണുപ്പുകാലം:

ഡിസംബർ, ജനുവരി മാസങ്ങളിൽ തണുപ്പുകാലമാണ്.

## വേനൽക്കാലം:

ഫിബ്രവരി മാസം മുതൽ മെയ്മാസംവരെ വേനൽക്കാലമാണ്. ഏപ്രിൽ മെയ് മാസങ്ങളിൽ കഠിനമായ ചൂട് അനുഭവപ്പെടുന്നു.

## ജല ലഭ്യത:

തിരുവള്ളൂർ വില്ലേജിലെ കിഴക്കോട്ടൊഴുകുന്ന തോടുകൾ കുറ്റ്യാടി പുഴയിലും, പടിഞ്ഞാറോട്ടൊഴുകുന്ന തോടുകൾ വടകര മാഹികനാലിലും കോട്ടപ്പള്ളി വില്ലേജിലെ പടിഞ്ഞാറോട്ടൊഴുകുന്ന തോടുകൾ വടകര മാഹികനാലിലും ഒഴുകിച്ചേരുന്നു. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങളും, തച്ചർപുഴ, എരഞ്ഞിപ്പുഴ, വടകര മാഹി കനാൽ എന്നിവയാണ് പ്രധാന ജലസ്രോതസ്സുകൾ. സമതല പ്രദേശങ്ങളിൽ ശരാശരി 8 മീറ്ററിലും കുന്നിൻ പ്രദേശങ്ങളിൽ ശരാശരി 15, 20 മീറ്ററിലും ജലലഭ്യത ഉണ്ട്.

## ഭൂവിനിയോഗം:

മണ്ണൊലിപ്പുകാരണം നെൽപ്പാടങ്ങൾ നികന്നുപോകുകയും പുരയിടങ്ങൾക്കായി കൃഷിഭൂമി ബോധപൂർവ്വം നികത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ജനസംഖ്യാവർധനവ് മൂലം കൃഷിയിടങ്ങളിൽ തുണ്ടുവൽക്കരിക്കപ്പെടുന്നു.

## ജൈവസമ്പത്ത്:

സസ്യസമ്പത്തിന്റെ കാര്യത്തിൽ സമ്പന്നമാണ് ഈ പഞ്ചായത്ത്. ഔഷധഗുണമുള്ള സസ്യങ്ങൾ പരമ്പരാഗതമായി നിലനിൽക്കുന്നു.ഉദാ: കൂവളം, വേപ്പ്, കുറുന്തോട്ടി, ആടലോടകം, തുളസി, ചെമ്പരത്തി, മുക്കണ്ണൻ പെരേല, കഞ്ഞണ്ണി മുതലായവ.

## മൃഗസമ്പത്ത്:

മൃഗസമ്പത്തിന്റെ കാര്യത്തിൽ പിന്നോക്കമാണ് ഈ പഞ്ചായത്ത്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മുള്ളൻപന്നികൾ ഈ കുന്നിൻപ്രദേശങ്ങളിൽ കണ്ടുവരുന്നു. മെരുക്, മരപ്പട്ടി മുതലായവയെയും കാണാം.

## മനുഷ്യവിഭവം:

1991 ലെ സെൻസസ് അനുസരിച്ചുള്ള ജനസംഖ്യയിൽ നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1108 ആണ്. 1981-ലെ സെൻസസ് അപേക്ഷിച്ച് 10 വർഷം കൊണ്ട് ജനസംഖ്യാ വളർച്ചയിൽ 4480 പേരുടെ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇത് ജില്ലാശരാശരിയേക്കാൾ കുറവാണ്. കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരികയാണു തൊഴിൽരഹിതരുടെ എണ്ണം. പെരുകിക്കൊണ്ടിരിക്കുന്നു.. മനുഷ്യവിഭവശേഷി ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. സമ്പന്നമായ വിഭവശേഷി പ്രയോജനപ്പെടുത്തി വികസനപാതയിൽ മുന്നേറ്റം നടത്താൻ കഴിയും.



# കൃഷിയും ജലസേചനവും

നമ്മുടെ പഞ്ചായത്തിനകത്ത് ഈ നൂറ്റാണ്ടിനിടയിൽ കാർഷികരംഗത്ത് അറിഞ്ഞും അറിയാതെയും വന്നു ചേർന്ന മാറ്റങ്ങളെക്കുറിച്ചു ഒരു അവലോകനത്തിലൂടെ ഈ മേഖലയിലെ ഇന്നത്തെ യാഥാർത്ഥ്യങ്ങളിലേക്ക് നമുക്ക് കടന്നു പോകാം.

കുറുമ്പ്രനാട് താലൂക്കിൽപ്പെട്ട തിരുവള്ളൂർ, കോട്ടപ്പള്ളി, ചെമ്മരത്തൂർ എന്നീ അംശങ്ങളിൽ പെട്ട ഈ ഭൂമിയുടെ ആദികാല അധികാര നിയന്ത്രണ കേന്ദ്രങ്ങൾ കടത്തനാട്, കുറ്റിപ്പുറം കോവിലകങ്ങളും കാട്ടുമാടം പൂലൂരില്ലം എന്നീ മനകളും ആയിരുന്നെന്നു കാണാം.

ജന്മിമാർക്ക് അവരുടെ കുടിയാന്മാരിൽ നിന്ന് വാരം കപ്പം പിരിപ്പിക്കുവാൻ പാട്ടാളിമാരും, കാര്യസ്ഥന്മാരും ഉണ്ടായിരുന്നു. നെല്ല്, തേങ്ങ്, മെടഞ്ഞ ഓല, ചക്ക, നെയ്യ്, കോഴി തുടങ്ങിയ അനുഭവങ്ങളിൽ നല്ലൊരു പങ്ക് പാട്ടമായി കുടിയാന്മാരിൽ നിന്നും വസൂലാക്കി. ഏതെങ്കിലും ഒരു തമ്പുരാന്റെ കുടിയാനാവുകയെന്നത് അന്തസ്സായി കരുതിയ ചിലർ കൈവശഭൂമി തമ്പുരാന് ഒഴിമുറികൊടുത്ത് കുടിയാന്മാരായ കഥകളും ഈ നാട്ടിലുണ്ട്. പാട്ടം കൊടുക്കാത്ത് ഭൂമി ഒഴിപ്പിച്ചെടുത്തിരുന്നത് നിർദയമായിരുന്നു. ചാർത്ത്, മേൽച്ചാർത്ത്, ഒറ്റി, കാണം, ഒഴിമുറി തുടങ്ങിയ വ്യവസ്ഥകൾ നിലവിൽ ഉണ്ടായിരുന്നു. 12 വർഷം മണ്ണിൽ അദ്ധ്വാനിച്ചു കഴിഞ്ഞാൽ താൻ അനുഭവിച്ചുകൊണ്ടിരുന്ന ഭൂമി കുടിയാൻ ജന്മിക്ക് പൊളിച്ചെഴുതുകയും പാട്ടത്തുക പുതുക്കുകയും ആയത് ചെയ്യാതിരുന്നാൽ പ്രസ്തുത ഭൂമി ഒഴിപ്പിച്ചെടുക്കുവാനുള്ള അധികാരവും ജന്മിമാർക്കുണ്ടായിരുന്നു. അത്തരം പ്രാകൃത നിയമസംവിധാനങ്ങളിൽ നിന്നും നാം എത്രയോ മുന്നോട്ടു പോയി. പാട്ടം നോക്കിക്കെട്ടൽ, മേൽച്ചാർത്ത് നിർത്തലാക്കൽ, തുടങ്ങിയ നിയമങ്ങൾ വന്നതോടുകൂടി കുടിയാന്മാർക്ക് ജന്മിമാരിൽ നിന്നും അൽപം ആശ്വാസം ലഭിച്ചുതുടങ്ങി. ഐക്യ കേരളസംസ്ഥാന രൂപീകരണാനന്തരം 1957ലെ കാർഷിക ബന്ധനിമയവും 1970ലെ ഭൂപരിഷ്കരണനിയമവും പ്രാബല്യത്തിലായതോടു കൂടി കുടിയാനെന്ന യാഥാർത്ഥ കർഷകൻ ഭൂമിക്കുടമയായി. ജന്മിത്വം അവസാനിച്ചു.

വളരെ ഫലഭൂയിഷ്ടമായ താഴ്‌വരകളിലും സമതലപ്രദേശങ്ങളിലും കാൽ നൂറ്റാണ്ട് മുമ്പ് വരെ വ്യാപകമായി ചോമാല പള്ളിയാരൽ എന്നീ കരനെൽകൃഷിയും ചാമ, മുത്താറി, എന്നീ ധാന്യകൃഷിയും ഉഴുന്ന് ഉൾപ്പെടെയുള്ള പയർ വർഗ്ഗകൃഷിയും മരച്ചീനി, ചേന, ചേമ്പ്, കൂർക്ക, ചെറുകിഴങ്ങ്, കാച്ചിൽ എന്നീ പുരയിടകൃഷികളും, കദളി, മൈസൂർ, മാമ്പില്ലാക്കുന്നൻ, മണ്ണൻ പൂവ്വൻ, ചെങ്കദളി, തുടങ്ങിയ നാടൻ വാഴകളും കൃഷിചെയ്തിരുന്നു. നെൽവയലുകളിൽ കുട്ടാടൻ, തവളക്കണ്ണൻ, ചേറ്റേനി, മുണ്ടകൻ, എന്നീ വിത്തിന കൃഷികളും കൊയ്ത്തിനു ശേഷം അതേ പാടത്തുതന്നെ വെള്ളരി, പയർ പച്ചക്കറി, മുതലായ കൃഷികളും വ്യാപകമായി ഉണ്ടായിരുന്നു.

ക്രമേണ കാർഷിക വിളക്രമം മാറ്റത്തിനു വിധേയമാവുകയും കാർഷിക വൃത്തിയിൽ നിന്നും നമ്മുടെ ജനത പിറകോട്ടു പോവുകയും ചെയ്തു.

## ഇന്നത്തെ കാർഷിക വിളവുകൾ:

നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള കാർഷിക വിളകളെ സംബന്ധിച്ചും കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണത്തെ സംബന്ധിച്ചും വിശദാംശങ്ങളോടെ താഴെ വിവരിക്കാം.

## പട്ടിക I

| ക്രമനമ്പ്. | കാർഷിക വിളകൾ | വിസ്തീർണം ഹെക്ടറിൽ | വിശദാംശം | |
|---|---|---|---|---|
| | | | നെല്ല് നാടൻ (ഹെക്ടറിൽ) | നെല്ല് അത്യുൽപാദന ശേഷി (ഹെക്ടറിൽ) |
| 1 | തെങ്ങ് | 2301 | | - |
| 2 | നെല്ല് 1ാം വിള | 47 | 31 | 16 |
| | 2ാം വിള | 139 | 21 | 49 |
| | 3ാം വിള | 30 | 91 | 30 |
| 3 | കശുമാവ് | 18 | ഇടവിളകൾ | |
| 4 | നേന്ത്രവാഴ | 27 | | |
| 5 | കവുങ്ങ് | 6 | | |
| 6 | കുരുമുളക് | 12 | | |
| 7 | ഇഞ്ചി | 3 | | |
| 8 | മഞ്ഞൾ | 5 | | |
| 9 | മരച്ചീനി | 7 | | |
| 10 | പച്ചക്കറി | 6 | | |
| 11 | പയർവർഗ്ഗം | 20 | | |

## ഉല്പാദന ക്ഷമത

നമ്മുടെ കാർഷിക മേഖലയിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന ഓരോ വിളവുകളുടേയും ഉല്പാദനക്ഷമതയെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടിക കക ചേർക്കുന്നു.

## പട്ടിക II

| ക്രമനമ്പ് | കാർഷിവിളകൾ | ഉല്പാദനക്ഷമത ഹെക്ടറിൽ | |
|---|---|---|---|
| | | എണ്ണം | തൂക്കം ക്വിന്റലിൽ |
| 1 | തേങ്ങ | 7000 | - |
| 2 | നെല്ല് | - | 48 |
| 3 | കശുവണ്ടി | - | 53 |
| 4 | നേന്ത്രവാഴ | - | 3.75 |
| 5. | അടയ്ക്ക | - | 3.85 |
| 6. | കുരുമുളക് | - | 3.3 |
| 7 | ഇഞ്ചി | - | 0.64 |
| 8 | മഞ്ഞൾ | - | 0.6 |
| 9 | മരച്ചീനി | - | 21.6 |
| 10 | പച്ചക്കറി | - | 30.00 |
| 11 | പയർ വർഗ്ഗം | - | 70.00 |

നമ്മുടെ കാർഷിക വിളകളുടെ ഉൽപാദനക്ഷമത സംസ്ഥാന ശരാശരിക്ക് താഴെയാണെന്ന് കണക്കുകൾ വ്യവക്തമാക്കുന്നു.-

## ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിലെ പൊതു ജലസേചന സൗകര്യങ്ങളെ സംബന്ധിച്ചുള്ള വിവരം താഴെ പട്ടിക III (I)ിലും മൂന്ന് രണ്ടിലുംൽ ചേർക്കുന്നു.

പട്ടിക III (I)

### പൊതു ജലസേചന സൗകര്യം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നീളം | വീതി |
|---|---|---|---|
| 1 | വടകര മാഹി കനാൽ | 6.5 കി.മി. | 30 അടി |
| 2. | കുറ്റ്യാടി പദ്ധതി തിരുവള്ളുവർ ഡിസ്റ്റിബ്യൂഷൻ | | |
| 3. | കുറ്റ്യാടി പദ്ധധതി, തോടന്നൂർ | | |

## സ്വകാര്യ ജലാശയങ്ങൾ

പട്ടിക III (2)

| തരം | ചിറ/കാപ്പ് | കുളം |
|---|---|---|
| എണ്ണം | 6 | 194 |

## ഉൽപ്പനങ്ങളുടെ വിലയും വിപണവും

കാവ് (ചുമട്) എടുത്തുകൊണ്ടുപോയി ഉൽപന്നങ്ങൾ അടുത്ത പട്ടണമായ വടകരയിൽ വിൽക്കുകയും തിരിച്ചുപഞ്ചായത്തിലേക്ക് ആവശ്യമായ സാധനങ്ങൾ അതേ ചമുട് വഴിയായി തിരിച്ചും കൊണ്ടുവരുമായിരുന്നു. കാളവണ്ടി വഴിയായും തോണിവഴിയായും പഞ്ചായത്തിലെ പലഭാഗങ്ങളിലും ചരക്കുകൾ എത്തിച്ചിരുന്നു. പഞ്ചായത്തിലെ ഉൽപ്പനങ്ങൾക്ക് പട്ടണത്തിലെ വൻകിട കച്ചവടക്കാരായിരുന്നു വില നിശ്ചയിച്ചിരുന്നത്. ഇടത്തട്ടുകാരുടെ ചൂഷണത്തിനും കർഷകർ വിധേയരായിരുന്നു. ഉണ്ടരതി സമ്പ്രാദയവും അന്നു നിലവിൽ ഉണ്ടായിരുന്നു. മാർക്കങ്ങിംഗ് സൗകര്യമില്ലാത്തതിനാൽ ഇന്നും കർഷകന് ന്യായമായ വില കിട്ടുന്നില്ല.

## കാർഷിക ബന്ധങ്ങൾ :

സ്വന്തം കൃഷിഭൂമിയിൽ സ്വയം ജോലിചെയ്യുന്ന കർഷകരുടെ എണ്ണം വളരെ കുറവ് കർഷകത്തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. കർഷകത്തൊഴിലാളികളുടെ എണ്ണം മൊത്തം കർഷക ജനസംഖ്യയുടെ ഏകദേശം 20 ശതമാനത്തോളം വരുന്നതാണ് കൃഷിയിടത്തിന്റെ വിലിപ്പച്ചെറുപ്പ വിതരണത്തിന്റെ പട്ടിക IVലും കാർഷിക തൊഴിലാളി സേവന വ്യവസ്ഥ പട്ടിക Vലും ചേർക്കുന്നു.

## കൃഷിയിടത്തിന്റെ പട്ടിക വലുപ്പചെറുപ്പ വിതരണ പട്ടിക

പട്ടിക IV

| ക്രമ നമ്പർ | ഭൂവിസ്തീർണ്ണം ഏക്കറിൽ | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1–10 സെന്റ് | 10–25 സെന്റ് | 25–50 സെന്റ് | 50–100 സെന്റ് | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കറിൽ കൂടുതൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കോട്ടപ്പള്ളി | 3467.402 | 268.11 | 160.769<br>107.519 | . | 4003.8 | 580 | 1005 | 805 | 635 | 275 | 124 | 6 |
| തിരുവള്ളൂർ | 1914.95 | 606.49 | 120.69 | 181.74 | 2823.87 | 650 | 1100 | 1000 | 800 | 600 | 350 | 8 |
| ആകെ | 5382.352 | 8746 | 388.978 | 181.74 | 6827.67 | 1230 | 2105 | 1805 | 1435 | 875 | 474 | 14 |

# പട്ടിക V

## കാർഷികതൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകൾ

| ക്രമനമ്പർ | ജോലിയുടെ തരം | ജോലി സമയം മണിക്കൂറിൽ | കൂലി നിരക്ക് ചെലവടക്കം | |
|---|---|---|---|---|
| | | | പുരുഷൻ രൂപ | സ്ത്രീ രൂപ |
| 1 | ഉഴവ് | 4 | 125 | - |
| 2 | കിളയ്ക്കൽ | 5 | 60 | - |
| 3 | ഞാറു നടൽ | 8 | - | 60 |
| 4 | കളപറി | 8 | - | 60 |
| 5 | കൊയ്ത് | 8 | - | 60 |
| 6 | മെതി | 8 | - | 60 |
| 7 | തേങ്ങയിയൽ | 10 തെങ്ങിന് 6 തേങ്ങ | | |
| 8 | കീടനാശിനി തളി | 2 | 60 | - |
| 9 | ചുമട് കൂലി കറ്റ & ഞാറ് | - | - | 80 |

## വളം ഉപഭോഗം

കർഷകർ കഴിഞ്ഞ രണ്ടു വർഷങ്ങളിലും നടപ്പു വർഷത്തിൽ ഇതുവരേയും ഉപയോഗിച്ച രാസവളം, കീടനാശിനികളുടെ കണക്ക് താഴെച്ചേർക്കുന്നു. (പട്ടിക VI) സർക്കാർ അധീനതയിലോ സഹകരണ മേഖലയിലോ വളം വിതരണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലില്ല. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച കണക്കുകളാണ് താഴെ ചേർക്കുന്നത്.

# പട്ടിക VI

| വർഷം | രാസവളം കി.ഗ്രാമിൽ | കീടനാശിനി | | സ്ഥാപനത്തിന്റെ പേര് | | |
|---|---|---|---|---|---|---|
| | | ഖരം | ദ്രാവകം | പൊതു | സഹകരണം | സ്വകാര്യം |
| 1993-94 | 39580 | 175 | 22 | - | - | സ്വകാര്യം |
| 1994-95 | 43183 | 250 | 40 | - | - | - |
| 1995-96 | 52256 | 300 | 50 | - | - | - |

# രോഗങ്ങളും കീടങ്ങളും പട്ടിക VII

കൃഷിയിടങ്ങളിൽ സാധാരണ കണ്ടുവരുന്ന കീടങ്ങളേയും രോഗങ്ങളേയും സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വിള | കീടങ്ങൾ | രേഗങ്ങൾ |
|---|---|---|---|
| 1 | തെങ്ങ് | കൊമ്പൻ ചെല്ലി | കൂമ്പു ചീയൽ<br>ചെന്നീരൊലിപ്പ് |
| 2 | കുരുമുളക് | പൊള്ളു വണ്ട് | ക്വിക്ക് വിൽറ്റ് |
| 3 | കമുങ്ങ് | - | മാഹാളി |
| 4. | പച്ചക്കറി | ശല്ക കീടങ്ങൾ | - |
| 5 | നെല്ല് | ഇലചുരുട്ടിപ്പുഴു | ബ്ലാസ്റ്റ് |

## പ്രശ്നങ്ങൾ

- ഭൂപ്രകൃതിയനുസരിച്ചുള്ള കാർഷിക വൃത്തി ഈ പഞ്ചായത്തിലെ ജനങ്ങൾ സ്വായത്തമാക്കിയിട്ടില്ല. ഉപയോഗലഭ്യമാക്കുവാൻ കഴിയുന്ന മുഴുവൻ ഭൂമിയും ഉപയോഗിക്കുവാൻ കർഷകർ ശ്രമിക്കുന്നില്ല.
- കുന്നിൻ പ്രദേശങ്ങൾ, ചരിവുകൾ താഴ്വരകൾ എന്നിവിടങ്ങളിലെ മണ്ണൊലിപ്പ് ശക്തമാണ്.
- മഴയെമാത്രം ആശ്രയിക്കുന്ന കർഷകർക്ക് കൃഷിയിടങ്ങളിൽ ജലസേചനം നടത്തുവാനുള്ള സൗകര്യം വളരെ കുറവാണ്. വടകര മാഹി കനാൽ, കുറ്റാടി ഇറിഗേഷൻ പദ്ധതിയിൻ കീഴിൽ തോടന്നൂരിലെ ഡിസ്ട്രിബൂഷൻ കനാൽ, കുറ്റ്യാടി ഇറിഗേഷൻ കനാലിലെ തിരുവള്ളൂർ ഡിസ്ട്രിബ്യൂഷൻ കനാൽ എന്നിവയിലെ വെള്ളം ജലസേചനത്തിനായി ഉപയോഗിക്കുവാൻ കിട്ടുന്നില്ല.
- വെള്ളൂക്കര ചേനാംകുഴി കണ്ണമ്പത്ത് വയൽ രാമത്ത് താഴ, നിടുകണ്ടിത്താഴ, കപ്പള്ളിതാഴ, കീരങ്കോട്ടുതാഴ, വയരോളിത്താഴ, മെമ്മേനിതാഴ കനോത്ത് താഴ എന്നി പ്രദേശങ്ങളിൽ കൃഷിക്ക് വേണ്ടവെള്ളം ലഭ്യമല്ല.
- ജലസേചനത്തിന് വൈദ്യുതിയുടെ ലഭ്യത കുറവ്.
- പാടങ്ങൾ പുരയിടങ്ങൾക്കായും തെങ്ങ് മരച്ചീനി എന്നീ നാണ്യവിളകൾ വെച്ചു പിടിപ്പിക്കാനും നികത്തപ്പെടുന്നു.
- കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്നും 'ന്യൂക്ലിയർ' കുടുംബത്തിലേക്കുള്ള മാറ്റം കൃഷി ഭൂമിയുടെ തുണ്ടുവൽക്കരണം ത്വരിതഗതിയിലാക്കുന്നു.
- പരമ്പരാഗത കാർഷികരീതിയിൽനിന്നും ആധുനിയ രീതിയിലുള്ള മാറ്റം അശ്രദ്ധയോടും മന്ദഗതിയിലുമായിരുന്നു.
- കൃഷിഭവനുകളിൽ നിലവിലുള്ള സംവിധാനത്തിന്റെഅപര്യാപ്തതയും സേവനസൗകര്യങ്ങളെക്കുറിച്ച് കർഷകന്റെ ബോധമില്ലായ്മയും
- കിഴക്കൻ അതിർത്തിയിലെ കുറ്റ്യാടി പുഴയിലെ ജലം ഉപയോഗിക്കുവാൻ ശാസ്ത്രിയ സംവിധാനവുമില്ല. ഇതുമായി ബന്ധപ്പെട്ട തോടുകളിലെ വെള്ളവും ഉപയോഗപ്പെടുന്നില്ല.
- പരിമിതമായ വായ്പാ സൗകര്യങ്ങളും സാമ്പത്തികപ്രയാസങ്ങളും ഉല്പാദനക്ഷമതയെ ബാധിക്കുന്നു.
- കന്നിനടയ്ക്ക് തെക്ക് കനാലിന്നിരുവശവും പാരങ്കോട്ടുതാഴ തുരുത്തിയിൽ താഴ കുന്നോത്തറമൽ താഴ, വലിയറമ്പൂൽതാഴ ആറങ്ങോട്ടു താഴ എന്നീ സ്ഥലങ്ങളിൽ നീർക്കെട്ടുകൾ കൃഷിനാശത്തെ സാരമായി ബാധിക്കുന്നു
- ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ വിപണന കേന്ദ്രത്തിന്റെ ആവശ്യകത.
- ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിന് ശാസത്രീയാടിസ്ഥാനത്തിലുള്ള യാതൊരു സംവിധാനവും ഇന്ന് നിലവിലില്ല.
- സ്ത്രീ പുരുഷ തൊഴിലാളികളുടെ പങ്കാളിത്തം കാർഷികരംഗത്തു കുറഞ്ഞുവരുന്നു.
- മററുമേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖല അനാകർഷകമായതിനാൽ പുതിയ തലമുറ ഈ രംഗത്ത് കടന്നു വരുന്നില്ല.
- തിരുവള്ളൂർ പഞ്ചായത്തിൽ പച്ചക്കറി 90%വു പുറത്തു വരുന്നതാണ്. പച്ചക്കറി കൃഷിയിൽ കൃഷിക്കാർ താല്പര്യം കാണിക്കുന്നില്ല.
- കാർഷിക രംഗത്തെ തൊഴിലാളികൾക്ക് ആത്മാർത്ഥതയും സേവന സന്നദ്ധതയും കുറഞ്ഞുവരികയാണെന്ന കർഷകരുടെ അഭിപ്രായവും ആശങ്കയും
- തെങ്ങുകൃഷിക്ക് വേണ്ടവിധത്തിലുള്ള പരിചരണവും തെങ്ങിൻ തൈ നടുമ്പോഴുള്ള കർഷകന്റെ ശ്രദ്ധക്കുറവും ഉല്പാദനരംഗത്തെ ബാധിക്കുന്നു. കേര വികസന സമിതിയുടെ പ്രവർത്തനം ഫലപ്രദമല്ല.
- തെങ്ങു കയറ്റത്തൊഴിലാളികളുടെ ക്ഷാമം വളരെ രൂക്ഷമാണ്.
- മണ്ണിനും കാലവസ്ഥയ്ക്കും അനുയോജ്യമായ നടീൽ വസ്തുക്കൾ യഥാ സമയം കർഷകന് ലഭിക്കായ്മ.
- വൈക്കോൽ കുറയുന്നതുകൊണ്ട് പുതിയ ഇനം വിത്തുകൾ ഉപയോഗിക്കാൻ മടിക്കുന്നു. മണ്ണ് പരിശോധനക്കു സൗകര്യമില്ലാത്തതിനാൽ വളങ്ങൾ ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രയോഗിക്കു

വാൻ കർഷകർക്ക് കഴിയുന്നില്ല. ഗ്രൂപ്പ്ഫാമിങ്ങ് സമ്പ്രദായം ഉപയോഗപ്പെടുത്തുന്നില്ല. ഈ രംഗത്ത് വികസന സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

- ഉല്പാദനച്ചെലവുലും ഉല്പാദനക്ഷമതയും വിപണനവിലയുമായി പൊരുത്തപ്പെടുന്നില്ല.
- അടുക്കള ത്തോട്ടനിർമ്മാണത്തിൽ സ്ത്രീകളുടെ താല്പര്യമില്ലായ്മ.
- കാർഷിക വിളകളെ നശിപ്പിക്കുന്ന എലി മുതലായ ക്ഷുദ്രജീവികളുട കടന്നാക്രമണം.
- കൃഷിയിടങ്ങളിലെ അതിർത്തികളിൽ മതിലുകൾക്കു പകരം സസ്യ വേലികൾ വെച്ചു പിടിപ്പിക്കാൻ കൃഷിക്കാരന്റെ വിമുഖത.
- പ്രകൃതിക്ഷോഭങ്ങളിൽ നിന്നും രോഗകീടാദികളിൽ നിന്നും കൃഷിയിടങ്ങളെയും കൃഷിയെയും സംരക്ഷിക്കുവാനുള്ള പരിജ്ഞാനമില്ലായ്മയും

## സാധ്യതകൾ

ഭൂപ്രകൃതിയനുസരിച്ച് കാർഷിക രീതിയെ പുനഃസംവിധാനം ചെയ്യാൻ കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തുക.

കുന്നിൻ പ്രദേശങ്ങളിലു ചരിവുകളിലും മണ്ണൊലിപ്പുതടയാനുള്ള ഏർപ്പാടുകൾ ചെയ്യണം.

സമതലങ്ങളിലും താഴ്വരകളിലും കുളങ്ങൾ കിണറുകൾ നീർച്ചാലുകൾ ബണ്ടുകൾ എന്നിവ നിർമ്മിച്ച പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ജലസേചന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യണം.

നിലവിലുള്ള കുളങ്ങളും ജലാശയങ്ങളും മണ്ണിട്ടു നികത്തുന്ന പ്രവണത അവസാനിപ്പിക്കുകയും കൃഷിഭൂമി നികത്തി വീടുവെയ്ക്കുകയും മറ്റു വിളകൾ കൃഷി ചെയ്യുകയും ചെയ്യുന്നത് തടയുകയും വേണം.

തെങ്ങു കൃഷിശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം. അതിലേക്കാവശ്യമായ സാമ്പത്തിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും കൃഷിക്കാർക്ക് ലഭ്യമാക്കണം.

വരണ്ട പ്രദേശങ്ങളിലും കുന്നിൻ പ്രദേശത്തും കശുമാവുകൃഷി സമഗ്രവും വ്യാപകവുമാക്കുക.

തെങ്ങിൻതോപ്പുകളിൽ ദീർഘകാല ഇടവിളകളായ കുരുമുളകും കമുങ്ങും പുരയിടങ്ങളിൽ ചേമ്പ്., ചേന, കാച്ചിൽ, കൂർക്ക ചെറുകിഴങ്ങ്, മരച്ചീനി, മധുരക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ എന്നിവയും വ്യാപകമായും ശാസ്ത്രീയാടിസ്ഥാനത്തിലും കൃഷി ചെയ്യുന്നതിനെക്കുറിച്ചു ബോധവൽക്കരണം നടത്തുക.

-ഫല വൃക്ഷത്തൈകളായ മാവ്, പ്ലാവ്, പേര, സപ്പോർട്ട, ചാമ്പ, സുഗന്ധ ദ്രവ്യ വിളകളായ ഗ്രാമ്പു, ജാതി, കറുവപ്പട്ട, പഴവർഗ്ഗ വിളകളായ വാഴ, കൈതച്ചക്ക എന്നിവ കൃഷി ചെയ്യാനുള്ള പ്രോത്സാഹനം കൃഷിക്കാർക്ക് നൽകണം.

-നടീൽ വസ്തുക്കൾ, അർഹമായ സാമ്പത്തിക സഹായങ്ങൾ യഥാസമയം കർഷകരിൽ എത്തിക്കുക.

-നാടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കാനുള്ള പൊതു നഴ്സറികൾ വാർഡടിസ്ഥാനത്തിൽ ആരംഭിക്കുക.

സസ്യവേലികൾ പ്രോത്സാഹിപ്പിക്കുകയും ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും വേണം.

-വിദഗ്ധ തൊഴിലാളികളുടേയും ലഭ്യത ഉറപ്പു വരുത്തുക. ഓരു വെള്ളം തടഞ്ഞുനിർത്താൻ മാങ്ങാംമൂഴി ചീർപ്പു അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുക.

- പാറക്കോട്ടുതാഴ, വലിയാറമ്പൂൽ താഴ, എരപുരത്ത് താഴ കന്നിനട പാലത്തിന് തെക്കോട്ട് വടകര മാഹി കനാലിന്റെ ഇരു വശങ്ങളിലും, അച്ചൻ വീട്ടിൽ കാപ്പ് എന്നിവിടങ്ങളിലും വെള്ളം വാർന്നു പോകാനുള്ള നീർച്ചാലുകൾ നിർമ്മിച്ചു കൃഷി ഭൂമി ഉപയോഗ്യമാക്കുക.

ജൈവ വളം, കമ്പോസ്റ്റ് എന്നിവ ഉൽപാദിപ്പിക്കാനുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

-ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനം മെച്ചപ്പെടുത്തുക. രാസവളം, കീടനാശിനി എന്നിവ പരിമിതമായ തോതിൽ മാത്രം ഉപയോഗപ്പെടുത്താനും യഥാസമയം ലഭ്യമാക്കാനുമുള്ള ഡിപ്പോകൾ വാർഡടിസ്ഥാനത്തിൽ സ്ഥാപിക്കുക.

-ഉഴവ മാടുകളെ ഉപയോഗിച്ചുള്ള കാർഷിക പ്രവൃത്തികളെ നിരുത്സാഹപ്പെടുത്താതിരിക്കുക.

-പവർടില്ലർ, ട്രാക്ടർ, മെതിയന്ത്രം, സീഡ്ബിൻ (നെല്ലറ) സ്പ്രയർ എന്നിവ ഗ്രൂപ്പ് ഫാമിംഗ് കമ്മറ്റി മുഖേന വിതരണം നടത്തുക.

-മണ്ണ് പരിശോധനയ്ക്കു സഞ്ചരിക്കുന്ന പരിശോധക യൂനിറ്റ് സ്ഥാപിക്കുക.

-കാർഷിക വായ്പാ സൗകര്യങ്ങൾ ലളിതവും ഉദാരവുമാക്കി വിപുലീകരിക്കുക. ബാങ്ക് മുഖേനയുള്ള സാമ്പത്തിക സഹായങ്ങൾക്ക് രാസ വള ബില്ല് നിർബ്ബന്ധമാക്കുന്നതിന് പകരം ചാണകം വാങ്ങിയ വൗച്ചറുകൾ മതി എന്ന നിബന്ധന നടപ്പിലാക്കുക.

-ചിറമുക്ക്, കണ്ണമ്പത്ത്കര കൈകനാൽ, ചെമ്മരത്തൂർ കൈക്കനാൽ, മാതോത്ത് താഴ മെമ്മേനിതാഴ കൈക്കനാൽ എന്നിവ പൂർത്തീകരിച്ചു ജലസേചനത്തിന്ന് വെള്ളം ലഭ്യമാക്കുക.

-മന്തരത്തൂർ ഭാഗത്തേക്ക് ചെക്കോട്ടി ബസാറിൽ നിന്നും വഴി തിരിഞ്ഞു പോകുന്ന മെയിൻ കനാലിൽ നിന്നും തോടന്നൂർ വെള്ളറാട് മലയ്ക്ക് കീഴെ പുതിയെടുത്ത് മീത്തൽ ഭാഗത്തു കൂടി ബ്ലോക്ക് ഓഫീസ്, ലക്ഷം വീട് പരിസരത്തെ ബന്ധിപ്പിച്ചു ഒരു കനാൽ നിർമ്മിക്കുവാനുള്ള പ്രവർത്തനം ആരംഭിക്കുക.

-കനാൽ ഡിസ്ട്രിബ്യൂഷൻ വാൽവുകൾ ബോധപൂർവ്വം അടച്ചിടുന്ന വിഭാഗീയ പ്രവണത ജനപങ്കാളിത്തത്തോടുകൂടി തടയുക.

തോടന്നൂർ കടുക്കുഴി പ്രോജക്ടും തിരുവള്ളൂർ കണ്ണമ്പത്തുകര പ്രോജക്ടും പണി പൂർത്തീകരിച്ചു കമ്മീഷൻ ചെയ്യണം.

-പാടശേഖരങ്ങളിലേക്ക് കാർഷികോപകരണങ്ങളും മറ്റും എത്തിക്കുന്നതിന് ഉൽപന്നങ്ങൾ വിപണന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് ഫുട്പാത്തുകൾ നിർമ്മിക്കുക.

-തിരുവള്ളൂർ, തോടന്നൂർ, കോട്ടപ്പള്ളി, വള്യാട് എന്നിവിടങ്ങളിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

-അരീക്കൽതാഴ, വടക്കയിൽതാഴ, കനവത്ത് താഴ, മഠത്തിൽ താഴ വായാട്ട് പൊയിൽ, കുമ്പളോട്ട്, വയരോളി താഴ, വലിയ പറമ്പൂൽ, നിടൂക്കണ്ടി, മാതോത്തുതാഴ, കുന്നോത്തറമൽ താഴ എന്നീ തോടുകൾ ആഴവും വീതിയും കൂട്ടി ജലസംഭരണ ശേഷി വർദ്ധിപ്പിച്ചു ഷട്ടറുകൾ സ്ഥാപിക്കുകയും ജലസേചന സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

-മാങ്ങം മൂഴി, തച്ചർപുഴ, എരഞ്ഞിപ്പുഴ എന്നിവയുടെ ഇരു ഭാഗങ്ങളിലും ആഴത്തിൽ തോടുവെട്ടി കനാലിന് ചീർപ്പു കെട്ടി ഉപയുക്തമാക്കുക.

-കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ പെട്ട തിരുവള്ളൂർ ഡിസ്ട്രിബ്യൂഷൻ കനാലിലെ കുളങ്ങരത്ത് മുക്ക് പാറ പൊട്ടിച്ചു കനാൽ പ്രവർത്തന യോഗ്യമാക്കുക.

-ചെക്കോട്ടി ബസാറിൽ തോടന്നൂർ ഡിസ്ട്രിബ്യൂഷൻ കനാലിൽ ആവശ്യമായ വെള്ളമെത്തിക്കാനുള്ള പ്രവർത്തനം നടത്തുക.

-ഉൽപാദനക്ഷമതയും ഉൽപന്ന വിലയുമായി ഏകീകരണമുള്ള കൂലി നിരക്ക് നടപ്പാക്കുക. തൊഴിലിനോടുള്ള ആത്മാർത്ഥത വർദ്ധിപ്പിക്കുവാനും കാർഷിക വൃത്തി ഒരന്തസ്സായ തൊഴിൽ മേഖലയാണെന്ന് സമൂഹത്തെ ബോദ്ധ്യപ്പെടുത്താനും പുതിയ തലമുറയെ ആകർഷിക്കാനും ബോധവൽക്കരണം നടത്തുക.

-സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

-കർഷക പെൻഷൻ നടപ്പിലാക്കുക.

- കർഷകർക്ക് - പഞ്ചായത്ത് തല അവാർഡുകൾ നടപ്പിലാക്കുക.

-ഉത്തമ കൃഷിക്കാരുടെ മക്കൾക്ക് സ്കോളർഷിപ്പും കാർഷിക വിദ്യാഭ്യാസത്തിന് സംവരണവും നൽകുക.

-അടുക്കള തോട്ടം വ്യാപകമാക്കുക. അവാർഡുകൾ ഏർപ്പെടുത്തുക.

-ഔഷധച്ചെടികളുടെ വ്യാപനത്തിനായി പഞ്ചായത്തിൽ ഓരോ വീടിനും 10 വ്യത്യസ്ത ചെടികൾ എന്ന നിലയിൽ വെച്ചു പിടിപ്പിക്കുക.


പ്ലാസ്റ്റിക്ക് സഞ്ചിയടക്കമുള്ള പ്ലാസ്റ്റിക്ക് വസ്തുക്കൾ വ്യാപകമായി മണ്ണിൽ നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുക.

-പ്രകൃതിക്ഷോഭം മൂലമുള്ള കെടുതികളിൽ നിന്ന് കർഷകർക്ക് ആശ്വാസം നൽകാൻ അർഹതപ്പെട്ട നഷ്ട പരിഹാരത്തുക മുഴുവനും കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

-എല്ലാ വിളകൾക്കും വിള ഇൻഷൂറൻസ് നിർബന്ധമാക്കുക.

-പുഷ്പ കൃഷി, കൂൺ കൃഷി, അലങ്കാര പുഷ്പ കൃഷി എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ ഉണ്ടാക്കുക.

-ഓരോ വീട്ടിലും 1 സെൻറ് മുതൽ 10 സെൻറു വരെയുള്ള സ്ഥലങ്ങളിൽ പച്ചക്കറി കൃഷി നിർബ്ബന്ധമാക്കുക. ഇതിലേക്കാവശ്യമായ നല്ലയിനം വിത്തുകളും വളവും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിതരണം ചെയ്യുക. വാർഡ് തല കമ്മറ്റി രൂപീകരിച്ചു മേൽനോട്ടം വഹിക്കുകയും സൂക്ഷ്മപരിശോധന നടത്തി പ്രോത്സാഹന സമ്മാനം കൊടുക്കുകയും ചെയ്യുക.



# മൃഗ സംരക്ഷണം

കേരളത്തിലെ മൃഗസംരക്ഷണ രംഗത്ത് കഴിഞ്ഞ 35 വർഷങ്ങൾക്കിടയിലുണ്ടായ വളർച്ചയും വികാസവും നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങളിലേക്ക് എത്രത്തോളമെത്തിച്ചേർന്നിട്ടുണ്ട് എന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. പണ്ട് യാതൊരു നിയന്ത്രണവുമില്ലാതെ യഥേഷ്ടം മേഞ്ഞുനടക്കുകയും പ്രസവിച്ചാൽ മാത്രം തൊഴുത്തിൽ കെട്ടുകയും ചെയ്യുന്ന സമ്പ്രദായമായിരുന്നു. കൃഷിയിടങ്ങൾ വേലികെട്ടി സംരക്ഷിക്കുകയും കാവൽ മാടങ്ങൾതീർത്തു കാവൽക്കാരനെ നിർത്തുകയും ചെയതിരുന്നു.

കൂട്ടുകുടുംബസമ്പ്രദായം അവസാനിക്കുകയും ഭൂമിതുണ്ടം തുണ്ടമാവുകയും തരിശുഭൂമികളിൽ കുടിലുകൾ ഉയരുകയും ചെയ്തതോടുകൂടി ആടുമാടുകൾക്ക് സ്വതന്ത്രമായി മേയാനുള്ള മേച്ചിൽ സ്ഥലങ്ങൾ നഷ്ടപ്പെട്ടു. പശുക്കളെ വളർത്താനുള്ള ജനങ്ങളുടെ താൽപര്യം കുറഞ്ഞുവന്നു.

ക്രമേണ മൃഗപരിപാലന രംഗത്ത് മാറ്റങ്ങൾ സംഭവിക്കാൻ തുടങ്ങി. ശാസ്ത്രീയമായി അല്പസ്വൽപം വിവരങ്ങൾ ഉൾക്കൊള്ളാൻ കൃഷിക്കർ തയ്യാറായതിന്റെ അടിസ്ഥാനത്തിൽ പുതിയ ഇനം പശുക്കളെ വളർത്താൻ ഉള്ള താല്പര്യം വളർന്നു വന്നു.

മേലെക്കിടയിലുള്ള കർഷകർക്ക് മാത്രമെ ഉയർന്ന സങ്കരയിനം കന്നുകാലികളെ വളർത്തി പാലുൽപാദനം വർദ്ധിപ്പിക്കാൻ കഴിയുന്നുള്ളൂ. മൃഗസമ്പത്തിന്റെയും സാങ്കേതിക വിദ്യയുടേയും വളർച്ചയോ അനുബന്ധഘടകങ്ങളായ കാലിത്തീറ്റ, ശരിയായ ചികിത്സ, ശാസ്ത്രീയമായ പരിപാലനം എന്നിവ ഈ പഞ്ചായത്തിൽ അപര്യാപ്തമാണ്.

ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 2584 പശുക്കളുമുണ്ട്. ഇതിൽ കറവുള്ളവ 1818 മാത്രമെയുള്ളൂ. സങ്കരയിനം പശുക്കൾ 204 എണ്ണമുള്ളതിൽ 107 എണ്ണം കറവുള്ളവയാണ്.

ആടുകൾ 600ഉം എരുമകൾ 10ൽ താഴെയുമാണ്. 50 ഓളം കാളകളുള്ളതിൽ പകുതിയും ഉഴവ കാളകളാണ്. മറ്റുള്ളവ വംശവർദ്ധനവിനായി ഉപയോഗിക്കുന്നു. മൊത്തം പശുക്കളിൽ 301 എണ്ണത്തിനേയും 450 കിടാരികളിൽ 67 എണ്ണത്തിനേയും മാത്രമേ കൃത്രിമബീജസങ്കലത്തിന് വിധേയമാക്കിയിട്ടുള്ളൂ.

പട്ടികൾ നിരവധിയുണ്ടെങ്കിലും 10 പട്ടികൾമാത്രമെ പേ വിഷബാധക്കെതിരെയുള്ള കുത്തിവെയ്പ്പിന് വിധേയമാക്കിയിട്ടുള്ളൂ. പട്ടികളെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്ന സമ്പ്രദായമുണ്ടെങ്കിലും ഈ കാര്യത്തിൽ ജനങ്ങൾ താൽപര്യം കാണിക്കുന്നില്ല.

7000 കോഴികളിൽ പകുതിയോളം മുട്ടയിടുന്നവയും 1000 പൂവൻ കോഴിയുമാണ്. താറാവ് കൃഷി ഈ പഞ്ചായത്തിൽ തീരെയില്ല. കൊയ്ത് കഴിഞ്ഞാൽ പാഠശേഖരങ്ങളിൽ പാലക്കാട് ജില്ലയിൽനിന്ന് താറാവ് കൃഷിക്കാർ ഇവിടെവന്ന തമ്പടിച്ച് രണ്ട് മാസക്കാലം കൃഷി വളർത്തുന്നു. ഇവയിൽനിന്ന് ലഭിക്കുന്ന മുട്ട പട്ടണത്തിൽ കൊണ്ടുപോയിവിൽപ്പന നടത്തുന്നു.

മേൽ ചേർത്ത് കണക്കുകളിൽ നിന്ന് (5636) വീടുകളിൽ ഈ പഞ്ചായത്തിൽ പശു, ആട്, എരുമ, എന്നിവയുടെ എണ്ണം വളരെ തുച്ഛമാണെന്ന് കാണാം.

രോഗങ്ങളിൽ കൂടുതലും പരാദ രോഗങ്ങളും പിന്നെ ദഹന സംബന്ധമായവയും പോഷക കമ്മി മൂലമുള്ളതുമാണ്. അടുത്തത് പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ മിക്കതും പോഷകാഹാരകമ്മി മൂലമുള്ളവയാണ്.

സേവന രംഗം നോക്കുമ്പോൾ പ്രധാനമായും മൃഗാശുപത്രിയുടെ കാര്യമാണ് എടുത്ത് പറയാനുള്ളത്. ഈ പഞ്ചായത്തിൽ 10ാം വർഡിൽ തോടന്നൂ

മൃഗങ്ങളുടെയും പക്ഷികളുടേയും രോഗവിവരങ്ങൾ അടങ്ങിയ പട്ടിക താഴെക്കൊടുക്കുന്നു

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹന സംബന്ധമായവ | 360 | 1 | 120 | - | 2 | - | - | - | - | - |
| 2. | ശ്വാസകോശസംബന്ധമായവ | 240 | - | 95 | - | 1 | - | - | - | - | - |
| 3. | ഉപാപചയ സംബന്ധം | 25 | - | 2 | - | - | - | - | - | - | - |
| 4. | ത്വക്ക് രോഗങ്ങൾ | 120 | 1 | 60 | - | 5 | - | - | - | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം | 240 | - | 10 | - | 2 | 10 | 1 | - | - | - |
| 6. | പാദരോഗങ്ങൾ | 480 | - | 20 | - | 10 | 20 | 1 | - | - | - |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 260 | - | 2 | - | - | - | - | - | - | - |
| 8. | വന്ധ്യത | 60 | - | - | - | - | - | - | - | - | - |
| 9. | അകിട് വീക്കം | 30 | 1 | 12 | - | - | - | - | - | - | - |
| 10. | മുടന്തൻ പനി | 90 | – | – | – | – | – | – | – | – | – |
| 11 | പകർച്ചവ്യാധികൾ | 10 | - | - | - | - | 20 | - | - | - | - |
| | ആകെ | 1915 | 3 | 321 | - | 20 | 50 | 2 | - | - | - |

രിൽ ഒരു മൃഗാശുപത്രിയുണ്ട്. 1961ൽ ആരംഭിച്ച ആശുപത്രി ക്രമേണ ഉപകേന്ദ്രമായി മാറി. വീണ്ടും 1996ൽ ആശുപത്രിയാക്കി ഉയർത്തി ഡോക്ടറെ നിയമിച്ചു. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ആശുപത്രികെട്ടിടം തന്നെ അപകടനിലയിലാണ്. മരുന്നുകളുടെ അഭാവവും മറ്റു അസൗകര്യങ്ങളും നിമിത്തം പഞ്ചായത്തിലെ ആളുകൾ അധികവും വടകരയ്ക്കടുത്ത് പുതിയാപ്പിൽ ഉള്ള ആശുപത്രിയിലേക്കാണ് മൃഗങ്ങളെ കൊണ്ടുപോകുന്നത്.

കാലി തീറ്റ ഉൽപാദന കേന്ദ്രമായ പാൽ സംഭരണ വിതരണ കേന്ദ്രമോ ഈ പഞ്ചായത്തിൽ നിലവില്ലില്ല. തിരവള്ളൂർ, കോട്ടപ്പള്ളി, തോടന്നൂർ എന്നിവിടങ്ങളിൽ പാൽ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ഇവയൊന്നും ഇന്ന് പ്രവർത്തിക്കുന്നില്ല.

നല്ലയിനം പശുക്കളെ വളർത്താനുള്ള താല്പര്യക്കുറവും പാലിന്റെ ഉൽപാദനക്കുറവും ഈ സൊസൈറ്റികളെ സാരമായി ബാധിച്ചു. കോഴി വളർത്തൽ ആദായകരമായ തൊഴിലാണെങ്കിലും അതും ഈ പഞ്ചായത്തിൽ വ്യാപകമായ നടക്കുനില്ല.

ഇന്നും മുട്ടക്കും മാംസത്തിനും അന്യനാടുകളിൽ നിന്നു വരുന്ന കോഴികളെതന്നെ ആശ്രയിക്കേണ്ടിവരുന്നു.

## പ്രശ്നങ്ങൾ

- കാലിത്തീറ്റക്കായി ഉപയോഗിക്കാവുന്ന ജൈവപദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്.
- കന്നുകാലികളിൽ ഉണ്ടാകുന്ന രോഗം
- ചികിത്സാരംഗത്തെ അപര്യാപ്തത.
- പശുക്കളെയും ആടുകളെയും ശാസ്ത്രീയമായി വളർത്താനും വികസിപ്പിക്കാനുമുള്ള കർഷകന്റെ അജ്ഞത.
- സർക്കാർ ഏജൻസികളിൽ നിന്നും ആവശ്യമുള്ള സാമ്പത്തിക സഹായം ലഭിക്കായ്മ
- സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റി കൃഷിക്കാരനുള്ള അജ്ഞത.
- ബീജ സങ്കലനം സംബന്ധിച്ചുള്ള ജനങ്ങളുടെ തെറ്റിധാരണ.
- മൃഗസംരക്ഷണ രംഗത്ത് അനുബന്ധ വ്യവസായങ്ങളുടം പോരായ്മ.
- രോഗപ്രതിരോധ ശേഷി താരതമ്യേന കൂടുതലുള്ള നാടൻ പശുക്കളുടെ വംശനാശം.
- പോഷകാഹാരക്കുറവും. കാലിത്തീറ്റകളുടെ താങ്ങാനാവാത്ത വിലയും.
- ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണ കേന്ദ്രങ്ങളുടെ അഭാവം.

- ഭൗതിക സൗകര്യങ്ങൾ ഉണ്ടായിട്ടും, കാട, താറാവ് ഇവ കൃഷി ചെയ്യാനുള്ള കർഷകന്റെ താൽപര്യക്കുറവ്.
- കന്നുകാലി, കോഴി, താറാവ്, മുതലായവയിൽനിന്ന് ലഭിക്കുന്ന ഉൽപന്നങ്ങൾ ശാസ്ത്രീയാടിസ്ഥാനത്തിൽ സംസ്കരിക്കാനും സംരക്ഷിക്കാനും വിപണനം നടത്താനുമുള്ള സ്ഥാപനങ്ങളുടെ അഭാവം.
- മൃഗങ്ങളൊടുള്ള ക്രൂരത ഇല്ലാതാക്കാനുള്ള ബോധവൽക്കരണക്കുറവ്.

## സാദ്ധ്യതകൾ

ഭൂമിയുടെ ലഭ്യതക്കനുസരിച്ചു കന്നുകാലികളെ വളർത്താനുള്ള പ്രചോദനവും പരിശീലനവും സമയബന്ധിതമായി നടപ്പിലാക്കുക. ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഏജൻസികളുടേയും പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുക.

ഊർജ്ജിത തീറ്റ കൃഷി എല്ലാ കാർഷിക കുടുംബങ്ങളിലും സ്ഥല ലഭ്യതക്കനുസരിച്ച് നടപ്പാക്കുക.

പുറമ്പോക്ക് ഭൂമികളിലും വയൽ വരമ്പുകളിയും റോഡരുകുകളിലും തീറ്റപ്പുല്ല് വ്യാപിപ്പിക്കുക.

മണ്ണൊലിപ്പുള്ള കുന്നുകളിലും മറ്റും തീറ്റപ്പുൽ കൃഷി ചെയ്യുക.

രോഗങ്ങൾ ഫലപ്രദമായി തടയാനുള്ള പ്രതിരോധ നടപടികൾ യഥാസമയത്ത് കർഷകർക്ക് ലഭ്യമാക്കുക.

പഞ്ചായത്തിലുള്ള മൃഗാശുപത്രി വികസിപ്പിക്കുകയും മൊബൈൽ ഹെൽത്ത് കേർ സംവിധാനം പഞ്ചായത്തിൽ ആരംഭിക്കുകയും ചെയ്യുക.

മൃഗാശുപത്രിയുടെ കീഴിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വെറ്റർനറി സബ്ബ് സെന്ററുകൾ സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുയും ചെയ്യുക.

ശാസ്ത്രീയമായി ആട്, പശു, കോഴി, താറാവ് എന്നിവയെ വളർത്താനുള്ള പരിശീലനം കർഷകർക്ക് കൊടുക്കുക.

കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ഉദാരവും ലളിതവുമാക്കുക.

ബീജസങ്കലനത്തിനുലുള്ള കൃഷിക്കാരുടെ ആശങ്ക മാറ്റുക. ഈ രംഗത്ത് ബോധവൽക്കരണവും നടത്തുക.

പശുക്കൾക്ക് ബീജസങ്കലനം വീടുകളിൽ വെച്ചു നടത്താനുള്ള സംവിധാനും ഉണ്ടാക്കുക.

അനുബന്ധവ്യവസായങ്ങൾ തുടങ്ങാനുള്ള സാമ്പത്തിക സഹായങ്ങളും മറ്റു പ്രോത്സാഹനങ്ങളും കൊടുക്കുക.

വൃത്തിയുള്ള കാലിത്തൊഴുത്തുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായവും മൃഗപരിശീലനത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണവപും നടത്തുക.

കോഴിത്തീറ്റ, കാലിത്തീറ്റ മുതലായ പോഷകജന്യമായ ആഹാരപദാർത്ഥങ്ങൾ ഗുണനിലവാരം നിജപ്പെടുത്തി വെറ്റർനറി സബ്ബ് സെന്ററുകൾ മുഖേന ന്യായവിലക്ക് വിതരണം ചെയ്യുക.

ക്ഷീരോൽപാദനരംഗത്ത് ഒരു പശു, രണ്ടു പശു, നാല് പശു, എന്നിങ്ങനെ ഗ്രൂപ്പതിരിച്ച് ഡയറി യൂണിറ്റുകൾ ഉണ്ടാക്കുക.

ആടുകളെ ഗ്രൂപ്പടിസ്ഥാനത്തിൽ പാലിനും മാംസത്തിനുമായി വളർത്തുക.

പഞ്ചായത്തിൽ ഒരു അധുനിക കശാപ്പുശാല സ്ഥാപിക്കുക.

ക്ഷീരോൽപാദക സഹകരണസംഘങ്ങളും ക്ഷീരോൽപന്ന സഹകരണ സംഘംങ്ങളും തിരുവള്ളൂർ, കോട്ടപ്പള്ളി, ചെമ്മരത്തൂർ, തോടന്നൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

വൈക്കോൽ സംസ്കരണ രീതിയെസംബന്ധിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക

വനിതകൾക്കായി പൗൾട്രി സൊസൈറ്റികളും ഹാച്ചറിയൂണിറ്റുകളും സ്ഥാപിക്കുക.

മൃഗങ്ങളോടും മറ്റു ജന്തുക്കളോടും ക്രൂരമായി പെരുമാറുന്നത് തടയാൻ SPCA യുടെ പ്രവർത്തനം ഗ്രാമപ്രദേശങ്ങളിൽ കൂടി നടപ്പാക്കുക.

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽക്കുക.

ജൈവവളനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

പേ വിഷബാധക്കെതിരെ പ്രതിരോധ നടപടികൾ യഥാസമയം സ്വീകരിക്കണം.

അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാൻ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശീലനം കൊടുക്കുക.

പട്ടികളെ വളർത്താൻ പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കണം.

കാട, താറാവ് എന്നീകൃഷി ആരംഭിക്കാൻ കൃഷിക്കാർക്ക് പരിശീലനം കൊടുക്കണം.

വടകരയിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന ഓഫീസ് തോടന്നൂർ ബ്ലോക്ക് പരിധിയിലേക്ക് മാറ്റി തോടന്നൂരിൽ സ്ഥാപിക്കുക.



# മത്സ്യബന്ധനം

## അവലോകനം

പടിഞ്ഞാറ് അറബിക്കടലിൽ നിന്നും 10.കി.മി. അകലെയാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിയെച്ചുന്നത്. കടലും, കടൽ തീരവും ഇല്ലാതിരുന്നതിനാൽ ഈ പഞ്ചായത്തിലെ മത്സ്യബന്ധനത്തിന്റെ ഉൾനാടൻ പ്രശനങ്ങളെക്കുറിച്ചും സാധ്യതകളെ കുറിച്ചുമാണ് ഇവിടെ അവലോകനം നടത്തുന്നത്. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ കിഴക്ക് തെക്കേ അതിർത്തിയിൽ കൂടി ഒഴുകുന്ന കുറ്റ്യാടി പുഴയും, തെക്ക് പടിഞ്ഞാറ് സിത്ഥിചെയ്യുന്ന മാങ്ങാംമൂഴിയും വടകര മാഹി കനാലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ ആഴമുള്ള തോടുകളും ജലാശയങ്ങളും, തച്ചർ പുഴ, എരഞ്ഞിപ്പുഴ എന്നീ തടാക തുല്യമായ ജലശേഖരങ്ങളും വൻതോതിൽ മത്സ്യ കൂട്ടങ്ങൾ ഉള്ളവയാണ്. ഇവയിൽ പ്രധാനമായും ബ്രാൽ (കയിച്ചിൽ) ചേർമീൻ, വാള, കരിമീൻ (ചിറ്റാൻ) ചെമ്മീൻ, മുഴു, മഞ്ഞളേട്ട മുതലായ നാടൻ പേരിലറിയപ്പെടുന്ന മത്സ്യങ്ങൾ ധാരാളമുണ്ട്. ഈ തോടുകളിൽ നിന്ന് ചിലർ മത്സ്യം പിടിച്ചു വിൽപന്ന നടത്താറുണ്ട്. പണ്ട് കാലത്ത് മഴയുടെ തുടക്കത്തിൽ പുതുവെള്ളത്തിൽ "കടങ്ങാലി മീൻ" പിടിക്കുക എന്നത് ആവേശകരമായ അനുഭവമാണ്. പരമ്പരാഗതമായി മീൻ പിടിക്കുന്നവർ ഈറ്റ കൊണ്ട് നിർമ്മിച്ച ഒറ്റൽ, കൂട്ട് എന്നിവയും ചെറിയ കണ്ണി വല, ഊറ്റുവല, വീശുവല എന്നീ പേരിലറിയപ്പെടുന്ന വലകളും ഉപയോഗിക്കാറുണ്ട്. ചൂണ്ടലിട്ട് മീൻപിടിക്കുന്നത് ഒരു വിനോദമായികാണുന്നു. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി കാണുന്ന പത്ത് കുടുംബങ്ങൾ മാത്രമേ ഇവിടെയുള്ളു. ഗ്രാമവാസികളിൽ ബഹുഭൂരിപക്ഷവും മത്സ്യം ഉപയോഗിക്കുന്നവരാണ്. ആന്ധ്ര, തമിഴ്നാട്, കർണ്ണാടക, സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ വരുന്ന നാടോടികളായ തൊഴിലാളികൾ ആ പഞ്ചായത്തിലെ തോടുകളിൽ നിന്നും പുഴകളിൽ നിന്നും മത്സ്യം പിടിച്ചു ഉപജീവനം കഴിക്കുന്നുണ്ട്.

വ്യാപാരാടിസ്ഥാനത്തിൽ സജീവ ഉൾനാടൻ മത്സ്യബന്ധനം നിലവിലില്ല. മത്സ്യവിപണന മേഖലയിൽ തൊഴിൽലെടുക്കുന്നത് പുരുഷന്മാർ മാത്രമാണ്. പഴയകാലങ്ങളിൽ "കാവ്കെട്ടി" മത്സ്യം വടകര നിന്നും കൊണ്ട് വന്ന് വിൽപന നടത്തുന്ന രീതി ഉണ്ടായിരുന്നു. ഗതാഗത സൗകര്യത്തിലുണ്ടായ പുരോഗതി ഈ മേഖയിലും മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ന് വാഹനങ്ങളിൽ മത്സ്യം കൊണ്ടു വന്നാണ് വിപണനം നടത്തുന്നത്. പഞ്ചായത്തിൽ തുരുവള്ളൂർ ടൗണിൽ മാത്രമാണ് മത്സ്യ മാർക്കറ്റ് ഉള്ളത്. സൈക്കിളിൽ മത്സ്യം വിൽപ്പന നടത്തുന്ന ധാരാളം തൊഴിലാളികൾ ഇവിടെയുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ടവരാണ്.

## പ്രശ്നങ്ങൾ

- പുഴകളും, തോടുകളും ചെറുതും വലുതമായ ജലാശയങ്ങളും ഉണ്ട്. എന്നാൽ ഇവയിലെ മത്സ്യ സമ്പത്ത് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.
- മത്സ്യകൃഷി നടത്തുവാനുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗിപ്പെടുത്തുവാൻ ബോധപൂർവ്വമായ ശ്രമമില്ല.
- മത്സ്യ സമ്പത്ത് പാടെ നശിച്ചുപോകുന്ന രീതിയിലുള്ള നാടോടികളുടെ മത്സ്യബന്ധനം.
- കീടനാശികളുടെ അമിത ഉപയോഗം മത്സ്യവംശ നാശം ഉണ്ടാകുന്നു.
- പ്രജനന കാലത്തുള്ള മത്സ്യബന്ധനം
- ശാസ്ത്രീയമായ ഉൾനാടൻ മത്സ്യകൃഷിയും, മത്സ്യബന്ധനവും സംബന്ധിച്ചുള്ള കർഷകന്റെ

അറിവില്ലായ്മ.

- ഉൾനാടൻ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുവാനും, ആധുനിക കൃഷിസമ്പ്രദായത്തിന് സഹായം നൽകാനും ആവശ്യമായ ഏജൻസികളുടെ അഭാവം.
- പോഷകമൂല്യങ്ങളടങ്ങിയ നാടൻ മത്സ്യ ഇനങ്ങളേയും ശുദ്ധജല മത്സ്യങ്ങളേയും കുറിച്ചുള്ള അജ്ഞത.
- വർഷകാലത്തുള്ള വെള്ളപ്പൊക്ക ഭീഷണി.
- തോട്ടപൊട്ടിക്കൽ, നഞ്ചു കലക്കൽ, മുതലായ പ്രാക്രതരീതിയിലുള്ള മത്സ്യബന്ധനം.

## സാദ്ധ്യതകൾ

1. കുറ്റ്യാടി പുഴയിൽ മത്സ്യബന്ധനം ശാസ്ത്രീയമായി ആരംഭിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

2. അശാസ്ത്രീയ രീതിയിലുള്ള മത്സ്യബന്ധനം നിയമം മൂലം തടയുക.

3. പ്രജനന കാലത്തുള്ള മത്സ്യബന്ധനം നിയമം മൂലം തടയുക.

4. മത്സ്യകൃഷിക്കാവശ്യമായ കുഞ്ഞുങ്ങളെ വളർത്തുവാനുള്ള `ഹാച്ചറീകൾ സ്ഥാപിക്കുക.

5. പുഴകൾ തോടുകൾ എന്നിവ മലിനീകരിക്കുന്ന കീടനാശിനികളുടെ അനിയന്ത്രിത ഉപയോഗം തടയുവാനുള്ള ബോധവൽക്കരണം നടത്തുക.

6. പാലയാട്ട് കുളം, രാമപുരത്ത്കുളം, തേക്കിൻകുളം, കമ്മംകുളം, പുതിയെടുത്ത് കുളം, മുല്ലേരികുളം, എരപുരത്ത്, കാവുംകുനികുളം തുടങ്ങിയ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ, ജലാശയങ്ങൾ എന്നിവ മത്സ്യകൃഷിക്കുള്ള ഒരു യൂനിറ്റിന്റെ കീഴിലാക്കി കൂട്ടുകൃഷി അടിസ്ഥാനത്തിൽ മത്സ്യകൃഷി വ്യാപിപ്പിക്കുക.

7. മത്സ്യകൃഷി പരിപാലനസംഘം രൂപീകരിക്കുക.

8. ശാസ്ത്രീയമായ മത്സ്യകൃഷി പരിശീലനം നൽകുക.

9. മത്സ്യകൃഷിക്കാവശ്യമായ തീറ്റ പ്രാദേശികമായി ഉൽപാദിപ്പിക്കുകാനുള്ള സൗകര്യമൊരുക്കുക.

10. തോടന്നൂർ, ചെമ്മരത്തൂർ, കോട്ടപ്പള്ളി, വള്ള്യാട്, കാഞ്ഞിരാട്ട്തറ, ചാനിയം കടവ്, എന്നിവടങ്ങളിൽ മത്സ്യമാർക്കറ്റ് സംസ്കരണ സംരക്ഷണ യൂണിറ്റ് സ്ഥാപിക്കുക.

11. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികളും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

12. മത്സ്യകൃഷിയും, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുക.


13. അലങ്കാര മത്സ്യകൃഷിക്ക് പ്രോത്സാഹനവും പരിശീലനവും നൽക്കുക.

14. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്തവിധത്തിലും കാർഷികമേഖലയെ ബാധിക്കാത്ത് തരത്തിലും തച്ചർ പുഴ, എരഞ്ഞിപ്പുഴ, മറ്റ് സ്വകാര്യവ്യക്തികളുടെ ജലശേഖരങ്ങളിലും ചെമ്മീൻ കൃഷി നടത്തുക.

15. മത്സ്യാഹാർത്തിന്റെ പോഷകമൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

## കുളങ്ങളുടെ എണ്ണം

| 12 മാസം വെള്ളം കിട്ടുന്നത് | 9 മാസം വെള്ളം കിട്ടുന്നത് | 6 മാസം വെള്ളം കിട്ടുന്നത്. | ആകെ |
|---|---|---|---|
| 75 | 79 | 40 | 194 |



# വ്യവസായം

വ്യാവസായിക രംഗത്ത് തിരുവല്ലൂർ പഞ്ചായത്ത് വളരെയധികം പിന്നണിയിലാണ്. പറയത്തക്ക വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

പരമ്പരാഗത വ്യവസായങ്ങളായ പായ, കൊട്ട എന്നിവയുടെ നിർമ്മാണം വെള്ളൂക്കര, തുരുത്തി, തോടന്നൂർ, കാഞ്ഞിരാട്ട് തറ, കോട്ടപ്പള്ളി, കണ്ണമ്പത്ത്കര എന്നിവിടങ്ങളിലും മൺപാത്രനിർമ്മാണം തോടന്നൂർ ചെമ്മരത്തൂർ എന്നീ പ്രദേശങ്ങളിലും നിലവിലുണ്ട്. കന്നിനടയിൽ രണ്ട് ഈർച്ചമില്ലുകളും, വെള്ളൂക്കരയിൽ ഒരു ഇഷ്ടിക നിർമ്മാണശാലയും, കോട്ടപ്പള്ളിയിലും ചാനിയും കടവിലും രണ്ട് എണ്ണയാട്ട് മില്ലുകളും, കണ്ണമ്പത്ത് കരയിൽ പ്ലാസ്റ്റിക്ക് ബാഗ് നിർമാണശാലയും വിവിധ ഭാഗങ്ങളിൽ 12ഓളം ഫ്ളോർമില്ലുകളും അഞ്ച് മെറ്റൽ ഇൻഡസ്ട്രീസ് യൂണിറ്റുകളും മൂന്ന് റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റുകളും ഈ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ആകെ 26 ചെറുകിട വ്യവസായ യൂണിറ്റുകളാണ് ഇപ്പോഴുള്ളത്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഖാദി നൂൽ നൂൽപ്പ് നെയ്ത് കേന്ദ്രം തോടന്നൂരിലാണ്.

സഹകരണ മേഖലയിൽ 15 വർഷം മുമ്പ് ഈ പഞ്ചായത്തിൽ ആരംഭിച്ച ബാംബൂവർക്കേഴ്സ് ഇൻഡസ്ട്രീയൽ കോർപ്പറേറ്റീവ് സൊസൈറ്റി ഇപ്പോഴില്ല.

തോടന്നൂരിലെ മൺപാത്ര വ്യവസായ യൂണിറ്റും, കൈത്തറി തൊഴിൽ മേഖലയും തകർന്നുപോയ വ്യവസായ സംരഭങ്ങളിൽ ചിലതാണ്.

## പ്രശ്നങ്ങൾ

- പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും പുതിയ സംരഭങ്ങളിൽ ഏർപ്പെടാനുള്ള ജനങ്ങളുടെ താൽപര്യക്കുറവും.
- അസംസ്കൃത വസ്തുക്കളുടെ ദൗർബല്യം
- പരമ്പരാഗത വ്യവസായ മേഖലയിൽ വിദഗ്ദ തൊളിലാളികളുടെ അഭാവം.
- ഉൽപാദനച്ചിലവും ഉൽപ്പന്ന വിലയുമായുള്ള പൊതുത്തമില്ലായ്മ.
- വിപണന രംഗത്തെ പ്രശ്നങ്ങൾ.
- ചില വ്യവസായിക മേഖലയിലെ താഴ്ന്നകൂലി നിരക്ക്.
- നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കൈത്തറി മേഖല
- വ്യവസായിക തൊഴിൽ മേഖലിയിൽ സ്ത്രീകളുടെ സജീവപങ്കാളിത്ത കുറവ്.
- ലാഭകരമായി നടത്തുവാൻ കഴിയുന്ന വ്യവസായ സംരഭങ്ങളെക്കുറിച്ചുള്ള അജ്ഞത.
- കൃഷി അടിസ്ഥാനഘടനമാക്കി വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാങ്കേതിക വിദ്യകളുടെ പ്രായോഗിക പരിഞ്ജ്ഞാനക്കുറവ്.
- വൈദ്യുതി, ലൈസൻലസ് മുതലായ കാര്യങ്ങൾ അനുവദിക്കുന്നതിൽ സാർവത്രികമായി കാണുന്ന കാലവിളംബം.

## സാധ്യതകൾ

പരമ്പരാഗത വ്യവസായങ്ങളായ പായ, കുട്ട, എന്നിവയുടെ നിർമ്മാണം പരിപോഷിപ്പിക്കുക.

തകർന്നു കൊണ്ടിരിക്കുന്ന മൺപാത്രനിർമാണം പുനഃരുദ്ധാരിക്കുക.

പുതിയ തലമുറയെ തൊഴിലിന്റെ മാന്യതയെക്കുറിച്ച് മഹത്വത്തെക്കുറിച്ചും ബോധവൽക്കരിക്കുക

തൊഴിൽ മേഖലയിൽ സാങ്കേതിക പ്രായോഗിഗ പരിജ്ഞാനം നൽകാനുള്ള ഏജൻസികളുടെ സഹായം പഞ്ചായത്തിൽ ലഭ്യമാക്കുക.

പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ സംരഭങ്ങൾക്ക് ആവശ്യമായ സഹായധനവും, ബാങ്ക് വായ്പകളും യഥാസമയം നൽകുക.

ധനസഹായം വായ്പനിയമങ്ങളും, ചട്ടങ്ങളും ഉദാരവും ലളിതവുമാക്കുക. നൽകുന്ന ധനസഹായങ്ങളും വായ്പ സൗകര്യങ്ങളും സംരഭങ്ങൾക്കു തന്നെ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന തിടപ്പെടുത്തുക.

പഞ്ചായത്ത് തലത്തിൽ പരമ്പരാഗത വ്യവസായം പുനരുദ്ധാരണ സമിതി രൂപീകരിക്കുക.

പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ യഥാസമയം ലഭ്യമാക്കുക. അത്തരം അസംസ്കൃ വസ്തുകൾ ലഭിക്കുന്ന സ്ഥലങ്ങൾ വ്യവസായിക യൂണിറ്റിന്റെ കുത്തകയായി പ്രഖ്യാപിക്കുക. ഇത്തരം അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യാൻ പഞ്ചായത്ത് തലത്തിൽ അസംസ്കൃത വസ്തുകളുടെ വിതരണ കേന്ദ്രം (Raw material Distribution centre) രൂപീകരിക്കുക.

പരമ്പരാഗത വ്യവസായ ഉൽപന്നങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നവീകരിക്കുകയും ആകർഷകമാക്കുകയും ചെയ്യുക. ഇതിന് അനുസൃതമായ പരിശീലന കേന്ദ്രങ്ങളിൽ തൊഴിലാളികളെ പരിശീലിപ്പിക്കുക. ഈ വിധത്തിൽ വിദ്ഗ്ദ തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുക.

ഉൽപന്ന വിലയും ഉൽപാദനച്ചെലവും ഏകീകരിക്കുവാൻ പരമ്പരാഗത തൊഴിലാളികളുടെ ഉൽപനങ്ങൾക്ക് സബ്സിഡി നൽകുക.

വിപണന സാദ്ധ്യതകൾ കണ്ടെത്താൻ പഞ്ചായത്ത് തലമാർക്കറ്റിംഗ് സെന്ററുകളും, പഞ്ചായത്ത് ഫെയറുകളും സംഘടിപ്പിക്കുക.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കൈത്തറി തൊളിലാളികളെ ഒരു യൂണിറ്റാക്കി നെയ്ത് ശാല രൂപീകരിക്കുക.

പഞ്ചായത്ത് തലത്തിൽ വ്യവസായ സംരഭക മാർഗ നിർദേശ പരീശീലന കേന്ദ്രം സ്ഥാപിക്കുക (Industrial Training and Guidence Centre)

വെള്ളം വൈദ്യുതി എന്നിവ യഥേഷ്ടം ലഭിക്കുന്ന പഞ്ചായത്തിലെ ഏതെങ്കിലും ഒരു പ്രദേശത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

ചെറുകിട യന്ത്രസങ്കേതങ്ങളെ ഉപയോഗപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദിപ്പിക്കുന്ന രീതിയിൽ വ്യവസായിക രംഗത്ത് നവീന സംരഭങ്ങൾക്ക് അടിത്തറയിടുക.

പ്രദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ അടിസ്ഥാനമാക്കി എല്ലാ വാർഡുകളിലും വ്യത്യസ്ഥമായ വ്യവസായ സംരഭങ്ങൾക്ക് അടിസ്ഥാന സൗകര്യം നൽകുക.


ക്ഷീരോല്പന്നം, പഴസംസ്കരണം, പലഹാരം, അവൽ, അച്ചാറ്, പപ്പടം, കറി പൗഡർ, തേങ്ങ വെള്ളത്തിൽനിന്നും സുർക്ക ഉൽപ്പാദനം, ഇളനീർ ലെസി, നിർമ്മാണയൂണിറ്റുകളും പേപ്പർ ബാഗ്, പ്ലാസ്റ്റിക് ബേഗ്, കുട, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഫർണീച്ചർ, കരകൗശലവസ്തുക്കൾ , സോപ്പ്, കമ്മായം, വള, മാല കളിക്കോപ്പ് നിർമാണ യൂണിറ്റുകളും ഇരുമ്പ് പണിയായുധ നിർമാണം, വൈദ്യുതി വയറിങ്ങിനാവശ്യമായ പെട്ടിനിർമ്മാണം, എന്നീ യൂണിറ്റുകളും ആരംഭിക്കാം.

വ്യവസായ സംരഭങ്ങൾക്ക് ധനസഹായം നൽക്കുന്ന ബാങ്കുകളുടേയും മറ്റെല്ലാ ഏജൻസികളുടേയും പ്രവർത്തനം പഞ്ചായത്തിൽ ഏകോപിപ്പിക്കുക.

വ്യവസായത്തൊഴിലാളികൾക്ക് ആരോഗ്യസംരക്ഷണത്തിന് മെഡിക്കൽ എയ്ഡ് രൂപീകരിക്കുക.

പരിസ്ഥിതി പ്രശ്നമുയർത്താത്ത വ്യവസായ വികസന തന്ത്രം ആവിഷ്ക്കരിക്കുക.

# ഊർജ്ജം



തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗത്തെപ്പറ്റി പരിശോധിച്ചാൽ ഗാർഹിക മേഖലയിൽ മുഖ്യമായും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്. പാചകവാതകം, ബയോഗ്യാസ്, സൗരോർജ്ജം എന്നിവയുടെ ഉപയോഗം കുറവാണ്. നാലോളം വീടുകളിൽ സൗരോർജ്ജം ഉപയോഗിക്കുന്നുണ്ട്. ഗാർഹിക മേഖലയിലായാലും വാണിജ്യമേഖലയിലായാലും പാചകാവശ്യത്തിന് വിറക് തന്നെയാണ് ഉപയോഗിക്കുന്നത്. പാചകത്തിന് മണ്ണെണ്ണയും ഗ്യാസും ഉപയോഗിക്കുന്ന ചുരുക്കം ചില വീടുകളുണ്ട്. വെളിച്ചത്തിനായി മണ്ണെണ്ണയാണ് 68% വീടുകളിലും ഉപയോഗിക്കുന്നത്.

| ആകെ വീടുകൾ - | വൈദ്യുതീകരിച്ച വീടുകൾ | വൈദ്യുതീകരിക്കാത്തത് |
|---|---|---|
| 5636 | 1805 | 3831 |

## പ്രശ്നങ്ങൾ

- വൈദ്യുതി കടന്നുചെല്ലാത്ത ധാരാളം പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പുതിയോട്ടും കണ്ടി, പിലാച്ചേരി, പനയുള്ള മലയിൽ, പാറക്കെട്ടിൽ, നൊച്ചിയിൽ, എടച്ചെരിക്കര, കോട്ടപ്പാറ, കരുവാണ്ടിഭാഗം, വേടിയോർ മല, വാടിയിൽകുന്ന്, ശാന്തിനഗർ, മൈലിക്കണ്ടി, വടക്കയിൽ പാറ,പാലോറ കുന്ന്, കുമ്പളൊട്ടു ഭാഗം, തറവട്ടത്ത്, തിരുവള്ളൂർ ശവക്ഷേത്രം ഭാഗം, ചെറിയതുരുത്തി, പിലാത്തോട്ടത്തിൽ, പള്ളിക്കുന്ന്, പൂക്കോടു കുന്ന്, ഭജനമഠം, തെക്കയിൽ മുക്ക്, പുലക്കുന്ന്, പാലോറ, ചില്ലാനപറമ്പ്, മലപ്പറമ്പ്, പുതയക്കണ്ടി, ആര്യണ്ണൂർ മല ഭാഗം, എളമ്പിലാപ്പുറത്ത്, കപ്പള്ളി, കടവത്ത് വയൽ, ഉപ്പിലാറക്കുന്ന്, മൊട്ടംതറ, ചെറുവണ്ണൊത്ത്, കണ്ണോത്ത്, കുന്നുമ്മക്കാട്ടിൽ, പൂക്കണ്ടിക്കുന്ന്, പവ്വറ്റക്കുന്ന്, ചങ്ങരംകണ്ടി കുന്ന്, തെക്കയിൽ ഭാഗം, പുതിയോട്ടും കാട്ടിൽഭാഗം, കപ്പറത്ത് ഭാഗം, കപ്പള്ളി പറമ്പത്ത് ഭാഗം, തറവട്ടത്ത് ഭാഗം, മേലൂർ മഠത്തിൽ ഭാഗം, കുനിയംകോട്ട് ഭാഗം, കാവുംകുനി കോളനി, പൂവോട് പ്രദേശം, ബാവുപ്പാറ, എടക്കുടി മീത്തൽ ഭാഗം, കൊയിലോത്ത് ഭാഗം, കണ്ടോത്ത് മല ഭാഗം എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.
- വടകര 110 KV സബ്സ്റ്റേഷനിൽ (പുത്തൂർ) നിന്നുമാണ് 14 ട്രാൻസ്ഫോർമർ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്
- നിലവിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളും അമിതഭാരം വഹിക്കുന്നതിനാൽ ഭാഗികമായി വൈദ്യുതീകരിച്ച പ്രദേശങ്ങളിൽ പോലും വമ്പിച്ച വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു.
- നാദാപുരം ഫീഡറിൽ ഉണ്ടാവുന്ന അവിചാരിതമായ വൈദ്യുതി തകരാറ് മൂലം തിരുവള്ളൂർ പഞ്ചായത്തിൽ മിക്ക സമയങ്ങളിലും വൈദ്യുതി ലഭിക്കാറില്ല.
- വൈദ്യുതി ലൈനിലുണ്ടാകുന്ന പെട്ടെന്നുള്ള തകരാറ് പരിഹരിക്കാൻ ബോർഡ് ജീവനക്കാർ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തതുകൊണ്ട് വൈദ്യുതി തകരാറ് പരിഹരിക്കാൻ കഴിയുന്നില്ല.
- മിനിമം ഗ്യാരണ്ടിയിൽ കണക്ഷന് അപേക്ഷിച്ച് പണമടച്ച് കാത്തിരിക്കുന്നവർക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതി ലഭിക്കാത്ത അവസ്ഥ.
- കുടീർ ജ്യോതി പദ്ധതിയിൽ ആനുകൂല്യത്തിനർഹരായ 62 കുടുംബങ്ങൾ അപേക്ഷ കൊടുത്തിട്ടും സഹായം ലഭിച്ചവരുടെ എണ്ണം വളരെ തുച്ഛമാണ്..

വൈദ്യുതി ലൈനിന്റെ സംരക്ഷണം അപര്യാപ്ത മായതിനാൽ വൈദ്യുതി പ്രസരണത്തിൽ ഉണ്ടാ വുന്ന നഷ്ടം കൂടുതലാണ്.

- 10 ഓളം പ്രധാന വാണിജ്യകേന്ദ്രങ്ങളുള്ള ഈ പഞ്ചാ യത്തിൽ തെരുവു വിളക്കുകൾ വേണ്ടത്രയില്ല.

| തെരുവു വിളക്കിന്റെ സൂചന | | | |
|---|---|---|---|
| സോഡിയം വേപ്പർ | ഫ്ളൂറസന്റ് ട്യൂബ് | ബൾബ് | ആകെ |
| 16 | 4 | 120 | 140 |

- കാർഷിക മേഖലയിലും വ്യാവസായിക മേഖല യിലും വൈദ്യുതിയുടെ ഉപയോഗം കുറവാണ്.
- കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ പ്രകാശം ലഭി ക്കുന്നു.
- ബൾബുകളാണ് വീടുകളിൽ പൊതുവെ ഉപയോ ഗിക്കുന്നത്. ട്യൂബു ലൈറ്റുകളുടെ ഉപയോഗം താര തമ്യേന കുറവാണ്.
- വൈദ്യുതി ക്ഷാമം അനുഭവപ്പെടുമ്പോളും ആർഭാ ടത്തിനുവേണ്ടിയും മററും വൈദ്യുതി ദുരുപ യോഗം നടക്കുന്നുണ്ട്.
- ഊർജ്ജ സംരക്ഷണത്തിനായി സർക്കാർ രൂപംകൊ ടുത്തിട്ടുളള അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ പ്രവരത്തനം ഈ പഞ്ചാ യത്തിൽ ഒന്നും തന്നെയില്ല.
- വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ ബോധിപ്പിക്കാനും അധികൃതരുമായി കൂടിയാലോചിക്കാനും വൈദ്യുതി ചാർജ് അടക്കാനും മറ്റുമായി തിരുവ ള്ളൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ 10 മുതൽ 16 കി.മീ. വരെ സഞ്ചരിച്ച് വടകര പട്ടണത്തിലെ ഓഫീസുമായി ബന്ധപ്പെടുവാൻ വളരെയധികം പ്രയാസങ്ങൾക്ക് ഇടയാകുന്നുണ്ട്.
- വെളിച്ചത്തിന് മുഖ്യമായും മണ്ണെണ്ണയാണ് ഉപയോ ഗിക്കുന്നത്. എന്നാൽ ചില കുടുംബങ്ങൾ പാചക ത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്.
- വോൾട്ടേജ് കുറവ് എപ്പോഴും അനുഭവപ്പെടുന്നതി നാൽ വൈദ്യുതി ലഭ്യമായ വീടുകളിൽപോലും വെളിച്ചത്തിനായി മണ്ണെണ്ണവിളക്കുകൾ ഉപയോ ഗിക്കേണ്ടുന്ന സ്ഥിതി ഈ പഞ്ചായത്തിൽ സാധാ രണമാണ്.
- കൃഷിമേഖലയിൽ ജലസേചനത്തിനായി മണ്ണെണ്ണ കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോർ പമ്പുകൾ ഉപ യോഗിക്കുന്നുണ്ട്. 3% കുടുംബങ്ങൾക്ക് മാത്രമെ കൃഷിയാവശ്യത്തിനും ഗാർഹികാവശ്യത്തിനു മായി മണ്ണെണ്ണ പെർമിറ്റുള്ളൂ.
- പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ വിവിധ ഗാർഹിക ആവശ്യ ങ്ങൾക്ക് അപര്യാപ്തമാണ്.
- വാണിജ്യമേഖലയിലായാലും ഗാർഹിക മേഖലിയി ലായാലും പാചകത്തിനായി ഉപയോഗിക്കുന്ന ഇന്ധനം വിറക് തന്നെയാണ്. പ്രാചീന മാതൃകയി ലുള്ള മൂന്ന് ഭാഗത്തും വിറക് വെക്കുന്ന അടുപ്പു കളാണ് എല്ലാ വീടുകളിലും ഉപയോഗിക്കുന്നത്. ഇത്തരം ദക്ഷത കുറഞ്ഞ അടുപ്പുകളുടെ സാർവ ത്രികമായ ഉപയോഗം മൂലം വൻതോതിലുള്ള ഊർജനഷ്ടവും തന്മൂലം വിറകിന്റെ അമിത ഉപ യോഗവുമുണ്ട്. പാചകത്തിനായി ഉപയോഗിക്കുന്ന വിറക് പ്രാദേശികമായി ശേഖരിക്കുന്നതാണ് ഈ പഞ്ചായത്തിലെ പതിവ്.
- തെങ്ങ് ഉൽപ്പന്നങ്ങളായ ചിരട്ട, മടൽ എന്നിവയുടെ വിപണനം നടക്കുന്നുണ്ട്. വിറകിനു വേണ്ടിമാത്രം വൃക്ഷങ്ങൾ നട്ടുവളർത്തുന്ന രീതി ഇവിടെയില്ല. എന്നാൽ വിറകിന്റെ വൻതോതിലുള്ള ലഭ്യതയും ഇല്ല.

## സാധ്യതകൾ

- നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥാനം ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയും ആവശ്യ മായ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

- തിരുവള്ളൂർ ഫീഡർ കമ്മീഷൻ ചെയ്യുക.

- സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനു കളാക്കുക.

- പ്രസരണ നഷ്ടം കുറക്കാൻ വൈദ്യുതി ലൈനു കളിൽ അറ്റകുറ്റപ്പണികൾ നടത്തുക .

- പഞ്ചായത്തിൽ തിരുവള്ളൂർ, കോട്ടപ്പള്ളി എന്നി വിടങ്ങളിൽ സ്പോട്ട് ബില്ലിങ് സമ്പ്രദായം ഏർപ്പെടു ത്തുകയും തിരുവള്ളൂരിൽ സബ് ഓഫീസ് തുറക്കു കയും വേണം.

- വൈദ്യുതി ജീവനക്കാരുടെ സേവനം കാര്യക്ഷ

മമാക്കണം.

- മിനിമം ഗ്യാരണ്ടി നൽകിയ മുഴുവൻ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുക.

- അർഹരായ മുഴുവൻ കുടുംബങ്ങളെയും കുടീർ ജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തുക.

- തെരുവുവിളക്കുകൾ വ്യാപകമാക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

- അനർട്ട് (ANERT) ഇരഡ (IREDA) മുതലായ ഏജൻസികളുടെ സേവനം ലഭ്യമാക്കുക.

- ഇന്ധനക്ഷമതയുള്ള ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

- ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുക.


- പൊതുവിതരണം കേന്ദ്രം വഴിയുള്ള മണ്ണെണ്ണ വിതരണത്തിന്റെ അളവ് കൂട്ടുക.

- വിറകുല്പാദനം വർധിപ്പിക്കാൻ സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കുക.

- ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

– ഊർജ്ജം ദുരുപയോഗപ്പെടുത്തുന്നതിനെതിരെ ബോധവൽക്കരണം വേണം .

– സൗരോർജ്ജ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം.




# ഗതാഗതം

ചക്രമുരുളുമ്പോൾ അത് മുന്നോട്ട് പോകുമെന്ന തത്വം മനസ്സിലാക്കിയ ആദി മാനവന്റെ പിൻമുറക്കാർ ചക്രമുരുട്ടാൻ ഒരു പ്രതലം വേണമെന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരാൻ വൈകിയിരുന്നില്ല! വികസനത്തിനു നിരത്തുകൾ വേണമെന്നും അതിന്റെ പങ്ക് അതുല്യമാണെന്നും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ.

കന്നിനടപ്പുഴ നമ്മുടെ പഞ്ചായത്തിനെ കിഴക്കും പടിഞ്ഞാറുമായി ഭാഗിക്കുകയും. കിഴിക്കും തെക്കും, തെക്കുപടിഞ്ഞാറുമായി കുറ്റ്യാടിപുഴ ഒഴുകുകയും ചെയ്തപ്പോൾ നമുക്ക് നടന്നു പോകുവാൻ കന്നിനടപ്പുഴയ്ക് കുറുകെ ഒരു മരപ്പാലം മാത്രം. വർഷകാലങ്ങളിൽ യാത്രയ്ക്ക് തോണികളും. തോടന്നൂരിൽ നിന്ന് വടകരയ്ക്കെത്താൻ ഒരു ചെറിയ നിരത്ത് മാത്രമായിരുന്നു. ഏകമാർഗ്ഗം!

തിരവള്ളൂരിനെ വടകരയുമായി ബന്ധിപ്പിക്കാൻ കന്നിടയിൽ നിർമ്മിച്ച കോൺക്രീറ്റ് പാലമാണ് ഗതാഗത രംഗത്ത് ഈ പഞ്ചായത്തിന്റെ വികസന വാതായനം തുറന്നത്.

വർഷങ്ങൾക്കു ശേഷം കോട്ടപ്പള്ളിയെ ബന്ധിപ്പിക്കാൻ ആയഞ്ചേരി നിരത്തിൽ ഒരു പാലവും, പിന്നീട് തിരുവള്ളൂരിനെ പേരാമ്പ്രയുമായി ബന്ധിപ്പിക്കാൻ ചാനിയം കടവിൽ കുറ്റ്യാടിപ്പുഴയ്ക്ക കുറുകെ വലിയൊരു പാലവും നിർമ്മിക്കപ്പെട്ടു.

1964ൽ ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അധികാരമേൽക്കുമ്പോൾ ചാനിയം കടവ്-വടകര, തോടന്നൂർ-ചെമ്മരത്തൂർ, മീങ്കണ്ടി-ആയഞ്ചേരി, തിരുവള്ളൂർ-നാദാപുരം എന്നീ വീതി കുറഞ്ഞതും പൂർത്തീകരിക്കപ്പെടാത്തതുമായ നിരത്തുകളായിരുന്നു ഉണ്ടായിരുന്നത്.

വികസന പ്രക്രിയ പഞ്ചായത്തിൽ ആരംഭിച്ചപ്പോൾ വാർഡുകളേയും സമീപ പ്രദേശങ്ങളേയും പരസ്പരം ബന്ധിപ്പികുവാൻ ഉട്ടേറെ നിരത്തുകളുണ്ടായി. പരിപൂർണ്ണ ജന പങ്കാളിത്തത്തിലായിരുന്നു. നിരത്തുകളുടെ നിർമ്മാണം പൂർത്തീകരിച്ചത്. ഇതിന്റെ തുടർച്ചയെന്നോണം ചിലനിരത്തുകളുടെ നിർമ്മാണം ഇപ്പോഴും ശ്രമദാനമായി തുടരുകയാണ്.

പൊതുമരാമത്ത് വകുപ്പ് പഞ്ചായത്തിൽകൂടി കടന്നുപോകുന്ന ചാനിയം കടവ്-തോടന്നൂർ, തിരുവള്ളൂർ-ആയഞ്ചേരി, കാവിൽ തീക്കുനി റോഡിൽ മീങ്കണ്ടി-നൂലാറ്റിൽ മുക്ക് വരെ, വില്യാപ്പള്ളി ആയഞ്ചേരി റോഡിൽ മണപ്പുറം-നൂലാറ്റിൽ മുക്ക്, തിരുവള്ളൂർ കോട്ടപ്പള്ളി, വള്ള്യാട് -എസ് മുക്ക് ഇവ ഏറ്റെടുക്കുകയും വീതിക്കൂടി താർ ചെയ്ത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള റോഡിന്റെ സ്ഥിതി വിവരപട്ടിക 1

| ടാർ റോഡുകളുടെനീളം | മെറ്റൽ റോഡുകളുടെനീളം | മൺ റോഡുകളുടെനീളം | ആകെ റോഡുറോഡുകളുടെനീളം |
|---|---|---|---|
| 162 കി.മി. | 10.2 കി.മി | 58.925 കി.മി. | 85.325 കി.മി |

# പട്ടിക II

## പഞ്ചായത്തിലെ റോഡുകളുടെ വിശദ വിവരം

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി.മി | വീതി കി.മി | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | മണ്ണ് | ബസ്സ് യാത്രാ സൗകര്യം | മറ്റ് യാത്ര സൗകര്യം |
|---|---|---|---|---|---|---|---|---|---|
| 1. | ചാനിയംകടവ്-തോടന്നൂർ | PWD | 5 | 8 | ✓ | - | - | ✓ | ഉണ്ട് |
| 2. | തിരുവള്ളൂർ-ആയഞ്ചേരി | PWD | 4 | 6 | ✓ | - | - | ✓ | ഉണ്ട് |
| 3. | കാവിൽ-തീക്കുനി റോഡിൽ (മീങ്കണ്ടി-നൂലാറ്റിൽ മുക്ക്) | PWD | 5 | 8 | ✓ 8 | | | ✓ | ഉണ്ട് |
| 4. | വില്യാപ്പള്ളി-ആയഞ്ചേരി റോഡിൽ (മണപ്പുറം-നൂലാറ്റിൽമുക്ക്) | PWD | 2.200 | 8 | ✓ | | | ✓ | ഉണ്ട് |
| 5. | വള്ള്യാട്-എസ് മുക്ക് | PWD | 3 | 8 | | ✓ | | | ഉണ്ട് |
| 6. | തിരുവള്ളൂർ-കോട്ടപ്പള്ളി | PWD | 4 | 8 | | | ✓ | | ഇല്ല |
| 7. | കോട്ടപ്പള്ളി-വള്ള്യാട് | MLAറോഡ് | 2 | 8 | - | ✓ | | | ഉണ്ട് |
| 8. | ആര്യണ്ണർ-ചെമ്മരത്തൂർ | പഞ്ചാ | 3 | 8 | | | ✓ | | ഇല്ല |
| 9. | തോടന്നൂർ-ചെമ്മരത്തൂർ | പഞ്ചാ | 2.800 | 8 | | ✓ | | | ഉണ്ട് |
| 10. | ചെമ്മരത്തൂർ-വില്യാപ്പള്ളി | ,, | 0.800 | 8 | | ✓ | | | ഉണ്ട് |
| 11. | കന്നിനട-കോട്ടപ്പള്ളി - ഇറിഗേഷൻ | പഞ്ചാ | 1.500 | 6 | | | ✓ | | ഉണ്ട് |
| 12. | ചുണ്ടെകൈ-പൈങ്ങോട്ടായി | പഞ്ചാ | 1.500 | 8 | | | ✓ | | ഉണ്ട് |
| 13. | മാങ്ങോട്-ഭജന മഠം | ,, | 0.420 | 6 | • | ✓ | | | ഉണ്ട് |
| 14. | അഞ്ചുമുറി-കാഞ്ഞിരാട്ട തറ | ,, | 0.800 | 5 | • | | ✓ | | ഇല്ല |
| 15. | തണ്ടോട്ടി-വായാട്ട്പൊയിൽ | പഞ്ചാ | 0.800 | 6 | • | | ✓ | | ഇല്ല |
| 16. | പുനത്തിൽ താഴ-മീമ്പാലം | ,, | 2.00 | 4 | • | | ✓ | | ഇല്ല |
| 17. | മഠത്തുതാഴ-പി.എച്ച്.സി. | ,, | 2.500 | 6 | • | | ✓ | | ഇല്ല |
| 18. | ചാനിയം കടവ്-കരുവൻ വളപ്പ് | ,, | 1.00 | 6 | • | | ✓ | | ഉണ്ട് |
| 19. | പെരിഞ്ചേരി കടവ് - മീമ്പാലം | ,, | 1,500 | 3 | • | | ✓ | | |
| 20. | പോസ്റ്റാഫീസ്-തുരുത്തി | ,, | 2.500 | 6 | • | | ✓ | | ഇല്ല |
| 21. | ചാലിക്കണ്ടി-കുമുള്ളിപാലം | ,, | 2.500 | 4 | • | | ✓ | | ഇല്ല |
| 22. | കന്നിനട-ചരൽകടവ് | ,, | 11.500 | 3 | • | | ✓ | | ഇല്ല |
| 23. | തോടന്നൂർ-ചെരണ്ടത്തൂർ റോഡ് (തോടന്നൂർ ബ്ലോക്ക് വരെ) | ,, | 0.600 | 8 | ✓ | | | | ഉണ്ട് |
| 24. | ചിറമുക്ക്-കാഞ്ഞിരാടുതറ | ,, | 2.200 | 6 | ✓ | • | | | ഉണ്ട് |
| 25. | കൊയിലോത്ത് താഴ-മണ്ടോളാണ്ടിപ്പാറ | ,, | 1.500 | 4 | • | | ✓ | | ഇല്ല |
| 26. | തോടന്നൂർ-കപ്പള്ളിതാഴ റോഡ് | ,, | 3.00 | 3.50 | • - | | ✓ | | ഇല്ല |
| 27. | തോടന്നൂർ-യു.പി.സ്കൂൾ നിടുക്കണ്ടിതാഴ റോഡ് | ,, | 2.00 | 3 | • | | ✓ | | ഇല്ല |
| 28. | ഇന്ദിരാജി റോഡ് തോടന്നൂർ | ,, | 0.500 | 2.50 | • | | ✓ | | ഇല്ല |
| 29. | പടിഞ്ഞാറയിൽ മുക്ക്-കുമുള്ളം കണ്ടി | ,, | 1.00 | 3 | | | ✓ | | ഇല്ല |
| 30. | കന്നിനട-ബ്ലോക്ക് റോഡ് | ,, | 0.700 | 3 | • | | ✓ | | ഇല്ല |
| 31. | ശാന്തിനഗർ-നിടുമ്പ്രമണ്ണ | ,, | 1.00 | 3.50 | • | | ✓ | | ഇല്ല |
| 32. | റജിസ്ട്രാഫീസ്-ശവക്ഷേത്രം | ,, | 750 | 3 | • | | ✓ | | ഇല്ല |
| 33. | വള്ള്യാട് സ്രാമ്പി-കനാൽ | ,, | 1.500 | 3 | • | | ✓ | | ഇല്ല |
| 34. | തിരുവള്ളൂർ-പോസ്റ്റ് ഓഫീസ് | ,, | 500 | 3 | • | ✓ | | | ഉണ്ട് |
| 35. | പള്ളിക്കുന്ന്-ജലധാരാറോഡ് | ഇറിഗേ | 1.500 | 3 | 8 - | | ✓ | | ഉണ്ട് |
| 36. | പള്ളിക്കുന്ന്-പാലോളിമുക്ക് | പഞ്ചാ | 0.600 | 3 | | | ✓ | | ഇല്ല |
| 37. | കിഴക്കയിൽ മുക്ക്-കുമുള്ളംകണ്ടി | ,, | 2.500 | 3 | 8 | | ✓ | | ഉണ്ട് |
| 38. | ചാപ്പൊയിൽമുക്ക്-കുട്ടംപറമ്പത്ത് മുക്ക് | ,, | 2.00 | 3 | | | ✓ | | ഉണ്ട്. |

## പദ്ധതികളുടെ അവലോകനം

## 1995–96 വർഷത്തിൽ ജെ.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

| | റോഡിന്റെ പേര് | ദൂരം | എസ്റ്റിമേറ്റ് തുക | സ്വാഭവം |
|---|---|---|---|---|
| 1. | തണ്ടോട്ടി വായാട്ട് പൊയിൽ | 480 മീ | 90,000 | സൈഡ് കെട്ടി ഫിലിങ് |
| 2. | പൈങ്ങോട്ടായി-മാങ്ങോട് | 420 മീ | 93,000 | ടാറിംഗ് |
| 3. | പോസ്റ്റ് ഓഫീസ്-തിരുവള്ളൂർ | 500 മീ | 1,065,35 | ടാറിംഗ് |
| 4. | കരിമ്പാലക്കണ്ടി-മണക്കാടൻ കണ്ടി താഴ | 250 മി | 40,000 | സൈഡി കെട്ടി ഫില്ലിംഗ് |
| 5. | ചിറമുക്ക് - കാഞ്ഞിരാട്ട് തറ | 2കി.മി | 2,7000,00 | റീ ടാറിംഗ് |
| 6. | കരുവൻ വളപ്പിൽ-മാങ്ങാംമുഴി | 1.600 മീ | 2,00,000 | സൈഡ് കെട്ടി ഫില്ലിംഗ് |
| 7. | തോടന്നൂർ-ചെമ്മരത്തൂർ | 1.350 മീ | 5,00,000 | ടാറിംഗ് |
| 8. | ആച്ചേരിതാഴ-വാടിയിൽ ലക്ഷം വീട് | 750 മീ | 5,000 | പുതുതായി നിർമ്മിക്കൽ |

## 1995–96ലെ നടപ്പാതകൾ

| | വാർഡ് | പേര് | വകയിരുത്തിയ തുക | സ്വഭാവം |
|---|---|---|---|---|
| 1. | 1 | പയ്യിരാട്ട് മുക്ക് പടിക്കുതാഴ നടപ്പാത | 10000 | 250 മി |
| 2. | 10 | കന്നിനട-ഖാദിബോർഡ് നടപ്പാത | 40,000 | 1.കി.മി |
| 3. | 1 | പുള്ളിയുള്ളതിൽ കനാൽ-കാക്കോടുതാഴ നടപ്പാത | 35,000 | 800 മീ |
| 4. | 1 | ചോയത്ത്താഴ ചുണ്ടയിൽ താഴ | 10000 | 250 മീ |
| 5. | 4 | വാട്ടർ ടാങ്ക് റോഡ്-നിരയിൽ കുന്ന് നടപ്പാത | 15000 | 400 മി |
| 6. | 3 | ചിരികണ്ടോത്ത് താഴ-ചെറുമത്ത് താഴ നടപ്പാത | 15000 | 400 മീ |
| 7. | 5 | മങ്ങോളാണ്ടിപാറ-ഒന്തത്ത്താഴ നടപ്പാത | 25000 | 500 മീ |
| 8. | 6 | മുറ്റത്താഴ നല്ലൂർ പാറ നടപ്പാത | 25000 | 1 കി.മി |
| 9 | 7 | നിടുമ്പ്രമണ്ണ എം.എൽ.പി.സ്കൂൾ എനാത്ത് കടവത്ത് നടപ്പാത | 25000 | 800മീ |
| 10. | 10 | മഠത്തിൽതാഴ ചീക്കിലോട്ട് നടപ്പാത | 25000 | 1 കി.മി |
| 11. | 12 | വെള്ളക്കാം വീട്ടിൽ താഴ പാലോളിക്കണ്ടി നടപ്പാത | 25000 | 750 മീ |
| 12. | 11 | മാണിക്കോത്ത്താഴ കീഴ്ത്താരി മുക്ക് നടപ്പാത | 15000 | 350 മീ |
| | **ആകെ** | | **240000** | **8.കി.മീ.** |

# നടപ്പാതകൾ 1996–97

| ക്രമ നമ്പർ | വാർഡ് | പേര് | ദൂരം | വകയിരുത്തിയ തുക |
|---|---|---|---|---|
| 1 | I | ചാത്തങ്കോട്ട് താഴ-വള്ള്യാട്ട് ഈസ്റ്റ് എൽ.പി. | 1.500 കി.മി | 40,000 |
| 2. | II | വാഴേരി മുക്ക് | 1.00 കി.മി | 10,000 |
| 3 | III | കോട്ടപ്പള്ളി ടൗൺ വള്ളിൽ ഇടവഴി | 1 കി.മി. | 15,000 |
| 4. | I | പുറകൊയിലോത്ത് ഇടമുതൽ കനാൽ വരെ നടപ്പാത | 1 കി.മി. | 20,000 |
| 5. | IV | കണിയോത്ത് താഴ മുതൽ ഒലിപ്പിൽ അക്വഡേറ്റ് വരെ | 1. കി.മി. | 20,000 |
| 6. | IV | ഒന്തത്ത് മീത്തൽ ഭജനമഠം വരെ | 1. കി.മി | 10,000 |
| 7. | V | വേലിപറമ്പത്ത് താഴമുതൽ നോർത്ത് എൽ.പി.വരെ | 1.കിമി. | 10,000 |
| 8. | V | കാഞ്ഞിരോളി താഴമുതൽ കുന്നത്ത് ഇടവഴി വരെ | 1. കിമി. | 10,000 |
| 9. | VI | തണ്ടോട്ടി മുതൽ പുതിയോട്ടിൽ ഇടവഴി വരെ | 1.കി.മി | 17,500 |
| 10. | V | മുറുറത്താഴ നടപ്പാത | 1. കി.മീ | 10,000 |
| 11. | VII | പിലാത്തോട്ടത്തിൽ മുതൽ മയിലിക്കണ്ടിവരെ | 1.കി.മീ. | 25,000 |
| 12. | VIII | തിരുവള്ളൂർ പേരാമ്പ്ര റോഡ് കയ്യാലിൽ മീത്തൽ വരെ | 1. കി.മീ | 25,000 |
| 13. | IX | റി.സ.ക്ലിനിക്ക് മുതൽ കനാൽ വരെ | 1. കി.മി | 9,800 |
| 14. | IX | ഗവ: യു.പി.സ്കൂൾ കനാൽ നടപ്പാത | 1. കിമി. | 10,000 |
| 15. | X | പയ്യട പുതിയടത്ത് മീത്തൽ നടപ്പാത | 1 കി.മി. | 10,000 |
| 16. | XI | നാരാണത്ത് താഴകുനിമുതൽ കിഴക്കയിൽ മുക്ക് വരെ | 1. കി.മി | 15,000 |
| 17. | XI | മാണിക്കോത്ത് താഴ മുതൽ കീഴത്താരി മുക്ക് വരെ | 1.കി.മി. | 15,000 |
| 18. | XI | ഇടവത്ത് മുക്ക് മുതൽ കുഴൽക്കിണർ വരെ | 1.കി.മി. | 10,000 |
| 19. | XII | കുഞ്ഞിക്കണ്ടി മുതൽ കുന്നോത്ത് താഴ നടപ്പാത | 1.കി.മീ. | 10,000 |
| 20. | XII | പോസ്റ്റാഫീസ് താഴെപാറയുള്ള പറമ്പത്ത് നടപ്പാത | 1.കി.മീ. | 10,000 |
| | | ആകെ | 20.5കി.മി | 292000.00 |

## പ്രശ്നങ്ങൾ

റോഡുകളിൽ ശാസ്ത്രീയമായ അഴുക്കുചാൽ നിർമാണമില്ലായ്മ

അപകടം നിറഞ്ഞ വളവുകൾ. റോഡുകളിലെ മണ്ണൊലിപ്പ്

ഓവു പാലങ്ങളുടെ അപര്യാപ്തത

വയലുകൾ നികത്തുന്നത്

അറ്റകുറ്റിപ്പണികളുടെ അഭാവം

വീതിക്കുറഞ്ഞ റോഡുകൾ

കയറ്റം ഇറക്കമുള്ള റോഡകൂൾ

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളിലെ സാങ്കേതിക തടസ്സങ്ങൾ

വാഹനങ്ങളുടെ ബാഹുല്യം

റോഡ് സുരക്ഷിതത്വക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും ജനങ്ങളുടെ അജ്ഞത.

റോഡുകളെ ദുരുപയോഗപ്പെടുത്തുന്നത് മൂലം റോഡുകൾ തകരുന്നു.

ബസ്സ്. ടാക്സി. ഓട്ടോറിക്ഷ സ്റ്റാന്റുകളുടെ അഭാവം

സാമ്പത്തിക പരാധീനതകൾ

മറ്റുള്ള വകുപ്പുകൾ പൊതുറോഡുകൾ അശാസ്ത്രീയമായി ഉപോയഗപ്പെടുത്തുന്നത്.

റോഡുകളിൽ മറ്റു വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഐക്യരൂപമില്ലായ്മ.

ജലഗതാഗതത്തിനു സൗകര്യമുള്ള കനാലുകളുടേയും പുഴകളുടേയും നിരുപയോഗം

## സാധ്യതകൾ

പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലെ മുഴുവൻ റോഡുകൾക്കിരുവശവും അഴുക്കുചാൽ നിർമ്മിച്ച് വെള്ളം ഒഴുകിപ്പോകുവാനുള്ള സൗ കര്യം ചെയ്തു റോഡകൂൾ സംരക്ഷിക്കുക.

മഴക്കാലത്തെ ഭൂമിയിലെ ഉറവകൾമൂലം റോഡുകൾ തകരുന്നതു തടയാൻ ശാസ്ത്രീയമായി റോഡുകൾ ബലപ്പെടുത്തുക.

റോഡുകളിൽ ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ഓവു പാലങ്ങൾ പണിയുക. റോഡുകൾ വീതുകൂട്ടുകയും മണ്ണൊലിപ്പു തടയുകയും. വയലുകൾ നികത്തുന്നതു നിരുത്സാഹപ്പെടുത്തി ഓവുപാലങ്ങളിലൂടെയുള്ള ഒഴുക്ക് സുഗമമാക്കുകയും ചെയ്യുക.

വീതി കുറഞ്ഞ റോഡുകളടക്കം എല്ലാ റോഡുകളും താർ ചെയ്യുക. വീതി കുറഞ്ഞ റോഡുകൾ താർ ചെയ്യുവാനുള്ള സാങ്കേതിക തടസ്സം മാറ്റുക.

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രമനുസരിച്ചും ഉപയോഗമനുസരിച്ചും റോഡുകളുടെ വീതി നിർണയിക്കുവാനുള്ള അധികാരം പഞ്ചായത്തിനു നൽകുക.

റോഡു സംരക്ഷണത്തെക്കുറിച്ചു ജനങ്ങളെ ബോധവാന്മാരാക്കുക

റോഡുകളെ ദുരുപയോഗപ്പെടുത്തുന്നതു തടയുക. അശ്രദ്ധയോടും നയമവിരുദ്ധമായും റോഡരുകിൽ സാധന സാഗ്രികൾ സൂക്ഷിക്കുന്നതും നിക്ഷേപിക്കുന്നതും വാഹനങ്ങൾ കഴുകുന്നതും നിരുത്സാഹപ്പെടുത്തുകയും തടയുകയും ചെയ്യുക.

പുതിയ റോഡുകളും നടപ്പാതകളും നിർമ്മിക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

റോഡുകളുടേയും നടപ്പാതകളുടേയും അറ്റകുറ്റപണികൾ യഥാസമയം നടത്തുക.

റോഡു ഗതാഗതത്തിനു സാമ്പത്തിക സഹായം നൽകുന്ന മുഴുവൻ ഏജൻസികളുടേയും പ്രവർത്തനം പഞ്ചായത്തിൽ ഏകോപിപ്പിക്കുക.

യാന്ത്രിക ശക്തികൊണ്ട് പ്രവർത്തിക്കുന്ന എല്ലാ വാഹനങ്ങൾക്കും വർഷത്തിൽ 25 മുതൽ 100ക വരെ പഞ്ചായത്ത് `റോഡ് മെയിന്റൻസ് സെസ്സ് ചുമത്തുക.

പഞ്ചായത്തിലെ റോഡുസംരക്ഷണ സമിതി വിദഗ്ദരേയും. ഡ്രൈവർമാരേയും, തൊഴിലാളികളേയും ഉൾപ്പെടുത്തി രൂപീകരിക്കുക. സംരക്ഷണ ചുമതല ഈ സമിതിക്ക് നൽകുക.

തിരുവള്ളൂരിൽ ബസ്സ്റ്റാൻഡ് നിർമ്മിക്കുക.

തിരുവള്ളൂർ. തോടന്നൂർ കന്നിനട. കോട്ടപ്പള്ളി

എന്നിവിടങ്ങളിൽ ടാക്സി- ഓട്ടോ-ലോറി സ്റ്റാന്റ് നിർമ്മിച്ചു റോഡുകളിലെ വാഹന ഗതാഗത സ്തംഭനം ഒഴിവാക്കുക.

കുറ്റ്യാടി പുഴയിലും, വടകര-മാഹി കനാലിലും ജലഗതാഗത സംവിധാനവും ചരക്ക് ഗതാഗത സംവിധാനവും ഏർപ്പെടുത്തുക.

കവുന്തൻ നടക്ക് സമീപം നടപ്പാലം നിർമ്മിക്കുക.

ചെറുവണ്ണൂർ പഞ്ചായത്തിലെ ആവളയുമായി ബന്ധപ്പെടാൻ പെരുഞ്ചേരിക്കടവിൽ ഒരു പാലം നിർമ്മിക്കുക.

ചേരാപുരവുമായി റോഡുമാർഗ്ഗം ബന്ധപ്പെടാൻ സൗകര്യങ്ങൾ ഉണ്ടാക്കുക.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളിലെ സാങ്കേതിക തടസ്സങ്ങൾ മാറ്റുവാൻ അടിയന്തര നടപടി സ്വീകരിക്കുകയും റോഡ് നിർമാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

താഴെപ്പറയുന്ന നടപ്പാതകൾ പട്ടികI പ്രകാരം റോഡുകൾ പട്ടിക II പ്രകാരവും നമ്മുടെ പഞ്ചായത്തിൽ നിർമിക്കാനുള്ള നടപടികൾ വേണം

**പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ**

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1. | I | കല്ലറക്കണ്ടി മുക്ക്-തയ്യുള്ളതിൽ |
| | | മണപ്പുറം തുമ്പേരിതാഴ |
| | II | എടത്തുംപൊയിലുംതാഴ-മണക്കുനിതാഴ |
| | | എടത്തുംതാഴ-നെല്ലിയോട്ടുതാഴ റോഡ് |
| | | രയരോത്ത് താഴ-വില്യാപ്പള്ളി റോഡ് |
| | | ഉത്താരിക്കുന്ന്-ചെറുവത്താരിതാഴ |
| | | പയീരാട്ട്മുക്ക്-മഠത്തിൽ ഇടവഴി |
| | | ചിറവയൽ-മഠത്തിൽ ഇടവഴി |
| | | തേറത്ത് താഴ-വില്ലാപ്പള്ളി റോഡ് |
| | | പവ്വറ്റത്താഴ-തയ്യുള്ളതിൽ |
| | | കണിയാങ്കണ്ടി മുക്ക് - MLA റോഡ് |
| | III | മദ്രസ്സ്-വട്ടക്കണ്ടത്തിൽമുക്ക് |
| | | കണ്ണമ്പത്ത് വയൽ-കനാൽ |
| | IV | തണ്ടൊട്ടി-കനാൽ |
| | | അഞ്ചുമുറി-കാഞ്ഞിരാട്ടുമുക്ക് |
| | | ഭജനമഠം-വാടിയിൽകുന്ന് |
| | V | കുന്നോത്തറമൽ താഴ-കണ്ണംവെളിതാഴ |
| | | തറൊപ്പൊയിൽ-ഏറോത്ത് താഴ |
| | | പുത്തലത്ത്താഴ-കണ്ണംകുട്ടിപ്പാലം |
| | VI | മാതാണ്ടിമുക്ക്-ചെത്തിൽ |
| | | തണ്ടൊട്ടി-കുനിവയൽ |
| | | അച്ചംവീട്ടിൽതാഴ-കാഞ്ഞിരാട്ടുതറ |

| | |
|---|---|
| | പെരിഞ്ചേരി കടവ്-കുമുള്ളിതാഴ |
| | മറുറാതാഴ-ബാവൂപ്പാറ |
| VII | കരിഞ്ഞാറ്റി ഇടവഴി-പെരിഞ്ചേരി കടവ് |
| | കുമ്പളൊട്ട്താഴ-തറവട്ടം ക്ഷേത്രം |
| | നിടുമ്പ്രമണ്ണ-ചാനിയം കടവ് |
| VIII | തുരുത്തിക്ഷേത്രം-കനാൽ |
| | തച്ചറ്കണ്ടി-പൊയിൽ |
| | അമ്പലത്തിങ്കൽ-നൊച്ചോടിത്താഴ |
| | മഠത്തിൽതഴ-തെക്കെകാവുംകുനി. |
| IX | മരക്കാംപറമ്പത്ത്താഴ-കവുന്തൻനട |
| | ശിവക്ഷേത്രം-ചിറമുക്ക് |
| | ചേനാംകുഴി-മാവ്വപ്പള്ളിതാഴ |
| X | ചെറിയവളപ്പിൽ മുക്ക്-കനാൽ |
| | പലോളിതാഴ-പാലോള്ളതിൽമുക്ക് |
| XI | ചെമ്മരത്തൂർ വെസ്റ്റ് എൽപി. പാലോളിതാഴ |
| | പാലയാട്ട്താഴ-മലപ്പറമ്പത്ത് |
| | നടുക്കണ്ടി - എരഞ്ഞിമുക്ക് |
| | തോടന്നൂർ.യു.പി-ഇരപുരത്ത് താഴക്കനാൽ· |
| XII | സബ്സെന്റർ-ചെമ്മരത്തൂർ ലക്ഷം വീട് |
| | കണ്ണോത്ത് താഴ-പിലാക്കോട്ടൂർ താഴ |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | പേര് | ദൂരം |
|---|---|---|---|
| 1 | I | മണപ്പുറത്ത് ബസ് സ്റ്റോപ്പ്-ചാത്തോത്ത് പൊയിൽ | 750 മീ |
| 2 | | ചിറക്കൽ കിനാൽ-കടമേരി റോഡ് | 1 കി.മീ |
| 3. | | എടക്കുടി താഴ- MLP റോഡ് | 500 കി.മീ |
| 4. | | എരഞ്ഞി മുക്ക്-പള്ളിയടിച്ചികണ്ടി | 1 കി.മീ |
| 5. | II | വാഴേരി മുക്ക്-കളത്തികുന്നുമ്മൽ താഴ | 400 മീ |
| 6. | | പെരുവനത്താഴ-മലപ്പാടിതാഴ | 750 മീ |
| 7 | | മക്കൾമുക്ക്-നായരോട്ട് താഴ | 750 മീ |
| 8 | | ചാപ്പറമ്പത്ത്മുക്ക്-കോട്ടപ്പള്ളിപാലം | 750 മീ |
| 9 | III | നീർവൻചാൽ-കല്ലിക്കണ്ടിതാഴ | 500 മീ |
| 10 | | കുറ്റിക്കണ്ടി-വെളുത്തപറമ്പത്ത് താഴ | 500 മീ |
| 11 | IV | ഒന്തത്ത് ഇടവഴി-കോട്ടപ്പാറ | 1 കീ.മീ |

| | | | |
|---|---|---|---|
| 12 | | പുനത്തിൽ താഴ-വാടിയിൽകന്ന് | 500 കി.മീ. |
| 13 | | അഞ്ചുമുറി-കണ്ണംമ്പത്തകര | 1. കി.മീ. |
| 14. | | കണിയോത്ത്താഴ-കിഴക്കയിൽ മുക്ക് | 750മീ |
| 15 | | ഒന്തത്ത് മുക്ക്- കോട്ടപാറമലടാങ്ക് | 1 കി.മീ |
| 16 | | പള്ളിമുക്ക്-ടാങ്ക് വഴി കണ്ണമ്പത്ത്കര | |
| 17 | VI | പുതിയോട്ടിൽതാഴ-വായാട്പൊയിൽ | 1 കി.മീ |
| 18 | | ബാവുപ്പാറ-ദേവീവിലാസം സ്കൂൾ | 1 കീ.മീ |
| 19. | | അരീക്കരമലയിൽ-കുമുള്ളി മീത്തൽ റോഡ് | 7 കീ.മീ |
| 20 | | എടക്കുടിതാഴ-തണ്ടൊട്ടി റോഡ് | 1 കി.മീ |
| 21 | | കുനിവയൽ-മാനിയോട്ടുമ്മൽമുക്ക് | 750 മീ |
| 22 | V | മണ്ടൊളാണ്ടി പാറ-ഒന്തത്ത്പാറ | 1 കി.മീ |
| 23 | | ചെട്ട്യാത്ത് മുക്ക്-പുള്ളിയുള്ളമല തണ്ടോട്ടി | 1.500 കി.മീ |
| 24. | | നാരാണത്ത് താഴ-വിലങ്ങിൽതാഴ | 1 കി.മി |
| 25 | | പുളിയനാട്ടിൽമുക്ക്-വള്ളാഞ്ഞിമുക്ക് | 1.കി.മീ. |
| 26. | VII | ദയരോത്ത് താഴ - PHC | 1.750 കി.മീ. |
| 27. | | ഈസ്റ്റ് യു.പി.-കരിമ്പാക്കണ്ടി | 1.500 കി.മീ |
| 28. | | കുനിവയൽ-കണ്ണംകണ്ടിവഴി-ചാനിയംകടവ് | 2 കി.മീ |
| 29 | VIII | കുരുവൻ വളപ്പിൽ-വെള്ളൂക്കരപള്ളി | 750 മീ |
| 30 | | തിരുമംഗലത്ത് മീത്തൽ-ചെറുവിളയാട്ട് താഴ | 750 |
| 31 | | കല്ലുള്ളപറമ്പ്-കിഴക്കയിൽ താഴ | 750 മീ |
| 32 | VIII | ചാലിക്കണ്ടി-ആലച്ചേരി കടവ് | 1 കി.മീ |
| 33 | | ചിഖറഖയിൽ മുക്ക്-തുരുത്തി റോഡ് | 500 മീ |
| 34 | IX | ശിവക്ഷേത്രം-വില്ലൂന്നിപാറ | 1 കി.മീ |
| 35 | | പനച്ചിക്കൽ-ചിറ്റയിൽമുക്ക് | 750 മീ |
| 36 | X | പുളിയറത്ത് മുക്ക്-തോടന്നൂർ ബാലവാടി | 750 കി.മീ |
| 37 | | തൂവ്വാറക്കുന്ന്-തോടന്നൂർ യു.പി. | 1. കി.മി. |
| 38. | | തട്ടാന്റെ മുക്ക്-കേളോത്ത് മുക്ക് | 500 മീ |
| 39 | | വക്കത്ത്-നടൊത്ത് | 500 മീ |
| 40 | XI | കിഴക്കയിൽ-ചെമ്പരത്തൂർ LP | 1500 കി.മീ |
| 41 | XII | കുറ്റിയിൽ താഴ-കുളാട്ട്കുന്ന് | 1 കി.മീ |
| 42 | | ഒന്തത്ത്-പുതിയോട്ടും കണ്ടി | 1 കി.മി. |



# മാർക്കറ്റ്

തിരുവള്ളൂർ പഞ്ചായത്തിൽ സ്ഥിരം ചന്തകളില്ല. ഓരോ വാർഡിന്റെയും പ്രധാന കേന്ദ്രങ്ങളിലെ കൊച്ചു കൊച്ചു പീടികമുറികളിൽ ഒതുങ്ങിപ്പോകുന്ന കച്ചവടകേന്ദ്രമാണ് നമുക്കുള്ളത്. മോട്ടോർ വാഹനങ്ങൾ പ്രചുരപ്രചാരം നേടുന്നതിനുമുമ്പ് കോഴിക്കോട് അങ്ങാടിയിൽനിന്നും ഈ പ്രദേശത്തുകാർക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ പൂരത്തോണികളിലാണ് നമ്മുടെ നാട്ടിലെ പീടികമുറികളിലേക്ക് എത്തിച്ചേരുന്നത്.

നമ്മുടെ നാട്ടിലുണ്ടാകുന്ന നാളീകേരം കുരുമുളക് മുതലായവയൊക്കെ നാട്ടിൽതന്നെ ശേഖരിച്ച് സംസ്കരിച്ചതിനുശേഷം കോഴിക്കോട് അങ്ങാടിയിലേക്ക് പൂരത്തോണികൾ വഴിയും വടകരയിലേക്ക് കാവുകെട്ടി ചുമടെടുത്ത് കൊണ്ടുപോയിട്ടുമാണ് വിപണനം നടത്തിയിരുന്നത്.

തിരുവള്ളൂർ, കോട്ടപ്പള്ളി, തോടന്നൂർ എന്നിവിടങ്ങളിൽ അക്കാലത്ത് സാമാന്യം ഭേദപ്പെട്ട രീതിയിലുള്ളതും സജീവമായ കച്ചവടപ്പീടികകൾ ഉണ്ടായിരുന്നു.

മോട്ടോർ വാഹനങ്ങൾ ഓടിത്തുടങ്ങിയപ്പോൾ പൂരത്തോണികൾക്കു പകരം ലോറികളും മിനി ലോറികളും നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് ധാന്യ നാണ്യ വിളവുകളുടെയും പോക്കുവരവിന്റെ മാധ്യമം ഏറ്റെടുത്ത് ഏർപ്പെടുത്തി. കച്ചവടപീടികകളൊക്കെ സ്വകാര്യ വ്യക്തികളുടേതാണ്. എന്നാൽ തിരുവള്ളൂരിൽ പഞ്ചായത്തുവക ഒരു മത്സ്യമാർക്കറ്റുണ്ട്.

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന മാവേലി സ്റ്റോർ തോടന്നൂരിലാണുള്ളത്. ഈ സ്റ്റോറിന്റെ വിറ്റുവരവ് സാമാന്യം തരക്കേടില്ലാത്ത വിധത്തിലാണ്. റേഷൻ സാധനങ്ങൾ നൽകുന്ന പൊതുവിതരണകേന്ദ്രം പഞ്ചായത്തിൽ എല്ലാ ഭാഗത്തുമില്ല.

ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും മാർക്കറ്റിന്റെ ആവശ്യത്തെക്കുറിച്ച് ശക്തമായ ചർച്ച ഉയർന്നുവന്നിട്ടുണ്ട്.

നാളീകേരം, കശുവണ്ടി, കുരുമുളക് എന്നിവ ഉല്പാദിപ്പിക്കുന്ന നമ്മുടെ പഞ്ചായത്തിൽ വിൽക്കാൻ ആവശ്യമായ മാർക്കറ്റിംഗ് സംവിധാനമില്ല. പട്ടണങ്ങളിലെ വൻകിട കച്ചവടക്കാരെയാണ് നമ്മുടെ കർഷകർ ആശ്രയിക്കുന്നത്.

കാർഷികമേഖലയിൽ നാണ്യവിളകളുടേയും പച്ചക്കറി കൃഷിത്തരങ്ങളുടെയും ഇടവിളകളുടെയും ഉൽപ്പാദനം മെച്ചപ്പെടുത്തുവാനുള്ള ശ്രമം ആരംഭിച്ചിരിക്കേ ഇത്തരം ഉൽപ്പന്നങ്ങൾ ന്യായമായ വിലക്ക് വിൽക്കാനും വാങ്ങാനുമുള്ള സംവിധാനം അനിവാര്യമായി വരും. ഇടനിലക്കാരുടെ ചൂഷണങ്ങളിൽനിന്ന് ഉല്പാദകരെയും ഉപഭോക്താക്കളെയും `രക്ഷപ്പെടുത്താനുള്ള ശ്രമം തുടക്കത്തിലേ ഉണ്ടായിരിക്കണം.

ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി ശാസ്ത്രീയമായ ഒരു മാർക്കറ്റിംഗ് നെറ്റ് വർക്കിന് (വിപണന ശൃംഖല) പഞ്ചായത്ത് തലത്തിൽ രൂപംകൊടുക്കുക.

പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ``ഉല്പന്ന കമ്പോളം" സ്ഥാപിച്ച് ഉല്പാദകരെയും ഉപഭോക്താക്കളെയും സഹായിക്കുക.

○

# പൊതുജനാരോഗ്യവും കുടിവെള്ളവും



## 1)പൊതുജനാരോഗ്യം

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗത്ത് ദീർഘകാലം അന്ധവിശ്വാസത്തിലൂന്നിയ ചികിത്സാ സമ്പ്രദായം ആധിപത്യം പുലർത്തിയിരുന്നു. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും കേരളപ്പിറവി സമയത്തും ഇവിടെ പ്രവർത്തിച്ചിരുന്നില്ല. 1958ൽ മരക്കാം പറമ്പത്ത് എന്ന വീട്ടിൽ താല്ക്കാലികമായി സ്ഥാപിതമായ പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് ആധുനിക ചികിത്സാരംഗത്ത് ഈ പഞ്ചായത്തിലെ ആദ്യ കാൽവെപ്പ്. അതുവരെയും തുടർന്ന് കുറെ വർഷത്തോളവും പാരമ്പര്യവൈദ്യന്മാരെയാണ് ആശ്രയിച്ചുവന്നത്. ആദ്യത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രം ഇടക്കാലത്ത് തിരുവള്ളൂർ ടൗണിലെ വാടകകെട്ടിടത്തിലും കുറച്ചു നാൾ പ്രവർത്തിക്കുകയുണ്ടായി. ഇതിനു ശേഷമാണ് ഇപ്പോൾ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന കാഞ്ഞിരാട്ട തറയിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറിപ്രവർത്തനം തുടങ്ങിയത്. ഈ പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ ഒരറ്റത്തുള്ള സ്ഥലത്തായതിനാൽ മുഴുവൻ ആളുകൾക്കും പൂർണ്ണമായും ഉപയോഗപ്പെടുത്താൻ പറ്റാത്ത അവസ്ഥയിലാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും വടകരയിലെ സ്വകാര്യ സർക്കാർ ആശുപത്രികളെയാണ് ചികിത്സക്കായി ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിലെ 1889 വീടുകളിൽ കക്കൂസ് സൗകര്യം ഇല്ല. വീടും ചുറ്റുപാടുകളും മലിനീകരിക്കപ്പെടുകയും തൽഫലമായി രോഗങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. മാലിന്യസംസ്ക്കരണത്തിന് വഴിയില്ലാതെ അങ്ങാടിയിലും മറ്റും മാലിന്യങ്ങൾ പെരുകി വരുന്നു. അഴുക്കുചാലുകൾ മുഴുവനും കൊതുകുകളുടെ താവളമായി മാറിയിരിക്കുന്നു. ഈ സ്ഥിതി വിശേഷത്തിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതിയ മലേറിയ തുടങ്ങിയ രോഗങ്ങളും ക്ഷയം, പൊട്ടി തുടങ്ങിയ പകർച്ചവ്യാധികളും തിരിച്ചുവരികയാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങളായ ക്ലോറിനേഷൻ, ഡിഡിറ്റി തളിക്കൽ എന്നിവ ഫലപ്രദമായി നടത്തുന്നില്ല. രോഗപ്രതിരോധത്തിന് മുൻതൂക്കം നല്കാതെ രോഗചികിത്സയ്ക്ക് പ്രാധാന്യം നല്കുന്ന അപകടകരമായ അവസ്ഥയിലാണ് പഞ്ചയാത്തിലെ ജനസാമാന്യം. ഇത്തരം സാഹചര്യങ്ങളിൽ ബോധവൽക്കരണം നിർവ്വഹിക്കാൻ ബാധ്യതപ്പെട്ട സർക്കാർ ഏജൻസികൾ ഇവിടെ സജീവമല്ല. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ മൂന്ന് സബ്സെന്ററുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

**ആസ്പത്രി സൗകര്യങ്ങൾ**

| വിഭാഗം | ആശുപത്രി സർക്കാർ | ആശുപത്രി സ്വകാര്യം | ഡിസ്പൻസറി സർക്കാർ | ഡിസ്പൻസറി സ്വകാര്യം | ഐ.പി.പി.ഉപകേന്ദ്രങ്ങൾ സർക്കാർ | ഐ.പി.പി.ഉപകേന്ദ്രങ്ങൾ സ്വകാര്യം | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| അലോപ്പതി | 1 | - | - | 3 | 3 | - | 18 |
| ഹോമിയോ | - | - | 1 | 3 | - | - | 6 |
| ആയുർവ്വേദം | - | - | 1 | 16 | - | - | 24 |

അലോപ്പതി രംഗത്തെ സ്ഥിതി ഇതാണെങ്കിൽ ആയുർവ്വേദ രംഗത്ത് ചെമ്മരത്തൂരിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ആയുർവ്വേദ ഡിസ്പൻസറിയും കോട്ടപ്പള്ളിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പൻസറിയുമാണ് സർക്കാർ മേഖലയിലുള്ള ഈ പഞ്ചായത്തിലെ മറ്റു ചികിത്സാസ്ഥാപനങ്ങൾ. സ്വകാര്യമേഖലയിൽ അലോപ്പതി രംഗത്ത് മൂന്ന് ക്ലിനിക്കും ആയുർവ്വേദരംഗത്ത് 16 വൈദ്യശാലയുടേയും ഹോമിയോ രംഗത്ത് മൂന്നു ക്ലിനിക്കുകളുടേയും സേവനം പഞ്ചായത്തിൽ ലഭ്യമാണ്.

സ്കൂൾ വിദ്യാർത്ഥികളിൽ ഇയ്യിടെ നടത്തിയ വൈദ്യപരിശോധനയിൽ ദന്തരോഗവും ദന്തശുചിത്വക്കുറവ് മൂലമുള്ളതും ശുദ്ധജലക്ഷാമം മൂലമുണ്ടാകുന്നതുമായ ആരോഗ്യപ്രശ്നങ്ങൾ വ്യാപകമാണെന്ന് കണ്ടിട്ടുണ്ട്.

| | വാർഡുകൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | I | II | III | IV | V | VI | VII | VIII | IX | X | XI | XII | ആകെ |
| 1 കക്കൂസുള്ള വീടുകളുടെ എണ്ണം | 370 | 303 | 250 | 155 | 463 | 254 | 256 | 128 | 366 | 406 | 367 | 429 | 3747 |
| a) സെപ്ററിക് ടാങ്ക് | 277 | 165 | 202 | 42 | 314 | 220 | 139 | 24 | 261 | 290 | 301 | 190 | 2425 |
| b) ഇ.എസ്.പി. | 93 | 138 | 48 | 113 | 149 | 34 | 117 | 104 | 105 | 116 | 66 | 239 | 1322 |
| c) കക്കൂസ് ഇല്ലാത്ത വീടുകൾ | 70 | 173 | 130 | 186 | 254 | 97 | 162 | 260 | 70 | 103 | 166 | 213 | 1789 |
| 2 കിണറുള്ള വീടുകൾ | 382 | 334 | 230 | 228 | 335 | 206 | 273 | 197 | 311 | 344 | 358 | 599 | 3797 |
| കിണറില്ലാത്ത വീടുകൾ | 58 | 142 | 150 | 113 | 382 | 145 | 145 | 191 | 125 | 170 | 175 | 43 | 1839 |
| കുളം | 36 | 12 | 7 | 11 | 10 | 5 | 23 | 5 | 13 | 24 | 22 | 26 | 194 |
| തൊഴുത്ത് | 331 | 235 | 249 | 96 | 307 | 242 | 177 | 75 | 266 | 242 | 299 | 190 | 3109 |
| കമ്പോസ്റ്റ്കുഴി | 1 | 6 | 2 | 23 | - | - | 4 | 8 | 1 | 4 | 59 | 12 | 120 |

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ വിവരം

( സ്ത്രീയുടെ പ്രായക്രമം)

| | |
|---|---|
| a)15-19 | 478 |
| b)20-24 | 1120 |
| c) 25-29 | 1109 |
| d) 30-34 | 747 |
| e)35-39 | 605 |
| f) 40-44 | 394 |
| ആകെ | 4453 |

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ വിവരം

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
|---|---|
| a) 1കുട്ടി | 15 |
| b) 2 കുട്ടികൾ | 800 |
| c) 2ൽകൂടുതൽ കുട്ടികൾ | 1088 |
| ആകെ | 1903 |

## പ്രശ്നങ്ങൾ

- കക്കൂസ് ഇല്ലാത്ത വീടുകളുടെ ആധിക്യം.
- വ്യാപകമായ ശുദ്ധജലക്ഷാമം
- സ്ത്രീകളുടെയും, കുട്ടികളുടേയും ആരോഗ്യപരിപാലനത്തിനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമല്ല.
- ഹോട്ടലും, പരിസരവും, മത്സ്യ വിൽപന കേന്ദ്രങ്ങളും ശുചിത്വം പാലിക്കുന്നില്ല.
- മാലിന്യങ്ങൾ നിക്ഷേപിക്കാൻ ട്രഞ്ചിംഗ് ഗ്രൗണ്ട് ഇല്ല.
- അഴുക്കു ചാലുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- പ്രധാന അങ്ങാടികളിൽ മാലിന്യത്തൊട്ടികൾ ഇല്ല.
- പഞ്ചായത്ത് വക ശ്മശാനം ഉപയോഗയോഗ്യമല്ല.
- പരിസര ശുചിത്വബോധമില്ലായ്മ.
- പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സാ സൗകര്യങ്ങളും സ്പെഷലിസ്റ്റ് ഡോക്ടർമാരും മറ്റു ജീവനക്കാരുടെയും അപര്യാപ്തതയും.
- എല്ലാ വാർഡുകളിലും സബ്-സെന്ററുകളില്ല.
- പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് ത്രി ഫൈസ് ലൈൻ ഇല്ല.
- ചെമ്മരത്തൂർ ആയുർവേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സക്കുള്ള സൗകര്യമില്ല.
- കോട്ടപ്പള്ളി ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടമോ, മുഴുവൻ സമയ ഡോക്ടറുടെ സേവനമോ ഇല്ല.

## സാധ്യതകൾ

- പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

- ആശുപത്രി ജീവനക്കാർക്കുള്ള ക്വാട്ടേർസ് ഉപയോഗയോഗ്യമാക്കുക.

- ആവശ്യമായ ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുക.

- ചികിത്സക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കുക.

- രോഗപ്രതിരോധ രംഗത്ത് മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തണം.

- കുടുംബക്ഷേമ പ്രവർത്തനങ്ങൾ, രോഗപ്രതിരോധ പ്രതിവിധികൾ പരിസരശുചിത്വം എന്നിവ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

- ചെമ്മരത്തൂരിൽ ആയുർവേദ ആശുപത്രിക്ക് വേണ്ടി ജനകീയ കമ്മിറ്റി സ്വരൂപിച്ച സ്ഥലം ഔഷധ സസ്യ കൃഷിക്കും, ഔഷധ നിർമ്മാണത്തിനും ഉപയോഗപ്പെടുത്താം.

- ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ പരിഹാരത്തിന് ആവശ്യമായ തലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപവത്കരിക്കുക.

- എല്ലാ വാർഡുകളിലും രക്ത ഗ്രൂപ്പ് നിർമ്മയ ക്യാമ്പ് നടത്തുക പഞ്ചായത്ത് തല രക്തഗ്രൂപ്പ് ഡയറക്ടറി പ്രസിദ്ധീകരിക്കുക.

- എല്ലാ കുടുംബങ്ങൾക്കും ആരോഗ്യ വിവരങ്ങളടങ്ങിയ ഹെൽത്ത് കാർഡ് വിതരണം ചെയ്യുക.

അമ്മമാരുടെ എണ്ണം
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിൻരെ അടിസ്ഥാനത്തിൽ)

| | |
|---|---|
| a) 1 കുട്ടി | 953 |
| b) 2 കുട്ടികൾ | 1252 |
| c)2ൽകൂടുതൽ കുട്ടികൾ | 1695 |
| ആകെ | 3900 |

## 2) കുടിവെള്ളം

ശുദ്ധമായ കുടിവെള്ളം ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകമാണ്. കുന്നുകളും കുന്നിൻചെരിവുകളും നിറഞ്ഞ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലായി ജലസമൃദ്ധമായ കുറ്റ്യാടിപ്പുഴയും പഞ്ചായത്തിന്റെ മധ്യഭാഗത്ത് കൂടി വടകര-മാഹി കനാൽ കടന്നുപോയിട്ടും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കുന്നിൻ പുറങ്ങളിൽ ലഭ്യമാവുന്ന മഴവെള്ളം മുഴുവൻ ഒഴുകി പുഴകളിലെത്തുന്നു. പഞ്ചാ

യത്തിലെ മുഴുവൻ കുന്നിൻ പുറങ്ങളിലും കഠിനമായ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. മുഖ്യ കുടിനീർ ശ്രോതസ്സ് കിണറുകൾതന്നെയാണ്. മൂന്നിൽ ഒന്നില ധികം കിണറുകളും വേനൽആരംഭത്തിൽതന്നെ വറ്റി പ്പോകുന്നസ്ഥിതിയാണുള്ളത്. വരൾച്ചാകാലത്ത് വൻപട്ടണങ്ങളിലെ പോലെ ഈ പഞ്ചായത്തിലും വാഹനങ്ങളിൽ കുടിവെള്ളം എത്തിച്ച് ജനക്ഷാമം പരിഹരിക്കേണ്ടുന്ന അവസ്ഥയാണിന്നുള്ളത്. ജലസം ഖ്യാവർദ്ധനവിന്റെ ഫലമായും ജനത്തിന്റെ ദുരുപയോ ത്തിന്റെ ഫലമായും ജലവിനിയോഗം ക്രമാതീതമായി വർദ്ധിക്കുകയും അതേ അവസരം ജലലഭ്യതയുടെ തോത് കുറഞ്ഞുവരികയുമാണ്. പഞ്ചായത്തിൽ 20 പൊതുകിണറുകളും 11 കുഴൽ കിണറുകളും ഉണ്ട്. എന്നാൽ കിണറുകൾ പലതും പ്രവർത്തനക്ഷമമല്ല. ഗുളികപ്പുഴ ശുദ്ധജല പദ്ധതിയിലുൾപ്പെട്ട പഞ്ചാ യത്താണെങ്കിലും ഈ പദ്ധതി ലക്ഷ്യപ്രാപ്തി കൈവ രിച്ചിട്ടില്ല. അംബേദ്കർ മിനിവാട്ടർ സപ്ലൈ സ്കീമിൽ പൂക്കോട്ട്കുന്ന്, തുരുത്തി, വെള്ളൂക്കര അംബേദ്കർ കോളനി തുടങ്ങിയ സ്ഥലങ്ങളിൽ പൈപ്പ് ജലവിതര ണത്തിനായി 36പൊതുടാപ്പുകൾ ഉപയോഗപ്പെടുത്തു ന്നുണ്ട്.

**കിണറുകളുടെ വിവരം**

| ആകെ കിണറുകൾ | 12 മാസവും വെള്ളം കിട്ടുന്ന കിണറുകൾ | 9മാസം വെള്ളം കിട്ടുന്ന കിണറുകൾ | 6 മാസം വെള്ളം കിട്ടുന്ന കിണറുകൾ |
|---|---|---|---|
| 3797 | 2469 | 903 | 425 |


**രൂക്ഷമായജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും അവിടുത്തെ പ്രശ്നങ്ങളും, സാധ്യതകളും**

| വാർഡ് | പ്രദേശം | പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും |
|---|---|---|
| I | തറവട്ടത്ത് പത്തായക്കൂട്ടിൽ കക്കാട്ട് തറേമ്മൽ | ഉയർന്ന പ്രദേശങ്ങളായതിനാൽ കിണർ നിർമ്മിച്ച് കുടിവെള്ളം ലഭിക്കാനിടയില്ല. കുന്നിൻ താഴ്വരകളിൽ കിണർ കുഴിച്ച് മിനിവാട്ടർ സപ്ലൈസ് സ്കീം നടപ്പാക്കുക |
| II | കണ്ടോത്ത് പാറ ചങ്ങരംകണ്ടി ഭാഗം എടച്ചേരിക്കുന്ന്, ചുണ്ടോളിഭാഗം കപ്രത്ത് ഭാഗം ഉത്തരികുന്ന് | കിണർ കുഴിച്ചാൽ ശുദ്ധജലം ലഭിക്കാൻ സാധ്യതയില്ല. കണ്ടോത്ത് പാറയിലേക്ക് പനോളിമുക്കിൽ ഭാഗത്ത് നിന്നും, ചങ്ങരം കണ്ടിഭാഗത്തേക്ക് മക്കൾമുക്കിൽ നിന്നും, എടച്ചേരി കുന്നിലേക്ക് പൈരാട്ട് മുക്കിൽ നിന്നും, ചുണ്ടോളി ഭാഗത്തേക്ക് ചന്ത്രോ ത്ത് മുക്കിൽ നിന്നും, കപ്രത്ത് പാറയിലേക്ക് പുതിയോട്ടും കാട്ടിൽ മുക്കിൽ നിന്നും, ഉത്താരികുന്നിലേക്ക് കോട്ടയിൽ മുക്കിൽ നിന്നും, പൈപ്പ് ലൈൻ വ്യാപിപ്പിച്ചു. ഗുളിപ്പുഴപദ്ധതിയുമായി ബന്ധിപ്പിച്ച് ജലവിതരണം നടത്തുക. |
| III | കോട്ടപ്പാറമല, മഞ്ഞോളിക്കണ്ടി | ഗുളികപ്പുഴ പദ്ധതിയുമായി ബന്ധിപ്പിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തുക. |

| | | |
|---|---|---|
| IV | കരുവാണ്ടി കുന്ന് ഒന്തത്ത്മല നരിക്കൂളമല വാടിയിൽ ലക്ഷം വീട് കോട്ടപ്പാറമല കുറ്റിയിൽ ഭാഗം | ഗുളികപ്പുഴ ജലവിതരണപദ്ധതിയുമായി ബന്ധപ്പെടുത്തി രാജീവ് ഗാന്ധി ഡ്രിങ്കിങ്ങ് വാട്ടർ മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി പൈപ്പു ലൈനുകൾ ഇടുക |
| V | കരിമ്പാക്കണ്ടിപാറ, വേടിയോർമല നീലിയാരത്ത് കുന്ന് പീടികയുള്ള മലയിൽ ഭാഗം | നീലിയാരത്ത് കുന്നിലേക്ക് വണ്ണക്കൽ താഴ കിണർ കുഴിച്ച് ഉയർന്നപ്രദേശത്ത് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തുക. കരിമ്പാക്കണ്ടി പാറയിൽ ഗുളികപ്പുഴ പദ്ധതിയുമായി ബന്ധിപ്പിച്ച് പൈപ്പിലൈൻ നീട്ടുക. വേടിയോർമലയുടെ താഴ കിണർകുഴിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി പമ്പ് സ്ഥാപിച്ചു ജലവിതരണം നടത്തുക. |
| VI | കുഞ്ഞച്ചാൽ മല, മെമ്മേനിമീത്തൽ കുന്ന്, കുനിയങ്കോട്ട് കുന്ന് അരീക്കരമലക്കുന്ന് ബാവുപാറ | താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ച് മല മുകളിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തുക. |
| VII | തവട്ടത്ത്കുന്ന്, കുന്നോത്ത് പാറ കണ്ണങ്കണ്ടി പാറ കുയ്യനകുന്ന പാലോറമല കളരിയുള്ളതിൽ ഭാഗം ആശുപത്രി പരിസരം | ചെമ്മരത്ത് വയലിൽ കുളംകുഴിച്ച് കുന്നോത്ത് പാറകുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് കുന്നോത്ത് പാറ കളരിയുള്ളതിൽ ഭാഗങ്ങളിൽ ജലവിതരണം നടത്തുക. ജലലഭ്യമായ താഴ്ന്ന പ്രദേശങ്ങളിൽ കിണർ കുഴിച്ച് കുന്നിൻമുകളിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക. |
| VIII | പൊന്നാരം കുന്ന് കോട്ടോൽമീത്തൽ തിരുമംഗലത്ത് മീത്തൽ പൂവ്വോട് നരിക്കുന്ന് | പൂവ്വോട് കുന്നിന്റെ താഴ്വര പ്രദേശത്ത് കിണർകുഴിച്ച് പേരേലാട് കുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തുക. എരഞ്ഞിക്കടവിൽ കിണർ കുഴിച്ച് പൊന്നാരം കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക. കോട്ടോൽ കിണർ വൃത്തിയാക്കി തിരുമംഗലത്ത് മീത്തൽ വെള്ളം പമ്പ് ചെയ്ത് വിതരണം ടാങ്ക് കെട്ടി നടത്തുക. നരിക്കുന്നിലെ കിണർ നിർമ്മാണം പൂർത്തിയാക്കി കുന്നിൻമുകളിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക. |
| IX | കൂട്ടുമാക്കൂൽ ഭാഗം, മീത്തലെ എടക്കുടി, പാറക്കെട്ടിൽ പ്രദേശം, കട്ടിലേരിഭാഗം, തറോപ്പടിക്കൽ, ഒന്തമ്മൽ ഭാഗം | കുട്ടമാക്കൂർ ഭാഗത്ത് ടാങ്ക് കെട്ടി, ശിവക്ഷേത്രം വലിയ ചിറയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് വിതരണം നടത്തുക. തറോപ്പടിക്കൽ, ഒന്തമ്മൽ ഭാഗം ഗുളികപ്പുഴ പദ്ധതിയുമായി ബന്ധപ്പെടുത്തി പൈപ്പ് ലൈൻ ഇടുക. |

| | | |
|---|---|---|
| X | തൂവ്വാറക്കുന്ന്, വെങ്ങാലമല വെള്ളറാട് മല, മൊട്ടൻ തറമൽ ഭാഗം, പള്ളിക്കുന്ന് ഭാഗം, ചെറിയവളപ്പിൽ ഭാഗം, ബ്ലോക്ക് ഭാഗം. | വാർഡിലെ കുമ്മംകുളം റിപ്പേർചെയ്ത് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് തുവ്വാറക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് വതരണം നടത്തുക. ബാക്കി സ്ഥലങ്ങളിൽ ഗുളികപ്പുഴ പദ്ധതിയുമായി ബന്ധിപ്പിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുക. |
| XI | ചക്ക്യേരി കുന്ന്, തറവട്ടത്ത് കുന്ന്, വടക്കേ കണ്ടി ഭാഗം മലപ്പറമ്പത്ത്, പനയുള്ളതിൽ പാലോറ ഭാഗം, പാലായാട്ട് മീത്തൽ, അരീക്കുഴി ഒന്തത്ത് ഭാഗം, ആശാരി പറമ്പത്ത് കപ്പള്ളിഭാഗം, വെങ്കമല. | കപ്പള്ളിതാഴ, കിണർകുഴിച്ച് ചക്ക്യേരികുന്ന, കപ്പള്ളിഭാഗം എന്നിവിടിങ്ങളിൽ ശുദ്ധജല വിതരണം ചെയ്യാവുന്നതാണ്. കുട്ടുംപറമ്പത്ത് താഴ കിണർ നിർമ്മിച്ച് പാലോറഭാഗം, വടക്കെ കണ്ടിഭാഗം, വെങ്കമല എന്നിവിടങ്ങളിൽ വെള്ളം പമ്പ് ചെയ്തു വിതരണം നടത്താവുന്നതാണ്. പാലയാട്ട് ക്ഷേത്രത്തിന് സമീപം കിണർകൂഴിച്ച് പാലയാട് മീത്തൽ അരീക്കുഴി ഭാഗങ്ങളിലേക്ക് ജലവിതരണം നടത്താം. ചാപ്പൊയിൽ പീടികക്ക് സമീപമുള്ള കിണർ ആഴംകൂട്ടി വെള്ളം പമ്പ് ചെയ്ത് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യാവുന്നതാണ്. |
| XII | ആലങ്കോട് കുന്ന്, മീത്തലെ കുന്നത്ത് ഭാഗം, ഓണക്കള്ളി പറമ്പത്ത്, കുന്നോത്ത് പാറ ആശാരി പറമ്പത്ത്, എളച്ചിലാപറമ്പത്ത്, കുയ്യടിഭാഗം മീത്തലെപറമ്പ് ഏയെ, മൊട്ടം തറക്കുന്ന്, തൃക്കപ്പനകുന്ന്, പൂളാട്ട്കുന്ന്. | ഗുളികപ്പുഴ പദ്ധതിയുമായി ബന്ധിപ്പിച്ച് മീങ്കണ്ടി ലൈനിൽ നിന്ന് ആലങ്കോട്ട് കുന്നിയയ്ക്കും, AKG ബസ്സ്റ്റോപ്പിൽ നിന്ന് തെക്കോട്ട് നീട്ടി എളമ്പിലാക്കുന്ന് മീത്തലെ പറമ്പത്ത് ഭാഗങ്ങളിലേക്കും, തിരിക്കോട്ട് താഴയിൽ നിന്ന് ലൈൻ നീട്ടി മൊട്ടത്തറകുന്നിലും, മീങ്കണ്ടിയിൽ നിന്ന് മീത്തലെക്കുന്നത്ത് ഭാഗത്തേക്കും, മീങ്കണ്ടിയിൽ തെക്കോട്ട് ലൈൻ നീട്ടി ഓണക്കള്ളി പറമ്പത്ത് ഭാഗത്തേക്കും. ചെക്കോട്ടി ബസാറിൽ നിന്ന് ലൈൻ നീട്ടി ഉപ്പിലാറക്കുന്ന് കോഴിപ്പറമ്പത്ത് ഭാഗങ്ങളിലേക്കും, മേക്കോത്ത് കുന്നിൽ നിന്ന് ലൈൻ നീട്ടി തൃക്കപ്പറ്റ കുന്നിലേക്കും, പുതിയോട്ടും കണ്ടി മുക്കിൽനിന്നും ഊളാട്ട് കുന്നിലേക്കും പൈപ്പ്ലൈൻ നീട്ടി ജലവിതരണം നടത്തുക. |

- മഴക്കാലത്ത് ലഭ്യമാകുന്ന വെള്ളം വളരെ വേഗത്തിൽ ഒഴുകിപ്പോകുന്നത് തടഞ്ഞ് വെള്ളം ഭൂമിയിലേക്ക് ഊർന്നിറങ്ങാൻ പര്യാപ്തമാകും വിധം നീർക്കുഴികൾ കുഴിച്ചും വരമ്പുകളിട്ടും, മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.
- നിലവിലുള്ള കിണറുകൾ ആഴം കൂട്ടി കാര്യക്ഷമമാക്കുക.
- അശാസ്ത്രീയമായ മണൽ വാരൽ നിരുത്സാഹപ്പെടുത്തുക.
- ജലശുചിത്വം പാലിക്കാനും അമിത ഉപഭോഗം തടയാനും ബോധവൽക്കരണം നടത്തുക.



# വിദ്യാഭ്യാസം

നാവിൻ തുമ്പിലാരംഭിച്ച വിദ്യാഭ്യാസം നൂറ്റാണ്ടുകളുടെ മഹിമ പേറി ഈ നൂറ്റാണ്ടിലെത്തുമ്പോഴേക്കും നമ്മുടെ ജനത 'വിദ്യ'യുടെ പുതിയ അധ്യായം വായിച്ച് തുടങ്ങിയിരുന്നു.

> "വിദ്യാഭ്യാസത്തിനർത്ഥമെന്താണ്?
> അക്ഷരജ്ഞാനം എന്നേ അതിനർത്ഥമുള്ളൂ
> അത് വെറുമൊരു ഉപകരണമാണ്!;
> ഒരു ഉപകരണം നല്ലതിനുപയോഗിക്കാം;
> ദുരുപയോഗപ്പെടുത്തുകയും ചെയ്യാം"
>
> മാഹാത്മജി

പാലക്കാട് നിന്നും വന്ന നിലത്തെഴുത്ത് എഴുത്തച്ഛൻമാർ എന്നറിയപ്പെട്ടിരുന്നവരാണ് വിദ്യയുടെ ആദ്യാക്ഷരം നമ്മുടെ പൂർവ്വികന്മാരുടെ വിരൽത്തുമ്പിലും മനസ്സിലും ഉറപ്പിച്ചു നിർത്തിയത്. അവർക്ക് സഹായവും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുവാൻ നിരവധി കുടുംബങ്ങൾ ഇവിടെ ഉണ്ടായിരുന്നു. അവർ സ്ഥാപിച്ച ആദ്യത്തെ എഴുത്തുപള്ളി തോടന്നൂരിലെ തെക്കയിൽ താഴ കുനിയിൽ ആയിരുന്നത്രെ. ഈ പള്ളിക്കൂടമാണു തോടന്നൂർ എലിമെന്ററി സ്കൂൾ എന്നപേരിലും ഇന്ന് തോടന്നൂർ യു.പി.സ്കൂൾ എന്ന പേഴിലും അറിയപ്പെടുന്നത്. ഇതേകാലഘട്ടത്തിലാണ് കോട്ടപ്പള്ളി തിരുമന എൽ.പി.സ്കൂൾ സ്ഥാപിതമായതെന്നു അനുമാനിക്കുന്നു. മുസ്ലീം ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് പിന്നീട് തോടന്നൂർ മാപ്പിള സ്കൂൾ സ്ഥാപിതമായി. വണ്ണത്താങ്കണ്ടി സൂപ്പി എന്ന വ്യക്തിയുടെ പറമ്പിൽ എടക്കാട്ട് രാമൻ നമ്പ്യാരുടെ മാനേജ്മെന്റിൽ ആയിരുന്നു ഈ വിദ്യാലയം. ഇന്നത്തെ തോടന്നൂർ യു.പി. സ്കൂൾ ആയഞ്ചേരി, കടമേരി, ചേരാപുരം മണിയൂർ ഭാഗങ്ങളിലെ അന്നത്തെ വിദ്യാർത്ഥികളുടെ ഏക ആശ്രയമായിരുന്നു. തിരുവള്ളൂരിൽ പത്മനാഭൻ അടിയോടി ഹെഡ്മാസ്റ്ററായി മറ്റൊരു എലിമെന്ററി വിദ്യാലയം സ്ഥാപിതമാകുകയും അത് പിന്നീട് 1958ൽതിരുവള്ളൂർ ശാന്തിനികേതൻ ഹൈസ്കൂൾ ആയി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചത് എം. കുമാരൻ മാസ്റ്ററാണ്. ഈ ഹൈസ്കൂളിലെ ആദ്യത്തെ പ്രധാന അധ്യാപകൻ യശശരീരനായ ചന്ദ്രശേഖരൻ മാസ്റ്ററാണ്. ഇന്ന് പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ, 16 എൽ.പി.സ്കൂൾ, 4 യു.പി.സ്കൂൾ, ഒരു അൺഎയിഡഡ് സ്കൂൾ, ഒരു സമാന്തര വിദ്യാലയം എന്നിവ പ്രവർത്തിക്കുന്നു. ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ 4 ട്യൂട്ടോറിയൽ കോളേജും ഇവിടെ പ്രവർത്തിക്കുന്നു. തോടന്നൂർ സബ്ബ് ജില്ലാ വിദ്യഭ്യാസ ആപ്പീസ് തോടന്നൂരിലാണ് പ്രവർത്തിക്കുന്നത്.

(പൊതുവിവരച്ചാർട്ട് 9.2 കാണുക)

## അവലോകനം

കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ 1ാം ക്ലാസിലേക്കുള്ള കുട്ടികളുടെ പ്രവേശനം കുറഞ്ഞുവരികയാണ്. ജനനനിരക്കിലുള്ള കുറവും അൺഎയിഡഡ് വിദ്യാലയങ്ങളുടെ ആവിർഭാവവും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനനില

## 9.2

| | സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി. സ്കൂൾ എൽ.പി പ്രീ. പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസ്സിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയിഡഡ് | അൺ | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | കോട്ടപ്പള്ളി MLP | LP | | A | - | - | 59 | 57 | 116 | 5 | 5 | - | - | 179.79m² | m² | - | - |
| 2 | കോട്ടപ്പള്ളി LP | LP | | A | - | - | 96 | 79 | 175 | 8 | 8 | - | - | 14സെന്റ് | - | - | ഉണ്ട് |
| 3 | വള്ള്യാട് LP | LP | | A | - | - | 61 | 68 | 129 | 5 | 5 | | - | -84.24 സെന്റ് | - | - | - |
| 4 | വള്ള്യാട് നോർത്ത് MLP | LP | | A | - | - | 53 | 51 | 104 | 5 | 5 | - | - | 10 സെന്റ് | 5 | സെ | - - |
| 5 | വള്ള്യാട് ഈസ്റ്റ് MLP | LP | | A | - | - | 39 | 45 | 84 | 5 | 5 | - | - | 10 സെന്റ് | 5 | സെ | -ഫർണീച്ചർ അറ്റകുറ്റപ്പണി |
| 6. | വള്ള്യാട് MLP | LP | | A | - | - | 67 | 55 | 122 | 5 | 5 | - | - | - | - | - | - |
| 7 | നെടുമ്പ്രമണ്ണ MLP | LP | | A | - | - | 64 | 43 | 107 | 5 | 5 | - | - | 4 | | - | - - |
| 8 | വെള്ളൂക്കര GLP | LP | സ | - | - | - | -43 | 59 | 102 | 4+1 | 4+1 | - | - | 50സെന്റ് | - | 20 സെ | - |
| 9 | തിരുവള്ളൂർ GLP | LP | | A | - | - | 89 | 93 | 182 | 6+1 | 4+1 | 2 | - | 237.33 m² | - | | |
| 10 | കണ്ണമ്പത്തുകര LP | LP | | A | - | - | 90 | 79 | 169 | 6+1 | 6+1 | - | - | 9സെ | - | - | ചുറ്റുമതിലില്ല. അറ്റകുറ്റപ്പണിചെയ്യാറില്ല ഫർണീച്ചർഇല്ല |
| 11 | തിരുവള്ളൂർ നോർത്ത് LP | LP | | A | - | - | 88 | 94 | 182 | 7 | 7 | - | 2 | 30സെ | 8സെ | - | |
| 12 | തോടന്നൂർ MLP | LP | | A | - | - | 95 | 88 | 183 | 7 | 7 | - | - | 50 സെ | 25സെ | - | ചുറ്റുമതിലില്ല. അറ്റ |
| 13. | ബാവുപ്പാറ MLP | LP | | A | - | - | 57 | 67 | 124 | 5 | 5 | - | - | 98.1m² | - | - | കുറ്റപ്പണിചെയ്തിട്ടു |
| 14. | ചെമ്മരത്തൂർവെസ്റ്റ് LP | LP | | A | - | - | 103 | 82 | 185 | 7 | 7 | - | - | 17സെ | 6സെ | - | ണ്ട്.ഫർണീച്ചർമോശം - - |
| 15. | ചെമ്മരത്തൂർLP | LP | | A | - | - | 53 | 52 | 105 | 4+2 | 4+2 | - | - | 85സെ | 20സെ | - | ചുറ്റുമതിലില്ല |
| 16. | ചെമ്മരത്തൂർMLP | LP | | A | - | - | 80 | 75 | 155 | 6 | 6 | - | - | 10സെ | - | - | ചുറ്റുമതിലില്ല കക്കൂസ്കിണർഇല്ല |
| 17. | തിരുവള്ളൂർ ഈസ്റ്റ് UP | UP | | A | - | - | 230 | 198 | 428 | 13+4 | 13+4 | - | - | 1 ഏക്കർ | 37സെ | - | ചുറ്റുമതിലില്ല, അറ്റകുറ്റപ്പണികൾ റിപ്പയർചെയ്തു. |
| 18. | തോടന്നൂർ UP | UP | | A | - | - | 417 | 356 | 773 | 30 | 32 | - | 1 | 80 സെ | 60സെ | | - |
| 19. | തിരുവള്ളൂർ GMLP | UP | സ | - | - | - | 289 | 235 | 524 | 15 | 18 | - | - | 31 സെ | 50m² | - | ചുറ്റുമതിലില്ല. 95-96ൽ അ.കു. നടത്തിയിട്ടില്ല. |
| 20 | വള്ള്യാട് UP | UP | | A | - | - | 170 | 140 | 310 | 13 | 12 | - | 1 | 1ഏ.25സെ. | 50 സെ. | 20 സെ. | ക്ലാസ്മുറികൾ കോൺക്രീറ്റ്ചെയ്യണം |
| 21. | തിരുവള്ളൂർ SNS | HS | | A | - | - | 1000 | 1021 | 2023 | 80 | 79 | 1 | - | - | - | - | - |
| 22. | വിദ്യ പ്രകാശ് | HS | | A | UA | - | 12 | 15 | 27 | - | - | - | | 9ഏക്കർ | 1ഏക്കർ | - | - |

വാരത്തകർച്ചയുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ഈ പഞ്ചായത്തിൽ നിന്ന് 496 വിദ്യാർത്ഥികൾ പഠനത്തിനായി പോകുന്നുണ്ട്. CBSC സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാപ്രകാശ് പബ്ലിക് സ്കൂൾ എന്ന അൺ എയിഡഡ് വിദ്യാലയം ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. `ടെക്ക' എന്ന പേരിൽ തിരുവള്ളൂരിൽ ഒരു പുതിയ സ്വകാര്യ സമാന്തരവും വിദ്യാലയം പ്രവർത്തിക്കുന്നു. ഇതിനു പുറമെ വടകര, കോട്ടക്കൽ തുടങ്ങിയ സ്ഥലങ്ങളിലുള്ള അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും കുട്ടികൾ പഠിക്കാൻ പോകുന്നുണ്ട്.

(ചാർട്ട് 9.4 ഉം ചാർട്ട് 1.8ഉം കാണുക)

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ അക്കാദമിക് സൗകര്യങ്ങൾ തൃപ്തികരമല്ല. ആവശ്യത്തിന് ഇരിപ്പിടങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങളില്ലാത്തതും പഠനോപകരണങ്ങളുടെ അഭാവവും നിലവിലുള്ള അക്കാദമിക് രംഗത്തെ പ്രശ്നങ്ങളായി ഉയർന്നു നിൽക്കുകയാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠനനിലവാരം പൊതുവെ തൃപ്തികരമല്ല. ഈ ദുസ്ഥിതി മാറ്റിയെടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച വിദ്യാഭ്യാസ പരിപാടി തിരുവള്ളൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്നത്. 1996 മാർച്ച് മാസത്തിൽ തന്നെ പഞ്ചായത്തിലെ മുഴുവൻ അധ്യാപകരുടെയും ഏകദിനയോഗം ചേർന്നു പ്രസ്തുത പരിപാടിയെക്കുറിച്ച് അധ്യാപകരുമായി ചർച്ച ചെയ്തു. മെയ്മാസത്തിൽ പുതിയ വിദ്യാഭ്യാസ പരിപാടി സ്കൂളുകളിൽ നടപ്പിലാക്കുന്നതിനു വേണ്ടി രണ്ട് ദിവസം നിന്ന ശില്പശാല സംഘടിപ്പിക്കുകയും തുടർന്ന് ജൂൺ മാസത്തിൽ എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെ 'മുന്നറിവ്' പരിശോധിക്കാനുള്ള ടെസ്റ്റ് നടത്തി. ഈ പരിശോധനയിൽ നിന്ന് പഞ്ചായത്തിലെ വലിയൊരു ഭാഗം കുട്ടികൾ മിനിമം പഠനനിലവാരം ആർജ്ജിച്ചിട്ടില്ല എന്ന വസ്തുത മനസ്സിലാക്കി. തുടർന്നുള്ള മാസങ്ങളിൽ പ്രതിമാസ അധ്യാപക സംഗമങ്ങളിലൂടെയും പരിശീലന പരിപാടികളിലൂടെയും അധ്യാപകർക്ക് പുനഃപരിശീലനം നടത്താൻ ശ്രമിച്ചിട്ടുണ്ട്. പ്രതിമാസ പരീക്ഷകൾക്ക് ശേഷം കുട്ടികളുടെ പഠനനിലവാരം മാസം തോറും രക്ഷിതാക്കളെ അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം പാഠ്യാനുബന്ധപ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിളിച്ചു ചേർത്ത പി.ടി.എയുടെയും, അമ്മമാരുടെയും യോഗങ്ങളിലെ വിളിച്ചുചേർത്ത പി.ടി.ഐയുടെയും അമ്മമാരുടെയും യോഗങ്ങളിലെ

**അക്കാദമിക് നിലവാരം**

| ക്ലാസുകൾ | 30% ന് താഴെ മാർക്ക് ലഭിച്ചവർ | 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40% - 50% മുകളിൽ മാർക്ക് ലഭിച്ചവർ | 50% - 60% മുകളിൽ മാർക്ക് ലഭിച്ചവർ | 60%ന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| I | 42 | 79 | 111 | 92 | 275 |
| II | 61 | 90 | 92 | 121 | 264 |
| III | 100 | 130 | 166 | 133 | 161 |
| IV | 86 | 123 | 168 | 137 | 172 |
| V | 70 | 146 | 135 | 100 | 55 |
| VI | 140 | 155 | 85 | 108 | 51 |
| VII | 162 | 117 | 154 | 104 | 65 |
| VIII | 454 | 49 | 31 | 16 | 17 |
| IX | 360 | 65 | 78 | 35 | 19 |
| X | 370 | 32 | 17 | 16 | 16 |

# അക്കാദമിക് സൗകര്യം

9.4

| ക്രമനമ്പർ | സ്കൂളിൻ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ മേപ്പ്/ഗ്ലോബ്/ ഉണ്ട്/ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ | (പ്രകൃതി ക്ഷോഭം പോലെ) കാരണങ്ങളിലൂടെ നഷ്ടമായ അദ്ധ്യയന ദിവസങ്ങൾ | മാതൃസംഗമം/സജീവമാണോ സജീവമല്ല | ക്ലാസ് പി.ടി.എ. (പ്രവർത്തിക്കുന്നുണ്ട്/ഇല്ല) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി.സെറ്റ് | VCR/VCP | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ള | നിലവിലുള്ള | 95-96ൽ ലഭിച്ച അദ്ധ്യയന ദിവസം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1 | കോട്ടപ്പള്ളി MLP | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 192 | ഇല്ല | - | സജീവം | ഉണ്ട് |
| 2 | കോട്ടപ്പള്ളി LP | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | | | | | - | 3 | 6 | 192 | 8 | - | സജീവം | ഉണ്ട് |
| 3 | വല്ല്യാട് എൽ.പി. | ഉണ്ട് | ഇല്ല | ഉണ്ട് | - | ഉണ്ട് | - | - | - | - | - | - | - | | 192 | - | 1 | സജീ | ഉണ്ട് |
| 4 | വല്ല്യാട് നോർത്ത് MLP | ഉണ്ട് | സയൻ | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 4 | 2 | 186 | - | 3 | സഅല്ല | ഇല്ല |
| 5 | വല്ല്യാട് ഈസ്റ്റ് എൽ.പി. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 3 | 2 | 196 | 2 | 2 | സജീ | ഉണ്ട് |
| 6 | വല്ല്യാട് MLP | ഉണ്ട് | ലാബ് നാമ മാത്രം | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 4 | 3 | 183 | - | - | സഅല്ല | സ. അല്ല |
| 7 | നെടുമ്പ്രമണ്ണ MLP | ഇല്ല | ഇല്ല | മാപ്പ്ട | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 3 | 2 | [illegible] | - | - | സജീവം | ഉണ്ട് |
| 8 | വെള്ളൂക്കര GLP | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 4 | - | 185 | - | - | ,, | - |
| 9 | തിരുവള്ളൂർ SNLP | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 7 | 3 | 186 1/2 | | 13 1/2 | സ അല്ല | - |
| 10 | കണ്ണമ്പത്ത് കര LP | ഇല്ല | - | വേണ്ടത്ര ഇല്ല- | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 7 | 6 | 188 | 5 | 5 | ,, | ഉണ്ട് |
| 11 | തിരുവള്ളൂർ നോർത്ത് LP | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 7 | 6 | 194 | 1 | 5 | സജീവം | ,, |
| 12 | തോടന്നൂർ MLP | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 6 | 6 | 182 | 4 | 10 | ,, | ,, |
| 13 | ബാപ്പുപാറ MLP | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 4 | 4 | 183 | 5 | 10 | ,, | ,, |
| 14 | ചെമ്മരത്തൂർ വെസ്റ്റ് LP | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 3 | 6 | 192 | - | 8 | ,, | ,, |
| 15 | ചെമ്മരത്തൂർ LP | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 6 | 4 | 185 | - | - | ,, | ,, |
| 16 | ചെമ്മരത്തൂർ MLP | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | - | - | - | - | - | 2 | 4 | 186 | 2 | 3 | ,, | ഇല്ല |
| 17 | തിരുവള്ളൂർ ഈസ്റ്റ് UP | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | - | - | - | - | - | - | - | 13 | 192 | 2 | 4 | ,, | ഉണ്ട് |
| 18 | തോടന്നൂർ UP | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 22 | 22 | 185 | - | - | ,, | ഉണ്ട് |
| 19 | തിരുവള്ളൂർ GMUP | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 5 | 10 | 178 | 1 | 1 | ,, | ,, |
| 20 | വല്ല്യാട് യു.പി. | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | - | ഉണ്ട് | - | - | - | - | - | - | 9 | 9മോശം | 181 | 2 | 8 | ,, | ഇല്ല |
| 21 | തിരുവള്ളൂർ SNSS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | ഉണ്ട് | - | - | 48 | 48 | 169 1/2 | 20 | 10 | ,, | ഉണ്ട് |
| 22 | വിദ്യപ്രകാശ് സെക്കണ്ടറി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഇല്ല | ഇല്ല | - | - | - | - | - |



343

# 1.8 അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

## 1.8

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | കെട്ടിടം | | ഫർണിച്ചർ | |
| | | | | | | | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ഹൈസ്കൂൾ | 57 | 42 | 99 | 1002 | 1021 | 2023 | | | 1 | 1 |
| യു.പി. സ്കൂൾ | | | | 1106 | 929 | 2035 | | | – | 4 |
| എൽ.പി. സ്കൂൾ | | | 93 | 1137 | 1087 | 2224 | | | 2 | 4 |
| പ്രീ പ്രൈമറി | | | | | | | | | | |
| ആകെ | | | | | | | | | | |

വർദ്ധിച്ച പങ്കാളിത്തം ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരമാകുന്നു. സ്കൂൾ മോണിറ്ററിംഗ് ചെയ്യുന്നത് ജനപ്രതിനിധികളും പി.ടി.ഐ യുടെ പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കി മാസം തോറും സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ബ്ലോക്ക് തല വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ഒരു പുതിയ ഉണർവ്വും ആരോഗ്യവും എല്ലാ വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട്

## കഴിഞ്ഞ അഞ്ചുവർഷത്തെ SSLC വിജയശതമാനം

| വർഷം | മൊത്തം കുട്ടികൾ | വിജയശതമാനം |
|---|---|---|
| 91-92 | 281 | 18% |
| 92-93 | 305 | 18% |
| 93-94 | 363 | 18% |
| 94-95 | 451 | 19% |
| 95-96 | 363 | 13% |

(9.2 സ്കൂളിന്റെ പൊതുവിവരം കാണുക)

(9.4 അക്കാദമിക് സൗകര്യങ്ങൾ കാണുക)

സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. ഇന്ന് 6282.വിദ്യാർത്ഥികൾ നമ്മുടെ പഞ്ചായത്തിലെ 22 വിദ്യാലയങ്ങളിലായി പഠിക്കുന്നു. ഇതിൽ 626 വിദ്യാർത്ഥികൾ ഗവ: വിദ്യാലയത്തിൽ പഠിക്കുന്നവരാണ്.

ഉപരിപഠനത്തിനായി നിരവധി വിദ്യാർത്ഥികൾ അടുത്തപട്ടണമായ വടകരയിലെ പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുപോലുമില്ലാത്ത പഞ്ചായത്താണിത്.

ഈ പഞ്ചായത്തിലെ തോടന്നൂർ യു.പി.സ്കൂൾ ദേശീയതലത്തിൽ 'സ്കൗട്ട്' പ്രവർത്തനത്തിനുള്ള പ്രധാനമന്ത്രിയുടെ അംഗീകാരം നേടി ശ്രദ്ധേയമായി. മാതൃകാപരമായ പ്രവർത്തനങ്ങളാണ് അവർ കാഴ്ചവെയ്ക്കുന്നത്. കോഴിക്കോട് സർവ്വകലാശാലയുടെ ബി.എ മലയാളം പരീക്ഷയ്ക്ക് ഒന്നാം റാങ്ക് നേടിയ സോണിയ ഇ.പ. പഞ്ചായത്തിലെ തിരുവള്ളൂർ സ്വദേശിനിയാണ്.

## ഹൈസ്കൂൾ

പഞ്ചായത്തിലെ ഏക ഹൈസ്കൂളാണ് ശാന്തിനികേതൻ സെക്കണ്ടറി സ്കൂൾ. അക്കാദമിക് നിലവാരത്തിലെ തകർച്ച തുടർച്ചയായി പിന്തുടരുന്ന ഈ ഹൈസ്കൂൾ ഇന്ന് അസ്വസ്ഥ ജനകമായ അന്തരീക്ഷത്തിലൂടെ കടന്നുപോകുകയാണ്. ഉത്തരവാദിത്വമില്ലാത്ത ഒരു മാനേജ്മെന്റ്, കുത്തഴിഞ്ഞ ദൈനംദിന ഭരണസംവിധാനം, സ്നേഹവും സാഹോദര്യവും ദേശീയബോധനവും നഷ്ടപ്പെട്ടു തുടങ്ങിയ സ്കൂൾ അന്തരീക്ഷം. നമ്മുടെ പഞ്ചായത്തിലെ മാതൃകാ വിദ്യാലയമായി ഉയരേണ്ട ഈ സ്കൂൾ ഇന്ന് പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ കറുത്ത പാടായി മാറിക്കൊണ്ടിരിക്കയാണ്.

ബോധപൂർവ്വമായ ഇടപെടലിലൂടെ മാത്രമേ ഈ വിദ്യാലയത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ കഴിയൂ. രക്ഷിതാക്കളുടെ ഭാഗത്തുനിന്നു നിരന്തരമായ ശ്രദ്ധയും ജാഗ്രതയും ഉണ്ടായാൽ ഇന്നുള്ള അവസ്ഥമാറ്റാൻ കഴിയും.

## പ്രശ്നങ്ങൾ

- എല്ലാ വാർഡുകളിലും പ്രീ പ്രൈമറി വിദ്യാലയങ്ങളില്ല
- ബാലവാടി അധ്യാപികമാർക്ക് പുനഃപരിശീലനമില്ല.
- ബാലവാടികളിൽ ആവശ്യമായ കളിക്കോപ്പുകളില്ല
- സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണം സാർവ്വത്രികവും കാര്യക്ഷമവുമല്ല.
- പാഠ്യേതര പ്രവർത്തനങ്ങൾ ഊർജ്ജിതമല്ല
- ഭൗതിക സാഹചര്യങ്ങൾ മെച്ചമല്ല.

- പ്രൈമറി സ്കൂളുകളിൽ സ്പെഷലിസ്റ്റ് അധ്യാപകരില്ല;
- കായിക വിദ്യാഭ്യാസത്തിനു പ്രോത്സാഹനമില്ല. കളിസ്ഥലസൗകര്യങ്ങളില്ല.
- സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ല.
- സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥ.
- ഇംഗ്ലീഷ് പഠന മാദ്ധ്യമങ്ങളോടുള്ള അമിതമായ ആസക്തി.
- കാലികമായ ഭൗതിക സാഹചര്യങ്ങളിലെ അപര്യപ്തത.
- സ്കൂൾ സമയങ്ങളിൽ വാഹന ഗതാഗത സൗകര്യമില്ലായ്മ.

രാഷ്ട്രീയ അതിപ്രസരം മൂലം വിദ്യാഭ്യാസങ്ങളിലെ അനാവശ്യസമരമുറ.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.
- ഉപരിപഠനത്തിനുള്ള സൗകര്യമില്ലായ്മ.

## സാധ്യതകൾ

1. എല്ലാവർഡുകളിലും ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊണ്ട് പ്രീ പ്രൈമറി വിദ്യാലയം ആരംഭിക്കുക.

2. എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം കൊടുക്കുക.

3. എല്ലാ സ്കൂളുകളിലും പാഠ്യേതര പ്രവർത്തന കലണ്ടർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

4. കായിക വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുകയും എല്ലാ സ്കൂളുകൾക്കും കളിസ്ഥലം കണ്ടെത്തുകകയും ചെയ്യുക.

5. പി.ടി.എ. പ്രസിഡന്റുമാരുടെ പഞ്ചായത്ത്തല കമ്മിറ്റി രൂപീകരിച്ച് പി.ടി.എ. പ്രവർത്തനം ശക്തിപ്പെടത്തുക.

6. 1,2,3 വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഹൈസ്കൂൾ സ്ഥാപിക്കണം

7. തണ്ടോട്ടിയിൽ കണ്ടോത്ത് പറമ്പത്ത് ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

8. വെള്ളൂക്കര ഗവ: യു.പി.സ്കൂളിന് കെട്ടിടമില്ല.

9. ആയഞ്ചേരി ഗവ.യു.പി.സ്കൂളിന് പൈങ്ങോട്ടായി ഗവ.യു..പി.സ്കൂൾ എന്നു പേരു നൽകുക. പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ പണി ഉടൻ പൂർത്തീകരിക്കുക.

10. അപകടനിലയിലുള്ള തിരുവള്ളൂർ ഗവ:മാപ്പിള യു.പി.സ്കൂൾ കെട്ടിടം പുതുക്കിപണിയണം.

11. മാതൃസംഗമം ക്ലാസ് അടിസ്ഥാനത്തിൽ നടത്തിയാൽ രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിക്കും.

12. പാഠ്യേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം മാസം തോറും ക്ലാസ് പരീക്ഷകൾ ഹൈസ്കൂളുകളിൽ നടത്തുകയും ഉറപ്പുവരുത്തുകയും ചെയ്ത് വിജയ ശതമാനം വർദ്ധിപ്പിക്കുക.

13. സ്കൂൾ ലൈബ്രറികൾ പ്രവർത്തന നിരതമാക്കുക.

14. ലെബോറട്ടറികൽ സമ്പുഷ്ടമാക്കുക.

15. വിദ്യാർത്ഥി അധ്യാപക അനുപാതം കുറക്കണം

16. കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്ന പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തുക.

17. സ്കൂളിൽ പൂന്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മിക്കുക.

18. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കുക.

19. പഞ്ചായത്തിൽ പ്ലസ് 2 സ്കൂൾ സ്ഥാപിക്കുക.

20. ബ്ലോക്കടിസ്ഥാനത്തിൽ തോടന്നൂർ കേന്ദ്രമാക്കി കോളേജ് സ്ഥാപിക്കുക.

21. പഞ്ചായത്തിൽ ഹൈസ്കൂൾ കേന്ദ്രമാക്കി സാമൂഹ്യ സാംസ്കാരിക ചരിത്ര പഠനകേന്ദ്രം സ്ഥാപിക്കുക.

22. വിദ്യാർത്ഥികളിൽ ഉത്തരവാദിത്വ ബോധമുണ്ടാക്കുക. പഠന സമയങ്ങളെ ബാധിക്കുന്ന അനാവശ്യസമരങ്ങളെ ബോധപൂർവ്വം ഒഴിവാക്കുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും



## 1. പാർപ്പിടം

തിരുവള്ളൂര് പഞ്ചായത്തിലെ പാർപ്പിട രംഗത്തെ സ്ഥിതി തൃപ്തികരമല്ല. പാർപ്പിട മേഖലയിൽ പൊതുവെ ഒരു കോൺക്രീറ്റ് ഭ്രമം പടർന്നുപിടിച്ചതായി കാണപ്പെടുന്നു. ഗൾഫ് പണത്തിന്റെ വലിയൊരളവും ഈ മേഖലയിലെക്കാണ് ഒഴുകുന്നത്. ഓലമേഞ്ഞ വീടുകളുടെ എണ്ണം കുറഞ്ഞുവരികയാണ്. ചെറിയ കുടുംബങ്ങൾ പോലും കൊട്ടാര സദൃശ്യങ്ങളായ വീടുകൾ പണിയുന്നതും ഈ രംഗത്തെ പുത്തൻ പ്രവണതയാണ്. ഈ പ്രവണത ജനങ്ങളിൽ ചില സാമൂഹ്യ പ്രശ്നങ്ങളും അകൽച്ചയും സൃഷ്ടിക്കുന്നു. വാസ്തു ശില്പവിദ്യയിൽ തീർത്ത നിരവധി പഴയ വീടുകൾ ഇവിടെ ഇന്നും പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്നു. ഈ വീടുകൾ പലതും ഇന്ന് പൊളിച്ച് മാറ്റിക്കൊണ്ടിരിക്കയാണ്. പഞ്ചായത്തിലെ 49.48% വീടുകളും ഓടുമേഞ്ഞതാണ്. 16.99% കോൺക്രീറ്റ് വീടുകളും 30.19% ഓളം ഓലമേഞ്ഞ വീടുകളുമാണ്. 3.31% കുടിലുകളുമാണ്. ചുമരുകൾ അധികവും വെട്ടുകല്ലുകൾ കൊണ്ട് തീർത്തതാണ്. ഇഷ്ടിക ഉപയോഗിച്ച് നിർമ്മിച്ച വീടുകളുടെ എണ്ണം വളരെ കുറവാണ്. ചെങ്കല്ലുകൾ ഇവിടെ ഇഷ്ടാനുസരണം ലഭ്യമാണ്. പഞ്ചായത്തിൽ ആകെ 5636 വീടുകളുണ്ട്. ഭൂരിഭാഗം വീടുകളുടെ തറ സിമന്റ് ചെയ്തതാണ്. മണ്ണും ചാണകവും ഉപയോഗിച്ച് നിർമ്മിച്ച തറയുള്ള വീടുകൾ 33% മാത്രമേ ഉള്ളൂ. തൃപ്തികരമല്ലാത്തതും അടിയന്തിരമാറ്റം ആവശ്യവുമായ വീടുകൾ 6% മാത്രമാണ്.

ഭവന നിർമാണ രംഗത്ത് ഈ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. വടകര ഹൗസിംഗ് സൊസൈറ്റിയുടെ പരിധിയിൽ വരുന്ന ഈ പഞ്ചായത്തിൽ 9 വീടുകളുടെ നിർമാണത്തിന് സൊസൈറ്റി സാമ്പത്തികസഹായം നല്കിയിട്ടുണ്ട്. സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ വർഷത്തിനുള്ളിൽ 53 വീടുകൾ പണി തീർന്നിട്ടുണ്ട്. പട്ടികജജാതി/പട്ടികവർഗ്ഗത്തിനുള്ള സർക്കാർ സഹായം ഉപയോഗിച്ച് 13 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. സ്വകാര്യ ഭവന നിർമാണ ഏജൻസികളാണ് ഈ രംഗത്ത് ഭൂരിഭാഗം ജോലിയും നിർവ്വഹിക്കുന്നത്.

പഞ്ചായത്തിലെ 5 പ്രദേശങ്ങളിലുള്ള ലക്ഷം വീട് കോളനികളിൽ 54 വീടുകളുണ്ട്. ലക്ഷം വീടുകൾ ഒറ്റ വീടുകളാക്കണമെന്ന പ്രായോഗിക നിർദ്ദേശം ഉയർന്നിട്ടുണ്ട്. ഹരിജൻ കോളനി 3 എണ്ണത്തിൽ 68 വീടുകളാണുള്ളത്.

### പ്രശ്നങ്ങൾ

- വീടുകളുടെ നിർമ്മാണത്തിനും, റിപ്പയർ ചെയ്യുന്നതിനും സാമ്പത്തിക സഹായം പര്യാപ്തമല്ല.
- നിർമ്മാണ സാധനങ്ങൾ ലഭ്യമല്ല.
- സിമന്റിന്റെ വിലകൂടുതൽ പ്രയാസം ഉണ്ടാക്കുന്നു.
- വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തത
- ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ട നിയമങ്ങൾ തുണ്ട് ഭൂമി കൈവശമുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്കും. കൂടുതൽ ഭൂമിയുള്ളവർക്കും ഒരേപോലെ ബാധകമാകുന്നത് പാവപ്പെട്ടവരെ പ്രതികൂലമായി ബാധിക്കുന്നു.
- ദുർബ്ബല വിഭാഗത്തിന്ന് വീടുകൾ റിപ്പയേർ ചെയ്യുന്നതിന്നുള്ള സൗകര്യമുണ്ടാക്കുക.
- വാസ്തു ശില്പ ഭംഗിയുള്ള വീടുകൾ പൊളിച്ചു

മാറ്റുന്ന പ്രവണതയുണ്ട്.

## സാധ്യതകൾ:

1. പാർപ്പിട രംഗത്ത് തൊഴിൽ സാധ്യതകൾ ഉണ്ട്.

2. നിർമാണ രംഗത്ത് ചെലവു ചുരുങ്ങിയ വീടുകൾ പ്രചരിപ്പിക്കുക.

3. ശാസ്ത്രീയമായ പാർപ്പിട സങ്കേതത്തെകുറിച്ച് ബോധവൽക്കരണം നടത്തുക.

4. നിർമാണ തൊഴിലാളികളെ ഉൾപ്പെടുത്തി സഹകരണ സംഘം സ്ഥാപിക്കുക.

5. കാഞ്ഞിരോട്ട് തറ, വലിയവളപ്പിൽ, തോടന്നൂർ ബ്ലോക്ക് ഏറിയ എന്നിവ ഹരിജൻ കോളനികളാക്കുക.

**തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്**

**വീടുകളുടെ സ്ഥിതി വിരവരക്കണക്ക്**

| കോൺക്രീറ്റ് | ഓടുമേഞ്ഞവ | ഓലമേഞ്ഞവ | കുടിൽ | ആകെ |
|---|---|---|---|---|
| 958 | 2789 | 1702 | 187 | 5636 |

ആകെ വീടുകൾ 5636

RCC 16.99% ഓട്ട് 49.48%

ഓല 30.19% കുടിൽ 3.31

## 2. സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പുരോഗതി വിലയിരുത്തുമ്പാൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി നടത്തിയ വിവിധ പദ്ധതികളേയും, ക്ഷേമ പ്രവർത്തനങ്ങളേയും പരിശോധനാവിധേയമാക്കേണ്ടതുണ്ട്. ഇന്ന് ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 3066 കുടുംബങ്ങൾ ദരിദ്ര്യരേഖയ്ക്ക് താഴെയാണ്.

ദുർബ്ബല ജന വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിലവിലുള്ള പദ്ധതികൾ IRDP, ട്രൈസം, DWCRA, എന്നിവയാണ്. IRDP പദ്ധതിപ്രകാരം ഇതുവരെ 1514 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ടെങ്കിലും അതിൽ 308 കുടുംബങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയിട്ടുള്ളൂ.

ട്രൈസം പരിശീലന പദ്ധതിയിൽ ഇതുവരെ 73 പേർക്ക് തൊഴിൽ പരിശീലനം നല്കിയെങ്കിലും 43 പേർ മാത്രമേ ഇന്ന് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടവരായുള്ളൂ ബാക്കി 30 പേർ ഇന്നും തൊഴിൽ രഹിതരാണ്.

ഗ്രാമീണ വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച DWCRA പദ്ധതിയുടെ 7 യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവൃത്തിച്ചുവരുന്നു. ഇതിൽ 4 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. റഡിമെയ്ഡ്, വസ്ത്ര നിർമാണം, പായ നെയ്ത്ത്, മെറ്റൽ ക്രഷിംഗ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ യൂണിറ്റുകൾ നടത്തുന്നത്. ഏഴ് യൂനിറ്റിലും കൂടി 73 വനിതകൾ തൊഴിലെടുക്കുന്നു.

## ക്ഷേമപ്രവർത്തനങ്ങൾ:

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ വിവിധ പെൻഷനുകൾ ഇന്ന് ലഭിച്ചുവരുന്നു. കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, എന്നിവയാണ് പ്രധാനപ്പെട്ടവ. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളോ, ബാലവാടികളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. എന്നാൽ തോടന്നൂർ വികസന ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 മഹിളാ സമാജങ്ങൾ ഇവിടെയുണ്ട്. ഇവയുടെ പ്രവർത്തനം മോശമല്ല. 4 ബാലവാടികളും, 6 ANP ഫീഡിംങ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക്. ആവശ്യമായ ഭക്ഷണങ്ങൾ ബ്ലോക്ക് മുഖേന നൽകുന്ന 30 അമ്മമാരും, 70 കുട്ടികളുമടക്കം 100 പേർ ഓരോ സെന്ററിന്റെയും ഗുണഫലമനുഭവിക്കുന്നു.

## പ്രശ്നങ്ങൾ

- IRDP പദ്ധതി കാര്യക്ഷമമല്ല. പദ്ധതികൾ താല്ക്കാലിക ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാതെ പോകുന്നു.
- പ്രദേശങ്ങളുടെ പ്രത്യേകതക്കനുസരിച്ചുള്ള പദ്ധതികൾക്ക് സഹായം ലഭ്യമല്ല.
- അസംസ്കൃത സാധനങ്ങളും ലഭ്യതയും മാർക്കറ്റിംങ്ങും, IRDP ഗുണഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നു.
- പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ.
- പെൻഷനുകൾക്ക് അപേക്ഷ നല്കിയിട്ടും കാലങ്ങ

ളായി തീരുമാനമാകാതെ കിടക്കുന്ന അവസ്ഥ.

- പെൻഷൻ വിതരണം കാര്യക്ഷമമല്ല.
- ബാലവാടികളിലും ഫീഡിംങ്ങ് സെന്ററുകളിലും കൃത്യസമയത്ത് ഭക്ഷണ സാധനങ്ങൾ എത്തുന്നില്ല.
- കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകളില്ല.
- വളരെ അപകടനിലയിലുള്ള വള്ള്യാട്ട്, തുരുത്തി എന്നീ ബാലവാടികളുടെ കെട്ടിടങ്ങൾ പുതുക്കി പണിയുക.

## സാധ്യതകൾ:

1. വ്യക്തികൾക്കല്ലാതെ ഗ്രൂപ്പുകൾക്ക് ധനസഹായ നൽകി വ്യവസായ യൂണിറ്റുകളാക്കി IRDP വായ്പാ സമ്പ്രദായത്തെ മാറ്റുക. കേന്ദ്രീകൃത യൂണിറ്റുകളാക്കുക.

2. അതത് പ്രദേശങ്ങളിൽ വിറ്റഴിക്കാൻ കഴിയുന്ന സാധനങ്ങൾ ഉൽപാദിപ്പിക്കുക.

3. ഓരോ വാർഡിലും ഓരോ DWCRA യൂണിറ്റെങ്കിലും തുടങ്ങുക. വിദഗ്ധ ജനകീയ സംഘത്തിന്റെ മേൽനോട്ടമുണ്ടായിരിക്കണം.

4. ട്രൈസംപരിശീലനം കഴിഞ്ഞവർക്ക് സർട്ടിഫിക്കറ്റ് നൽകി എംപ്ലോയ്മെന്റിൽ രജിസ്ട്രേഷൻ സാം ചര്യം വേണം.


5. ധനസഹായ പദ്ധതികൾക്ക് യഥാർത്ഥ ഗുണ ക്താക്കളെ കണ്ടെത്തുന്നതിന് വാർഡ് തലത്തിൽ ജ കീയ കമ്മിറ്റികൾ വേണം.

6. പെൻഷൻ പദ്ധതികൾ ഏകോപിപ്പിച്ച് ഗ്രാമ ഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരിക. വിതരണ കാര്യക്ഷമമാക്കുക.


7. പാവപ്പെട്ട കർഷകതൊഴിലാളികൾക്ക് മരണാ ന്തര ചടങ്ങുകൾക്ക് ധനസഹായം നൽകുക.

8. ജനസംഖ്യാനുപാതികമായി അംഗൻവാടിക തുടങ്ങുക. KDS പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കു

9. ബാലവാടികെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക. കളിക്കോപ്പുക ലഭ്യമാക്കുക.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



തിരുവള്ളൂർ പഞ്ചായത്തിൽ പട്ടിക വർഗ്ഗത്തിൽ പെട്ട കുടുംബങ്ങൾ ഇപ്പോൾ നിലവിലില്ല. പട്ടികജാതി യിൽപ്പെട്ട 1313 പേർ ഈ പഞ്ചായത്തിൽ ഇപ്പോൾ നില വിലുണ്ട്. ഇതിൽ 680 പുരുഷന്മാരും 633 സ്ത്രീകളും ആണ്. അംഗീകരിച്ച 5 കോളനികൾ ഈ പഞ്ചായ ത്തിൽ നിലവിലുണ്ട്. ഇവ വെള്ളൂക്കര, തുരുത്തി, കാഞ്ഞിരാട്ടുതറ, കാവുംകുനി, വലിയവളപ്പിൽ എന്നിവ യാണ്. ഈ കോളനികളിൽ ഉൾപ്പെടാത്ത നിരവധി പട്ടി കജാതി കുടുംബങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗ ങ്ങളിൽ താമസിക്കുന്നുണ്ട്. ഈ കോളനികളിൽ വെള്ളൂക്കര, തുരുത്തി എന്നിവിടങ്ങളിൽ മാത്രമെ അടി സ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, കക്കൂസ് എന്നിവയുള്ളൂ. ഇവയിൽ തന്നെ ചില കുടുംബ ങ്ങൾക്ക് ഇനിയും കക്കൂസ് സൗകര്യമായിട്ടില്ല. മറ്റുള്ള 3 കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല.

പട്ടികജാതി കുടുംബങ്ങളിൽ 95 ശതമാനം 10 സെന്റിന് താഴെ മാത്രം ഭൂമി കൈവശത്തിലുള്ള പുലയ സമുദായത്തിൽപ്പെട്ട കുടുംബങ്ങളാണ്. ഇവരുടെ പ്രധാന ഉപജീവനമാർഗ്ഗം കാർഷിക വൃത്തിയാണ്. സ്ത്രീകൾ പരമ്പരാഗത കൈത്തൊഴിലായ പായ നെയ്ത്, കുട്ടനിർമ്മാണം തുടങ്ങിയ തൊഴിലാളിക ളിലും ചുരുങ്ങിയ വിഭാഗം നിർമ്മാണ തൊഴിലുക ളിലും ഏർപ്പെട്ടിരിക്കുന്നു. ഈ വിഭാഗത്തിൽ പെട്ടവ രുടെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും രക്ഷി താക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടും വേണ്ടത്രബോധ മില്ലായ്മയും കാരണം അധികം പേർക്കും 10-ാം ക്ലാസ്സ് പൂർത്തിയാക്കാൻ പോലും കഴിയുന്നില്ല. പഞ്ചായ ത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്കൂളുകളിലായി 319 കുട്ടികളാണ് ആകെ പഠിക്കുന്നത്. സാക്ഷരതാ പ്രവർത്തനങ്ങൾ ഈ മേഖലകളിൽ നല്ല രീതിയിൽ നട പ്പിലാക്കിയിരുന്നെങ്കിലും 20 ശതമാനത്തോളം മുതിർന്നവർ ഇന്നും നിരക്ഷരരാണ്. സ്വന്തമായി വീട് വെക്കുന്നതിന് ആവശ്യമായ സ്ഥലം കൈവശത്തിൽ ഇല്ലാത്തതിനാൽ 20 ഓളം കുടുംബങ്ങൾ ഇന്നും കൂട്ടു കുടുംബങ്ങളായി താമസിക്കുന്നു.

ജാതിപരമായ ഉച്ചനീചത്വം പഞ്ചായത്തിലില്ല. വിവാഹം, മരണം പോലുള്ള ചടങ്ങുകളിൽ ജാതിമത ഭേദമന്യെ എല്ലാവരും പങ്കെടുക്കാറുണ്ട്. പട്ടികജാതി കുടുംബങ്ങളിൽ നിന്ന് മറ്റ് വിഭാഗക്കാർ ഭക്ഷണം കഴി ക്കാറുണ്ടെങ്കിലും ഈ കുടുംബങ്ങളുടെ സാമൂഹ്യബ ന്ധത്തിനനുസരിച്ച് ഏറ്റക്കുറവുകൾ ഉണ്ടാകാറുണ്ട്.

പട്ടിക ജാതി പട്ടിക വർഗ്ഗങ്ങളുടെ ഉന്നമനത്തി ന്നായി ഗവർമ്മെണ്ട് പല പദ്ധതികളും നടപ്പിലാക്കുന്നു ണ്ടെങ്കിലും ഇതിന്റെ നേട്ടം ഈ കുടുംബങ്ങളിൽ വേണ്ടത്ര എത്തുന്നില്ല എന്നതാണ് സത്യം. ഐ.ആർ.ഡി.പി. പോലുള്ള സ്വയംതൊഴിൽ പദ്ധതി കൾ പഞ്ചായത്തിലെ അർഹതപ്പെട്ട എല്ലാ കുടുംബ ങ്ങൾക്കും ലഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും അതുപയോ ഗിച്ച് തൊഴിൽ ചെയ്ത് ദാരിദ്ര്യ രേഖയ്ക്ക് മേലെ എത്തിയ കുടുംബങ്ങൾ വളരെ കുറവാണ്. പദ്ധതികൾ നടത്തുന്നതിന്, ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കാറില്ലെങ്കിലും കിട്ടുന്ന സംഖ്യ ശരിയായ രീതി യിൽ ഉപയോഗിക്കാൻ കഴിയുന്നില്ല, എന്നതാണ് കാരണം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ പരമായ കാര്യങ്ങൾക്ക് വായ്പ ലഭിക്കുന്നതിന് നിര വധി പ്രയാസങ്ങൾ ഇവർക്ക് അനുഭവപ്പെടാറുണ്ട്. പട്ടി കജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഇന്ന് കൊടുക്കുന്ന തുക തീരെ കുറവാണ്. പൊതുവെ പറ ഞ്ഞാൽ ഇന്ന് ഗവർമ്മെണ്ട് ഈ വിഭാഗത്തിന്റെ ഉന്നമ നത്തിന്നായി ചിലവഴിക്കുന്ന സംഖ്യക്കനുസരിച്ചുള്ള ഒരു പുരോഗതിയും ഇവരുടെ ഇടയിൽ കാണുന്നില്ല. ഇത് പരിഹരിക്കുന്നതിന് വേണ്ടി അതാത് പ്രദേശങ്ങ ളിലെ കുടുംബങ്ങളെ പറ്റി പഠിച്ച് അവർക്കനുയോജ്യ മായ പദ്ധതികൾ തയ്യാറാക്കുന്നതിന് കഴിയണം.

## പ്രശ്നങ്ങൾ

- കോളനികളിലും മറ്റ് പട്ടികജാതി കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ഇല്ലാത്ത സ്ഥിതി.
- പരമ്പരാഗതമായ തൊഴിൽ ചെയ്യുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളായ കൈതോല, മുള, ഈറ്റ എന്നിവ കിട്ടാത്ത സ്ഥിതി.

- വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ
- പഴയകാലം മുതൽ നിലവിലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും.
- ഉൽപ്പന്നങ്ങൾക്ക് വേണ്ടത്രവില ലഭിക്കാത്ത അവസ്ഥ.
- വീട് നിർമ്മിക്കാൻ ആവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത
- കോളനികളായി താമസിക്കുന്നതുകൊണ്ട് മറ്റ് വിഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെടുന്ന അവസ്ഥ.
- ബോധവൽക്കരണത്തിന്റെ അപര്യാപ്തത.

## സാധ്യതകൾ

കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇന്ന് ഗവർമ്മെണ്ട് തലത്തിൽ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഇത് ഏകോപിപ്പിച്ച് ജനകീയ കമ്മിറ്റികൾ മുഖേന നടപ്പാക്കാവുന്നതാണ്. തുരുത്തി ഹരിജൻ കോളനിയിൽ 20ഓളം കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന ലക്ഷം വീട് പ്രദേശത്ത് സ്ത്രീകളുടെ പ്രാഥമിക കാര്യങ്ങൾ നിറവേറ്റുന്നതിന് കുളിമുറിയും കക്കൂസും ഉൾപ്പെടെയുള്ള 'Women's complex' പണിയാവുന്നതാണ്. ഇതിനുള്ള സ്ഥലം ലഭ്യമാണ്.

പരമ്പരാഗത തൊഴിലായ പായ നെയ്ത്ത്, കൂട്ട നിർമ്മാണം എന്നിവയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ കൈതോലയും ഈറ്റയും കിട്ടാൻ വളരെ ബദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മുൻകൂർ പണം നൽകിയാൽ മാത്രമെ കൈതോല വെട്ടാൻ കൃഷിക്കാർ സമ്മതിക്കുന്നുള്ളൂ. ഒരു കാലത്ത് പട്ടിക ജാതിക്കാർക്ക് വെറുതെ വെട്ടിക്കൊണ്ട് പോകാൻ അവകാശപ്പെട്ടതായിരുന്നു ഇത്. ആരും കൃഷി ചെയ്യാതെ പ്രകൃതി ഈ വിഭാഗത്തിന് നൽകിവന്നിരുന്ന ഈ വസ്തുവിന് ഇന്ന് വലിയ വില കൊടുക്കേണ്ടിവന്നിരിക്കയാണ്. പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന തോടുകളുടെയും പുഴകളുടെയും തീരങ്ങളിൽ കൈതോല വെച്ച് പിടിപ്പിക്കുവാനാവശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്. തൊഴിലാളികളെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ച് കൂട്ടനിർമ്മാണത്തിന്നാവശ്യമായ ഈറ്റ ലഭിക്കുന്നതിന് സംരഭങ്ങൾ തുടങ്ങേണ്ടതാണ്.

വിദ്യാഭ്യാസം മനുഷ്യന്റെ വ്യക്തിത്വ വികാസത്തിനും ബുദ്ധിപരമായ വളർച്ചയ്ക്കും സാമൂഹ്യ ബോധം ഉണ്ടാക്കുന്നതിനും വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്ന ബോധം രക്ഷിതാക്കളിലും വിദ്യാർത്ഥികളിലും ഉണ്ടാക്കുന്നതിനു ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. കൂടാതെ പഠിക്കാൻ സൗകര്യമില്ലാത്ത സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി സാമ്പത്തികമായി പ്രോത്സാഹനം നൽകി ഉയർത്തി കൊണ്ടുവരേണ്ടതാണ്.

പഴയ കാലങ്ങളിലുണ്ടായിരുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഈ സമൂഹത്തിന്റെ വളർച്ചയെ ഇന്ന് തടസ്സപ്പെടുത്തികൊണ്ടിരിക്കയാണ്. ഇത് മാറ്റാൻ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ഇവർക്കിടയിൽ നടത്തേണ്ടതാണ്. പഞ്ചായത്തിൽ പൂക്കോട്ടുമ്മൽ എന്ന സ്ഥലത്ത് ഒരു ശ്മശാനം ഇന്ന് നിലവിലുണ്ട്. ഇത് മതിൽകെട്ടി സംരക്ഷിക്കേണ്ടതാണ്. കൂടാതെ മൃതദേഹം കൊണ്ടുപോകുന്നതിന് 'ശവമഞ്ചം' ഏർപ്പെടുത്തേണ്ടതാണ്. പട്ടികജാതിക്കാരിൽ അധികവും കോളനികളിലായി താമസിക്കുന്നത് കൊണ്ട് മറ്റ് വിഭാഗങ്ങളുമായി ഇടപഴകാനും അവരുടെ സാമൂഹ്യ ചുറ്റുപാടുകൾ മനസിലാക്കുവാനും അവർക്ക് കഴിയുന്നില്ല. അത് കൊണ്ട് അവരുടെ ചുറ്റുപാടുമായി ഒതുങ്ങികൂടുന്നു. ആയതിനാൽ താൽപര്യമുള്ളവരെ കോളനികളിൽ നിന്ന് വേർപെടുത്തി മറ്റു വിഭാഗക്കാരുടെ ഇടയിലേക്ക് മാറ്റി താമസിപ്പിച്ചാൽ നന്നായിരിക്കും. വീട് നിർമ്മിക്കാൻ ആവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത കാരണം വളരെ കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കയാണ്. ഇവർക്ക് സ്ഥലവും വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായവും നൽകേണ്ടതാണ്.. നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിനാവശ്യമായ സഹായം അനുവദിക്കണം. പാവപ്പെട്ട പട്ടികജാതിക്കാർ ഉണ്ടാക്കുന്ന ഉൽപന്നങ്ങളായ പായ, കൂട്ട, മുറം, എന്നിവയ്ക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല. മറ്റ് സ്ഥലങ്ങളിലേക്ക് ഇവ വിറ്റഴിക്കാൻ വേണ്ടി പോകുന്നവരെ കച്ചവടക്കാർ പലവിധത്തിലും ചൂഷണം ചെയ്യുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ ഇവ വിറ്റഴിക്കുന്നതിന് വേണ്ടി പ്രത്യേകമായി സൊസൈറ്റി രൂപീകരിച്ച് ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്താവുന്നതാണ്. തുരുത്തിയിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന ഡി.ഡബ്ല്യൂ സി.ആർ.എ പായ നിർമ്മാണ സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തി ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെടുന്നവരുടെ ഇന്നത്തെ ഈ പിന്നോക്കാവസ്ഥ മാറ്റി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന് വേണ്ടി അവിടെ സാമൂഹ്യവും സാമ്പത്തികവുമായ നിലവാരം ഉയർത്താൻ അതാത് കാലങ്ങളിൽ ഗവർമെണ്ട് പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എങ്ങനെ നല്ല രീതിയിൽ ഉപയോഗപ്പെടുത്താമെന്നും അവ എങ്ങനെ നേടി എടുക്കാമെന്നും ബോധവൽക്കരണത്തിലൂടെ ബോധ്യപ്പെടുത്തികൊണ്ട് ഈ സമൂഹത്തെ ഉന്നതിയിലേക്ക് നയിക്കാൻ കഴിയും.



# വനിതാക്ഷേമം

സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും തുല്യ പങ്കാളിത്തത്തിനുവേണ്ടി സ്ത്രീകൾ ശബ്ദമുയർത്തുന്ന ഈ വർത്തമാനകാലത്തിൽ തിരുവല്ലൂർ ഗ്രാമപഞ്ചായത്തിൽ നടന്ന ഗ്രാമ സഭകളിൽ 856 സ്ക്രീകൾ പങ്കെടുത്തു. 1991 ലെ സെൻസസ് കണക്കുപ്രകാരം 15595 സ്ത്രീകളാണ് പഞ്ചായത്തിലുള്ളത്.

## അവലോകനവും പ്രശ്നങ്ങളും

സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവരാൻ ഇന്നും വിമുഖത കാണിക്കുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. വീടുകളിൽ ഒതുങ്ങിക്കൂടുന്ന പ്രവണതയാണ് നിലനിൽക്കുന്നതെങ്കിലും അവകാശ ബോധവും, സാമൂഹ്യപ്രതിബ്ദ്ധതയും പ്രകടമാണ്.

പഴയ കലങ്ങളിൽ വിദ്യാഭ്യാസരംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ഇന്നു പഞ്ചായത്തിലെ 3037 പെൺകുട്ടികൾ വിവിധ പാഠശാലകളിൽ പഠിക്കുന്നു.

പഴയ കാലത്ത് പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സൗകര്യവും അവസരവും ലഭിച്ചിരന്നില്ല. അതുകൊണ്ടുതന്നെ ചുരുക്കം സ്ത്രീകളാണ് സർക്കാർ തൊഴിൽ മേഖലയിലേക്ക് എത്തിയത്. അധികവും അടുക്കളയിൽ ഒതുങ്ങിക്കഴിഞ്ഞു.

ഈ പഞ്ചായത്തിലെ 20% സ്ത്രീകൾ കാർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ഗാർഹിക ഭരണചുമതല വഹിക്കുന്ന സ്ത്രീകൾ ഏകദേശം 10% വരും. പുരുഷന്മാർ വിദേശങ്ങളിൽ ജോലി തേടി പോയതുകൊണ്ട് ഗൃഹഭരണം ഏറ്റെടുക്കേണ്ടി വന്നവരാണധികവും.

സ്ത്രീകൾ നിയന്ത്രിക്കുന്ന വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല പരമ്പരാഗത വ്യവസായമായ പായ നെയ്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾ ചുരുങ്ങിയ ശതമാനമാണ്. കാർഷിക രംഗത്ത് വലിയ വിഭാഗം സ്ത്രീ തൊഴിലാളികളുണ്ടായിരുന്നു. നെൽകൃഷിയിൽ ഞാറുനടുന്നത് സ്ത്രീകളായിരുന്നു. കൊയ്യാനും, കറ്റമെതിക്കാനും വയലുകളിൽ സ്ത്രീകളുടെ കൊയ്ത്പാട്ട് ഇന്ന് ഓർമകൾ മാത്രമായിരിക്കുകയാണ്. കൃഷിയുടെ തകർച്ചയോടുകാടി സ്ത്രീകൾ നിർമാണത്തൊഴിൽ രംഗത്തേക്ക് തിരിഞ്ഞു.

ഓരേ ജോലി ചെയ്താലും കൂലിയുടെ കാര്യത്തിൽ വലിയ അന്തരം കാണുന്നു.

അഭ്യസ്ഥ വിദ്യരായ ഒട്ടനവധി സ്ത്രീകളെ ഇന്ന് ഇവിടെ കാണാൻ കഴിയും. പ്രത്യേകിച്ച് ജോലിയൊന്നും ചെയ്യാത്ത വീട്ടിലിരിക്കുന്ന അവസ്ഥയാണുള്ളത്.

തൊഴിൽ പരിശീലനം നേടിയ സ്തീകൾ വളരെ കുറവാണെങ്കിലും തുന്നൽ പരിശീലനം നേടിയ യുവതികളുണ്ട്. മറ്റു വീടുകളിൽ പോയി വീട്ടുജോലികളിലേർപ്പെടുന്ന സ്ത്രീകൾ കുറവാണ്.

നിരവധി കലാസാംസ്കാരിക സംഘങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും സ്ത്രീകളുടെ പങ്ക് വളരെ പരിമിതമാണ്. പൊതു പ്രവർത്തന രംഗത്ത് സ്ത്രീ സംവരണം ഏർപ്പെടുത്തിയതിനാൽ കുറച്ചുപേർ ഈ രംഗത്തേക്ക് സജീവമായി കടന്നു വന്നിട്ടുണ്ട്.

1964 ൽ ആണ് ഈ പഞ്ചാത്തിലെ ആദ്യത്തെ മഹിളാ സമാജം രൂപം കൊണ്ടത്. അതിനു ശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹിളാ സംഘങ്ങൾ പലതും രൂപം പ്രാപിച്ചുവെങ്കിലും അവയെല്ലാം തനതായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ കഴിയാത്തതിനാൽ സജീവമല്ല.

ട്രൈസം പരിശീലന പദ്ധതിയുമായി ബന്ധപ്പെട്ടു 73 പേർക്ക് തൊഴിൽ പരിശീലനം ലഭ്യമായിട്ടുണ്ടെങ്കിലും 43 പെൺകുട്ടികൾ മാത്രമേ തൊഴിലെടുക്കുന്നവരായുള്ളൂ.

ഗ്രാമീണ വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി DWCRA പദ്ധതിയുടെ ഭാഗമായി 7 യൂണിറ്റുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിൽ 73 വനിതകൾ തൊഴിലെടുക്കുന്നു.

4 ബാലവാടികളും 6 ഫീഡിംങ്ങ് സെന്ററുകളേയും ബന്ധപ്പെട്ട് 300 സ്ത്രീകൾ ഗുണഫസലമനുഭവിക്കുന്നു.

ബാലികാ വിവാഹങ്ങൾ ഇന്നും നടക്കുന്നുണ്ടെന്നു പറയുന്നുവെങ്കിലും പഴയപോലെ വ്യാപകമായി കാണുന്നില്ല.

1213 പട്ടികജാതി പട്ടിക വിഭാഗക്കാരിൽ 539 സ്ത്രീകളാണ്. ഈ പഞ്ചായത്തിൽ 22669 സാക്ഷരരിൽ 10920 സ്ത്രീകളാണ്.

## സാധ്യതകൾ

വനിതകൾക്കിടയിൽ സമൂഹ്യ ബോധവും ഉത്തരവാദിത്വവും അവരുടെ അവകാശങ്ങളെക്കുറിച്ചു മതിയായ വിജ്ഞാനവും വളർത്തി എടുക്കുവാൻ `ഫാമിലി കൗൺസിലിങ്ങ് സെന്ററിന്റെ' കീഴിൽ പഞ്ചായത്തിലെ എല്ലാ വിഭാഗം വനിതകളേയും ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും വിമൻസിഗൈഡൻസ് ബ്യൂറോ" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

വനിതകൾക്കിടയിൽ സമ്പൂർണ്ണ സാക്ഷരതയും, മദ്യത്തിനെതിരായും സ്ത്രീധന സമ്പ്രദായത്തിനെതിരായും സ്ത്രീകളെ അശ്ലീലമായി പ്രദർശിപ്പിക്കുന്ന മാധ്യമങ്ങൾക്കെതിരെയും വിവാഹ ധൂർത്തിനെതിരെയും വിമൻസ് ഗൈഡൻസ് ബ്യൂറോ വഴി പ്രചാരണവും ബോധവൽക്കരണവും നടത്തുക.

തൊഴിൽ മേഖലകളിലെ കൂലിയിലെ അന്തരം ഒഴിവാക്കുക.

വനിതകളുടെ ആഭിമുഖ്യത്തിൽ പമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക.

വനിതകളുടെ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

ചെറുകിട യന്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾ വനിതകളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

വനിതാ വ്യവസായ സംരംഭകർക്ക് മാനേജ്മെന്റ് ട്രെയിനിങ്ങിൽ വിദഗ്ദ പരിശീലനം കൊടക്കുക.

വനിതാ വ്യവസായികൾക്ക് ഉദാരമായ സാമ്പത്തിക സഹായവും ബാങ്ക് വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തുക.

പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം സ്ഥിരമായി ലഭ്യമാക്കുക.

ഇന്ധക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങളിൽ ഇന്ധനക്ഷമതയുള്ള അടുപ്പുകൾ നിർമ്മിക്കാൻ ധനസഹായം നൽക്കുക.

തൊഴിലെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യം ശുചിത്വം എന്നിവയെക്കുറിച്ച് സമഗ്ര പഠനം നടത്തുക.

അപകടകരമായ തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീതൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ റജിസ്റ്റർ ചെയ്യുക. 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾ ചുമടെടുക്കുന്നത് നിയമം മൂലം തടയുക.

കാർഷിക രംഗത്തും കൃഷിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങളിലും വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

മൃഗപരിപാലന രംഗത്തെ തൊഴിൽ സാധ്യതകളെ കുറിച്ചും ബോധവാന്മാക്കുക. തൊഴിൽ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കുക. സാമ്പത്തിക സഹായം നൽകുക.

വനിതാ വികസന കോർപ്പറേഷൻ സാമൂഹ്യക്ഷേമ വകുപ്പ് മുതലായ ഏജൻസികളുടെ പ്രവർത്തനം പഞ്ചായത്തിലേകോപ്പിക്കുക.

വിദ്യാഭ്യാസ രംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തവും ശ്രദ്ധയും ഉറപ്പുവരുത്തുക.

കലാസാംസ്കാരിക രംഗത്തേക്ക് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. പഞ്ചായത്തുതല വനിത കലാ കായികമേളകളും സെമിനാറുകളും നടത്തുക. വനിതകൾക്കിടയിലെ കലാ പ്രതിഭകളേയും കായിക താരങ്ങളേയും കണ്ടെത്തി പ്രോത്സാഹനം കൊടുക്കുക. ●

# സംസ്കാരം

വൈവിധ്യമുള്ള ആചാരങ്ങളും വിശ്വാസങ്ങളുമായി വിവിധ ജനവിഭാഗങ്ങൾ ഒത്തൊരുമയോടെ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം ധന്യമാണ്.

കാലത്തിന്റെ ഓരോ ദശാസന്ധിയിലും ആൾകൂട്ടം സ്വായത്തമാക്കിയ സമ്പന്നതയാണ് ഈ നാടിന്റെ തനിമയുടെയും വികാസത്തിന്റെയും മാർഗ്ഗ ഹേതു.

മനുഷ്യവാസം ആരംഭിച്ച നാൾമുതൽ ഇന്നുവരെയുള്ള ഓരോ കാലഘട്ടത്തിലെയും രാഷ്ട്രീയ സാമ്പത്തികസാമൂഹ്യജീവിത ക്രമത്തിൽ വന്ന മാറ്റം, സാംസ്കാരിക മുന്നേറ്റത്തിന് ഈ ജനത തന്റെ ആത്മാവിലേക്ക് ആവാഹിച്ചെടുത്ത തീപ്പൊരികളാണ്. നാം നെഞ്ചോടു ചേർത്ത പൈതൃകവും പാരമ്പര്യവും നമ്മുടെ സാസംകാരിക ചരിത്രമാണ്; സമൂഹത്തിന്റെ ചരിത്രമാണ്.

അനാദികാലം മുതൽ ഗോത്രസംസ്കൃതി പ്രാചീന വർഗ സമുദായം എന്നീ സാമൂഹ്യ വ്യവസ്ഥിതിയിൽ കൂടി ഫ്യൂഡൽ ജീവിതാന്തരീക്ഷത്തിലേക്കുള്ള മാറ്റം ഈ നാടിന്റെ ഭാഗ്യനിർഭാഗ്യങ്ങളുടെ ഭാഗധേയം സ്വയം തീർത്തുവെന്നു പറയാം. അത്തരമൊരു സാമൂഹ്യവ്യവസ്ഥയിലാണ് ഉയർന്നജാതിക്കാരെന്ന് അഭിമാനിച്ചവർ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയമണ്ഡലങ്ങളിൽ തങ്ങളുടെ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി ബോധപൂർവ്വം ജാതിവ്യവസ്ഥയുടെ പ്രജനനം നടത്തിയത്. ഒരു വിഭാഗം എന്തുകൊണ്ടും താണവരാണെന്ന ബോധം അവരിലുണ്ടാക്കി അവരുടെ മേൽ അധീശത്വം സ്ഥാപിക്കുകയും അതവരെ കൊണ്ടുതന്നെ മനസാ വാചാ കർമ്മണാ അംഗീകരിപ്പിക്കുകയും അതുവഴി ഈ "സമൂഹത്തെ നിശ്ചല"മാക്കി അധികാരം ഉള്ളം കയ്യിലിട്ട് അമ്മാനമാടുകയും ചെയ്യുകയെന്നതായിരുന്നു ജാതി വ്യവസ്ഥയുടെ കാതലായ വശം. ചരിത്രത്തിന്റെ ഏതോ ദശാസന്ധിയിൽ എല്ലാ വിശ്വാസങ്ങളേയും ആചാരങ്ങളേയും സ്വാഗതം ചെയ്ത നമ്മുടെ ഈ ഗ്രാമവും ഇസ്ലാം മതാനുയായികളെ തന്റെ മാറോടു ചേർത്തു. വിരലിലെണ്ണാവുന്ന ക്രിസ്തീയ വിശ്വാസികളും 40 ശതമാനത്തോളം ഇസ്ലാം മതാനുയായികളും ബാക്കി ഹിന്ദു മതവിശ്വാസികളുമാണ് ഈ പഞ്ചായത്തിലെ നിവാസികൾ.

ആദികാലങ്ങളിലെ സാംസ്കാരക സിരാകേന്ദ്രങ്ങളായിരുന്നു ക്ഷേത്രങ്ങൾ. മതപരമായ അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാനും ആചരിക്കുവാനും ആഘോഷിക്കുവാനുമായി വളരെയധികം ക്ഷേത്രങ്ങൾ ഹിന്ദുക്കളുടേതായി ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ പഴക്കമേറിയത് തിരുവള്ളൂരിലെ ശിവക്ഷേത്രമാണെന്ന് അനുമാനിക്കുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ചെറുതും വലുതമായ മുസ്ലീം പള്ളികൾ ധാരാളമുണ്ട്. കണ്ണമ്പത്തുരകയിലെ പള്ളിയാണ് ആദ്യത്തെ മുസ്ലീം പള്ളിയെന്ന് പറയപ്പെടുന്നു. ക്രിസ്തീയ ദേവാലയങ്ങൾ ഈ പഞ്ചായത്തിലില്ല.

പഴയകാലങ്ങളിൽ സംഗീതം, നൃത്തം മുതലായ കലാസാംസ്കാരിക പരിപാടികൾ ക്ഷേത്രാങ്കണങ്ങളിലും കോവിലകങ്ങളിലുമായി ഒതുങ്ങിനിന്നിരുന്നതായും 'പാട്ടും ആട്ടവും' പ്രചീനജനതയ്ക്ക് ആസ്വദിക്കുവാനുള്ള അവസരങ്ങൾ അക്കാലത്തെ ക്ഷേത്രോത്സവങ്ങളും കോവിലകം ആചാരങ്ങളുമായിരുന്നെന്നു വിശ്വസിക്കാവുന്നതുമാണ്. ഹിന്ദുമതാ

ചാരവുമായി ബന്ധപ്പെടുത്തി ഓണം, വിഷു, തിരുവാതിരക്കളി, മുതലായവ ഒരു കാലത്ത് സാഘോഷം കൊണ്ടാടിയിരുന്നു. തിറയാട്ടം കെങ്കേമമായി നടന്നുവന്നിരുന്ന ആ കാലങ്ങളിൽ ക്ഷേത്രങ്ങളൊക്കെ കുടുംബവക സ്വകാര്യസ്വത്തായിരുന്നു. ഇസ്ലാം മതവിശ്വാസികൾ ആണ്ടു നേർച്ച. റംസാൻ വ്രതാചരണം, ഇദുൽഫിത്തർ, ബക്രീദ് എന്നിവയൊക്കെ ആഘോഷം ആചരിച്ചുവരുന്നു.

തെയ്യാട്ടം, മുടിയേറ്റം, കോമരം തുള്ളൽ, കനലാട്ടം മുതലായ ആരാധനാരീതിയുടെ ഭാഗമായി ഉടലെടുത്ത നൃത്തരൂപങ്ങൾ ഇന്നും ഈ പ്രദേശങ്ങളിൽ തുടങ്ങരുന്നുണ്ട്. ജാതി വ്യവസ്ഥയുടെ ഫലമായി ഇത്തരം ആരാധനാരീതികളുടെയും ചമയങ്ങളുടേയും അവകാശികളായും അവതാരകന്മാരായും ആയി പണ്ടു നിശ്ചയിച്ചിരുന്നവർ തന്നെ തലമുറ കൈമാറി ഇന്നും ആ പാരമ്പര്യം തുടരുന്നുണ്ട്. ഓണ പൊട്ടൻ കെട്ടൽ, കാടനും വേടനും, ഒക്കെ ഈ പരമ്പരയിൽ വരുന്നതാണ്.

ബ്രട്ടീഷ് ആധിപത്യം ഗ്രസിക്കുവാൻ തുടങ്ങിയപ്പോൾ പുതിയൊരു സാംസ്കാരത്തിന്റെ അടിയൊഴുക്കുകൾ ഇവിടെയും കാണാൻ തുടങ്ങി. വിദ്യാഭ്യസ രംഗത്തു പ്രകടമായി കൊണ്ടിരുന്ന ചില പ്രവണതകൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയുള്ള ചലനങ്ങളായി പരിണമിച്ചു. കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നടന്ന നവോത്ഥാന പ്രസ്ഥാനത്തിന്റെ അലകൾ നമ്മുടെ ഗ്രാമമനസ്സിനേയും പ്രകമ്പനം കൊളിച്ചു. ജാതി വ്യവസ്ഥയുടെ നിരർത്ഥകതയെക്കുറിച്ചു ശ്രീ നാരായണ ഗുരുവും ശ്രീ ചട്ടമ്പി സ്വാമികളും നടത്തിയ ഉദ്ബോധനങ്ങളിൽ ജനങ്ങൾ ആകൃഷ്ടരായിത്തുടങ്ങി. ദേശീയരാഷ്ട്രീയത്തിൽ ഇന്ത്യൻ സ്വാതന്ത്യസമരം മഹാത്മജിയുടെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ചു തുടങ്ങി. അയിത്തോച്ചാടനം വിദേശവസ്ത്ര ബഹിഷ്കരണം, ക്ഷേത്രപ്രവേശന സമരം, കള്ളുഷാപ്പ് പിക്കറ്റിംഗ്, സബ്ബ് റജിസ്ട്രാർ ആപ്പീസ് പിക്കറ്റിംഗ്, ഖാദി പ്രചാരണം എന്നവയിലൊക്കെ നമ്മുടെ മുൻഗാമികൾ അവരുടെ പങ്ക് നിർവഹിച്ചു.....ഒരു പാടു നേതാക്കളുടേയും അനുയായികളുടേയും കൂട്ടായ്മ നമ്മുടെ നാടിന്റെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്.

ഫ്യൂഡൽ വ്യവസ്ഥകളും നവേത്ഥാന സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളും നമ്മുടെ നാടിനു നൽകിയ സാംസ്കാരിക പൈതൃകങ്ങൾ. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ജനാധിപത്യാവകാശ ബോധവും ജനകീയ സാംസ്കാരീക പ്രസ്ഥാനങ്ങളുടെ വളർച്ചയും. ഈ സമ്പന്നതയിലൂന്നി. ആശാവഹമായ പുതിയ സാംസ്കാരിക രംഗം വരും തലമുറയ്ക്ക് കൈമാറാൻ നമുക്ക് ഇന്നത്തെ ഈ രംഗത്തിന്റെ ഗതിവിഗതികളെ കുറിച്ചറിയണം.

## അവലോകനം

### (1) അമെച്ച്വർ കലാസമിതികൾ

ദേശീയസ്വാതന്ത്ര്യ സമരത്തോടൊപ്പം വളർന്നുവന്ന കലാസമിതികളൊക്കെ തകർന്നുപോയെങ്കിലും ഈ പഞ്ചായത്തിലിപ്പോൾ അമച്വർ കലാസമിതികളായ കോട്ടപ്പള്ളിയിൽ PAC യും FASC യും കണ്ണമ്പത്ത് കരയിൽ ക്ലിന്റുകലാവേദിയും AKG കലാവേദിയും ത്രിവർണ്ണ കലാവേദിയും ചെമ്മരത്തൂരിൽ ശിൽപിയും യുവധാരയും യുവകലാസാഹിതിയും ആര്യന്നൂരിൽ സർഗയും തോടന്നൂരിൽ സ്നേഹലതാ കലാദീപവും ഏബ്ൾ സ്പോർട്സ് ക്ലബ്ബും. സർഗ്ഗാ മാതൃഭൂമി സ്റ്റഡിസർക്കിളും തിരുവള്ളൂരിൽ അനഘനൃത്ത വിദ്യാലയവും ഭരതശ്രീയും ചാനിയം കടവിൽ ഫ്രൻസും വള്ള്യാട് നവോദയ ബാലജനസംഖ്യവും പ്രവർത്തിക്കുന്നു. ഒട്ടുമിക്ക കലാസമിതികളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുമ്പോൾ കോട്ടപ്പള്ളിയിൽ PAC സ്വന്തം കെട്ടിടത്തിലാണ്. ഗ്രാമീണരിലെ നൈസർഗീകമായ കഴിവുകളെ വളർത്തിയെടുക്കാൻ വിവിധപരിപാടികൾ നടത്തുന്നുണ്ട്. പോരായമ്കളും പരാധീനതകളും എല്ലാ അമേച്വർ കലാസമിതികളേയും ബാധിച്ചിട്ടുണ്ട്. യുവജന മേള, ഓണം സ്പോർട്സ് മുതലായവയിൽ സജീവമായി പങ്കെടുക്കുന്ന കലാസമിതികളുണ്ട് അഖിലകേരള നാടകമത്സരത്തിൽ പങ്കെടുക്കുകയും അവർഡു നേടുകയും ചെയ്ത ചുരുക്കം ചില കലാസമിതികളും ഈ പഞ്ചായത്തിലുണ്ട് 'രക്തദാന സേന' നേത്രദാന പ്രചാരണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നവയും അനൗപചാരിക വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവയുമുണ്ട്.

### ലൈബ്രറികൾ

തിരുവള്ളൂരിൽ ഗ്രാമശ്രീ ഗ്രന്ഥാലയും

സാംസ്കാരിക നിലയത്തിൽ ഗ്രന്ഥാലയവും പ്രവർത്തിക്കുന്നു. തോടന്നൂർ യുവജനഗ്രന്ഥാലയവും കോട്ടപ്പള്ളി PAC ഗ്രന്ഥാലയവും കേരള ഗ്രന്ഥശാലസംഘത്തിൽ അഫിലിയേഷനുള്ളവയാണ്. മഹാത്മാ ഗ്രന്ഥാലയം പൂതുമ കണ്ണമ്പത്ത്കര ഗ്രാമശ്രീ തിരുവല്ലൂർ എന്നിവയ്ക് ഗ്രന്ഥശാലസംഘം അഫിലിയേഷൻ നഷ്ടപെട്ടുപോയി. ചില സ്ഥലങ്ങളിൽ മതസംഘടനകൾ നടത്തുന്ന ലൈബ്രറികളും വായനശാലകളുമുണ്ട്.

## 3. പത്രമാധ്യമങ്ങൾ:

പഞ്ചായത്തിലെ മൊത്തം 15% ത്തോളം വരുന്ന വീടുകളിൽ മാത്രം ഏതെങ്കിലും ഒരു ദിനപത്രം വാങ്ങുന്നു. നല്ലൊരു വിഭാഗം ജനങ്ങൾ പത്രമാസികകൾ വായിക്കുന്നവരാണ്. എല്ലാ ലൈബ്രറികളിലും ദിനപത്രം വാങ്ങാറില്ല. മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, ചന്ദ്രിക, മാധ്യമം, കേരള കൗമുദി, ജനയുഗം, മംഗളം, ജന്മഭൂമി, രാഷ്ട്രദീപിക, ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു എന്നീ ദിനപത്രങ്ങൾ ഈ പഞ്ചായത്തിൽ വിൽപനയാകുന്നുണ്ട്. ആഴ്ചപതിപ്പുകളും മാസികകളും മതസംഘടനകളുടെ പ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്.

## 4. കയ്യെഴുത്ത് മാസികൾ

പല കലാസമിതികളും കയ്യെഴുത്ത് മാസികൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

## 5. ജന വിദ്യാകേന്ദ്രങ്ങൾ

കോട്ടപ്പള്ളി.പി.എ.സിയും തിരുവല്ലൂർ സാംസ്കാരിക നിലയത്തിലുമായി രണ്ടു ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## 6. നാടൻ കലകൾ

തെയ്യം, കോൽക്കളി, തച്ചോളിപ്പാട്ട്, വടക്കൻ പാട്ട് എന്നിവയുടെ പ്രചരണം കുറഞ്ഞുവരുന്നു.

## 7. കായികരംഗം, കളിസ്ഥലം.

സ്പോർട്സ് & ഗെയിംസിൽ ഈ പഞ്ചായത്തിന്റെ സംഭാവന പൂജ്യമാണ്. വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ ബാറ്റ്മിൻടൻ, നാടൻ കളികൾ, (കമ്പവലി മുതലായവ) സ്പോട്സ് എന്നീ മേഖലകളിൽ ശക്തിമത്തായ പ്രവർത്തനങ്ങൾ ഇല്ലായെന്നു തന്നെ പറയാം. ഒരു കാലത്ത് സ്പോട്സ്, വോളിബോൾ, ബാറ്റ്മിന്റ്റൻ രംഗങ്ങളിൽ തുടർച്ചയായ മത്സരങ്ങളും മേളകളും സംഘടിപ്പിച്ച കലാസമിതി/ സ്പോട്സ് ക്ലബ്ബുകൾ ഇടക്കാലത്തു ഈ മേഖലയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നില്ല. ഫുട്ബോൾ കളി ഇല്ലായെന്നുതന്നെ പറയാം. എന്നാൽ ക്രിക്കറ്റിനോടുള്ള അഭിനിവേശം പുതിയ തലമുറയിൽ ശക്തമാണ്. പൊതുവായ കളിസ്ഥലം നമ്മുടെ പഞ്ചായത്തിൽ ഇല്ല.

## 8. റേഡിയോ & ടെലിവിഷൻ

റേഡിയോ ഏദേശം വീടുകളിലുണ്ടെങ്കിലും ടെലിവിഷൻ വിരലിൽ എണ്ണാവുന്നതേയുള്ളൂ. പഞ്ചായത്ത് വക 2 ടെലിവിഷനുകൾ അംബേദ്കർ കോളനിയിലും വെള്ളൂക്കരയിലും പ്രവർത്തിക്കുന്നു. പ്രവർത്തന ചെലവ് പഞ്ചായത്ത് വഹിക്കുന്നു.

## 9. സിനിമ, ഓഡിയോ & വീഡിയോ കാസറ്റുകൾ ഫോട്ടോഗ്രാഫി & വീഡിയോ കവറേജ്

ഒരു സിനിമാശാല തിരുവല്ലൂരിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ പ്രധാന അങ്ങാടികളിൽ ഓഡിയോ വീഡിയോ കാസറ്റുകൾ പ്രവർത്തിക്കുന്നു. തോടന്നൂരിലും തിരുവല്ലൂരിലും ഫോട്ടോഗ്രാഫ്, വീഡിയോഗ്രാഫ് സ്റ്റുഡിയോകൾ പ്രവർത്തിക്കുന്നു. ഇവ മൂന്നും സ്വകാര്യ വ്യക്തികളുടേതാണ്.

## പ്രശ്നങ്ങൾ

- സാംസ്കാരിക സംഘടനകളിൽ ചിലതിന്റെ തകർച്ചയും മറ്റു ചിലതിന്റെ വളർച്ചാ മുരടിപ്പും.
- അമേച്വർ കലാസമിതികളുടെ വളർച്ചയ്ക്ക് ഉതുകുന്ന ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പ്രവർത്തന രേഖയുടെ അഭാവം.
- കലാസാംസ്കാരിക രംഗത്തെ രാഷ്ട്രീയ അതിപ്രസരവും കലാസമിതികൾ തമ്മിലുള്ള അനാരോഗ്യകരമായ കിടമത്സരം.
- സ്ത്രീകളുടെ പങ്കാളിത്തമില്ലയ്മ.
- പുതിയതലമുറയിലെ വായനാശീലമില്ലായ്മ.
- ലൈബ്രറികളുടെ ദൈനംദിന പ്രവർത്തനത്തിലെ കാര്യക്ഷമതയില്ലായ്മ, ജനപങ്കാളിത്തമില്ലായ്മ,

- അശാസ്ത്രീയമായ പ്രവർത്തനം, ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത.
- കായിക സംസ്കാരം വളർത്തിയെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമമില്ലായ്മ. കളിസ്ഥലമില്ലായ്മ.
- ജനകീയവൽക്കരിക്കപ്പെടാത്ത കലാസാഹിത്യ സാംസ്കാരിക ഏജൻസികൾ
- നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളും ദളിത് വിഭാഗങ്ങളുടെ സാംസ്കാരിക പരമ്പര്യവും.
- തെയ്യം, തിറയാട്ടം, ക്ഷേത്രവാദ്യങ്ങൾ, തിരുവാതിരക്കളി, ദഫ്മുട്ട്, ഒപ്പന മുതലായ ദൃശ്യശ്രവണ കലകളുടെ മതവിശ്വാസ ബന്ധിതാവസ്ഥ.
- അറബി കലാസാഹിത്യത്തെകുറിച്ചുള്ള വിജ്ഞാനക്കുറവ്.
- ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ കടന്നാക്രമണം.

## സാധ്യതകൾ

നിലവിലുള്ള എല്ലാ കലാവേദികളുടെയും പ്രവർത്തനം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുക.

റജിസ്റ്റർ ചെയ്യാത്ത കലാസമിതികളെ റജിസ്റ്റർ ചെയ്യിപ്പിക്കുക. കാലാകാലങ്ങളിൽ സംഘടനയിൽ തെരഞ്ഞെടുപ്പ് അവരുടെ ഭരണഘടനയനുസരിച്ച് നടക്കുന്നുണ്ടോയെന്ന് തിട്ടപ്പെടുത്തുക. വാർഷിക വരവ് ചെലവ് കണക്ക് ഓഡിറ്റുചെയ്ത് ഉത്തരവാദപ്പെട്ട സ്ഥാനത്ത് എൽപ്പിക്കുക. എല്ലാ കലാസാംസ്കാരിക വേദികളേയും പഞ്ചായത്തുതലതതിൽ ഒരു പൊതു സംഘടനയുടെ കീഴിൽ അഫിലിയേറ്റു ചെയ്യിക്കുക. ഓരോവർഷത്തേയും പ്രവർത്തനത്തെ അടിസ്ഥാനമാക്കി സാമ്പത്തിക സഹായം നൽകുക. ഓരോ പ്രദേശത്തും ക്ഷേത്രോത്സവങ്ങളിലും മറ്റു വിശേഷ ആഘോഷങ്ങളിലും അതാത് പ്രദേശത്തെ കലാസമിതികളേയും കലാരൂപങ്ങളേയും ക്ഷണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

കലാസാംസ്കാരിക രംഗത്തെ രാഷ്ട്രീയ അതിപ്രസരവും കലാസമിതികൾ തമ്മിലുള്ള ആശാവഹവുമല്ലാത്ത മത്സരവും ഒഴിവാക്കുവാൻ ബോധവൽക്കരണം നടത്തുക. എല്ലാ പരിപാടികൾക്കും സംഘാടനത്തിന് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുക.

സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. എല്ലാ കലാസമിതികളിലും വനിതാവേദി രൂപീകരിക്കുക. സ്ത്രീകളുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായുള്ള സ്ത്രീകളുടെ പരിപാടി സംഘടിപ്പിക്കുക. സ്ത്രീകളിലെ കലാസാംസ്കാരിക പ്രതിഭകളെ കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക.

വായനാശീലം വളർത്തുവാൻ സ്കൂൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വാർഡുതലത്തിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ നടത്തുക. പത്രപാരായണം പഞ്ചായത്തിലെ എല്ലാ സ്കൂൾ ക്ലാസിലും നിർബന്ധമാക്കുക. സ്കൂൾ ലൈബ്രറി സംവിധാനം ഉപയോഗപ്പെടുത്തുവാൻ വിദ്യാർത്ഥികളെ ബോധവൽക്കിരിക്കുകയും അധ്യാപകരെ നിഷ്കർഷിക്കുകയും ചെയ്യുക. യു.പി.സ്കൂൾ തലം മുതൽ എല്ലാ ക്ലാസിലും കയ്യെഴുത്ത് മാസികകളും കയ്യെഴുത്ത് വാർത്ത ദിനപത്രവും ആരംഭിക്കുക. കലാസമിതികളിലും ഈ പ്രവർത്തനം ആരംഭിക്കുക.

കേരള ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റു ചെയ്ത ഗ്രന്ഥശാലകളുടെ പ്രവർത്തനം മെപ്പെടുത്തുക. ഗ്രന്ഥശാലസംഘം, ഗ്രാൻഡും ലൈബ്രേറിയൻ അലവൻസും കാലോചിതമായി പരിഷ്കരിക്കുകയും അവ യഥാസമയം ലഭ്യമാക്കുകയും ചെയ്യുക. ലഭിക്കുന്ന ഗ്രാൻഡുകൾ ഗ്രന്ഥശാലകൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടോയെന്നു പരിശോധിക്കുക. അഫിലിയേഷൻ നഷ്ടപ്പെട്ട ഗ്രന്ഥശാലകൾക്ക് അഫിലിയേഷൻ നൽകുക. അവയുടെ പ്രവർത്തനം സജീവമാക്കുക. പത്ര മാസികകൾ ഗ്രന്ഥശാലക്ക് വിതരണം ചെയ്യുക. ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക. ലൈബ്രറികളിൽ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേകം കോർണറുകൾ സ്ഥാപിക്കുക. സ്ത്രീകൾക്കിടയിലെ വായനാശീലം വളർത്താൻ "മൊബൈൽ ലൈബ്രറി യൂണിറ്റു" ഓരോ ഗ്രന്ഥാലയത്തിലും ആരംഭിക്കുക.വനിതകൾക്ക് മാത്രം നേതൃത്വമുള്ള വനിതാ ലൈബ്രറികൾ സ്ഥാപിക്കുക. ലൈബ്രറി രൂപീകരി

ക്കുവാനുള്ള ദൂരപരിധി എടുത്തുമാറ്റുക.എല്ലാ വാർഡുകളിലും ലൈബ്രറി സ്ഥാപിക്കുക. ഗ്രന്ഥശാലകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുവാനുള്ള സാമ്പത്തികസഹായം നൽകുക.

പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറി ഒരു റഫറൻസ് ലൈബ്രറി ആക്കി ഉയർത്തുക.

കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തുക. കളിസ്ഥലം എല്ലാവർഡുകളിലും നിർമ്മിക്കുക. സ്പോർട്സ് ട്രാക്കോടു കൂടിയ ഒരു പൊതു സ്റ്റേഡിയം പഞ്ചായത്തിൽ നിർമ്മിക്കുക.

1,2,3, വാർഡുകളെ കേന്ദ്രീകരിച്ചു കോട്ടപ്പള്ളിയിലും 10,11,12 വാർഡുകളെ കേന്ദ്രീകരിച്ച് തോടന്നൂരിലും ഓരോ കമ്യൂണിറ്റിഹാൾ കം കല്ല്യാണ മണ്ഡപം നിർമ്മിക്കുക. ഹാളിനു വാടകനിശ്ചയിച്ചു പഞ്ചായത്തിൽ വരുമാനം കണ്ടെത്തുക.

സ്പോർട്സ് &ഗെയിംസ് വിഭാഗങ്ങൾക്കായി പഞ്ചായത്തിൽ ഒരു പൊതു സംഘടന രൂപീകരിക്കുക. പ്രാദേശിക സംഘടനകളെ ഈ സംഘടനയിൽ അഫിലിയേറ്റുചെയ്യുക.

സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, കേന്ദ്രകലാസമിതി, സാഹിത്യഅക്കാദമി, ഗ്രന്ഥശാലി സംഘം, യുവജന ക്ഷേമം, വനിതാക്ഷേമം. സ്പോർട്സ് കൗൺസിൽ ചലചിത്രവികസന കോർപ്പറേഷൻ എന്നിവയുടെ പദ്ധതികളും പരിപാടികളും പഞ്ചായത്തിൽ ഏകോപിപ്പിക്കുക. അർഹരായ കലാസാംസ്കാരിക സംഘടനകൾക്ക് സാമ്പത്തികസഹായം നൽകുക.

എല്ലാ കലാ സാംസ്കാരിക ഏജൻസികളിലും പ്രാദേശിക കലാസംഘടനകൾക്ക് അംഗത്വം നൽക്കുക.

നാശോന്മുഖമായി കൊണ്ടിരിക്കുന്ന നാടൻ കലകളേയും ദളിത് കലാസാഹിത്യവും പരിപോഷിപ്പിക്കുവാൻ പഞ്ചായത്ത് തല നാടൻ കലാ അക്കാദമി രൂപീകരിക്കുകയും കേരള സംസ്ഥാന നാടൻ കലാ അക്കാദമിയുടെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപിക്കുകയും െ ച്ചുക. അർഹരായ കലാകാരന്മാർക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്യുക

തെയ്യം തിറയാട്ടും ക്ഷേത്ര വാദ്യങ്ങളും തിരുവാതിക്കളി, ദഫ്മുട്ട്, ഒപ്പന, എന്നി ദൃശ്യശ്രവണ കലകളും ഓണം, വിഷു, റംസാൻ, പെരുന്നാൾ എന്നിവയുമൊക്കെ ഈ നാടിന്റെ കലാസമ്പത്തും ആഘോഷവും ആചാരവുമാണെന്ന ബോധവൽക്കരണം നടത്തുക. ഒരാഴ്ചക്കാലമെങ്കിലും നീണ്ടുനിൽക്കുന്ന ഗ്രാമമേളകൾ എക്സിബിഷനുകൾ കാർണിവെല്ലുകൾ എന്നിവ സംഘടിപ്പിക്കുക.

ജന വിദ്യാകേന്ദ്രങ്ങളിൽ ആവശ്യമായ പുസ്തകങ്ങളും ഫർണീച്ചറുകളും നൽകി തുടർ വിദ്യാഭ്യാസം ഊർജ്ജിതപ്പെടുത്തുക.


അറബികലാസാഹിത്യത്തെക്കുറിച്ചും കലാ രൂപങ്ങളെക്കുറിച്ചും വിജ്ഞാന മേളകൾ സംഘടിപ്പിക്കുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ഉത്സവങ്ങളും ആചാരാഘോഷങ്ങളും കലാസമിതി പരിപാടികളും ഉൾപ്പെടുത്തി പഞ്ചായത്ത് തല "സാംസ്കാരിക കലണ്ടർ" ഉണ്ടാക്കുക.

എല്ലാ വാർഡുകളിലും സൗകര്യപ്രദമായ ലൈബ്രറികളിലോ കലാ സമിതികളിലോ ടെലിവിഷൻ പഞ്ചായത്ത് വക സ്ഥാപിക്കുക. പ്രവർത്തന ച്ചെലവ് നൽകുക.

ഫിലിം സൊസൈറ്റികളും വീഡിയോ ക്ലബുകളും രൂപീകരിക്കുക. നല്ല സിനിമകളെക്കുറിച്ച്. ബോധവൽക്കരണം നടത്തുക. ചലച്ചിത്രമേളകൾ വാർഡടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും നടത്തുക. ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

സർഗശേഷിയെ ബാധിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിരുവിട്ട പ്രവർത്തനങ്ങൾക്കെതിരെ ജനകീയ ഇടപെടലുകളിലൂടെ ബോധവല്ക്കരണം നടത്തുക.



# സഹകരണം

സഹകരണ പ്രസ്ഥാനത്തിനു തിരുവള്ളൂർ പഞ്ചായത്തിൽ ഹരിശ്രീ കുറിച്ചത് അമ്പതുകളിൽ പ്രവർത്തനമാരംഭിച്ച ഐക്യനാണയ സംഘമാണ്. ഇത് പിന്നീട് മന്തരത്തൂർ കോ-ഓപറേറ്റീവ് ബാങ്കിൽ ലയിപ്പിച്ചു. തിരുവള്ളൂർ വില്ലേജ് ഇപ്പോഴും മന്തരത്തൂർ ബാങ്കിന്റെ പരിധിയിലാണ്.

കോട്ടപ്പള്ളി വില്ലേജിൽ ചെമ്മരത്തൂർ അംശം വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റയും, വില്യാപ്പള്ളി സഹകരണ ബാങ്കിന്റെയും, കോട്ടപ്പള്ളി പ്രദേശം ആയഞ്ചേരി കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും പഞ്ചായത്ത് മുഴുവൻ വടകര അർബ്ബൻ ബാങ്കിന്റേയും വടകര താലൂക്ക് ഭൂപണയ ബാങ്കിന്റേയും പരിധിയിലാണ്.

കാർഷിക രംഗത്തെ അനുസ്യൂതമായ വളർച്ചയ്ക്ക് 1904 ലെ സഹകരണ നിയമത്തെ തുടർന്നു രൂപീകൃതമായ സഹകരണമേഖല 1968 ലെ കേരള സംസ്ഥാന സഹകരണ നിയമത്തിന്റെ പിൻബലത്താൽ നാടിന്റെ സർവ്വ മേഖലയിലും അജയ്യമായ പങ്കാളിത്തം നിർവ്വഹിച്ചുവരികയാണെങ്കിലും നമ്മുടെ പഞ്ചായത്തിന് ഈ മേഖലയിൽ മുന്നേറാൻ വളരെയൊന്നും സാധിച്ചിട്ടില്ല. കോഴിക്കോടി ജില്ലാ സഹകരണ ബാങ്ക് 1979ൽ ആരംഭിച്ച തിരുവള്ളൂർ ശാഖയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായ്പാ സംഘം. 1984ൽ വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ ഒരു ശാഖ ചെമ്മരത്തൂരിലും ആരംഭിച്ചു. ഈ രണ്ട് വായ്പ സംഘങ്ങൾക്കു പുറമെ തോടന്നൂർ, കോട്ടപ്പള്ളി, തിരുവള്ളൂർ എന്നീ പ്രദേശങ്ങളിൽ നോൺ ക്രഡിറ്റ് സംഘങ്ങളായ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കൂടിയുണ്ട്. മൂന്ന് നോൺ ക്രഡിറ്റ് സംഘങ്ങളും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല.

നമ്മുടെ ജനങ്ങൾ കാർഷിക വായ്പകൾക്കും മറ്റു വായ്പകൾക്കും പഞ്ചായത്തിലെ പ്രദേശങ്ങൾ വ്യാപ്തിയായി അംഗീകരിച്ച സഹകരണ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

പ്രദേശങ്ങളിലെ സഹകരണ ബാങ്കുകളിൽ ഓഹരി എടുത്ത ഒട്ടുവളരെ പേർ ഈ പഞ്ചായത്തിൽ ഉണ്ട്. വായ്പകളെ സംബന്ധിച്ച് ചുരുങ്ങിയ ചില സൗകര്യങ്ങൾ ഇത്തരം ബാങ്കുകളിൽ നിന്ന് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്.

സഹകരണ രംഗത്ത് പുതിയ സംരഭങ്ങൾ ആരംഭിക്കുവാൻ പലപ്പോഴായി ശ്രമങ്ങൾ നടന്നിട്ടുണ്ടായിരുന്നുവെങ്കിലും അതൊക്കെ പരാജയപ്പെട്ടു പോയിരുന്നു. എന്നാൽ വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ നല്കുവാൻ സ്കൂൾ കേന്ദ്രമാക്കി കൊ-ഓപ്പറേറ്റീവ് സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

- സഹകരണ സംഘങ്ങൾ ഇല്ലാത്തതിനാൽ ഉട്ടേറെ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നില്ല.
- ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമതയില്ലായ്മ
- പാലിന്റെ ലഭ്യതക്കുറവ്, ക്ഷീര സംഘങ്ങൾക്ക് പാൽ വിൽക്കാനുള്ള കർഷകരുടെ അലംഭാവം
- പുതിയ വായ്പ സഹകരണ സംഘങ്ങൾ റജിസ്റ്റർ ചെയ്യാനുള്ള നിമയ തടസ്സങ്ങൾ.
- സഹകരണ വകുപ്പിന്റെയും മറ്റ് സഹകരണ

ഏജൻസികളുടേയും പഞ്ചായത്തിലെ സജീവ പ്രവർത്തന സാന്നിദ്ധ്യമില്ലായ്മ.

- സഹകരണ രംഗത്തെ സേവനങ്ങളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ജനങ്ങൾക്കുള്ള അജ്ഞത.

## സാധ്യതകൾ

വിവിധ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് പ്രത്യേകം പ്രത്യേകം വായ്പ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

നിലവിലുള്ള ക്ഷീരോൽപാദക സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.

നിർമ്മാണതൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക.

നാളികേര സംസ്കരണ-വിപണന സഹകരണ സംഘം രൂപീകരിക്കുക.

മൺപാത്ര-കളിമൺ നിർമാണതൊഴിലാളി സഹകരണ സംഘം സ്ഥാപിക്കുക.

ഉപഭോക്തൃ സഹകരണ സംഘം രൂപീകരിക്കുക.

കയർതൊഴിലാളി സഹകരണ സംഘം ആരംഭിക്കുക

അലോപ്പതി ചികിത്സക്ക് ഒരു സഹകരണ ആശുപത്രി പ്രവർത്തനമാരംഭിക്കുക.

പ്രാഥമിക വായ്പ സഹകരണ സംഘം രൂപീകരിക്കുവാൻ നമ്മുടെ പഞ്ചായത്തിന് പുറത്ത് പ്രവർത്തിക്കുകയും ഈ പ്രദേശങ്ങൾ വ്യാപകാതിത്തിയുമാക്കിയ പ്രസ്തുത സംഘങ്ങളിൽനിന്ന് നമുക്ക് അവകാശപ്പെട്ട് വ്യാപകാതിർത്തി ഒഴിവാക്കി നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക.

കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികൾക്കൊപ്പം യൂണിഫോം തുണികളും സ്കൂൾ സഹകരണ സംഘങ്ങളിലൂടെ നൽകുക.



# വിനോദ സഞ്ചാരം



പഞ്ചായത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ ആരംഭിക്കുവാനും വികസിപ്പിക്കുവാനുമുള്ള ഭൗതിക സാഹചര്യങ്ങൾ ഒത്തിണങ്ങിയ ഭൂപ്രദേശങ്ങളുണ്ട് ശാസ്ത്രീയാടിസ്ഥാനത്തിൽ ബഹുജന പങ്കാളിത്തത്തോടുകൂടി വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. വടകര-പേരാമ്പ്ര പെരുവണ്ണാമൂഴി ടൂറിസ്റ്റു റോഡ് കടന്നുപോകുന്നതു ഈ പഞ്ചായത്തിൽ കൂടിയാണ്. ഇരിങ്ങൽ കുഞ്ഞാലി മരയ്ക്കാർ കോട്ട, വടകര സാൻഡ് ബാങ്ക്സ്, ലോകനാർ കാവ്, പയംകുറ്റി മല എന്നിവ സന്ദർശിച്ചു പെരുവണ്ണാമൂഴിയിലേയ്ക്കും വയനാടൻ മേഖലകളിലേക്കും കടന്നുപോകുന്ന സ്വദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ സാധിക്കുന്ന തരത്തിൽ പ്രകൃതിരമണീയമായ ഭൂവിഭാഗങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

## സാധ്യതകൾ

- ടൂറിസ്റ്റുകൾക്കായി കന്നിനടയും ചാനിയം കടവിലും വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുക.

- കുറ്റ്യാടി പുഴയിലും വടകര മാഹി കനാലിലും ഉല്ലാസ ബോട്ടുയാത്ര ആരംഭിക്കുക.

നാടൻ തോണികൾ ചേർത്തു ടൂറിസ്റ്റു കുടുംബങ്ങൾക്ക് സഞ്ചരിക്കുവാൻ 'ഒഴുകുന്ന കൊട്ടാരങ്ങൾ' സംവിധാനം ചെയ്യുക.

- പാലാട്ട് കോമൻ, തേവർ വള്ളോൻ മുതലായ ചരിത്ര പുരുഷന്മാരുടെ സ്മരണയ്ക്കായി അതത് സ്ഥലങ്ങളിൽ സ്മാരക പാർക്കുകൾ സ്ഥാപിക്കുക.

- 'നിത്യ നീരുറവ' കാണുന്ന ബാവുപ്പാറ ക്ഷേത്ര കുന്നു ടൂറിസ്റ്റ് മേപ്പിൽ രേഖപ്പെടുത്തുക. പ്രസ്തുത പ്രദേശം സംരക്ഷിക്കുക.

- അപൂർവ്വ പക്ഷിയിനങ്ങൾ ചേക്കേറുന്ന തച്ചർ പുഴ, വെള്ളൂക്കര പ്രദേശങ്ങൾ ദേശാടന പക്ഷികളുടേയും മറ്റു പക്ഷികളുടേയും സങ്കേതമാക്കി മാറ്റുവാൻ ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്ക്കരിക്കുക. പക്ഷി നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുക.

- കുന്നുകളെ ഉൾപ്പെടുത്തി റോപ് വേ സിസ്റ്റം ഏർപ്പെടുത്തുക.

- ഉദയാസ്തമയങ്ങൾ ദർശിക്കുവാൻ കഴിയുന്ന പ്രകൃതി രമണീയമായ 'കമ്പിളി കുന്നിനേ'യും 'പയംകുറ്റി മലയേയും റോപ്‌വേ സിസ്റ്റത്തിൽ ഉൾപ്പെടുത്തി ആകാശയാത്ര സംവിധാനം' ചെയ്യുക.

- പൊതു പാർക്കുകളും ചിൽഡ്രൻസ് പാർക്കുകളും നിർമ്മിക്കുക. പാർക്കുകൾ വിജ്ഞാന കേന്ദ്രങ്ങളാക്കുക.

ഇവ സ്വകാര്യ വ്യക്തികളെകൊണ്ടും സ്ഥാപനങ്ങളെകൊണ്ടും സ്പോൺസർ ചെയ്യിക്കുക.

വാസ്തു ശിൽപ ഭംഗിയുള്ള കോവിലുകളും വീടുകളും പഴയ പടി നിലനിർത്താനുള്ള പ്രേരണയും ബോധവൽക്കരണവും നടത്തുക.

- കന്നിനടയ്ക്കും കോട്ടപ്പള്ളിക്കുമിടയിൽ വടകര മാഹി കനാലിന്റെ കിഴക്ക് വശത്തുള്ള സ്ഥലങ്ങൾ മുഴുവൻ പുഷ്പോദ്യാനമാക്കുക. പടിഞ്ഞാറു വശത്തുള്ള റോഡിൽ തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക. ഗതാഗതയോഗ്യമായ റോഡു നിർമ്മിക്കുക. കനാലിൽ ബോട്ടു ജെട്ടികൾ സ്ഥാപിക്കുക.


- പഞ്ചായത്തതിർത്തികളിൽ സ്വാഗത കമാനങ്ങൾ വാസ്തു ശിൽപഭംഗിയിൽ നിർമ്മിക്കുക. സ്മാരക കവാടങ്ങൾ വ്യക്തികളെ കൊണ്ടും സ്ഥാപനങ്ങളെ കൊണ്ടും സ്പോൺസർ ചെയ്യിക്കുക.

- ടൂറിസം ഡവലപ്പ്മെൻറു കോർപ്പറേഷന്റെ വികസന പദ്ധതികളിൽ കോർതിരുവള്ളൂർ ടൂറിസം വികസനപദ്ധതികളും ഉൾപ്പെടുത്തുക. ധനസഹായം കോർപ്പറേഷനിൽ നിന്നും അനുവദിപ്പിക്കുക.

- ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ശുചിത്വമുള്ള നാടൻ ഭക്ഷണശാലകളും ഇളനീർ പന്തലുകളും ഏർപ്പെടുത്തുക.

- തച്ചർ പൊയ്ക, മാങ്ങാംമൂഴി, മാഹി കനാൽ എന്നിവിടങ്ങളിൽ കളിപൊയ്ക ഉണ്ടാക്കി ഉല്ലാസ ബോട്ടുസവാരിക്കുള്ള സംവിധാനം ഏർപ്പെടുത്തുക.

- വിനോദസഞ്ചാര വികസനം നമ്മുടെ സാംസ്കാരിക തനിമയും പൈതൃകവും പരിസ്ഥിതിയും സംരക്ഷിച്ചു മാത്രമാണു നടപ്പാക്കേണ്ടത്.



# വിഭവസമാഹരണം

വിവിധ ഇനങ്ങളിലായി ഇന്നു ലഭിക്കുന്ന നികുതിയാണ് തിരുവള്ളൂർ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗം 1995–96 വർഷത്തെ പഞ്ചായത്തിന്റെ വരവ്ചിലവ് കണക്കുകൾ പരിശോധിക്കുന്നത് നന്നായിരിക്കും.

മൊത്തം വരവ് =1083650 ക

മൊത്തം ചിലവ് = 1029032ക

ഇതിനുപുറമെ ഗവർമെണ്ടിൽ നിന്നും ഗ്രാന്റായി 140800ക പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. പുതിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നശേഷം മറ്റു വകുപ്പുകളിൽ നിന്ന് കഴിഞ്ഞവർഷം 282025ക ലഭിച്ചിട്ടുണ്ട്. കൂടാതെ ജെ.ആർ.വൈ.പദ്ധതിയിലൂടെ കഴിഞ്ഞവർഷം 203500കയും ലഭിച്ചിട്ടുണ്ട്. ഈ ധന സ്ഥിതി. പഞ്ചായത്തിന്റെ വരുമാനത്തിൽ വർഷം തോറും വർദ്ധനവ് ഉണ്ടാകാറുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ അതിനനുസരിച്ചുള്ളവർദ്ധനവല്ല ഉണ്ടാകുന്നത്. ഈ അന്തരം മനസ്സിലാക്കി കൂടുതൽ വിഭവസമാഹരണ യഞ്ജങ്ങൾ നടത്തേണ്ടതാണ്. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ വർഷം തോറും ഭീമമായ തുക ചിലവാകുന്നുണ്ടെങ്കിലും ഈ ഇനത്തിൽ ഗ്രാന്റ് ഒന്നും തന്നെ പഞ്ചായത്തിന് ലഭിക്കുന്നില്ല. പൊതുമരാമത്ത് പണികൾ വർഷം തോറും കൂടിവരികയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർചാർജ്ജ് ഒന്നും തന്നെ പഞ്ചായത്ത് ഇപ്പോൾ ചുമത്തുന്നില്ല. 7 ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിനെ പരിധിയാക്കി പ്രവർത്തിക്കുന്നുണ്ട്. അവ 1.കോർപ്പറേഷൻ ബാങ്ക്, 2.ഗ്രാമീൺ ബാങ്ക് തോടന്നൂർ. 3.ഗ്രാമീണബാങ്ക് ആയഞ്ചേരി, 4.കെ.ഡി.സി.ബേങ്ക്, തിരുവള്ളൂർ. 5, മന്തരത്തൂർ കോഓപ്പറേറ്റീവ് റൂറൽ ബാങ്ക്, 6.വടകര റൂറൽ ബാങ്ക്. ചെമ്മരത്തൂർ ശാഖ, ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ് കൂടാതെ വടകര കാർഷികവികസനബാങ്കും, അർബ്ബൻ ബാങ്ക്, വടകരയും ഈ പഞ്ചായത്തിൽ പെട്ടവർക്ക് വായ്പ അനുവദിക്കുന്നുണ്ട്.

എന്നാൽ ഇത്തരം ബാങ്കുകളുടെ പ്രവർത്തനം പ്രശംസനീയമല്ല. പഞ്ചായത്തിലെ കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ വായ്പകൾ യഥാസമയം ബാങ്കുകളിൽ നിന്നും ലഭിക്കാറില്ല. ഈ അവസ്ഥ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യപണമിടപാടുകാർക്ക് യഥേഷ്ടം തഴച്ചുവരാൻ അവസരം നൽകുന്നു.

## പ്രശനങ്ങൾ

1. വിഭവത്തിന്റെ ദൗർലഭ്യം കൊണ്ട് ഏറ്റെടുത്ത പ്രവർത്തികൾ നടത്താൻ കഴിയാത്ത അവസ്ഥ

2. മനുഷ്യാധ്വാനം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല

3. പ്രദേശത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കാൻ കഴിയാത്ത അവസ്ഥ.

4. സന്നദ്ധപ്രവർത്തനങ്ങളോട് പൊതുവെ ജനങ്ങൾക്കുള്ള താൽപര്യക്കുറവ്.

5. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വേണ്ടത്ര വായ്പ ലഭിക്കാത്ത അവസ്ഥ.

6. ഭരണച്ചെലവിൽ വരുന്ന വമ്പിച്ച വർദ്ധനവ്

## സാദ്ധ്യതകൾ

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗം നികുതി പിരിവ് ആയതിനാൽ നികുതി പിരിവ് കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വിദേശങ്ങളിൽ നിന്നും ലക്ഷക്കണക്കിന് പണം ഒരോ വർഷവും പഞ്ചായത്തിൽ എത്തുന്നുണ്ട്. എന്നാൽ ഇതിൽ ഒരു ചെറിയശതമാനം പോലും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നില്ല. പ്രാദേശിക ബാങ്കുകളിൽ നിക്ഷേപിക്കുന്ന ഇത്തരം പണത്തിന്റെ നിക്ഷേപത്തിന്റെ തോത് വളരെ കുറവാണ്.

സ്വകാര്യ വ്യക്തികൾ നിക്ഷേപിക്കുന്ന തുക പഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിന് ദേശീയസമ്പാദ്യപദ്ധതിയിൽ ഇന്ദിരാവികാസ് പത്രയുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുക. ഇതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ സ്ക്വാഡുകൾ ഉണ്ടാക്കി പ്രവർത്തനം നടത്തുക.

ഉദാരമതികളിൽനിന്ന് വികസനപ്രവർത്തനങ്ങൾക്ക് സംഭാവന സ്വീകരിക്കുവാൻ ചാരിട്ടബിൾ ട്രസ്റ്റ് രൂപീകരിക്കുക.

പഞ്ചായത്ത് വികസന സമിതി സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്തു ധനം സ്വരൂപിക്കാനുള്ള മാർഗ്ഗം കണ്ടെത്തണം.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ജോലിചെയ്യുന്ന തൊഴിലാളികളെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത ഫീസ് ഈടാക്കുക.

"പഞ്ചായത്ത് വികസന നിധി" രൂപീകരിക്കുക: ഒരു വീട്ടിൽ നിന്ന് വർഷം തോറും ചുരുങ്ങിയത് 12 രൂപ നിക്ഷേപം സ്വീകരിക്കുക. 5 വർഷം കഴിയുമ്പോൾ വീടുവാടകയിനത്തിൽ വകവെച്ചു കൊടുക്കുകയും ഈ നിക്ഷേപ പ്രക്രിയ തുടരുകയും ചെയ്യുക.

വിദേശത്ത് ജോലിചെയ്യുന്നവരെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് റജിസ്റ്റട്രേഷൻ ഫീസ് ഈടാക്കുക.


ഭൂസ്വത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നത് മാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിലാക്കുക.

പഞ്ചായത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി റോഡ്,. പാലം എന്നിവ നിർമ്മിച്ച് ടോൾ പിരിക്കുന്ന സമ്പ്രദായം നടപ്പിലാക്കുക. പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷി പഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുക.

ഭരണചെലവുകൾ പരമാവധി കുറച്ച് മറ്റു പഞ്ചായത്തുകൾക്ക് മാത്രകയാവുക.

പഞ്ചായത്ത് തല "കർമ്മ സേന" രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുക.

പഞ്ചായത്തിന്റെ വരവു ചിലവു കണക്കുകൾ വർഷാവർഷം അച്ചടിച്ചു പ്രസിദ്ധീകരിക്കുക.



# വികസനപാതയിൽ

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സജീവമായ ജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ഒരു കൂട്ടായ്മയ്ക്ക് നാം തുടക്കം കുറിച്ചു കഴിഞ്ഞു.

പഞ്ചായത്തീ രാജ് - നഗരപാലികാ നിയമം നടപ്പിലാക്കുന്നതിനായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിനുശേഷം 1995 ഒക്ടോബർ 2-ന് ഗാന്ധിജയന്തി ദിനത്തിലാണ് ഈ പഞ്ചായത്തിലെ പുതിയ സമിതി ഭരണമേറ്റെടുത്തത്.

എല്ലാ വാർഡുകളിലുമുള്ള വികസനപ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് നാടിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികാസത്തിനും അനുപേക്ഷണീയമാണ്.

പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിന് ഭരണഘടന, പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് ഉറപ്പുകൾ നൽകുന്നുണ്ട്. തങ്ങളിൽ അർപ്പിതമായ നിയമാനുസൃത ആസൂത്രണ ചുമതല, സമയബന്ധിതമായി നിർവ്വഹിക്കുവാൻ ഭരണസമിതിയെ പ്രാപ്തമാക്കുവാൻ വേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം നൽകിയത്.

വികസനത്തെക്കുറിച്ച് നമ്മളിൽ നിലനിൽക്കുന്ന വികലമായ സങ്കൽപ്പങ്ങളിൽ ഒരു പൊളിച്ചെഴുത്താണ് ഇന്നിന്റെ ആവശ്യം.

ഭരണമേറ്റെടുത്തതിനുശേഷം ഈ സമിതി ജനങ്ങളുടെ ദൈനം ദിന പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും പരിഹാരം കാണുന്നതിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷികരംഗത്ത് ഓരോ വാർഡിൽനിന്നും 12 കർഷകർ വീതം പങ്കെടുത്ത കാർഷിക സെമിനാറുകൾ നടത്തുകയും ചിങ്ങം ഒന്നിന് ഏറ്റവും നല്ല കൃഷിക്കാരനെ കണ്ടെത്തി ആദരിക്കുകയും ചെയ്തു.

മൃഗസംരക്ഷണ മേഖലയിൽ രോഗ പ്രതിരോധത്തിനും വന്ധ്യതാ നിവാരണത്തിനുമുള്ള ക്യാമ്പുകൾ നടത്തി.

വരൾച്ചക്കാലത്തു രണ്ടു വില്ലേജുകളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ളം വിതരണം നടത്താനുള്ള പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്കു വഹിച്ചു.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ തിരുവള്ളൂർ ടൗണിൽ അഴുക്കുചാൽ മാലിന്യങ്ങളെ നീക്കി ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

കേരളപ്പിറവി ദിനം പുനരർപ്പണ ദിനമായി ആചരിച്ചതിന്റെ ഭാഗമായി 2, 3, 11, 12 വാർഡുകളിൽ സന്നദ്ധ പ്രവർത്തനം നടന്നു. 125 പേർ ഒരു കിലോമീറ്റർ ദൂരം റോഡ് ഒരു ദിവസം കൊണ്ട് നിർമിച്ച് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു.

വിവിധ പദ്ധതി പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിച്ചു. 95-96, 96-97 കാലഘട്ടത്തിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ റോഡുകളും നടപ്പാതകളും നിർമിച്ചിട്ടുണ്ട്. ചിലതിന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ഐശ്വര്യ പൂർണമായ ഒരു സ്വാശ്രയ ഗ്രാമത്തിന്റെ ഉദയത്തിനു ഉറവ് വറ്റുന്ന മണ്ണിനെ സമന്വയ ജനശക്തിയാൽ ഉഴുതുമറിച്ച് നമുക്ക് വികസനത്തിന്റെ നൂറുമേനി കൊയ്യാം.

**ഇ. കൃഷ്ണൻ**
പ്രസിഡണ്ട്, തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത്.

365

# വികസനരേഖ തയാറിപ്പ്

ഗ്രാമപഞ്ചായത്ത് ഭരണസമിതി &

കണ്ടിയിൽ വിജയൻ (കൺവീനർ)

സി.വി. അബ്ദുള്ള

എ.മോഹനൻ

സുരേഷ് സുരാഗ്

എം.സി. ശ്രീനിവാസൻ

സി.കെ.നാരായണൻ

എൻ. ശ്രീധരൻ

ഭാസ്കരൻ പച്ചട &


ഗ്രാമപഞ്ചായത്ത് സെക്രട്ടറി & സ്റ്റാഫ്

കവർ. കല

പി.രമേശൻ വടകര

Type Setting:

**Laser Lines DTP Systems, Calicut - 2**
**Ph: 702223**



അധികാരം ജനങ്ങളിലേക്ക്



367



അധികാരം ജനങ്ങളിലേക്ക്

അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോ